# സാമൂഹികമാറ്റവും ഇന്ത്യയിലെ പുരോഗതിയും

## (സമൂഹശാസ്ത്രം)

ഭാഗം - 2

XII

കേരളസർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2019

***First Edition***
*March 2006 Chaitra 1928*

***Reprinted***
*June 2014*

**PD 45T MJ**

***© National Council of Educational Research and Training, 2006***

**ALL RIGHTS RESERVED**

- No part of this publication may be reproduced, stored in a retrieval system or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise without the prior permission of the publisher.
- This book is sold subject to the condition that it shall not, by way of trade, be lent, re-sold, hired out or otherwise disposed of without the publisher's consent, in any form of binding or cover other than that in which it is published.
- The correct price of this publication is the price printed on this page. Any revised price indicated by a rubber stamp or by a sticker or by any other means is incorrect and should be unacceptable.

**Rs. .....**

*Printed on 80 GSM paper*

Published by the SCERT, Thiruvananthapuram
Department of Education,
Government of Kerala
&
Printed at:
Centre for Advanced Printing and Training (C-apt),
(Government of Kerala), Thiruvananthapuram

# ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പഠന സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമമാർഗം എന്നതിനോടൊപ്പം സാംസ്കാരികതനിമയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയതലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യ ലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

പാഠപുസ്തകവിവർത്തന രംഗത്ത് നമ്മുടെ രാജ്യത്ത് നടന്ന വലിയൊരു കാൽവെപ്പാണ് ഇത്. പ്രഥമ സംരംഭമെന്നനിലയിൽ ചില പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്യ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.

**ഡോ.ജെ. പ്രസാദ്**

ഡയറക്ടർ,

എസ്.സി.ഇ.ആർ.ടി. കേരളം

# Foreword

The National Curriculum Framework (NCF) 2005, recommends that children's life at school must be linked to their life outside the school. This principle marks a departure from the legacy of bookish learning which continues to shape our system and causes a gap between the school, home and community. The syllabi and textbooks developed on the basis of NCF signify an attempt to implement this basic idea. They also attempt to discourage rote learning and the maintenance of sharp boundaries between different subject areas. We hope these measures will take us significantly further in the direction of a child centred system of education outlined in the National Policy on Education (1986).

The success of this effort depends on the steps that school principals and teachers will take to encourage children to reflect on their own learning and to pursue imaginative activities and questions. We must recognise that, given space, time and freedom, children generate new knowledge by engaging with the information passed on to them by adults. Treating the prescribed textbook as the sole basis of examination is one of the key reasons why other resources and sites of learning are ignored. Inculcating creativity and initiative is possible if we perceive and treat children as participants in learning, not as receivers of a fixed body of knowledge.

These aims imply considerable change in school routines and mode of functioning. Flexibility in the daily time-table is as necessary as rigour in implementing the annual calendar so that the required number of teaching days are actually devoted to teaching. The methods used for teaching and evaluation will also determine how effective this textbook proves for making children's life at school a happy experience, rather than a source of stress or boredom. Syllabus designers have tried to address the problem of curricular burden by restructuring and reorienting knowledge at different stages with greater consideration for child psychology and the time available for teaching. The textbook attempts to enhance this endeavour by giving higher priority and space to opportunities for contemplation and wondering, discussion in small groups, and activities requiring hands-on experience.

The National Council of Educational Research and Training (NCERT) appreciates the hard work done by the textbook development committee responsible for this book. We wish to thank the Chairperson of the advisory group in Social Sciences, Professor Hari Vasudevan and the Chief Advisor for this book, Professor Yogendra Singh for guiding the work of this committee. Several teachers contributed to the development of this textbook; we are grateful to their principals for making this possible. We are indebted to the institutions and organisations which have generously permitted us to draw upon their resources, material and personnel. We are especially grateful to the members of the National Monitoring Committee, appointed by the Department of Secondary and Higher Education, Ministry of Human Resource Development under the Chairpersonship of Professor Mrinal Miri and Professor G.P. Deshpande, for their valuable time and contribution. As an organisation committed to systemic reform and continuous improvement in the quality of its products, NCERT welcomes comments and suggestions which will enable us to undertake further revision and refinement.

***Director***
National Council of Educational
Research and Training

New Delhi
*20 December 2005*

## Textbook Development Committee

**Chairperson, Advisory Committee for Social Science Textbooks at the Higher Secondary Level**

Hari Vasudevan, *Professor*, Department of History, University of Kolkata, Kolkata

**Chief Advisor**

Yogendra Singh, *Emeritus Porfessor*, Centre for the Study of Social Systems, Jawaharlal Nehru University, New Delhi

**Members**

Anjan Ghosh, *Fellow*, Centre for Studies in Social Sciences, Kolkata

Arshad Alam, *Lecturer*, Centre for Jawaharlal Nehru Studies, Jamia Milia Islamia, New Delhi

Arvind Chouhan, *Professor*, Department of Sociology, Barkatullah University, Bhopal

**Debal Singh Roy, *Professor*, Department of Sociology, Indira Gandhi National Open University, New Delhi**

Dinesh Kumar Sharma, *Professor*, Department of Education in Social Sciences and Humanities, NCERT

Jitendra Prasad, *Professor*, Department of Sociology, Mahrishi Dayanand University, Rohtak

M.N. Karna, *Professor (Retd.)*, Department of Sociology, North Eastern Hill University, Shillong

Maitrayee Chaudhuri, *Professor*, Centre for the Study of Social Systems, Jawaharlal Nehru University, New Delhi

Manju Bhatt, *Professor*, Department of Education in Social Sciences and Humanities, NCERT

Pushpesh Kumar, *Doctoral Fellow*, Institute of Economic Growth, University of Delhi, Delhi

Rajesh Mishra, *Professor*, Department of Sociology, Lucknow University, Lucknow

Rajiv Gupta, *Professor*, Department of Sociology, University of Rajasthan, Jaipur

S. Srinivasa Rao, *Assistant Professor*, Zakir Husain Centre for Educational Studies, Jawaharlal Nehru University, New Delhi

Satish Deshpande, *Professor*, Department of Sociology, University of Delhi, Delhi

Soumendra Mohan Patnayak, *Professor*, Department of Anthropology, University of Delhi, Delhi

Subhangi Vaidya, *Assistant Director*, Regional Service Division, Indira Gandhi National Open University, New Delhi

**Member-Coordinator**

Sarika Chandrawanshi Saju, *Assistant Professor*, Department of Education in Social Sciences and Humanities, NCERT

# പാഠപുസ്തക വിവർത്തനം

## ശില്പശാലയിൽ പങ്കെടുത്തവർ

**അജിത് ആർ. പിള്ള**
എച്ച്.എസ്.എസ്.ടി, ഡി.ബി.എച്ച്.എസ്.എസ്. പത്തനംതിട്ട

**പ്രവീൺകുമാർ സി.ഡി.**
എച്ച്.എസ്.എസ്.ടി., പി.ടി.എം.എച്ച്.എസ്.എസ്. താഴേക്കോട്, മലപ്പുറം

**ഫൈസൽ കെ.**
എച്ച്.എസ്.എസ്.ടി., ഇ.എം.ഇ.എ.എച്ച്.എസ്.എസ്. കൊണ്ടോട്ടി, മലപ്പുറം

## വിദഗ്ധർ

**ഡോ. സജി പി. ജേക്കബ്**
പ്രിൻസിപ്പൽ, ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസ് തിരുവനന്തപുരം

**ജിഷ പാക്കുണ്ണി (സിസ്റ്റർ ജ്യോതി)**
അസി. പ്രൊഫസർ, ഡിപാർട്ട്മെന്റ് ഓഫ് സോഷ്യോളജി കാർമൽ കോളേജ്, മാള

**ഡോ. കെ.എം. ഭരതൻ**
പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കൾച്ചറൽ ഹെറിറ്റേജ് മലയാളം യൂണിവേഴ്സിറ്റി

## പ്രൂഫ്

**പി. യഹിയ**
ജി.ജി.എം.ജി. എച്ച്.എസ്.എസ്., ചാലപ്പുറം, കോഴിക്കോട്

## ചിത്രങ്ങൾ

**സന്തോഷ് വെള്ളിയന്നൂർ**

## അക്കാദമിക് കോർഡിനേറ്റർ

**അഞ്ജന വി. ആർ. ചന്ദ്രൻ,** റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

# ഉള്ളടക്കം

1. ഘടനാപരമായ മാറ്റം
2. സാംസ്കാരിക മാറ്റം
3. ഇന്ത്യൻ ജനാധിപത്യത്തിന്റെ കഥ
4. ഗ്രാമീണ സമൂഹത്തിലെ മാറ്റവും വികസനവും
5. വ്യാവസായിക സമൂഹത്തിലെ മാറ്റവും വികസനവും
6. ആഗോളവൽക്കരണവും സാമൂഹിക മാറ്റവും
7. ബഹുജന മാധ്യമങ്ങളും വിനിമയങ്ങളും
8. സാമൂഹിക പ്രസ്ഥാനങ്ങൾ

X5U1E7

| ഈ പുസ്തകത്തിൽ സൗകര്യത്തിനായി<br>ചില മുദ്രകൾ ഉപയോഗിച്ചിരിക്കുന്നു. | |
|---|---|
|  | പ്രവർത്തനം |
|  | ചോദ്യങ്ങൾ |
|  | ആധാരഗ്രന്ഥങ്ങൾ |

# 1 ഘടനാപരമായ മാറ്റം
# Structural Change

D1L3A2



വർത്തമാനകാലത്തെക്കുറിച്ച് മനസ്സിലാക്കാൻ ഭൂതകാലത്തെക്കുറിച്ചും ചിലത് അറിയേണ്ടതുണ്ട്. ഒരു വ്യക്തിയെ സംബന്ധിച്ചും സാമൂഹ്യവിഭാഗത്തെ സംബന്ധിച്ചും ഇന്ത്യയൊന്നാകെ ഇതു ശരിയാണ്. ഇന്ത്യക്ക് വിപുലവും സമ്പന്നവുമായ ചരിത്ര പാരമ്പര്യമുണ്ട്. ഇന്ത്യയുടെ ഭൂതകാലത്തെ അറിയാൻ മധ്യകാലഘട്ടത്തിന്റെയും പുരാതനകാലഘട്ടത്തിന്റെയും ചരിത്രം വളരെ പ്രധാനപ്പെട്ടതാണ്. കൊളോണിയൽ അനുഭവത്തിന് ആധുനിക ഇന്ത്യയെ മനസ്സിലാക്കുന്നതിൽ വലിയ പ്രാധാന്യമുണ്ട്. ഇത് ആധുനിക കാഴ്ചപ്പാടും സ്ഥാപനങ്ങളും ഇന്ത്യയിലേക്ക് എത്തിയത് കൊളോണിയൽ കാലഘട്ടത്തിലായതിനാൽ മാത്രമല്ല. കൊളോണിയൽ കാലഘട്ടത്തിലെ ഇന്ത്യക്കാർ പാശ്ചാത്യ പുരോഗമനവാദത്തെയും സ്വാതന്ത്ര്യത്തെയും വായിച്ചറിഞ്ഞതുകൊണ്ടുമാണ്. എന്നിരുന്നാലും ഇന്ത്യക്കാർ സ്വാതന്ത്ര്യവും വിശേഷാധികാരവും നിഷേധിച്ച പാശ്ചാത്യ സാമ്രാജ്യത്വഭരണത്തിൻ കീഴിൽ ജീവിച്ചു. ഈ വൈരുധ്യങ്ങൾ പലതരത്തിലുള്ള ഘടനാപരവും സാംസ്കാരികവുമായ മാറ്റങ്ങൾ ഉണ്ടാക്കുന്നുവെന്ന് അധ്യായം ഒന്നിലും രണ്ടിലും പ്രതിപാദിക്കുന്നു.

നമ്മുടെ സാമൂഹികപരിഷ്കാരങ്ങൾ, ദേശീയ പ്രസ്ഥാനങ്ങൾ, നിയമങ്ങൾ, രാഷ്ട്രീയ ജീവിതം, ഭരണഘടനയും, വ്യവസായവും, കൃഷിയും, നമ്മുടെ പട്ടണങ്ങൾ നഗരങ്ങൾ, ഗ്രാമങ്ങൾ എന്നിവ രൂപം കൊള്ളുന്നതിൽ എന്നിവയെല്ലാം കൊളോണിയലിസവുമായുള്ള നമ്മുടെ വൈരുദ്ധ്യാത്മക ബന്ധത്തിലൂടെ രൂപപ്പെട്ടവയാണെന്ന് തുടർന്നുള്ള അധ്യായങ്ങളിൽ വിവരിക്കുന്നു. ഇത് നമ്മുടെ ആധുനികതയുമായി ബന്ധപ്പെട്ടു നീണ്ടുനിൽക്കുന്ന ഫലങ്ങളുണ്ടാക്കി. നമ്മുടെ നിത്യജീവിതത്തിൽ അഭിമുഖീകരിക്കുന്ന ചില സംഭവങ്ങൾ താഴെ പറയുന്നു.

നമുക്ക് പാർലമെന്ററിയും (Parliamentary), നിയമപരവുമായ വ്യവസ്ഥയുണ്ട് (Legal system). ബ്രിട്ടീഷ് മാതൃകയിലുള്ള പോലീസും വിദ്യാഭ്യാസവ്യവസ്ഥയുമുണ്ട്. നമ്മൾ വാഹനം ബ്രിട്ടീഷുകാരെപ്പോലെ ഇടതുവശം ചേർന്ന് ഓടിക്കുന്നു. തെരുവു ഭക്ഷണശാലയിലും, കാന്റീനുകളിലും പ്രദർശിപ്പിച്ച ഭക്ഷണവിലവിവരപ്പട്ടികയിൽ 'ഓംലറ്റ് ബ്രഡ്', 'കട്ലറ്റ്' തുടങ്ങിയ പേരുകളും കാണാം. വളരെ പ്രശസ്തമായ ബിസ്ക്കറ്റ് കമ്പനിക്ക് യഥാർഥത്തിൽ ബ്രിട്ടീഷ് പേരാണ് നൽകിയത്. ധാരാളം സ്കൂളുകൾ യൂണിഫോമിൽ 'ടൈ' ഉൾപ്പെടുത്തി. നമ്മൾ ചിലപ്പോൾ പാശ്ചാത്യരെ ആദരിക്കുകയും ചിലപ്പോൾ വിദ്വേഷം കാണിക്കുകയും ചെയ്യുന്നു. വർത്തമാന കാലഘട്ടത്തിലും ഇന്ത്യയിൽ ബ്രിട്ടീഷ് കൊളോണിയലിസസ്വഭാവങ്ങൾ നിലനിൽക്കുന്നുവെന്നതിനുള്ള ഉദാഹരണങ്ങളാണിവ.





ആധുനികതയുടെ വ്യത്യസ്ത തലങ്ങൾ




"\\system_16\kalpana\Sheeja\Sociology XII\12109-Social Change and Development in India\Chapter-1\chap1 Malayalam.pmd"

ഇന്ത്യയിൽ ഇംഗ്ലീഷ്ഭാഷയുടെ ബഹുമുഖവും വിരോധാഭാസ രൂപത്തിലുള്ളതുമായ സ്വാധീനത്തെ നമുക്ക് ഉദാഹരണമായെടുക്കാം. അക്ഷരത്തെറ്റു മാത്രമല്ല പ്രശ്നം, അത് ഇന്ത്യയിൽ എല്ലായിടത്തും ഉപയോഗിക്കുന്നുവെന്നതുമല്ല, ഇംഗ്ലീഷിലുള്ള ഇന്ത്യക്കാരുടെ ഹൃദയഹാരിയായ സാഹിത്യങ്ങൾ ഉണ്ടെന്നതുമാണ്. ഇംഗ്ലീഷിലുള്ള അറിവ് ആഗോളവിപണിയിൽ ഇന്ത്യക്കാർക്ക് ഒരു മേൽക്കൈ ലഭിക്കുന്നതിന് കാരണമായി. ഇന്നും ഇംഗ്ലീഷ് ഒരു അന്തസ്സായി കണക്കാക്കുന്നു. തൊഴിൽമാർക്കറ്റിൽ ഇംഗ്ലീഷ് അറിയാത്തത് ഒരു പോരായ്മയായി പരിഗണിക്കുന്നു. അതേസമയം പാരമ്പര്യമായി ഔദ്യോഗികവിദ്യാഭ്യാസം നിഷേധിക്കപ്പെട്ട ദലിതരെപ്പോലുള്ളവർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം ആദ്യം അടഞ്ഞുകിടന്ന അവസരങ്ങൾ തുറന്നുകിട്ടുന്നതിന് കാരണമായി.



SINGHAL Gotra Boy 24/5'10" Wrkg. in Marine 9Lac PA seeks B'ful Convent Edu. Girl. Send BHP at 6/10 Exclusive Bahar, Sahara States, Jankipuram, Lucknow-21. Cont :- 09935754760




**ഇംഗ്ലീഷ് – സൈബർ ഇടത്തിൽ**

കെ.ജഷി എഴുതുന്നു: ഇംഗ്ലീഷ് അറിയുന്ന വീട്ടമ്മമാരും വിദ്യാർഥികളും ഓൺലൈനായി വിവരങ്ങൾ ശേഖരിച്ചു നൽകുന്ന ബി.പി.ഒ. കളായി ലാഭകരമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു. ഇത് ക്ലാസ്റൂമിലെ സാധാരണ കാഴ്ചയാണ്. പശ്ചാത്തലം മാത്രമാണ് അപരിചിതമാകുന്നത്. കമ്പ്യൂട്ടർ സ്ക്രീൻ കറുത്ത ബോർഡുകൾക്കു പകരമാവുകയും വീട്ടമ്മമാർ ഇംഗ്ലീഷല്ലാത്ത മറ്റു ഭാഷ സംസാരിക്കുന്ന ഏഷ്യക്കാരുടെ ഉപന്യാസങ്ങൾ മൂല്യനിർണയം നടത്തുകയും ചെയ്തു. എല്ലാം ഒരു മൗസ് ക്ലിക്കിലൂടെ നടന്നു.


മൂല്യനിർണയം നടത്തിയവരുടെ പ്രോത്സാഹനജനകമായ മറുപടികൾ ചൈന, കൊറിയ, ജപ്പാൻ എന്നിവിടങ്ങളിലെ വിദ്യാർഥികളെ ഇംഗ്ലീഷ് പഠിക്കാൻ പ്രോത്സാഹിപ്പിച്ചു. ഓൺലൈൻ വിദ്യാഭ്യാസം ബി.പി.ഒ.ക്ക് ഒരു പുതിയ ആവേശമായിരുന്നു. കൂടുതൽ വേഗത്തിൽ വരുമാനം നേടുന്നത് അവർക്ക് സന്തോഷമുണ്ടാക്കി. ആകെ വേണ്ടത് നല്ല ഇംഗ്ലീഷ് സൃഷ്ടിക്കാനുള്ള കഴിവ്, അടിസ്ഥാന കമ്പ്യൂട്ടർ പരിജ്ഞാനം, അധികമായി കാര്യങ്ങൾ ചെയ്യാനുള്ള മനസ്സ്, പഠിക്കാനുള്ള തയ്യാറെടുപ്പ് എന്നിവയാണ്.

*Source the Hindu, Thursday May 04-2006*

കോളനി കൊണ്ടുവന്ന ഘടനാപരമായ മാറ്റങ്ങൾക്കാണ് ഈ അധ്യായത്തിൽ ഊന്നൽ നൽകുന്നത്. അതിനാൽ നമ്മൾ വിശാല ആകർഷണത്വം ഉണർത്തുന്ന കാഴ്ചപ്പാടിൽ നിന്നു (Impressionistic view) കോളനിവൽക്കരണത്തെ ഒരു ഘടനയും വ്യവസ്ഥയും എന്നതരത്തിൽ കൃത്യമായി മനസ്സിലാക്കുന്നതിലേക്ക് മാറേണ്ടതുണ്ട്. കൊളോണിയലിസം പുതിയ രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക ഘടനാ മാറ്റങ്ങൾ കൊണ്ടുവന്നു. ഈ അധ്യായത്തിൽ രണ്ട് ഘടനാപരമായ മാറ്റങ്ങളായ വ്യവസായവൽക്കരണവും നഗരവൽക്കരണവും മാത്രം ചർച്ചചെയ്യുന്നു. പ്രത്യേക കൊളോണിയൽ സാഹചര്യത്തിന് ശ്രദ്ധ നൽകുമ്പോഴും സ്വാതന്ത്ര്യാനന്തര പുരോഗതിയും ചുരുക്കി വിവരിക്കുന്നുണ്ട്.

എല്ലാ ഘടനാപരമായ മാറ്റങ്ങളും സാംസ്കാരിക മാറ്റങ്ങളുമുണ്ടാക്കുന്നുണ്ട്. ഇത് അടുത്ത അധ്യായത്തിൽ വിവരിക്കുന്നു. എന്നിരുന്നാലും ഇവ തമ്മിൽ കൃത്യമായി വേർതിരിക്കാൻ പ്രയാസമാണ്. ചില സാംസ്കാരികമാറ്റങ്ങൾ സൂചിപ്പിക്കാതെ ഘടനാപരമായ മാറ്റങ്ങൾ ചർച്ചചെയ്യുക പ്രയാസമാണെന്ന് നിങ്ങൾക്കു മനസ്സിലാക്കാം.

**1.1**



- ബ്രിട്ടീഷ്കോളനി എന്ന ഭൂതകാലം ഓർമ്മിപ്പിക്കുന്ന നിത്യോപയോഗ വസ്തുക്കളായ വീട്ടുപകരണങ്ങൾ, ഭക്ഷണം, പദാർഥങ്ങൾ, ഇംഗ്ലീഷിലെ ശൈലികൾ എന്നിവ കണ്ടെത്തുക.
- ബ്രിട്ടീഷ് കാലത്തെ അനുസ്മരിപ്പിക്കുന്ന സിനിമ, ടെലിവിഷൻ സീരിയൽ, ചെറുകഥ, നോവൽ എന്നിവ കണ്ടെത്തി അതിന്റെ വിവിധ തലങ്ങൾ വിശദീകരിക്കുക.
- നീണ്ട കോടതിരംഗങ്ങൾ സിനിമയിലും ടെലിവിഷനിലും കണ്ടിരിക്കും. അതിന്റെ പ്രക്രിയകൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ ? ഇതിൽ പലതും ബ്രിട്ടീഷ് വ്യവസ്ഥയിൽ നിന്നു കടമെടുത്തതാണ്. ഇന്ത്യൻ ജഡ്ജിമാർ തലയിൽ ഒരു പ്രത്യേക വിഗ് വച്ചിരുന്നു. ഇത് എവിടെനിന്ന് വന്നുവെന്നു കണ്ടെത്തുക.

## 1.1 കൊളോണിയലിസത്തെ മനസ്സിലാക്കൽ (Understanding Colonialism)




ഒരു രാജ്യം മറ്റൊരു രാജ്യത്തിനു മുകളിൽ ഭരണം സ്ഥാപിച്ചെടുക്കുന്നതിനെയാണ് ലളിതമായി കൊളോണിയലിസം എന്നു പറയുന്നത്. ആധുനികകാലത്ത് പാശ്ചാത്യ കൊളോണിയലിസത്തിന് വലിയ സ്വാധീനമുണ്ട്. ഇന്ത്യയുടെ ഭൂതകാലങ്ങളിൽ പല സമയങ്ങളിൽ പല ഭാഗങ്ങളിൽ അധികാരം സ്ഥാപിച്ചെടുത്ത ധാരാളം സംഘങ്ങളാണ് ആധുനിക ഇന്ത്യയുടെ സൃഷ്ടിക്കു കാരണം. മറ്റെല്ലാ മുൻകാല ഭരണകർത്താക്കളിൽ നിന്നും കോളനിഭരണം അതിന്റെ ദൂരവ്യാപകവും ആഴത്തിലുമുള്ള സ്വാധീനത്താൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ചരിത്രത്തിൽ വിദേശപ്രദേശങ്ങൾ പിടിച്ചെടുക്കുന്നതിന്റെയും ശക്തിയില്ലാത്തവരിൽ ശക്തിയുള്ളവർ ആധിപത്യമുണ്ടാക്കുന്നതിന്റെയും ധാരാളം ഉദാഹരണങ്ങൾ കാണാം. എന്നാൽ മുതലാളിത്തത്തിനു മുമ്പും ശേഷവുമുള്ള സാമ്രാജ്യത്വരൂപീകരണത്തിൽ വ്യത്യാസമുണ്ട്. കൊള്ളയടിക്കൽ കൂടാതെ മുതലാളിത്തത്തിനു മുമ്പുള്ള ജേതാക്കൾക്ക് ആധിപത്യം വഴി തുടർച്ചയായ സേവനം ലഭിച്ചിരിക്കുന്നു. സാമ്പത്തിക അടിത്തറയിൽ അവർ ഇടപെട്ടിരുന്നില്ല. ആധിപത്യം സ്ഥാപിക്കപ്പെട്ട സ്ഥലങ്ങളിൽ പരമ്പരാഗതമായി ഉൽപ്പാദിപ്പിക്കപ്പെട്ട മിച്ച സമ്പത്തിനെ ഉപരിപ്ലവമായി മാത്രം കണ്ട് അതിന്റെ പാട്ടം മാത്രം ഏറ്റുവാങ്ങി. (Alavi and Shanil - 1982)

മുതലാളിത്തവ്യവസ്ഥയിൽ അധിഷ്ഠിതമായ ബ്രിട്ടീഷ് സാമ്രാജ്യത്വം കൂടുതൽ ലാഭം ഉറപ്പുവരുത്താനും ബ്രിട്ടീഷ് മുതലാളിത്തത്തിന് ലാഭമുണ്ടാക്കാനും നേരിട്ടു ശ്രമിച്ചു.എല്ലാ നയങ്ങളും ബ്രിട്ടീഷ് മുതലാളിത്തത്തെ ശക്തിപ്പെടുത്തുന്നതും വളർത്തുന്നതുമാണെന്ന് ഉറപ്പുവരുത്തി. അവർ ഭൂനിയമങ്ങൾ മാറ്റി. അവർ ഭൂമിയുടെ ഉടമസ്ഥാവകാശനിയമങ്ങൾ മാത്രമല്ല, എന്ത് വിളയിക്കണം, എന്ത് വിളയിക്കരുത് എന്നു പോലും തീരുമാനിച്ചു. അവർ ഉൽപാദനമേഖലയിലും ഇടപെട്ടു, ഉൽപ്പാദനത്തെയും വിതരണത്തെയും മാറ്റിമറിച്ചു; കാട്ടിലേക്കും പ്രവേശിച്ചു. മരങ്ങൾ വെട്ടി അവിടെ തേയിലത്തോട്ടങ്ങൾ ആരംഭിച്ചു. വനനിയമങ്ങൾ കൊണ്ടുവന്ന് ആദിവാസികളുടെ ജീവിതം മാറ്റിമറിച്ചു. അവരുടെ നാൽക്കാലിത്തീറ്റയ്ക്കായി ഉപയോഗിച്ചിരുന്ന സ്ഥലങ്ങളിലെ പല വനങ്ങളിലേക്കുമുള്ള പ്രവേശനം തടഞ്ഞു. വടക്കുകിഴക്കൻ ഇന്ത്യയിൽ വനനിയമങ്ങൾ ഉണ്ടാക്കിയ സ്വാധീനം താഴെയുള്ള ബോക്സിൽ വിവരിച്ചിരിക്കുന്നു.

കോളനിഭരണം ഇന്ത്യയുടെ ഒരു ഭാഗത്തുനിന്ന് മറ്റൊരു ഭാഗത്തേക്കു ജനത മാറിത്താമസിക്കുന്നതിലേക്കു നയിച്ചു. ഇന്നത്തെ ജാർഖണ്ഡിൽനിന്നു ജനങ്ങൾ ആസാമിലെ തേയിലത്തോട്ടങ്ങളി

### വടക്കുകിഴക്കൻ ഇന്ത്യയിലെ കൊളോണിയൽ കാലഘട്ടത്തിലെ വനനിയമങ്ങൾ

**Box 1.1**



ഇന്ത്യയിലെ താനെക്രീക്കിനു കുറുകെ ആദ്യത്തെ പാലത്തിലൂടെ തീവണ്ടി പോകുന്നു - 1854

ബംഗാളിൽ റെയിൽവേ വന്നത് വലിയ വഴിത്തിരിവായി. ഇത് ആസാമിലെ വനനിയമങ്ങളിൽ മാറ്റങ്ങൾക്കു തുടക്കം കുറിച്ചു. (ആസാം അന്ന് ബംഗാൾ പ്രവിശ്യയുടെ ഭാഗമായിരുന്നു). ഇത് സ്വതന്ത്ര സാമ്പത്തികരീതിയിൽനിന്ന് സജീവമായ ഇടപെടലിലേക്ക് മാറ്റി. ആസാമിലെ വനങ്ങളെ ഫലപ്രദമല്ലാത്ത ഭൂമിയെന്നതിൽനിന്നും ആദായകരമായ റെയിൽവേനികുതിയുടെ ഉറവിടമാക്കി കൊളോണിയൽ ഭരണം മാറ്റി. (ഇത് ഇന്നത്തെ എല്ലാ ഏഴ് സഹോദരി സംസ്ഥാനങ്ങൾക്കും ബാധകമാണ്). 1861-നും 1878 നും ഇടയിൽ ഏകദേശം 269 ചതുരശ്ര മൈൽ സ്ഥലം കരുതൽ വനങ്ങളാക്കി. 1894 -ൽ ഈ പ്രദേശം 3683 ചതുരശ്ര മൈൽ ആയി ഉയർന്നു. 19-ാം നൂറ്റാണ്ട് ആയപ്പോഴേക്കും ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള വനം 20061 ചതുരശ്ര മൈൽ (മൊത്തം പ്രവിശ്യയുടെ 42.2 % സ്ഥലം) ആയി. ഇതിൽ 3609 ചതുരശ്ര മൈൽ സ്ഥലം കരുതൽ വനമായി. ഇതിൽ മുഖ്യഭാഗവും മലപ്രദേശങ്ങളിലെ പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന് നൂറ്റാണ്ടുകളായി വനങ്ങളെ ആശ്രയിച്ച് ജീവിച്ച ഗോത്രസമുദായ പ്രദേശമാണെന്നത് വളരെ പ്രാധാന്യമർഹിക്കുന്നു. *(Nongbri, 2003)*

ലേക്ക് നീങ്ങി. ബംഗാൾ, മദ്രാസ് ബ്രിട്ടീഷ് പ്രവിശ്യകളിൽ പുതുതായി ഉയർന്നുവന്ന മധ്യവർഗസമൂഹം ഗവൺമെന്റ് ഉദ്യോഗസ്ഥരായും പ്രൊഫഷനുകളായ ഡോക്ടറും അഭിഭാഷകരുമായും ഇന്ത്യയുടെ പല ഭാഗങ്ങളിലേക്ക് മാറിത്താമസിച്ചു. കപ്പലുകളിൽ ജനങ്ങളെ ഇന്ത്യയിൽനിന്ന് വിദൂര ഏഷ്യൻ കോളനികളായ ഏഷ്യ, ആഫ്രിക്ക, അമേരിക്ക എന്നിവിടങ്ങളിലേക്ക് കടത്തുന്നതിനിടെ പലരും മരിച്ചു. പലർക്കും ഒരിക്കലും തിരിച്ചുവരാൻ കഴിഞ്ഞില്ല. ഇന്ന് അവരുടെ പല പിൻഗാമികളും ഇന്ത്യൻ വംശജരായ ജനത (People of Indian Origin) എന്ന് അറിയപ്പെടുന്നു.

വളരെ എളുപ്പത്തിൽ ഭരണം സാധ്യമാകുന്നതിന് എല്ലാ മണ്ഡലങ്ങളിലും കൊളോണിയലിസം പലതരത്തിലുള്ള മാറ്റങ്ങൾ വരുത്തി. നിയമത്തിൽ അല്ലെങ്കിൽ സംസ്കാരത്തിൽ, അതുമല്ലെങ്കിൽ വാസ്തുവിദ്യയിൽ മാറ്റം വരുത്തി. കൊളോണിയലിസം എന്നത് അത് വരുത്തിവച്ച മാറ്റത്തിന്റെ അളവിന്റെയും തീവ്രതയുടെയും കഥയാണ്. ചിലത് ബോധപൂർവം കൊണ്ടുവന്നതും മറ്റുള്ളവ സ്വയം സംഭവിച്ചതുമാണ്. ഉദാഹരണത്തിന്, ബ്രിട്ടീഷ് കൊളോണിയലിസം പാശ്ചാത്യവിദ്യാഭ്യാസം നടപ്പാക്കിയത് ഭരണം നിർവഹിക്കുന്ന ഇന്ത്യക്കാരെ സൃഷ്ടിക്കാനാണ്. അല്ലാതെ കോളനിവിരുദ്ധബോധം സൃഷ്ടിക്കാനോ ദേശീയവാദികളെ വളർത്താനോ ആയിരുന്നില്ല.

**Box 1.2**

1834-നു ശേഷം 1920 വരെ ഇന്ത്യയിൽനിന്ന് സ്ഥിരമായി വ്യത്യസ്ത മതങ്ങളിൽപ്പെട്ടവരും ലിംഗങ്ങളിലുള്ളവരും ജാതിയിലുള്ളവരുമായ ആളുകളെ കുറഞ്ഞത് അഞ്ചുവർഷത്തേക്ക് മൗറീഷ്യസിലെ തേയിലത്തോട്ടങ്ങളിൽ പണിയെടുക്കുന്നതിന് കൊണ്ടുപോയിരുന്നു. പാട്ന, ഗയ, നൂറ, സാരൻ, ചമ്പാരൻ, ഭഗൽപൂർ, മേഗിർ, തിർഹട്ട് എന്നീ ജില്ലകളിൽ നിന്നാണ് ആളുകളെ തിരഞ്ഞെടുത്തിരുന്നത്. *(Pineo 1984)*

മുതലാളിത്തത്തിന്റെ ചില അടിസ്ഥാനസ്വഭാവങ്ങൾ മനസ്സിലാക്കിയാലേ കൊളോണിയലിസം ഉണ്ടാക്കിയ ഘടനാപരമായ മാറ്റങ്ങളുടെ ആഴവും അളവും മനസ്സിലാക്കാൻ കഴിയുകയുള്ളൂ. മുതലാളിത്തം ഒരു സാമ്പത്തികവ്യവസ്ഥയാണ്. ഉൽപ്പാദനം സ്വകാര്യ ഉടമസ്ഥതയിൽ സംഘടിക്കപ്പെട്ട് വിപണിയിൽ ലാഭം ഉണ്ടാക്കുന്നു എന്നാണിത് അർഥമാക്കുന്നത്. (ഒന്നാമത്തെ പുസ്തകത്തിൽ -ഇന്ത്യൻ സമൂഹം - നമ്മൾ മുതലാളിത്തവിപണിയെക്കുറിച്ച് ചർച്ച ചെയ്തു.) പാശ്ചാത്യരാജ്യങ്ങളിൽ മുതലാളിത്തം ഉയർന്നുവന്നത് ലോകത്തിന്റെ മറ്റു പ്രദേശങ്ങളിൽ നടന്ന സങ്കീർണമായ യൂറോപ്യൻ ചൂഷണപ്രക്രിയ, അതിന്റെ ധനവും വിഭവങ്ങളും കൊള്ളയടിക്കൽ, മുൻപില്ലാത്തതരത്തിലുള്ള ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യകളുടെയും വളർച്ച, അതിന്റെ

വ്യാവസായിക-കാർഷികരംഗത്തെ തയ്യാറെടുപ്പ് എന്നിവയുടെ ഭാഗമായിട്ടാണ്. തുടക്കത്തിൽത്തന്നെ മുതലാളിത്തം അടയാളപ്പെടുത്തപ്പെട്ടത് അതിന്റെ ചലനാത്മകത, വളരാനും വികസിക്കാനും പുതിയ കണ്ടെത്തലുകൾനടത്താനുമുള്ള ശേഷി ഏറ്റവും മികച്ച ലാഭമുണ്ടാകും വിധത്തിൽ സാങ്കേതികവിദ്യയെയും അദ്ധ്വാനത്തെയും ഉപയോഗിക്കാനുള്ള ശ്രദ്ധ എന്നിവയിലായിരുന്നു. അതാകട്ടെ അതിന്റെ ആഗോളസ്വഭാവത്തെക്കൂടി സൂചിപ്പിക്കുന്നതായിരുന്നു. പാശ്ചാത്യകൊളോണിയലിസത്തിന്റെ വളർച്ച പാശ്ചാത്യമുതലാളിത്തത്തോട് ബന്ധപ്പെട്ടിരിക്കുന്നു. ഇന്ത്യയെപ്പോലുള്ള കോളനിയിൽ മുതലാളിത്തം വളരുന്നതിൽ വലിയ സ്വാധീനം ചെലുത്തുന്നതിന് ഇത് കാരണമായി. വ്യവസായവൽക്കരണം, നഗരവൽക്കരണം എന്നിവ സാമ്രാജ്യത്വത്തെ എങ്ങനെ വ്യത്യസ്ത രീതിയിലേക്കു നയിച്ചുവെന്ന് കാണാം.

മുതലാളിത്തം പ്രബല സാമ്പത്തികവ്യവസ്ഥയായാൽ ദേശരാഷ്ട്രം പ്രബലമായ രാഷ്ട്രീയ രൂപമായിത്തീരും. അതായത് നമ്മളെല്ലാവരും ഒരു ദേശരാഷ്ട്രത്തിൽ ജീവിക്കുകയും ദേശീയത അല്ലെങ്കിൽ ദേശപൗരത്വം സ്വാഭാവികമായും ഇന്നത്തെപ്പോലെ ഉണ്ടാകുകയും ചെയ്യുന്നു. ഒന്നാം ലോകയുദ്ധത്തിനുമുമ്പ് വിദേശയാത്രയ്ക്ക് പാസ്പോർട്ട് വ്യാപകമായി ഉപയോഗിച്ചിരുന്നില്ല. മിക്ക പ്രദേശത്തും കുറച്ചാളുകൾക്കു മാത്രമായി അത് ചുരുങ്ങിനിന്നു. സമൂഹങ്ങൾ എപ്പോഴും ഈ രീതിയിൽ സംഘടിപ്പിക്കപ്പെട്ടിരുന്നില്ല. ആധുനികലോകത്തിന്റെ സവിശേഷതയുള്ള ഒരു പ്രത്യേക രാഷ്ട്രത്തെയാണ് ദേശരാഷ്ട്രം സുചിപ്പിക്കുന്നത്. ഒരു സർക്കാരിന് പരമാധികാരമുള്ള ഒരു നിശ്ചിത പ്രദേശത്തെ ജനങ്ങൾ ആ രാഷ്ട്രത്തിലെ പൗരർ ആയിരുന്നു. ദേശരാഷ്ട്രമാണ് ദേശീയതയുടെ ഉത്ഭവത്തിനു കാരണം. ദേശീയതയുടെ അടിസ്ഥാനതത്ത്വമെന്നത് ഏതു വിഭാഗം ജനങ്ങൾക്കും സ്വാതന്ത്ര്യവും പരമാധികാരവും ഉപയോഗിക്കാമെന്നതാണ്. ഇത് ജനാധിപത്യ ആശയത്തിന്റെ ഉദയത്തിനു കാരണമായി. മൂന്നാമത്തെ അധ്യായത്തിൽ ഇതിനെക്കുറിച്ച് നിങ്ങൾ കൂടുതൽ വായിച്ചറിയും. ദേശീയതയുടെ തത്ത്വങ്ങളും ജനാധിപത്യാവകാശങ്ങളും കൊളോണിയൽ പ്രവർത്തനത്തിൽനിന്നു വിരുദ്ധമാണ്. കൊളോണിയൽ ഭരണം ഇന്ത്യയിലെ ബ്രിട്ടീഷ് വിദേശഭരണത്തെ സൂചിപ്പിക്കുന്നു. ദേശീയത എന്നത് ഇന്ത്യയിലെയോ മറ്റേതെങ്കിലും കോളണിസമൂഹത്തിലെയോ ജനതയ്ക്ക് പരമാധികാരത്തിന്മേൽ തുല്യ അവകാശമുണ്ടെന്നതും സൂചിപ്പിക്കുന്നു. ഇന്ത്യൻ നേതാക്കൾ വളരെ പെട്ടെന്ന് ഈ വൈരുധ്യം മനസ്സിലാക്കി. സ്വാതന്ത്ര്യം അല്ലെങ്കിൽ സ്വരാജ് ജന്മാവകാശമാണെന്നു മനസ്സിലാക്കി രാഷ്ട്രീയ-സാമ്പത്തിക സ്വാതന്ത്ര്യത്തിനായി അവർ പോരാടുകയും ചെയ്തു.


## 1 – 2 നഗരവൽക്കരണവും വ്യവസായവൽക്കരണവും (Urbnisation and Industrialisation )

### അധിനിവേശ അനുഭവം (The Colonial experience)

അചേതന ഊർജ ഉറവിടങ്ങളായ ആവിശക്തിയോ വൈദ്യുതിയോ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന യന്ത്രങ്ങളുടെ ഉൽപ്പാദനത്തിന്റെ ആവിർഭാവത്തെ സൂചിപ്പിക്കുന്നതാണ് വ്യവസായവൽക്കരണം. ഗുണനിലവാരമുള്ള പാശ്ചാത്യ സമൂഹശാസ്ത്ര പുസ്തകങ്ങളിൽ ഏറ്റവും പുരോഗതി പ്രാപിച്ച പരമ്പരാഗതസംസ്കാരങ്ങളിൽപോലും ഭൂരിഭാഗം ജനങ്ങളും കാർഷിക ജോലി ചെയ്യുന്നവരാണെന്ന് മികച്ച സമൂഹശാസ്ത്ര ഗ്രന്ഥങ്ങളിൽ നാം പഠിക്കുന്നു. താരതമ്യേന ചെറിയ തലത്തിൽ മാത്രമേ സാങ്കേതിക വിദ്യ വികസിച്ചിരുന്നുള്ളൂ എന്നതിനാൽ ചെറിയൊരു വിഭാഗത്തിനു മാത്രമേ കാർഷികോൽപ്പാദനത്തിൽനിന്നു സ്വതന്ത്രരാകാനായുള്ളൂ. നേരെമറിച്ച് ഇന്നത്തെ വ്യാവസായികസമൂഹത്തിൽ ഭൂരിഭാഗം ജനങ്ങളും ജോലിയെടുക്കുന്നത് കാർഷികരംഗത്തേക്കാൾ ഫാക്ടറികളിലും ഓഫീസുകളിലും കടകളിലുമാണ്. പാശ്ചാത്യരാജ്യങ്ങളിൽ 90 ശതമാനം ആളുകളും ജീവിക്കുന്നത് പട്ടണങ്ങളിലും നഗരങ്ങളിലുമാണ്. അവിടെ ധാരാളം തൊഴിലുകളും പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുന്നു. അതുകൊണ്ടുതന്നെ നഗരവൽകരണത്തെ നാമെപ്പോഴും വ്യവസായവൽകരണവുമായി ബന്ധപ്പെടുത്തുന്നതിൽ അദ്ഭുതപ്പെടാനില്ല. സാധാരണ ഇവ ഒരുമിച്ചു സംഭവിക്കുന്നുവെങ്കിലും എപ്പോഴും അങ്ങനെയല്ല.


ഉദാഹരണത്തിന്, വ്യവസായവൽക്കരണം ആദ്യം സംഭവിച്ച സമൂഹം ബ്രിട്ടനാണ്, ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കുള്ള ചലനം ആദ്യം സംഭവിച്ച രാജ്യവും ബ്രിട്ടനാണ്.

*1800 - ൽ (10,000 ജനങ്ങൾ, 20 ശതമാനത്തിനു താഴെ) പട്ടണങ്ങളിലും നഗരങ്ങളിലും അധിവസിച്ചിരുന്നു. 1900 ആയപ്പോൾ ഇത് 74ശതമാനമായി. 1800 - ൽ തലസ്ഥാനനഗരമായ ലണ്ടനിൽ 1.1 മില്യൺ ജനങ്ങൾ താമസിച്ചു. 19 - ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇത് 7 മില്യൺ ആയി വർധിച്ചു. അന്ന് ലോകത്തിലെ ഏറ്റവും വലിയ നഗരമായിരുന്നു ലണ്ടൻ. വികസിച്ചുകൊണ്ടിരിക്കുന്ന ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഹൃദയഭാഗത്തുള്ള വലിയ ഉൽപാദന - വാണിജ്യ - സാമ്പത്തിക കേന്ദ്രമായിരുന്നു ഇത്. (Giddens 2001 : 572)*




ജയ്പൂർ

ഇന്ത്യയിൽ ബ്രിട്ടീഷ് വ്യവസായവൽക്കരണത്തിന്റെ സ്വാധീനം ചില മേഖലകളിൽ അപവ്യവസായവൽക്കരണത്തിലേക്ക് (Deindustrialisation) നയിക്കുകയും പഴയ നഗരങ്ങളുടെ നാശത്തിലേക്കു വഴി തെളിയിക്കുകയും ചെയ്തു. പഴയ നഗരകേന്ദ്രങ്ങൾ ക്ഷയിച്ചു. ബ്രിട്ടനിൽ ഉൽപ്പാദനം കുതിച്ചുയർന്നപ്പോൾ മാഞ്ചസ്റ്റർ മത്സരത്തിന്റെ വേളയിൽ ഇന്ത്യയിൽ നിർമിക്കുന്ന പരുത്തി, സിൽക്ക് ഉല്പന്നങ്ങളുടെ പരമ്പരാഗത കയറ്റുമതിയിൽ വൻ ഇടിവുണ്ടായി. ഈ കാലഘട്ടത്തിൽ സൂറത്ത്, മസുലിപട്ടണം എന്നീ പട്ടണങ്ങളും തകർന്നു. എന്നാൽ ബോംബെയും മദ്രാസും വളർന്നു. ബ്രിട്ടൻ ഇന്ത്യയുടെ അധികാരം ഏറ്റെടുത്തപ്പോൾ തഞ്ചാവൂരിനും, ധാക്കക്കും, മുർഷിദാബാദിനും അതിന്റെ കോടതികളും ഒപ്പം കോടതി കുലീനവർഗവും അവരുടെ ചില കൈപ്പണിക്കാരും നഷ്ടപ്പെട്ടു. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ യന്ത്രവൽകൃത തൊഴിൽശാലകൾ വന്നതോടെ ചില പട്ടണങ്ങൾ കൂടുതൽ ജനനിബിഡമായിത്തീർന്നു.



മദ്രാസ്

*തദ്ദേശീയ കുലീനവർഗത്തിനും ബാഹ്യവിപണിക്കും ഒരേ സമയം തകർച്ചയുണ്ടായപ്പോൾ അതിനെ ആശ്രയിച്ചുനിന്നിരുന്ന നാഗരിക ആഡംബര പരുത്തി - സിൽക്ക് ഉല്പന്നങ്ങളുടെ നിർമിതിയും തകർച്ചയെ നേരിട്ടു. ഡാക്കിയിലെയും മുർഷിദാബാദിലെയും പരുത്തി - സിൽക്ക് ഉല്പന്നങ്ങളുടെ നിർമ്മാണം തകരുന്നതിനിടയാക്കിയ ആദ്യകാരണവും ഇതുതന്നെയാണ്. ഉൾപ്രദേശങ്ങളിലുള്ള ഗ്രാമത്തിലെ കരകൗശലം, പ്രത്യേകിച്ച് ബ്രിട്ടീഷ് കടന്നുകയറ്റം ആഴത്തിലും തുടക്കത്തിലും സംഭവിച്ച പൂർവ്വ ഇന്ത്യയിൽ ഒഴിച്ച്, ഏറെ കൂടുതൽ കാലം സ്വാധീനിക്കപ്പെടാതെ നിന്നു. റെയിൽവേ വ്യാപകമായ ശേഷം മാത്രമാണ് ഇത് കാര്യമായി സ്വാധീനിക്കപ്പെട്ടത്. (Sarkar 1983 : 29)*



ബോംബെ

ബ്രിട്ടനിൽ വ്യവസായവൽക്കരണം കൂടുതൽ ജനങ്ങളെ നഗരകേന്ദ്രങ്ങളിലേക്കു നയിച്ചപ്പോൾ ഇന്ത്യയിൽ തുടക്കത്തിൽ ബ്രിട്ടീഷ് വ്യവസായവൽക്കരണത്തിന്റെ സ്വാധീനം കൂടുതൽ ജനങ്ങളെ കൃഷിയിലേക്കാണു നയിച്ചതെന്ന് ഇന്ത്യയിലെ കാനേഷുമാരി റിപ്പോർട്ട് വ്യക്തമായി സൂചിപ്പിക്കുന്നു.

ഇന്ത്യയിലെ സമൂഹശാസ്ത്ര ലേഖനങ്ങൾ കൊളോണിയലിസത്തിന്റെ ആസൂത്രിതമല്ലാത്തതും വൈരുധ്യപൂർണവുമായ ഫലങ്ങൾ ചർച്ചചെയ്യുന്നു. പാശ്ചാത്യ വ്യവസായവൽക്കരണത്തെയും വളർന്നുവന്ന പാശ്ചാത്യ മധ്യവർഗത്തേയും ഇന്ത്യൻ സാഹചര്യത്തിൽ അവ താരതമ്യം ചെയ്തു.

താഴെ തന്നിരിക്കുന്ന ബോക്സ് അത്തരത്തിലുള്ള ഒരു നിരീക്ഷണം കാണിക്കുന്നു. ഇത്,വ്യവസായവൽക്കരണം വെറും യന്ത്രവൽക്കരണത്തെ അടിസ്ഥാനമാക്കിയ ഉൽപ്പാദനം മാത്രമല്ല, മറിച്ച് സമൂഹത്തിൽ പുതിയ സാമൂഹിക വിഭാഗങ്ങൾ ഉണ്ടാക്കുന്നതിന്റെയും പുതിയ സാമൂഹികബന്ധങ്ങൾ ഉടലെടുക്കുന്നതിന്റെയും കൂടി കഥയാണെന്ന് സൂചിപ്പിക്കുന്നു. മറ്റൊരർഥത്തിൽ ഇത് ഇന്ത്യൻ സാമൂഹികഘടനയിലെ മാറ്റങ്ങളെക്കുറിച്ചുള്ളതാണ്.

**Box 1.3**

**ഇന്ത്യൻ കാനേഷുമാരി റിപ്പോർട്ട് – 1911**
**Vol. 1, P - 408**

വിലകുറഞ്ഞ ചെറിയ വസ്തുക്കളും പാത്രങ്ങളും വലിയതോതിൽ യൂറോപ്പിൽനിന്ന് ഇറക്കുമതിചെയ്തതും പാശ്ചാത്യരീതിയിലുള്ള ധാരാളം തൊഴിൽശാലകൾ ഇന്ത്യയിൽ സ്ഥാപിച്ചതും ഗ്രാമവ്യവസായങ്ങളെ ചെറുതും വലുതുമായ തോതിൽ നശിപ്പിച്ചു. ഗ്രാമീണ തൊഴിലാളികൾക്ക് കൃഷിയുമായി ബന്ധപ്പെട്ട പാരമ്പര്യതൊഴിലുകളും കാർഷികോത്പാദനത്തിന്റെ ഉയർന്ന വില കാരണം ഉപേക്ഷിക്കേണ്ടതായിവന്നു. ഗ്രാമവ്യവസായങ്ങളുടെ തകർച്ചയുടെ തോത് വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത രീതിയിലായിരുന്നു. ഈ മാറ്റങ്ങൾ കൂടുതലും കണ്ടത് പുരോഗതി പ്രാപിച്ച പ്രവിശ്യകളിലാണ്.

സാമ്രാജ്യങ്ങളുടെ സാമ്പത്തികവ്യവസ്ഥയിൽ പട്ടണങ്ങൾക്കു പരമപ്രധാനമായ സ്ഥാനമുണ്ടായിരുന്നു. തീരദേശപട്ടണങ്ങളായി ബോംബെ, മദ്രാസ്, കൽക്കത്ത തുടങ്ങിയവ ഇതിന് പരിഗണിക്കപ്പെട്ടു. ഇവിടെനിന്ന് പ്രാഥമികമായ ചരക്കുകൾ അഥവാ അസംസ്കൃത വസ്തുക്കൾ എളുപ്പത്തിൽ കയറ്റുമതി ചെയ്യാനും ഉൽപ്പാദിപ്പിക്കപ്പെട്ട വസ്തുക്കൾ വിലകുറച്ച് ഇറക്കുമതിചെയ്യാനും സാധിച്ചു. കോളനിനഗരങ്ങളാണ് സാമ്പത്തിക കേന്ദ്രമായ ബ്രിട്ടനെയും ഇന്ത്യയിലെ ബ്രിട്ടീഷ് കോളനിയെയും തമ്മിൽ പ്രധാനമായും ബന്ധിപ്പിക്കുന്നത്. ഈ അർഥത്തിൽ നഗരങ്ങളാണ് ആഗോള മുതലാളിത്തത്തിന്റെ മൂർത്ത രൂപങ്ങൾ. ബ്രിട്ടീഷ് ഇന്ത്യയിൽ ബോംബെ ക്രമീകരിക്കുകയും പുനർസൃഷ്ടിക്കുകയും ചെയ്തതിനാൽ 1900 ൽ ഇന്ത്യയുടെ പരുത്തിയുടെ മുക്കാൽ ഭാഗത്തിലധികം ഈ പട്ടണങ്ങളിലൂടെ കയറ്റുമതിചെയ്തു. കൽക്കട്ട ജൂട്ട് 'ഡണ്ഡി' (Dundee) യിലേക്കും മദ്രാസിലെ കാപ്പി, പഞ്ചസാര, ഇൻഡിഗോ ഡൈ, പരുത്തി എന്നിവ ബ്രിട്ടണിലേക്കും കയറ്റുമതി ചെയ്തു.

**Box 1.4**

ഈസ്റ്റ് ഇന്ത്യാ കമ്പനിയും തുടർന്ന് ബ്രിട്ടീഷ് സർക്കാരും ഭൂമിയിലെ ഉടമസ്ഥാവകാശവും ഇംഗ്ലീഷ് വിദ്യാഭ്യാസവുമാണ് പകരമായി നൽകിയത്. ഈ ബദലിന് ഇന്ത്യയിൽ മധ്യവർഗ്ഗ സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള കഴിവില്ല എന്ന വസ്തുത നമ്മെ ഓർമ്മിപ്പിക്കുന്നത് ആദ്യത്തേതിന് കാർഷിക ഉത്പാദനക്ഷമതയുമായോ രണ്ടാമത്തേതിന് ഇന്ത്യൻ പാരമ്പര്യ സംസ്കാരമായോ ബന്ധമില്ല എന്നതാണ്. നമുക്ക് നന്നായി അറിയാവുന്ന കാര്യം ജന്മികൾ ഭൂമിയിലെ പരോപജീവിയും ബിരുദധാരികൾ തൊഴിൽ അന്വേഷികളുമായി എന്നതാണ്.

*Mukherjee 1979 : 114.*

**1.2** 

- മൂന്നു നഗരങ്ങളുടെ ആരംഭത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ കണ്ടെത്തുക.
- ബോംബെ മുംബൈ ആയതിന്റെയും, മദ്രാസ് ചെന്നൈ ആയതിന്റെയും കൽക്കത്ത കൊൽക്കത്തയായതിന്റെയും, ബാംഗളൂർ ബംഗളൂരു ആയതിന്റെയും പിന്നിലെ കൂടുതൽ വിവരങ്ങൾ കണ്ടെത്തുക.
- മറ്റു കൊളോണിയൽ നഗരകേന്ദ്രങ്ങളുടെ വളർച്ചയെ കുറിച്ച് അന്വേഷിക്കുക.

കൊളോണിയൽ കാലഘട്ടത്തിലെ നഗരവൽക്കരണം, ചില പഴയ നഗരങ്ങളുടെ തകർച്ചയെയും പുതിയ കൊളോണിയൻ നഗരങ്ങളുടെ ഉദയത്തെയും സൂചിപ്പിക്കുന്നു. കൽക്കത്ത അത്തരത്തിലുള്ള ആദ്യത്തെ നഗരങ്ങളിൽ ഒന്നാണ്. 1960 ൽ ഇംഗ്ലീഷ് വ്യാപാരിയായ ജോബ് ചാർനോക്ക് കച്ചവടകേന്ദ്രം സ്ഥാപിക്കുന്നതിന് ഹുഗ്ലി നദിക്കരയിലുള്ള മൂന്ന് ഗ്രാമങ്ങൾ (കൊൽക്കത്ത, ഗോവിന്ദപൂർ,

സുതാനുതി) പാട്ടത്തിനെടുത്തു. 1698-ൽ നദീതീരത്ത് പ്രതിരോധത്തിനായി 'വില്യം കോട്ട്' (Fort William) പണികഴിപ്പിച്ചു. ഒരു വലിയ ഭാഗം തുറസ്സായ സ്ഥലം പട്ടാള ആവശ്യങ്ങൾക്കായി വെട്ടിത്തെളിച്ചെടുക്കുകയും ചെയ്തു. വളരെ വേഗത്തിൽ ഈ കോട്ടയും മൈതാനമെന്നു വിളിച്ചിരുന്ന തുറസ്സായ സ്ഥലവും ഒരു നഗരമായി രൂപപ്പെട്ടു.

**Box 1.5**

**സൗത്ത് ഏഷ്യയിലെ കൊളോണിയൽ നഗരത്തിന്റെ ഒരു മാതൃക**

യൂറോപ്യൻനഗരം വിശാലമായ ബംഗ്ലാവുകളും ഭംഗിയുള്ള മുറികളുള്ള വീടുകളും ആസൂത്രണം ചെയ്ത് നിർമിച്ച തെരുവുകളും, തെരുവുകളുടെ രണ്ടു വശങ്ങളിലും വൃക്ഷങ്ങൾ... രാത്രിയിലും വൈകുന്നേരവും കൂടിച്ചേരാനുള്ള ക്ലബ്ബുകൾ.... പന്തയങ്ങൾ, ഗോൾഫ് കളിസ്ഥലങ്ങൾ, ഫുട്ബോൾ, ക്രിക്കറ്റ് തുടങ്ങിയ പാശ്ചാത്യവിനോദങ്ങൾക്കായി മാറ്റിവച്ചിട്ടുള്ള തുറന്ന സ്ഥലങ്ങൾ എന്നിവയെക്കെയുള്ളതാണ്. വീടുകളിലെ ജലവിതരണം, വൈദ്യുതി, അഴുക്കുചാൽ എന്നിവയുടെ സൗകര്യങ്ങൾ ബ്രിട്ടീഷുകാർ പൂർണമായും ഉപയോഗിക്കുന്നു. അതേസമയം അവരുടെ ഉപയുക്തത തദ്ദേശപട്ടണങ്ങളിൽ ഒതുങ്ങുന്നു.

*Dutt 1993 : 3611*

## തേയിലത്തോട്ടങ്ങൾ (The Tea Plantations)

ഇന്ത്യയിലെ വ്യവസായവൽക്കരണവും നഗരവൽക്കരണവും ബ്രിട്ടനിൽ സംഭവിച്ചതിൽനിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് നമ്മൾ നേരത്തേ മനസ്സിലാക്കി. ഇത് ആധുനികകാലഘട്ടത്തിലെ നമ്മുടെ വ്യവസായവൽക്കരണം ആരംഭിച്ചത് വൈകിയായതിനാലല്ല, തുടക്കത്തിലേ വ്യവസായവൽക്കരണവും നഗരവൽക്കരണവും കൊളോണിയൻ താൽപ്പര്യത്തിനുവേണ്ടി ആയതിനാലാണ്.

ഇവിടെയുള്ള വ്യത്യസ്ത വ്യവസായങ്ങളുടെ കൂടുതൽ വിശദീകരണത്തിലേക്കു നമുക്ക് പോകാൻ സാധിക്കില്ല. നമ്മൾ ഇന്ത്യയിലെ തേയിലത്തോട്ടം ഒരു ഉദാഹരണമായെടുക്കുന്നു. കൊളോണിയൽ സർക്കാർ തെറ്റായ രീതിയിലൂടെയും ബലമായും എങ്ങനെ തൊഴിലാളികളെ പാട്ടത്തിനെടുക്കുന്നുവെന്ന് ഔദ്യോഗികകണക്കുകൾ സൂചിപ്പിക്കുന്നു. അതോടൊപ്പംതന്നെ ബ്രിട്ടീഷ് തോട്ടമുടമസ്ഥർക്കുവേണ്ടി പ്രവർത്തിച്ചതും സൂചിപ്പിക്കുന്നു. കൽപ്പനാസൃഷ്ടികളിൽനിന്നും മറ്റു വിവരണങ്ങളിൽനിന്നും തോട്ടമുടമസ്ഥരുടെ ജീവിതത്തിന്റെ ചെറുചിത്രം നമുക്കു ലഭിക്കും.



തേയില തോട്ടം



തേയിലച്ചെടിയുടെ ഇല നുള്ളുന്നു

കൊളോണിയൽ ഭരണസമ്പ്രദായം തൊഴിലാളികൾക്കെതിരെയെടുത്ത പരുഷമായ നിലപാടുകൾ തോട്ടമുടമസ്ഥർക്ക് സഹായകമായി. ബ്രിട്ടനിൽ നിലനിൽക്കുന്നതുപോലുള്ള ജനാധിപത്യനിയമങ്ങൾ കോളണി രാജ്യങ്ങളിൽ പൂർണമായും ഉപയോഗിക്കേണ്ടതില്ലെന്ന് അവർ ശരിക്കും മനസ്സിലാക്കിയിരുന്നു.

**Box 1.6**

### എങ്ങനെയാണ് തൊഴിലാളികളെ നിയമിച്ചിരുന്നത്?

1851-ലാണ് തേയിലവ്യവസായം ഇന്ത്യയിലാരംഭിച്ചത്. ആസാമിലാണ് കൂടുതലും തേയില ത്തോട്ടങ്ങൾ ഉണ്ടായിരുന്നത്. 1903 - ൽ ഈ വ്യവസായത്തിൽ 479000 സ്ഥിരം തൊഴിലാളികളും 93000 താൽക്കാലിക തൊഴിലാളികളും ഉണ്ടായിരുന്നു. ആസാമിൽ ജനസംഖ്യ കുറവായതിനാലും സാധാരണയായി തേയിലത്തോട്ടങ്ങൾ ജനവാസമില്ലാത്ത കുന്നിൻചരിവുകളിലായിരുന്നതിനാലും വലിയ തോതിൽ തൊഴി ലാളികളെ മറ്റു പ്രവിശ്യകളിൽനിന്ന് ഇറക്കുമതിചെയ്യേണ്ടിവന്നു. ആയിരക്കണക്കിന് പേരെ വിദൂര താമസയിടങ്ങ ളിൽനിന്ന് അവർക്ക് പരിചിതമില്ലാത്ത സ്ഥലങ്ങളിലേക്ക് കൊണ്ടുവരേണ്ടിവന്നു. അനാരോഗ്യകരമായ കാലാ വസ്ഥയും അസാധാരണ പനിയും സാമ്പത്തികവും മറ്റു രീതിയിലുള്ള സഹായ ആവശ്യങ്ങളിലേക്കും ഇവരെ എത്തിച്ചു. ഇത് തോട്ടമുടമകൾ നൽകാൻ തയാറായില്ല. മറിച്ച് ഈ ആവശ്യത്തെ തട്ടിപ്പും അധി കാരവും ഉപയോഗിച്ച് കീഴ്പ്പെടുത്തുകയും ചെയ്തു. അവർ സർക്കാറിനെ സഹായം നൽകാൻ പ്രേരിപ്പി ക്കുകയും പുതിയ നിയമങ്ങൾ പാസാക്കി ഈ നീചമായ പ്രവർത്തികൾ അനുസരിപ്പിക്കുകയും ചെയ്തു. ആസാമിലെ തേയിലത്തോട്ടങ്ങളിലേക്കുള്ള തൊഴിലാളികളെ വർഷങ്ങളായി തിരഞ്ഞെടുത്തിരുന്നത് പ്രധാ നമായും 1863-ലെ ട്രാൻസ്പോർട്ട് നേറ്റീവ് ലാബർ ആക്ട് (No. 111) ബംഗാൾ അടിസ്ഥാനമാക്കിയാണ്. ഇത് പിന്നീട് 1865, 1870, 1873 എന്നീ വർഷങ്ങളിൽ പരിഷ്കരിച്ചു.

**Box 1.7**

### ക്രൂസോണിന്റെ പ്രസംഗത്തിൽനിന്ന് 11, pp 238-9

വർഷങ്ങളോളം ആസാമിൽ തൊഴിൽസമ്പ്രദായം കരാറടിസ്ഥാനത്തിലായിരുന്നതുകൊണ്ട് അവിടേക്കു പോയ തൊഴിലാളികൾ ഉടമ്പടിക്ക് വിധേയമായി തൊഴിൽ ചെയ്യേണ്ടിവന്നു. കരാർ കാലഘട്ടം പൂർത്തിയാക്കാത്ത തൊഴിലാളികളെ ശിക്ഷിക്കാനുതകുന്ന നിയമങ്ങൾക്ക് അംഗീകാരം നൽകിക്കൊണ്ട് ഗവൺമെന്റ് തോട്ടമുടമകളെ സഹായിച്ചു.

1901-ൽ ആസാം തൊഴിലാളികയറ്റുമതി ബില്ലിനെക്കുറിച്ച് സംസാരിക്കുമ്പോൾ ഈ കാഴ്ചപ്പാട് നിയമാംഗ മായ ടി. റാലിഖ് വിശദമാക്കി. ഈ ബില്ല് വഴിയുള്ള ഇടപാടിൽ ചിലപ്പോൾ ആസാമിലേക്കു പോകുന്ന തൊഴിലാളികൾക്ക് അവർ എന്താണ് ചെയ്യുന്നത് എന്നറിയാതെ നാലു വർഷത്തേക്ക് കരാറിൽ ഏർപ്പെടേ ണ്ടിവരുകയും തെറ്റിച്ചവർക്ക് അറസ്റ്റ്, തടങ്കൽ എന്നീ പരുഷമായ നടപടികൾക്ക് വിധേയമാകും എന്ന ഭീഷണിയും നിലനിൽക്കുന്നു. ഇത്തരം അവസ്ഥ സാധാരണ മാനേജർ, സേവകൻ എന്നിവർക്കിടയിലില്ല. ഇത് ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമാക്കിയത് ആസാമിലെ തോട്ടമുടമകളുടെ ലാഭത്തിനുവേണ്ടിയാണ്.... ഇതിന്റെ പിന്നിൽ നിയമവ്യവസ്ഥ തൊഴിലാളികളുടെ താൽപര്യത്തിനല്ല, മറിച്ച് തോട്ടമുടമകളുടെ താൽപര്യത്തിനുവേ ണ്ടിയാണെന്ന സത്യം മറഞ്ഞുകിടക്കുന്നു.

*(ICP 1901, Vol. XI. pp133 cited in chandra 1966: 361-2)*

### ബോക്സ് 1.6, 1.7 പ്രവർത്തനങ്ങൾ

മുകളിലെ രണ്ട് ബോക്സും വായിച്ച് ചർച്ചചെയ്യുക.

- തൊഴിലിനെ നിയന്ത്രിക്കുന്നതിനുള്ള കൊളോണിയൻ ഭരണത്തിന്റെ പങ്കും നിയമങ്ങളും
- ബ്രിട്ടീഷ് തേയിലത്തോട്ടമുടമകളെ സഹായിക്കുന്നതിൽ കൊളോണിയൻ ഭരണത്തിനുള്ള പങ്ക്
- തോട്ടം തൊഴിലാളികളുടെ പിന്തുടർച്ചക്കാർ ഇപ്പോൾ എവിടെ ജീവിക്കുന്നുവെന്നും ജോലിചെയ്യുന്നു വെന്നും അന്വേഷിക്കുക.

**Box 1.8**

**നിങ്ങൾക്ക് തൊഴിലാളികളുടെ ജീവിതത്തെക്കുറിച്ച് ഒരു ബോധ്യമുണ്ട്. തോട്ടമുടമകൾ എങ്ങനെ ജീവിച്ചുവെന്ന് ഇനി കാണാം.**

പാർബത്പൂരി കയറ്റിറക്കുമതിയിൽ എപ്പോഴും പ്രാധാന്യമർഹിക്കുന്ന ഇടമായിരുന്നു. കപ്പൽത്തറയിൽ കപ്പൽ വരുമ്പോൾ പാർബത്പൂരിയുടെ ചുറ്റുമുള്ള തോട്ടങ്ങളിൽനിന്ന് പണക്കാരായ ബ്രിട്ടീഷ് മാനേജർമാരും അവരുടെ ആളുകളും അവിടേക്കു വരും. അവർ ആർഭാട ജീവിതം നയിച്ചു. വളഞ്ഞുപുളഞ്ഞുകിടക്കുന്ന വലിയ ബംഗ്ലാവ്, മരത്തിന്റെ ഉറപ്പുള്ള തടികൊണ്ട് തദ്ദേശ വന്യമൃഗങ്ങളിൽനിന്ന് സംരക്ഷണം തേടിയും, പുൽത്തകിടികളാൽ ചുറ്റപ്പെട്ട് രത്നസമാനമായ പൂക്കളാൽ അലങ്കരിച്ച തോട്ടം.... അവർ ധാരാളം വേലക്കാർ, പരിചാരകർ എന്നിവരെ അവരുടെ പൂർണ്ണതക്കായി പരിശീലിപ്പിച്ചിരുന്നു. അവരുടെ വീതികൂടിയ വരാന്തകൾ ഈ മന്ത്രാലയ പട്ടാളസേവകരാൽ മിന്നിത്തിളങ്ങി.

തുടച്ചുമിനുക്കിയ നിലം, സേഫ്റ്റിപിൻ മുതൽ വെള്ളിപാത്രം വരെ, നോട്ടിംഗാം നാട കൊണ്ടുണ്ടാക്കിയ മേശവിരി, ചൂടാക്കിയ നദീജലം, കാസ്റ്റ് ഇരുമ്പുകൊണ്ടുണ്ടാക്കിയ ബാത്ത് ടബ്ബ്, എല്ലാ വലിയ കുളിമുറിയിലും വെള്ളത്തിന്റെ കുഴലുകൾ, എല്ലാ ദിവസവും ബംഗ്ലാവിലെ കിണറ്റിൽനിന്ന് ബിസ്റ്റിവാലകൾ രാവിലെ വെള്ളം നിറയ്ക്കുന്നു.

*(Phukan 2005)*

## സ്വതന്ത്ര ഇന്ത്യയിലെ വ്യവസായവൽക്കരണം (Industrialisation in Independent India)

ഇന്ത്യയിലെ നഗരവൽക്കരണത്തിലും വ്യവസായവൽക്കരണത്തിലും കൊളോണിയൽ ഭരണത്തിനുള്ള പ്രധാന പങ്ക് നാം മനസ്സിലാക്കി. ഇവിടെ സ്വതന്ത്ര ഇന്ത്യ വ്യവസായവൽക്കരണത്തിൽ എന്ത് പങ്കു വഹിച്ചുവെന്ന് ചുരുക്കിപ്പറയുന്നു. മറ്റൊരർഥത്തിൽ കോളണിവൽക്കരണം ഇന്ത്യയിലെ വ്യവസായത്തിലുള്ള സ്വാധീനത്തെ പ്രതിഫലിപ്പിക്കുന്നു. അധ്യായം 5-ൽ ഇന്ത്യൻ വ്യവസായവൽക്കരണത്തെക്കുറിച്ചും സ്വതന്ത്ര ഇന്ത്യയുടെ ആദ്യകാലത്തെ പുരോഗതികളിൽ വരുത്തിയ മാറ്റം മുതൽ 1990ലെ ഉദാരവൽക്കരണശേഷമുള്ള വികസനത്തെക്കുറിച്ചും പ്രതിപാദിക്കുന്നു.

**1.3**



നിങ്ങളിൽ പലർക്കും 'അമൂൽ ബട്ടർ,' 'അമൂൽ മിൽക്ക്' എന്നീ ഉൽപ്പന്നങ്ങൾ പരിചിതമാണ്. എങ്ങനെയാണ് ഈ വ്യവസായസ്ഥാപനം ഉയർന്നുവന്നതെന്ന് കണ്ടെത്തുക.

ഇന്ത്യൻ ദേശീയവാദികൾക്ക് കൊളോണിയൽ ഭരണത്തിലെ സാമ്പത്തിക ചൂഷണം പ്രധാന പ്രശ്നമായിരുന്നു. ഇന്ത്യയുടെ കൊളോണിയൽ കാലത്തിനുമുമ്പുള്ള പൗരാണികസമ്പത്തിന്റെ കല്പിതരൂപങ്ങളും ബ്രിട്ടീഷ് ഇന്ത്യയിലെ ദാരിദ്ര്യവും വൈരുധ്യമുള്ളതാണ്. സ്വദേശിപ്രസ്ഥാനം ഇന്ത്യൻ ദേശീയസമ്പത്തിനെ ശക്തിപ്പെടുത്തി. ആധുനിക കാഴ്ചപ്പാടുകൾ ദാരിദ്ര്യത്തെ തടയുമെന്ന് ജനങ്ങൾ മനസ്സിലാക്കി. സാമൂഹികസമത്വത്തിനും വളർച്ചയ്ക്കുമുള്ള മാർഗമായി ഇന്ത്യൻ ദേശീയ വാദികൾ ത്വരിതവ്യവസായവൽക്കരണത്തെ കണ്ടു. വലിയ യന്ത്രവൽകൃത വ്യവസായങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങളുടെ വളർച്ച, വലിയ സഹകരണമേഖലകൾ എന്നിവ വളരെ പ്രധാനപ്പെട്ടവയായി കണക്കാക്കി.

ജവഹർലാൽ നെഹ്റു സങ്കൽപ്പിച്ചതുപോലെ അഭിവൃദ്ധിയുള്ളതും ആധുനികവുമായ ഒരു ഇന്ത്യ പടുത്തുയർത്താൻ വലിയ സ്റ്റീൽ നിർമ്മാണസ്ഥാപനങ്ങളും, വലിയ ഡാമുകളും വൈദ്യുതിനിലയങ്ങളും നിർമ്മിക്കേണ്ടിവരും. ഭക്രാനംഗൽ ഡാമിനെക്കുറിച്ചുള്ള നെഹ്റുവിന്റെ കുറിപ്പ് വായിക്കുക:

നമ്മുടെ എൻജിനീയർമാർ പറഞ്ഞു; ലോകത്തെവിടെയും ഇത്രയും വലിയ ഒരു അണക്കെട്ടില്ല. ഇതിന്റെ നിർമ്മാണം ബുദ്ധിമുട്ടുള്ളതും പ്രശ്നങ്ങൾ നിറഞ്ഞതുമായിരുന്നു. ഞാൻ ഈ പ്രദേശത്തിനുചുറ്റും നടന്നപ്പോൾ മനുഷ്യവംശത്തിനായി ജനങ്ങൾ പ്രവർത്തിക്കുന്ന ക്ഷേത്രങ്ങളെയും പള്ളികളെയും ഗുരുദ്വാരകളെയും കുറിച്ച് ചിന്തിച്ചു. ഏതു സ്ഥലമാണ് ഇതിനേക്കാൾ മെച്ചപ്പെട്ടതാവുക? ആയിരങ്ങളും ലക്ഷങ്ങളും മനുഷ്യർക്കുവേണ്ടി ജോലിയെടുത്ത ഭക്രാനംഗൽ, അവരുടെ രക്തവും വിയർപ്പും ജീവൻപോലും നൽകിയ ഇതുപോലുള്ള ഏതു സ്ഥലമാണുള്ളത്? (നെഹ്റു 1950-214).

**Box 1.9**

ഇന്ത്യൻ നാഷണൽ കോൺഗ്രസ് 1938-ൽ ജവഹർലാൽ നെഹ്റു ചെയർമാനും കെ.ടി. ഷാ ജനറൽ എഡിറ്ററുമായി നാഷണൽ പ്ലാനിങ് കമ്മിറ്റി രൂപീകരിച്ചു. 1939-ൽ കമ്മിറ്റി പ്രവർത്തനമാരംഭിച്ചു. യുദ്ധം പൊട്ടിപ്പുറപ്പെട്ടതും ചെയർമാനെ ബ്രിട്ടീഷ് ഗവൺമെന്റ് അറസ്റ്റ് ചെയ്തതും കാരണം ഈ കമ്മിറ്റിക്ക് അധിക കാലം മുന്നോട്ടു പോകാനായില്ല. ഈ തടസ്സങ്ങൾ അതിജീവിക്കാൻ സാധിക്കാതെ 29 സബ് കമ്മിറ്റികൾ 8 ഗ്രൂപ്പുകളായി തിരിഞ്ഞ് നേരത്തേ തീരുമാനിക്കപ്പെട്ടതുപോലെ ദേശീയജീവിതം പരിഗണിച്ച് പ്രവർത്തിച്ചു. കമ്മിറ്റികൾ പ്രാധാന്യം നൽകുന്ന മേഖലകൾ താഴെ പറയുന്നവയാണ്.

a കൃഷിയും മറ്റു പ്രാഥമിക ഉൽപാദനസ്രോതസ്സുകളും

b വ്യവസായവും മറ്റ് ദ്വിതീയ ഉൽപാദനസ്രോതസ്സുകളും

c മനുഷ്യഘടകങ്ങൾ; തൊഴിലും ജനതയും

d സമ്പത്തും വിനിമയവും

e പൊതു അവശ്യവസ്തുക്കൾ, ഗതാഗതം, വാർത്താവിനിമയം

f സാമൂഹിക സേവനങ്ങൾ, ആരോഗ്യം, പാർപ്പിടം

g വിദ്യാഭ്യാസം : പൊതുവായതും സാങ്കേതികവും

h ആസൂത്രിത സമ്പദ്‌വ്യവസ്ഥയിൽ സ്ത്രീകളുടെ പങ്ക്

ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനു മുമ്പ് ചില ഉപസമിതികൾ അവസാന റിപ്പോർട്ടും മറ്റു പലരും ഇടക്കാല റിപ്പോർട്ടും സമർപ്പിച്ചു. 1948-49 ൽ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു. 1950- മാർച്ചിൽ ഇന്ത്യാ ഗവൺമെന്റ് ആസൂത്രണ കമ്മീഷന് രൂപം കൊടുത്തു. ഇത് കമ്മീഷന്റെ പ്രവർത്തനവ്യാപ്തി നിർവചിച്ചു.

**1.4** 


സ്വാതന്ത്ര്യം കിട്ടി ഒരു വർഷത്തിനു ശേഷം ഇന്ത്യയിൽ ധാരാളം വ്യവസായസ്ഥാപനങ്ങൾ ഉയർന്നുവന്നു. നിങ്ങളിൽ ചിലർ അത്തരം പട്ടണങ്ങളിൽ ജീവിച്ചിട്ടുണ്ടാകാം.

- ബൊക്കാറോ, ഭിലായ്, റൂർക്കല, ദുർഗാപൂർ തുടങ്ങിയ അത്തരം പട്ടണങ്ങളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കുക. അത്തരം വ്യാവസായികനഗരങ്ങൾ നിങ്ങളുടെ പ്രദേശത്ത് ഉണ്ടോ എന്നു കണ്ടെത്തുക.
- രാസവളനിർമ്മാണ തൊഴിൽ ശാലകൾക്കും എണ്ണ വ്യവസായ ശാലകൾക്കും ചുറ്റിലുള്ള പട്ടണങ്ങളെക്കുറിച്ച് നിങ്ങൾക്കറിയാമോ?.
- ഇത്തരം പട്ടണങ്ങൾ നിങ്ങളുടെ ചുറ്റുവട്ടത്തിലില്ലെങ്കിൽ അതിനുള്ള കാരണം കണ്ടെത്തുക.

## നഗരവൽക്കരണം സ്വതന്ത്ര ഇന്ത്യയിൽ (Urbanisation in Independent India)

ഇന്ത്യയിലെ നഗരവൽക്കരണത്തെക്കുറിച്ച് നിങ്ങൾക്ക് കൂടുതൽ അറിയാമായിരിക്കും. അടുത്ത കാലത്തു നടന്നിട്ടുള്ള ആഗോളവൽക്കരണം ഇന്ത്യൻ നഗരങ്ങളുടെ അഭൂതപൂർവമായ വികാസത്തിനും മാറ്റത്തിനും കാരണമായി. 21- ാം നൂറ്റാണ്ടിൽ ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച 'സ്മാർട്ട് സിറ്റി' പോലുള്ള പദ്ധതിയിലൂടെ ത്വരിതഗതിയിലുള്ള നഗരവൽക്കരണത്തിന് രാജ്യം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. അധ്യായം 6-ൽ ഇതിനെക്കുറിച്ച് വിശദീകരിക്കും. ഇവിടെ നമ്മൾ സമൂഹശാസ്ത്രത്തിൽ വിവിധ തരത്തിലുള്ള ഇന്ത്യയിലെ നഗരവൽക്കരണത്തെക്കുറിച്ച് മനസ്സിലാക്കുന്നു.

സ്വാതന്ത്ര്യം കിട്ടി രണ്ടു പതിറ്റാണ്ടു കഴിഞ്ഞപ്പോൾ ധാരാളം ആളുകൾ ഗ്രാമങ്ങളിൽ നഗരസ്വാധീനങ്ങൾക്കു വിധേയമായിട്ടുണ്ടെന്ന് സമൂഹശാസ്ത്രജ്ഞനായ എം. എസ്.എ. റാവു വാദിച്ചു. നഗര സ്വാധീനത്തിന്റെ സ്വഭാവം ഗ്രാമവും പട്ടണവും ഏതു തരത്തിലുള്ള ബന്ധമാണ് നിലനിർത്തുന്നത് എന്നതിന് അനുസരിച്ചായിരിക്കും. അദ്ദേഹം മൂന്നു വ്യത്യസ്ത നഗരസ്വാധീന ചുറ്റുപാടുകളെക്കുറിച്ച് സൂചിപ്പിക്കുന്നു. (ബോക്സ് 1.10 കാണുക)



നാഗരികഗ്രാമത്തിന്റെ ഒരു ദൃശ്യം (Urban village)

**Box 1.10**

ഒന്നാമതായി ദൂരെ പട്ടണങ്ങളിൽ തൊഴിൽ തേടിപ്പോയ ധാരാളം ജനങ്ങളുള്ള ഗ്രാമങ്ങൾ. അവർ അവിടെ തങ്ങളുടെ കുടുംബാംഗങ്ങളെ ജന്മഗ്രാമങ്ങളിൽ ജീവിക്കാൻ വിട്ട് കഴിഞ്ഞുകൂടുന്നു. ഇന്ത്യയുടെ വടക്കേ മധ്യഭാഗത്തുള്ള മാധോപൂർ ഗ്രാമത്തിൽ 298 കുടുംബങ്ങളിൽ 77 എണ്ണം കുടിയേറ്റക്കാരാണ്. മൊത്തം കുടിയേറ്റക്കാരുടെ ജനസംഖ്യയുടെ പകുതിയിൽ അൽപം കുറവ് പ്രധാനപ്പെട്ട രണ്ടു പട്ടണങ്ങളായ ബോംബെയിലും കൽക്കത്തയിലും തൊഴിലെടുക്കുന്നു. മൊത്തം കുടിയേറ്റക്കാരുടെ 75 ശതമാനവും പണം പതിവായി അയക്കുന്നവരാണ്. 43 ശതമാനവും ഒരു വർഷം നാലോ അഞ്ചോ തവണയോ രണ്ടുവർഷത്തിൽ ഒരിക്കലോ വീടുകളിലേക്ക് പോകുന്നവരാണ്. പരിഗണിക്കത്തക്ക കുടിയേറ്റക്കാർ ഇന്ത്യൻ നഗരങ്ങളിൽ മാത്രമല്ല, ഇന്ത്യയുടെ പുറത്തുള്ള പട്ടണങ്ങളിലും താമസിക്കുന്നുണ്ട്. ഉദാഹരണത്തിന്, ഗുജറാത്തിലെ ഗ്രാമങ്ങളിൽനിന്ന് പുറപ്പെട്ട് ആഫ്രിക്കയിലും ബ്രിട്ടനിലും താമസിക്കുന്ന ധാരാളം കുടിയേറ്റക്കാരെ കാണാൻ സാധിക്കും. അവർ അവരുടെ ജന്മഗ്രാമങ്ങളിൽ മോടിയായ ഗൃഹങ്ങൾ നിർമ്മിക്കുന്നു. ഭൂമിയിലും വ്യവസായത്തിലും പണം നിക്ഷേപിക്കുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനും ട്രസ്റ്റുകൾ നിർമ്മിക്കുന്നതിനും പണം സംഭാവന ചെയ്യുന്നു.....

രണ്ടാമത്തെ സ്വാധീനം നടക്കുന്നത് വ്യാവസായികനഗരത്തോടു ചേർന്നു നിൽക്കുന്ന ഗ്രാമങ്ങളിലാണ്. ഭിലായിയെപ്പോലുള്ള ഒരു വ്യാവസായികനഗരം ഗ്രാമങ്ങളുടെ നടുവിൽ വന്നപ്പോൾ ചില ഗ്രാമങ്ങൾ ആകെ മാറി, ചിലത് ഭാഗികമായും മാറി. ഭാഗികമായി മാറിയ സ്ഥലത്ത് ധാരാളം കുടിയേറ്റ തൊഴിലാളികളെ സ്വീകരിച്ചു. ഇത് വീടുകളുടെ ആവശ്യം വർധിപ്പിക്കുക മാത്രമല്ല, ഗ്രാമത്തിൽ ഒരു വിപണിയുടെ ആവശ്യവും അനിവാര്യമാക്കി. എന്നാൽ തദ്ദേശീയരും കുടിയേറ്റക്കാരും തമ്മിലുള്ള ബന്ധത്തിന്റെ വ്യവസ്ഥകൾ പലപ്പോഴും തെറ്റിയിരുന്നു.

വൻ നഗരങ്ങളുടെ വളർച്ച ചുറ്റുപാടുമുളള ഗ്രാമങ്ങളിലെ മൂന്നാമത്തെ തരത്തിലുള്ള സ്വാധീനത്തെ സൂചിപ്പിക്കുന്നു. അതേസമയം ചില ഗ്രാമങ്ങൾ പൂർണമായും നഗരങ്ങളുടെ വളർച്ചയിൽ ഇല്ലാതായി. വാസസ്ഥലമൊഴികെയുള്ള മറ്റു പ്രദേശത്തിന്റെ ഭൂമിയും നഗരപുരോഗതിക്ക് ഉപയോഗിച്ചു....

*(Rao 1974 : 486 : 490)*

**1.10**


മുകളിൽ കൊടുത്ത വിവരണം വായിക്കുക.

മറ്റുള്ളതോ ഇതുപോലെയുള്ളതോ ആയ ഇന്ത്യയിലെ നഗരവൽക്കരണം നിങ്ങളുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടാകാം. ഓരോരുത്തരുടെയും കാഴ്ചപ്പാടുകൾ ക്ലാസിൽ ചർച്ചചെയ്യുക.

### തിരഞ്ഞെടുത്ത വൻനഗരങ്ങളിലെ ജനസംഖ്യ (നാഗരിക സഞ്ചയം)
### POPULATION OF SELECTED METROPOLITAN CITIES (URBAN AGGLOMERATIONS)

നാഗരിക ജനസംഖ്യയും UA/ ഇന്ത്യയിലെ പട്ടണങ്ങളും

**Urban Population and UA/Towns in India**
**(1951–2011)**




### തിരഞ്ഞെടുക്കപ്പെട്ട വൻനഗരങ്ങളിലെ ഒരു ദശാബ്ദത്തിലെ ജനസംഖ്യാവളർച്ചനിരക്ക് (ശതമാനക്കണക്കിൽ)
### DECADAL GROWTH RATE POPULATION OF SELECTED METROPOLITAN CITIES IN PERCENTAGE

ഇന്ത്യയിലെ നഗരജനസംഖ്യയിലെ ദശവാർഷിക വളർച്ചനിരക്കും ശതമാനവും

**Percentage and Decennial Growth Rate**
**of Urban Population in India**
**(1951–2011)**




നാഗരികജനസംഖ്യയും നാഗരികസഞ്ചയവും അല്ലെങ്കിൽ പട്ടണങ്ങളുടെ എണ്ണവും ഇന്ത്യയിൽ കൂടിവരുന്നതായി മുകളിൽ നൽകിയ ചാർട്ട് സൂചിപ്പിക്കുന്നു. താഴെയുള്ള ചാർട്ടിൽ നഗരജനസംഖ്യയുടെ ശതമാന പങ്ക് വർധിക്കുന്നതായും എന്നാൽ നഗരജനസംഖ്യയുടെ ദശവാർഷിക വളർച്ചനിരക്ക് കുറയുന്നതിന്റെ സൂചനയും നൽകുന്നു.

1951 ൽ ഇന്ത്യൻ ജനസംഖ്യയുടെ 17.29% - അതായത് 62.44 ദശലക്ഷം ജനങ്ങൾ 2,843 പട്ടണങ്ങളിലായി ജീവിച്ചിരുന്നു. 2011 ൽ 31.16% (377.10) ജനങ്ങൾ 7,935 പട്ടണങ്ങളിലായി ജീവിക്കുന്നു. ഇത് കേവല എണ്ണത്തിന്റെയും നഗരസഞ്ചയത്തിന്റെയും പട്ടണങ്ങളുടെയും നാഗരിക ജനസംഖ്യയുടെ ശതമാന പങ്കിന്റെയും സ്ഥിരമായ വർധനവിനെ കാണിക്കുന്നു. എന്നിരുന്നാലും 1981-2001 കാലത്ത് നാഗരിക ജനസംഖ്യയുടെ വാർഷിക വളർച്ചാനിരക്കിൽ ക്ഷയം സംഭവിക്കുന്നതിന്റെ സൂചന നൽകുന്നു. ഇത് 2011 ൽ തിരിച്ചുവരുകയും നേരിയ വർധനവ് ഉണ്ടാവുകയും ചെയ്തു. 1951 ലെ നാഗരികജനസംഖ്യയുടെ ദശവാർഷിക വളർച്ചനിരക്ക് 41.42% ആയിരുന്നത് 2011 ൽ 31.80 ശതമാനമായി.

ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കു ശേഷം ആദ്യമായി നാഗരികജനസംഖ്യയുടെ കേവല വർധനവ് ഗ്രാമീണ ജനസംഖ്യയുടേതിനേക്കാൾ ഉയർന്നതായി. ഇത് ഗ്രാമപ്രദേശങ്ങളിലെ വളർച്ചനിരക്കിന്റെ കുത്തനെയുള്ള കുറവുമൂലമാണ്. അതേസമയം നാഗരിക വളർച്ചനിരക്ക് ഏതാണ്ട് മാറ്റമില്ലാതെ നിലനിൽക്കുകയും ചെയ്യുന്നു.

## സംഗ്രഹം

കൊളോണിയലിസം എന്നത് വെറും ചരിത്രം മാത്രമല്ല. ഇന്നും നമ്മോടൊപ്പം സങ്കീർണമായി പല രീതിയിലും ജീവിക്കുന്ന ഒന്നാണെന്ന് നമുക്ക് മനസ്സിലായി. അതുകൂടാതെ വ്യവസായവൽക്കരണവും നഗരവൽക്കരണവും വെറും ഉൽപ്പാദനത്തിലുള്ള മാറ്റം, സാങ്കേതികവിദ്യയിലെ പുതിയ രീതികൾ, ജനസാന്ദ്രത എന്നിവ മാത്രമല്ലെന്നും ജീവിതരീതിയിലുള്ള മാറ്റമാണെന്നും മനസ്സിലാക്കാം (Wirth 1938).

അധ്യായം 5-ലും 6-ലും നിങ്ങൾക്ക് സ്വതന്ത്ര ഇന്ത്യയിലെ വ്യവസായവൽക്കരണത്തെക്കുറിച്ചും നഗരവൽക്കരണത്തെക്കുറിച്ചും കൂടുതൽ വായിക്കും.



1. കൊളോണിലിസം നമ്മുടെ ജീവിതത്തെ എങ്ങനെ സ്വാധീനിച്ചു? സംസ്കാരത്തിനോ അല്ലെങ്കിൽ രാഷ്ട്രീയത്തിനോ അതുമല്ലെങ്കിൽ രണ്ടിനും ഊന്നൽ നൽകാം.
2. നഗരവൽക്കരണവും വ്യവസായവൽക്കരണവും പരസ്പരബന്ധമുള്ള പ്രക്രിയകളാണ് - ചർച്ച ചെയ്യുക.
3. നിങ്ങൾക്ക് പരിചിതമായ നഗരമോ പട്ടണമോ കണ്ടെത്തുക. അതിന്റെ വളർച്ചയും ചരിത്രവും വർത്തമാനകാലസ്ഥിതിയും കണ്ടെത്തുക.
4. നിങ്ങൾ വലിയ നഗരത്തിലോ ചെറിയ പട്ടണത്തിലോ അർധനാഗരികസമൂഹത്തിലോ അല്ലെങ്കിൽ ഗ്രാമത്തിലോ ജീവിക്കുന്നവരായിരിക്കാം.
   - നിങ്ങൾ ജീവിക്കുന്ന സ്ഥലത്തെപ്പറ്റി വിശദീകരിക്കുക.
   - ഏതൊക്കെ സവിശേഷതകളാണ് നഗരത്തെ പട്ടണത്തിൽനിന്നും പട്ടണത്തെ ഗ്രാമത്തിൽനിന്നും നഗരത്തെ ഗ്രാമത്തിൽനിന്നും വേർതിരിക്കുന്നത്?
   - നിങ്ങൾ താമസിക്കുന്നിടത്ത് ഏതെങ്കിലും തൊഴിൽശാലകളുണ്ടോ?
   - ജനങ്ങളുടെ മുഖ്യതൊഴിൽ കൃഷിയാണോ?
   - തൊഴിലിന്റെ സ്വഭാവം നിർണായകസ്വാധീനം ചെലുത്തുന്നുണ്ടോ?
   - അത് കെട്ടിടങ്ങളാണോ?
   - വിദ്യാഭ്യാസ അവസരങ്ങൾക്കുള്ള സാധ്യതയുണ്ടോ?
   - അതിനനുസരിച്ചാണോ ജനങ്ങളുടെ ജീവിതവും പെരുമാറ്റവും?
   - അതിനനുസരിച്ചാണോ ജനങ്ങൾ സംസാരിക്കുന്നതും വേഷം ധരിക്കുന്നതും?

## REFERENCES


Alavi. Hamza and Teodor Shanin Ed. 1982. *Introduction to the Sociology of Developing Societies*. The Macmillan Press. London.

Chandra, Bipan. 1977. *The Rise and Growth of Economic Nationalism*. People's Publishing House. New Delhi.

Dutt, A.K. 1993. "From Colonial City to Global City: The Far from Complete Spatial Transformation of Calcutta" in Brunn S.D.and Williams.J.F. Ed. *Cities of the World*. pp. 351-388. Harper Collins. New York.

Giddens, Anthony. 2001. *Sociology* (Fourth edition). Cambridge. Polity.

Mukherjee, D.P. 1979. *Sociology of Indian Culture*. Rawat. Jaipur.

Nehru. Jawaharlal. 1980. *An Anthology*. Ed. by S. Gopal. Oxford University Press. New Delhi,

Nongbri. Tiplut. 2003. *Development, Ethnicity and Gender: Select Essays on Tribes in India*. Rawat. Jaipur/Delhi.

Mitra and Phukan. 2005. *The Collector's Wife*. Penguin Books. New Delhi.

Pineo, H.I.T.F. 1984. *Land way: The Life History of Indian Cane Workers in Mauritius*. Moka: Mahatma Gandhi Institute.

Rao, M.S.A. Ed. 1974. *Urban Sociology in India: Reader and Source Book*. Orient Longman. Delhi.

Sarkar, Sumit. 1983. *Modern India 1885-1947*. Macmillan. Madras.

Wirth. Louis. 1938. 'Urbanism as a way of life'. *American Journal of Sociology*. 44.



# 2 സാംസ്കാരിക മാറ്റം Cultural Change

D3P5N8

കഴിഞ്ഞ അധ്യായത്തിൽ കൊളോണിയൽഭരണം കൊണ്ടുവന്ന മാറ്റങ്ങൾ ഇന്ത്യയുടെ ഘടനയെ മാറ്റിയത് നമ്മൾ മനസ്സിലാക്കി. വ്യവസായവൽക്കരണവും നഗരവൽക്കരണവും ജനങ്ങളുടെ ജീവിതത്തെ മാറ്റിമറിച്ചു. നിലങ്ങൾക്കു പകരം തൊഴിൽശാലകൾ തൊഴിലിടങ്ങളായി. ഗ്രാമങ്ങൾക്കുപകരം ധാരാളം ജനങ്ങൾ നഗരങ്ങളിൽ ജീവിക്കാൻ തുടങ്ങി. ജീവിതവും തൊഴിൽ രീതിയും ഘടനയും മാറി. സംസ്കാരം, ജീവിതരീതി വഴക്കങ്ങൾ, മൂല്യങ്ങൾ, ഫാഷനുകൾ, എന്തിന് ശാരീരികഭാഷയിൽപ്പോലും ഈ മാറ്റം പ്രകടമായി. ഘടന, നിർവചിക്കപ്പെട്ട സാമൂഹികബന്ധങ്ങളാൽ തുടരുന്ന വ്യക്തികളുടെ ക്രമീകരണം, സംസ്കാരം, സ്ഥാപനങ്ങളാൽ നിയന്ത്രിക്കുന്നതും സാമൂഹികമായി സ്ഥാപിതവൽക്കരിക്കപ്പെട്ടതുമായ വഴക്കങ്ങൾ അല്ലെങ്കിൽ പെരുമാറ്റരീതികൾ എന്നിവയ്ക്കും മാറ്റമുണ്ടായി എന്ന് സമൂഹശാസ്ത്രജ്ഞർ മനസ്സിലാക്കി. കൊളോണിയലിസം കൊണ്ടുവന്ന ഘടനാപരമായ മാറ്റങ്ങളെക്കുറിച്ച് നമ്മൾ ഒന്നാമത്തെ അധ്യായത്തിൽ പഠിച്ചു. ഈ അധ്യായത്തിൽ മനസ്സിലാക്കാൻ ശ്രമിക്കുന്നത് സാംസ്കാരികമാറ്റം മനസ്സിലാക്കുന്നതിൽ ഘടനാപരമായ മാറ്റങ്ങളുടെ പ്രാധാന്യം എന്താണെന്നാണ്.

കൊളോണിയൽഭരണത്തിന്റെ സ്വാധീനത്തിലുണ്ടായ സങ്കീർണ ഉൽപ്പന്നങ്ങളായ രണ്ടു വികസനത്തെയും ഈ അധ്യായത്തിൽ ചർച്ചചെയ്യുന്നു. ഒന്നാമതായി, 19-ാം നൂറ്റാണ്ടിന്റെയും 20-ാം നൂറ്റാണ്ടിന്റെ ആദ്യകാലത്തെയും സാമൂഹികപരിഷ്കർത്താക്കളായ ദേശീയവാദികൾ താഴ്ത്തപ്പെട്ട ജാതിയിലുള്ളവരോടും സ്ത്രീകളോടുമുള്ള വിവേചനത്തിനു കാരണമായ സാമൂഹിക ആചാരങ്ങൾക്കെതിരെ നടത്തിയ ബോധപൂർവമായ പ്രവർത്തനങ്ങൾ. രണ്ടാമതായി, തീരുമാനിച്ചുറപ്പിച്ചതല്ലെങ്കിലും ആഗ്രഹിച്ച സാംസ്കാരിക ആചാരങ്ങളിലെ മാറ്റങ്ങൾ. അവ പ്രധാനമായും നാല് പ്രക്രിയകളായ, സംസ്കൃതവൽക്കരണം (Sanskritisation), പാശ്ചാത്യവൽക്കരണം (Westernisation), മതേതരവൽക്കരണം (Secularisation), ആധുനികവൽക്കരണം (Modernisation) എന്നിവയാണ്. സംസ്കൃതവൽക്കരണം കോളണിഭരണത്തിന് മുമ്പുള്ളതാണ്. മറ്റു മൂന്ന് പ്രക്രിയകളും കോളണിവൽക്കരണം ഇന്ത്യൻജനതയിൽ കൊണ്ടുവന്ന സങ്കീർണമായ പ്രതികരണങ്ങളായി മനസ്സിലാക്കാം.

## 2.1 19 – ാം നൂറ്റാണ്ടിലെയും 20 – ാം നൂറ്റാണ്ടിന്റെ ആദ്യകാല ഘട്ടത്തിലെയും സാമൂഹികപരിഷ്കരണപ്രസ്ഥാനങ്ങൾ (Social Reform movements in 19th and early 20th century)



രാജാറാം മോഹൻ റോയ്    പണ്ഡിറ്റ് രമാബായ്    സർ സയ്യിദ് അഹമ്മദ് ഖാൻ

കൊളോണിയൽ ഭരണത്തിന്റെ ദൂരവ്യാപകമായ സ്വാധീനത്തെക്കുറിച്ച് നമ്മൾ നേരത്തേ മനസ്സിലാക്കി. 19-ാം നൂറ്റാണ്ടിൽ ആരംഭിച്ച സാമൂഹികപരിഷ്കരണപ്രസ്ഥാനങ്ങൾ കൊളോണിയൽ ഇന്ത്യൻസമൂഹത്തിന് വെല്ലുവിളിയായി. ഇന്ത്യൻസമൂഹത്തെ ബാധിച്ചിരുന്ന സാമൂഹികതിന്മകളെക്കുറിച്ച് നിങ്ങൾക്ക് അറിയാമായിരിക്കും. സതി, ശൈശവ വിവാഹം, വിധവാവിവാഹം, ജാതിവിവേചനം എന്നിവ പ്രധാനപ്പെട്ട പ്രശ്നങ്ങളാണ്. കൊളോണിയൽ ഇന്ത്യക്ക് മുമ്പുള്ള കാലഘട്ടത്തിൽ ജാതിവിവേചനത്തിനെതിരെ ശ്രമങ്ങളൊന്നുമുണ്ടായിരുന്നില്ല. ആ കാലഘട്ടം ബുദ്ധിസം, ഭക്തി, സൂഫിപ്രസ്ഥാനങ്ങൾ എന്നിവയിൽ കേന്ദ്രീകരിച്ചിരുന്നു. 19-ാം നൂറ്റാണ്ടിലെ സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ ആധുനികസാഹചര്യങ്ങളുടെയും ആശയങ്ങളുടെയും മിശ്രിതമാണെന്നത് ശ്രദ്ധേയമാണ്. ആധുനിക പാശ്ചാത്യ ഉദാരകാഴ്ചപ്പാടിന്റെയും പരമ്പരാഗത സാഹിത്യത്തിന്റെ പുതിയ കാഴ്ചപ്പാടിന്റെയും ഒരു ക്രിയാത്മകമായ കൂടിച്ചേരലാണിത്.


**ആശയങ്ങളുടെ മിശ്രണം/കൂടിക്കലരൽ (The mix of Ideas)** Box 2.1

- റാം മോഹൻ റായ് സതിസമ്പ്രദായത്തെ എതിർക്കാൻ മാനവികതയ്ക്കും പ്രകൃതിദത്താവകാശങ്ങൾക്കുമൊപ്പം ഹൈന്ദവ ശാസ്ത്രങ്ങളെയും ഉപയോഗിച്ചു. റാനഡെയുടെ രചനകളായ The Texts of the Hindu Law on the Lawfulness of the Remarriage of Widows and Vedic Authorities for Widow Marriage എന്നിവയിൽ വിധവാ വിവാഹത്തിനുള്ള ഹൈന്ദവശാസ്ത്രങ്ങളുടെ അനുമതിയെക്കുറിച്ച് പറയുന്നു.
- പുതിയ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം ആധുനികവും ഉദാരവുമാണ്. മാനവികവിഷയങ്ങളുടെയും സാമൂഹ്യശാസ്ത്രത്തിന്റെയും സാഹിത്യ ഉള്ളടക്കം യൂറോപ്യൻ നവോത്ഥാനം, പരിഷ്കരണം, ജ്ഞാനോദയം എന്നിവയിൽനിന്ന് സ്വീകരിച്ചതാണ്. അവയുടെ പ്രമേയം മാനവികത, ഉദാരത, മതേതരത്വം എന്നിവയാണ്.
- സർ സയ്യിദ് അഹമ്മദ് ഖാന്റെ ഇസ്ലാമിനെക്കുറിച്ചുള്ള വ്യാഖ്യാനം സ്വതന്ത്ര അന്വേഷണത്തിനു പ്രാധാന്യം നൽകുകയും ഖുർആനിലെ വെളിപാടുകൾക്കും ആധുനികശാസ്ത്രത്തിൽ കണ്ടെത്തിയ പ്രകൃതിനിയമങ്ങൾക്കുമുള്ള സാമ്യങ്ങൾ കണ്ടെത്തുകയും ചെയ്തു.
- കണ്ടുകിരി വീരേശലിംഗത്തിന്റെ അറിവിന്റെ ഉറവിടങ്ങൾ (The source of knowledge) എന്ന കൃതി നവ്യ- ന്യായ തർക്കശാസ്ത്രത്തിലുള്ള പരിചയം വെളിപ്പെടുത്തി. അദ്ദേഹം ജൂലിസ് ഹക്സിലിയെ തർജമ ചെയ്യുകയുമുണ്ടായി.

സമൂഹശാസ്ത്രജ്ഞനായ സതീഷ് സബർവാൾ കൊളോണിയൽ ഇന്ത്യയുടെ മാറ്റങ്ങൾക്ക് ആധുനികപാശ്ചാത്തലത്തിൽ മൂന്നു തലങ്ങളുണ്ടെന്ന് വിശദീകരിച്ചു.

- വിനിമയരീതികൾ (Mode of communication)
- സംഘടനാരീതികൾ (Forms of Organisation)
- ആശയങ്ങളുടെ പ്രകൃതം (The nature of Ideas)

*പുതിയ സാങ്കേതികവിദ്യകൾ പലതരത്തിലുള്ള വിനിമയരീതികൾക്ക് വേഗം വർധിപ്പിച്ചു:* അച്ചടിയന്ത്രം, ടെലിഗ്രാഫ്, പിന്നീട് മൈക്രോഫോൺ, ആവിക്കപ്പലും റെയിൽവേയും വഴിയുള്ള ജനങ്ങളുടെയും വസ്തുക്കളുടെയും സഞ്ചാരം തുടങ്ങിയവ പുതിയ ആശയങ്ങളുടെ വേഗത്തിലുള്ള പ്രചാരണത്തിന് സഹായിച്ചു. ഇന്ത്യക്കുള്ളിൽ പഞ്ചാബിലെയും, ബംഗാളിലെയും സാമൂഹികപരിഷ്കർത്താക്കൾ അവരുടെ ആശയങ്ങൾ മഹാരാഷ്ട്രയിലും മദ്രാസിലുമുള്ളവരുമായി പങ്കുവച്ചു. 1864-ൽ ബംഗാളിലെ കേശവ്ചന്ദ്ര സെൻ മദ്രാസ് സന്ദർശിച്ചു. പണ്ഡിറ്റ് റാംബായ് ഇന്ത്യയുടെ വ്യത്യസ്ത പ്രദേശങ്ങളിലേക്ക് യാത്രചെയ്തു. അവരിൽ ചിലർ മറ്റു രാഷ്ട്രങ്ങളിലേക്ക് യാത്രചെയ്തു. ഇന്നത്തെ നാഗാലാന്റ്, മിസോറാം, മേഘാലയ എന്നിവിടങ്ങളിലെ പ്രാന്തപ്രദേശങ്ങളിലേക്കും ക്രിസ്ത്യൻ മിഷനറിമാർ എത്തിച്ചേർന്നു.




വാർത്താവിനിമയരീതിയുടെ വേഗം വർധിപ്പിച്ച പുതിയ സാങ്കേതികവിദ്യകളും സംഘടനകളും

**The first Ford T in Dehra Dun**
The first ever bicycle in Dehra Dun was brought dismembered and packed in a box by Alfred Massey. Assembled, it caused such a flutter that he decided to bring the first Ford Model T to Massey's Garage. *Ford News*, January 11, 1980 retells the story: '1914: It was the first car the locals had ever seen.... People came by train and bullock cart to see the car. A crowd went to the station to watch the "engine" with rubber tyres being unloaded. It took an hour to fit the wheels and open the hood. The huge packing case was bought by a hawker to serve as a shop. Some 14 men, women, and children climbed on the car and were given their first motor ride up to the family's garage'. Here, Sarah (next to the child) stands with her mother beside the car.





വീരേശലിംഗം



വിദ്യാസാഗർ



ജ്യോതിബാ ഫൂലെ

*ആധുനിക സാമൂഹികസംഘടനകളായ ബ്രഹ്മസമാജം ബംഗാളിലും ആര്യസമാജം പഞ്ചാബിലും രൂപീകരിക്കപ്പെട്ടു.* 1914-ൽ അഖിലേന്ത്യാ മുസ്ലിം വനിതാകോൺഫറൻസ് (Anjuman - E- Khawatn - E- Islam) സ്ഥാപിക്കപ്പെട്ടു. ഇന്ത്യൻ സാമൂഹിക പരിഷ്കർത്താക്കൾ പൊതുയോഗങ്ങളിൽ മാത്രമല്ല, പൊതുമാധ്യമങ്ങളായ പത്രങ്ങൾ, വാർത്താപത്രിക എന്നിവയിലൂടെയും സംവാദത്തിൽ ഏർപ്പെട്ടു. സാമൂഹികപരിഷ്കർത്താക്കളുടെ കൃതികൾ ഇന്ത്യയിലെ മറ്റു ഭാഷകളിലേക്കു തർജമ ചെയ്തു. ഉദാഹരണത്തിന്, 1868-ൽ വിദ്യാസാഗറിന്റെ പുസ്തകം വിഷ്ണുശാസ്ത്രി മറാഠിയിലേക്ക് പരിഭാഷപ്പെടുത്തി 'ഇന്ദുപ്രകാശിൽ' പ്രസിദ്ധീകരിച്ചു.

ഉദാരവൽക്കരണത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പുതിയ ആശയങ്ങൾ, കുടുംബരൂപീകരണത്തിലും വിവാഹത്തിലുമുള്ള പുതിയ ആശയങ്ങൾ, അമ്മമാരുടെയും പെൺമക്കളുടെയും പുതിയ പങ്കുകൾ, സംസ്കാരത്തിലും പാരമ്പര്യത്തിലും സ്വാഭിമാനം വളർത്തുന്നതിലുമുള്ള പുതിയ ആശയങ്ങൾ എന്നിവ ആവിർഭവിച്ചു. വിദ്യാഭ്യാസത്തിന്റെ മൂല്യം വളരെ പ്രാധാന്യമുള്ളതായി പരിഗണിക്കപ്പെട്ടു. രാഷ്ട്രം ആധുനിക വൽക്കരിക്കുന്നതിനോടൊപ്പം പൈതൃകം നിലനിർത്തുക എന്നതും വളരെ പ്രാധാന്യമുള്ളതാണ്. സ്ത്രീവിദ്യാഭ്യാസം എന്ന ആശയം തീവ്രമായ ചർച്ചാവിഷയമായിരുന്നു. സാമൂഹികപരിഷ്കർത്താവായ ജ്യോതിബാ ഫൂലെ സ്ത്രീകൾക്കായുള്ള ആദ്യത്തെ വിദ്യാഭ്യാസസ്ഥാപനം പൂനെയിൽ ആരംഭിച്ചത് വളരെ പ്രാധാന്യമർഹിക്കുന്നു. സമൂഹത്തിന്റെ പുരോഗതിക്ക് സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകണമെന്ന് സാമൂഹിക പരിഷ്കർത്താക്കൾ വാദിച്ചു. ആധുനികപൂർവ ഇന്ത്യയിൽ സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകിയിരുന്നുവെന്ന് ചിലർ വിശ്വസിച്ചു. ഇത് വിശേഷപരിഗണനയുള്ള ചിലർക്കു മാത്രമാണെന്ന് ഇതിനെ എതിർത്തവർ വാദിച്ചു. അതിനാൽ ആധുനികവും പരമ്പരാഗതവുമായ ആശയങ്ങൾ സാധൂകരിച്ച് സ്ത്രീവിദ്യാഭ്യാസം സാധ്യമാക്കാൻ സാമൂഹികപരിഷ്കർത്താക്കൾ ശ്രമിച്ചു. അവർ പാരമ്പര്യത്തിന്റെയും ആധുനികതയുടെയും അർഥത്തെക്കുറിച്ച് ക്രിയാത്മകമായി ചർച്ചചെയ്തു. ജ്യോതിബാ ഫൂലെ ആര്യൻമാർക്ക് മുമ്പുള്ള കാലഘട്ടത്തിന്റെ മഹത്ത്വം ഉയർത്തിപ്പിടിച്ചപ്പോൾ ബാലഗംഗാധരതിലകിനെ പോലുള്ളവർ ആര്യൻ കാലഘട്ടത്തിന്റെ മഹത്ത്വത്തിനാണ് ഊന്നൽ നൽകിയത്. ചുരുക്കത്തിൽ, 19-ാം നൂറ്റാണ്ടിലെ പരിഷ്കാരങ്ങൾ ചോദ്യം ചെയ്യലിന്റെയും പുനർവ്യാഖ്യാനങ്ങളുടെയും ബൗദ്ധികവും സാമൂഹികവുമായ വളർച്ചയുടെയും പുതിയ കാലത്തിനു തുടക്കം കുറിച്ചു.


വ്യത്യസ്ത സാമൂഹികമുന്നേറ്റങ്ങൾക്ക് സമാന പ്രമേയങ്ങളാണുണ്ടായിരുന്നത്. എന്നാൽ അവ തമ്മിൽ പ്രധാനപ്പെട്ട വ്യത്യാസങ്ങളുമുണ്ട്. ചിലത് ഉയർന്നവരെന്നു കരുതപ്പെടുന്ന ജാതി

യിലെയും മധ്യവർഗത്തിലെയും സ്ത്രീയും പുരുഷനും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ മാത്രം ചുരുങ്ങി. വിവേചനം അനുഭവിക്കുന്ന ജാതികൾ നേരിട്ട അനീതികളായിരുന്നു മറ്റുള്ളവരുടെ പ്രധാന പ്രശ്നം. സാമൂഹികതിന്മകളുടെ ഉദ്ഭവം ഹൈന്ദവതയുടെ യഥാർഥ പൊരുളിന്റെ അപചയം മൂലമാണുണ്ടായതെന്ന് ചിലർ കരുതി. മറ്റു ചിലർ ജാതി-ലിംഗ അടിച്ചമർത്തലുകൾ മതത്തിന്റെ സഹജസ്വഭാവമായി കണ്ടു. അതുപോലെ മുസ്ലിം മതപരിഷ്കർത്താക്കൾ ബഹുവിവാഹം, പർദ്ദ എന്നിവയുടെ അർഥത്തെക്കുറിച്ച് ക്രിയാത്മകമായി സംവദിച്ചു. ഉദാഹരണത്തിന്, അഖിലേന്ത്യ മുസ്ലിം വനിതാ കോൺഫറൻസിൽ ബഹുവിവാഹം എന്ന തിന്മയ്ക്കെതിരെ ജഹനാര ഷാനവാസ് പ്രമേയം അവതരിപ്പിച്ചു. അവർ വാദിച്ചു:

"മുസ്ലിം സമുദായത്തിലെ ചില വിഭാഗങ്ങൾ അനുവർത്തിക്കുന്ന ബഹുവിവാഹം ഖുർആന്റെ യഥാർഥ പൊരുളിന് എതിരാണ്. വിദ്യാസമ്പന്നരായ മുസ്ലിം സ്ത്രീകൾ സ്വാധീനം ചെലുത്തി ഇത്തരം സമ്പ്രദായങ്ങൾ ഇല്ലാതാക്കേണ്ടത് അവരുടെ ധർമ്മമാണ്."

ബഹുവിവാഹത്തെ എതിർത്ത പ്രമേയം മുസ്ലിം പത്രങ്ങളിൽ കാര്യമായ സംവാദത്തിന് കാരണമായി. തഹ്സിബ്-ഇ-നിസ്വൻ എന്ന പഞ്ചാബിലെ സ്ത്രീകൾക്കായുള്ള പ്രസിദ്ധമായ മാസിക ഇതിനനുകൂലമായി വന്നു. എന്നാൽ മറ്റു പത്രങ്ങൾ അനുകൂലിച്ചില്ല. (ചൗധരി 1993:111). സമുദായങ്ങളുടെ ഉള്ളിൽ സംവാദം നടക്കുന്നത് ഈ കാലഘട്ടത്തിൽ സാധാരണമായിരുന്നു. ഉദാഹരണത്തിന്, 'സതി'യെ ബ്രഹ്മസമാജം എതിർത്തു. ബംഗാളിലെ ഹിന്ദു യാഥാസ്ഥിതിക സമുദായത്തിലെ അംഗങ്ങൾ 'ധർമ്മസഭ' എന്ന സംഘടനയുണ്ടാക്കുകയും ബ്രിട്ടീഷ് ഗവൺമെന്റിനു നൽകിയ പരാതിയിൽ സാമൂഹിക പരിഷ്കർത്താക്കൾക്ക് വിശുദ്ധഗ്രന്ഥങ്ങളെ വ്യാഖ്യാനിക്കാനുള്ള അവകാശമില്ലെന്നു വാദിക്കുകയും ചെയ്തു. ഹിന്ദുമതത്തെ പൂർണമായും തള്ളിക്കളയുക എന്ന മറ്റൊരു കാഴ്ചപ്പാട് ദലിതർക്കിടയിൽ ശക്തിപ്രാപിച്ചു. ഉദാഹരണത്തിന് 1852 പൂനയിലെ ഫൂലെയുടെ വിദ്യാലയത്തിൽ 13 വയസ്സുകാരിയായ മുക്താബായി എന്ന വിദ്യാർഥിനി ആധുനികവിദ്യാഭ്യാസത്തിന്റെ സഹായത്താൽ എഴുതി.

*'ഒരുവന് വിശേഷാവകാശവും*
*മറ്റുള്ളവർക്ക് ഇത് നിഷേധിക്കുകയും ചെയ്യുന്ന ഒരു മതം*
*ഈ ഭൂമിയിൽ നിന്നും ഇല്ലാതാവട്ടെ,*
*അത്തരം മതത്തെക്കുറിച്ച് നമ്മുടെ മനസ്സ് അഭിമാനിതമാകുന്നത്*
*ഒരിക്കലും അനുവദിക്കാതിരിക്കുകയും ചെയ്യുക.'*

**2.1** 

താഴെ തന്നിരിക്കുന്ന സാമൂഹിക പരിഷ്കർത്താക്കളെക്കുറിച്ച് അന്വേഷണം നടത്തുക. ഏതു പ്രശ്നത്തിനെതിരെയാണ് അവർ പോരാടിയിരുന്നത്? എങ്ങനെയാണ് അവർ പ്രചാരണം സംഘടിപ്പിച്ചത്? അവർ എന്തെങ്കിലും എതിർപ്പു നേരിട്ടിരുന്നോ ?

- വീരേശലിംഗം
- പണ്ഡിറ്റ് രമാബായ്
- വിദ്യാസാഗർ
- ദയാനന്ദസരസ്വതി
- ജ്യോതിബാ ഫൂലെ
- ശ്രീനാരായണഗുരു
- സർ സയ്യിദ് അഹമ്മദ് ഖാൻ
- മറ്റുള്ളവർ

## 2.2 സംസ്കൃതവൽക്കരണം, ആധുനികവൽക്കരണം, മതേതരവൽക്കരണം, പാശ്ചാത്യവൽക്കരണം എന്നിവയെക്കുറിച്ചുള്ള പഠനങ്ങളെ നമ്മൾ എങ്ങിനെ സമീപിക്കും (How do we approach the study of Sanskritisation, Modernisation, Secularisation and Westernisation)

ഈ അധ്യായത്തിൽ സംസ്കൃതവൽക്കരണം, പാശ്ചാത്യവൽക്കരണം, ആധുനികവൽക്കരണം, മതേതരവൽക്കരണം എന്നീ നാലു പദങ്ങളും വ്യത്യസ്ത ഭാഗങ്ങളിലായി വിശദീകരിക്കുന്നു.

**2.2**


നിങ്ങൾ സമൂഹശാസ്ത്രത്തിൽ എങ്ങനെയാണ് ഈ നാലു പ്രക്രിയകളും ഉപയോഗിച്ചിരിക്കുന്നതെന്നു വായിക്കുമ്പോൾതന്നെ പദങ്ങൾ എന്താണർഥമാക്കുന്നതെന്നും ക്ലാസിൽ ചർച്ച ചെയ്യുന്നത് രസകരമായിരിക്കും.

- ഏത് തരത്തിലുള്ള പെരുമാറ്റമാണ് നിങ്ങൾക്ക് പാശ്ചാത്യം, ആധുനികം, മതേതരം, സംസ്കൃതവൽകൃതം എന്നു നിർവചിക്കാൻ സാധിക്കുന്നത് ?
- എന്തുകൊണ്ട് ?
- ഈ അധ്യായം ഉൾക്കൊണ്ടശേഷം പ്രവർത്തനം 2-2 ലേക്ക് തിരിച്ചുവരുക.
- സാമാന്യ ഉപയോഗത്തിലും സമൂഹശാസ്ത്രത്തിലും ഈ പദങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ ?

ഈ ചർച്ചയിൽ പലസ്ഥലങ്ങളിലും ഇവ പരസ്പരം കൂടിക്കലരുകയും ഒരുമിച്ചു വരുകയും ചെയ്യുന്നുവെന്നത് വളരെ സ്പഷ്ടമായ കാര്യമാണ്. പല അവസരങ്ങളിലും അവ വ്യത്യസ്തങ്ങളായി പ്രവർത്തിക്കുന്നു. ഒരു വ്യക്തിതന്നെ ആധുനികനും അതേസമയം മറ്റുചിലപ്പോൾ പരമ്പര്യവാദിയും ആകുന്നുവെന്നത് അദ്ഭുതകരമായ കാര്യമല്ല. ഈ സഹവർത്തിത്വം ഇന്ത്യയിലും മറ്റു പല പാശ്ചാത്യരാജ്യങ്ങളിലും സ്വാഭാവികമായി കാണുന്നു.

സമൂഹശാസ്ത്രം ഒരിക്കലും പ്രകൃതിശാസ്ത്ര പണ്ഡിതരുടെ വിശദീകരണത്തെ ഉള്ളടക്കമാക്കുന്നില്ല. (NCERT 2006 Book - 1 അധ്യായം 1-ലെ വിശദീകരണം ഓർക്കുക.) അവസാന അധ്യായത്തിൽ സൂചിപ്പിച്ചതുപോലെ കൊളോണിയൽ ആധുനികത അതിന്റേതായ വൈരുധ്യങ്ങൾ നിറഞ്ഞതായിരുന്നു. ആധുനികവിദ്യാഭ്യാസത്തിന്റെ ഉദാഹരണമെടുക്കുക. കൊളോണിയലിസം ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ഇന്ത്യൻ മധ്യവർഗ സമൂഹത്തിന്റെ ഉദയത്തിനു കാരണമായി. അവർ പാശ്ചാത്യ ജ്ഞാനോദയചിന്തകരെക്കുറിച്ചും ഉദാര ജനാധിപത്യതത്ത്വചിന്തകരെക്കുറിച്ചും വായിച്ചറിയുകയും ഉദാരവൽകൃതവും പുരോഗതി പ്രാപിക്കുന്നതുമായ ഇന്ത്യക്ക് കാവൽക്കാരാകുന്നതിനെ സ്വപ്നം കാണുകയും ചെയ്തു. അതേസമയം കൊളോണിയൽ ഭരണത്താൽ അപമാനിതരായവർ പാരമ്പര്യത്തിന്റെ അറിവിലും പാണ്ഡിത്യത്തിലുമുള്ള മഹിമയിൽ ഉറച്ചുനിന്നു. 19-ാം നൂറ്റാണ്ടിന്റെ പരിഷ്കരണ പ്രസ്ഥാനത്തിൽ നിങ്ങൾ ഇത് മുമ്പു തന്നെ കണ്ടിരുന്നു.

ആധുനികത വെറും പുതിയ ആശയങ്ങളല്ലെന്നും അത് പാരമ്പര്യത്തിന്റെ വീണ്ടുവിചാരവും



ആധുനികതയുടെയും പാരമ്പര്യത്തിന്റെയും കൂടി കലരൽ

**2.3**

- നിത്യജീവിതത്തിൽ നിന്ന് മറ്റ് കൂടിക്കലർത്തലുകളുടെ ഉദാഹരണങ്ങൾ കണ്ടെത്തുക.

എന്റെ അച്ഛന്റെ വസ്ത്രം അദ്ദേഹത്തിന്റെ ആന്തരികജീവിതം കാണിക്കുന്നു. അദ്ദേഹം തെക്കേ ഇന്ത്യയിലെ ഒരു മാന്യനായ ബ്രാഹ്മണനായിരുന്നു. അദ്ദേഹം വൃത്തിയുള്ള വെള്ള തലപ്പാവ് ധരിച്ചു. ഇത് വൈഷ്ണവജാതിയെ സൂചിപ്പിച്ചു. എന്നിട്ടും "ടൂടാൽ എന്ന ബ്രാൻഡഡ് ടൈ" ധരിച്ചു. ക്രോമെൻസ് ബട്ടനും കോളർ സ്റ്റഡും പരമ്പരാഗത ബ്രാഹ്മണരീതിയിൽ ധരിച്ചു. മുസ്ലിൻ (Muslin) ധോത്തിയുടെ മുകളിൽ ബ്രിട്ടീഷ് സേർജ് ജാക്കറ്റും ധരിച്ചിരുന്നു.

*Source : A.K. Ramanujan in Married 1990 : 42*

പുനർവ്യാഖ്യാനവും ആണെന്നും ഈ അധ്യായം നമുക്ക് കാണിച്ചുതരുന്നു. സംസ്കാരവും പാരമ്പര്യവും സജീവമായ അസ്തിത്വങ്ങളാണ്. ജനങ്ങൾ അവ പഠിക്കുകയും പിന്നീട് പരിഷ്കരിക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ ജനങ്ങൾ ഇന്ന് ധരിക്കുന്ന സാരി അല്ലെങ്കിൽ സരോങ്ങ് എന്നിവ ഉദാഹരണങ്ങളാണ്. പാരമ്പര്യമായി സാരി എന്നത് വ്യത്യസ്ത സ്ഥലങ്ങളിൽ വ്യത്യസ്ത രീതിയിൽ ധരിക്കുന്ന തുന്നാത്ത നീളമുള്ള തുണിയാണ്. മധ്യവർഗ വിഭാഗത്തിലെ സ്ത്രീകൾ മാതൃകാപരമായി പാരമ്പര്യത്തെയും പാശ്ചാത്യരീതിയെയും കൽപ്പിതമായി കൂട്ടിച്ചേർത്ത് സാരി, പെറ്റിക്കോട്ടിനും ബ്ലൗസിനും ഒപ്പം ധരിക്കുന്നു.

ഇന്ത്യയുടെ സാംസ്കാരികവും ഘടനാപരവുമായ വൈവിധ്യങ്ങൾ സ്വയം സ്പഷ്ടമാക്കുന്നു. ഈ വൈവിധ്യം വ്യത്യസ്ത സംഘങ്ങളെ സംസ്കൃതവൽക്കരണം, പാശ്ചാത്യവൽക്കരണം, ആധുനികവൽക്കരണം, മതേതരവൽക്കരണം എന്നിവ വ്യത്യസ്ത തോതിൽ സ്വാധീനിക്കുകയോ അല്ലെങ്കിൽ സ്വാധീനിക്കാതിരിക്കുകയോ ചെയ്യുന്നതിന് കാരണമാകുന്നു. തുടർന്നു വരുന്ന പേജുകളിൽ ഇത് വിശദീകരിക്കുന്നു. രാജ്യത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിലുള്ള ജനങ്ങളെയും അല്ലെങ്കിൽ ഒരേ പ്രദേശത്തുള്ള വ്യത്യസ്ത വർഗങ്ങളെയും ആധുനികവൽക്കരണം എങ്ങനെ സങ്കീർണമായി സ്വാധീനിക്കുമെന്നത് കണ്ടെത്താനും തിരിച്ചറിയാനുമുള്ള അവസരം നിങ്ങൾക്ക് വിട്ടുതരുന്നു.

സംസ്കൃവൽക്കരണത്തിൽ നമ്മൾക്ക് തുടങ്ങാം. കൊളോണിയൽ ഭരണം തുടങ്ങുന്നതിനു മുമ്പു തന്നെ സാമൂഹികചലനക്ഷമതയെ സഹായിക്കുന്ന പ്രക്രിയയെന്ന നിലയിലാണ് നമ്മൾ ഇതു പരിഗണിക്കുന്നത്. അതു വ്യത്യസ്തമായി നിലനിൽക്കുന്നു. മറ്റു മൂന്നു പ്രക്രിയകളും കൊളോണിയലിസം കൊണ്ടുവന്ന മാറ്റങ്ങളുടെ ഭാഗമായി വന്നവയാണ്. ഇതിൽ ആധുനിക പാശ്ചാത്യ ആശയങ്ങളായ സ്വാതന്ത്ര്യം, അവകാശം എന്നിവയുടെ നേരിട്ടുള്ള തുറന്നുകാട്ടലുകൾ ഉൾപ്പെടുന്നു. മുമ്പ് സൂചിപ്പിച്ചതുപോലെ ഈ തുറന്നുകാട്ടൽ ഒരു രീതിയിൽ അനീതിയെയും മറ്റൊരു തരത്തിൽ അവഹേളനത്തെയും ഉയർത്തിക്കാണിക്കുന്നു. പലപ്പോഴും ഇത് സ്വന്തം തരത്തിൽ ഭൂതകാലത്തിലേക്കും പൈതൃകത്തിലേക്കും മടങ്ങിപ്പോകാനുള്ള ആഗ്രഹത്തെയും സൂചിപ്പിക്കുന്നു. ആധുനികവൽക്കരണം, പാശ്ചാത്യവൽക്കരണം, മതേതരവൽക്കരണം എന്നിവ ഇന്ത്യയുമായി ഒത്തു ചേരുന്നത് ഈ സാഹചര്യത്തിലാണ് നമ്മൾ മനസ്സിലാക്കുന്നത്.

## 2.3 വിവിധതരത്തിലുള്ള സാമൂഹികമാറ്റങ്ങൾ (Different kinds of Social Changes)

### സംസ്കൃതവൽക്കരണം (Sanskritisation)

സംസ്കൃതവൽക്കരണം എന്ന പദം ആദ്യമായി ഉയർത്തിയത് എം.എൻ. ശ്രീനിവാസാണ്. കീഴ്ജാതികളാക്കപ്പെട്ടവരിലുള്ളവരോ ഗോത്രങ്ങളോ അല്ലെങ്കിൽ മറ്റു സംഘങ്ങളോ ഉയർന്നവരെന്നു പറയപ്പെട്ട, പ്രത്യേകിച്ചും 'ദ്വിജ' ജാതികളുടെ രീതികൾ, ആചാരങ്ങൾ, വിശ്വാസങ്ങൾ, തത്ത്വങ്ങൾ, ജീവിതശൈലികൾ എന്നിവ അനുകരിക്കുന്ന പ്രക്രിയയെ സംസ്കൃതവൽക്കരണം എന്നാണ് നിർവചിക്കുന്നത്.

സംസ്കത്യവൽക്കരണത്തിന്റെ സ്വാധീനം വ്യത്യസ്ത തലങ്ങളിലുണ്ട്. ഭാഷ, സാഹിത്യം, ആശയങ്ങൾ, സംഗീതം, നൃത്തം, നാടകം, ജീവിതരീതി, ആചാരങ്ങൾ എന്നിവയിൽ സ്വാധീനം ചെലുത്തുന്നു.

പ്രാഥമികമായി ഈ പ്രക്രിയ ഹിന്ദുവിഭാഗത്തിൽ നടന്നതാണെങ്കിലും ഹിന്ദുമതത്തിന്റെ പുറത്തുള്ള മറ്റു സംഘങ്ങളിലും വിഭാഗങ്ങളിലും ഇതു കാണുന്നുണ്ടെന്ന് ശ്രീനിവാസ് വാദിച്ചു. പഠനങ്ങൾ സൂചിപ്പിക്കുന്നത് സംസ്കൃതവൽക്കരണത്തിന്റെ പ്രവർത്തനങ്ങൾ വ്യത്യസ്ത പ്രദേശങ്ങളിൽ വ്യത്യസ്ത രീതിയിലാണെന്നാണ്. സംസ്കൃതവൽക്കരിക്കപ്പെട്ട ജാതിക്ക് ആധിപത്യമുള്ള പ്രദേശങ്ങളിൽ, മുഴുവൻ പ്രദേശത്തെയും സംസ്കാരത്തിന് ഒരു പരിധി സംസ്കൃതവൽക്കരണം സംഭവിച്ചിരിക്കും. സംസ്കൃതവൽക്കരിക്കപ്പെടാത്ത ജാതികൾക്ക് മേധാവിത്വമുള്ള പ്രദേശങ്ങളിൽ, അവരുടെ സ്വാധീനമാണ് ശക്തം. ഈ പ്രക്രിയയെ അപസംസ്കൃതവൽക്കരണം (De sanskritisa tion) എന്നു പറയുന്നു. അതിന് മറ്റ് പ്രാദേശികവ്യത്യാസങ്ങളുമുണ്ടായിരുന്നു. ഉദാഹരണത്തിന്, സാംസ്കാരികമായി പഞ്ചാബിൽ സംസ്കൃതവൽക്കരണത്തിന്റെ സ്വാധീനം ഒരി

ക്കലും ശക്തമായിരുന്നില്ല. 19-ാം നൂറ്റാണ്ടിന്റെ മൂന്നാം ഭാഗം വരെ പേർഷ്യൻ സ്വാധീനത്തിനായിരുന്നു അവിടെ പ്രാബല്യം.

> കുമുദ് പവാഡെയുടെ സംസ്കൃതപഠനത്തിലുള്ള താൽപര്യവും ആസക്തിയും ഉണർത്തി നൽകിയത് ഗോഖലെ ഗുരുജി. അദ്ദേഹം അവളുടെ വിദ്യാലയത്തിലെ അധ്യാപകനായിരുന്നു. സർകലാശാലാതലത്തിൽ വിദ്യാനായ സംസ്കൃതവിഭാഗത്തിന്റെ തലവൻ കുമുദിനെ പഠിപ്പിക്കുന്നതിൽ വലിയ താൽപര്യം കാണിച്ചു. പ്രതികൂലമായ അഭിപ്രായങ്ങൾ അവൾ നേരിട്ടെങ്കിലും ഉന്നതമായി ബിരുദാനന്തരബിരുദം കരസ്ഥമാക്കി.....
>
> *Source: Kumud Pawade - 1938*

സംസ്കൃതവൽക്കരണം പ്രാദേശിക ജാതിശ്രേണിയിൽ ഒരു സംഘത്തിന്റെ സ്വാധീനം മെച്ചപ്പെടുത്തുന്നതിനാണെന്ന് ശ്രീനിവാസ് വാദിച്ചു. ഇത് സാധാരണയായി അവരുടെ സാമ്പത്തിക പദവി അല്ലെങ്കിൽ രാഷ്ട്രീയപദവി ഉയർന്ന വിഭാഗത്തെ പോലെ മെച്ചപ്പെടുത്തി നമ്മൾ ഉയർന്ന വിഭാഗമാണെന്ന ആത്മബോധം അവരിൽ സൃഷ്ടിക്കുന്നു. ഹിന്ദുമതത്തിന്റെ തീർത്ഥാടനസ്ഥലങ്ങൾ, സന്ന്യാസകേന്ദ്രങ്ങൾ അല്ലെങ്കിൽ ഭാഷണകേന്ദ്രങ്ങൾ നടത്തുന്നവർ, മതപരിവർത്തനം നടത്തുന്നവർ എന്നീ പാരമ്പര്യവുമായിട്ടുള്ള ബന്ധമാണ് ഇതിനു കാരണമാകുന്നത്. എന്നാൽ വലിയ അസമത്വം നിലനിൽക്കുന്ന ഇന്ത്യയിൽ ഉയർന്നവരെന്നു പറയപ്പെടുന്ന ജാതികളുടെ രീതികൾ എളുപ്പത്തിൽ എടുക്കുന്നതിന് കീഴ്ജാതികളാക്കപ്പെട്ടവർക്ക് ഇപ്പോഴും തടസ്സങ്ങൾ നേരിടേണ്ടിവരുന്നുണ്ട്. ഈ ശ്രമം നടത്തുന്ന കീഴ്ജാതികളാക്കപ്പെട്ടവരെ അഹങ്കാരികൾ എന്ന് കരുതി പാരമ്പര്യരീതിയിൽ മേധാവിത്വ ജാതികൾ ശിക്ഷിക്കുന്നുമുണ്ട്. താഴെ തന്നിരിക്കുന്ന വിവരണം ഈ പ്രശ്നം കാണിക്കുന്നു.

കുമുദ് പവാഡെ അവരുടെ ആത്മകഥയിൽ ഒരു ദലിത് സ്ത്രീ എങ്ങനെ സംസ്കൃത അധ്യാപികയായെന്നു പറയുന്നുണ്ട്. ഒരു വിദ്യാർഥിയെന്ന നിലയ്ക്ക് അവരെ സംസ്കൃതം പഠിക്കാൻ പ്രേരിപ്പിച്ചത്, ഒരുപക്ഷേ ലിംഗ-ജാതി അടിസ്ഥാനത്തിൽ അവൾക്ക് പ്രവേശനം നിഷേധിച്ച മേഖലയിലേക്ക് പ്രവേശിക്കാനുള്ള വഴിയൊരുക്കുമെന്ന കാരണത്താലാകും. ചിലപ്പോൾ അവരെ പ്രേരിപ്പിച്ചത് സ്ത്രീകളെയും ദലിതരെയും കുറിച്ച് ഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്നതിനെ യഥാർഥ രൂപത്തിൽ വായിക്കാൻ സാധിക്കുമെന്നതിനാലായിരിക്കും. അവർ പഠനം തുടർന്നപ്പോൾ അദ്ഭുതത്തിൽനിന്ന് ശത്രുതയിലേക്കും സംരക്ഷിക്കുന്ന സ്വീകാര്യതയിൽനിന്ന് ക്രൂരമായ തിരസ്കാരത്തിലേക്കും മറ്റുള്ളവരുടെ സമീപനം മാറുന്നത് അവൾക്ക് നേരിടേണ്ടി വന്നു. അവൾ പറഞ്ഞു: "ഇതിന്റെ ഫലമായി ഞാൻ എന്റെ ജാതി മറക്കാൻ ശ്രമിച്ചുവെങ്കിലും എനിക്കതിന് സാധ്യമല്ലായിരുന്നു. എവിടെ നിന്നോ കേട്ട പരാമർശം ഞാൻ ഓർക്കുന്നു - ജന്മനാ ലഭിക്കുന്നത് മരണത്തിനുപോലും തുത്തെറിയാൻ സാധിക്കില്ല. അതല്ലേ ജാതി?"

സാംസ്കാരികമായി ഉന്നതസ്ഥാനത്തുള്ള സംഘങ്ങളുടെ പേരുകൾ, ആചാരങ്ങൾ എന്നിവ ജനങ്ങൾ സ്വീകരിക്കുന്ന പ്രക്രിയയിലൂടെ തങ്ങളുടെ പദവി ഉയർത്താൻ ശ്രമിക്കുന്നതിനെയാണ് സംസ്കൃതവൽക്കരണം എന്നു സൂചിപ്പിക്കുന്നത്. സാമ്പത്തികമായി ഉയർന്നവരായിരിക്കും മാതൃകയാകുന്നത്. ഉന്നതസ്ഥാനീയ സംഘത്തെ പോലെയാകണമെന്ന ആഗ്രഹമുണ്ടാവുന്നത് അവർ ധനികരാകുമ്പോൾ മാത്രമാണ്.

സംസ്കൃവൽക്കരണം എന്ന സങ്കൽപ്പനം വ്യത്യസ്ത തലങ്ങളിൽ വിമർശിക്കപ്പെട്ടിട്ടുണ്ട്. ഒന്ന് സംസ്കൃതവൽക്കരണം സാമൂഹികചലനക്ഷമതയെയും അല്ലെങ്കിൽ താഴ്ത്തപ്പെട്ട ജാതിയിലുള്ളവർക്ക് സാമൂഹിക കോണിപ്പടിയുടെ (Social ladder) മുകളിലെത്താനുള്ള സാധ്യതയെയും പെരുപ്പിച്ചു കാണിച്ചു. ഇത് ഘടനാപരമായ മാറ്റങ്ങളിലേക്കു നയിക്കാതെ ചില വ്യക്തികളുടെ സ്ഥാനചലനം മാത്രമാണ് വരുത്തുന്നത്. മറ്റൊരർഥത്തിൽ അസമത്വം നിലനിൽക്കുന്നുവെങ്കിലും, ചില വ്യക്തികൾക്ക് അസമത്വഘടനയ്ക്കുള്ളിൽത്തന്നെ സ്ഥാനങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കുന്നു എന്നതാണ്. രണ്ട് : സംസ്കൃതവൽക്കരണം എന്ന ആശയം ഉയർന്നവരെന്നു പറയപ്പെടുന്ന ജാതിക്കാർ ഉൽകൃഷ്ടരാണെന്നും താഴ്ത്തപ്പെട്ട ജാതിക്കാർ അധമരാണെന്നുമുള്ള വിവേചനത്തെ അംഗീകരിക്കുന്നു. അതായത് ഉയർന്നവരെന്നു പറയപ്പെടുന്ന ജാതിയെ അനുകരിക്കുന്നതിനുള്ള ആഗ്രഹം സ്വാഭാവികമായും അഭിലഷണീയമായും കാണുന്നു.

മൂന്ന്: അസമത്വം, ബഹിഷ്കരണം എന്നിവയിലധിഷ്ഠിതമായ മാതൃകയെ ന്യായീകരിക്കുന്നതാണ് സംസ്കൃതവൽക്കരണം. ശുദ്ധാശുദ്ധ സങ്കൽപ്പനത്തിലുള്ള ഒരു സംഘം ജനങ്ങളുടെ വിശ്വാസം ശരിയാണെന്നും ന്യായീകരണമുള്ളതാണെന്നും ഇത് നിർദേശിക്കുന്നു. ഉയർന്നവരെന്നു കരു


തുന്ന ജാതിക്കാർ താഴ്ന്നവരാക്കപ്പെട്ട ജാതികളെ അധമരായി കാണുന്നതുപോലെ മറ്റു ചില സംഘങ്ങളെ അധമരായി പരിഗണിക്കാൻ കഴിയുന്നത് വിശേഷ അധികാരത്തിന്റെ സൂചനയാണ്. ഇത്തരം ഒരു ലോകവീക്ഷണം നിലനിൽക്കുന്ന സമൂഹത്തിൽ സമത്വ സമൂഹം സങ്കൽപ്പിക്കുന്നത് ബുദ്ധിമുട്ടാണ്. താഴെ തന്നിരിക്കുന്ന വരികൾ ശുദ്ധ-അശുദ്ധത്വം എത്രത്തോളമുണ്ടെന്ന് സൂചിപ്പിക്കുന്നു.

*സ്വർണപ്പണിക്കാർ എന്നെക്കാളും ഉയർന്ന ജാതിയാണെങ്കിലും ഞങ്ങളുടെ ജാതിനിയമങ്ങൾ അവരിൽ നിന്ന് ഭക്ഷണവും വെള്ളവും വാങ്ങുന്നത് തടയുന്നു. സ്വർണപ്പണിക്കാർ അത്യാഗ്രഹികളായതിനാൽ സ്വർണം എടുക്കുന്നതിന് മനുഷ്യവിസർജ്യം പോലും കഴുകുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഉയർന്ന ജാതിയാണെങ്കിലും അതുകൊണ്ട് അവർ ഞങ്ങളെക്കാൾ അശുദ്ധരാണ്. അശുദ്ധമായ ജോലികൾ ചെയ്യുന്ന മറ്റ് ഉയർന്ന ജാതിയിൽനിന്നും ഞങ്ങൾ ഭക്ഷണം സ്വീകരിക്കാറില്ല. അലക്കുന്നവർ, വൃത്തിയില്ലാത്ത തുണികളലക്കുന്നവർ, വിത്തുടച്ച് എണ്ണയുണ്ടാക്കുന്നവർ.......*

വിവേചനാശയം എങ്ങനെ ജീവിതരീതിയാകുന്നുവെന്ന് ഇതു കാണിക്കുന്നു. ഒരു സമത്വസമൂഹം ആഗ്രഹിക്കുന്നതിനുപകരം, ബഹിഷ്കരണത്തെയും വിവേചനത്തെയും അവരുടെ ബഹിഷ്കൃതപദവിക്ക് വിശദീകരണം നൽകാൻ അവർ ആശ്രയിക്കുന്നു. വേറൊരു രീതിയിൽ മറ്റുള്ളവരെ അധമരായി നോക്കിക്കാണാൻ കഴിയുന്ന തലത്തിലുള്ള ഒരു സ്ഥാനമാണ് അവർ ആഗ്രഹിക്കുന്നത്. ഇത് ജനാധിപത്യവിരുദ്ധ കാഴ്ചപ്പാടാണ്.

*നാല് :* സംസ്കൃതവൽക്കരണം ഉയർന്ന ജാതിയുടെ ആചാരാനുഷ്ഠാനങ്ങൾ സ്വീകരിക്കുന്നതിനാൽ അവ പെൺകുട്ടികളെയും, സ്ത്രീകളെയും ഒറ്റപ്പെടുത്തുന്നതിലേക്ക് നയിക്കുന്നു. പുരുഷധനത്തിനുപകരം സ്ത്രീധനം സ്വീകരിച്ചതും മറ്റു ജാതികളോടുള്ള വിവേചനങ്ങളും ഉദാഹരണങ്ങളാണ്.

2.4



സംസ്കൃതവൽക്കരണം എന്ന ഭാഗം ശ്രദ്ധയോടെ വായിക്കുക. ഇത് ലിംഗവൽക്കരിക്കപ്പെട്ടുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ? അതായത് ഇത് സ്ത്രീയെയും പുരുഷനെയും വ്യത്യസ്തമായി സ്വാധീനിക്കുന്നു. പുരുഷന് സ്ഥാനചലനങ്ങൾ ഉണ്ടാക്കുന്നില്ലെങ്കിലും സ്ത്രീയെ സംബന്ധിച്ചിടത്തോളം സംസ്കൃതവൽക്കരണം നേർവിപരീതമാണെന്നത് ശരിയാണോ?

*അഞ്ച് :* ഇത്തരം രീതികളുടെ ഫലമായി ദലിത് സംസ്കാരത്തിന്റെ മുഖ്യസ്വഭാവങ്ങൾ ഇല്ലാതായി. ഉദാഹരണത്തിന്, താഴ്ത്തപ്പെട്ടവർ ചെയ്തിരുന്ന തൊഴിലിന്റെ മൂല്യം കുറയുകയും അപമാനകരം എന്ന കാഴ്ചപ്പാട് വളരുകയും ചെയ്തു. കൊത്തുപണിയിലുള്ള കഴിവുകൾ, വൈദ്യശാസ്ത്രങ്ങളിലുള്ള അറിവ്, പരിസ്ഥിതി, കൃഷി, മൃഗസംരക്ഷണം തുടങ്ങിയ തൊഴിൽ അടിസ്ഥാനത്തിലുള്ള സ്വത്വങ്ങൾ വ്യാവസായികകാലഘട്ടത്തിൽ ഉപയോഗശൂന്യമായി കണക്കാക്കപ്പെട്ടു.

ഇരുപതാം നൂറ്റാണ്ടിലെ ബ്രാഹ്മണവിരുദ്ധ പ്രസ്ഥാനങ്ങളുടെ വളർച്ചയും പ്രാദേശിക സ്വയാവബോധത്തിന്റെ വളർച്ചയും കാരണം ഇന്ത്യയിലെ വിവിധ ഭാഷകളിൽനിന്നും സംസ്കൃതഭാഷാ വാക്കുകളും വാക്യങ്ങളും ഉപേക്ഷിക്കാനുള്ള ശ്രമമുണ്ടായി. പിന്നാക്കവർഗ പ്രസ്ഥാനങ്ങളുടെ പ്രധാനപ്പെട്ട വിജയം ജാതിസംഘടനകളുടെയും വ്യക്തികളുടെയും മുകളിലേക്കുള്ള ചലനത്തിന് മതേതരഘടകങ്ങളുടെ പങ്കിന് വലിയ പ്രാധാന്യം നൽകി എന്നതാണ്. പ്രബലജാതികളുടെ കാര്യത്തിൽ വൈശ്യരെയും, ക്ഷത്രിയരെയും ബ്രാഹ്മണരെയും മറികടക്കുന്നതിന് യാതൊരു ആഗ്രഹവുമില്ല. എന്നാൽ പ്രബലജാതിയിൽ ഉൾപ്പെടുക എന്നതുതന്നെ അന്തസ്സിന്റെ പ്രശ്നമാണ്. ഈ കാലഘട്ടത്തിൽ ദലിതർ ദലിത് എന്ന സ്വത്വം അന്തസ്സായി കാണുന്നു. എന്നാൽ പാർശ്വവൽക്കരിക്കപ്പെട്ടവരും പാവപ്പെട്ടവരുമായ ദലിത് ജാതിസംഘങ്ങൾക്ക് ജാതിസ്വത്വം മറ്റു മണ്ഡലങ്ങളിൽ കുറവു നികത്താൻ സഹായിക്കുന്നു. മറ്റൊരർഥത്തിൽ അവർ അൽപ്പം അഭിമാനവും ആത്മവിശ്വാസവും നേടിയെങ്കിലും ബഹിഷ്കൃതരും വിവേചിതരുമായി തുടരുന്നു.

## പാശ്ചാത്യവൽക്കരണം (Westernisation)

നമ്മുടെ പാശ്ചാത്യ കൊളോണിയൽ ഭൂതകാലത്തെ കുറിച്ച് നിങ്ങൾ നേരത്തേ വായിച്ചറിഞ്ഞു. സാധാരണയായി ഇത് വരുത്തിവച്ച മാറ്റങ്ങൾ വൈരുധ്യാത്മകവും വിചിത്രവുമാണെന്ന് നിങ്ങൾ കണ്ടു. ഇന്ത്യൻ സമൂഹത്തിലും സംസ്കാരത്തിലും 150 വർഷത്തോളം നീണ്ടുനിന്ന ബ്രിട്ടീഷ് ഭരണം സാങ്കേതികവിദ്യ, സ്ഥാപനങ്ങൾ, പ്രത്യയശാസ്ത്രം, മൂല്യങ്ങൾ എന്നീ മേഖലകളിൽ ഉണ്ടാക്കിയ മാറ്റങ്ങളെ ഉൾക്കൊള്ളുന്ന പദമാണ് പാശ്ചാത്യവൽക്കരണമെന്ന് എം.എൻ. ശ്രീനിവാസ് നിർവചിക്കുന്നു.

പലതരത്തിലുള്ള പാശ്ചാത്യവൽക്കരണങ്ങളുണ്ട്. അതിലൊന്നാമത്തേത് പാശ്ചാത്യസംസ്കാരവുമായി ആദ്യം ബന്ധമുണ്ടാക്കിയ ഇന്ത്യയിലെ ന്യൂനപക്ഷവിഭാഗത്തിൽ ഉരുത്തിരിഞ്ഞ പാശ്ചാത്യ ഉപ സംസ്കാരമാണ്. ജ്ഞാനക്രമം, ചിന്താരീതി, ജീവിതശൈലി എന്നിവ സ്വീകരിക്കുന്നതിനോടൊപ്പം വികസിപ്പിക്കാനും ശ്രമിച്ച ഇന്ത്യൻ ബുദ്ധിജീവികളുടെ ഉപസംസ്കാരം ഇതിലുൾപ്പെടുന്നു. 19-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലെ ധാരാളം സാമൂഹികപരിഷ്കർത്താക്കളും ഇതുപോലെയായിരുന്നു. ഇതോടൊപ്പമുള്ള ബോക്സുകൾ വിവിധ തരത്തിലുള്ള പാശ്ചാത്യവൽക്കരണത്തെ സൂചിപ്പിക്കുന്നു.

പാശ്ചാത്യജീവിതരീതിയും പാശ്ചാത്യചിന്താരീതിയും സ്വാധീനിച്ച ചെറിയ വിഭാഗം അവിടെയുണ്ടായിരുന്നു. ഇതു കൂടാതെ പാശ്ചാത്യ സാംസ്കാരികസവിശേഷതകളായ സാങ്കേതികവിദ്യയുടെ ഉപയോഗം, വസ്ത്രം, ഭക്ഷണശീലങ്ങൾ, ശൈലികൾ എന്നിവയിലെ മാറ്റങ്ങൾ പൊതുവെ വ്യാപിച്ചു. രാജ്യത്തെല്ലായിടത്തും മധ്യവർഗ കുടുംബങ്ങളിൽ ടെലിവിഷൻ, ഫ്രിഡ്ജ്, പ്രത്യേക രീതിയിലുള്ള സോഫ, തീൻമേശ, കസേര എന്നിവ സ്ഥാനം പിടിച്ചു.

ബാഹ്യമായ സംസ്കാരത്തിന്റെ അനുകരണം പാശ്ചാത്യവൽക്കരണത്തിൽ ഉൾക്കൊള്ളുന്നു. ജനങ്ങൾ അനിവാര്യമായും ജനാധിപത്യത്തിന്റെ ആധുനികമൂല്യങ്ങളും സമത്വവും സ്വീകരിക്കണമെന്ന് ഇതിനർത്ഥമില്ല.

**Box 2.2**

**ചിന്താരീതികൾ**

ജോൺ സ്റ്റുവർട്ട് മിൽസിന്റെ 'സ്വാതന്ത്ര്യ'ത്തെക്കുറിച്ചുള്ള ഉപന്യാസം പ്രസിദ്ധീകരിച്ച ഉടനെ അത് ഇന്ത്യൻ കോളേജുകളിൽ പാഠപുസ്തകത്തിൽ വന്നു. ഇന്ത്യക്കാർ മാഗ്നകാർട്ടയെക്കുറിച്ചും അമേരിക്കയിലെയും യൂറോപ്പിലെയും സ്വാതന്ത്ര്യം, സമത്വം എന്നിവയ്ക്കുവേണ്ടിയുള്ള സമരത്തെക്കുറിച്ചും മനസ്സിലാക്കി.

**Box 2.3**

**ജീവിതരീതികൾ**

ദേവകി തന്റെ കുട്ടിക്കാലം ഓർക്കുന്നു: അന്ന് പുഴുങ്ങിയ മുട്ട കപ്പുകളിലാണ് ഭക്ഷിച്ചിരുന്നത്. അവളുടെ അമ്മ പായസമുണ്ടാക്കുന്നത് പാലും പഞ്ചസാരയും വ്യത്യസ്ത പാത്രങ്ങളിലാക്കിയാണ്. ഓരോ വ്യക്തിക്കും വ്യത്യസ്ത പാത്രങ്ങളിലായി ചേർത്ത് ഉപയോഗിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. ഇത് മറ്റുവീടുകളിൽ നിന്ന് വിഭിന്നമായിരുന്നു. ദേവകി പറയുന്നു; അവിടങ്ങളിൽ പുഴുങ്ങിയ മുട്ട മുട്ടക്കപ്പുകളിലല്ലാതെയും പായസം പഞ്ചസാരയും പാലും കൂട്ടിച്ചേർത്തും ഒരു പാത്രത്തിൽ പാചകം ചെയ്യുകയുമാണു പതിവ്. എന്തുകൊണ്ടാണ് പായസം ഇങ്ങനെ ഉണ്ടാക്കി കഴിക്കുന്നതെന്ന് ചോദിച്ചപ്പോൾ, എസ്റ്റേറ്റിൽ പായസം കഴിച്ചിരുന്ന രീതിയാണിതെന്ന് അമ്മ പറഞ്ഞത് അവൾ ഓർക്കുന്നു. (Abraham 2006 : 146)

*(കേരളത്തിലെ തിയ്യ സമുദായത്തിന്റെ വംശീയപഠനത്തിൽ നിന്ന് എടുത്തത്.)*

**2.5** 

- പാശ്ചാത്യ മനോഭാവമായ ജനാധിപത്യവിശ്വാസവും സമത്വവാദവുമില്ലാതെ വസ്ത്രത്തിലും കാഴ്ചയിലും പാശ്ചാത്യരായ ഇന്ത്യക്കാരെക്കുറിച്ച് നിങ്ങൾക്ക് ചിന്തിക്കാൻ കഴിയുമോ? രണ്ട് ഉദാഹരണം താഴെ നൽകുന്നു. ജീവിതത്തിൽനിന്നോ സിനിമയിൽ നിന്നോ ഉദാഹരണങ്ങൾ കണ്ടെത്താമോ?
- പ്രത്യേക വംശങ്ങളെക്കുറിച്ചോ മതസമുദായങ്ങളെക്കുറിച്ചോ മുൻവിധികളുള്ള, പാശ്ചാത്യവിദ്യാഭ്യാസമുള്ള ജനങ്ങളെ നിങ്ങൾ ഒരുപക്ഷേ കണ്ടിരിക്കും. ഒരു കുടുംബത്തിന് വീടിന്റെ അകത്ത് ബാഹ്യമായ പാശ്ചാത്യസംസ്കാരം സ്വീകരിക്കാമെങ്കിലും സ്ത്രീകളുടെ പങ്കിൽ അവർ യാഥാസ്ഥിതികചിന്ത വച്ചുപുലർത്തുന്നു. പെൺഭ്രൂണഹത്യയും സ്ത്രീകളോടുള്ള വിവേചനാത്മക കാഴ്ചപ്പാടും ഏറ്റവും പുതിയ സാങ്കേതികവിദ്യയുടെ ഉപയോഗവും കൂടിക്കലരുന്നു.
- ഈ വൈരുധ്യം ഇന്ത്യക്കാർക്ക് അല്ലെങ്കിൽ പാശ്ചാത്യരല്ലാത്ത സമൂഹത്തിനു മാത്രമാണോ ശരിയെന്നുകൂടി നിങ്ങൾ ചർച്ചചെയ്യുക. അല്ലെങ്കിൽ പാശ്ചാത്യസമൂഹത്തിൽ വംശീയവും വിവേചനാത്മകവുമായ കാഴ്ചപ്പാടു നിലനിൽക്കുന്നുവെന്നത് സത്യമല്ലേ എന്നും ചർച്ചചെയ്യുക.

ജീവിതരീതിയിലും ചിന്തയിലും കൂടാതെ ഇന്ത്യൻകലയിലും സാഹിത്യത്തിലും പാശ്ചാത്യ ജീവിതം സ്വാധീനം ചെലുത്തി. രാജാരവിവർമ്മ, അബനീന്ദ്രനാഥ ടാഗോർ, ഒ.ചന്തുമേനോൻ, ബങ്കിം ചന്ദ്ര ചതോപാധ്യായ എന്നീ കലാകാരന്മാർ കൊളോണിയൽ ഏറ്റുമുട്ടലുകൾ നേരിട്ടവരാണ്. താഴെ തന്നിരിക്കുന്ന ബോക്സ് പാശ്ചാത്യവും തദ്ദേശീയവുമായ പാരമ്പര്യങ്ങൾ രവിവർമ്മയെപോലുള്ള കലാകാരന്മാരുടെ ശൈലിയെയും സാങ്കേതികതയെയും ആശയങ്ങളെയും രൂപപ്പെടുത്തിയതെങ്ങനെയെന്ന് സൂചിപ്പിക്കുന്നു. താഴെ നൽകിയ ഛായാപടം കേരളത്തിലെ ഒരു മാതൃദായക കുടുംബത്തിന്റേതാണെങ്കിലും അത് പിതാവും മാതാവും കുട്ടികളുമടങ്ങുന്ന പാശ്ചാത്യ പിതൃദായക അണുകുടുംബത്തിന് സമാനമാണ്.



രാജാ രവിവർമ്മ

കോളോണിയലിസവും പാശ്ചാത്യ ലോകവും തമ്മിലുള്ള കൂടിക്കാഴ്ച സാംസ്കാരികമാറ്റത്തിന് പല തലങ്ങളുണ്ടാക്കിയെന്ന് നിങ്ങൾക്ക് കാണാൻ സാധിക്കും. സമകാലിക കാലഘട്ടത്തിലെ തലമുറകൾ തമ്മിലുള്ള ഏറ്റുമുട്ടലുകൾ പാശ്ചാത്യവൽക്കരണത്തിന്റെ ഭാഗമായുണ്ടായതാണ്. താഴെ തന്നിരിക്കുന്ന ഉദാഹരണം ഈ വ്യത്യാസം മനസ്സിലാക്കിത്തരുന്നു. നിങ്ങൾ ഇത് കാണുകയോ അനുഭവിക്കുകയോ ചെയ്തിട്ടുണ്ടോ? പാശ്ചാത്യവൽക്കരണം മാത്രമാണോ തലമുറകൾ തമ്മിലുള്ള തർക്കത്തിനു കാരണം? തർക്കങ്ങൾ തീർത്തും തെറ്റാണോ ?

**Box 2.4**

കിഴക്കേ പാലാട്ട് കൃഷ്ണമേനോന്റെ കുടുംബത്തിന്റെ ഛായാചിത്രം വരച്ചതിന് 1870 - ൽ രാജാരവിവർമ്മയ്ക്ക് ആദ്യത്തെ പ്രതിഫലം ലഭിച്ചു.



എണ്ണ എന്ന മാധ്യമത്താൽ സാധ്യമാക്കിയതും പഴയ ജലച്ഛായത്തിന്റെ ദ്വിമാനരീതിയും പുതിയ കാഴ്ചപ്പാടിന്റെ സാങ്കേതികവീക്ഷണവും കൂടിച്ചേർന്നവയുമാണ് അവ. 19 - ാം നൂറ്റാണ്ടിലെ യൂറോപ്യൻ ബൂർഷ്വകളുടെ ഛായാചിത്രം ഓർമ്മിപ്പിക്കുന്ന രീതിയിൽ അധികാരശ്രേണിയും പ്രായവും വ്യക്തികളുടെ ഇരിപ്പിടം വ്യത്യസ്തമാക്കുന്നതാണ് മറ്റൊരു സവിശേഷത. മാതൃദായകമം നിലനിന്ന സമയത്തെ കേരളത്തിലെ നായൻമാരും കൃഷ്ണമേനോന്റെ ജാതിയും പുരുഷദായക അണുകുടുംബ ജീവിതവും സ്വീകരിക്കാതിരുന്നതിനാലാണ് ഈ ഛായാചിത്രം വിചിത്രമായിത്തീർന്നത്.

*Source: G . Arunima "Face value: Ravi Varma's portraiture and the project of colonial modernity". The Indian Economic and Social History Review 40, 1 (2003) pp. 57 - 80)*

**Box 2.5**

**മധ്യവർഗവിഭാഗത്തിലെ പാശ്ചാത്യവൽക്കരണമാണ് തലമുറകൾ തമ്മിലുള്ള വ്യത്യാസങ്ങൾ സാധാരണയായി കൂടുതൽ സങ്കീർണമാക്കുന്നത്.**



അവർ എന്റെ ചോരയും മജ്ജയുമാണെങ്കിലും ചിലപ്പോൾ അവർ അപരിചിതരായി തോന്നുന്നു. അവരുടെ ചിന്താരീതിയിലോ, വേഷത്തിലോ, സംസാരത്തിലോ സ്വഭാവത്തിലോ മറ്റ് ഒരു കാര്യത്തിലും എനിക്ക് അവരുമായി സാമ്യമില്ല. അവർ പുതിയ തലമുറകളാണ്. എന്റെ ചിന്തയുമായി അവരുടെ ചിന്തകൾക്ക് പൊരുത്തമില്ല. അത് അങ്ങനെയാക്കാനും സാധ്യമല്ല. ഞാൻ അവരെയെല്ലാം സ്നേഹിക്കുന്നുണ്ട്. അവർ ആഗ്രഹിക്കുന്നതെല്ലാം ഞാനവർക്ക് നൽകി. അവരുടെ സന്തോഷമാണ് എനിക്ക് വേണ്ടത്. രവീന്ദ്രനാഥിന്റെ വാക്കുകൾ എന്റെ ഹൃദയത്തിൽ വിറയലുണ്ടാക്കി. ഇത് നിങ്ങളുടെ സമയമാണ്. എന്റെ അവസാനത്തിന്റെ തുടക്കവും. പല്ലവ്, കല്ലോൽ, കിങ്ങിണി എന്നീ എന്റെ മക്കളുമായി എനിക്ക് പൊതുവായതൊന്നുമില്ല. വ്യത്യസ്ത സംസ്കാരത്തോടെ പല്ലവ് വേറെ രാജ്യത്താണ് ജീവിക്കുന്നത്. ഉദാഹരണത്തിന് മേഖല - ചാടാർ *(mekela-chadar)* പന്ത്രണ്ട് വയസ്സാകുമ്പോൾ തന്നെ ധരിച്ചിരുന്നു. എന്നാൽ ഗോഹട്ടി സർവകലാശാലയിലെ ബിസിനസ് മാനേജ്മെന്റ് വിദ്യാർഥിനിയായ എന്റെ മകൾ കിങ്ങിണി പാന്റ്സും ബഗിഷർട്ടുമാണ് ധരിക്കുന്നത്. കല്ലോൽ അച്ചടക്കമില്ലാത്ത മുടി തലയിലുണ്ടാകുന്നത് ഇഷ്ടപ്പെടുന്നു. ഞാൻ മീരയുടെ ഭജൻ കേൾക്കാൻ ഇഷ്ടപ്പെടുമ്പോൾ കല്ലോലും കിങ്ങിണിയും വൈറ്റ്നി ഹോസ്റ്റന്റെ പോപ് കേൾക്കാൻ ആഗ്രഹിക്കുന്നു. ചിലപ്പോൾ ഞാൻ ബർഗീതിന്റെ ചില വരികൾ പാടാൻ ആഗ്രഹിക്കുമ്പോൾ കിങ്ങിണി പാശ്ചാത്യ ഈണങ്ങൾ ഗിറ്റാറിൽ വായിക്കുന്നു.


*Source: Anima Dutta 1989 "As Days Roll On" in Women: A Collection of Assamese Short Stories, Diamond Jubilee Volume, (Guwahati, Spectrum Publications)*

കീഴ്ജാതിക്കാരാക്കപ്പെട്ടവർ സംസ്കൃതവൽക്കരിക്കപ്പെടുമ്പോൾ മേൽജാതിയെന്നവകാശപ്പെടുന്നവർ ആധുനികവൽക്കരിക്കപ്പെടുന്നുവെന്ന് ശ്രീനിവാസൻ അഭിപ്രായപ്പെട്ടു. ഇന്ത്യയെപ്പോലെ വൈവിധ്യങ്ങളുള്ള രാജ്യത്ത് ഇത്തരം സാമന്യവൽക്കരണം പ്രയാസമേറിയതാണ്. ഉദാഹരണത്തിന്, കേരളത്തിലെ തിയ്യജാതി (ഒരിക്കലും ഉയർന്ന ജാതിയായി പരിഗണിക്കാത്തവർ) പാശ്ചാത്യവൽക്കരിക്കപ്പെടുന്നതിന് ബോധപൂർവമായ ശ്രമം നടത്തിയതായി കാണുന്നു. വടക്കുകിഴക്കൻ ഭാഗത്തുള്ള പല വിഭാഗം ജനങ്ങൾക്കും പാശ്ചാത്യവിദ്യാഭ്യാസം അവസരങ്ങൾ തുറന്നുകൊടുത്തതുപോലെ തിയ്യരിലെ വരേണ്യവർഗം ജാതിവ്യവസ്ഥയെ വിമർശിക്കുന്ന സാർവജനീന സംസ്കാരത്തിലേക്കുള്ള മുന്നേറ്റത്തിന്റെ ഭാഗമായി ബ്രിട്ടീഷ് സംസ്കാരം ഉൾക്കൊള്ളാൻ ശ്രമിച്ചു. താഴെ പറയുന്നത് വായിക്കുക.

**Box 2.6**

യൂറോപ്യരുമായി സമ്പർക്കത്തിൽ വന്ന ബഹുഭൂരിപക്ഷം നാഗരും (Nagas) ചിന്തിക്കുന്നതുപോലെ എന്റെ മുത്തച്ഛനും വിദ്യാഭ്യാസമാണ് ജീവിതത്തെ മുന്നോട്ടു നയിക്കുന്നതെന്ന് വിശ്വസിച്ചു. അദ്ദേഹം തന്റെ കുട്ടികൾക്കും ബ്രിട്ടീഷ് അധികാരികളുടെയും മതപ്രവാചകൻമാരുടെയും ജീവിതമുണ്ടാക്കാൻ ആഗ്രഹിച്ചു. അദ്ദേഹം എന്റെ അമ്മയെ ആദ്യം അയൽസംസ്ഥാനമായ ആസാമിലെ സ്കൂളിലും പിന്നീട് ഷിംലയിലും അയച്ചു. യു.എന്നിൽ സംസാരിച്ച ഇന്ത്യൻ സ്ത്രീയായ വിജയലക്ഷ്മി പണ്ഡിറ്റി (നെഹ്റുവിന്റെ സഹോദരി) നെപ്പോലെ നിങ്ങൾക്കും ആയിത്തീരാമെന്ന് ഗ്രാമത്തിലെ നല്ല വിദ്യാഭ്യാസമുള്ള ഒരു മുതിർന്ന വ്യക്തി അമ്മയെ പ്രോത്സാഹിപ്പിച്ചു. എന്റെ അച്ഛൻ അദ്ദേഹത്തിന്റെ സ്വന്തം ബുദ്ധിശക്തിയുടെ കരുത്തിനാലും പരിശ്രമത്തിനാലും പ്രാദേശിക മിഷൻ സ്കൂളിലും ഷില്ലോങ്ങിലെ കോളേജിലും പഠിച്ചു. എന്റെ രക്ഷിതാക്കളുടെ കാലഘട്ടത്തിലെ എല്ലാ നാഗരും ഇംഗ്ലീഷ് വിദ്യാഭ്യാസം തിരഞ്ഞെടുത്തു. ഇത് അവരുടെ മുകളിലേക്കുള്ള ചലനക്ഷമതയുടെ വാതിലുകളായിരുന്നു. 20 കിലോമീറ്റർ പോലും ദൂരെയുള്ള ഗോത്രങ്ങൾ വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന ഒരു പ്രദേശത്ത്, പരസ്പരം ആശയവിനിമയത്തിന് ഒരു മാധ്യമം ലഭിച്ചു. അവർ അവരുടെ ജനങ്ങളുടെ ശബ്ദമായിത്തീരുകയും ഇംഗ്ലീഷ് സംസ്ഥാനഭാഷയായി അംഗീകരിക്കുകയും ചെയ്തു. *(Ao 2005: 111)*

നമ്മൾ സാധാരണയായി കൊളോണിയൽ സ്വാധീനത്തെയാണ് പാശ്ചാത്യവൽക്കരണത്തെ വിശദീകരിക്കാൻ ഉപയോഗിക്കുന്നത്. എന്നാൽ ചിലപ്പോൾ വർത്തമാന കാലത്തിൽ പുതിയ പാശ്ചാത്യവൽക്കരണ രീതികളും കാണാം. പ്രവർത്തനം 2-6 ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

**2.6** 

- വലുതും ചെറുതുമായി നമ്മുടെ ജീവിതത്തിൽ സംഭവിച്ചിട്ടുള്ള പാശ്ചാത്യവൽക്കരണത്തിന്റെ ഫലങ്ങൾ നിരീക്ഷിക്കുക.
- ബ്രിട്ടീഷ് സാമ്രാജ്യത്വം എങ്ങനെ നമ്മെ സ്വാധീനിച്ചുവെന്ന് നമ്മൾ കണ്ടു. പാശ്ചാത്യവൽക്കരണം എങ്ങനെ ബ്രിട്ടീഷുകാരോട് കിടപിടിക്കുന്നു, അല്ലെങ്കിൽ ബ്രിട്ടീഷുകാരെപ്പോലെയാകുന്നതിലേക്ക് നയിക്കുന്നു? പാശ്ചാത്യവൽക്കരണം കൂടുതലും അമേരിക്കവൽക്കരണമാണെന്ന് നമുക്ക് കാണാം. ഒരു പത്രത്തിലെ എഡിറ്റർക്കുള്ള അടുത്ത കാലത്തെ ഒരു കത്ത് താഴെ തന്നിരിക്കുന്നു. വായിച്ച് ചർച്ചചെയ്യുക.

**ന്യൂ രാജ്**

അമേരിക്കയുടെ സ്ഥാപകർ ബ്രിട്ടൻ, ഐർലന്റ് എന്നീ ഭൂഖണ്ഡത്തിൽനിന്നും സ്വയം മാറിനിൽക്കുന്നതിനു വേണ്ടിയായിരിക്കും തീയതി-മാസം-വർഷം എന്ന രീതിയെ ഭാഗികമായി തിരിച്ചിട്ട് അവരുടേതായ മാസം-ദിവസം-വർഷം എന്ന രീതിയുണ്ടാക്കിയത്. ന്യൂയോർക്കിലെ വേൾഡ് ട്രേഡ് സെന്റർ ആക്രമിക്കപ്പെട്ട ദിവസം 11-ാം തീയതി സെപ്തംബർ എന്നത് സ്വാഭാവികമായും 9/11 എന്നായി അമേരിക്ക ഉപയോഗിച്ച ചുരുക്കെഴുത്ത്. മിക്ക രാജ്യങ്ങളിലും വർഷത്തിലെ മാസത്തിന്റെ എണ്ണം മാസത്തിലെ ദിവസത്തിനു ശേഷം വരുന്ന രീതിയെന്നത് മറന്ന് ലോകം മുഴുവനും ഉപയോഗിക്കാൻ തുടങ്ങി. 7/11 എന്ന മുംബൈ ബോംബ് പൊട്ടിത്തെറിയുടെ ചുരുക്കെഴുത്തിനെ നമുക്കെങ്ങനെ വിശദീകരിക്കാൻ സാധിക്കും? നമ്മൾ ബ്രിട്ടീഷ് കോളണിയായിരുന്നതിനാൽ സാധാരണയായി DD-MM-YY (ദിവസം, മാസം, വർഷം) എന്ന രീതിയാണ് ഉപയോഗിക്കുന്നത്.

*The Hindu-August 21, 2006.*

- ഒരുകാലത്ത് ധാരാളം ഇന്ത്യക്കാർ ബ്രിട്ടീഷ് രീതിയിൽ ഇംഗ്ലീഷ് സംസാരിച്ചിരുന്നു. ഇതിനെന്തെങ്കിലും വ്യത്യാസമുണ്ടോ? അമേരിക്കൻ ഉച്ചാരണം ഇന്ന് കൂടുതൽ സ്വാധീനം ചെലുത്തുന്നുണ്ടോ?

**ഏതുതരത്തിലുള്ള ആധുനികത?**

അവർ (വ്യത്യസ്ത സംഘടനകളുടെയും സമ്മേളനങ്ങളുടേയും സ്ഥാപകരായ ഉയർന്ന ജാതിക്കാരെന്ന് കരുതിയവർ) വളരെക്കാലം ബ്രിട്ടീഷുകാരുടെ സഹായികളായതിനാൽ ആധുനികതയുടെ വക്താക്കളെന്ന് ഭാവിച്ചു. എന്നാൽ സർക്കാറിൽനിന്ന് വിരമിക്കുന്നതു മുതൽ അവരുടെ ബ്രാഹ്മണിക കാഴ്ചപ്പാടായ തൊട്ടുകൂടായ്മ എന്ന ചമയം എടുത്തണിയുന്നു.

*Jotiba Phule's letter to the Conference of Marathi Authors*

## ആധുനികവൽക്കരണവും മതേതരവൽക്കരണവും (Modernisation and Secularisation)

ആധുനികവൽക്കരണമെന്ന പദത്തിന് വലിയ ചരിത്രമുണ്ട്. 19-ാം നൂറ്റാണ്ടിലും പ്രധാനമായി 20-ാം നൂറ്റാണ്ടിലും ഈ പദം ഗുണാത്മകവും (positives) അഭിലഷണീയവുമായ മൂല്യങ്ങളുമായി ബന്ധപ്പെടുത്തിയാണ് ഉപയോഗിച്ചത്. ജനങ്ങളും സമൂഹങ്ങളും ആധുനികമാകാൻ ആഗ്രഹിച്ചു. ആദ്യകാലത്ത് സാങ്കേതികവിദ്യയുടെ പുരോഗതിയെയും ഉൽപ്പാദനപ്രക്രിയയുടെ പുരോഗതിയെയുമാണ് ആധുനികത എന്ന് സൂചിപ്പിച്ചത്. എന്നാൽ ഈ പദത്തിന് വിശാലമായ അർത്ഥമുണ്ട്. പടിഞ്ഞാറൻ യൂറോപ്പിലും വടക്കേ അമേരിക്കയിലും ഉപയോഗിച്ച വളർച്ചയുടെ വഴിയെയാണിത് സൂചിപ്പിക്കുന്നത്. മറ്റു സമൂഹങ്ങൾ ഇതേ പുരോഗമനരീതി പിന്തുടരുകയും ഉപയുക്തമാക്കുകയും വേണമെന്ന് നിർദേശിക്കുകയും ചെയ്യുന്നു.

ഇന്ത്യയിൽ മുതലാളിത്തം ആരംഭിക്കുന്നത് കൊളോണിയൽ സാഹചര്യത്തിലാണെന്ന് അധ്യായം ഒന്നിൽ നമ്മൾ മനസ്സിലാക്കി. ആധുനികവൽക്കരണത്തിന്റെയും മതേതരവൽക്കരണത്തിന്റെയും ഇന്ത്യയിലെ കഥ പാശ്ചാത്യലോകത്തെ അവയുടെ വളർച്ചയിൽനിന്നും തീർത്തും വ്യത്യസ്തമാണ്. ഇത് ആധുനികവൽക്കരണവും, 19-ാം നൂറ്റാണ്ടിലെ സാമൂഹികപ്രസ്ഥാനങ്ങളുടെ ശ്രമങ്ങളും അധ്യായത്തിന്റെ തുടക്കത്തിൽ വിശദീകരിച്ചപ്പോൾ മനസ്സിലായിക്കാണുമല്ലോ. ഇവിടെ നമ്മൾ മതേതരവൽക്കരണവും ആധുനികവൽക്കരണവും ഒരേസമയം ചർച്ചചെയ്യുന്നത് അവയുടെ പരസ്പരബന്ധത്തിനാലാണ്. രണ്ടും ആധുനികകാഴ്ചപ്പാടിന്റെ ഭാഗമാണ്. സമൂഹശാസ്ത്രജ്ഞർ ആധുനികവൽക്കരണപ്രക്രിയയിൽ യഥാർത്ഥത്തിൽ എന്താണുൾക്കൊള്ളുന്നതെന്ന് നിർവചിക്കാൻ ശ്രമിക്കുന്നു.

> പ്രാദേശിക കെട്ടുപാടുകൾക്കും സങ്കുചിത കാഴ്ചപ്പാടിനും പകരം സാർവദേശീയ പ്രതിബദ്ധതയും വൈകാരികതയ്ക്കും പരിശുദ്ധിക്കും അയുക്തിക്കും പകരം സാർവജനീന മനോഭാവവും, ഉപയുക്തതയുടെ സത്യവും കണക്കുകൂട്ടലും ശാസ്ത്രവും മുമ്പിൽ വരുന്നതുമാണ് ആധുനികത. അവിടെ വ്യക്തിക്ക് സംഘത്തേക്കാൾ രാഷ്ട്രീയത്തിന്റെയും സമൂഹത്തിന്റെയും അടിസ്ഥാനഘടകമെന്ന നില കൈവരുന്നു. മനുഷ്യൻ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സംഘടനകൾ ജന്മസിദ്ധമല്ല, ആർജിച്ചെടുത്തവയാണ്. ഭൗതിക സാഹചര്യങ്ങളോടും മാനുഷികചുറ്റുപാടുകളോടുമുള്ള മനോഭാവം വിധിവിശ്വാസപരമെന്നതിനേക്കാൾ ആർജ്ജിതശേഷികളുടെ അടിസ്ഥാനത്തിലുള്ളതാണെന്ന തിരിച്ചറിവും ആധുനികതയുടെ ഭാഗമാണ്. സ്വത്വം എന്നത് തെരഞ്ഞെടുപ്പുകളിലൂടെ നേടിയെടുക്കുന്നതാണ് അല്ലാതെ ആരോപിച്ച് സ്ഥിതീകരിക്കുന്നതല്ല. കുടുംബം, വീട്, സമുദായം എന്നിവയിൽ നിന്ന് വേറിട്ടതാണ് ഉദ്യോഗസ്ഥവൃന്ദ സംഘടനയിലെ തൊഴിൽ എന്നും ആധുനികത കരുതുന്നു.
>
> *(Rudolph and Rudolph 1967)*

മറ്റൊർഥത്തിൽ ജനങ്ങൾ പ്രാദേശികമായി മാത്രമല്ല, സാർവത്രികമായ അർത്ഥത്തിലും സ്വാധീനിക്കപ്പെടുന്നു. നിങ്ങളുടെ പെരുമാറ്റം, ചിന്ത എന്നത് കുടുംബമോ ഗോത്രമോ സമുദായമോ അല്ല തീരുമാനിക്കുന്നത്. നിങ്ങൾ എന്ത് ചെയ്യണമെന്ന് തീരുമാനിക്കുന്നത് നിങ്ങളുടെ രക്ഷിതാക്കളുടെ തൊഴിലല്ല. മറിച്ച് നിങ്ങൾ ചിന്തിക്കുന്നതുപോലെയാണ്. ജോലി ജന്മം അടിസ്ഥാനമാക്കിയല്ല, തിരഞ്ഞെടുക്കുന്നതിനനുസരിച്ചാണ്. നിങ്ങൾ ആഗ്രഹിക്കുന്നത് നിങ്ങളുടെ നേട്ടത്തിലൂടെയുണ്ടാക്കുന്നതാണ്. അല്ലാതെ നിങ്ങളാരാണെ

**2.7**



പത്രങ്ങളിൽ നിന്നും ശാദികോം പോലുള്ള വെബ്സൈറ്റിൽ നിന്നും വിവാഹപരസ്യങ്ങൾ കണ്ടെത്തി അവയുടെ രീതികൾ മനസ്സിലാക്കുക. ജാതി അല്ലെങ്കിൽ സമുദായം എങ്ങനെയാണ് സൂചിപ്പിച്ചിരിക്കുന്നത് ? അത് എറെ തവണ സൂചിപ്പിച്ചിട്ടുണ്ടെങ്കിൽ ജാതി പുരാതനകാലത്തെപ്പോലെ ഇന്നും പ്രാധാന്യമുള്ളതാണെന്ന് കരുതേണ്ടതുണ്ടോ? അതോ അതിന്റെ പങ്ക് മാറിയിട്ടുണ്ടോ ? വിശദീകരിക്കുക.

ന്നതിലല്ല. ശാസ്ത്രീയ കാഴ്ചപ്പാടിന് കൂടുതൽ ശക്തി ലഭിക്കുന്നു. ശാസ്ത്രീയമനോഭാവം കൂടുതൽ ശക്തമാകുന്നു. യുക്തിപരമായ സമീപനത്തിന് പ്രാധാന്യം ലഭിക്കുന്നു. ഇത് പൂർണമായും ശരിയാണോ?

ഇന്ത്യയിൽ നമ്മൾ ചെയ്യുന്ന ജോലി സാധാരണ സ്വയം തിരഞ്ഞെടുക്കുന്നതല്ല. തോട്ടിപ്പണിയെടുക്കുന്നയാൾ അവരുടെ ജോലി സ്വയം തിരഞ്ഞെടുക്കുന്നതല്ല. (അധ്യായം-5 പുസ്തകം 1 NCERT 2007). നമ്മൾ സ്വന്തം സമുദായത്തിൽനിന്ന് വിവാഹം ചെയ്യുന്നു. മതവിശ്വാസങ്ങൾ ജീവിതത്തിൽ ഉയർന്നുനിൽക്കുന്നു. അതേസമയം നമുക്ക് ശാസ്ത്രീയപാരമ്പര്യവുമുണ്ട്. നമുക്ക് ഊർജസ്വലമായ മതേതരത്വവും ജനാധിപത്യരാഷ്ട്രീയ സംവിധാനവുമുണ്ട്. അതേസമയം നമുക്ക് ജാതിയും സമുദായവും അടിസ്ഥാനപ്പെടുത്തിയ കൂട്ടായ്മയുമുണ്ട്. നമുക്കെങ്ങനെ ഈ പ്രക്രിയ മനസ്സിലാക്കാൻ സാധിക്കും? സമൂഹത്തിലെ ജനാധിപത്യ-മതേതര രൂപീകരണങ്ങളും ജാതി-മത രൂപീകരണങ്ങളും തമ്മിലുള്ള കൂടിക്കലരലിനെ മനസ്സിലാക്കാനാണ് ഈ അധ്യായത്തിൽ ശ്രമിക്കുന്നത്. ഈ സങ്കീർണമായ കൂടിച്ചേരലിനെ പാരമ്പര്യവും ആധുനികതയുമായുള്ള കലർപ്പുമാത്രമായി കല്പിക്കുന്നതിലും പ്രശ്നങ്ങളുണ്ട്. ഇവിടെ പാരമ്പര്യവും ആധുനികതയും സ്ഥിരസത്തകളാണെന്നപോലെ വരുന്നു. ഒരൊറ്റ ഗണത്തിൽപ്പെട്ട പാരമ്പര്യമേ ഇന്ത്യയിലുള്ളൂ എന്ന തെറ്റിദ്ധാരണ പരത്തുന്നു.

വൈവിധ്യവും ചിന്താപാരമ്പര്യവും ചേർന്നാണ് ഇന്ത്യയിൽ പാരമ്പര്യങ്ങളുടെ സവിശേഷതകളെ നിർവചിച്ചതെന്ന് നാം നേരത്തെ കണ്ടുകഴിഞ്ഞു. അതാകട്ടെ വാസ്തവത്തിൽ സ്ഥിരമായി പുനർനിർവചിക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു.

**Box 2.7**

പുരോഗതിയുടെ വരവും ആധുനികവല്കരണത്തിന്റെ സ്വാധീനവും ചേർന്ന് മതത്തോടും പല ഉത്സവങ്ങളുടെയും ആഘോഷത്തോടും ഉള്ള മനോഭാവത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. അനുഷ്ഠാനങ്ങൾ, അതിന്റെ ചടങ്ങുകൾ, അതുമായി ബന്ധപ്പെട്ട വിലക്കുകൾ (taboos), അതിലുള്ള സമർപ്പണത്തിന്റെ അളവ്, മൂല്യം തുടങ്ങിയവയെല്ലാം ഇപ്പോൾ സ്ഥിരമായ മാറ്റത്തിന് വിധേയമാണ് - കൂണുപോലെ മുളച്ചുവളരുന്ന നഗരങ്ങളിൽ പ്രത്യേകിച്ചും.

ഗോത്രസ്വത്വത്തിനുമേലുള്ള ഇത്തരം പുതിയ സമ്മർദ്ദങ്ങൾ ഗോത്രം നിലനിർത്തുന്നതിന് പാരമ്പര്യസമ്പ്രദായങ്ങളും അതിന്റെ സംരക്ഷണവും ആവശ്യമാണെന്ന നിലയുണ്ടാക്കി. ഏകീകൃത ഗോത്രസ്വത്വത്തെ ദൃഢീകരിച്ചു മുന്നോട്ടുവെക്കുന്നതിനാണ് ഗോത്രാഘോഷങ്ങൾ രൂപപ്പെട്ടുവന്നത്. ഇന്നത്തെ ഗോത്രസമൂഹത്തിൽ നിലനിൽക്കുന്ന സംസ്കാരം നഷ്ടപ്പെടുന്നു, സ്വത്വം നഷ്ടപ്പെടുന്നു (Loss of culture, Loss of identity) എന്ന വാദത്തിനുള്ള കൃത്യമായ മറുപടിയായി കൂട്ടായ ആഘോഷങ്ങളായ ഉത്സവങ്ങൾ മാറി.

ഈ കാലഘട്ടത്തിൽ ഉത്സവങ്ങൾ ആഘോഷിക്കാൻ കഴിവില്ലാത്ത സംഘങ്ങളുള്ള സ്ഥലങ്ങളിൽ ഉത്സവക്കമ്മിറ്റികൾ ഉണ്ടാകുന്നത് സാധാരണ സമ്പ്രദായമായി. പാരമ്പര്യമായി ഋതുചക്രങ്ങളായിരുന്നു ആഘോഷങ്ങളുടെ ദിവസങ്ങൾ തീരുമാനിച്ചിരുന്നതെങ്കിൽ ഇന്ന് ആഘോഷങ്ങൾ ഔപചാരികമാവുകയും സർക്കാർ കലണ്ടർ അനുസരിച്ച് നടക്കുകയും ചെയ്യുന്നു.

ഇത്തരത്തിലുള്ള എല്ലാ ആഘോഷങ്ങളും കൃത്യമായ ഘടനയോ പ്രധാന അതിഥികളോ, പ്രഭാഷണങ്ങളോ ഇല്ലാത്തവയാണ്. സൗന്ദര്യമത്സരങ്ങൾ (Miss festival contest) ഇന്ന് പുതിയ ആവശ്യമായിത്തീർന്നു. യുക്തിസങ്കൽപനങ്ങളും ലോകവീക്ഷണങ്ങളും ഗോത്രജനതയുടെ മനസ്സിൽ നുഴഞ്ഞുകയറിയപ്പോൾ പഴയ വിശ്വാസങ്ങളുടെ പ്രയോഗവും ആവിഷ്കാരവും സൂക്ഷ്മപരിശോധനയിൽ ബാധ്യതയും അനാവശ്യവുമായി മാറി.

നമ്മളിത് 19-ാം നൂറ്റാണ്ടിലെ സാമൂഹികപരിഷ്കർത്താക്കളിൽ കണ്ടു. ഈ പ്രക്രിയ ഇന്നും നിലനിൽക്കുന്നു. മുകളിലത്തെ കോളം വർത്തമാന അരുണാചൽപ്രദേശിലെ അത്തരത്തിലുള്ള പ്രക്രിയയെ വിശദമാക്കുന്നു.

ആധുനിക പാശ്ചാത്യലോകത്ത് മതേതരത്വത്തിനർത്ഥം മതത്തിന്റെ സ്വാധീനം കുറയ്ക്കുന്ന പ്രക്രിയ എന്നാണ്. ആധുനികവൽക്കരണ സൈദ്ധാന്തികർ ആധുനികസമൂഹം കൂടുതൽ മതേതരമാകുന്നുവെന്ന് അനുമാനിക്കുന്നു. മതഘടനകളുടെ കൂടിക്കലരലുകളുടെ തലമാണ്, മതേതരത്വത്തിന്റെ സൂചകം (പള്ളിയിലെ പങ്കാളിത്തത്തിന്റെ നിരക്ക്), മതസംഘടനകളുടെ ഭൗതികവും സാമൂഹികവുമായ സ്വാധീനവും ജനങ്ങൾ മതവിശ്വാസങ്ങൾ ഉൾക്കൊള്ളുന്നതിന്റെ നിലയും സൂചകങ്ങളാണ്. എന്നാൽ ഈയിടെയായി മുൻകാലങ്ങളിലില്ലാത്തരീതിയിൽ മതബോധവും തർക്കങ്ങളും ലോകം മുഴുവൻ വളർന്നു.

ആധുനികരീതികൾ മതരീതികളുടെ തകർച്ചയിലേക്കു നയിക്കുമെന്നത് പണ്ടും പൂർണമായും ശരിയാണെന്ന് കണ്ടിരുന്നില്ല. പാശ്ചാത്യവും ആധുനികവുമായ ആശയവിനിമയ രീതികളും


**ദൈവവുമായി ബന്ധിപ്പിക്കുന്നു.**

**രാജസിംഹൻ ടി. ഇ.**

നിങ്ങളുടെ വിവാഹവാർഷികത്തിന് മധുരയിലെ മീനാക്ഷിക്ഷേത്രത്തിൽ പോകാൻ സാധിക്കാത്തതിൽ താങ്കളുടെ മനസ്സ് പ്രക്ഷുബ്ധമാണോ ! വിഷമിക്കാതിരിക്കൂ. നിങ്ങൾക്ക് ഒരു മൗസ് ക്ലിക്കിലൂടെ ദൈവത്തിന് പൂജനടത്താനും അനുഗ്രഹം വാങ്ങാനും സാധിക്കും. ....കോം (....com) നിങ്ങൾക്ക് ഇന്ത്യയിലാകമാനം പരന്നുകിടക്കുന്ന 600 ക്ഷേത്രങ്ങളിൽ സേവനം ലഭ്യമാക്കും. ലോകത്തിലെവിടെയുമുള്ള ആർക്കും അവരുടെ ആഗ്രഹത്തിനനുസരിച്ച് കന്യാകുമാരിയിലോ ഉത്തർപ്രദേശിലോ ഉള്ള ക്ഷേത്രങ്ങളിൽ പൂജനടത്താൻ സാധിക്കും. നടത്തുന്ന ആളുടെ താൽപര്യത്തിനനുസരിച്ച് പൂജാരികളായ ഏജന്റുമാരുടെ സംഘത്തിന്റെ സഹായത്താൽ നടത്താൻ സാധിക്കുന്നു. പ്രസാദം 5-7 ദിവസത്തിനുള്ളിൽ ലോകത്തെവിടെയുള്ള ആർക്കും ലഭിക്കും. ക്രെഡിറ്റ് കാർഡ് വഴി പണം നൽകാൻ സാധിക്കാത്ത ആളുകൾക്ക് ഡി. ഡി., മുഖാന്തരമോ ചെക്ക് മുഖാന്തരമോ പണം അടയ്ക്കാം. ഓൺലൈൻ പൂജാസേവനം അടിസ്ഥാന പൂജയ്ക്ക് S9.75 നും കൂടുതൽ പൂജകൾക്ക് $ 75 നും ലോകത്ത് എവിടെനിന്നും നടത്താവുന്നതാണ്.

*Source: The Business Line, Financial Daily from The Hindu group of publications (Wednesday, September 20, 2000)*

**2.8**



ദീപാവലി, ദുർഗാപൂജ, ഗണേശപൂജ, ദസറ, ഈദ്, ക്രിസ്മസ് തുടങ്ങിയ ആഘോഷങ്ങളിലെ പരസ്യങ്ങൾ ശ്രദ്ധിക്കുക. പത്രമാധ്യമങ്ങളിൽനിന്ന് പരസ്യങ്ങൾ ശേഖരിക്കുക. ദൃശ്യമാധ്യമങ്ങളും നിരീക്ഷിക്കുക. ഈ പരസ്യങ്ങളിലെ സന്ദേശങ്ങൾ എന്തെന്ന് എഴുതുക.

സംഘടനകളും ആശയങ്ങളും പുതിയ മതപരിഷ്കരണപ്രസ്ഥാനങ്ങളുടെ ഉദയത്തിലേക്ക് വഴിതെളിച്ചുവെന്നത് നിങ്ങൾ ഓർക്കുന്നുണ്ടാകും. കൂടാതെ ഇന്ത്യയിലെ അനുഷ്ഠാനങ്ങളുടെ ഭൂരിഭാഗവും നയിക്കുന്നത് മതേതരത്വത്തിലേക്കാണ്.
മതേതര ലക്ഷ്യങ്ങളിൽനിന്ന് വേറിട്ട് അനുഷ്ഠാനങ്ങൾക്ക് മതേതരമാനങ്ങളുണ്ട്. സമപ്രായക്കാർക്കും മുതിർന്നവർക്കും പുരുഷനും സ്ത്രീക്കും സാമൂഹികവൽക്കരണത്തിന്റെ അവസരം നൽകുന്നതോടൊപ്പം, കുടുംബത്തിന്റെ ധനസ്ഥിതിയും, വസ്ത്രങ്ങളും ആഭരണങ്ങളും പ്രദർശിപ്പിക്കാനുള്ള അവസരവും അത് നൽകുന്നു. കഴിഞ്ഞ കുറേ ദശകങ്ങളായി അനുഷ്ഠാനത്തിന്റെ സാമ്പത്തിക, രാഷ്ട്രീയ പദവിയുടെ തലങ്ങൾക്ക് കൂടുതൽ ശ്രദ്ധ ലഭിക്കുന്നു. വിവാഹം നടക്കുന്ന വീടിന്റെ മുന്നിൽ നിരത്തിയിട്ടിട്ടുള്ള കാറുകളുടെ എണ്ണം, വി.ഐ.പി. കൾ പങ്കെടുക്കുന്നത് എന്നിവയാണ് പ്രാദേശിക സമുദായത്തിൽ പദവിയുടെ സൂചകങ്ങളായി കണക്കാക്കുന്നത്.

ജാതിയുടെ മതേതരവൽക്കരണമെന്നതിനെ നോക്കിക്കാണുന്നതിലും തർക്കം നിലനിൽക്കുന്നു. എന്താണിത് അർഥമാക്കുന്നത്. പാരമ്പര്യ ഇന്ത്യയിൽ ജാതിവ്യവസ്ഥ പ്രവർത്തിക്കുന്നത് മതത്തിന്റെ ചട്ടക്കൂട്ടിലാണ്. ശുദ്ധ, അശുദ്ധ വിശ്വാസവ്യവസ്ഥയാണിതിന്റെ അടിസ്ഥാനം. ഇന്ന് ഇത് രാഷ്ട്രീയസമ്മർദ്ദ ഗ്രൂപ്പായി പ്രവർത്തിക്കുന്നു. വർത്തമാന ഇന്ത്യയിൽ ജാതിസംഘടകളുടെയും ജാതി അടിസ്ഥാന രാഷ്ട്രീയത്തിന്റെയും രൂപീകരണം കാണാൻ സാധിക്കും. അവർ സർക്കാറിനു മേൽ ആവശ്യങ്ങൾ നേടിയെടുക്കാൻ

**Box 2.8**

ഇന്ത്യയുടെ പാരമ്പര്യ സാമൂഹികവ്യവസ്ഥ സംഘടിക്കപ്പെട്ടിട്ടുള്ളത് ജാതിഘടനയിലും ജാതി സ്വത്വത്തിലുമാണെന്ന് എല്ലാവരും മനസ്സിലാക്കുന്നു. രാഷ്ട്രീയവും ജാതിയും തമ്മിലുള്ള ബന്ധം വിശദീകരിക്കുന്നതിൽ വലിയ അപരിചിത സ്പർധ നേരിടുന്നു. അവർ ജാതി അപ്രത്യക്ഷമാക്കുന്നുണ്ടോ എന്ന ചോദ്യത്തിൽ തുടങ്ങുന്നു. ഇപ്പോൾ ഒരു സാമൂഹികവ്യവസ്ഥയും ഇത്തരത്തിൽ അപ്രത്യക്ഷമാകില്ല. *അപ്രത്യക്ഷമാകുന്നതിന്റെ ആധുനികരാഷ്ട്രീയ സ്വാധീനത്തിൽ ജാതി ഏത് രൂപം സ്വീകരിച്ചു? ജാതി അധിഷ്ഠിത സമൂഹത്തിൽ രാഷ്ട്രീയത്തിന്റെ രൂപമെന്താണ്? എന്നീ ചോദ്യങ്ങളായിരിക്കും കൂടുതൽ അഭികാമ്യം.*

രാഷ്ട്രീയത്തിലെ ജാതീയതയ്ക്കെതിരെ ശബ്ദിക്കുന്ന ആളുകളുടെ രാഷ്ട്രീയത്തിന് ഇന്ത്യയിൽ യാതൊരു അടിസ്ഥാനവുമില്ല. രാഷ്ട്രീയം മത്സരാധിഷ്ഠിതമാണ്. പ്രത്യേക ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ അധികാരം നേടുക എന്നതാണ് അതിന്റെ ഉദ്ദേശ്യം. പുതിയ സ്ഥാനമാനങ്ങൾ നേടിയെടുക്കുന്നതിനും ഉറപ്പിക്കുന്നതിനും നിലനിൽക്കുന്നതും ഉയർന്നു വരുന്നതുമായ മുന്നണികളെ കണ്ടെത്തുകയും തരപ്പെടുത്തുകയും ചെയ്യുന്നു. പ്രധാനപ്പെട്ട ഘടകം സംഘടനയും പിന്താങ്ങലുമാണ്. സംഘടനയിലൂടെ വലിയ ജനക്കൂട്ടത്തിന്റെ പിന്തുണ ലഭിക്കുന്നു. *ധാരാളം ആളുകളുള്ള ജാതി ഘടനയെ ഉപയോഗപ്പെടുത്തി രാഷ്ട്രീയസംഘാടനത്തിന് അനുഗുണമാക്കുന്നു. രാഷ്ട്രീയം അത്തരം ഘടനകളിലൂടെ സംഘടിക്കപ്പെടുന്നു.*

*രാഷ്ട്രീയക്കാർ അവരുടെ ശക്തി നിലനിർത്തുന്നതിന് ജാതിസംഘങ്ങളെയും സ്വത്വങ്ങളെയും സംഘടിപ്പിക്കുന്നു. മറ്റു തരത്തിലുള്ള സംഘടനകളോ സംഘങ്ങളോ ഉള്ള സ്ഥലത്ത് രാഷ്ട്രീയക്കാർ അവരെയും സമീപിക്കുന്നു. എല്ലായിടത്തും അതിനാൽ അത്തരം സംഘടനകളുടെ രൂപം മാറുന്നു. അത് ജാതിയുടെ രൂപത്തെയും മാറ്റുന്നു.*

*(Kothari 1977: 57-70)*

**Box 2.8**

മുകളിൽ തന്നിരിക്കുന്നത് ശ്രദ്ധാപൂർവം വായിക്കുക. ചരിച്ചെഴുതിയത് വായിച്ച് ഇതിന്റെ പ്രധാനപ്പെട്ട വാദം ചുരുക്കി എഴുതുക. നിങ്ങളുടേതായ ഉദാഹരണം നൽകുക.

സമ്മർദ്ദം ചെലുത്തുന്നു. അത്തരം ജാതിയുടെ പങ്കിലെ മാറ്റത്തെയാണ് ജാതിയുടെ മതേതരത്വം എന്നു പറയുന്നത്. താഴെയുള്ള ബോക്സിലെ ഉദാഹരണം ഈ പ്രക്രിയ വിശദമാക്കുന്നു.

## സംഗ്രഹം

ഇന്ത്യയിൽ സാമൂഹികമാറ്റങ്ങൾ സംഭവിക്കുന്നതിന്റെ പ്രത്യേക രീതികൾ ഈ അധ്യായത്തിൽ സൂചിപ്പിക്കുന്നു. കൊളോണിയൽ അനുഭവങ്ങൾ നിലനിൽക്കുന്ന സ്വാധീനം ഉണ്ടാക്കിയിട്ടുണ്ട്. ഇതിൽ പലതും ഉദ്ദേശിക്കാത്തതും വിപരീതാഭിപ്രായം ഉള്ളതുമാണ്. ആധുനികതയുടെ പാശ്ചാത്യ ആശയങ്ങൾ ഇന്ത്യൻ ദേശീയവാദികളുടെ സങ്കൽപ്പങ്ങൾക്ക് രൂപം നൽകി. ഇത് ഇന്ത്യൻ പാരമ്പര്യത്തെ പുതുതായി പഠിക്കാനും ചിലരെ പ്രേരിപ്പിച്ചു. ചിലർ ഇത് നിരാകരിക്കുകയും ചെയ്തു. കുടുംബത്തിലെ സ്ത്രീയുടെയും പുരുഷന്റെയും കുട്ടികളുടെയും പെരുമാറ്റനിയമങ്ങളിൽ പാശ്ചാത്യസംസ്കാരം മാറ്റമുണ്ടാക്കി. ദേശീയപ്രസ്ഥാനത്തിലും പരിഷ്കരണപ്രസ്ഥാനത്തിലും സമത്വവും ജനാധിപത്യവും വലിയ സ്വാധീനം ചെലുത്തി. ഇത് പാശ്ചാത്യ ആശയങ്ങൾ ഉൾക്കൊള്ളുക, മാത്രമല്ല പാരമ്പര്യത്തെ പുനർവ്യാഖ്യാനിക്കുന്നതിനും ചോദ്യം ചെയ്യുന്നതിനും കാരണമായി. ആഴത്തിൽ അസമത്വമുള്ള ഒരു സമൂഹത്തിൽ ശാസ്ത്രീയതയെ അടിസ്ഥാനപ്പെടുത്തിയ ഒരു ഭരണഘടന സമത്വവും സാമൂഹികനീതിയും എങ്ങനെ നടത്തുന്നുവെന്ന് അടുത്ത അധ്യായത്തിൽ ഇന്ത്യക്ക് ജനാധിപത്യവ്യവസ്ഥയുമായുള്ള അനുഭവങ്ങളിലൂടെ വിശദമാക്കുന്നു. ആധുനികതയും പാരമ്പര്യവും പുനർനിർവചിക്കപ്പെടുന്ന സങ്കീർണരീതികളും ഇത് വിശദീകരിക്കുന്നു.



1. സംസ്കൃതവൽക്കരണത്തെക്കുറിച്ച് വിമർശനാത്മകമായി ഒരു ഉപന്യാസം തയാറാക്കുക.
2. പാശ്ചാത്യ വസ്ത്രരീതിയും ജീവിതരീതിയും അനുകരിക്കുന്നതിനെയാണ് സാധാരണയായി പാശ്ചാത്യവൽക്കരണം എന്നു പറയുന്നത്. പാശ്ചാത്യവൽക്കരിക്കപ്പെടുന്നതിനുള്ള മറ്റ് വശങ്ങളുണ്ടോ? ഇത് ആധുനികവൽക്കരണമാണോ? ചർച്ചചെയ്യുക.
3. കുറിപ്പ് തയാറാക്കുക.
   - അനുഷ്ഠാനങ്ങളും മതേതരത്വവും
   - ജാതിയും മതേതരത്വവും
   - ലിംഗഭേദവും സംസ്കൃതവൽക്കരണവും



## REFERENCES


Ramanujan. A.K. 1990. 'Is There an Indian Way of Thinking: An Informal essay' in Marriot McKim *India Through Hindu Categories*. Sage. New Delhi.

Abraham, Janaki. 2006. 'The Stain of White: Liasons, memories and White Men as Relatives' *Men and Masculinities*. Vol 9. No. 2. pp 131-151.

Ao. Ayinla Shilu. 2005. 'Where the Past Meets the Future' in Ed. Geeti Sen *Where the Sun Rises When Shadows Fall*. IIC Quarterly Monsoon Winter 32, 2&3. pp. 109-112.

Chakravarti. Uma. 1998. *Rewriting History: The Life and Times of Pandita Ramabai*. Kali for Women. New Delhi.

Chaudhuri. Maitrayee. 1993. *The Indian Women's Movement: Reform and Revival*. Radiant. New Delhi.

Dutt. A.K. 1993. 'From Colonial City to Global City: The Far from Complete Spatial Transformation of Calcutta' in Brunn S.D. and Williams J.F. Ed. *Cities of the World*. pp. 351-388. Harper Collins. New York.

Khare, R.S. 1998. *Cultural Diversity and Social Discontent: Anthropological Studies on Contemporary India*. Sage. New Delhi.

Kothari, Rajni. 1997. 'Caste and Modern Politics' in Sudipta Kaviraj Ed. *Politics in India*. pp. 57-70. Oxford University Press. Delhi.

Pandian, M.S.S. 2000. 'Dalit Assertion in Tamil Nadu: An Exploratory Note' *Journal of Political Economy*. Vol XII. Nos. 3 and 4.

Raman, Vasanthi. 2003. 'The Diverse Life-Worlds of Indian Childhood' in Margrit Pernau. Imtiaz Ahmad, Helmult Reifeld (Eds), *Family and Gender: Changing values in Germany and India*. Sage. New Delhi.

Riba, Moji. 2005. "Rites, in passing …" IIC Quarterly *Monsoon-Winter* 32, 2&3. pp. 113-121.


Rudolph and Rudolph. 1967. *The Modernity of Tradition: Political Development in India*. University of Chicago Press. Chicago.

Saberwal, Satish. 2001. 'Framework in Change: Colonial Indian Society' in Ed. Susan Visvanathan *Structure and Transformation: Theory and Society in India*. pp.33-57. Oxford. Delhi.

# 3 ഇന്ത്യൻ ജനാധിപത്യത്തിന്റെ കഥ

# The Story of Indian Democracy

I8S2A2



ജനാധിപത്യം എന്ന ആശയം ജനങ്ങളാൽ ജനങ്ങൾക്കു വേണ്ടിയുള്ള ജനങ്ങളുടെ ഗവൺമെന്റാണെന്നത് നമുക്ക് സുപരിചിതമാണ്. പ്രത്യക്ഷ ജനാധിപത്യം (Direct Democracy), പ്രാതിനിധ്യ ജനാധിപത്യം (Representative Democracy) എന്നിങ്ങനെ ജനാധിപത്യത്തെ രണ്ടായി തരം തിരിക്കാം. തിരഞ്ഞെടുക്കപ്പെട്ട ഇടനിലക്കാരോ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരോ ഇല്ലാതെ എല്ലാ പൗരർക്കും പൊതുതീരുമാനങ്ങളിൽ ഇടപെടാൻ കഴിയുന്നതിനെയാണ് നേരിട്ടുള്ള ജനാധിപത്യം എന്നു പറയുന്നത്. ഇത്തരം ജനാധിപത്യവ്യവസ്ഥ ആപേക്ഷികമായി ജനസംഖ്യ കുറഞ്ഞ സാമുദായികസംഘടനകൾ, ആദിവാസിസമൂഹങ്ങൾ എന്നിവിടങ്ങളിലാണ് പ്രാവർത്തികമാകുന്നത്. ഒരു മുറിയിലിരുന്ന് പ്രശ്നങ്ങളിൽ ചർച്ചയിലൂടെയോ വോട്ടിങ്ങിലൂടെയോ അഭിപ്രായ സമന്വയത്തിലെത്തിച്ചേരുന്ന പ്രാദേശിക തൊഴിലാളിസംഘാടനം ഇതിനുദാഹരണമാണ്.

ആധുനികസമൂഹം അതിന്റെ വലുപ്പത്തിനാലും സങ്കീർണതയാലും നേരിട്ടുള്ള ജനാധിപത്യത്തിന്റെ സാധ്യത കുറയ്ക്കുന്നു. ഇന്ന് 50,000 അംഗങ്ങളുള്ള പട്ടണത്തിലും ഒരു ബില്യൺ ജനങ്ങളുള്ള ദേശത്തിലും ഏറ്റവും സാധാരണയായി കാണുന്ന ജനാധിപത്യം പ്രാതിനിധ്യജനാധിപത്യമാണ്. ഇതിൽ പൗരർ പൊതുനന്മയ്ക്കായുള്ള രാഷ്ട്രീയതീരുമാനമെടുക്കുന്നതിനും നിയമങ്ങൾ നിർമ്മിക്കുന്നതിനും ഭരണം നടപ്പിലാക്കുന്നതിനുമായി പ്രതിനിധികളെ തിരഞ്ഞെടുക്കുന്നു. നമ്മുടേത് ഒരു പ്രാതിനിധ്യജനാധിപത്യ രീതിയാണ്. എല്ലാ പൗരർക്കും അവരവരുടെ പ്രതിനിധികളെ വോട്ട്ചെയ്ത് തിരഞ്ഞെടുക്കാനുള്ള അവകാശമുണ്ട്. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, നിയമസഭ, ലോക്സഭ എന്നീ എല്ലാ തലങ്ങളിലേക്കും അവരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നു. ജനാധിപത്യമെന്നത് അഞ്ചുവർഷം കൂടുമ്പോൾ വോട്ടു ചെയ്യുക എന്നതിനേക്കാളുപരി സക്രിയമായി കൂടുതൽ ഇടപെടാൻ സാധിക്കുന്നതാണെന്ന ചിന്ത ശക്തിപ്രാപിക്കുന്നുണ്ട്. പങ്കാളിത്ത ജനാധിപത്യം (Participatory democracy), അധികാരത്തിന്റെ വികേന്ദ്രീകരണം (Decentralisation of governance) എന്നീ ആശയങ്ങൾ കൂടുതൽ അംഗീകരിക്കപ്പെട്ടു. ഒരു സംഘത്തിലെയോ സമുദായത്തിലെയോ അംഗങ്ങൾ പ്രധാന തീരുമാനങ്ങളെടുക്കുന്നതിൽ കൂട്ടായി പങ്കെടുക്കുന്ന ജനാധിപത്യത്തെ പങ്കാളിത്തജനാധിപത്യമെന്നു പറയുന്നു. ഈ അധ്യായത്തിൽ പഞ്ചായത്ത് രാജ് സംവിധാനത്തെ വികേന്ദ്രീകരണത്തിന്റെ പ്രധാനപ്പെട്ട തുടക്കമെന്ന നിലയിലും ജനാധിപത്യത്തിന്റെ അടിത്തറ എന്ന രീതിയിലും വിശദീകരിക്കുന്നു.



*തിരഞ്ഞെടുപ്പിൽ ഒരു വൃദ്ധ സമ്മതിദാനാവകാശം വിനിയോഗിക്കുന്നു*

ഇന്ത്യൻ ജനാധിപത്യരീതികളും മൂല്യങ്ങളും വളരെക്കാലത്തെ കോളനിവിരുദ്ധസമരങ്ങളുടെ ഭാഗമായി ഉരുത്തിരിഞ്ഞതാണ്. ഇന്ത്യയെപ്പോലുള്ള വൈവിധ്യങ്ങൾ നിറഞ്ഞതും അസമത്വമുള്ളതുമായ രാജ്യത്ത് സ്വാതന്ത്ര്യത്തിനുശേഷമുള്ള എഴുപതുവർഷങ്ങളിൽ വലിയ മുന്നേറ്റങ്ങളുണ്ടായിട്ടുണ്ട്. അതിന്റെ വിലമതിക്കുന്നതും സങ്കീർണവുമായ ഭൂതവർത്തമാന കാലഘട്ടത്തിന്റെ സംക്ഷിപ്തവിശദീകരണം നൽകാൻ ഈ അധ്യായത്തിൽ സാധിച്ചിട്ടില്ല.

ഈ അധ്യായത്തിൽ ഇന്ത്യൻ ജനാധിപത്യത്തിന്റെ സംക്ഷിപ്തരൂപം നൽകാൻ ശ്രമിക്കുന്നു. ആദ്യം നമ്മൾ ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിസ്ഥാനശിലയായ ഭരണഘടന വിശദീകരിക്കുന്നു. നമ്മളതിന്റെ കേന്ദ്രമൂല്യങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നു. വ്യത്യസ്ത കാഴ്ചപ്പാടുകൾ തമ്മിലുള്ള തർക്കങ്ങൾ വിശദീകരിച്ച് ഭരണഘടനയുടെ ഉത്ഭവത്തെക്കുറിച്ച് വിശദീകരിക്കുന്നു. രണ്ടാമതായി പഞ്ചായത്ത്രാജ് വ്യവസ്ഥയുടെ, അതായത് ഇന്ത്യൻ ജനാധിപത്യത്തിന്റെ തൃണമൂലതലത്തെ മനസ്സിലാക്കുന്നു. രണ്ടിലും വ്യത്യസ്ത സംഘങ്ങളുടെയോ ചിലപ്പോൾ വ്യത്യസ്ത പാർട്ടികളുടെയോ താൽപ്പര്യങ്ങൾക്കനുസരിച്ച് മത്സരം സംഭവിക്കുന്നതായി കാണാം. ഇത് ജനാധിപത്യത്തിന്റെ പ്രവർത്തനത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തവയാണ്. മൂന്നാമത്തെ ഭാഗത്ത് വ്യത്യസ്ത സംഘങ്ങളുടെയോ രാഷ്ട്രീയപ്പാർട്ടികളുടെയോ താൽപ്പര്യങ്ങൾ തമ്മിലുള്ള മത്സരങ്ങളെക്കുറിച്ചും അവയുടെ പങ്കിനെക്കുറിച്ചും വിശദമാക്കുന്നു.

## 3.1 ഇന്ത്യൻ ഭരണഘടന (The Indian Constitution)

### ഇന്ത്യൻ ജനാധിപത്യത്തിന്റെ കേന്ദ്രമൂല്യങ്ങൾ (The core values of Indian democracy)

ആധുനിക ഇന്ത്യയുടെ മറ്റു സവിശേഷതകളെ പോലെ ഇന്ത്യൻ ജനാധിപത്യത്തിന്റെ കഥയും കോളനികാലഘട്ടത്തിൽനിന്ന് ആരംഭിക്കണം. ബ്രിട്ടീഷ് കൊളോണിയൽഭരണം ബോധപൂർവം കൊണ്ടുവന്ന ഘടനാപരവും സാംസ്കാരികവുമായ മാറ്റങ്ങളെക്കുറിച്ച് നിങ്ങൾ ഇപ്പോൾ വായിച്ചു. ചില മാറ്റങ്ങൾ ആഗ്രഹിച്ച രീതിയിലല്ല സംഭവിച്ചത്. ബ്രിട്ടീഷുകാർ അത് അവതരിപ്പിക്കണമെന്ന് ലക്ഷ്യമിട്ടിരുന്നുമില്ല. ഉദാഹരണത്തിന്, പാശ്ചാത്യവിദ്യാഭ്യാസം ആർജിച്ച ഇന്ത്യൻ മധ്യവർഗത്തെ സൃഷ്ടിച്ച് ബ്രിട്ടീഷ് ഭരണത്തെ സഹായിക്കുന്നതിനാണ് ഇന്ത്യയിൽ പാശ്ചാത്യ വിദ്യാഭ്യാസം അവർ കൊണ്ടുവന്നത്. തീർച്ചയായും പാശ്ചാത്യവിദ്യാഭ്യാസമുള്ള ഇന്ത്യക്കാർ ഉയർന്നുവന്നു. എന്നാൽ ബ്രിട്ടീഷുകാരെ സഹായിക്കുന്നതിനുപകരം പാശ്ചാത്യ വിശാല ആശയങ്ങളായ ജനാധിപത്യം, സാമൂഹികനീതി, ദേശീയത എന്നിവ കോളനിഭരണത്തെ വെല്ലുവിളിക്കുന്നതിനായി ഉപയോഗിച്ചു.

ജനാധിപത്യമൂല്യങ്ങളും ജനാധിപത്യസ്ഥാപനങ്ങളും പൂർണമായും പാശ്ചാത്യമാണെന്ന് ഇതിന് അർഥമില്ല. നമ്മുടെ പുരാതന ഇതിഹാസങ്ങളും രാജ്യത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിലെ നാടൻകഥകളിലെ സംഭാഷണങ്ങളും ചർച്ചകളും വൈരുധ്യങ്ങൾ നിറഞ്ഞതാണ്. പുരാതന ഇതിഹാസങ്ങളിൽനിന്ന് ഏതെങ്കിലും കഥയോ ഗാനമോ സംഭവമോ നോക്കിയാൽ അതിൽ വ്യത്യസ്ത കാഴ്ചപ്പാടുണ്ടോ? നമുക്ക് മഹാഭാരതത്തിൽ നിന്ന് ഒരു ഉദാഹരണമെടുക്കാം. (ബോക്സ് 3.1)

**Box 3.1**

**ചോദ്യം ചെയ്യലിന്റെ പാരമ്പര്യം**

മഹാഭാരതത്തിൽ 'ഭൃഗു' വ്യക്തികളുടെ തൊലിയുടെ നിറത്തിലുള്ള വ്യത്യാസമാണ് ജാതിയുടെ അടിസ്ഥാനമെന്ന് ഭരധ്വജനോട് അഭിപ്രായപ്പെടുന്നു. 'ഭരധ്വജൻ' ഒരേ ജാതിയിൽത്തന്നെ വ്യത്യസ്ത നിറത്തിലുള്ളവരുണ്ടെന്ന് പറയുന്നതിനോടൊപ്പം (വ്യത്യസ്ത നിറങ്ങൾ വ്യത്യസ്ത ജാതിയെ സൂചിപ്പിക്കുന്നുവെങ്കിൽ എല്ലാ ജാതിയും മിശ്രജാതികളാണ്) നമ്മളെല്ലാം കോപം, ആഗ്രഹം, ഭയം, സങ്കടം, വിശപ്പ്, വിഷമം, തൊഴിൽ എന്നിവയാൽ സ്വാധീനിക്കപ്പെടുന്നവരാണ്. പിന്നെ എങ്ങനെയാണ് നമ്മളിൽ ജാതിവ്യത്യാസമുണ്ടാകുന്നത് എന്ന ചോദ്യവും മുന്നോട്ടുവയ്ക്കുന്നു. (Sen 2005:10-11)

അധ്യായം ഒന്നിലും രണ്ടിലും മനസ്സിലാക്കിയതുപോലെ ഇന്ത്യൻ ആശയങ്ങളെയോ പാശ്ചാത്യ ആശയങ്ങളെയോ സംബന്ധിക്കുന്നതു മാത്രമല്ല ആധുനിക ഇന്ത്യയിലെ സാമൂഹികമാറ്റങ്ങൾ. ഇത് ഇന്ത്യൻ ആശയത്തിന്റെയും പാശ്ചാത്യ ആശയങ്ങളുടെയും കൂടിച്ചേരലുകളോ

പുനർവ്യാഖ്യാനമോ ആണ്. സാമൂഹികപരിഷ്കർത്താക്കളിൽ നമ്മളതു കണ്ടു. അവർ സാമൂഹിക ആശയമായ സമത്വവും പാരമ്പര്യ ആശയമായ നീതിയും ഉപയോഗിക്കുന്നതും നമ്മൾ കാണാൻ ഇടയായി. ജനാധിപത്യം മാറിനിൽക്കുന്നില്ല. ബ്രിട്ടീഷ് ഇന്ത്യയിൽ കൊളോണിയൽ ഭരണം നടപ്പിലാക്കിയ ജനാധിപത്യവിരുദ്ധവും വിവേചനാത്മകവുമായ ഭരണരീതികൾ ഇന്ത്യയിലെ വിദ്യാസമ്പന്ന പാശ്ചാത്യ ആശയങ്ങളെക്കുറിച്ച് വായിച്ചറിഞ്ഞ ജനാധിപത്യത്തിൽ നിന്നും പാശ്ചാത്യസിദ്ധാന്തങ്ങൾ തുറന്നു കാണിച്ചതിൽനിന്നും വളരെ വൈരുധ്യമുള്ളതാണെന്ന് മനസ്സിലാക്കി. ദാരിദ്ര്യത്തിന്റെ അളവും സാമൂഹികവിവേചനത്തിന്റെ തീവ്രതയും ജനാധിപത്യത്തിന്റെ അർഥത്തെ ആഴത്തിൽ ചോദ്യം ചെയ്തു. ജനാധിപത്യമെന്നാൽ രാഷ്ട്രീയസ്വാതന്ത്ര്യമാണോ? അല്ലെങ്കിൽ സാമ്പത്തികസ്വാതന്ത്ര്യവും സാമൂഹികനീതിയുമാണോ? ജാതി, മത, വർഗ, ലിംഗ വ്യത്യാസമില്ലാത്ത തുല്യ അവകാശം മാത്രമാണോ? ആണെങ്കിൽ അസമത്വമുള്ള ഒരു സമൂഹത്തിൽ ഇതെങ്ങനെ തുല്യമായി നടപ്പിലാക്കും?

**Box 3.2**

ഫ്രഞ്ചുവിപ്ലവം മുന്നോട്ടുവച്ച സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മൂന്ന് പദങ്ങളിൽ പുതിയ അടിത്തറ പണിയാനാണ് സമൂഹം ലക്ഷ്യം വയ്ക്കുന്നത്. ഫ്രഞ്ചുവിപ്ലവം സ്വീകരിക്കപ്പെട്ടത് ഈ മുദ്രാവാക്യങ്ങളിലാണ്. അത് സമത്വം കൊണ്ടുവരുന്നതിൽ പരാജയപ്പെട്ടു. സമത്വം ലക്ഷ്യംവച്ചതിനാലാണ് നമ്മൾ റഷ്യൻ വിപ്ലവം സ്വാഗതം ചെയ്തത്. എന്നാൽ സമത്വത്തിന് കൂടുതൽ പ്രാധാന്യം നൽകാൻ അതിന് കഴിഞ്ഞില്ല. സാഹോദര്യത്തെയും സ്വാതന്ത്ര്യത്തെയും ത്യജിക്കാൻ സമൂഹത്തിനു കഴിയില്ല. സാഹോദര്യവും സ്വാതന്ത്ര്യവുമില്ലാതെ സമത്വത്തിന് ഒരു പ്രാധാന്യവുമില്ല. ബുദ്ധമാർഗം സ്വീകരിക്കുകവഴി മാത്രമേ ഇത് മൂന്നും ഒരുമിച്ചുകൊണ്ടുപോകാൻ കഴിയുകയുള്ളൂ.

*(Ambedkar 1992)*

### ബോക്സ് 3–2 ന്റെ പ്രവർത്തനം

മുകളിൽ തന്നിരിക്കുന്ന ഭാഗം വായിച്ച് ഇന്ത്യൻ ജനാധിപത്യത്തിന്റെ പുതിയ മാതൃക നിർമിക്കുന്നതിനും അന്വേഷിക്കുന്നതിനും പാശ്ചാത്യവും ഇന്ത്യയുടെതുമായ ബൗദ്ധിക ആശയങ്ങൾ ഉപയോഗിച്ചതിനെക്കുറിച്ച് ചർച്ചചെയ്യുക. ജനാധിപത്യസൃഷ്ടിക്ക് ശ്രമിച്ച ദേശീയവാദികളെയും പരിഷ്കരണവാദികളെയും കണ്ടെത്തുക.

ഇന്ത്യ സ്വതന്ത്രമാകുന്നതിനു മുമ്പുതന്നെ ഇത്തരം പ്രശ്നങ്ങളെക്കുറിച്ചു ചിന്തിച്ചിരുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരം നടക്കുമ്പോൾതന്നെ ഇന്ത്യൻ ജനാധിപത്യമെങ്ങനെയാകണമെന്ന കാഴ്ചപ്പാടുണ്ടായിരുന്നു. 1928-ൽ തന്നെ മോത്തിലാൽ നെഹ്റുവും എട്ടു കോൺഗ്രസ് നേതാക്കളും ചേർന്ന് ഇന്ത്യയുടെ ഭരണഘടനയ്ക്ക് കരട് രൂപകൽപ്പനചെയ്തിരുന്നു. 1931-ലെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കറാച്ചിസമ്മേളനം സ്വതന്ത്ര ഇന്ത്യൻ ഭരണഘടന എങ്ങനെയാകണമെന്ന് ഒരു പ്രമേയം പാസാക്കി. കറാച്ചി സമ്മേളനത്തിലെ പ്രമേയം ജനാധിപത്യത്തെ തിരഞ്ഞെടുപ്പുനടത്താനുള്ള ഒരു ഔപചാരികപ്രക്രിയയായി മാത്രമല്ല, ഇന്ത്യൻ സാമൂഹികഘടനയെ പൊളിച്ചെഴുതി ശുദ്ധമായ ജനാധിപത്യത്തെ സമൂഹത്തിൽ സ്ഥാപിക്കുന്ന കാഴ്ചപ്പാടുകളും ഉൾക്കൊണ്ടിരുന്നു.

ദേശീയപ്രസ്ഥാനം മുന്നോട്ടുവച്ച ജനാധിപത്യകാഴ്ചപ്പാട് കറാച്ചിസമ്മേളനപ്രമേയത്തിൽ കാണാമായിരുന്നു. ഇന്ത്യൻ ഭരണഘടനയിൽ ദേശീയപ്രസ്ഥാനം മുന്നോട്ടുവച്ച എല്ലാ മൂല്യങ്ങളും ഉൾക്കൊണ്ടിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ രാഷ്ട്രീയനീതിയോടൊപ്പം സാമൂഹിക-സാമ്പത്തികനീതിയും ഉറപ്പുനൽകുന്നു. സമത്വമെന്നത് രാഷ്ട്രീയസമത്വ ഉത്തരവാദിത്വമെന്നതിലുപരി പദവിക്കും അവസരത്തിനുമുള്ള അവകാശമാണെന്ന് നിങ്ങൾക്ക് കാണാൻ സാധിക്കും.

Box 3.3

അനുബന്ധം 6

സ്വരാജ് എന്തെല്ലാം ഉൾക്കൊള്ളുന്നു ?

**കറാച്ചി കോൺഗ്രസ് പ്രമേയം 1931 (Karachi Congress Resolution 1931)**

കോൺഗ്രസ്സിന്റെ സ്വരാജ് സങ്കൽപ്പത്തിൽ ജനങ്ങളുടെ യഥാർഥ സാമ്പത്തികസ്വാതന്ത്ര്യം ഉൾപ്പെടുന്നു. സ്വരാജിന് അനുയോജ്യമായി താഴെ പറയുന്നവ ഉൾപ്പെടാത്ത ഒരു ഭരണഘടന കോൺഗ്രസ് സ്വീകരിക്കില്ലെന്ന് അവർ പ്രഖ്യാപിച്ചു.

1. അഭിപ്രായപ്രകടനത്തിനും, സംഘാടനത്തിനും സമ്മേളിക്കാനുമുള്ള സ്വാതന്ത്ര്യം
2. മതസ്വാതന്ത്ര്യം
3. എല്ലാ സംസ്കാരങ്ങളുടെയും ഭാഷകളുടെയും സംരക്ഷണം
4. എല്ലാ പൗരരും നിയമത്തിനു മുൻപിൽ തുല്യരായിരിക്കണം
5. മതം, ജാതി, ലിംഗം എന്നിവയുടെ പേരിൽ തൊഴിലിലും വ്യാപാരത്തിലും ആരെയും കഴിവു കുറച്ചു കാണാൻ പാടില്ല.
6. പൊതുകിണർ, വിദ്യാലയം തുടങ്ങിയവയിൽ എല്ലാവർക്കും തുല്യ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും ഉണ്ടായിരിക്കണം.
7. ആയുധം കൈവശം വയ്ക്കാനുള്ള അധികാരം നിയമാനുസരണമായിരിക്കണം.
8. നിയമപ്രകാരമല്ലാതെ ഒരു വ്യക്തിക്കും സ്വത്തും സ്വാതന്ത്ര്യവും നിഷേധിക്കാൻ പാടില്ല.
9. രാഷ്ട്രത്തിന്റെ മതപരമായ നിഷ്പക്ഷത
10. പ്രായപൂർത്തിവോട്ടവകാശം
11. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം
12. ആലങ്കാരിക സ്ഥാനമാനങ്ങൾ നൽകരുത്.
13. വധശിക്ഷ നിർത്തലാക്കണം.
14. രാജ്യത്തെ ഓരോ പൗരനും സഞ്ചാരസ്വാതന്ത്ര്യം, എവിടെയും താമസിക്കാനുള്ള സ്വാതന്ത്ര്യം, സ്വത്തു സമ്പാദിക്കാനുള്ള സ്വാതന്ത്ര്യം, തുല്യ നിയമസംരക്ഷണത്തിനുള്ള അവകാശം എന്നിവ ഉണ്ടായിരിക്കണം.
15. വ്യാവസായിക തൊഴിലാളികൾക്ക് നല്ല ജീവിതനിലവാരം, തൊഴിലുടമയും തൊഴിലാളിയും തമ്മിലുള്ള തർക്ക പരിഹാരത്തിനുള്ള അനുയോജ്യ സംവിധാനം, വാർധക്യം, രോഗം എന്നിവയിൽ സംരക്ഷണം.
16. എല്ലാ തൊഴിലും അടിമത്തത്തിൽനിന്ന് മോചിതമാകണം.
17. സ്ത്രീത്തൊഴിലാളികൾക്ക് പ്രത്യേക സംരക്ഷണം
18. ഖനികൾ, ഫാക്ടറികൾ എന്നിവയിൽ കുട്ടികളെ തൊഴിലെടുപ്പിക്കരുത്.
19. തൊഴിലാളികൾക്കും കൃഷിക്കാർക്കും സംഘടനകൾ രൂപീകരിക്കാനുള്ള സ്വാതന്ത്ര്യം.
20. ഭൂനികുതി, പാട്ടം, വാടക എന്നിവ പരിഷ്കരിക്കുക, ആദായമില്ലാത്ത കൈവശവസ്തുക്കളുടെ പാട്ടവും നികുതിയും ഒഴിവാക്കുക, ചെറുകിട വസ്തുക്കളുടെ കുടിശ്ശിക ഒഴിവാക്കുക.
21. പൂർവാർജിത സ്വത്തിൽ ഭാഗക്രമമനുസരിച്ച് നികുതി നിശ്ചയിക്കുക.
22. സൈനികച്ചെലവ് പകുതിയായി കുറയ്ക്കുക.
23. രാഷ്ട്രത്തിലെ ഒരു ജീവനക്കാരനും 500/- രൂപയിൽ കൂടുതൽ മാസശമ്പളം നൽകാൻ പാടില്ല.
24. ഉപ്പുനികുതി നിർത്തലാക്കുക.
25. വിദേശവസ്ത്രത്തിന്റെ കടന്നുകയറ്റത്തിൽനിന്നു സ്വദേശ വസ്ത്രവിപണിയെ സംരക്ഷിക്കുക.
26. ലഹരിവസ്തുക്കളും പാനീയങ്ങളും സമ്പൂർണമായും നിരോധിക്കുക.
27. കറൻസിയും കൈമാറ്റവും ദേശീയതാൽപര്യത്തിലായിരിക്കണം.
28. അടിസ്ഥാനവ്യവസായങ്ങൾ, റെയിൽവേ, സേവനങ്ങൾ എന്നിവ ദേശസാൽക്കരിക്കുക.
29. അമിത പലിശ ഒഴിവാക്കുക. കർഷകരെ കടബാധ്യതയിൽ നിന്നൊഴിവാക്കുക.
30. പൗരർക്ക് സൈനികപരിശീലനം നൽകുക.

(അംഗത്വ അപേക്ഷാഫോറത്തിൽ അച്ചടിക്കാനായി ചുരുക്കി എഴുതിയ കറാച്ചി പ്രമേയം.)

**Box 3.4**

**ആമുഖം**


നമ്മൾ, ഇന്ത്യൻ ജനത പരമാധികാരം, മതേതര ജനാധിപത്യ പ്രജാധിപത്യ രാഷ്ട്രമായി ഇന്ത്യയെ നിർമിക്കാനും എല്ലാ പൗരർക്കും അത് ഉറപ്പാക്കാനും സഗൗരവം ദൃഢനിശ്ചയം ചെയ്യുന്നു.

സാമൂഹിക - സാമ്പത്തിക - രാഷ്ട്രീയ നീതി, ചിന്ത, ആവിഷ്കാരസ്വാതന്ത്ര്യം, മതവിശ്വാസം, ഭക്തി, ആരാധന എന്നിവയിലുള്ള പദവിയിലും അവസരത്തിലുമുള്ള സമത്വം.

വ്യക്തിയുടെ അന്തസ്സും ദേശത്തിന്റെ ഐക്യവും ഉദ്ഗ്രഥനവും ഉറപ്പിക്കുന്ന സാഹോദര്യം എല്ലാവരിലും ലഭ്യമാക്കാൻ 1949 നവംബർ 26 ന് ഭരണഘടനാനിർമാണസഭ സ്വീകരിച്ച് നിയമമാക്കി നമുക്കായി ഈ ഭരണഘടന നൽകി.

### ബോക്സ് 3 – 3, 3 – 4 ന്റെ പ്രവർത്തനങ്ങൾ

കറാച്ചിപ്രമേയവും ഭരണഘടനയുടെ ആമുഖവും ശ്രദ്ധാപൂർവം വായിച്ച് അതിലെ പ്രധാനപ്പെട്ട ആശയങ്ങൾ കണ്ടെത്തുക.



സർവേപ്പള്ളി രാധാകൃഷ്ണൻ ഭരണഘടനാ നിർമാണസഭയെ അഭിസംബോധന ചെയ്യുന്നു

ജനാധിപത്യം പലതലങ്ങളിലായി പ്രവർത്തിക്കുന്നു. ഈ അധ്യായത്തിൽ ഇന്ത്യൻ ജനാധിപത്യം നിലനിൽക്കുന്ന അടിസ്ഥാനശിലയായ ഭരണഘടനയുടെ കാഴ്ചപ്പാടുകൾ വിശദീകരിക്കുന്നു. ഭരണഘടനാ നിർമാണസമിതിയിലെ ആഴത്തിലുള്ള തുറന്ന ചർച്ചകളുടെ ഭാഗമായിട്ടാണ് ഭരണഘടന ഉരുത്തിരിഞ്ഞത്. അങ്ങനെ ഭരണഘടനയുടെ ആശയപരമായ ഉള്ളടക്കവും ഒപ്പംതന്നെ പ്രവർത്തനങ്ങളും രീതികളും രൂപപ്പെട്ടത് ജനാധിപത്യപരമായിട്ടാണ്. ഇത്തരത്തിലുള്ള സംവാദങ്ങൾ അടുത്ത ഭാഗത്തു ചർച്ച ചെയ്യുന്നു.

## ഭരണഘടനാ നിർമ്മാണസഭയിലെ സംവാദങ്ങൾ: ഒരു ചരിത്രം (Constituent Assembly Debates: A History)

വോട്ടവകാശമുള്ളതും പൂർണമായും ജനങ്ങളുടെ ആഗ്രഹത്തെ പ്രതിനിധാനം ചെയ്യുന്നതും തദ്ദേശീയവുമായ ഒരു ഭരണഘടനയുണ്ടാക്കാൻ നിയമനിർമാണസഭയ്ക്ക് മാത്രമേ സാധിക്കൂ എന്ന് 'ഒരേ ഒരു വഴി' എന്ന പേരിൽ 1939 ൽ ഗാന്ധിജി ഹരിജൻ പത്രത്തിൽ എഴുതിയ ലേഖനത്തിൽ പറഞ്ഞു. പ്രായപൂർത്തിയായ സ്ത്രീക്കും പുരുഷനും വോട്ടവകാശമുള്ള 1939 ലെ നിയമനിർമ്മാണ സഭയ്ക്കുവേണ്ടിയുള്ള പൊതു ആവശ്യത്തിന്റെ ഉയർച്ചതാഴ്ചകൾക്കൊടുവിൽ 1945 ൽ സാമ്രാജ്യത്വ ബ്രിട്ടൻ അതിന് അംഗീകാരം നൽകി. 1946 ജൂലൈയിൽ തിരഞ്ഞെടുപ്പ് നടത്തി. 1946 ആഗസ്റ്റിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ വിദഗ്ധസമിതി നിയമനിർമ്മാണസഭയിൽ പ്രമേയം പാസാക്കി. ഇന്ത്യ മുഴുവൻ ജനങ്ങൾക്കും രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക നീതി ഉറപ്പാക്കുന്ന ഒരു റിപ്പബ്ലിക്കായിരിക്കും എന്ന പ്രഖ്യാപനം ഇതിൽ ഉണ്ടായിരുന്നു.

സാമൂഹികനീതിയുടെ കാര്യത്തിൽ മുൻകൂട്ടി തീരുമാനിക്കപ്പെട്ട കാര്യങ്ങൾ ഗവൺമെന്റ് ഉണ്ടാകണോ എന്നും രാഷ്ട്രം അതിന് കീഴ്പ്പെട്ട് നിൽക്കണമോ എന്നതിനെക്കുറിച്ചും ധാരാളം ചർച്ചകളുണ്ടായി. തൊഴിലിലുള്ള അവകാശം, സാമൂഹിക സുരക്ഷിതത്വം, ഭൂപരിഷ്കരണം, സ്വത്തവകാശം, പഞ്ചായത്ത് സംഘാടനം എന്നീ വ്യത്യസ്ത മേഖലകളെക്കുറിച്ചും ചർച്ചകൾ നടന്നു. ചില ചർച്ചാശകലങ്ങൾ താഴെ നൽകുന്നു.

### സംവാദങ്ങളുടെ ശകലങ്ങൾ

**Box 3.5**

- കെ.ടി.ഷാ: 'ഉപയുക്തമായ തൊഴിൽ അവകാശം' എന്നത് യാഥാർഥ്യമാക്കേണ്ടത്. കഴിവും യോഗ്യതയുമുള്ള എല്ലാവർക്കും തൊഴിൽ നൽകേണ്ടത് രാഷ്ട്രത്തിന്റെ സ്പഷ്ടമായ കടമയാക്കി മാറ്റിക്കൊണ്ടാണ്.
- ബി. ദാസ് : "ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ നീതിയുക്തവും നീതിയുക്തമല്ലാത്തതും എന്നിങ്ങനെ വേർതിരിക്കുന്നതിനെ എതിർത്തു. ജനങ്ങളുടെ വിശപ്പകറ്റുകയും എല്ലാ പൗരർക്കും സാമൂഹിക നീതിയും സാമൂഹികസുരക്ഷയും ഉറപ്പുവരുത്തുകയും ചെയ്യുക എന്നത് ഗവൺമെന്റിന്റെ പ്രഥമ കർത്തവ്യമാണെന്ന് ഞാൻ കരുതുന്നു. പെരുകുന്ന കോടികൾ പട്ടിണിയിൽനിന്നുള്ള സ്വാതന്ത്ര്യം ഉറപ്പാക്കുമെന്നോ സാമൂഹികനീതി ഉറപ്പാക്കുമെന്നോ അനിവാര്യ ജീവിതനിലവാരം, പൊതു ആരോഗ്യം തുടങ്ങിയവ ലഭ്യമാക്കുമെന്നോയുള്ള പ്രതീക്ഷകൾ നൽകിയില്ല.
- അംബേദ്കറുടെ അഭിപ്രായം താഴെ പറയുന്നതായിരുന്നു :

  ഭരണഘടനയുടെ ആദ്യരൂപരേഖ ഗവൺമെന്റിന് പ്രവർത്തിക്കാനുള്ള ഒരു ഉപകരണം മാത്രമാണ്. അല്ലാതെ മറ്റു രാഷ്ട്രങ്ങളിലുള്ളതുപോലെ പ്രത്യേക പാർട്ടിയെ അധികാരത്തിലെത്തിക്കാനുള്ള സൂത്രപ്പണിയല്ല. ആര് അധികാരത്തിലിരിക്കണമെന്നത് ജനങ്ങൾ തീരുമാനിക്കും. ഈ വ്യവസ്ഥ ജനാധിപത്യത്തിന്റെ പരീക്ഷണങ്ങളെ വിജയിപ്പിക്കണമെങ്കിൽ അത് അങ്ങനെ സംഭവിക്കണം. അധികാരത്തിൽ ആരുതന്നെ വന്നാലും അവർക്കിഷ്ടം പോലെ പ്രവർത്തിക്കാൻ സാധിക്കില്ല. അവർ നിർദേശകതത്ത്വങ്ങളെ ബഹുമാനിക്കുകയും പാലിക്കുകയും വേണം. അതിനെ അവഗണിക്കാൻ പറ്റില്ല. അങ്ങിനെ സംഭവിച്ചാൽ കോടതിയിൽ ഉത്തരം നൽകിയില്ലെങ്കിലും തീർച്ചയായും തിരഞ്ഞെടുപ്പിൽ ജനങ്ങളോട് ഉത്തരം പറയേണ്ടിവരും. വലതുപക്ഷശക്തി കൗശലം ഉപയോഗിച്ച് അധികാരം പിടിച്ചെടുക്കാൻ ശ്രമിക്കുമ്പോൾ നിർദേശകതത്ത്വങ്ങളുടെ ശക്തി മനസ്സിലാകും.
- ഭൂപരിഷ്കരണത്തെക്കുറിച്ച് നെഹ്റു പറഞ്ഞു: സാമൂഹികശക്തികൾ പ്രബലമായതിനാൽ നിയമത്തിന് പരിഷ്കരണത്തിനെതിരെ നിൽക്കാൻ കഴിയില്ല. ഇവരണ്ടിനും ഇടയിലുള്ള ചാലകശക്തി ഒരു കാര്യം സൂചിപ്പിക്കുന്നു. നിയമത്തിനും ലോകസഭയ്ക്കും മാറ്റങ്ങൾക്കൊപ്പം നിൽക്കാൻ സാധിക്കുന്നില്ലെങ്കിൽ സാഹചര്യത്തെ നിയന്ത്രിക്കാനും സാധിക്കില്ല.
- ഗോത്രങ്ങളെയും അവരുടെ താൽപ്പര്യങ്ങളെയും സഹായിക്കുന്നതിനെക്കുറിച്ച് ഭരണഘടനയുടെ നിർമ്മാണസഭ ചർച്ചയിൽ നെഹ്റു ജെയ്പാൽ സിങ്ങിനെപ്പോലുള്ള നേതാക്കൾക്ക് ഉറപ്പുനൽകി: 'നമ്മുടെ ലക്ഷ്യവും സ്ഥിര ആഗ്രഹവും ഗോത്രവർഗക്കാരെ കഴിയാവുന്ന രീതിയിൽ സഹായിക്കുക എന്നതും ദുരാഗ്രഹികളായ അയൽക്കാരിൽനിന്ന് അവസരത്തിനൊത്ത് അവരെ രക്ഷിക്കുന്നതോടൊപ്പം അവരെ പുരോഗതിയിലേക്കു നയിക്കുകയെന്നതും ആണ്."
- ഭരണഘടനാ നിർമ്മാണ സഭ കോടതിക്കിടപെടാൻ കഴിയാത്ത രാഷ്ട്രത്തിന്റെ നിർദ്ദേശകതത്ത്വങ്ങളെ സ്വീകരിച്ചിച്ചെങ്കിലും മറ്റ് തത്ത്വങ്ങളും ഏകാഭിപ്രായത്തോടെ അംഗീകരിച്ചു. കെ. ശാന്താറാമിന്റെ അഭിപ്രായമായ ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണം, ഫലപ്രദമായ അധികാരവും ശക്തിയും നൽകി അവയെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഘടകമാക്കുക എന്ന വകുപ്പും സ്വീകരിക്കപ്പെട്ടു.
- ടി.എ. രാമലിംഗ ചെട്ടിയാർ ഗ്രാമീണമേഖലയിൽ സഹകരണാടിസ്ഥാനത്തിൽ കുടിൽവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന വകുപ്പും കൂട്ടിച്ചേർത്തു. പ്രശസ്ത ലോകസഭാംഗം താക്കൂർദാസ് ഭാർഗവയുടെ ആധുനികരീതിയിലുള്ള കൃഷിയും മൃഗസംരക്ഷണവും രാഷ്ട്രം സംഘടിപ്പിക്കണമെന്ന അഭിപ്രായവും സ്വീകരിച്ചു.

### ബോക്സ് 3 – 5 ന്റെ പ്രവർത്തനം

മുകളിലെ ചർച്ചാശകലങ്ങൾ ശ്രദ്ധയോടെ വായിക്കുക. വ്യത്യസ്ത ആശയങ്ങൾ എങ്ങനെ സൂചിപ്പിച്ചുവെന്നും ചർച്ചചെയ്തുവെന്നും പഠിക്കുക. ഈ പ്രശ്നങ്ങൾ വർത്തമാന കാലഘട്ടത്തിൽ എത്രത്തോളം പ്രസക്തമാണ്?

## മത്സരാധിഷ്ഠിത താൽപര്യങ്ങൾ : ഭരണഘടനയും സാമൂഹികമാറ്റവും
## (Competing interests: The constitution and Social change)

ഇന്ത്യ പലതലങ്ങളിൽ നിലകൊള്ളുന്നു. അനേകം മതങ്ങളും വ്യത്യസ്ത സംസ്കാരങ്ങളും ഒപ്പം വ്യത്യസ്ത സംസ്കാരത്തിന്റെ ഉടമകളായ ഗോത്രവർഗങ്ങളും ഇന്ത്യൻ ബഹുസ്വരതയുടെ ഭാഗമാണ്. ഇന്ത്യൻ ജനതയെ തരംതിരിക്കുന്ന പല വിഭജനങ്ങളുണ്ട്. ഗ്രാമ-നഗര വിഭജനം, പണക്കാരനും പാവപ്പെട്ടവനും തമ്മിലുള്ള വിഭജനം, സാക്ഷരരും നിരക്ഷരരും തമ്മിലുള്ള വിഭജനം എന്നിവയിൽ വ്യത്യസ്ത തോതിൽ സംസ്കാരം, ജാതി, മതം എന്നിവ സ്വാധീനിക്കുന്നു. ജാതി, ദാരിദ്ര്യം എന്നിവയാൽ ആഴത്തിൽ ശ്രേണീകരിക്കപ്പെട്ടതിനാൽ ഗ്രാമത്തിലെ പാവപ്പെട്ടവർക്കിടയിൽ സംഘങ്ങളും ഉപസംഘങ്ങളുമുണ്ട്. നഗരത്തിലെ തൊഴിൽവർഗം വിപുല വിഭാഗമാണ്. സംഘടിതമായ കുടിൽവ്യവസായം, ഉദ്യോഗസ്ഥവിഭാഗം, കച്ചവടവിഭാഗം എന്നീ വിഭാഗങ്ങൾ ഉൾക്കൊള്ളുന്നു. നഗര ഉദ്യോഗസ്ഥ വിഭാഗം ഇന്ത്യൻ സാമൂഹികരംഗത്തിൽ താൽപ്പര്യമുള്ളവരും രാഷ്ട്രവിഭവങ്ങളുടെ നിയന്ത്രണത്തിന് മുറവിളികൂട്ടുന്നവരുമാണ്. എന്നിരുന്നാലും ഭരണഘടനയിൽ പറഞ്ഞിട്ടുള്ള ചില അടിസ്ഥാനലക്ഷ്യങ്ങൾ നീതിയുക്തമാണെന്ന് ഇന്ത്യൻ രാഷ്ട്രീയലോകം പൊതുവായി അംഗീകരിച്ചിരിക്കുന്നു. ദരിദ്രരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും ശാക്തീകരിക്കുക, ദാരിദ്ര്യം നിർമ്മാർജനം ചെയ്യുക, ജാതിവ്യവസ്ഥ ഇല്ലായ്മചെയ്യുക, എല്ലാ സംഘങ്ങളെയും ഒരുപോലെ കാണുക എന്നിവയാണ് ഗുണാത്മക ചുവടുവയ്പുകൾ.

മത്സരാധിഷ്ഠിത താൽപ്പര്യങ്ങൾ എല്ലായ്പ്പോഴും കൃത്യമായ വർഗവിഭാഗമായി കാണാറില്ല. ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്ന വിഷപദാർഥങ്ങൾ പുറന്തള്ളുന്ന തൊഴിൽശാലകൾ അടച്ചുപൂട്ടണം. ഭരണഘടന സംരക്ഷിക്കുന്ന ജീവന്റെ പ്രശ്നമാണിത്. ഇതിന്റെ മറുവശമെന്നത് അടച്ചുപൂട്ടൽ ജനങ്ങളെ തൊഴിൽരഹിതരാക്കുമെന്നതാണ്. ഇത് ജീവിതമാർഗത്തിന്റെ പ്രശ്നമായതിനാൽ ഭരണഘടന ഇതിനെയും സംരക്ഷിക്കുന്നു. ഇത്തരം സങ്കീർണതയും ബഹുസ്വരതയും ഭരണഘടനാ നിർമ്മാണസഭയ്ക്ക് അതിന്റെ നിർമ്മാണവേളയിൽ ധാരണയുണ്ടായിരുന്നു. അതിനാൽ സാമൂഹികനീതി കൈവരിക്കുന്നതിനവർ ഉറപ്പു നൽകി.





Protest against inclusion of creamy layer of OBC in the Bill
SAVE MERIT
Ban on child labour welcome, but these kids have a question
Rati Chaudhary | TNN
"Satyagrah" in support of tribals
A memorandum containing the demands sent to the President
THE HINDU • SUNDAY, DECEMBER 24, 2006
Madhya Pradesh tribals protest against Wildlife Protection Act
Dharna in front of Chief Minister's residence
contending
interests
Green light for
more SEZ prop
K.A. Badarinath
New Delhi, October 27
heckmate?

## ഭരണഘടനാപരമായ ക്രമങ്ങളും സാമൂഹികനീതിയും (സാമൂഹികനീതിക്ക് സഹായകമാകുന്ന വ്യാഖ്യാനം) (Constitutional norms and Social Justice (Interpretation To Aid Social Justice)

നിയമവും നീതിയും തമ്മിൽ വ്യത്യാസമുണ്ട്. നിയമത്തിന്റെ സത്ത ബലപ്രയോഗമാണ്. നിയമം നിയമമാകുന്നത് അധികാരം, അല്ലെങ്കിൽ ബലപ്രയോഗത്തിലുള്ള അനുസരണം എന്നീ മാർഗങ്ങൾ ഉപയോഗിക്കുന്നതിനാലാണ്. അതിന്റെ പിന്നിൽ രാഷ്ട്രത്തിന്റെ ശക്തിയുണ്ട്. ഔചിത്യമാണ് നീതിയുടെ സത്ത. ഏതൊരു നിയമവും അധികാരശ്രേണിയിലൂടെയാണു നടക്കുന്നത്. എല്ലാ നിയമത്തിന്റെയും ആധിപത്യത്തിന്റെയും അടിസ്ഥാനം ഭരണഘടനയാണ്. ദേശത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ രൂപീകരിക്കുന്ന പ്രമാണമാണിത്. ഇന്ത്യൻ ഭരണഘടന ഇന്ത്യയുടെ അടിസ്ഥാനക്രമമാണ്. ഭരണഘടന നിർദേശിക്കുന്ന രീതിയിൽ മാത്രമാണ് മറ്റെല്ലാ നിയമങ്ങളും നിർമ്മിക്കുന്നത്. ഈ നിയമങ്ങൾ നിർമ്മിക്കുന്നതും ഉപയോഗത്തിൽ വരുത്തുന്നതും ഭരണഘടന സൂചിപ്പിച്ച അധികാരങ്ങളിലൂടെയാണ്. തർക്കങ്ങൾ ഉണ്ടാകുമ്പോൾ കോടതികളുടെ ശ്രേണികളിലൂടെ (ഇതും ഭരണഘടന ഉണ്ടാക്കിയ അധികാരശ്രേണികളാണ്) നിയമങ്ങളെ വ്യാഖ്യാനിക്കുന്നു. ഇന്ത്യയിലെ ഏറ്റവും വലുതും അന്തിമ വ്യാഖ്യാതാവും സുപ്രീം കോടതിയാണ്.

ഭരണഘടനയിലെ മൗലികാവകാശങ്ങളുടെ സത്ത സുപ്രീം കോടതി പലരീതിയിൽ വിശാലമാക്കി. ചില ഉദാഹരണങ്ങൾ താഴെ തന്നിരിക്കുന്ന ബോക്സിൽ വിശദീകരിക്കുന്നു.

**Box 3.6**

- ഒരു മൗലികാവകാശം എന്നാൽ അതുമായി ബന്ധപ്പെട്ട് ആകസ്മികമായി ഉയർന്നുവരാനിടയുള്ള എല്ലാറ്റിനെയും കൂടി ഉൾക്കൊള്ളുന്നതാണ്. ജീവിക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും ആർട്ടിക്കിൾ 21 സൂചിപ്പിക്കുന്ന മൗലികാവകാശമാണ്. ഇത് വ്യാഖ്യാനം ചെയ്തതിൽ ഗുണാത്മകജീവിതനിലവാരം, ജീവിതമാർഗം, ആരോഗ്യം, താമസം, അഭിമാനം, വിദ്യാഭ്യാസം എന്നിവ ഉൾക്കൊള്ളുന്നു. വ്യത്യസ്ത വിധിന്യായത്തിൽ ജീവിതം എന്ന പദത്തിന്റെ അർഥം വിപുലമാക്കപ്പെട്ടു. ജീവിതം എന്നത് കേവലം ഒരു മൃഗത്തിന്റെ നിലനിൽപ്പ് എന്നതിനെക്കാളുപരിയായി വ്യാഖ്യാനിക്കപ്പെട്ടു. ഇത്തരം വ്യാഖ്യാനങ്ങൾ തടവുകാരുടെ ഒറ്റപ്പെടൽ, പീഡനം എന്നിവയ്ക്ക് ആശ്വാസമായി. കരാർ തൊഴിലാളികളുടെ (bonded labourers) മോചനത്തിനും പുനരധിവാസത്തിനും കാരണമായി. പരിസ്ഥിതിയെ നശിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് എതിരെയും പ്രാഥമികാരോഗ്യം, പ്രാഥമികവിദ്യാഭ്യാസം എന്നിവ നൽകുന്നതിനും കാരണമായി.

  1993 ൽ സുപ്രീംകോടതി വിവരാവകാശനിയമം ആർട്ടിക്കിൾ 19(1) a യുടെ കീഴിൽ വരുന്ന ആശയം പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യത്തിന്റെ ഭാഗമാണെന്ന് പറഞ്ഞു.

- നിർദേശകതത്ത്വങ്ങളെ മൗലികാവകാശങ്ങളുടെ ഉള്ളടക്കത്തിൽ മനസ്സിലാക്കാം. തുല്യജോലിക്ക് തുല്യവേതനം എന്ന നിർദേശകതത്ത്വത്തെ സുപ്രീംകോടതി ആർട്ടിക്കിൾ 14 ൽ വരുന്ന സമത്വത്തിന്റെ ഉള്ളടക്കത്തിൽ കണ്ടു. ഇത് ധാരാളം തോട്ടംതൊഴിലാളികൾക്കും കൃഷിപ്പണിക്കാർക്കും മറ്റുള്ളവർക്കും ആശ്വാസമായി.

ഭരണഘടന സാമൂഹികനീതി നടപ്പിലാക്കുന്നതിന് ചെയ്യേണ്ടതിന്റെയും ചെയ്യേണ്ടാത്തതിന്റെയും പരാമർശമല്ല. സാമൂഹികനീതിയുടെ അർഥം വ്യാപിപ്പിക്കുന്നതിനുള്ള ശേഷി അതിനുണ്ട്. സാമൂഹികനീതിയുടെ സമകാലികധാരണകൾക്ക് യോജിച്ച രീതിയിൽ അവകാശങ്ങൾ, തത്ത്വങ്ങൾ എന്നിവ വ്യാഖ്യാനം ചെയ്യുന്നതിന് കോടതിയെയും അധികാരികളെയും സാമൂഹികപ്രസ്ഥാനങ്ങൾ സഹായിച്ചു. നിയമവും കോടതിയും തർക്കവിഷയങ്ങൾ ചർച്ചചെയ്യുന്ന സ്ഥലങ്ങളാണ്. ഭരണഘടന രാഷ്ട്രീയാധികാരത്തെ സാമൂഹികക്ഷേമത്തിലേക്ക് വഴികാണിക്കുകയും പരിഷ്കരിക്കുകയും ചെയ്യുന്നു.

സാമൂഹികനീതി അടിസ്ഥാനമാക്കിയതിനാലാണ് ഭരണഘടനയ്ക്ക് ജനങ്ങളെ സഹായിക്കാൻ സാധിക്കുന്നതെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. ഉദാഹരണത്തിന്, ഗ്രാമപ്പഞ്ചായത്തുകളെക്കുറിച്ചുള്ള നിർദേശകതത്ത്വം ഭരണഘടനാനിർമ്മാണസഭയിൽ ഒരു ഭേദഗതിയോടെ അവതരിപ്പിച്ചത് കെ. ശാന്താറാം ആണ്. നാൽപ്പതു വർഷത്തിനുശേഷം 1992 ൽ 73-ാം ഭരണഘടനാഭേദഗതിയായി അത് ഭരണഘടനാപരമായ നിയമമായി. ഇത് നിങ്ങൾ അടുത്ത അധ്യായത്തിൽ മനസ്സിലാക്കും.

## 3.2 പഞ്ചായത്ത്‌രാജും ഗ്രാമീണ സാമൂഹികപരിവർത്തനത്തിന്റെ വെല്ലുവിളികളും (The Panchayati Raj and the Challenges of Rural Social Transformation)


### പഞ്ചായത്ത്‌രാജിന്റെ ആദർശങ്ങൾ (Ideals of Panchayati Raj)

പഞ്ചായത്ത്‌രാജിന്റെ അർഥം അഞ്ചു വ്യക്തികളുടെ ഭരണം എന്നാണ്. ഗ്രാമീണതലത്തിൽ അറിവാ ഏറ്റവും താഴെത്തട്ടിൽത്തന്നെ കാര്യക്ഷമവും സജീവവുമായ ജനാധിപത്യത്തെ ഉറപ്പുവരുത്തുന്ന ആശയമാണിത്. നമ്മുടെ രാജ്യത്ത് അടിസ്ഥാന ജനാധിപത്യമെന്നത് ഇറക്കുമതിചെയ്ത ആശയമല്ല. ശക്തമായി അസമത്വമുള്ള ഒരു സമൂഹത്തിൽ ജനാധിപത്യപങ്കാളിത്തത്തിന് ലിംഗഭേദം, വർഗം, ജാതി എന്നിവ തടസ്സമുണ്ടാക്കുന്നു. പാരമ്പര്യമായി നമ്മുടെ സമൂഹത്തിൽ ജാതിപഞ്ചായത്തുകൾ ഉണ്ടായിരുന്നുവെന്ന് ഈ അധ്യായത്തിൽ വരാൻപോകുന്ന ഭാഗത്തുനിന്നും പത്രവാർത്തകളിൽനിന്നും മനസ്സിലാക്കാം. എന്നാൽ മേധാവിത്വ സംഘങ്ങളാണ് അവയെ സാധാരണയായി പ്രതിനിധാനം ചെയ്തിരുന്നത്. കൂടാതെ അവർ യാഥാസ്ഥിതിക കാഴ്ചപ്പാടുകൾ വച്ചുപുലർത്തുന്നവരും സാധാരണയായി എടുക്കുന്ന തീരുമാനങ്ങളും നിയമങ്ങളും ജനാധിപത്യക്രമത്തിനും പ്രക്രിയയ്ക്കും വിരുദ്ധവുമായിരുന്നു.

ഭരണഘടനയുടെ ആദ്യരൂപരേഖയിൽ പഞ്ചായത്തിനെ പ്രതിപാദിച്ചിരുന്നില്ല. ഇതിനെതിരെ നിരവധി അംഗങ്ങൾ ദുഃഖവും നിരാശയും സൂചിപ്പിച്ചു. അതേസമയം ഡോ. അംബേദ്കർ തന്റെ ഗ്രാമങ്ങളിലെ പരിചയസമ്പത്തിന്റെ അടിസ്ഥാനത്തിൽ ഉപരിവർഗവും ഉയർന്നവരെന്നു പറയപ്പെടുന്ന ജാതിക്കാരും ഗ്രാമപ്പഞ്ചായത്തും തദ്ദേശഭരണവും ഉപയോഗിച്ച് അടിച്ചമർത്തപ്പെട്ടവരെ തുടർന്നും ചൂഷണം ചെയ്യുന്നതിലേക്കു നയിക്കുമെന്ന് അഭിപ്രായപ്പെട്ടു. ഉയർന്നവരെന്നു പറയുന്ന ജാതിക്കാർ ഈ ജനവിഭാഗത്തെ വീണ്ടും നിശ്ശബ്ദരാക്കുമെന്നതിന് ഒരു സംശയവുമില്ല. തദ്ദേശഭരണം ഗാന്ധിജിക്ക് പ്രിയമുള്ളതായിരുന്നു. അദ്ദേഹം ഓരോ ഗ്രാമത്തെയും സ്വയംപര്യാപ്തമായ ഏകകമായാണ് (Unit) കണ്ടത്. ഓരോ ഗ്രാമവും കാര്യങ്ങൾ സ്വയം നടത്തുന്ന 'ഗ്രാമസ്വരാജ്' (Grama Swaraj) ആയി സ്വാതന്ത്ര്യാനന്തരം തുടരാവുന്ന ഒരു മാതൃകയാണെന്ന് അദ്ദേഹം നിർദേശിച്ചു.


> **Box 3.7**
>
> **പഞ്ചായത്ത്‌രാജിലെ ത്രിതല വ്യവസ്ഥ (The Three tier System of Panchayati Raj)**
>
> - ഈ ഘടന ഒരു പിരമിഡ് പോലെയാണ്. അതിന്റെ അടിത്തറ ഗ്രാമസഭ അല്ലെങ്കിൽ ജനാധിപത്യത്തിന്റെ ഏകകമാണ്. അതിൽ ഗ്രാമത്തിലെ അല്ലെങ്കിൽ വില്ലേജിലെ മുഴുവൻ പൗരരും ഉൾപ്പെടുന്നു. ഇവരാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതും വ്യത്യസ്ത ഉത്തരവാദിത്വങ്ങൾ നൽകുന്നതും. ഗ്രാമസഭ താത്ത്വികമായി ഗ്രാമത്തിന്റെ പുരോഗമനപ്രവർത്തനങ്ങളെക്കുറിച്ചുള്ള തുറന്ന ചർച്ചയിൽ തീരുമാനങ്ങളെടുക്കുന്നു, ഗ്രാമതലത്തിൽ വികസന പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നു. ഇതിൽ ദുർബലവിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നു.
> - ഇരുപതു ലക്ഷത്തിനുമുകളിൽ ജനസംഖ്യയുള്ള എല്ലാ സംസ്ഥാനങ്ങളിലും ഭരണഘടനയുടെ 73-ാം ഭേദഗതി ത്രിതലസംവിധാനമായ പഞ്ചായത്ത്‌രാജ് സംവിധാനം ഉറപ്പുവരുത്തുന്നു.
> - ഓരോ അഞ്ചുവർഷം കഴിയുമ്പോഴും തിരഞ്ഞെടുപ്പു നടത്തണമെന്ന് നിർബന്ധമാണ്.
> - ഇത് പട്ടികജാതി - പട്ടികവർഗക്കാർക്ക് സംവരണവും സ്ത്രീകൾക്ക് 33 ശതമാനം സംവരണവും നൽകുന്നു.
> - ജില്ലാ ആസൂത്രണസമിതിക്ക് രൂപംനൽകുകയും ഈ സമിതി ജില്ലാടിസ്ഥാനത്തിൽ വികസനപദ്ധതികൾ തയാറാക്കുകയും ചെയ്യുന്നു.

1992-ൽ 73-ാം ഭരണഘടനാ ഭേദഗതി തൃണമൂലജനാധിപത്യം അല്ലെങ്കിൽ വികേന്ദ്രീകൃത ഭരണം ഉറപ്പുനൽകി. പഞ്ചായത്ത്‌രാജ് സ്ഥാപനത്തിന് (PRI) ഇത് ഭരണഘടനാപരമായ പദവി നൽകി. മുനിസിപ്പാലിറ്റികളിലും ഗ്രാമങ്ങളിലും അഞ്ചു വർഷം കൂടുമ്പോൾ തിരഞ്ഞെടുപ്പ് നടത്തണമെന്ന് നിർബന്ധമായി. തദ്ദേശവിഭവങ്ങളുടെ അംഗീകാരം തിരഞ്ഞെടുക്കപ്പെടുന്ന സമിതിക്ക് നൽകുന്നുവെന്നതാണ് പ്രധാനപ്പെട്ട കാര്യം.



ഒരു ഗ്രാമത്തിനു തനിക്ക് ലഭിച്ച പാരിതോഷികവുമായി

ഗ്രാമ-നഗര പ്രദേശങ്ങളിലെ തിരഞ്ഞെടുക്കപ്പെടുന്ന എല്ലാ തദ്ദേശസമിതികളിലും മൂന്നിൽ ഒരു ഭാഗം സീറ്റ് സ്ത്രീകൾക്ക് 73, 74 ഭരണഘടനാ ഭേദഗതിയിലൂടെ സംവരണം ചെയ്തിരിക്കുന്നു. ഇതിൽ പട്ടികവർഗ-പട്ടികജാതി സ്ത്രീകൾക്ക് 17 ശതമാനം സീറ്റ് സംവരണം ചെയ്തിരിക്കുന്നു. സ്ത്രീകളെ ആദ്യമായി തിരഞ്ഞെടുക്കപ്പെട്ട സമിതികളിലെത്തിച്ച് തീരുമാനങ്ങളെടുക്കാനുള്ള അധികാരം നൽകിയതിൽ ഈ ഭേദഗതി വളരെ പ്രാധാന്യമർഹിക്കുന്നു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, ഗ്രാമപ്പഞ്ചായത്ത്, വില്ലേജ് പഞ്ചായത്ത്, നഗരസഭ, ജില്ലാ ബോർഡുകൾ എന്നിവ മൂന്നിൽ ഒരു ഭാഗം സ്ത്രീകൾക്ക് സംവരണം ചെയ്തു. 73-ാം ഭരണഘടനാ ഭേദഗതിക്കു ശേഷമുള്ള 1993-94 ലെ തിരഞ്ഞെടുപ്പിൽ 800000 സ്ത്രീകൾ രാഷ്ട്രീയപ്രക്രിയയിൽ പങ്കെടുത്തു. സ്ത്രീകൾക്ക് വോട്ടവകാശം നൽകി സ്വതന്ത്രമാക്കുന്നതിൽ ഇതൊരു വലിയ ചുവടുവയ്പായിരുന്നു. 1992-93 ലാണ് ഭരണഘടനാ ഭേദഗതി നിർദേശിച്ച ത്രിതല സ്വയംഭരണസംവിധാനം (കഴിഞ്ഞ പേജിലെ ബോക്സ് 3-7 വായിക്കുക) രാജ്യത്ത് പൂർണമായും നടപ്പിലാക്കിയത്.



# New deal for panchayat workers

Staff Correspondent

**BHOPAL:** Panchayat Karmis (workers) associated with over 23,000 panchayats across Madhya Pradesh will now be covered under a special group insurance package. Under the scheme, the workers would be covered for serious ailments, accidents and death. The Group Insurance Scheme would be introduced in all the panchayats of the State on April 1, 2007. At present there are about 18,000 workers in 23,051 panchayats across the State.

Under this scheme, there is provision for financial assistance of Rs.1 lakh to the family of a panchayat karmi in case of death while in service. Besides, an assistance of Rs.50,000 would be given to a panchayat karmi in the case of permanent disability or loss of both eyes, two body organs, one eye or one body organ due to some accident. Similarly, an assistance of Rs.25,000 would be given for the loss of one eye or one body part or any serious ailment.

## പഞ്ചായത്തിന്റെ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും (Powers and Responsibilities of Panchayath)

സ്വയംഭരണസ്ഥാപനമായി പ്രവർത്തിക്കുന്നതിന് പഞ്ചായത്തുകൾക്ക് ശക്തിയും അധികാരവും നൽകണമെന്ന് ഭരണഘടന അനുശാസിച്ചു. അതിനായി എല്ലാ സംസ്ഥാന സർക്കാരുകളും പ്രാദേശിക പ്രതിനിധികൾക്ക് പുതുജീവൻ നൽകേണ്ടതുണ്ട്.

പഞ്ചായത്തുകൾക്ക് താഴെ പറയുന്ന അധികാരങ്ങളും ഉത്തരവാദിത്വങ്ങളും നൽകിയിരിക്കുന്നു.

- സാമ്പത്തികവികസനത്തിനുള്ള പദ്ധതികൾ തയാറാക്കുക.
- സാമൂഹികനീതി ഉയർത്തുന്നതിനുള്ള പദ്ധതികൾ തയാറാക്കുക.
- യോജിച്ച രീതിയിൽ നികുതികൾ, തീരുവകൾ, ടോളുകൾ, ഫീസുകൾ എന്നിവ പിരിച്ചെടുക്കുക.
- ഗവൺമെന്റിന്റെ ഉത്തരവാദിത്വങ്ങൾ നടപ്പിലാക്കുന്നതിന് സഹായിക്കുക, പ്രത്യേകിച്ചും പ്രാദേശിക അധികാരികൾക്ക് സാമ്പത്തികം കൈമാറുന്നതിൽ.

ശ്മശാനങ്ങൾ നിലനിർത്തുക, ജനനമരണക്കണക്കുകൾ സൂക്ഷിക്കുക, സ്ത്രീ-ശിശുക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കുക, കന്നുകാലികൾക്കുള്ള കുളങ്ങളുടെ സംരക്ഷണം, തടാകങ്ങൾ, കുടുംബാസൂത്രണം പ്രോത്സാഹിപ്പിക്കുക, കാർഷികപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നിവ പഞ്ചായത്തിന്റെ സാമൂഹികക്ഷേമ ഉത്തരവാദിത്വങ്ങളാണ്. റോഡുകൾ നിർമ്മിക്കലും, ടാങ്കുകൾ, സ്കൂളുകൾ, പൊതുസ്ഥാപനങ്ങൾ, പൊതുകിണർ എന്നിവ നിർമ്മിക്കലും പുരോഗമനപ്രവർത്തനങ്ങളാണ്. ചെറുകിട കുടിൽവ്യവസായത്തിന്റെ പ്രോത്സാഹനവും ചെറുകിട ജലസേചനപ്രവർത്തനങ്ങളുടെ നിർമാണവും നടത്തിപ്പും പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. സംയോജിത ഗ്രാമവികസന പദ്ധതി (IRDP), സംയോജിത ശിശുവികസന പദ്ധതി (ICDS) എന്നിവ പഞ്ചായത്തുകളുടെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്.

## Panchayati Raj Ministry prepares software to aid transfer of funds

Special Correspondent

NEW DELHI: The Union Panchayati Raj Ministry has prepared a software to maintain databases of bank accounts of all Panchayati Raj Institutions (PRIs) to facilitate the transfer of funds through banking channels, preferably electronically.

Once the data is entered, money can be transferred directly to the 2,40,000 PRIs from the State's Consolidate Fund.

Karnataka has already implemented this system, using the fast expanding electronic network of banks to transfer funds from the State treasury to individual panchayats.

Here, the State Government sends 12th Finance Commission funds and its own untied statutory grant to all panchayats directly from the State Department of Panchayati Raj through banks without any intermediary. The arrangement involves six nationalised and 12 gramin banks, in which all 5,800 panchayats at all levels hold accounts.

This has reduced the time taken for funds to reach each panchayat from two months to 12 days.

The Ministry of Finance has indicated its willingness to work with the Panchayati Raj Ministry towards developing a consensus on adoption of this tool kit, across Central ministries and State Governments.

The 12th Finance Commission has recommend that a sum of Rs. 20,000 be made available as grants to the State Governments between 2005-2010 to augment the Consolidated Fund at State level to facilitate the supplementing of the financial resources placed at the disposal of the panchayats.

The Union Finance Ministry has also mandated that these funds must invariably be transferred to panchayats within 15 days of their being credited to State Consolidated Fund.

The Finance Ministry guidelines also make it clear that grants will not be released to a State where elections to the panchayats have not been held, each State Finance Secretary would be required to provide a certificate within 15 days of the release of each instalment by the Government certifying the dates and amounts of local grants received by the State from the Government, and the dates and amounts of grants released by the State to the PRIs.

In the case of delayed transfer to the PRIs from the State, an amount of interest at the rate equal to the Reserve Bank of India rate has to be additionally paid by the State to the PRIs, for the period of delay.

സ്വത്ത്, തൊഴിൽ, വാഹനനികുതികൾ, ഭൂമിയുടെ കരം, വാടക എന്നിവയിൽനിന്നുള്ളതാണ് പഞ്ചായത്തുകളുടെ പ്രധാന വരുമാനം. ജില്ലാപഞ്ചായത്തിൽനിന്നുള്ള ധനസഹായം വിഭവവർധനവിന് സഹായിക്കുന്നു. ലഭിച്ച ഫണ്ടിന്റെയും ഉപയോഗിച്ച ഫണ്ടിന്റെയും വിവരങ്ങൾ ഒരു ബോർഡിൽ എഴുതി പഞ്ചായത്ത് കാര്യാലയത്തിനുമുന്നിൽ പ്രദർശിപ്പിക്കണമെന്ന് നിർബന്ധമുണ്ട്. എല്ലാ പ്രവർത്തനങ്ങളും പൊതുജനങ്ങൾക്കു മുന്നിൽ തുറന്നുകാണിക്കുക എന്ന 'വിവരാവകാശം' ഉറപ്പുവരുത്തുന്നതിനാണിത്. ജനങ്ങൾക്ക്, അനുവദിച്ച പണത്തിന്റെ കണക്ക് പരിശോധിക്കാനുള്ള അവകാശമുണ്ട്. ഗ്രാമത്തിലെ ക്ഷേമവികസനപ്രവർത്തനങ്ങൾക്കായി കൈക്കൊണ്ട തീരുമാനങ്ങളുടെ കാരണങ്ങൾ അറിയാനും ജനങ്ങൾക്ക് അവകാശമുണ്ട്.

ചില സംസ്ഥാനങ്ങളിൽ 'ന്യായ പഞ്ചായത്തുകളു'ണ്ട് (Nyaya Panchayat). ഇതിന് ചില നിസ്സാരമായ സിവിൽ-ക്രിമിനൽ കേസുകൾ കൈകാര്യം ചെയ്യാനുള്ള അധികാരമുണ്ട്. അവർക്ക് പിഴ ഈടാക്കാമെങ്കിലും ശിക്ഷിക്കാനുള്ള അധികാരമില്ല. ഇത്തരം പഞ്ചായത്തുകൾ തർക്കിക്കുന്നവർ തമ്മിൽ ഒരു ഒത്തുതീർപ്പുണ്ടാക്കുന്നതിൽ പലപ്പോഴും വിജയിക്കുന്നു. സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകളെ പീഡിപ്പിക്കുകും ആക്രമിക്കുകയും ചെയ്യുന്ന പുരുഷന്മാരെ ശിക്ഷിക്കുന്നതിന് ഫലപ്രദമാണിത്.

**Box 3.8**

ദലിത് വിഭാഗത്തിൽപ്പെട്ട കലാവതിക്ക് തിരഞ്ഞെടുപ്പിൽ മൽസരിക്കുന്നതിൽ ആശങ്കയുണ്ടായിരുന്നു. ഒരു പഞ്ചായത്തംഗമായതിനുശേഷം അവളുടെ ആത്മവിശ്വാസവും അഭിമാനവും ഉയർന്നു. ഏറ്റവും പ്രധാനപ്പെട്ടത് അവൾക്കിപ്പോൾ ഒരു പേരുണ്ടെന്നതാണ്. പഞ്ചായത്തംഗമാകുന്നതിനുമുമ്പ് അവളെ രാമുവിന്റെ അമ്മ, ഹരിലാലിന്റെ ഭാര്യ എന്നാണ് വിളിച്ചിരുന്നത്. ഗ്രാമപ്രധാൻ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടിരുന്നെങ്കിൽ അവളുടെ കൂട്ടുകാർക്ക് അഭിമാനക്ഷതമുണ്ടായേക്കുമെന്ന് അവൾ ഭയപ്പെട്ടു.

*Source: This was recorded by Mahila Samakhya, an NGO working towards Rural Women's Empowerment.*

**Box 3.9**

**വന പഞ്ചായത്ത് (Van Panchayat)**

ഉത്തരാഖണ്ഡിലെ പുരുഷന്മാർ സേനയിൽ ദൂരെ സ്ഥലങ്ങളിൽ ജോലിക്കു പോകുന്നതിനാൽ സ്ത്രീകളാണ് എല്ലാ ജോലിയും ചെയ്തിരുന്നത്. മിക്ക ഗ്രാമീണരും ഭക്ഷണം പാകം ചെയ്യുന്നതിന് വിറകാണ് ആശ്രയിച്ചിരുന്നത്. നമ്മൾ മനസ്സിലാക്കിയതുപോലെ പർവതപ്രദേശങ്ങളിലെ വനനശീകരണം ഒരു വലിയ പ്രശ്നമായിരുന്നു. മൃഗങ്ങളെ തീറ്റുന്നതിനും വിറക് കൊണ്ടുവരുന്നതിനും സ്ത്രീകൾക്കു മൈലുകൾ താണ്ടേണ്ടതായിവന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി സ്ത്രീകൾ വനപഞ്ചായത്തുകൾ (Van Panchayat) രൂപീകരിച്ചു. പഞ്ചായത്തിലെ മുഴുവൻ അംഗങ്ങളും വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച്, സംരക്ഷിച്ച് അവ കുന്നിൻചെരിവുകളിൽ നട്ടുവളർത്തി. വൃക്ഷങ്ങൾ നിയമവിരുദ്ധമായി മുറിക്കുന്നതു തടയാൻ അവർ കാടിന് കാവൽനിന്നു. മരങ്ങൾ മുറിക്കുന്നതിനെതിരെ അവയെ കെട്ടിപ്പിടിച്ച സ്ത്രീകളിൽ നിന്നു സമാനമായ ചിപ്കോപ്രസ്ഥാനം (Chipko Movement) ഇവിടെയാണ് തുടങ്ങിയത്.

**Box 3.10**

### നിരക്ഷരരായ സ്ത്രീകൾക്ക് പഞ്ചായത്ത്‌രാജ് പരിശീലനം

**പഞ്ചായത്ത്‌രാജ് വ്യവസ്ഥയുടെ ശക്തി മനസ്സിലാക്കുന്നതിന്റെ നൂതനമാർഗം :** സുഖിപുർ, ദുഖിപുർ എന്നീ രണ്ടു ഗ്രാമങ്ങളുടെ കഥയെടുക്കാം, . ഫദ് (പാരമ്പര്യമായി കഥ പറയുന്നതിനുള്ള നാടോടിമാധ്യമം) ലൂടെ ഇത് തുറന്നു കാണിക്കുന്നു. ദുഖിപുർ (സങ്കടമുള്ള) ഗ്രാമത്തിലെ അഴിമതിക്കാരനായ പ്രധാൻ (പഞ്ചായത്തംഗം) ബിംല പഞ്ചായത്തിൽ നിന്നു ലഭിച്ച പണംകൊണ്ട് സ്വന്തം കുടുംബത്തിനായി ഒരു വിദ്യാലയവും വീടും നിർമ്മിച്ചു. ബാക്കി ഗ്രാമീണരെല്ലാം പാവപ്പെട്ടവരും ദുഃഖിതരുമായിരുന്നു. എന്നാൽ സുഖിപുർ പ്രധാൻ (നജ്മ) ഗ്രാമീണ പുനരുദ്ധാരണത്തിനായി പണം ഉപയോഗിച്ചു. ഒരു ആരോഗ്യ കേന്ദ്രം, നല്ല റോഡുള്ളതിനാൽ ബസ്സുകൾക്ക് ഗ്രാമത്തിലേക്ക് എത്താൻ



സാധിച്ചു. എല്ലാ ഗ്രാമീണരും സംതൃപ്തരുമായിരുന്നു. ചിത്രീകരണങ്ങളുടെയും നാടൻപാട്ടിന്റെയും പശ്ചാത്തലത്തിൽ ഫദിലൂടെ കഴിവുള്ള ഭരണത്തിന്റെയും സ്ത്രീപങ്കാളിത്തത്തിന്റെയും സന്ദേശങ്ങൾ പ്രചരിപ്പിച്ചു. നിരക്ഷരരായ സ്ത്രീകളെ ബോധവൽക്കരിക്കുന്നതിന് ഫലപ്രദമായ രീതി കഥ പറയുന്നതാണ്. ഈ ആശയ പ്രചാരണം വോട്ടുചെയ്യുകയോ തിരഞ്ഞെടുപ്പിൽ നിൽക്കുകയോ ജയിക്കുകയോ ചെയ്യുന്നതിനേക്കാളുപരി എന്തിനാണ് ഒരു പ്രത്യേക വ്യക്തിക്ക് വോട്ടുചെയ്യുന്നതെന്നും എന്തിന് വേണ്ടി അവർ നിലകൊള്ളുന്നുവെന്നതും പരിശോധിക്കാൻ വേണ്ടിയാണ്. ഉദ്ഗ്രഥനമൂല്യം ഫദിലെ പാട്ടിലൂടെയും കഥയിലൂടെയും ഊന്നിപ്പറഞ്ഞു.

*This training programme was conducted by Mahila Samakhya an NGO working towards Rural Women's Empowerment.*

## ഗോത്രവർഗ പ്രദേശങ്ങളിലെ പഞ്ചായത്ത്‌രാജ്
## (Panchayati Raj in Tribal Area)

പല ഗോത്രവർഗപ്രദേശങ്ങളിലും അടിസ്ഥാനതലത്തിലുള്ള ജനാധിപത്യം പ്രവർത്തിക്കുന്നതു കാണാം. നമുക്ക് മേഘാലയയുടെ ഉദാഹരണമെടുക്കാം. ഇവിടത്തെ പ്രധാന വംശീയഗോത്രങ്ങളായ ഖാസികൾ, ജെയ്ന്തികൾ, ഖാരോകൾ എന്നിവയ്ക്ക് അവരുടേതായ പാരമ്പര്യ രാഷ്ട്രീയ സ്ഥാപനങ്ങൾ നൂറുകണക്കിന് വർഷങ്ങളായി ഉണ്ടായിരുന്നു. ഈ രാഷ്ട്രീയസ്ഥാപനങ്ങൾ നന്നായി വികസിച്ചതും വ്യത്യസ്ത തലങ്ങളിൽ പ്രവർത്തിക്കുന്നവയുമാണ്. ഗ്രാമം, കുലം, സംസ്ഥാനം എന്നിവയാണ് തലങ്ങൾ. ഉദാഹരണത്തിന്, ഖാസികളുടെ പാരമ്പര്യ രാഷ്ട്രീയവ്യവസ്ഥയിൽ ഓരോ കുലത്തിനും സ്വന്തമായി 'ദർബാർകുർ' (Durbarkur) എന്ന കൗൺസിൽ ഉണ്ടായിരുന്നു. ഇതിന്റെ അധ്യക്ഷൻ കുലത്തിന്റെ തലവനായിരുന്നു. മേഘാലയയ്ക്ക് വലിയ രാഷ്ട്രീയ പാരമ്പര്യമുണ്ടെങ്കിലും വലിയ ആദിവാസിപ്രദേശങ്ങൾ ഇപ്പോഴും 73-ാം ഭേദഗതിക്ക് പുറത്താണുള്ളത്. നയകർത്താക്കൾ പാരമ്പര്യ ഗോത്രസ്ഥാപനങ്ങളിൽ ഇടപെടാനാഗ്രഹിക്കാത്തതായിരിക്കും ഇതിനു കാരണം.

എന്നാൽ സാമൂഹ്യശാസ്ത്രജ്ഞനായ ടിപ്‌ലത് നോങ്ബ്രി (Tiplut Nongbri) ഗോത്രസ്ഥാപനങ്ങൾ സ്വയമേവ പ്രവർത്തനത്തിലും ഘടനയിലും ജനാധിപത്യപരമായിരിക്കണമെന്നില്ലെന്ന് വാദിച്ചു. പരമ്പരാഗത ആദിവാസിസ്ഥാപനങ്ങളെക്കുറിച്ചുള്ള ബുരിയ കമ്മിറ്റി റിപ്പോർട്ടിന്റെ ആശങ്കകൾ അഭിനന്ദനാർഹമാണെങ്കിലും അത് ആ സാഹചര്യങ്ങളുടെ സങ്കീർണതയെ പരിഗണിക്കുന്നതിൽ പരാജയപ്പെട്ടു എന്നദ്ദേഹം അഭിപ്രായപ്പെട്ടു. സമത്വമൂല്യങ്ങൾ മുറുകെപ്പിടിക്കുമ്പോഴും അവർ ശ്രേണീകരണത്തിൽ നിന്നും പൂർണമായും മോചിതരല്ല. ഗോത്രവർഗസമൂഹത്തിന്റെ രാഷ്ട്രീയസ്ഥാപനങ്ങൾ സ്ത്രീകളോട് അസഹിഷ്ണുത കാണിക്കുന്നതോടൊപ്പം സാമൂഹിക മാറ്റങ്ങൾ വരുത്തിയ പരിവർത്തനങ്ങൾ പരമ്പരാഗതമാണോ അല്ലയോ എന്ന് തിരിച്ചറിയാൻ സാധിക്കാതെയുമാക്കി (Nongbri 2003: 220). അധ്യായം ഒന്നിലും രണ്ടിലും ചർച്ചചെയ്ത പാരമ്പര്യത്തിന്റെ മാറ്റത്തിലേക്ക് ഇത് നമ്മളെ എത്തിക്കും.

## ജനാധിപത്യവൽക്കരണവും അസമത്വവും (Democratisation and Inequality)

ജാതിയുടെയും സമുദായത്തിന്റെയും ലിംഗഭേദത്തിന്റെയും അടിസ്ഥാനത്തിലുള്ള അസമത്വത്തിന്റെ പാരമ്പര്യമുള്ള ഒരു സമൂഹത്തിൽ ജനാധിപത്യവൽക്കരണമെന്നത് പ്രയാസമേറിയ പ്രക്രിയയാണ്. നിങ്ങൾ പലതരത്തിലുള്ള അസമത്വങ്ങളെ കുറിച്ച് ഈ പുസ്തകത്തിൽ പഠിച്ചുവല്ലോ. അധ്യായം നാലിൽ നിങ്ങൾക്ക് ഇന്ത്യൻ ഗ്രാമഘടനയെക്കുറിച്ച് പൂർണബോധ്യം ലഭിക്കും. അസമത്വവും ജനാധിപത്യവിരുദ്ധവുമായ ഒരു സമൂഹഘടനയിൽ പ്രത്യേക സമുദായത്തിലോ ജാതിയിലോ സംഘത്തിലോ ഉൾപ്പെട്ട ആളുകളെ ഗ്രാമത്തിന്റെ പുരോഗതിക്കായി നടത്തുന്ന ചർച്ചകളിലും പ്രവർത്തനത്തിലും ഉൾപ്പെടുത്താത്തത് അതിശയകരമല്ല. സാധാരണയായി പണക്കാരായ ഭൂവുടമകളോ ഭൂസ്വത്തുള്ള കർഷകരോ ആയിരിക്കും ഗ്രാമസഭകൾ നിയന്ത്രിക്കുന്നത്. വലിയൊരു വിഭാഗത്തെ നിശ്ശബ്ദരാക്കിയും നോക്കുകുത്തികളാക്കിയും അവർ പ്രവർത്തനങ്ങൾ തീരുമാനിക്കുകയും ഫണ്ടുകൾ വിനിയോഗിക്കുകയും ചെയ്യുന്നു.

താഴെയുള്ള ബോക്സുകളിൽ അടിസ്ഥാനപരമായ വലിയ അനുഭവങ്ങൾ വിവരിക്കുന്നു. ഒന്ന്, പാരമ്പര്യപഞ്ചായത്തുകൾ എങ്ങനെ ഉപയോഗപ്പെടുത്തുന്നുവെന്ന് സൂചിപ്പിക്കുന്നു. മറ്റൊന്ന് പുതിയ പഞ്ചായത്ത്‌രാജ് ചില ജാതികളിൽ വരുത്തിയ വിപ്ലവകരമായമുന്നേറ്റങ്ങളെ സൂചിപ്പിക്കുന്നു. മറ്റൊന്ന് താൽപ്പര്യ ഗ്രൂപ്പുകളും സാമ്പത്തികകാര്യങ്ങളും ജനാധിപത്യരീതികൾക്ക് എങ്ങനെ തടസ്സമാകുന്നുവെന്ന് കാണിക്കുന്നു.

### അന്തസ്സുമായി ബന്ധപ്പെട്ടിരിക്കുന്നു (Bound by Honour)

**Box 3.11**

ജാതിപഞ്ചായത്തുകൾ സദാചാരത്തിന്റെ സംരക്ഷകരായി മാറാറുണ്ട്. 2004 ഒക്ടോബറിലെ പത്രത്തലക്കെട്ടുകളിൽ നിറഞ്ഞുനിന്നിരുന്ന ഒരു സംഭവമുണ്ട്. ജജ്ജാർ ജില്ലയിലെ അസണ്ട ഗ്രാമത്തിലെ രാതികാപ് പഞ്ചായത്തിൽ വിവാഹം കഴിഞ്ഞ് ഒരു വർഷം മാത്രമായ സോണിയയോട് തന്റെ പിറക്കാത്ത കുഞ്ഞിനെ നശിപ്പിച്ച് വിവാഹബന്ധം അവസാനിപ്പിച്ച് ഭർത്താവായ റാം പാലിനെ സഹോദരനെപ്പോലെ കണക്കാക്കിയാൽ വില്ലേജിൽ ജീവിക്കാൻ അനുവദിക്കുമെന്നതാണ് വാർത്തയിൽ നിറഞ്ഞുനിന്നത്. ഹിന്ദുവിവാഹനിയമം അനുവദിക്കുന്നുവെങ്കിലും ഒരേ ഗോത്രത്തിൽനിന്നു വിവാഹം കഴിച്ചുവെന്നതാണവർ ചെയ്ത തെറ്റ്. സോണിയക്കും റാം പാലിനും ഹരിയാന ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമാണ് ഒരുമിച്ചു ജീവിക്കാൻ കഴിഞ്ഞത്.

.....അൻസാരിയിലുള്ള ജാതിപഞ്ചായത്തുപോലെ കഴിഞ്ഞവർഷം ജൂണിൽ മുസാഫർനഗറിലെ ഒരു ജാതിപഞ്ചായത്ത്, ഭർത്താവിന്റെ അച്ഛൻ ബലാത്സംഗം ചെയ്ത ഇമ്രാനയെ പിന്നീട് അവളുടെ ഭർത്താവിന്റെ അമ്മയാക്കി മാറ്റി. മീററ്റിൽ രണ്ടാം ഭർത്താവിന്റെ മകനാൽ ഗർഭിണിയാക്കപ്പെട്ട ഗുഡിയ നാടുവിട്ടുപോയി അഞ്ചു വർഷത്തിനുശേഷം തിരിച്ചുവന്ന ആദ്യഭർത്താവിനൊപ്പമാണ് ജീവിക്കേണ്ടതെന്ന തീർപ്പ് ജാതിപഞ്ചായത്തിൽ നിന്നുണ്ടായി.

*Source: Sunday Times (Times of India), New Delhi, October 29th 2006*

**Box 3.12**

**സമ്പത്തിന്റെയും വിശേഷാനുകൂല്യത്തിന്റെയും പങ്ക് ? ഗ്രാമീണരുടെ പങ്ക് ?**

ഇത്തവണ പഞ്ചായത്തിലെ സോപ സർപഞ്ച് ഒരു സംവരണ സീറ്റാണ്. തുല്യശക്തികളായ സ്ഥാനാർഥികളുടെ ഭർത്താക്കന്മാർ തമ്മിലുള്ള മത്സരമായാണ് ജനങ്ങൾ തിരഞ്ഞെടുപ്പിനെ കണ്ടത്. ഒരു ഭാഗത്ത് കെക്രിയിലെ മദ്യവിൽപ്പനശാലയുടെ ഉടമയായ റാം റായ് മെഹ്‌വാധയും മറുഭാഗത്ത് അതേ ഗ്രാമത്തിലെ സമ്പന്ന ഭൂവുടമയായ ചാന്ദ് സിങ് താക്കൂറുമായിരുന്നു. രസകരമായ കാര്യം മെഹ്‌വാധ 2002-03 വരൾച്ചാ ദുരിതാശ്വാസത്തിൽ കൃത്രിമം കാണിച്ച വ്യക്തിയായിരുന്നുവെന്നതാണ്.

അദ്ദേഹത്തിനെതിരെ ഒരു നടപടിയും സ്വീകരിച്ചില്ല. ഗ്രാമീണർ ഇത്തവണ അദ്ദേഹത്തെ സ്ഥാനത്തുനിന്ന് മാറ്റിനിർത്തുന്നതിനായി ശക്തമായ മത്സരത്തിന് താക്കൂറിനെ മുന്നോട്ടുവച്ചു. സുമയിലെ ഗ്രാമീണർ മെഹവാധയെ എതിർക്കാൻ താക്കൂർ യോജിച്ച ആളാണെന്ന് ഏകാഭിപ്രായത്തിൽ തീരുമാനമെടുത്തു.

**Box 3.13**

**ഉയർന്ന പങ്കാളിത്തവും വിവരവും നൽകുന്നതിൽ സാമൂഹിക പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും പങ്ക്**

ജനുവരി 24 ന് ദൊരയ് (കൃഷാൽപുര പഞ്ചായത്ത്) ഗ്രാമത്തിൽ ഒരു യോഗം ചേർന്നു. വീടുകൾ തോറും കയറിയിറങ്ങിയും കുട്ടികളെ സംഘടിപ്പിച്ചും മുദ്രാവാക്യങ്ങളിലൂടെയും അംഗീകരിച്ച എൻ.ജി.ഒ. നേതൃത്വം നൽകിയുമാണ് യോഗത്തിന് (ചൗപാലിൽ) ആളുകളെ സംഘടിപ്പിച്ചത്. താര (എൻ.ജി.ഒ. പിന്താങ്ങുന്ന സ്ഥാനാർഥി) ഘോഷണപത്ര (Manifesto) ത്തോടൊപ്പം ചെറിയ പ്രസംഗവും നടത്തി. അവളുടെ ഘോഷണപത്രത്തിൽ കൈക്കൂലി വാങ്ങില്ലെന്നും, 2000-ത്തിലധികം രൂപ തിരഞ്ഞെടുപ്പു പ്രചാരണത്തിന് ഉപയോഗിക്കില്ലെന്നും പറഞ്ഞു.

മദ്യം നൽകിയും തുടർച്ചയായി ജീപ്പുകൾ ഉപയോഗിച്ചും വോട്ടുകൾ വാങ്ങിയെടുക്കുന്നതിനാണ് പണം ചെലവാക്കുന്നത്. അഴിമതിയുടെ മുഴുവൻ ചങ്ങലകളും ഗ്രാമീണർക്ക് വിവരിച്ചു കൊടുത്തു. തിരഞ്ഞെടുപ്പിൽ പണത്തിന്റെ പങ്ക് കുറയ്ക്കുന്നത് പാവങ്ങൾക്ക് തിരഞ്ഞെടുപ്പിൽ പങ്കെടുക്കാനും പഞ്ചായത്ത് അഴിമതിരഹിതമാക്കാനും വഴിയൊരുക്കും.

**ബോക്സ് 3-11, 3-12-, 3-13 എന്നിവയുടെ പ്രവർത്തനങ്ങൾ**

മുകളിൽ തന്നിരിക്കുന്ന ബോക്സുകൾ വായിച്ച് ചർച്ചചെയ്യുക.


- സമ്പത്തിന്റെ പങ്ക്
- ജനങ്ങളുടെ പങ്ക്
- സ്ത്രീകളുടെ പങ്ക്

## 3.3 രാഷ്ട്രീയപാർട്ടികളും സമ്മർദ്ദസംഘങ്ങളും ജനാധിപത്യ രാഷ്ട്രീയവും (Political Parties, Pressure groups and Democratic Politics)

ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടിയുള്ള ഗവൺമെന്റ് എന്ന വചനത്തിലൂടെ ജനാധിപത്യത്തിന് നിർവചനം നൽകിക്കൊണ്ടാണ് ഈ അധ്യായം ആരംഭിച്ചത്. ഈ നിർവചനം ജനാധിപത്യത്തിന്റെ അന്തസ്സത്ത എത്രത്തോളം ഉൾക്കൊണ്ടിരിക്കുന്നുവെന്നും ജനങ്ങളുടെ ഭിന്നതയെ മറച്ചു

വയ്ക്കുന്നുവെന്നും കാണിച്ചുതരുന്നു. താൽപ്പര്യങ്ങളും അവരവരുമായി ബന്ധപ്പെട്ട കാര്യങ്ങളും വ്യത്യസ്തങ്ങളാണ്. ഭരണഘടനാ നിർമ്മാണസഭയുടെ രണ്ടാം സെഷനിൽ എങ്ങനെ വ്യത്യസ്ത വിഭാഗങ്ങൾ അവരവരുടെ താൽപ്പര്യങ്ങൾ പ്രകടിപ്പിച്ചുവെന്ന് കാണാൻ സാധിക്കും. വ്യത്യസ്ത സംഘങ്ങളുടെ താൽപ്പര്യങ്ങളുടെയും മത്സരത്തിന്റെയും കഥയാണ് ഇന്ത്യൻ ജനാധിപത്യമെന്ന് നമുക്ക് മനസ്സിലാക്കാം. ഓരോ ദിവസത്തെയും പത്രങ്ങളിൽ ഓരോ വിഭാഗവും തങ്ങളുടെ കാഴ്ചപ്പാടുകൾ എത്രത്തോളം സ്വീകരിച്ചുവെന്നതിന്റെ ഉദാഹരണങ്ങൾ കാണാം. അവർ അവരുടെ പ്രശ്നങ്ങളിലേക്ക് സർക്കാരിന്റെ ശ്രദ്ധ കൊണ്ടുവരാനും ശ്രമിക്കുന്നു.

എല്ലാ താൽപ്പര്യസംഘങ്ങളെയും താരതമ്യം ചെയ്യാൻ കഴിയുമോ എന്ന ചോദ്യമുയരുന്നു. നിരക്ഷരനായ കൃഷിക്കാരനും സാക്ഷരതയുള്ള തൊഴിലാളിക്കും അവരുടെ പ്രശ്നങ്ങളെ വ്യവസായിയെപ്പോലെ വ്യക്തമായി ഗവൺമെന്റിൽ തുറന്നു ബോധ്യപ്പെടുത്താൻ സാധിക്കുമോ? എന്നാൽ വ്യവസായിക്കോ കൃഷിക്കാരനോ തൊഴിലാളിക്കോ അവരുടെ പ്രശ്നങ്ങളെ വ്യക്തിഗതമായി അവതരിപ്പിക്കാൻ കഴിയില്ല. വ്യവസായികൾ "ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ്" (FICCI), അസോസിയേഷൻ ഓഫ് ചേംബേഴ്സ് ഓഫ് കോമേഴ്സ് (ASSOCHAM) എന്നിങ്ങനെയുള്ള സംഘടനകൾ രൂപീകരിച്ചിട്ടുണ്ട്. തൊഴിലാളികൾ തൊഴിലാളിസംഘടനകളായ ഇന്ത്യൻ ട്രേഡ് യൂണിയൻ കോൺഗ്രസ് (INTUC), സെന്റർ ഫോർ ഇന്ത്യൻ ട്രേഡ് യൂണിയൻ (CITU), ആൾ ഇന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ് (AITUC) തുടങ്ങിയവ രൂപീകരിച്ചിട്ടുണ്ട്. കൃഷിക്കാർക്ക് "ഷെത്ക്കരി സംഗതൻ" പോലുള്ള അവരുടേതായ യൂണിയനുകളുമുണ്ട്. അവസാന അധ്യായത്തിൽ നിങ്ങൾക്ക് ചില സംഘടനകളുടെയും സാമൂഹികപ്രസ്ഥാനങ്ങളായ ഗോത്രവർഗ പ്രസ്ഥാനങ്ങൾ, പരിസ്ഥിതിപ്രസ്ഥാനങ്ങൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കാം.



3.1

- ഏതെങ്കിലും ഒരു പത്രം ഒരാഴ്ചക്കാലം നിരീക്ഷിക്കുക. വ്യത്യസ്തങ്ങളായ താൽപര്യങ്ങളുടെ സംഘട്ടനങ്ങളെ കുറിച്ചെഴുതുക.
- തർക്കമുണ്ടായ പ്രശ്നങ്ങൾ വേർതിരിച്ചറിയുക.
- അതുമായി ബന്ധപ്പെട്ട സംഘങ്ങൾ പ്രശ്നങ്ങളെ എങ്ങനെ എടുത്തുവെന്ന് അറിയുക.
- പ്രധാനമന്ത്രി അല്ലെങ്കിൽ മറ്റേതെങ്കിലും പ്രവർത്തകരോ ബന്ധപ്പെടുന്നതിന് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിക്ക് ഔപചാരിക ചുമതലയുണ്ടോ ?
- അത് തെരുവിലെ പ്രതിഷേധമാണോ?
- അത് എഴുത്തുകളിലൂടെയോ അതല്ല പത്ര റിപ്പോർട്ടിലൂടെയാണോ?
- അത് പൊതുയോഗങ്ങളിലൂടെയാണോ ?
- രാഷ്ട്രീയപാർട്ടി, തൊഴിൽ സംഘടനകൾ സർക്കാരേതര സംഘടനകൾ അല്ലെങ്കിൽ മറ്റേതെങ്കിലും സമിതികൾ ഏറ്റെടുത്ത പ്രശ്നങ്ങൾക്ക് ഉദാഹരണം കണ്ടെത്തുക.
- ഇന്ത്യൻ ജനാധിപത്യചരിത്രത്തിലെ പ്രവർത്തകരെക്കുറിച്ച് ചർച്ചചെയ്യുക.

രാഷ്ട്രീയപ്പാർട്ടികൾ ജനാധിപത്യരീതിയിലുള്ള ഒരു സർക്കാരിൽ ഏറ്റവും പ്രധാന പങ്കുവഹിക്കുന്നു. ഒരു ജനാധിപത്യ വ്യവസ്ഥയിലെ രാഷ്ട്രീയപ്പാർട്ടി തിരഞ്ഞെടുപ്പിലൂടെ സർക്കാരിന്റെ നിയമാനുസൃത നിയന്ത്രണം നേടുന്ന സംഘടനയായി നിർവചിക്കപ്പെടുന്നു. രാഷ്ട്രീയപ്പാർട്ടികളുടെ അടിസ്ഥാനം സമൂഹമെങ്ങനെയായിരിക്കണമെന്ന് മനസ്സിലാക്കുന്നതിലാണ്. വ്യത്യസ്ത താൽപ്പര്യ സംഘങ്ങൾ രാഷ്ട്രീയപ്പാർട്ടികളെ സ്വാധീനം ചെലുത്താൻ ശ്രമിക്കുന്നു.

ചില ഗ്രൂപ്പുകൾ അവരുടെ താൽപ്പര്യം ഏറ്റെടുക്കുന്നില്ലെന്ന് മനസ്സിലാക്കുമ്പോൾ അവർ പുതിയ രാഷ്ട്രീയപ്പാർട്ടിക്ക് രൂപം നൽകുന്നു. അല്ലെങ്കിൽ അവർ 'സമ്മർദ സംഘങ്ങൾ' (Pressure Group) ആയി സർക്കാരുമായി ഇടുങ്ങിയ ബന്ധമുണ്ടാക്കുന്നു. രാഷ്ട്രീയപ്രവർത്തനരംഗത്ത് ചില പ്രത്യേക താൽപ്പര്യങ്ങൾ നേടിയെടുക്കുന്നതിനാണ് സമ്മർദസംഘങ്ങൾ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. നിയമസഭാംഗങ്ങളെ സ്വാധീനിച്ചുകൊണ്ട് അവർ പ്രവർത്തിക്കുന്നു. ചില സന്ദർഭങ്ങളിൽ അധികാരം നേടാൻ ശ്രമിക്കുന്ന രാഷ്ട്രീയസംഘടനകൾക്ക് അവരുടെ അവസരങ്ങൾ നിഷേധിക്കപ്പെടാറുണ്ട്. ഇത്തരം സംഘടനകളെ അവർ അധികാരം നേടുന്നതുവരെ പ്രസ്ഥാനങ്ങൾ മാത്രമായി കണക്കാക്കുന്നു.

**Box 3.14**

എല്ലാ വർഷവും ഫെബ്രുവരി അവസാനം ഇന്ത്യയുടെ ധനകാര്യമന്ത്രി ലോക്സഭയിൽ ബജറ്റ് അവതരിപ്പിക്കുന്നു. ഇതിനുമുമ്പായി എല്ലാ ദിവസവും ഇന്ത്യൻ വ്യാപാരസംഘടനകളുമായും തൊഴിലാളിസംഘടനകളുമായും കർഷകരുമായും അടുത്തകാലത്ത് സ്ത്രീസംഘടനകളുമായും ഇന്ത്യൻ ധനകാര്യമന്ത്രാലയം ചർച്ചകൾ നടത്തുന്ന വാർത്തകൾ വരാറുണ്ട്.

**3–14 ന്റെ പ്രവർത്തനം**

അവയെ ഒരു സമ്മർദ്ദസംഘടനയായി കാണാമോ ?

എല്ലാ സംഘങ്ങൾക്കും സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്താനുള്ള കഴിവു തുല്യമല്ല. ജാതി, വർഗം, ലിംഗഭേദം എന്നിവയുടെ അടിസ്ഥാനത്തിലുള്ള പ്രബല സാമൂഹികസംഘങ്ങൾക്ക് മേൽക്കോയ്മയുണ്ടെന്ന് ചിലർ വാദിക്കുന്നു. കുടുതൽ കൃത്യമായി പറഞ്ഞാൽ മേധാവിത്വജാതികളും വർഗങ്ങളും രാഷ്ട്രത്തെ നിയന്ത്രിക്കുന്നുവെന്ന് മനസ്സിലാക്കാം. എന്നാലും സമ്മർദ്ദ സംഘങ്ങളും സാമൂഹികപ്രസ്ഥാനങ്ങളും ജനാധിപത്യത്തിൽ പ്രധാന പങ്കു നിർവഹിക്കുന്നുവെന്നത് ഒഴിച്ചുകുടാൻ പറ്റാത്ത ഒരു വാസ്തവമാണ്. അധ്യായം എട്ട് ഇതു സൂചിപ്പിക്കുന്നു.

**Box 3.15**

**പാർട്ടികളെക്കുറിച്ച് മാക്സ് വെബർ (Max Weber on Parties)**

വർഗങ്ങൾക്ക് സാമ്പത്തികക്രമത്തിലുള്ളതുപോലെ, സാമൂഹികക്രമത്തിൽ പദവി സംഘത്തിനുള്ളതുപോലെ പാർട്ടികൾ ജീവിക്കുന്നതുതന്നെ അധികാരകൂടാരത്തിലാണ്. ആസൂത്രണം ചെയ്ത ഒരു ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പാർട്ടികൾ പ്രവർത്തിക്കുന്നത്. ലക്ഷ്യം ഒരു കാരണമായിരിക്കാം (ആശയപരമായതോ ഭൗതികമായതോ ആയ ലക്ഷ്യങ്ങൾ നേടാൻ), അല്ലെങ്കിൽ ലക്ഷ്യം വ്യക്തിപരമായിരിക്കും (വേലയില്ലാത്ത ഉദ്യോഗം, ശക്തി ഇതിൽ നിന്നു നേതാവിനും പാർട്ടിക്കും അംഗങ്ങൾക്കും അംഗീകാരം).

*(Weber 1948: 194)*

**ബോക്സ് 3 –16 ന്റെ പ്രവർത്തനം**

താഴെ തന്നിരിക്കുന്ന ബോക്സ് വായിക്കുക. മറ്റു നഗരങ്ങളിൽനിന്നും പട്ടണങ്ങളിൽനിന്നുമുള്ള സമാന സംഭവങ്ങളെ കുറിച്ചെഴുതുക.

- പാവപ്പെട്ടവർ, സേവനവിഭാഗം, മധ്യവർഗം, പണക്കാർ എന്നിവരുടെ താൽപര്യങ്ങൾ തിരിച്ചറിയുക.
- തെരുവിലെ വ്യത്യസ്ത സംഘങ്ങളുടെ പങ്ക് എങ്ങനെയാണ്?
- സർക്കാരിന്റെ പങ്കിനെക്കുറിച്ച് ചർച്ചചെയ്യുക.
- മകിൻസേപോലുള്ള ഉപദേശം നൽകുന്ന സ്ഥാപനങ്ങളുടെ പങ്കെന്താണ്? ആരുടെ താൽപര്യമാണ് അവർ പ്രതിനിധാനം ചെയ്യുന്നത്?
- രാഷ്ട്രീയപാർട്ടികളുടെ പങ്കെന്ത്?
- പാവപ്പെട്ടവർക്ക് ഉപദേശകസ്ഥാപനങ്ങളെക്കാൾ (consultancy firms) രാഷ്ട്രീയപാർട്ടികളെ സ്വാധീനിക്കാൻ കഴിയുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഇത് രാഷ്ട്രീയപാർട്ടികൾക്ക് സാധാരണജനങ്ങളോട് ഉത്തരവാദിത്തമുള്ളതുകൊണ്ടാണോ അല്ലെങ്കിൽ ജനങ്ങൾക്കവരെ വോട്ടിലൂടെ പിന്തള്ളാൻ കഴിയുമെന്നതിനാലാണോ?

**Box 3.16**

ഇക്കാലത്ത് ഇന്ത്യൻ നഗരങ്ങളെ ആഗോളനഗരങ്ങളാക്കാൻ വലിയ ശ്രമം നടക്കുന്നുണ്ട്. നഗരരൂപരേഖയുണ്ടാക്കുന്നവരും സ്വപ്നം കാണുന്നവരും മുംബൈയുടെ തെക്കു വടക്കും കിഴക്കു - പടിഞ്ഞാറും ബന്ധിപ്പിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നു. അതിനായി ഒരു എക്സ്പ്രസ് റിങ് ഫ്രീ വേ (Express ring freeway) നിർമ്മിച്ച് ജനങ്ങൾക്ക് പത്തു മിനിട്ടുകൊണ്ട് എങ്ങോട്ടും സഞ്ചരിക്കാനുള്ള വഴിയുണ്ടാക്കണമെന്ന ആവശ്യമുയർന്നു. എളുപ്പത്തിൽ പ്രവേശിക്കാനും പുറത്തുപോകാനുമുള്ള കൃത്യമായ ഗതാഗതം നഗരത്തിന്റെ സുഗമമായ പ്രവർത്തനത്തിന് സഹായിക്കും.

കുറഞ്ഞ സൗകര്യമുള്ള തെരുവുകൾക്ക് നഗരത്തിൽ വ്യത്യസ്ത പങ്കാണുള്ളത്. പരസ്പരം ബന്ധിപ്പിക്കുന്ന സ്വതന്ത്രവഴികൾ കൂടിയാണവ. തെരുവുകൾ, അവ നല്ലതായാലും മോശമായാലും പലപ്പോഴും ഫലപ്രദമായ അങ്ങാടികളാണ്. തീർത്ഥാടനം, വിനോദം (ഗതാഗതം) സാമ്പത്തികവിനിമയം എന്നിവയെല്ലാം കൂടിച്ചേർന്ന മേളകളുടെ ഇടം കൂടിയാണവ. തെരുവിൽ ജനങ്ങൾ ജീവിക്കുന്നതും വാങ്ങുന്നതും വിൽക്കുന്നതും കുടിക്കുന്നതും തിന്നുന്നതും ക്രിക്കറ്റുകളിക്കുന്നതും വെറുതേ നില്ക്കുന്നതുപോലും പൊതുസ്ഥലത്തിന്റെയും വ്യക്തിപരമായ സ്ഥലത്തിന്റെയും അതിർവരമ്പുകളില്ലാതാക്കും. ഈ പ്രവർത്തനങ്ങൾ കൂടുതൽ തിങ്ങിനിറഞ്ഞ ഗതാഗതക്കുരുക്കിനും കാരണമായി. ഈ തിങ്ങിനിറയൽ ഇല്ലാതാക്കാൻ പാവപ്പെട്ട ആളുകളെ വെളിയിലേക്കു മാറ്റി. സ്വകാര്യ ഉപദേശ സംഘമായ മാക്കിൻസി തയാറാക്കിയ രൂപരേഖയായ വിഷൻ മുംബൈയിൽ പാവപ്പെട്ടവർക്കായി ധാരാളം പാർപ്പിടങ്ങൾ നഗരത്തിനു പുറത്തുള്ള ഉപ്പള പ്രദേശങ്ങളിൽ നിർമ്മിക്കാൻ പദ്ധതിയായി. അവരുടെ ജീവിതമാർഗത്തിനെന്തു പറ്റി? താഴെ പാവപ്പെട്ടവരുടെ വാക്കുകൾ സൂചിപ്പിക്കുന്നു.


ഞങ്ങൾ യഥാർഥത്തിൽ മനുഷ്യ മണ്ണുനീക്കികളും ട്രാക്ടറുകളുമാണ്. ഞങ്ങൾ ആദ്യം ഭൂമി നിരപ്പാക്കി ഈ നഗരം ഉണ്ടാക്കി. ഞങ്ങൾ മനുഷ്യവിസർജ്യം നഗരത്തിനു പുറത്തു കൊണ്ടുപോയി. നഗരവാസികൾ അഴുക്കുചാൽ കുഴിക്കുന്നതും റോഡുണ്ടാക്കുന്നതും കണ്ടിട്ടില്ല. നഗരം പണക്കാർക്കു മാത്രമുള്ളതല്ല. നമ്മൾ പരസ്പരം ആവശ്യമുള്ളവരാണ്. ഞാൻ യാചിക്കില്ല. ഞാൻ നിങ്ങളുടെ തുണി അലക്കി. സ്ത്രീകൾക്ക് ജോലിക്ക് പോകാൻ സാധിച്ചത് ഞങ്ങൾ കുട്ടികളെ നോക്കിയതിനാലാണ്. മന്ത്രാലയത്തിലെ, കലക്ട്രേറ്റിലെ, BMC യിലെ, പോലീസിലെ സ്റ്റാഫ് പോലും ചേരിയിലാണ് താമസിക്കുന്നത്. കാരണം ഞങ്ങൾ അവിടെയുണ്ട്. സ്ത്രീകൾക്ക് സുരക്ഷിതരായി രാത്രിയിലും യാത്രചെയ്യാം... ബോംബെ ഗ്രൂപ്പ് മുംബൈയെ ലോകത്തിലെ ഒന്നാംതരം നഗരമായിക്കണ്ടു. അതിന്റെ പാവപ്പെട്ടവർക്ക് സ്ഥാനം നൽകാത്ത അതെങ്ങനെ ലോകത്തിലെ ഒന്നാം നഗരമായി മാറും? *(Anand 2006: 3422)*





മുംബൈ നഗരത്തിലെ ഉദാഹരണങ്ങൾ താൽപ്പര്യങ്ങളെങ്ങനെയാണ് തമ്മിൽ മത്സരിക്കുന്നത് എന്ന് മനസ്സിലാക്കിത്തരുന്നു.

1. 'താൽപ്പര്യസംഘങ്ങൾ' ജനാധിപത്യത്തിന്റെ പ്രവർത്തനത്തിന്റെ ഭാഗമാണ്-ചർച്ചചെയ്യുക.
2. ഭരണഘടനാ നിർമ്മാണസഭയിലെ തർക്കങ്ങളുടെ ശകലങ്ങൾ വായിക്കുക. താൽപ്പര്യ സംഘങ്ങളെ കണ്ടെത്തുക. വർത്തമാന കാലഘട്ടത്തിൽ ഏതുതരം താൽപ്പര്യ സംഘങ്ങളാണുള്ളതെന്ന് ചർച്ചചെയ്യുക. അവർ എങ്ങനെ പ്രവർത്തിക്കുന്നു?
3. ബാലപഞ്ചായത്ത്, മസ്ദൂർ കിസാൻ സംഘം എന്നിവയെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കണ്ടെത്തി 200 വാക്കിൽ കുറയാതെ ഒരു കുറിപ്പ് തയാറാക്കുക.
4. 73-ാം ഭേദഗതി ഗ്രാമജനതയ്ക്ക് ശബ്ദം നൽകിയതിന്റെ സ്മാരകസൗധമാണ് - ചർച്ചചെയ്യുക.
5. ഇന്ത്യൻ ഭരണഘടന ജനങ്ങളുടെ നിത്യജീവിതത്തെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നു? ഉദാഹരണസഹിതം ഉപന്യാസമെഴുതുക.



## REFERENCES


Anand, Nikhil. 2006. 'Disconnecting Experience: Making World Class Roads in Mumbai'. *Economic and Political Weekly* (August 5th). pp. 3422-3429.

Ambedkar, Babasaheb. 1992. 'The Buddha and His Dharma' in V. Moon (Ed.) *Dr. Babasaheb Ambedkar: Writings and Speeches*. Vol. 11. Bombay Educational Department. Government of Maharashtra.

Sen, Amartya. 2004. *The Argumentative Indian: Writings on Indian History, Culture and Identity*. Allen Lane. Penguin Group. London.

Weber, Max. 1948. *Essays in Sociology* Ed. with an introduction by H.H. Gerth and C. Wright Mills. Routledge and Kegan Paul. London.

# 4 ഗ്രാമീണ സമൂഹത്തിലെ മാറ്റവും വികസനവും

# Change & Development in Rural Society

L7X9G1



നഗരവൽക്കരിക്കപ്പെടുന്നുണ്ടെങ്കിലും ഇന്ത്യൻ സമൂഹം പ്രധാനമായും ഒരു ഗ്രാമീണസമൂഹമാണ്. ഇന്ത്യയിലെ ഭൂരിഭാഗം ജനങ്ങളും ഗ്രാമപ്രദേശങ്ങളിലാണ് ജീവിക്കുന്നത് (2001-ലെ കാനേഷുമാരി പ്രകാരം 67%). അവരുടെ പ്രധാന ജീവിതമാർഗം കൃഷിയും അനുബന്ധ തൊഴിലുകളുമാണ്. ഭൂരിഭാഗം ഇന്ത്യക്കാരുടെയും മുഖ്യ ഉൽപ്പാദന ഉപാധി കൃഷിഭൂമിയാണ്. അവരുടെ ഏറ്റവും പ്രധാന സ്വത്തും ഭൂമിയാണ്. മറ്റൊരർഥത്തിൽ പറഞ്ഞാൽ ഭൂമി ഗ്രാമീണർക്ക്, കേവലം ഉൽപ്പാദനോപാധിയോ (Means of Production) സമ്പത്തിന്റെ ഒരു രൂപമോ മാത്രമല്ല, അവരുടെ ഉപജീവനമാർഗവും ജീവിതരീതിയും തന്നെയാണ്. നമ്മുടെ പല സാംസ്കാരികസമ്പ്രദായങ്ങൾക്കും രീതികൾക്കും കാർഷികമായ ഒരു പശ്ചാത്തലമുണ്ട്. സമൂഹത്തിന്റെ ഘടനാപരവും സാംസ്കാരികവുമായ കാര്യങ്ങൾ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നതിനെക്കുറിച്ച് മുൻപുള്ള അധ്യായങ്ങളിൽ പറഞ്ഞിട്ടുണ്ടല്ലോ. ഇന്ത്യയിലെ മിക്ക പ്രദേശങ്ങളിലും പുതുവത്സരാഘോഷങ്ങൾ കൊണ്ടാടാറുള്ളത് വിളവെടുപ്പു കാലത്താണ്. ഉദാഹരണത്തിന് തമിഴ്നാട്ടിലെ പൊങ്കൽ, അസമിലെ ബിഹു, പഞ്ചാബിലെ ബൈശാഖി, കർണാടകത്തിലെ ഉഗാദി തുടങ്ങിയവയെല്ലാം



*വ്യത്യസ്ത കൃഷിരീതികളും അനുബന്ധ ഉത്സവങ്ങളും*

കൊയ്ത്തുകാല ആഘോഷങ്ങളും പുതിയ കൃഷിക്കാലത്തിന്റെ തുടക്കവുമാണ്. ഇന്ത്യയിലെ മറ്റു കൊയ്ത്തുകാല ഉത്സവങ്ങളുടെ വിശദവിവരങ്ങൾ കണ്ടെത്താൻ ശ്രമിക്കൂ.

കൃഷിയും സംസ്കാരവും തമ്മിൽ വളരെ അടുത്ത ബന്ധമുണ്ട്. കൃഷിയുടെ സ്വഭാവവും സമ്പ്രദായവും രാജ്യത്തെ പ്രദേശങ്ങൾക്കനുസരിച്ച് വലിയ തോതിൽ വ്യത്യാസപ്പെട്ടിരിക്കും. ഈ വ്യത്യാസങ്ങൾ പ്രാദേശികസംസ്കാരങ്ങളിൽ പ്രതിഫലിക്കും. ഗ്രാമീണ ഇന്ത്യയിലെ സംസ്കാരവും സാമൂഹികഘടനയും കൃഷിയുമായും കാർഷികജീവിതരീതിയുമായും ഏറെ ബന്ധപ്പെട്ടിരിക്കുന്നു എന്നുപറയാം.

ഗ്രാമീണജനതയിലെ ഭൂരിപക്ഷം പേരുടെയും ഏറ്റവും പ്രധാന വരുമാനമാർഗം കൃഷിതന്നെയാണ്. കൃഷിയുമായി ബന്ധപ്പെട്ട പല തൊഴിലുകളിലും പ്രവർത്തനങ്ങളിലും ഗ്രാമീണർ ഏർപ്പെടുന്നുണ്ട്. ഇതും അവരുടെ ഉപജീവനമാർഗങ്ങളാണ്. ഉദാഹരണമായി മൺപാത്ര - നിർമ്മാതാക്കൾ, മരപ്പണിക്കാർ, നെയ്ത്തുകാർ, കൊല്ലന്മാർ, സ്വർണപ്പണിക്കാർ തുടങ്ങിയ അനേകം കരകൗശലവിദഗ്ധരെ ഗ്രാമപ്രദേശങ്ങളിൽ നമുക്കു കാണാൻ കഴിയും. ഇവരെല്ലാം ഒരിക്കൽ ഗ്രാമ സമ്പദ്‌വ്യവസ്ഥയുടെ പ്രധാന ഘടകമായിരുന്നു. എന്നാൽ കൊളോണിയൽ കാലഘട്ടം മുതൽ അവരുടെ എണ്ണം സ്ഥിരമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. നിർമ്മിതവസ്തുക്കളുടെ കടന്നുവരവ് ഇന്ത്യയിലെ കരകൗശല ഉൽപ്പന്നങ്ങൾക്കു പകരം സ്ഥാനം പിടിച്ചത് ഒന്നാമത്തെ അധ്യായത്തിൽ നമ്മൾ ചർച്ച ചെയ്തതാണല്ലോ.

ഗ്രാമപ്രദേശങ്ങൾ ചില സവിശേഷ സേവനങ്ങൾ നടത്തുന്നവരായ കഥപറയുന്നവർ, ജ്യോതിഷികൾ, പുരോഹിതന്മാർ, ജലവിതരണക്കാർ, എണ്ണയാട്ടുകാർ തുടങ്ങിയവർക്കും തുണയായിരുന്നു. ഗ്രാമീണ ഇന്ത്യയിലെ തൊഴിൽവൈവിധ്യം ജാതി വ്യവസ്ഥയിൽ നമുക്ക് കാണാം. ജാതിവ്യവസ്ഥയനുസരിച്ച് മിക്ക പ്രദേശങ്ങളിലും സ്വർണപ്പണിക്കാർ, മൺപാത്രനിർമ്മാതാക്കൾ, അലക്കുജോലിക്കാർ എന്നിങ്ങനെയുള്ള വൈദഗ്ധ്യമുള്ളവരും, സേവനജാതിക്കാരും കാണപ്പെടുന്നു. ഇത്തരത്തിലുള്ള പരമ്പരാഗതതൊഴിലുകളിൽ പലതും ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. അതേസമയം ഗ്രാമീണ -നഗരസമ്പദ്വ്യവസ്ഥകൾക്കിടയിലുണ്ടായ പരസ്പരബന്ധം വൈവിധ്യമാർന്ന ഒട്ടേറെ തൊഴിലുകൾ രൂപപ്പെടാനിടയാവുകയും ചെയ്തു. ധാരാളം ഗ്രാമവാസികൾ കാർഷികേതര പ്രവർത്തനങ്ങൾ നടത്തി ജീവിക്കുന്നുണ്ട്. ഉദാഹരണത്തിന്, ഗവൺമെന്റിനു കീഴിലുള്ള തപാൽ, വിദ്യാഭ്യാസം, സൈന്യം, ഫാക്ടറികൾ എന്നീ മേഖലയിലെല്ലാം ഗ്രാമനിവാസികൾ ജോലിചെയ്യുന്നുണ്ട്. ഇതെല്ലാം കാർഷികേതരപ്രവർത്തനങ്ങളാണ്.

**4.1**

- നിങ്ങളുടെ പ്രദേശത്തു നടക്കാറുള്ള ഒരു പ്രധാന ഉത്സവത്തെക്കുറിച്ചന്വേഷണം നടത്തുക. ഗ്രാമജീവിതവുമായി എങ്ങനെയെല്ലാം അത് ബന്ധപ്പെട്ടിരിക്കുന്നു എന്ന് കണ്ടെത്താൻ ശ്രമിക്കൂ. ആ ഉത്സവത്തോടനുബന്ധിച്ച് നടക്കുന്ന വ്യത്യസ്ത ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും മനസിലാക്കുകയും സംസ്കാരവുമായുള്ള ബന്ധം കണ്ടെത്തുകയും ചെയ്യുക.
- ഇന്ത്യയിലെ ഒട്ടുമിക്കവാറും നഗരങ്ങൾ അതിന്റെ സമീപ ഗ്രാമങ്ങളിലേക്കു വളർന്നു വികസിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ഇപ്പോൾ ജീവിക്കുന്ന (അടുത്തുള്ള) പട്ടണത്തിലെ, മുൻപ് കൃഷി ഭൂമിയോ ഗ്രാമമോ ആയിരുന്ന ഒരു പ്രദേശം തിരിച്ചറിയാനാവുമോ? ഈ മാറ്റങ്ങളെക്കുറിച്ച് നിങ്ങൾ എന്തു ചിന്തിക്കുന്നു? അവിടങ്ങളിൽ ഭൂമിയിൽ ഉപജീവനം നടത്തിക്കൊണ്ടിരുന്ന മനുഷ്യർക്ക് ഇപ്പോൾ എന്തു സംഭവിച്ചിട്ടുണ്ടാകും?



തൊഴിൽമേഖലയിലെ വൈവിധ്യങ്ങൾ

## 4.1 കാർഷികഘടന: ഗ്രാമീണ ഇന്ത്യയിലെ ജാതിയും വർഗവും (Agrarian Structure: Caste and Class in Rural India)

ഗ്രാമീണമേഖലയിലെ ഏറ്റവും പ്രധാന ഉൽപ്പാദനമാർഗവും സമ്പത്തും കൃഷിഭൂമിയാണല്ലോ. എന്നാൽ കൃഷിഭൂമി ഒരു പ്രദേശത്തിലെ അഥവാ ഗ്രാമത്തിലെ ജനങ്ങൾക്കിടയിൽ തുല്യമായി വിതരണം ചെയ്യപ്പെട്ട ഒന്നല്ല. ഇവിടെ എല്ലാവർക്കും ഒരുപോലെ നേടിയെടുക്കാവുന്ന ഒന്നല്ല ഭൂമി. ഇന്ത്യയിലെ ഒട്ടുമിക്ക പ്രദേശങ്ങളിലെയും ഗ്രാമീണർ വളരെ കുറഞ്ഞ ഭൂമിയുടെ ഉടമകളാണ്. പല പ്രദേശങ്ങളിലെയും 40 ശതമാനം മുതൽ 50 ശതമാനം വരെയുള്ള കുടുംബങ്ങൾക്ക് സ്വന്തമായി ഒരു തുണ്ട് ഭൂമി പോലുമില്ല. ഇതിനർഥം, അവരിൽ ഭൂരിഭാഗം പേരും ജീവിതമാർഗത്തിനായി കാർഷികാനുബന്ധ തൊഴിലുകളോ ഇതര തൊഴിലുകളോ ചെയ്യുന്നു എന്നാണ്. ഇത്തരത്തിൽ ഏതാനും കുടുംബങ്ങൾ മെച്ചപ്പെട്ട ജീവിതം നയിക്കുമ്പോൾ ഭൂരിഭാഗവും ദാരിദ്ര്യരേഖയ്ക്ക് തൊട്ടു മുകളിലോ താഴെയോ ആയി ജീവിക്കുന്നു.

ഇന്ത്യയിലെ മിക്ക പ്രദേശങ്ങളിലും സ്ത്രീകളെ ഭൂമിയുടെ ഉടമസ്ഥാവകാശത്തിൽനിന്നു മാറ്റി നിർത്തി. പിതൃദായകബന്ധുത്വ വ്യവസ്ഥയും പിന്തുടർച്ചാവകാശരീതിയുമാണ് ഇതിനു കാരണം. നിയമപ്രകാരം സ്ത്രീകൾക്ക് കുടുംബസ്വത്തിൽ തുല്യാവകാശമുണ്ട്. എന്നാൽ യഥാർഥത്തിൽ വളരെ പരിമിതമായ അവകാശങ്ങളേ അവർക്ക് ലഭിക്കുന്നുള്ളൂ. ചിലപ്പോൾ പുരുഷമേധാവിത്വ വ്യവസ്ഥയിൽ സ്ത്രീക്ക് ഭൂമിയിൽ മാത്രം അവകാശം ലഭിക്കുന്നു.

കാർഷികഘടന എന്ന വാക്ക് സൂചിപ്പിക്കുന്നത് ഭൂമിയുടെ ഘടനയെയോ വിതരണത്തെയോ (Distribution of land) ആണ്. കാരണം, ഗ്രാമീണമേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ഉൽപ്പാദന വിഭവം ഭൂമിയാണ്. അതിനാൽ ഭൂമിയുടെ ഉടമസ്ഥാവകാശമാണ് ഗ്രാമത്തിലെ വർഗഘടന രൂപപ്പെടുത്തുന്നത്. കാർഷിക ഉൽപ്പാദനപ്രക്രിയയിൽ ഓരോരുത്തർക്കുമുള്ള പങ്ക് നിർണയിക്കുന്നതും ഭൂമിയിലുള്ള ഉടമസ്ഥാവകാശം തന്നെയാണ്. വലിയ ഭൂവുടമകളും ഇടത്തരം ഭൂവുടമകളും കൃഷിയിൽനിന്നു വേണ്ടത്ര, അല്ലെങ്കിൽ വൻതോതിൽ വരുമാനം നേടുമ്പോൾ, (കാലാവസ്ഥ, വിപണിവില എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യതിയാനങ്ങൾ ആശ്രയിച്ച്) സ്വന്തമായി ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്ക് വളരെ ചെറിയ വരുമാനം മാത്രമാണ് നേടാനാവുക. പലപ്പോഴും നിയമപ്രകാരമുള്ള കുറഞ്ഞ വേതനംപോലും അവർക്ക് ലഭിച്ചുകൊള്ളണമെന്നില്ല. മാത്രമല്ല, അവർക്ക് തൊഴിൽസുരക്ഷയുമില്ല. മിക്ക കർഷകത്തൊഴിലാളികളും ദിവസക്കൂലിക്ക് ജോലിചെയ്യുന്നവരാണ്. വർഷത്തിൽ പലദിവസങ്ങളിലും അവർക്ക് ജോലിയുണ്ടാവാറില്ല. ഇതിനെ തൊഴിൽദൗർലഭ്യം എന്നു വിളിക്കാം. കുടിയാൻമാരുടെ (Tenenants) - (ഭൂവുടമകളിൽനിന്ന് ഭൂമി പാട്ടത്തിനെടുത്ത് കൃഷിചെയ്യുന്ന) വരുമാനം ഉടമകളുടെയും കൃഷിക്കാരുടെയും വരുമാനത്തേക്കാൾ വളരെ കുറഞ്ഞിരിക്കും. കാരണം, വരുമാനത്തിന്റെ നല്ലൊരു ഭാഗം പാട്ടമായി ഭൂവുടമകൾക്ക് നൽകാൻ അവർ നിർബന്ധിതരാകുന്നു. ഇങ്ങനെ വിളയിൽനിന്നുള്ള വരുമാനത്തിന്റെ 50 മുതൽ 75 ശതമാനം വരെ കുടിയാന്മാർ ഭൂവുടമകൾക്ക് നൽകേണ്ടിവരുന്നു.

കാർഷികസമൂഹത്തെ നാം മനസ്സിലാക്കേണ്ടത് അതിന്റെ വർഗഘടനയുടെ അടിസ്ഥാനത്തിലാണ്. ഇന്ത്യയിലെ സമൂഹ വർഗഘടനയും ജാതിവ്യവസ്ഥയും തമ്മിൽ അടുത്ത ബന്ധമുണ്ട് എന്നുകൂടി നാം ഓർക്കേണ്ടതുണ്ട് . ഗ്രാമപ്രദേശങ്ങളിൽ ജാതിയും വർഗവും തമ്മിലുള്ള ബന്ധം വളരെ സങ്കീർണമാണ്. അത് എപ്പോഴും ഋജുവായ ബന്ധങ്ങളല്ല. ഉയർന്നവരെന്നു പറയപ്പെടുന്ന ജാതിക്കാർക്ക് കൂടുതൽ ഭൂമിയും കൂടുതൽ വരുമാനവും ഉണ്ടെന്നും ശ്രേണിയുടെ താഴേക്ക് പോകുംതോറും ജാതിയും വർഗവും തമ്മിൽ പരസ്പരബന്ധമുണ്ടെന്നും നാം കരുതിയേക്കാം. പലയിടത്തും അങ്ങനെയാവാം. എന്നാൽ എല്ലായിടത്തും ഇതങ്ങനെയല്ല. ഉദാഹരണത്തിന്, ഇന്ത്യയിലെ മിക്ക പ്രദേശങ്ങളിലും ഉയർന്നവരെന്നു പറയപ്പെടുന്ന ജാതിക്കാരായ ബ്രാഹ്മണർ അല്ല ഭൂവുടമകൾ. അതുകൊണ്ടുതന്നെ ഗ്രാമസമൂഹങ്ങളിൽ വസിക്കുമ്പോഴും ബ്രാഹ്മണർ മിക്കവാറും കാർഷികഘടനയുടെ ഉള്ളിലല്ല. ഇന്ത്യയുടെ പല മേഖലകളിലും പ്രധാന ഭൂവുടമ വിഭാഗങ്ങളെല്ലാംതന്നെ ഉന്നതരെന്നു പറയപ്പെടുന്ന ജാതിയിൽപ്പെട്ടവരുമാണ്. ഓരോ പ്രദേശത്തും സാധാരണയായി ഒന്നോ രണ്ടോ പ്രധാന ഭൂവുടമ ജാതികൾ ഉണ്ടായിരിക്കും. അവർ സംഖ്യാബലത്താൽ പ്രാധാന്യമർഹിക്കുന്നവരുമാണ്. ഇത്തരം സമുദായങ്ങളെ

സമൂഹശാസ്ത്രജ്ഞനായ എം. എൻ. ശ്രീനിവാസ് പ്രബലജാതികൾ (Dominant Caste) എന്ന് വിശേഷിപ്പിച്ചു. പ്രബലജാതികൾ സാമ്പത്തികമായും രാഷ്ട്രീയമായും സമൂഹത്തിലെ കരുത്തുറ്റ സംഘങ്ങളാണ്. അവർ പ്രാദേശികസമൂഹത്തെ അടക്കി ഭരിക്കുന്നു. ഉത്തർപ്രദേശിലെ ജാട്ടുകളും രജപുത്രരും കർണാടകത്തിലെ വൊക്കലിംഗ, ലിംഗായത്ത്, ആന്ധ്രപ്രദേശിലെ കമ്മൻമാർ, റെഡ്ഡിമാർ, പഞ്ചാബിലെ ജാട്ട്, സിഖ് എന്നിവരും പ്രബല ജാതികൾക്ക് ഉദാഹരണങ്ങളാണ്.

സാധാരണയായി പ്രബല ഭൂവുടമസംഘങ്ങൾ മധ്യ അല്ലെങ്കിൽ ഉയർന്നവരെന്നു പറയപ്പെടുന്ന ജാതിയിലുള്ളവരായിരിക്കും. അതേസമയം പാർശ്വവൽക്കരിക്കപ്പെട്ട മിക്ക കർഷകരും താഴ്ന്നവരാക്കപ്പെട്ട ജാതിയിൽപെട്ടവരാണ്. ഔദ്യോഗിക തരംതിരിവിൽ അവർ പട്ടികജാതി (SCs), പട്ടികവർഗ (STs) വിഭാഗങ്ങളോ മറ്റു പിന്നോക്കജാതികളിൽപ്പെട്ടവരോ (OBCs) ആയിരിക്കും. ഇന്ത്യയിലെ പല പ്രദേശങ്ങളിലും ദലിത് വിഭാഗത്തിൽപ്പെട്ടവരെയും മുൻപ് തൊട്ടുകൂടാത്തവരായി (Untouchables) കണക്കാക്കിയിരുന്നവരെയും ഭൂമിയുടെ ഉടമകളാകാൻ അനുവദിക്കാറില്ല. ഇത് തൊഴിൽസേനയെ സൃഷ്ടിക്കുകയും അവരെ ഉപയോഗിച്ച് ഭൂവുടമകൾ ഭൂമിയിൽ വൻതോതിൽ കൃഷിയിറക്കി ഉയർന്ന വരുമാനം ഉണ്ടാക്കുകയും ചെയ്തു.

ജാതിയും വർഗവും തമ്മിലുള്ള ബന്ധം, ഉന്നത-മധ്യവിശേഷണങ്ങളുള്ള ജാതികൾക്ക് ഭൂമിയുടെയും മറ്റു വിഭവങ്ങളുടെയും മേൽ ആധിപത്യം നേടിക്കൊടുക്കുവാനും, അധികാരവും സവിശേഷാനുകൂല്യങ്ങളും നേടിയെടുക്കാനും വഴിയൊരുക്കി. ഇത് ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിലും സമൂഹത്തിലും വലിയ ചലനങ്ങൾ സൃഷ്ടിച്ചു. തൊഴിലാളികളെ തങ്ങൾക്കുവേണ്ടി പണിയെടുപ്പിക്കാൻ ശേഷിയുള്ള ഭൂവുടമസ്ഥാദികൾ (Proprietary Castes) ഇതോടെ കരുത്തരായിത്തീർന്നു. അങ്ങനെ അവർ എല്ലാ വിഭവങ്ങളും തങ്ങളുടെ നിയന്ത്രണത്തിലാക്കി. അടുത്തകാലംവരെ വടക്കേ ഇന്ത്യയുടെ പല ഭാഗങ്ങളിലും നിലനിന്നിരുന്ന ബെഗാർ (Begar ) അല്ലെങ്കിൽ തൊഴിൽ സേവനമായി നൽകാൻ നിർബന്ധിതരായ തൊഴിലാളി (Free labour) സമ്പ്രദായം ഇത്തരത്തിലുള്ളതാണ്. ഇതനുസരിച്ച് താഴ്ന്നവരാക്കപ്പെട്ട ജാതികളിൽപ്പെട്ടവർ വർഷത്തിൽ ചില നിശ്ചിത ദിവസങ്ങൾ ഗ്രാമത്തിലെ സെമിന്ദാർമാർ (Zamindar)ക്കോ ഭൂവുടമസ്ഥർക്കോ വേണ്ടി സൗജന്യമായി പണിയെടുക്കാൻ ബാധ്യസ്ഥരായിരുന്നു. അതുപോലെ വിഭവങ്ങളുടെ അഭാവത്തോടൊപ്പം സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ പിന്തുണയ്ക്കായി ഭൂവുടമകളെ ആശ്രയിക്കുന്നത് നിർധനരായ തൊഴിലാളികളെ ഭൂവുടമകളുമായി പരമ്പരാഗത കരാർ (തൊഴിൽ) ബന്ധങ്ങളിൽ (Bonded labour)ഏർപ്പെടാൻ ഇടയാക്കി. ഗുജറാത്തിലെ ഹൽപ്പാത്തി വ്യവസ്ഥയും (Breman 1974) കർണാടകത്തിലെ ജീത (Jeeta) സമ്പ്രദായവും ഇത്തരത്തിലുള്ള അടിമവേലകൾക്ക് ഉദാഹരണങ്ങളാണ്. ഇന്ന് അടിമത്തൊഴിൽ നിയമംമൂലം നിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഇത് നിലനിൽക്കുന്നുണ്ട്. വടക്കൻ ബിഹാറിലെ ഒരു ഗ്രാമത്തിലെ ഭൂരിപക്ഷ ഭൂവുടമകളായ 'ഭൂമിഹാറുകൾ' പ്രബലജാതിയിൽപെടുന്നവരാണ്.

**Box 4.1**

കാർഷിക ഉൽപാദനക്ഷമതയും കാർഷികഘടനയും തമ്മിൽ പ്രത്യക്ഷമായ ബന്ധമുണ്ട്. ജലലഭ്യത ഉറപ്പുള്ള പ്രദേശങ്ങളിലും മഴ സുലഭമായ ഇടങ്ങളിലും അല്ലെങ്കിൽ കൃത്രിമ ജലസേചനസൗകര്യങ്ങളുള്ള പ്രദേശങ്ങളിലും (ഉദാഹരണത്തിന്, തമിഴ്നാട്ടിലെ കാവേരി നദീതടം പോലെ നെൽകൃഷി പ്രദേശങ്ങൾ) വിപുലമായ രീതിയിൽ കൃഷിചെയ്യണമെങ്കിൽ കൂടുതൽ തൊഴിലാളികളുടെ അധ്വാനം ആവശ്യമാണ്. ഇങ്ങനെയുള്ള പ്രദേശങ്ങളിലാണ് ഏറ്റവും അസമത്വം നിറഞ്ഞ കാർഷികഘടന വികാസം പ്രാപിക്കുന്നത്. ഭൂരഹിതതൊഴിലാളികളാണ് ഇത്തരം പ്രദേശത്തിന്റെ കാർഷികഘടനയുടെ സവിശേഷത, ഇത് ഒരുതരം അടിമപ്പണിതന്നെയാണ്.

(Kumar 1988)



**4.2**

➢ ജാതി വ്യവസ്ഥയെ കുറിച്ച് നേരത്തേ മനസ്സിലാക്കിയിട്ടുണ്ടല്ലോ.

വിഭവങ്ങൾക്കു മേലുള്ള പ്രാപ്യത, തൊഴിൽ - ഉപജീവനമാർഗം എന്നീ കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ജാതിയും ഗ്രാമങ്ങളിലെ കാർഷിക സമൂഹത്തിലെ വർഗഘടനയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ഒരു രൂപരേഖ തയാറാക്കൂ. വിഭവങ്ങൾ, തൊഴിൽ, ജോലി എന്നീ പദങ്ങളുടെ വ്യത്യസ്ത ലഭ്യതകളെക്കുറിച്ച് ചർച്ച ചെയ്യുക.

## 4.4.2. ഭൂപരിഷ്കരണങ്ങളുടെ അനന്തരഫലങ്ങൾ (The Impact Of Land Reforms)

### കൊളോണിയൽ കാലഘട്ടം (Colonial Period)

ഇന്ത്യയിലെ ഓരോ പ്രദേശത്തും ഒന്നോ രണ്ടോ പ്രധാന സംഘങ്ങൾക്ക് ആധിപത്യം ലഭിച്ചതിന് ചരിത്രപരമായ കാരണങ്ങളുണ്ട്. ഇന്ത്യയിലെ കാർഷിക സമൂഹഘടനയെപ്പറ്റി പഠിക്കുകയാണെങ്കിൽ അത് കൊളോണിയൽ കാലഘട്ടത്തിനു മുൻപും കൊളോണിയൽ കാലത്തും തുടർന്ന് സ്വാതന്ത്ര്യാനന്തരവും ഒട്ടേറെ മാറ്റങ്ങൾക്കു വിധേയമായിട്ടുണ്ട് എന്നു മനസ്സിലാക്കാം. കൊളോണിയൽ കാലഘട്ടത്തിനു മുൻപ് മിക്കവാറും കൃഷിചെയ്തിരുന്നത് പ്രബലസമുദായങ്ങൾ തന്നെയായിരുന്നു. എന്നാൽ അവർ നേരിട്ട് ഭൂമിയുടെ ഉടമസ്ഥരായിരുന്നില്ല. ആ മേഖലയിൽ ഭരണം നിർവഹിച്ചിരുന്ന പ്രദേശിക രാജാക്കന്മാർ അല്ലെങ്കിൽ സെമീന്ദാർമാർ ശക്തരായ ഭൂവുടമകളോ ക്ഷത്രിയരോ ഉയർന്നവരെന്നു പറയപ്പെടുന്ന ജാതിക്കാരോ ആയിരുന്നു. കർഷകരിൽനിന്ന് നികുതി പിരിച്ച് സർക്കാരിനു നൽകുകയായിരുന്നു അവരുടെ ചുമതല. നികുതിയുടെ ഒരോഹരി അവർക്ക് പ്രതിഫലമായി ലഭിച്ചിരുന്നു. ഭൂമിയിൽ പണിയെടുത്തിരുന്ന കർഷകർ അവരുടെ അധ്വാനഫലത്തിന്റെ സിംഹഭാഗവും ഇത്തരത്തിൽ നൽകേണ്ടിയിരുന്നു. ബ്രിട്ടീഷുകാർ ഇന്ത്യയെ കോളനീകരിച്ചപ്പോൾ രാജ്യത്തിന്റെ പല ഭാഗങ്ങളും ഈ പ്രാദേശിക സെമീന്ദാർമാരിലൂടെയാണ് ഭരണം നടത്തിയിരുന്നത്. പരമാവധി വരുമാനമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ബ്രിട്ടീഷുകാർ പുതിയ ഭൂനികുതി വ്യവസ്ഥയും പരിഷ്കാരങ്ങളും കൊണ്ടുവന്നു. സെമീന്ദാരി സമ്പ്രദായപ്രകാരം സെമീന്ദാർമാർ ഭൂവുടമകളായി പ്രഖ്യാപിക്കപ്പെട്ടു. ഇത് സെമീന്ദാർമാർക്ക് ഭൂമിക്കുമേൽ കൂടുതൽ അധികാരങ്ങൾ നൽകി. ഇതോടെ കൃഷിക്കുമേൽ കൂടുതൽ ഭീമമായ നികുതിവ്യവസ്ഥകൾ നടപ്പിലാക്കപ്പെട്ടു. സർക്കാർ നിശ്ചയിച്ച നികുതി വളരെ ഉയർന്നതായിരുന്നതിനാൽ സെമീന്ദാർമാർ കൃഷിക്കാരിൽനിന്ന് അധ്വാനഫലമോ പണമോ പരമാവധി ഈടാക്കാൻ തുടങ്ങുകയും ചെയ്തു. ഇതിന്റെ ഫലമായി, ബ്രിട്ടീഷ് ഭരണകാലത്ത് സെമീന്ദാരി സമ്പ്രദായത്തിന് കീഴിൽ കാർഷിക ഉൽപ്പാദനം കുറയുകയും മുരടിക്കുകയും ചെയ്തു. ഭൂവുടമകളുടെ അടിച്ചമർത്തൽ സഹിക്കാൻ കഴിയാതെ പല കർഷകരും നാടുവിട്ടു പോവുകയും തുടർച്ചയായ ക്ഷാമങ്ങളും യുദ്ധങ്ങളും ജനസംഖ്യയിൽ നല്ലൊരു ഭാഗത്തിന്റെ ജീവൻ അപഹരിക്കുകയും ചെയ്തു.

കൊളോണിയൽ ഇന്ത്യയിൽ ഒട്ടേറെ ജില്ലകൾ സെമീന്ദാരിസമ്പ്രദായത്തിന് കീഴിലായിരുന്നു. മറ്റുചില പ്രദേശങ്ങളിൽ (ബ്രിട്ടീഷുകാർ നേരിട്ടു ഭരിച്ചിരുന്ന) ഭൂനിയന്ത്രണമേർപ്പെടുത്തിയിരുന്നത് റയറ്റ് വാരി (Raiyatwari) സമ്പ്രദായത്തിന് കീഴിലായിരുന്നു ഈ സമ്പ്രദായമനുസരിച്ച് യഥാർഥ കർഷകർ (കർഷകൻ എന്നർഥം വരുന്ന തെലുങ്കു പദമാണ് റയറ്റ്. അവർ പലപ്പോഴും ഭൂവുടമകളായിരുന്നെങ്കിലും കർഷകരായിരുന്നില്ല നേരിട്ടായിരുന്നു നികുതി നൽകേണ്ടിയിരുന്നത്. ഇതോടെ സെമീന്ദാർമാർക്കു പകരം കൊളോണിയൽ സർക്കാർ കർഷകരുമായി നേരിട്ട് ബന്ധപ്പെടാനിടയായി. ഇങ്ങനെ ഇടത്തട്ടുകാരായ പ്രഭുക്കന്മാർ ഇല്ലാതായതോടെ നികുതിഭാരം ലഘൂകരിക്കപ്പെടുകയും കൃഷിക്കാർക്ക് കൃഷിയിൽ കൂടുതൽ മുതൽമുടക്കാൻ പ്രേരണയുണ്ടാവുകയും ചെയ്തു. ഇതിന്റെ ഫലമായി ഇത്തരം പ്രദേശങ്ങൾ താരതമ്യേന കൂടുതൽ ഉൽപ്പാദനക്ഷമതയും അഭിവൃദ്ധിയും കൈവരിച്ചു.

ഇന്ത്യയിലെ ഇന്നത്തെ കാർഷികഘടനയെ കുറിച്ച് പഠിക്കാൻ ബ്രിട്ടീഷ് ഭരണകാലത്തെ ഭൂനികുതിഭരണത്തിന്റെ പശ്ചാത്തലത്തെക്കുറിച്ച് മനസ്സിലാക്കേണ്ടതുണ്ട്. അവ നിങ്ങൾചരിത്ര പുസ്തകങ്ങളിൽ പഠിച്ചതാണ്. കാരണം, കൊളോണിയൽ കാലഘട്ടത്തിൽ ആരംഭിച്ച മാറ്റങ്ങളുടെ ഫലമായിട്ടാണ് ഇന്ത്യയിൽ ഇന്നു കാണുന്ന ഘടന രൂപപ്പെട്ടത്.

## സ്വതന്ത്ര ഇന്ത്യ (Independent India)

ഇന്ത്യ സ്വതന്ത്രമായതിനുശേഷം പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും നയരൂപീകരണ വിദഗ്ധരും ചേർന്ന് ഇന്ത്യയുടെ കാർഷികമേഖലയുടെ സമ്പൂർണമായ വളർച്ചയും വ്യവസായ വൽക്കരണവും ലക്ഷ്യമിട്ടുകൊണ്ട് ഒരു ആസൂത്രിത വികസനപദ്ധതിക്ക് തുടക്കം കുറിച്ചു. അക്കാലത്ത് ഇന്ത്യയിലെ കാർഷികസ്ഥിതി വളരെ ദയനീയമായിരുന്നു. കാർഷികമേഖലയിലെ ഉൽപ്പാദനക്ഷമത നന്നേ കുറവായിരുന്നു. ഇറക്കുമതിചെയ്ത ഭക്ഷ്യധാന്യങ്ങളെയാണ് രാജ്യം പ്രധാനമായും ആശ്രയിച്ചിരുന്നത്. ഗ്രാമീണജനങ്ങളിൽ വലിയൊരു വിഭാഗം കടുത്ത ദാരിദ്ര്യത്തിലായിരുന്നു. ഈ സാഹചര്യത്തിൽ കാർഷികഘടന അടിമുടി പരിഷ്കരിക്കേണ്ടതുണ്ട് എന്ന ആവശ്യകത പൊതുവെ ബോധ്യപ്പെട്ടു. കൃഷി പുരോഗതി പ്രാപിക്കണമെങ്കിൽ ഭൂമിയുടെ കൈവശാവകാശം, സമ്പ്രദായം, വിതരണം എന്നിവയിൽ കാതലായ മാറ്റങ്ങൾ അനിവാര്യമാണെന്ന് തിരിച്ചറിയപ്പെട്ടു. തുടർന്ന് ഈ മാറ്റങ്ങൾ ലക്ഷ്യമാക്കി 1950 നും 70 നും മധ്യേ ഭൂപരിഷ്കരണനിയമങ്ങളുടെ ഒരു പരമ്പരതന്നെ ദേശീയതലത്തിലും സംസ്ഥാനങ്ങളിലുമായി നടപ്പിലാക്കപ്പെട്ടു.

ആദ്യത്തെ പ്രധാന ഭൂപരിഷ്കരണനിയമം സെമീന്ദാരിസമ്പ്രദായം അവസാനിപ്പിച്ചുകൊണ്ടുള്ളതായിരുന്നു ഭൂപരിഷ്കരണനിയമങ്ങളിൽ ഏറ്റവും ഫലപ്രദമായ നിയമവും ഇതുതന്നെയായിരുന്നു. ഈ നിയമത്തിലൂടെ കർഷകർക്കും രാഷ്ട്രത്തിനും മധ്യേയുള്ള ഇടനിലക്കാർ ഒഴിവാക്കപ്പെട്ടു. സെമീന്ദാർമാരുടെ ഭൂമി സർക്കാർ ഏറ്റെടുത്ത് അവിടെ കൃഷിചെയ്തിരുന്ന കുടിയാന്മാർക്ക് വിതരണം ചെയ്തു. ഇതോടെ സെമീന്ദാർമാരുടെ സാമ്പത്തികവും രാഷ്ട്രീയവുമായ ശക്തി ദുർബലമായിത്തീരുകയും യഥാർഥ കൃഷിക്കാരുടെ അവസ്ഥ മെച്ചപ്പെടുകയും ചെയ്തു. എന്നാൽ ഇത് കേവലം എതിർപ്പില്ലാതെ സാധിച്ചെടുത്ത ഒന്നല്ല. ഈ നിയമ പരിഷ്കാരത്തോടെ പ്രാദേശികതലത്തിൽ ഭൂമിയുടെ യഥാർഥ ഉടമസ്ഥരെയും കൃഷിക്കാരെയും ശാക്തീകരിക്കാനായി. സെമിന്ദാരിസമ്പ്രദായം അവസാനിപ്പിച്ചുവെങ്കിലും ജന്മിത്തം, കുടിയായ്മ കൃഷിസമ്പ്രദായം, പാട്ടക്കരാർ സമ്പ്രദായം എന്നിവ തുടച്ചുമാറ്റാൻ ഈ നിയമത്തിനു കഴിഞ്ഞില്ല. അത് പല മേഖലകളിലും തുടർന്നു. പലതട്ടിലുള്ള കാർഷിക ഘടനയിലെ ഏറ്റവും മുകളിലുള്ള ഉടമകളുടെ വിഭാഗത്തെ മാത്രമേ ഇത് നീക്കം ചെയ്തുള്ളു.

കുടിയായ്മ അവസാനിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന നിയമങ്ങളാണ് രണ്ടാമത്തെ ഭൂപരിഷ്കരണനിയമങ്ങൾ. ഇതനുസരിച്ച് കുടിയായ്മ നിയമവിരുദ്ധമാക്കാനോ ജന്മിക്ക് നൽകുന്ന പാട്ടം കുറയ്ക്കാനോ ഉള്ള നടപടികൾ ശുപാർശചെയ്യപ്പെട്ടു. കുടിയാന്മാർക്ക് കുറഞ്ഞ തോതിലെങ്കിലും സുരക്ഷയേകാൻ ഈ നിയമങ്ങൾക്ക് കഴിഞ്ഞു. എന്നാൽ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും ഈ നിയമം ഫലപ്രദമായി നടപ്പിലാക്കപ്പെട്ടില്ല. പശ്ചിമബംഗാളിലും കേരളത്തിലും കുടിയാന്മാർക്ക് ഭൂമിയുടെ മേൽ അവകാശം നൽകിക്കൊണ്ട് കാർഷിക ഘടനയെ സമൂലമായി പുനഃസംഘടിപ്പിക്കാൻ കഴിഞ്ഞു.


4.3

- ഭൂദാൻ പ്രസ്ഥാനത്തെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക.
- ബർഗയത്നത്തെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുക.
- ചർച്ച ചെയ്യുക.

ഭൂപരിധിനിയമങ്ങളാണ് (Land Ceiling Act) മൂന്നാമത്തെ വിഭാഗത്തിൽപ്പെട്ട ഭൂപരിഷ്കരണ നിയമങ്ങൾ. ഇതു പ്രകാരം ഒരു കുടുംബത്തിന് കൈവശം വയ്ക്കാവുന്ന ഭൂമിയുടെ ഉയർന്ന പരിധി നിജപ്പെടുത്തി. ഇതനുസരിച്ച് കൈവശംവയ്ക്കാവുന്ന ഭൂമിയുടെ പരിധി ഓരോ പ്രദേശത്തിനുമനുസരിച്ച് വ്യത്യാസപ്പെട്ടിരുന്നു. ഭൂമിയുടെ തരം, ഉൽപ്പാദനക്ഷമത തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് ഭൂപരിധി നിർണയിച്ചത്. ഉൽപ്പാദനക്ഷമത കൂടുതലുള്ള ഭൂമിയാണെങ്കിൽ കുറഞ്ഞ അളവിലും ഉൽപ്പാദനക്ഷമത കുറഞ്ഞ ഭൂമിയാണെങ്കിൽ കൂടിയ കൈവശ പരിധിയുമാണ് നിർണയിച്ചത്.

ഭൂപരിധി നിയമപ്രകാരം ഓരോ കുടുംബത്തിന്റെയും കൈവശം പരിധിക്കപ്പുറമുണ്ടായിരുന്ന ഭൂമി സർക്കാർ പിടിച്ചെടുത്ത്, ഭൂരഹിതരായ കുടുംബങ്ങൾക്ക് - പ്രത്യേകിച്ച് പട്ടികജാതി -പട്ടികവർഗത്തിൽപ്പെട്ടവർക്ക് പുനർവിതരണം ചെയ്യുമെന്നാണ് കരുതപ്പെട്ടിരുന്നത്. എന്നാൽ പല സംസ്ഥാനങ്ങളിലും ഈ നിയമങ്ങൾ ഫലപ്രദമായി നടപ്പാക്കപ്പെട്ടില്ല. ഭൂപരിധിനിയമത്തിലെ

പഴുതുകളും മറ്റു തന്ത്രങ്ങളും ഉപയോഗിച്ച് തങ്ങളുടെ കൈവശമുള്ള മിച്ചഭൂമിയെ സർക്കാർ പിടിച്ചെടുക്കുന്നതിൽനിന്ന്സംരക്ഷിക്കാൻ വൻകിട ഭൂവുടമകൾക്ക് സാധിച്ചു. തങ്ങളുടെ കൈവശമുള്ള ഭൂമി ബന്ധുക്കൾക്കും മറ്റുള്ളവർക്കും കൈമാറിയതായി രേഖയുണ്ടാക്കിക്കൊണ്ടാണ് അവർ ഈ നിയമത്തിന്റെ പിടിയിൽനിന്ന്രക്ഷപ്പെട്ടത്. വേലക്കാരുടെ പേരിൽ പോലും അവർ ഭൂമി കൈമാറി. ഇത്തരം ബിനാമി കൈമാറ്റ (Benami transfers) ങ്ങളിലൂടെ തങ്ങളുടെ ഭൂമിയുടെ മേലുള്ള നിയന്ത്രണം നിലനിർത്താൻ അവർക്ക് കഴിഞ്ഞു. ഭൂപരിധിനിയമപ്രകാരം വിവാഹിതരല്ലാത്തവർക്ക് ഭൂമിയുടെ ഓഹരികൾക്ക് അവകാശമുണ്ട്. ചില പ്രദേശങ്ങളിൽ ഭൂപരിധിനിയമത്തിലെ വ്യവസ്ഥകളിൽനിന്ന് രക്ഷപ്പെടുന്നതിന് സമ്പന്നരായ ഭൂവുടമകളും കർഷകരും ഭാര്യയോടൊപ്പം തുടർന്നു ജീവിച്ചുകൊണ്ടുതന്നെ നിയമപരമായി വിവാഹമോചനം നേടി. ഇത്തരം തന്ത്രങ്ങളിലൂടെ വിവാഹിതരല്ലാത്തവർ എന്ന പേരിൽ ഭൂമിയുടെ ഓഹരികൾ നിലനിർത്താനും അവർക്കു കഴിഞ്ഞു.

ഇത്തരം പല കാരണങ്ങളാൽ സർക്കാർ കൊണ്ടുവന്ന ഭൂപരിഷ്കാരങ്ങളുടെ പുരോഗതി എല്ലാ സംസ്ഥാനങ്ങളിലും ഒരുപോലെ ആയിരുന്നില്ല. കൊളോണിയൽ കാലഘട്ടത്തിലെ കാർഷിക ഘടനയിൽനിന്ന് ഇപ്പോഴത്തെ കാർഷികഘടനയിലേക്കുള്ള മാറ്റത്തിനു വഴിതെളിക്കാൻ ഈ നിയമങ്ങൾക്കു സാധിച്ചു. അതേസമയം കാർഷികഘടനയിലെ അസമത്വങ്ങൾ നിലനിൽക്കുകയും ചെയ്തു. ഭൂപരിഷ്കാരങ്ങൾ ഇന്ത്യയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. കാർഷികോൽപ്പാദനം വർധിപ്പിക്കാൻ മാത്രമല്ല, ഗ്രാമങ്ങളിലെ ദാരിദ്ര്യ നിർമാർജനത്തിനും, സാമൂഹികനീതി ഉറപ്പാക്കുന്നതിനും ഭൂപരിഷ്കാരങ്ങൾ ശരിയായി നടപ്പിലാക്കപ്പെടേണ്ടതുണ്ട്.

## 4.3 ഹരിതവിപ്ലവവും അതിന്റെ സാമൂഹിക പ്രത്യാഘാതങ്ങളും (The Green Revolution And Its Social Consequences)

ഭൂപരിഷ്കരണങ്ങൾക്ക് നമ്മുടെ ഗ്രാമീണസമൂഹത്തിലും കാർഷികഘടനയിലും ചെറിയ സ്വാധീനം മാത്രമേ സൃഷ്ടിക്കാൻ ആയുള്ളു എന്ന് നാം കണ്ടു. 1960 കളിലും 70 കളിലുമായി കാർഷിക ആധുനികവൽക്കരണത്തിനായി സർക്കാർ നടപ്പിലാക്കിയ ഒരു പദ്ധതിയാണ് ഹരിതവിപ്ലവം. ഹരിതവിപ്ലവം (Green Revolution) നടപ്പിലാക്കിയ സ്ഥലങ്ങളിൽ വലിയ മാറ്റമുണ്ടാക്കി. അന്താരാഷ്ട്ര ഏജൻസികളുടെ ധനസഹായത്തോടെ നടപ്പിലായ ഈ പദ്ധതിയുടെ കീഴിൽ ഉയർന്ന വിളവ് നൽകുന്ന വിത്തിനങ്ങൾ (high yield varieties) അഥവാ സങ്കരവിത്തുകൾ, കീടനാശിനികൾ, രാസവളങ്ങൾ എന്നിവ കർഷകർക്ക് സബ്സിഡിയോടുകൂടി നൽകുകയും അതുവഴി വൻതോതിൽ കാർഷിക ഉൽപ്പാദനം നടത്താനുമാണ് ശ്രമിച്ചത്. ജലസേചന സൗകര്യങ്ങൾ വേണ്ടത്രയുള്ള പ്രദേശങ്ങളിൽ മാത്രമാണ് ഹരിതവിപ്ലവപരിപാടികൾ നടപ്പിലാക്കിയത്. കാരണം പുതിയ വിത്തിനങ്ങളുടെ കൃഷി രീതിക്കും ധാരാളം ജലം ആവശ്യമായിരുന്നു. ഗോതമ്പും നെല്ലും വിളയുന്ന പ്രദേശങ്ങൾക്കാണ് ഹരിതവിപ്ലവത്തിൽ കൂടുതൽ ഊന്നൽ നൽകിയത്. അതിനാൽ ആദ്യഘട്ടത്തിൽ പഞ്ചാബ്, പടിഞ്ഞാറൻ ഉത്തർപ്രദേശ്, ആന്ധ്രപ്രദേശിന്റെ തീരപ്രദേശമേഖല, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ ചില പ്രദേശങ്ങളിലാണ് ഹരിതവിപ്ലവ പാക്കേജിന്റെ ആദ്യകാല ശ്രദ്ധയും ആനുകൂല്യങ്ങളും ലഭിച്ചത്. ഇതോടെ ഈ മേഖലകളിൽ സംഭവിച്ച ത്വരിതഗതിയിലുണ്ടായ സാമൂഹിക-സാമ്പത്തികമാറ്റങ്ങൾ സമൂഹശാസ്ത്രപഠനങ്ങളുടെ ശ്രദ്ധയാകർഷിക്കുകയുണ്ടായി. ഹരിതവിപ്ലവത്തിന്റെ സ്വാധീനത്തെക്കുറിച്ച് ഒട്ടേറെ സംവാദങ്ങളും ആരംഭിച്ചു.

ഹരിതവിപ്ലവത്തിന്റെ ഭാഗമായി പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ചതിനാൽ കാർഷിക ഉൽപ്പാദനം കുത്തനെ വർധിച്ചു. ഭക്ഷ്യോൽപ്പാദനത്തിൽ ആദ്യമായി സ്വയംപര്യാപ്തത കൈവരിക്കാൻ ഇന്ത്യക്ക് സാധിച്ചു. ഹരിതവിപ്ലവം സർക്കാരിന്റെയും ഇതിനായി സംഭാവനചെയ്ത ശാസ്ത്രജ്ഞരുടെയും ഒരു വലിയ നേട്ടമായി വിലയിരുത്തപ്പെട്ടു. എന്നാലും ഹരിതവിപ്ലവം ദോഷകരമായ ചില സാമൂഹികപ്രശ്നങ്ങളും പാരിസ്ഥിതികപ്രത്യാഘാതങ്ങളും സൃഷ്ടിച്ചുവെന്ന് ഹരിതവിപ്ലവത്തെ കുറിച്ച് പഠിച്ച സമൂഹശാസ്ത്രജ്ഞർ ചൂണ്ടിക്കാണിക്കുന്നു.

*ഹരിതവിപ്ലവം പ്രയോജനപ്പെട്ടത് ഇടത്തരം കർഷകർക്കും വൻകിട കർഷകർക്കും മാത്രമാണ്.* ചെറുകിട കർഷകർക്ക് അതിന്റെ ഗുണഫലങ്ങൾ ലഭിച്ചില്ല. കാരണം, ഹരിതവിപ്ലവം നടപ്പിലാക്കുന്നതിന് വലിയ മുടക്കുമുതൽ ആവശ്യമായിരുന്നു. പുതിയ ഇനം വിത്തുകൾ, രാസവളങ്ങൾ കീടനാശിനികൾ എന്നിവ വാങ്ങാനുള്ള പണം ദരിദ്രകർഷകർക്ക് ഉണ്ടായിരുന്നില്ല. സ്വാഭാവികമായും ചെലവേറിയ പുതിയ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി കാർഷികോൽപാദനം നടത്താൻ അവർക്ക് കഴിഞ്ഞില്ല. ചെറുകിടകർഷകർക്ക് വിപണിക്ക് വേണ്ടി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞില്ല. അവർ ഏറെയും സ്വന്തം ആവശ്യങ്ങൾക്കാണ് കാർഷികോൽപ്പാദനം നടത്തിയിരുന്നത്. ഇതിനെയാണ് ഉപജീവനകൃഷി (Subsistence Agriculture) എന്നു പറയുന്നത്. ഇവരെ സാധാരണയായി കർഷകത്തൊഴിലാളികൾ (Peasants) എന്നു വിളിക്കുന്നു. എന്നാൽ, ഇടത്തരം - സമ്പന്നകർഷകർ വിപണിയെ ലക്ഷ്യമാക്കിയാണ് കൃഷിചെയ്തിരുന്നത്. അവർ ഉൽപ്പാദനം നടത്തുകയും വിപണിയിൽ വിറ്റഴിച്ച് ലാഭമുണ്ടാക്കുകയും ചെയ്തു. *ഹരിതവിപ്ലവത്തെ തുടർന്നുണ്ടായ കൃഷിയുടെ വാണിജ്യവത്ക്കരണത്തിൽനിന്നു നേട്ടങ്ങൾ കൊയ്തത് ഈ വിഭാഗത്തിൽപ്പെട്ട കർഷകരാണ്.*

ഇത്തരത്തിൽ, ഹരിതവിപ്ലവത്തിന്റെ ആദ്യഘട്ടത്തിൽ ( 1960 മുതൽ 70 വരെയുള്ള കാലഘട്ടത്തിൽ) *പുത്തൻ സാങ്കേതികവിദ്യ കാർഷികമേഖലയിലേക്ക് വന്നതിനെ തുടർന്ന് ഗ്രാമസമൂഹത്തിലെ അസമത്വങ്ങൾ വർധിക്കുകയാണുണ്ടായത്.* പുതിയ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള ഹരിതവിപ്ലവ വിളവുകൾ വളരെ ലാഭകരമായിരുന്നു. ഭൂമിയും മൂലധനവും സാങ്കേതികവിദ്യയും പ്രായോഗിക അറിവും കരഗതമായ സമ്പന്നകർഷകർ പുതിയ വിത്തിനങ്ങളും രാസവളങ്ങളും ഉപയോഗിച്ച് അത്യുൽപ്പാദനം നടത്തുകയും വൻ ലാഭമുണ്ടാക്കുകയും ചെയ്തു. ഇതോടൊപ്പം ഹരിതവിപ്ലവം കുടിയാന്മാരായ ഭൂരഹിത കൃഷിക്കാരുടെ കുടിയൊഴിപ്പിക്കലിന് കാരണമായി. കൃഷി ലാഭകരമായതോടെ ഭൂവുടമകൾ അവരുടെ കുടിയാന്മാരിൽനിന്ന് ഭൂമി തിരിച്ചെടുക്കുകയും സ്വന്തമായി കൃഷി ആരംഭിക്കുകയുംചെയ്തു. ഇത് സമ്പന്നകർഷകരെ കൂടുതൽ സമ്പന്നരാക്കുകയും ഭൂരഹിതരുടേയും നാമമാത്ര ഭൂവുടമകളുടെയും അൽപ്പ ഉടമകളുടെയും ജീവിതം ദുസ്സഹമാക്കുകയും ചെയ്തു.

ഇതിനുപുറമേ *ഹരിതവിപ്ലവത്തിന്റെ ഭാഗമായി വന്ന ടില്ലർ, ട്രാക്ടർ, മെതിയന്ത്രം, കൊയ്ത്തുയന്ത്രം തുടങ്ങിയവ (പ്രത്യേകിച്ച് പഞ്ചാബ്, മധ്യപ്രദേശ് തുടങ്ങിയ പ്രദേശങ്ങളിൽ) കാർഷിക തൊഴിലിൽ മാത്രം ഏർപ്പെട്ടിരുന്ന സേവനജാതിസംഘങ്ങളുടെ തൊഴിൽ നഷ്ടപ്പെടാൻ കാരണമായി.* തൊഴിൽ നഷ്ടമായതോടെ അവരിൽ പലരും നഗരങ്ങളിലേക്കു കുടിയേറി. അങ്ങനെ ഗ്രാമ-നഗരകുടിയേറ്റ (Rural urban Migration )പ്രക്രിയ വർധിച്ചു.

ഹരിതവിപ്ലവത്തിന്റെ അന്തിമഫലം സമ്പന്നനും ദരിദ്രനും തമ്മിലുള്ള അന്തരം വർധിച്ചു എന്നതാണ്. സമ്പന്നർ കൂടുതൽ സമ്പന്നരും ദരിദ്രർ കൂടുതൽ ദരിദ്രരുമായി. *ഗ്രാമങ്ങളിൽ കർഷകത്തൊഴിലാളികൾക്ക് ഡിമാൻഡ് വർധിച്ചതിനാൽ അവർക്ക് തൊഴിലവസരങ്ങളും കൂലിയും വർധിച്ചു.* ഹരിതവിപ്ലവത്തിനു മുൻപ് കൂലി സാധനങ്ങളായി ലഭിച്ചിരുന്ന തൊഴിലാളികൾക്ക്, കൂലി പണമായി ലഭിക്കാൻ തുടങ്ങിയതോടെ വിലക്കയറ്റം അവരെ ബാധിക്കാൻ തുടങ്ങി. അത് ഗ്രാമീണതൊഴിലാളികളുടെ സാമ്പത്തികജീവിതാവസ്ഥയെ കൂടുതൽ മോശമാക്കി.

ഒന്നാംഘട്ട ഹരിതവിപ്ലവത്തിനുശേഷം പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കിയത് വരണ്ടതും തരിശായതുമായ പ്രദേശങ്ങളിലാണ്. അവിടത്തെ കാർഷികോൽപ്പാദനത്തിൽ ഇത് വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു. പദ്ധതി ഈ പ്രദേശങ്ങളിലെ ജലസേചനസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും വിളവുകൾ നടുന്ന രീതി, വിളവുകളുടെ ഇനങ്ങൾ എന്നിവയിലെല്ലാം മാറ്റങ്ങൾ വരുത്തുകയും ചെയ്തു കൃഷിയുടെ വാണിജ്യവൽക്കരണത്തെ പ്രോത്സാഹിപ്പിച്ചു. പരുത്തി പോലുള്ള നാണ്യവിളകളുടെ ഉൽപ്പാദനത്തിന് വലിയ പ്രോത്സാഹനം ലഭിച്ചു. ഹരിതവിപ്ലവത്തിനു മുൻപ് കർഷകർ അവരുടെ ഉപയോഗത്തിനുള്ള ഭക്ഷ്യധാന്യങ്ങളാണ് ഉൽപ്പാദിപ്പിച്ചിരുന്നത്. പലതരം വിളവുകൾ അവർ ഉൽപ്പാദിപ്പിച്ചിരുന്നു. എന്നാൽ ഹരിത വിപ്ലവത്തെ തുടർന്ന് അവർ വിപണിക്കുവേണ്ടി ഉത്പാദനം നടത്താൻ തുടങ്ങി. ഇതോടെ കർഷകർക്ക്, വരുമാനത്തിനായി വിപണിയെ കൂടുതൽ ആശ്രയിക്കേണ്ടിവന്നു. ഈ ആശ്രിതത്വം കർഷകരുടെ ജീവിതം കൂടുതൽ അരക്ഷിതമാക്കി. ബഹുവിളകളുടെ ഉൽപ്പാദനത്തിൽ നിന്ന് കർഷകർ, വിപണിക്കുവേണ്ടി ഏക വിളയുടെ ഉൽപ്പാദനത്തിലേക്കു മാറി. ഇത്തരത്തിൽ ഉൽപ്പാദനം നടത്തുമ്പോൾ വിപണിയുടെ വിലയിലുണ്ടാകുന്ന ചാഞ്ചാട്ടം, വിളനാശം എന്നിവ കർഷകനെ സാമ്പത്തികമായി തകർച്ചയിലെത്തിക്കാം. ഹരിതവിപ്ലവം നടപ്പിലാക്കിയ മിക്ക പ്രദേശങ്ങളിലും കർഷകർക്ക് ഈ അപകടം നേരിടേണ്ടിവന്നു. *ഹരിതവിപ്ലവം നടന്ന മിക്ക പ്രദേശങ്ങളിലും കർഷകർ ബഹുവിള വ്യവസ്ഥയിൽനിന്ന് ഏകവിള വ്യവസ്ഥയിലേക്കു മാറിയതിനാൽ വിളനാശത്തിനാൽ സംഭവിക്കുന്ന അപകടങ്ങൾ നേരിടേണ്ടിവന്നു.*

*ഹരിതവിപ്ലവത്തിന്റെ മറ്റൊരു ഋണാത്മകഫലം പ്രാദേശികമായ അസമത്വങ്ങൾക്ക് വഴിയൊരുക്കി എന്നതാണ്.* സാങ്കേതികമാറ്റമുണ്ടായ ചില പ്രദേശങ്ങൾ വലിയ പുരോഗതിയും വികാസവും കൈവരിച്ചു. അതേസമയം മറ്റു പ്രദേശങ്ങൾ പിന്നാക്കാവസ്ഥയിൽത്തന്നെ നിലനിൽക്കുകയും മുരടിക്കുകയും ചെയ്തു. ഉദാഹരണത്തിന്, ഹരിതവിപ്ലവം പ്രോത്സാഹിപ്പിക്കപ്പെട്ട തെക്ക്- പടിഞ്ഞാറ് ഭാഗങ്ങൾ, പഞ്ചാബ്, ഹരിയാന, പടിഞ്ഞാറൻ യു. പി. തുടങ്ങിയവ ഉദാഹരണങ്ങളാണ്. അതേസമയം രാജ്യത്തിന് കിഴക്കുഭാഗങ്ങൾ, തെക്കൻ ഉത്തർപ്രദേശ്, തെലുങ്കാന പോലെയുള്ള വരണ്ട പ്രദേശങ്ങൾ, ബിഹാർ തുടങ്ങിയവ അവികസിതമായി തുടർന്നു (Das 1999). അവിടത്തെ ഫ്യൂഡൽ കാർഷിക ഘടന മാറ്റമില്ലാതെ നിന്നു. *ഭൂരഹിതരായ തൊഴിലാളികളുടെയും ചെറുകിട കർഷകരുടെയും മേൽ ഭൂവുടമകളും ഉന്നതരെന്നു പറയപ്പെട്ട ജാതിക്കാരും തങ്ങളുടെ ആധിപത്യവും അധികാരവും നിലനിർത്തിപ്പോന്നു. ഈ പ്രദേശങ്ങളിലെ കടുത്ത ജാതി -വർഗ അസമത്വങ്ങൾ, ചൂഷണാത്മകമായ തൊഴിൽബന്ധങ്ങൾ തുടങ്ങിയവ ഈ അടുത്തകാലത്ത് പലതരത്തിലുള്ള അക്രമങ്ങൾക്ക് (ജാതികൾക്കിടയിലും) വഴിയൊരുക്കി.*

ഹരിതവിപ്ലവം നിർദേശിച്ച ശാസ്ത്രീയമായ കൃഷിരീതികൾ ഇന്ത്യൻ കർഷകരുടെ അവസ്ഥ മെച്ചപ്പെടുത്തും എന്നാണ് പൊതുവേ പ്രതീക്ഷിക്കപ്പെട്ടിരുന്നത്. എന്നാൽ ഹരിതവിപ്ലവം പരമ്പരാഗത കൃഷിരീതികൾക്കും കാർഷിക അറിവുകൾക്കും ദോഷകരമായിത്തീർന്നു. ഇതോടെ, കർഷകർക്ക് ഉണ്ടായിരുന്ന നൂറ്റാണ്ടുകളുടെ കാർഷികപാരമ്പര്യവും ജ്ഞാനവും കൃഷിഭൂമിയെക്കുറിച്ചും വിളകളെക്കുറിച്ചും അവർ ആർജിച്ചെടുത്ത ജ്ഞാനത്തിലെ നല്ലൊരു ഭാഗവും ഹരിതവിപ്ലവത്തോടെ നഷ്ടപ്പെട്ടു തുടങ്ങി. ജനിതകമാറ്റം വരുത്തിയതും, കൂടുതൽ വിളവു ലഭിക്കുന്നതുമായ സങ്കരയിനം വിത്തുകളാണ് ഹരിതവിപ്ലവം പ്രോത്സാഹിപ്പിച്ചത് (Gupta 1998/ Vasavi 1999b). ആധുനിക കൃഷിരീതികളുടെ ദോഷവശങ്ങളും പരിസ്ഥിതി- സാമൂഹികപ്രത്യാഘാതങ്ങളും മനസ്സിലാക്കിക്കൊണ്ട് ഒട്ടേറെ ശാസ്ത്രജ്ഞരും, കർഷകപ്രസ്ഥാനങ്ങളും

**Box 4.2**

പ്രാദേശികതലത്തിലെ അഭിപ്രായ പ്രകടനങ്ങളിൽ സങ്കരയിന ഉൽപന്നത്തിന്റെയും ജൈവിക ഉൽപത്തിന്റെയും പൂർണ്ണതയിലെ വൈവിധ്യങ്ങളെക്കുറിച്ചുള്ള താരതമ്യപ്പെടുത്തൽ വർദ്ധിച്ചു. "അവർ സാധാരണയായി ഗോതമ്പും അരിചോളവും..... ചില കിഴങ്ങും, ചുകന്ന മുളക്.......പഞ്ഞി.....കൃഷി ചെയ്തു ഇപ്പോൾ സങ്കരയിനം...... ജവാരി (Javari) (ജൈവ അല്ലെങ്കിൽ പ്രാദേശികം) എവിടെ ? സൂര വിത്ത്, സൂര കൃഷി, കുട്ടികൾപോലും സങ്കരയിനം. സങ്കരയിന വിത്തുകൾ ഭൂമിയിൽ വിതക്കുന്നു.......ഉണ്ടാകുന്ന കുട്ടികൾ പോലും സങ്കരയിനം" എന്ന് മാദവി വില്ലേജിലെ മുതിർന്ന സ്ത്രീയായ ഭാർഗ്ഗവ ഹുഗർ പറഞ്ഞു. *(Vasavi 1994: 295-96)*

പരമ്പരാഗതമായ ജൈവകൃഷിരീതികളിലേക്കും വിത്തിനങ്ങളിലേക്കും മടങ്ങിപ്പോകാൻ നിർദേശിക്കുന്നുണ്ട്. സങ്കരയിനം വിത്തിനങ്ങൾക്ക് പരമ്പരാഗത വിത്തിനങ്ങളുടെ ഗുണമേന്മയില്ലെന്നും അവ ആരോഗ്യത്തിന് ഹാനികരമാണെന്നും പലരും ചൂണ്ടിക്കാണിക്കുന്നുണ്ട്.

## 4.4 സ്വാതന്ത്ര്യാനന്തരം ഗ്രാമസമൂഹത്തിലുണ്ടായ പരിവർത്തനങ്ങൾ (Transformations in Rural Society After Idependence)


സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഇന്ത്യയിലെ ഗ്രാമപ്രദേശങ്ങളിലെ സാമൂഹികബന്ധങ്ങളിൽ പ്രധാനപ്പെട്ട ചില മാറ്റങ്ങൾ സംഭവിച്ചു. ഇത്തരം മാറ്റങ്ങൾ ഏറെ സംഭവിച്ചത് ഹരിതവിപ്ലവം അരങ്ങേറിയ പ്രദേശങ്ങളിലാണ് . അവയിൽ ചിലതു താഴെ സൂചിപ്പിക്കുന്നു.

- കൃഷി കൂടുതൽ സജീവമായതോടെ കർഷകത്തൊഴിലാളികളുടെ ആവശ്യകത വർധിച്ചു.
- തൊഴിലാളികൾക്ക് പ്രതിഫലമായി സാധനങ്ങൾക്കു (ഭക്ഷ്യധാന്യം) പകരം പണം നൽകുന്ന രീതി വന്നു.
- കൃഷിക്കാരും ഭൂവുടമകളും തമ്മിലുള്ള പരമ്പരാഗത ബന്ധങ്ങളും കെട്ടുപാടുകളും കുറഞ്ഞു വന്നു. അതുപോലെ ജന്മിയും, കുടിയാൻമാരായ തൊഴിലാളികളും (ബന്ധിതതൊഴിലാളികൾ) തമ്മിലുള്ള പരമ്പരാഗതബന്ധങ്ങൾക്കും ഉലച്ചിൽ തട്ടി.
- സ്വതന്ത്ര കൂലിവേലക്കാരുടെ ഒരു വർഗം ഉയർന്നുവന്നു.

പ്രബലജാതികളിൽപ്പെട്ട ഭൂവുടമകളും താഴ്ന്നവരാക്കപ്പെട്ട ജാതികളിൽപ്പെട്ട കർഷകത്തൊഴിലാളികളും തമ്മിലുള്ള ബന്ധങ്ങളിൽ വന്ന മാറ്റം വളരെ പ്രധാനപ്പെട്ടതാണ്. സമൂഹശാസ്ത്രജ്ഞനായ ജാൻ ബ്രെമൻ (Jan Breman) ഇതിനെ വിശേഷിപ്പിച്ചത് രക്ഷാധികാരത്തിൽ (Patronage) നിന്ന് ചൂഷണത്തിലേക്കുള്ള (Exploitation) മാറ്റം എന്നാണ്. വിപണിയെ ലക്ഷ്യമിട്ട് കൃഷിചെയ്യുന്ന, കൃഷി വാണിജ്യവൽക്കരിക്കപ്പെട്ട ഇടങ്ങളിലെല്ലാം ഇത്തരത്തിൽ മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരുന്നു. തൊഴിൽബന്ധങ്ങളിലുണ്ടായ ഈ മാറ്റം മുതലാളിത്തകൃഷി (Capitalist Agriculture) യിലേക്കുള്ള പരിവർത്തനത്തിന്റെ സൂചനയാണെന്ന് ചില പണ്ഡിതർ അഭിപ്രായപ്പെടുന്നു. കാരണം മുതലാളിത്ത ഉൽപ്പാദനരീതിയുടെ അടിസ്ഥാനം തൊഴിലാളികളെ ഉൽപ്പാദനമാർഗങ്ങളിൽനിന്നു (ഭൂമിയിൽനിന്ന്) വേർതിരിക്കലും അവരെ സ്വതന്ത്ര കൂലിവേലക്കാരാക്കി ഉപയോഗിക്കലുമാണ്. കൂടുതൽ വികസിതമായ പ്രദേശങ്ങളിൽ കർഷകർ വിപണിയെ ലക്ഷ്യമാക്കിയാണ് ഉൽപ്പാദനം നടത്തിയിരുന്നത്. കൃഷി കൂടുതൽ വാണിജ്യവൽക്കരിക്കപ്പെട്ടതോടെ ഗ്രാമപ്രദേശങ്ങൾ വിസ്തൃതമായ സമ്പദ്‌വ്യവസ്ഥയുടെ ഭാഗമായിത്തീർന്നു. ഇതോടെ ഗ്രാമങ്ങളിലേക്കുള്ള പണത്തിന്റെ ഒഴുക്കുവർധിച്ചു. തുടർന്ന് സ്വാഭാവികമായും കച്ചവടവും തൊഴിലവസരങ്ങളും വർധിക്കുകയുണ്ടായി. കൊളോണിയൽ കാലഘട്ടത്തിലാണ് ഗ്രാമീണസമ്പദ്‌വ്യവസ്ഥയിൽ ഇത്തരം മാറ്റങ്ങൾ ആരംഭിച്ചത്. ഉദാഹരണത്തിന്, 19 -ാം നൂറ്റാണ്ടോടെ മഹാരാഷ്ട്രയിലെ ധാരാളം ഭൂപ്രദേശങ്ങൾ പരുത്തിക്കൃഷിക്ക് ഉപയോഗപ്പെടുത്തുകയുണ്ടായി. തുടർന്ന് ഇവിടങ്ങളിലെ പരുത്തിക്കൃഷിക്കാർ ലോക വിപണിയുമായി നേരിട്ടു ബന്ധിപ്പിക്കപ്പെട്ടു. എന്നാൽ ഇത്തരം മാറ്റത്തിന് വ്യാപ്തിയും വേഗവും വർധിച്ചത് സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലാണ്. സർക്കാരിന്റെ മേൽനോട്ടത്തിൽ ആധുനിക കൃഷിരീതികൾ പ്രോത്സാഹിപ്പിച്ചതും ഗ്രാമീണസമ്പദ്‌വ്യവസ്ഥ ആധുനികവൽക്കരിക്കാൻ ശ്രമിച്ചതും ഇതിനൊരു കാരണമായിത്തീർന്നു. ഗ്രാമങ്ങളിൽ ജലസേചനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും റോഡുകൾ നിർമ്മിക്കുന്നതിനും വൈദ്യുതിയെത്തിക്കുന്നതിനും സർക്കാർ കൂടുതൽ മുതൽമുടക്കാൻ തുടങ്ങി. ബാങ്കുകളിലൂടെയും സഹകരണ സ്ഥാപനങ്ങളിലൂടെയും കർഷകർക്ക് വായ്പകൾ നൽകി. അടുത്തിടെ സർക്കാർ നടപ്പിലാക്കിയ ദീൻ ദയാൽ ഉപാധ്യായ ഗ്രാമജ്യോതി യോജന സംരംഭം ഈ ഉദ്ദേശ്യത്തിലുള്ളതായിരുന്നു. ഈ ഗ്രാമീണവികസനപ്രവർത്തനങ്ങൾ




ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലെ കൃഷികൾ



ഗ്രാമത്തിലെ ജീവിതാവസ്ഥയും സമ്പദ് വ്യവസ്ഥയും മാറ്റിമറിച്ചു. ഒപ്പം കാർഷികഘടനയിലും ഗ്രാമസമൂഹത്തിലും മാറ്റങ്ങൾ കൊണ്ടുവന്നു.


1960-70 കാലഘട്ടങ്ങളിൽ ഇടത്തരം കർഷകരും സമ്പന്ന കർഷകരും പുതിയ സാങ്കേതികവിദ്യകൾ സ്വീകരിച്ചതിനാൽ വന്ന കാർഷികരംഗത്തെ പുരോഗതി സാമൂഹിക ഘടനയെ മാറ്റിമറിക്കാൻ കാരണമായി. കാർഷിക സമ്പന്നമേഖലകളായ ആന്ധ്രപ്രദേശ്, പടിഞ്ഞാറൻ ഉത്തർപ്രദേശ്, ഗുജറാത്ത് തുടങ്ങിയ ഇടങ്ങളിൽ ധനികരായ കർഷകർ കൃഷിയിൽനിന്നുള്ള ലാഭം മറ്റു ബിസിനസ് സംരംഭങ്ങളിൽ നിക്ഷേപിക്കാൻ തുടങ്ങി. ഇത് സംരംഭകരുടെ ഒരു പുതിയ വിഭാഗം ഉയർന്നുവരുന്നതിന് കാരണമായി. ഗ്രാമങ്ങളിൽനിന്നുള്ള ഈ വിഭാഗം ക്രമേണ നഗരങ്ങളിലേക്കു നീങ്ങുകയും ഒരു പുതിയ പ്രാദേശിക വരേണ്യവർഗമായി മാറുകയും ചെയ്തു. അവർ സാമ്പത്തികമായും രാഷ്ട്രീയമായും പ്രബലവിഭാഗമായി (Rutten 1995). വർഗഘടനയിലെ മാറ്റങ്ങളോടൊപ്പം വിദ്യാഭ്യാസത്തിന്റെ വ്യാപനം പ്രത്യേകിച്ചും സ്വകാര്യ പ്രൊഫഷണൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ പുതിയ വരേണ്യവർഗത്തിന്റെ വളർച്ചയെ സഹായിച്ചു. നഗരങ്ങളിലും ചെറുപട്ടണങ്ങളിലുമെല്ലാം, ഈ പുതിയ വരേണ്യവർഗം മക്കളെ ഈ സ്ഥാപനങ്ങളിൽ പഠിപ്പിക്കാൻ തുടങ്ങി. വിദ്യാഭ്യാസം പൂർത്തിയാക്കിയ പുതുതലമുറയിൽപ്പെട്ടവരാവട്ടെ പ്രൊഫഷണൽ അഥവാ വെള്ളക്കോളർ ഉദ്യോഗം സ്വീകരിക്കുകയും പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തു.

ഇത്തരത്തിൽ, ഹരിതവിപ്ലവത്തെ തുടർന്ന് കാർഷിക പുരോഗതി നേടിയ പ്രദേശങ്ങളിലെ പഴയ ഭൂവുടമകളും സമ്പന്നകർഷകരും മികച്ച ബിസിനസ് സംഘാടകർ കൂടിയായി മാറി. ഗ്രാമീണ-നഗര മേഖലകളിൽ അവർ ഒരു പ്രബലവർഗ്ഗമായിത്തീർന്നു. എന്നാൽ കിഴക്കൻ ഉത്തർപ്രദേശ്, ബിഹാർ തുടങ്ങിയ പ്രദേശങ്ങളിലെ കാർഷിക ഘടനയിൽ ഇത്തരം മാറ്റങ്ങൾ ഒന്നുമുണ്ടായില്ല. ഭൂപരിഷ്കരണനടപടികളുടെ ഫലപ്രാപ്തിയില്ലായ്മയും ഭരണകൂടങ്ങളുടെ രാഷ്ട്രീയ ഇച്ഛാശക്തിയില്ലായ്മയും കാരണം ഭൂമിയുടെ പുനർവിതരണത്തിന് കാര്യമായ മാറ്റങ്ങളൊന്നും ഇവിടത്തെ പ്രദേശങ്ങളിൽ വരുത്താൻ സാധിച്ചില്ല. അതുകൊണ്ടുതന്നെ ഇവിടങ്ങളിലെ കാർഷികഘടനയിൽ കാര്യമായ മാറ്റങ്ങൾ ഒന്നുമുണ്ടായില്ല. മറിച്ച്, കേരളം പോലെയുള്ള സംസ്ഥാനങ്ങളിൽ ഇക്കാലയളവിൽ തികച്ചും വ്യത്യസ്തമായ ഒരു വികസനപ്രക്രിയ സംഭവിച്ചു. കൂടുതൽ മെച്ചപ്പെട്ട രാഷ്ട്രീയസംഘാടനവും ഭൂമിയുടെ പുനർവിതരണനടപടികളും ഗൾഫ് രാജ്യങ്ങൾ പോലെയുള്ള ബാഹ്യലോകവുമായുള്ള ബന്ധങ്ങളുമാണ് കേരളത്തിലെ ഗ്രാമീണമേഖലയിൽ മാറ്റങ്ങൾ കൊണ്ടുവന്നത്. പൂർണമായും ഗ്രാമീണമല്ലാത്ത, ഒരു മിശ്രസമ്പദ്‌വ്യവസ്ഥയാണ് കേരളത്തിന്റേത്. കൃഷിയും ചില്ലറക്കച്ചവട ശൃംഖലയും സേവനവും എല്ലാം ഒത്തുചേർന്നു നിലനിൽക്കുന്ന കേരളത്തിന്റെ സാമൂഹ്യഘടനാസവിശേഷതയിൽ പുറത്തുനിന്ന്, പ്രത്യേകിച്ച് വിദേശ രാജ്യങ്ങളിൽനിന്ന് അയച്ചുകിട്ടുന്ന പണത്തെ ആശ്രയിച്ച് കഴിയുന്ന ധാരാളം കുടുംബങ്ങൾക്കും പങ്കുണ്ട്.





കൃഷിയിലെ മാറിക്കൊണ്ടിരിക്കുന്ന സാങ്കേതികവിദ്യകൾ



കേരളത്തിലെ ഒരു ഗ്രാമത്തിലെ 'സുകൃതം' എന്ന ഈ വീട് നോക്കുക. പാലക്കാട് ജില്ലയിൽ നഗരത്തിൽ നിന്ന് 3 കിലോമീറ്റർ അകലെയായിട്ടാണ് ഇത്

## 4.5 തൊഴിൽചംക്രമണം (Circulation Of Labour)

കൃഷിയുടെ വാണിജ്യവൽക്കരണത്തെ തുടർന്ന് ഗ്രാമപ്രദേശങ്ങളിലുണ്ടായ പ്രധാന മാറ്റമാണ് കുടിയേറ്റ കാർഷിക തൊഴിൽ വളർച്ച. ഹരിതവിപ്ലവത്തിന്റെ ഫലമായി കർഷകത്തൊഴിലാളി

കളും ഭൂവുടമകളും തമ്മിലുള്ള പരമ്പരാഗത രക്ഷാധികാരത്വബന്ധങ്ങളിൽ വന്ന തകർച്ചയും പഞ്ചാബ് പോലെയുള്ള ഹരിതവിപ്ലവപ്രദേശങ്ങളിൽ, കൃഷിയുടെ സീസൺ അനുസരിച്ച് കർഷകത്തൊഴിലാളികൾക്ക് വലിയ ആവശ്യകതയും കർഷകത്തൊഴിലാളികളെ തൊഴിലന്വേഷിച്ച് അന്യദേശങ്ങളിലേക്ക് കുടിയേറ്റം നടത്തുന്നതിലേക്ക് നയിച്ചു. തൊഴിലാളികൾക്ക് ഉയർന്ന കൂലിയും അവിടെ ലഭ്യമായിരുന്നു. സ്വാഭാവികമായും ആയിരക്കണക്കിന് തൊഴിലാളികൾ സ്വന്തം ഗ്രാമം വിട്ട് തൊഴിലും കൂലിയും കൂടുതലുള്ള കാർഷികാഭിവൃദ്ധി പ്രാപിച്ച ഇത്തരം പ്രദേശങ്ങളിലേക്കു കുടിയേറി. 1990-കളുടെ മധ്യത്തോടെ ഗ്രാമങ്ങളിൽ വർധിച്ചുവരുന്ന അസമത്വം, നിലനിൽപ്പിനായി കുടുംബങ്ങളെ കൂട്ടത്തോടെ തൊഴിൽ തേടിയുള്ള കുടിയേറ്റങ്ങൾക്കു പ്രേരിപ്പിച്ചു. വരുമാനം കുറഞ്ഞ കുടുംബത്തിലെ അംഗങ്ങൾ ജീവിക്കുന്നതിനായി പലതരം തൊഴിലുകൾ ചെയ്യാൻ നിർബന്ധിതമായി. ഒരു ഉപജീവനതന്ത്രമെന്ന നിലയിൽ പുരുഷന്മാർ സ്ത്രീകളെയും കുട്ടികളെയും പ്രായമായ മാതാപിതാക്കളെയും ഗ്രാമങ്ങളിലെ വീടുകളിൽ വിട്ടുകൊണ്ട് തൊഴിലും മെച്ചപ്പെട്ട കൂലിയും തേടി മറ്റു പ്രദേശങ്ങളിലേക്ക് കുടിയേറുകയും ചെയ്തു പോന്നു. അങ്ങനെ കർഷകത്തൊഴിലാളികളുടെ കാലികമായ ഒരു കുടിയേറ്റരീതി ഉയർന്നുവന്നു. കുടിയേറ്റക്കാരായ തൊഴിലാളികൾ പ്രധാനമായും വരുന്നത് ഉൽപ്പാദനക്ഷമത കുറഞ്ഞ ഭൂപ്രകൃതിയും വരൾച്ചബാധിതവുമായ പ്രദേശങ്ങളിൽ നിന്നുമാണ്. പഞ്ചാബിലെയും ഹരിയാനയിലെയും വയലുകൾ, ഉത്തർപ്രദേശിലെ ഇഷ്ടികക്കളങ്ങൾ, ന്യൂഡൽഹി- ബാംഗ്ലൂർ പോലെയുള്ള വൻനഗരങ്ങളിലെ കെട്ടിടനിർമാണ സൈറ്റുകൾ എന്നിവിടങ്ങളിലേക്കാണ് ഇത്തരം പ്രദേശങ്ങളിൽനിന്നുള്ളവർ തൊഴിൽ തേടിയെത്തുന്നത്. സമൂഹശാസ്ത്രജ്ഞനായ ജാൻ ബ്രമൻ ഇവരെ സ്വതന്ത്രതൊഴിലാളികൾ (Footloose Labour) എന്ന് വിശേഷിപ്പിക്കുന്നു. ഇവിടെ സ്വതന്ത്രം എന്നതുകൊണ്ട് അർഥമാക്കുന്നത് 'സ്വാതന്ത്ര്യമല്ല', പ്രത്യേകിച്ച് അവകാശവും സംരക്ഷണവും മിനിമം വേതനം പോലും ഉറപ്പില്ലാത്ത തൊഴിലാളികൾ എന്ന അർഥത്തിലാണ്. കുറഞ്ഞ വേതനം നൽകി, കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ചൂഷണം നടത്താമെന്നതുകൊണ്ട് സമ്പന്നകർഷകർ ഏറെയും പ്രാദേശിക തൊഴിലാളികളെക്കാൾ കുടിയേറ്റ തൊഴിലാളികൾക്ക് മുൻഗണന നൽകുന്നു. ഇത് മറ്റൊരു മാറ്റത്തിനു കാരണമായി. ഭൂവുടമകളും സമ്പന്നകർഷകരും കുടിയേറ്റതൊഴിലാളികളുടെ സേവനം ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ നാട്ടുകാരായ തൊഴിലാളികൾക്ക് തൊഴിലില്ലാതാവുകയും അവർ ജോലിതേടി ഗ്രാമങ്ങളിലേക്ക് പോകാൻ നിർബന്ധിതരാവുകയും ചെയ്തു. ഇന്ത്യയിൽ കരിമ്പുകൃഷി നടത്തുന്ന പ്രദേശങ്ങളിൽ ഈ അവസ്ഥ സാധാരണമാണ്. കുടിയേറ്റവും തൊഴിൽസുരക്ഷയുടെ അഭാവവും ഇത്തരം തൊഴിലാളികളുടെ തൊഴിൽചുറ്റുപാടും ജീവിതസാഹചര്യവും കൂടുതൽ മോശമാക്കിത്തീർത്തു.

ഇത്തരത്തിൽ വൻതോതിലുള്ള തൊഴിൽചംക്രമണം ഗ്രാമസമൂഹത്തിൽ ദൂരവ്യാപകമായ ഫലങ്ങൾ സൃഷ്ടിച്ചു. കുടിയേറ്റത്തൊഴിലാളികൾ ചെന്നുചേരുന്ന പ്രദേശങ്ങളിലും അവർ പുറപ്പെടുന്ന പ്രദേശങ്ങളിലും അത് മാറ്റങ്ങളുണ്ടാക്കി. ഉദാഹരണത്തിന്, ദരിദ്രപ്രദേശങ്ങളിൽനിന്ന് കുടുംബത്തിലെ പുരുഷന്മാർ മറ്റു ദേശങ്ങളിൽ ജോലിതേടി പോകുന്നതോടെ കുടുംബത്തിലെ എല്ലാ ചുമതലകളും സ്ത്രീകൾക്ക് ഏറ്റെടുക്കേണ്ടിവരുകയും കൃഷി ഉൾപ്പെടെയുള്ള ജോലികൾ സ്ത്രീകളുടെ ഉത്തരവാദിത്വമായിമാറുകയും ചെയ്തു. ഇത് കാർഷിക തൊഴിൽശക്തിയുടെ വനിതാവൽക്കരണത്തിന് (Feminization of Agricultural labour Force) കാരണമായിത്തീർന്നു. ഇങ്ങനെ കാർഷികമേഖലയിൽ ജോലിചെയ്യേണ്ടിവരുന്ന സ്ത്രീകൾക്ക് പുരുഷനേക്കാൾ കുറഞ്ഞ കൂലിയാണ് ലഭിക്കുന്നത് എന്നതിനാൽ സ്ത്രീകൾ കുറേക്കൂടി വലിയ അരക്ഷിതാവസ്ഥയാണ് നേരിടുന്നത്. എന്നിരുന്നാലും അടുത്തകാലംവരെ സ്ത്രീകളെ സമ്പാദിക്കുന്നവരായോ തൊഴിലാളികളായോ ഔദ്യോഗിക സ്ഥിതിവിവരക്കണക്കുകളിൽപ്പോലും രേഖപ്പെടുത്തിയിരുന്നില്ല. ചുരുക്കത്തിൽ, ഭൂരഹിതതൊഴിലാളികളായും കൃഷിക്കാരായും ഭൂമിയിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം നൽകാതെ മാറ്റിനിർത്തുകയാണ് നിലവിലുള്ള പിതൃ

ദായക ബന്ധുത്വവ്യവസ്ഥയും പുരുഷന് അവകാശം നൽകുന്ന മറ്റു സാംസ്കാരികവഴക്കങ്ങളും ചെയ്യുന്നത്.

## 4.6 ആഗോളവൽക്കരണവും ഉദാരവൽക്കരണവും ഗ്രാമസമൂഹവും (Globalization Liberalization And Rural Society)

ഇന്ത്യ 1980-കളോടെ പിന്തുടരാൻ തുടങ്ങിയ ഉദാരവൽക്കരണനയങ്ങൾ ഇന്ത്യയുടെ ഗ്രാമീണ - കാർഷികസമൂഹത്തിൽ കാര്യമായ സ്വാധീനം ചെലുത്തിത്തുടങ്ങി. ഉദാരവൽക്കരണനയങ്ങളുടെ ഭാഗമായി ഇന്ത്യക്കും ലോക വ്യാപാരസംഘടനയിൽ (WTO) പങ്കാളിത്തം ആവശ്യമായിവന്നു. ഇതേത്തുടർന്ന്, സ്വതന്ത്രമായ ഒരു അന്താരാഷ്ട്ര വാണിജ്യസമ്പ്രദായം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി ഇന്ത്യൻവിപണികളും ഇറക്കുമതിക്കായി തുറന്നുകൊടുത്തു. അതോടെ പതിറ്റാണ്ടുകളായി രാഷ്ട്രത്തിന്റെ പിന്തുണയും സംരക്ഷിത വിപണിയും ലഭിച്ചിരുന്ന ഇന്ത്യയിലെ കർഷകർക്ക് ആഗോള വിപണിയിൽനിന്നുള്ള മത്സരം നേരിടേണ്ട സാഹചര്യമുണ്ടായി. ഉദാഹരണത്തിന്, ഇറക്കുമതിചെയ്യപ്പെട്ട പഴവർഗങ്ങളും ഭക്ഷ്യ ഉൽപ്പന്നങ്ങളും മറ്റു വസ്തുക്കളും ഇന്ന് നാട്ടിൻപുറത്തെ കടകളിൽ പോലും നമുക്കു കാണാൻ കഴിയും. ഏതാനും വർഷങ്ങൾക്കുമുമ്പ് ഇറക്കുമതിചെയ്ത ഇത്തരം സാധനങ്ങൾ ഒന്നും വിപണിയിൽ കിട്ടുമായിരുന്നില്ല. ഇറക്കുമതിനിയന്ത്രണങ്ങളായിരുന്നു ഇതിനു കാരണം. ഇന്ത്യയിലേക്കു ഗോതമ്പ് ഇറക്കുമതിചെയ്യാൻ സർക്കാർ കൈക്കൊണ്ട വിവാദപരമായ തീരുമാനം ഉദാഹരണമായെടുക്കാം. ഇന്ത്യയിലെ ഗോതമ്പുകർഷകരെ പലതുകൊണ്ടും ദോഷകരമായി ബാധിക്കുന്ന ഈ തീരുമാനം ഭക്ഷ്യധാന്യ ഉൽപ്പാദനത്തിൽ സ്വാശ്രയത്വം കൈവരിക്കുക എന്ന സർക്കാരിന്റെ മുൻ നയത്തെത്തന്നെ തിരുത്തിക്കുറിക്കുന്നതായി മാത്രമല്ല, ഇന്ത്യ സ്വാതന്ത്ര്യം നേടിയ ആദ്യവർഷങ്ങളിൽ ഭക്ഷ്യധാന്യങ്ങൾക്ക് അമേരിക്കയെ ആശ്രയിച്ചിരുന്ന കയ്പേറിയ പഴയ ഓർമ്മകളെ തിരിച്ചുകൊണ്ടുവരുകയും ചെയ്യുന്നു.


LETTER FROM MANSURPUR

In western UP, sugarcane is life

Avijit Ghosh | TNN

Mansurpur (UP): It's early morning. And a bunch of anarchic lorries and tractors swollen with sugarcane are already holding up the traffic on NH 58. A little ahead, a posse of bullock carts in similar condition has formed a hydra-headed queue before a sugar mill in this dusty kasba. It will be hours before the yield is delivered.

Outside, Raj Kumar Tyagi of Multanpur village sits by his tractor unmindful of asthmatic dust hanging thick in the air. "We are used to waiting," he says. "That's what a crop like sugarcane that takes almost a year to mature teaches farmers."

The wait, from all accounts, has been worth it. "This year, the quality and quantity is good," says Vipin Tyagi, manager (cane), Uttam Sugar Mills. The state government hasn't announced the year's procurement price yet. But the cheery mood flows from a rustic wisdom that former pradhan of Tughlaqpur village, Om Singh, typifies. He says, "With UP assembly elections due early next year, farmers believe chief minister Mulayam Singh Yadav will declare a high procurement rate just like wheat." Farmer-friendly organisations have been issuing press statements to keep the pressure. Last year, cane farmers earned around Rs 130-135 per quintal. This year, they hope to fetch at least Rs 150 per quintal.

But the long, jointed fibrous stalk isn't just the region's primary crop. In these parts, sugarcane is synonymous with life. It's not only the spine of the local economy; it's also the soul of its social calendar. The quantum of production and its price decides both marriage spending and motorcycle sales. The crop acts as a guarantee for farmers in need of loans. In these badlands, where kidnapping is a cottage industry, it means a lot for criminals too.

"Before the harvest, kidnappers hide their victims in tall sugarcane fields. After the crop is reaped, the venue shifts elsewhere," says Amarendra Sengar, SP, Muzaffarnagar district. "But unlike Punjab, where festivals like Lohri are linked to wheat harvesting, no such celebrations are associated with sugarcane," says Muzaffarnagar based psychologist Sanjay Singh.

Statistics show UP contributes about 44% of India's total cane production. About 2.25 million hectares is under sugarcane cultivation. In 2005-06, the state produced around 135 million tonnes of the crop.

And western UP is cane heartland. As Pervez Garg of Mansurpur Traders Association puts it succinctly, "Everything we do or don't do is linked to sugarcane." Sari sales in his shop rise by 30% during the harvest season. Mobile phone retailer Sudesh Kumar sells three phones on an average during the off-season but the harvest months (November to March) sees sales move north to six phones a day. "Sometimes, the number is as high as nine," he informs. But for a liquor seller in Khatauli kasba, the season has a different meaning. "To me, it means the end of the beer and the beginning of whisky season," he says.

Guest Editor's CHOICE

BUMPER CROP: Sales of consumer goods like bikes and mobiles surge during the harvest months in rural parts of western UP

▶ Delays irk farmers, P 19

കൃഷിയും ആഗോളവിപണിയുടെ ഭാഗമായതിന്റെ ഫലങ്ങൾ കർഷകരെയും ഗ്രാമസമൂഹത്തെയും പ്രത്യക്ഷമായിത്തന്നെ ബാധിച്ചു തുടങ്ങി. പഞ്ചാബ്, കർണാടകം തുടങ്ങിയ പ്രദേശങ്ങളിൽ കർഷകർ ബഹുരാഷ്ട്ര കമ്പനികളുമായി (പെപ്സികോ) ചില വിളകൾ (തക്കാളി, ഉരുളക്കിഴങ്ങ്, തുടങ്ങിയവ) ഉൽപാദിപ്പിക്കാനുള്ള കരാറുകളിൽ ഏർപ്പെടുകയുണ്ടായി. ഇതനുസരിച്ച് കർഷകർ ഉൽപ്പാദിപ്പിക്കുന്ന വിളകൾ സംസ്കരിക്കാനും കയറ്റുമതി ചെയ്യാനുമായി കമ്പനികൾ വാങ്ങിക്കൊള്ളാമെന്ന് വ്യവസ്ഥചെയ്തിരുന്നു. ഇത്തരം കരാർ കൃഷിസമ്പ്രദായമനുസരിച്ച് എന്താണ് കൃഷിചെയ്യേണ്ടതെന്നു തീരുമാനിക്കുന്നതും കൃഷി ചെയ്യാനുള്ള വിത്തുകളും അനുബന്ധവസ്തുക്കളും സാങ്കേതികവിദ്യയും പ്രവർത്തന മൂലധനവും നൽകുന്നതും കമ്പനികളാണ്. ഇതിനുപകരമായി മുൻകൂട്ടി നിശ്ചയിച്ച ഒരു വിലയ്ക്ക് കമ്പനി കർഷകോൽപ്പന്നങ്ങൾ വാങ്ങും എന്ന് ഉറപ്പുനൽകുന്നു. ഇന്ന് കരാർകൃഷി ഇന്ത്യയിൽ പൊതുവായി കാണപ്പെടുന്നു. പൂക്കൾ, മുന്തിരിപോലുള്ള പഴങ്ങൾ, മാതളനാരങ്ങ, പരുത്തി, എണ്ണക്കുരുക്കൾ തുടങ്ങിയ സവിശേഷ കാർഷികോൽപ്പന്നങ്ങളുടെ കൃഷിനടത്തുന്നത് ഏറെയും ഇത്തരത്തിലാണ്. കരാർകൃഷി കർഷകർക്ക് സാമ്പത്തികസുരക്ഷ ഉറപ്പു വരുത്തുമെന്ന്

തോന്നിക്കുമെങ്കിലും സത്യം നേരെമറിച്ചാണ്. കരാർകൃഷിയിൽ ഏർപ്പെടുന്നതോടെ കർഷകർക്ക് ഉപജീവനത്തിനു കമ്പനികളെ ആശ്രയിക്കേണ്ടിവരുന്നു. കരാർകൃഷി കർഷകരുടെ സ്വാതന്ത്ര്യത്തെ പൂർണമായും അപഹരിക്കുന്നു. ധാന്യങ്ങളുടെ ഉൽപ്പാദനത്തിനപ്പുറം കയറ്റുമതി ലക്ഷ്യമിട്ടുകൊണ്ടുള്ള പൂക്കൾപോലെയുള്ള ഉൽപ്പന്നങ്ങൾ കൃഷിചെയ്യേണ്ടിവരുമ്പോൾ ഭക്ഷ്യധാന്യങ്ങൾ വിളയിച്ചിരുന്ന കൃഷിഭൂമിയും ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനവും കർഷകർക്ക് ഉപേക്ഷിക്കേണ്ടിവരുന്നു. കരാർകൃഷിക്ക് സമൂഹശാസ്ത്രപരമായൊരു പ്രാധാന്യമുണ്ട്. ഇത്തരം കൃഷിസമ്പ്രദായത്തിൽ കർഷകർ കമ്പനികൾ നിർദേശിക്കുന്ന രീതിയിൽ മാത്രം കൃഷി ചെയ്യേണ്ടി വരുന്നതുകൊണ്ട് തദ്ദേശീയമായ കാർഷിക വിജ്ഞാനവും രീതികളും അപ്രസക്തമാവുന്ന അവസ്ഥയുണ്ടാകുന്നു. മാത്രമല്ല, കരാർ കൃഷിയിലൂടെ പൊതുവേ സാധാരണക്കാർ ഉപയോഗിക്കുന്ന സാധനങ്ങളേക്കാൾ സമൂഹത്തിലെ വരേണ്യവർഗത്തിന് ആവശ്യമായ



പൂകൃഷി

വിഭവങ്ങളാണ് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. ഇത്തരം കൃഷിക്ക് ഉയർന്ന തോതിലുള്ള രാസവള -കീടനാശിനിപ്രയോഗവും ആവശ്യമായതിനാൽ ഇത് പലപ്പോഴും പാരിസ്ഥിതികസുസ്ഥിരതയ്ക്ക് ഭീഷണിയുയർത്തി.

കാർഷികരംഗത്തേക്ക് ബഹുരാഷ്ട്രകമ്പനികളുടെ കടന്നുവരവാണ് കരാർകൃഷിയുടെ മറ്റൊരു വശം. വിത്തുകൾ, കീടനാശിനികൾ, രാസവളങ്ങൾ എന്നിവയുടെ ആഗോളവിൽപ്പന ലക്ഷ്യമിട്ടുകൂടിയാണ് അവർ ഈ രംഗത്തേക്കുവന്നത്. കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി സർക്കാർ കാർഷികവികസനമേഖലയിൽനിന്ന് പിന്നോട്ടു പോവുകയാണ്. അതേസമയം ബഹുരാഷ്ട്ര കമ്പനികളുടെ ഏജൻറുമാർ ഗ്രാമീണ കാർഷികമേഖലകളിലേക്കു കടന്നുചെല്ലുകയും കർഷകർക്കിടയിൽ ഇത്തരം കമ്പനികളുടെ വിത്തും വളവും കീടനാശിനികളും പ്രചരിപ്പിക്കുകയും ചെയ്തുപോന്നു. പുതിയ വിത്തുകളെക്കുറിച്ചും, കാർഷികരീതികളെക്കുറിച്ചും കൃഷിക്കാർക്ക് അറിവു ലഭിച്ചത് ഈ ഏജൻറുമാരിൽനിന്നു മാത്രമാണ്. ഇതിന്റെ ഫലമായി കർഷകർ വിലകൂടിയ രാസവളങ്ങളെയും കീടനാശിനികളെയും ആശ്രയിക്കുകയും കാർഷികോൽപ്പാദനച്ചെലവ് വർധിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി കൃഷി ലാഭകരമല്ലാതാവുകയും കർഷകർ കടക്കെണിയിലാവുകയും ചെയ്തു. കൂടാതെ ഗ്രാമപ്രദേശങ്ങളിൽ ഒട്ടേറെ പാരിസ്ഥിതികമായ പ്രശ്നങ്ങൾ ഉയർന്നുവന്നു.

വരൾച്ചയും കൃഷിനാശവും കടക്കെണിയും ഇന്ത്യയിലെ കർഷകർ നൂറ്റാണ്ടുകളായി നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളാണ്. ഇതൊന്നും അവരെ ആത്മഹത്യയിലേക്കു നയിച്ചിരുന്ന കാര്യങ്ങളായിരുന്നില്ല. എന്നാലിന്ന് കർഷക ആത്മഹത്യ ഒരു പുതിയ സാമൂഹിക പ്രതിഭാസമാണ്. കാർഷികമേഖലയിലും കർഷകസമൂഹങ്ങൾക്കിടയിലും സംഭവിക്കുന്ന ഘടനാപരവും സാമൂഹികവുമായ മാറ്റത്തിന്റെ ഭാഗമായിക്കണ്ട് സമൂഹശാസ്ത്രജ്ഞർ ഈ പ്രതിഭാസത്തെ വിശദീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. നിരവധി ഘടകങ്ങൾ കാരണം സംഭവിക്കുന്ന

**Box 4.3**

### കർഷകരുടെ ആത്മഹത്യകൾ (Farmers' suicides)



1997-98 കാലം മുതൽ ഇന്ത്യയുടെ പല ഭാഗങ്ങളിലായി സംഭവിച്ചുകൊണ്ടിരിക്കുന്ന കർഷക ആത്മഹത്യകൾ കാർഷികമേഖലയിലെ ദാരിദ്ര്യവും കഷ്ടപ്പാടുകളുമായും ബന്ധപ്പെട്ടിരിക്കുന്നു. കാർഷികരംഗത്തെ ഘടനാപരമായ മാറ്റങ്ങൾ, സാമ്പത്തിക- കാർഷിക നയങ്ങളിലെ മാറ്റങ്ങൾ എന്നിവയാണ് ഈ ദുരവസ്ഥയ്ക്കു കാരണം. ഭൂവുടമസ്ഥതാനിയമങ്ങളിൽ വന്ന മാറ്റങ്ങൾ, നാണ്യവിളകളിലേക്കുള്ള മാറ്റം, ഉദാരവൽക്കരണനയങ്ങളെ തുടർന്ന് കാർഷികമേഖലയിലേക്ക് ആഗോള കമ്പനികളുടെ കടന്നുകയറ്റം, കർഷകർക്ക് വിലകൂടിയ വിത്തുകൾ, രാസവളങ്ങൾ, കീടനാശിനികൾ എന്നിവയുടെ മേലുണ്ടായ അമിതാശ്രിതത്വം, കാർഷിക വികസനപരിപാടികളിൽ നിന്നുള്ള സർക്കാർ പിന്മാറ്റം, സർക്കാർ ആനുകൂല്യങ്ങളിലുണ്ടായ കുറവ്, കാർഷികപ്രവർത്തനങ്ങളിലെ വ്യക്തിവൽക്കരണം എന്നിവയെല്ലാം ഈ മാറ്റങ്ങളിൽ ഉൾപ്പെടുന്നു. ഇവയെല്ലാം കൃഷി നഷ്ടത്തിലാക്കുകയും കർഷകരെ ആത്മഹത്യയിലേക്കു നയിക്കുകയും ചെയ്യുന്ന ഘടകങ്ങളാണ്. ഔദ്യോഗികകണക്കുകൾ പ്രകാരം ആന്ധ്രപ്രദേശ്, കർണാടകം, കേരളം, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലായി 2001-2006 കാലഘട്ടത്തിനിടയിൽ 8900 കർഷക ആത്മഹത്യകൾ സംഭവിച്ചിട്ടുണ്ട്.*
(Suri 2006 : 1523)

കർഷക ആത്മഹത്യ എന്ന സാമൂഹികദുരന്തം സംഭവങ്ങളുടെ ഒരു കൂടിച്ചേരലാണെന്ന് സമൂഹശാസ്ത്രം അഭിപ്രായപ്പെടുന്നു. സംഭവങ്ങൾ പരിശോധിക്കുമ്പോൾ ആത്മഹത്യചെയ്ത കർഷകരിൽ മിക്കവരും ചെറുകിടകർഷകരായിരുന്നു എന്നു കാണാം. ഹരിതവിപ്ലവ കാർഷികരീതികൾ ഉപയോഗിച്ച് ഉൽപ്പാദനക്ഷമത വർധിപ്പിക്കാൻ ശ്രമിച്ചവരാണ് അവരെല്ലാം. അത്തരം ഉൽപ്പാദനരീതിയിൽ ഒരുപാട് നഷ്ടസാധ്യതകളുണ്ടായിരുന്നു. കാർഷിക സബ്സിഡിയിലെ കുറവുമൂലം ഉൽപ്പാദനച്ചെലവ് ഉയർന്ന തോതിലായിരുന്നു. വിപണിയിലെ അസ്ഥിരതയും കർഷകരെ ബാധിച്ചു. ഉൽപാദനം മെച്ചപ്പെടുത്തുന്നതിനു മുടക്കുമുതലിനായി ധാരാളം കർഷകർ വായ്പകളെടുക്കുകയും കടക്കെണിയിൽപ്പെടുകയും ചെയ്തു. രോഗബാധ, കീടാക്രമണം, അമിതമഴ, വരൾച്ച എന്നിവ മൂലം വിളനാശം സംഭവിച്ചതും,വിളകളുടെ വിലയിടിവ് സംഭവിച്ചതും അതുവഴി നഷ്ടങ്ങൾകൂടിവന്നതും കടക്കെണിയിലായ കർഷകർക്ക് താങ്ങാൻ കഴിയുമായിരുന്നില്ല. കുടുംബം പോറ്റാൻപോലും പറ്റാത്ത അവസ്ഥ അവർക്ക് വന്നുചേർന്നു. ഇതിനുപുറമേ ഗ്രാമീണസമൂഹത്തിലുണ്ടായ സാംസ്കാരികമാറ്റങ്ങളെത്തുടർന്നുണ്ടായ വിവാഹച്ചെലവുകൾ, സ്ത്രീധനം, വിദ്യാഭ്യാസച്ചെലവ്, ചികിത്സാച്ചെലവ് എന്നിവയും കർഷകരുടെ ദുരിതം വർധിപ്പിച്ചു. *(Vasavi 1999 a)*.

കർഷക ആത്മഹത്യകളുടെ രീതികൾ ഗ്രാമപ്രദേശങ്ങൾ ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന നിരവധി പ്രതിസന്ധികളിലേക്ക് വിരൽ ചൂണ്ടുന്നു. സമൂഹവും രാഷ്ട്രവും കൃഷിക്ക് നൽകിക്കൊണ്ടിരിക്കുന്ന പരിഗണന ഗണ്യമായി കുറഞ്ഞതോടെ കാർഷികമേഖല കൂടുതൽ അനാകർഷകമായിരിക്കുന്നു. കർഷകപ്രശ്നങ്ങളെ ഒരു പ്രശ്നമായി ഉയർത്തിക്കൊണ്ടുവരാനാവാത്തതും തങ്ങൾക്ക് അനുകൂലമാക്കാവുന്നവണ്ണം സാഹചര്യങ്ങളെയോ നയകർത്താക്കളെയോ സ്വാധീനിക്കാനോ സമ്മർദത്തിലാക്കാനോ കർഷകസമൂഹത്തിന് ത്രാണിയില്ലാത്തതും കാർഷികരംഗത്തെ പ്രശ്നങ്ങൾ പരിഹാരമില്ലാതെ തുടരാൻ കാരണമാകുന്നു. കർഷക ആത്മഹത്യ അടിസ്ഥാനപരമായി കടബാധ്യതകളും പ്രകൃതിക്ഷോഭങ്ങളുമായി ബന്ധപ്പെട്ട് കാർഷികോൽപ്പന്ന നാശവുമായി ബന്ധപ്പെട്ടതാണ്. പ്രധാനമന്ത്രി ഫസൽ ബിമയോജന, ഗ്രാം ഉദയ്സെ ഭാരത് ഉദയ് അഭിയാൻ,

**4.4**

പത്രങ്ങൾ, റേഡിയോ, ടെലിവിഷൻ എന്നീ മാധ്യമങ്ങളിൽ എത്രമാത്രം ഗ്രാമീണ പ്രദേശങ്ങളെക്കുറിച്ചുള്ള വാർത്തകൾ ഉൾപ്പെടാറുണ്ട്? പൊതുവിൽ അവർ ഇവിടങ്ങളിൽ നിന്ന് ഏതുതരം പ്രശ്നങ്ങളാണ് റിപ്പോർട്ട് ചെയ്യാറുള്ളത്?

നാഷണൽ റൂറൽ മിഷൻ തുടങ്ങിയവ ഇന്ത്യാഗവൺമെന്റിന്റെ പദ്ധതികളാണ്. ഇവ രാജ്യത്തെ കർഷകരുടെ ഉന്നമനം ലക്ഷ്യം വച്ചുള്ളവയാണ്. ഈ പദ്ധതികൾ ഗ്രാമീണ ഇന്ത്യയിലെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകമാണ്.



1. ചുവടെ കൊടുത്ത ഖണ്ഡിക വായിച്ച് ഉത്തരങ്ങൾ എഴുതുക.

   ഒരു പ്രബലജാതി എന്ന നിലയ്ക്കും സാമ്പത്തികശേഷിയുള്ള വർഗമെന്ന തരത്തിലും ശക്തരാണ് മാലിക്കുമാർ. അവരുടെ കീഴിൽ അതികഠിനമായ തൊഴിൽ സാഹചര്യങ്ങളാണ് അഘൻ ബിഗ (Aghan Biga) യിലെ തൊഴിലാളികൾ അനുഭവിക്കുന്നത്. വിവിധതരത്തിലുള്ള സർക്കാർ സംവിധാനങ്ങളെ തങ്ങളുടെ താൽപ്പര്യങ്ങൾക്ക് അനുസൃതമായി ഉപയോഗിക്കാനാകുമെന്നതാണ് മാലിക്മാരുടെ സാമൂഹികശക്തിക്ക് പ്രധാന കാരണം. ഇത്തരത്തിൽ രാഷ്ട്രീയഘടകങ്ങൾ പ്രബലവിഭാഗങ്ങൾക്കും താഴേത്തട്ടിലുള്ളവർക്കും ഇടയിലുള്ള അകലം വർധിപ്പിക്കാൻ ഇടവരുത്തുന്നു .

   (i) എങ്ങനെയാണ് മാലിക്മാർക്ക് സ്വന്തം താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ സർക്കാർ സംവിധാനങ്ങളെക്കൂടി ഉപയോഗിക്കാൻ സാധിക്കുന്നത്?

   (ii) എന്തുകൊണ്ടാണ് തൊഴിലാളികൾക്ക് കഠിനമായ തൊഴിൽസാഹചര്യങ്ങളിൽ തുടരേണ്ടിവരുന്നത്?

2. ഭൂരഹിത കർഷകത്തൊഴിലാളികളുടെയും കുടിയേറ്റത്തൊഴിലാളികളുടെയും അവകാശങ്ങൾ സംരക്ഷിക്കാൻ സർക്കാർ കൈക്കൊണ്ട നടപടികളും ഇനിയും കൈക്കൊള്ളേണ്ട നടപടികളും ഏതെല്ലാം?

3. കർഷകത്തൊഴിലാളികളുടെ സാഹചര്യങ്ങളും സാമൂഹിക-സാമ്പത്തിക ഉയർച്ചയ്ക്കുള്ള തടസ്സങ്ങളും തമ്മിൽ നേരിട്ടുള്ള ബന്ധമുണ്ട്. അത്തരം ചില ബന്ധങ്ങളുടെ ഉദാഹരണങ്ങൾ എഴുതുക.

4. സാമൂഹത്തിൽ ചില വിഭാഗങ്ങളെ സാമ്പത്തികമായും സംരംഭകപരമായും മേധാവിത്വം പുലർത്തുന്നവരായിത്തീരാൻ പ്രാപ്തരാക്കുന്ന ഘടകങ്ങൾ എന്തെല്ലാം?

   നിങ്ങളുടെ സംസ്ഥാനത്തുനിന്ന് ഇത്തരത്തിലുള്ള പരിവർത്തനത്തിന് ഒരു ഉദാഹരണം കണ്ടെത്തുക.

5. ഹിന്ദിയിലും മറ്റു പ്രാദേശിക ഭാഷകളിലുമുള്ള സിനിമകളേറെയും ഗ്രാമീണപശ്ചാത്തലത്തിലുള്ളവയാണ്. എന്നാൽ ഗ്രാമീണസമൂഹത്തെയും സംസ്കാരത്തെയും എത്രമാത്രം യഥാർഥമായിട്ടാണ് ഇത്തരം ചലച്ചിത്രങ്ങൾ കാണിക്കുന്നത്?

   സമീപകാലത്ത് നിങ്ങൾ കണ്ട ഗ്രാമീണപശ്ചാത്തലത്തിലുള്ള ഒരു സിനിമ അടിസ്ഥാനമാക്കി ഇക്കാര്യം വിലയിരുത്തുക.

6. നിങ്ങളുടെ പ്രദേശത്തെ കുടിയേറ്റത്തൊഴിലാളികൾ താമസിക്കുന്നതോ തൊഴിലെടുക്കുന്നതോ ആയ ഒരു സ്ഥലം സന്ദർശിക്കുക. അവിടെയുള്ള തൊഴിലാളികൾ എവിടെനിന്നുള്ളവരാണെന്ന് മനസ്സിലാക്കുക. അവരെ ഇവിടെ എത്തിച്ചവർ, ഏജൻസികൾ എന്നിവയെക്കുറിച്ച് ചോദിച്ചറിയുക.

   തൊഴിലാളികൾ ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ളവരാണെങ്കിൽ അവിടത്തെ ജീവിതം, തൊഴിൽ തേടിയെത്താനുണ്ടായ സാഹചര്യങ്ങൾ എന്നിവയെ കുറിച്ച് അന്വേഷിച്ചു കണ്ടെത്താൻ ശ്രമിക്കൂ.


7. നിങ്ങളുടെ പ്രദേശത്തുള്ള പഴവിൽപ്പനകേന്ദ്രം സന്ദർശിച്ച് അവിടെ വിൽക്കുന്ന പഴങ്ങൾ എവിടെനിന്നാണ് വരുന്നത് എന്നന്വേഷിക്കുക. വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യപ്പെട്ട പഴങ്ങൾ ലഭ്യമായി തുടങ്ങിയതോടെ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന പഴങ്ങളുടെ

വിലയിൽ എന്തു മാറ്റമാണ് സംഭവിച്ചത്? ഇറക്കുമതിചെയ്യുന്ന പഴങ്ങൾക്ക് പ്രാദേശികമായി ലഭിക്കുന്നവയെക്കാൾ വിലക്കുറവുണ്ടോ? അന്വേഷിച്ചു കണ്ടെത്തുക.

8. ഇന്ത്യയിലെ ഗ്രാമീണമേഖലയുടെ പരിസ്ഥിതിയെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ചു റിപ്പോർട്ട് തയ്യാറാക്കുക.

കീടനാശിനികളുടെ ഉപയോഗം, ജലനിരപ്പിന്റെ താഴ്ച, തീരപ്രദേശത്തെ ചെമ്മീൻകൃഷിയുടെ പ്രത്യാഘാതങ്ങൾ, കനാൽ ജലസേചനമേഖലയിലെ മണ്ണിലെ ലവണാംശം, ജലനിർഗമനപ്രശ്നങ്ങൾ, ജൈവവൈവിധ്യശോഷണം തുടങ്ങിയ മേഖലകളെ ഇതിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

ലഭിക്കാവുന്ന വിവരസ്രോതസ്സുകൾ: ഇന്ത്യയുടെ പരിസ്ഥിതിവിവരങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ, ഡൗൺ ടു എർത്ത് മാസിക, സെന്റർ ഫോർ സയൻസ് ഡെവലപ്മെന്റ് റിപ്പോർട്ടുകൾ.



## REFERENCES


Agarwal, Bina. 1994. *A Field of One's Own: Gender and Land Rights in South Asia.* Cambridge University Press, New Delhi.

Breman, Jan. 1974. *Patronage and Exploitation: Changing Agrarian Relations in South Gujarat.* University of California Press, Berkeley.

Breman, Jan. 1985. *Of Peasants, Migrants and Paupers: Rural labour Circulation and Capitalist Production in West India.* Oxford University Press, Delhi.

Breman, Jan and Sudipto Mundle (Eds.). 1991. *Rural Transformation in Asia.* Oxford University Press, Delhi.

Das, Raju J. 1999. 'Geographical unevenness of India's Green Revolution', *Journal of Contemporary Asia.* 29 (2).

Gupta, Akhil. 1998. *Postcolonial Developments: Agriculture in the Making of Modern India.* Oxford University Press, Delhi.

Kumar, Dharma. 1998. *Colonialism, Property and the State.* Oxford University Press, Delhi.

Rutten, Mario. 1995. *Farms and Factories: Social Profile of Large Farmers and Rural Industrialists in West India.* Oxford University Press, Delhi.

Srinivas, M.N. 1987. *The Dominant Caste and Other Essays.* Oxford University Press, Delhi.

Suri, K.C. 2006. 'Political economy of agrarian distress'. *Economic and Political Weekly*, 41:1523-29.

Thorner, Alice. 1982. 'Semi-feudalism or capitalism? Contemporary debate on classes and modes of production in India'. *Economic and Political Weekly*. 17:1961-68. 1993-99. 2061-66.

Thorner, Daniel. 1991. Agrarian structure. In Dipankar Gupta (Ed.). *Social Stratification*. Oxford University Press. Delhi.

Vasavi, A.R. 1994. Hybrid Times, Hybrid People: Culture and Agriculture in South India. Man. *Journal of the Royal Anthropological Society*. (29) 2.

Vasavi, A.R. 1999a. 'Agrarian distress in Bidar: State, Market and Suicides'. *Economic and Political Weekly*. 34:2263-68.Vasavi, A.R. 1999b. *Harbingers of Rain: Land and Life in south India*. Oxford University Press. Delhi.

# 5 വ്യാവസായികസമൂഹത്തിലെ മാറ്റവും വികസനവും

# Change & Development in Industrial Society

T1J9X9



നിങ്ങൾ ഏറ്റവുമൊടുവിൽ കണ്ട സിനിമ ഏതാണ്? തീർച്ചയായും നിങ്ങൾക്ക് ആ സിനിമയിലെ നായകന്റെയും നായികയുടെയും പേരു പറയാൻ സാധിക്കും. പക്ഷേ, ആ സിനിമയ്ക്ക് ശബ്ദവും വെളിച്ചവും ഒരുക്കിയ സാങ്കേതികപ്രവർത്തകരുടെയോ മേക്കപ്പ് ആർട്ടിസ്റ്റിന്റെയോ കൊറിയോഗ്രാഫർമാരുടെയോ പേര് ഓർക്കാൻ കഴിയുമോ? സിനിമയ്ക്കു വേണ്ടി സെറ്റുകൾ തയ്യാറാക്കുന്ന ആശാരിമാരെപ്പോലുള്ളവരുടെ പേരുകൾ എവിടെയും സൂചിപ്പിച്ചുകാണില്ല. ഇവരാരും ഇല്ലെങ്കിൽ ഒരു സിനിമ നിർമ്മിക്കുക സാധ്യമല്ലതാനും. ബോളിവുഡ് ഒരുപക്ഷേ നിങ്ങൾക്കും എനിക്കും സ്വപ്നതുല്യമായ സ്ഥലമാണെങ്കിൽ പലർക്കും അത് അവരുടെ തൊഴിലിടമാണ്. മറ്റേതൊരു വ്യവസായവുംപോലെ സിനിമയിൽ ജോലിചെയ്യുന്നവരും ചില തൊഴിലാളി യൂണിയനുകളുടെ ഭാഗമാണ്. ഉദാഹരണത്തിന്, നർത്തകർ, സ്റ്റണ്ട് ആർട്ടിസ്റ്റുകൾ തുടങ്ങിയവരെല്ലാം ജൂനിയർ ആർട്ടിസ്റ്റ് അസോസിയേഷന്റെ ഭാഗമാണ്. അവരുടെ ആവശ്യങ്ങളിൽ എട്ടുമണിക്കൂർ ജോലിയും അനുയോജ്യ ശമ്പളവും സുരക്ഷിതമായ ജോലിസാഹചര്യങ്ങളും ഉൾപ്പെടുന്നു. ഈ വ്യവസായത്തിന്റെ ഉൽപ്പന്നങ്ങൾ പരസ്യവും വിപണനവും നടത്തുന്നത് വിതരണക്കാരിലൂടെയും സിനിമാശാലാ ഉടമസ്ഥരിലൂടെയും സംഗീത-വീഡിയോ രൂപത്തിൽ കടകളിലൂടെയുമാണ്. ഈ വ്യവസായത്തിൽ ജോലിചെയ്യുന്നവർ എല്ലാവരും ഒരേ നഗരത്തിൽ തന്നെയാണ് താമസിക്കുന്നത്. പക്ഷേ, അവരുടെ പദവിയെയും വരുമാനത്തെയും ആശ്രയിച്ച് അവർ അവിടെ വ്യത്യസ്ത കാര്യങ്ങളാണ് ചെയ്യുന്നത്. സിനിമാതാരങ്ങളും തുണിമിൽ മുതലാളിമാരുമെല്ലാം 'ജുഹു' പോലുള്ള സ്ഥലങ്ങളിൽ താമസിക്കുമ്പോൾ സിനിമയിലെ മറ്റുള്ളവരും തുണിമിൽ ജോലിചെയ്യുന്നവരും 'ഗിറാൻഗിയോൺ' പോലുള്ള സ്ഥലങ്ങളിലാണ് താമസിക്കുന്നത്. ചിലർ പഞ്ചനക്ഷത്ര ഹോട്ടലിൽനിന്ന് ജപ്പാനീസ് സുഷി കഴിക്കുമ്പോൾ മറ്റു ചിലർ പ്രാദേശിക തട്ടുകടകളിൽനിന്ന് ആഹാരം കഴിക്കുന്നു. മുംബൈയിലെ താമസക്കാർ അവർ എവിടെ ജീവിക്കുന്നു, എന്തു കഴിക്കുന്നു, ധരിക്കുന്ന വസ്ത്രത്തിന്റെ വില എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിക്കപ്പെടുന്നു. എന്നാൽ നഗരങ്ങൾ നൽകുന്ന ചില പൊതുവായ കാര്യങ്ങളിൽ അവർ ഒരുപോലെയാണ്- അവർ ഒരേ സിനിമ കാണുകയും ക്രിക്കറ്റ് മത്സരങ്ങൾ ആസ്വദിക്കുകയും വായുമലിനീകരണം സഹിക്കുകയും തങ്ങളുടെ മക്കൾ നല്ല നിലയിൽ എത്തണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു.

ജനങ്ങൾ എവിടെ, എങ്ങനെ, ഏതുതരം ജോലിചെയ്യുന്നു എന്നത് അവർ എന്താണ് എന്നതിൽ ഒരു പ്രധാന പങ്കു വഹിക്കുന്നു. ഈ അധ്യായത്തിൽ സാങ്കേതികവിദ്യയിലെയും തൊഴിലിലെയും മാറ്റങ്ങൾ ഇന്ത്യയിലെ സാമൂഹികബന്ധങ്ങളിൽ എങ്ങനെ മാറ്റം വരുത്തി എന്നാണ് നാം നോക്കിക്കാണുന്നത്. മറ്റൊരു തരത്തിൽ സാമൂഹികസ്ഥാപനങ്ങളായ ജാതി, ബന്ധുത്വശൃംഖലകൾ, ലിംഗഭേദം, മതം തുടങ്ങിയവ തൊഴിൽ സംഘാടനരീതിയെയും അല്ലെങ്കിൽ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനെയും സ്വാധീനിക്കുന്നു. ഇത് സമൂഹശാസ്ത്രജ്ഞരുടെ ഒരു പ്രധാന ഗവേഷണമേഖലയാണ്.

ഉദാഹരണത്തിന്, എന്തുകൊണ്ടാണ് സ്ത്രീകളെ എൻജിനിയറിങ് പോലെയുള്ള മേഖലകളേക്കാൾ കൂടുതൽ നഴ്സിങ് അല്ലെങ്കിൽ അധ്യാപകജോലികളിൽ നമ്മൾ കാണുന്നത്? ഇത് കേവലം യാദൃച്ഛികമാണോ? അല്ലെങ്കിൽ സ്ത്രീകൾക്ക് കഠിനജോലികളേക്കാൾ ശ്രദ്ധയും പരിചരണവും നൽകുന്ന ജോലികളാണ് ചേരുക എന്ന് സമൂഹം ചിന്തിക്കുന്നതുകൊണ്ടാണോ? നഴ്സിങ് യഥാർഥത്തിൽ ഒരു പാലം രൂപകല്പന ചെയ്യുന്നതിനെക്കാൾ കഠിനമായ ജോലിയാണ്. കൂടുതൽ സ്ത്രീകൾ എൻജിനിയറിങ് മേഖലയിലേക്ക് തിരിഞ്ഞാൽ ആ പ്രൊഫഷനെ അത് എങ്ങനെ ബാധിക്കും? എന്തുകൊണ്ടാണ് ഇന്ത്യയിൽ കാപ്പിയെക്കുറിച്ചുള്ള പരസ്യങ്ങളിൽ രണ്ട് കപ്പുകൾ പ്രദർശിപ്പിക്കുമ്പോൾ അമേരിക്കയിൽ ഒരു കപ്പു മാത്രം കാണുന്നത്? ഇതിനുത്തരം ഇന്ത്യയിൽ കാപ്പി കുടിക്കുന്നത് വ്യക്തിപരമായ ഒരു കാര്യമല്ല, മറ്റുള്ളവരോട് ബന്ധം സ്ഥാപിക്കുന്നതിനുള്ള ഒരു സന്ദർഭം കൂടിയാണ് എന്നത്രേ. ആര് എന്തൊക്കെ ഉൽപ്പാദിപ്പിക്കുന്നു? ആര് എവിടെയൊക്കെ ജോലിചെയ്യുന്നു? ആര് ആർക്കൊക്കെ എങ്ങനെ വിൽക്കുന്നു? തുടങ്ങിയ ചോദ്യങ്ങളിലെല്ലാം സമൂഹശാസ്ത്രജ്ഞർ താൽപ്പര്യം കാണിക്കുന്നു. ഇവയൊന്നും വ്യക്തി തിരഞ്ഞെടുക്കുന്ന കാര്യങ്ങളല്ല, സാമൂഹികരീതികളുടെ ഒരു അനന്തരഫലമാണ്. അതേസമയം വ്യക്തി നടത്തുന്ന തിരഞ്ഞെടുക്കൽ സമൂഹത്തിന്റെ പ്രവർത്തനത്തെ സ്വാധീനിക്കുകയും ചെയ്യുന്നു.

## 5.1 വ്യാവസായിക സമൂഹത്തിന്റെ ബിംബങ്ങൾ (Images of Industrial Society)

മഹത്തായ മിക്ക സമൂഹശാസ്ത്രഗ്രന്ഥങ്ങളും രചിക്കപ്പെട്ടത് യന്ത്രങ്ങൾക്കു വളരെ പ്രാധാന്യം കൽപ്പിച്ചിരുന്ന വ്യവസായവൽക്കരണത്തിന്റെ ആരംഭ കാലഘട്ടത്തിലാണ്. ചിന്തകരായ കാൾ മാർക്സ്, മാക്സ് വെബർ, എമിൽ ദുർഖിം തുടങ്ങിയവർ വ്യവസായവുമായി ബന്ധപ്പെട്ട സവിശേഷതകളായ നഗരവൽക്കരണം, ഗ്രാമീണമേഖലയിലെ കൃഷിയിടങ്ങളിൽ സ്വന്തം ഭൂമിയിലോ നേരിട്ടറിയാവുന്ന ഒരു ഭൂവുടമയ്ക്ക് വേണ്ടിയോ ജോലിചെയ്യുന്ന ജനങ്ങൾക്കിടയിൽ നില നിന്നിരുന്ന മുഖാമുഖബന്ധങ്ങളുടെ സ്ഥാനത്ത്, നഗരസമൂഹങ്ങളിൽ വളർന്നുവരുന്ന അപരിചിതത്വം നിറഞ്ഞ പ്രൊഫഷണൽ ബന്ധങ്ങൾ എന്നിവയെ ചൂണ്ടിക്കാണിക്കുന്നു. വ്യവസായവൽക്കരണത്തിൽ വലിയ തൊഴിൽവിഭജനമാണുള്ളത്. തൊഴിലാളികൾ തങ്ങളുടെ ഉൽപ്പന്നം പൂർണമായി കാണുന്നില്ല. കാരണം അവർ അതിന്റെ ഒരു ചെറിയ ഭാഗം മാത്രമേ നിർമിക്കുന്നുള്ളൂ. അവരുടെ തൊഴിൽ മിക്കപ്പോഴും ആവർത്തനമുള്ളതും ക്ഷീണിപ്പിക്കുന്നതുമാണ്. എങ്കിലും ഈ അവസ്ഥ ജോലിയില്ലാത്തതിനേക്കാളും തൊഴിലില്ലായ്മയെക്കാളും ഭേദമാണ്. മാർക്സ് ഈ അവസ്ഥയെ അന്യവൽക്കരണം (Alienation) എന്നു വിളിച്ചു. ഇവിടെ അവർക്ക് ജോലി ആസ്വാദ്യമാകുന്നില്ല. ജീവിക്കാൻ വേണ്ടിയുള്ള ഒരു ഉപാധി എന്ന നിലയിൽ മാത്രം കാണുന്നു. ഈ അതിജീവനംപോലും സാങ്കേതികമേഖലയ്ക്ക് മനുഷ്യാധ്വാനത്തിനുള്ള സാധ്യതയെ ആശ്രയിച്ചിരിക്കും.

വ്യവസായവൽക്കരണം ചില മേഖലയിൽ സമത്വത്തിലേക്കു നയിക്കുന്നുണ്ട്. ഉദാഹരണത്തിന് തീവണ്ടികളിലും ബസ്സുകളിലും സൈബർ കഫേകളിലുമെല്ലാം ജാതിവ്യത്യാസങ്ങൾ ഇനി ഒരു പ്രശ്നമല്ല. മറ്റൊരു തരത്തിൽ പഴയരൂപത്തിലുള്ള വിവേചനങ്ങൾ പുതിയ ഫാക്ടറികളിലും തൊഴിൽകേന്ദ്രങ്ങളിലും നില നിൽക്കുന്നുണ്ട്. സാമൂഹിക അസമത്വങ്ങൾ കുറയുന്നുണ്ടെങ്കിലും, സാമ്പത്തിക അസമത്വവും വരുമാനത്തിലുള്ള അസമത്വവും ലോകത്ത് വളർന്നുകൊണ്ടിരിക്കുകയാണ്. ചിലപ്പോൾ സാമൂഹിക അസമത്വവും വരുമാനത്തിലുള്ള അസമത്വവും പരസ്പരം യോജിച്ചു കിടക്കാറുണ്ട്. ഉദാഹരണത്തിന്, ഉയർന്ന വേതനം ലഭിക്കുന്ന മെഡിസിൻ, നിയമം, ജേണലിസം തുടങ്ങിയ പ്രൊഫഷനുകളിൽ ഉയർന്നവരെന്നു പറയപ്പെടുന്ന ജാതിയിൽപ്പെട്ടവർക്കാണ് മേധാവിത്വമുള്ളത്. ഒരേ ജോലിയിൽത്തന്നെ പുരുഷനെക്കാൾ കുറഞ്ഞ വേതനമാണ് സ്ത്രീകൾക്ക് ലഭിക്കുന്നത്.

### 5.1



ആധുനികവൽക്കരണ സൈദ്ധാന്തികനായ ക്ലാർക്ക് കെർ മുന്നോട്ടുവച്ച **കേന്ദ്രീകരണബന്ധ (Convergence thesis)** പ്രബന്ധത്തിൽ 21-ാം നൂറ്റാണ്ടിലെ വ്യവസായവൽകൃതമായ ഇന്ത്യ 19-ാം നൂറ്റാണ്ടിലെ ഇന്ത്യയെക്കാൾ 21-ാം നൂറ്റാണ്ടിലെ ചൈനയുടെ അല്ലെങ്കിൽ അമേരിക്കയുടെ സവിശേഷതകളാണ് പങ്കുവയ്ക്കുന്നതെന്ന് പറയുന്നു. ഇതു ശരിയാണെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? പുത്തൻ സാങ്കേതികവിദ്യയുടെ വളർച്ചയോടെ ഇന്ത്യയുടെ സംസ്കാരവും ഭാഷയും പാരമ്പര്യവുമെല്ലാം അപ്രത്യക്ഷമായോ? അല്ലെങ്കിൽ പുതിയ ഉൽപ്പന്നങ്ങളുമായി ഇണങ്ങിച്ചേരുന്ന രീതിയിൽ ജനങ്ങളെ സംസ്കാരം സ്വാധീനിച്ചോ? ഈ പ്രശ്നത്തെക്കുറിച്ചുള്ള നിങ്ങളുടെ നിരീക്ഷണങ്ങൾ ഉദാഹരണസഹിതം എഴുതുക.

ആദ്യകാല സമൂഹശാസ്ത്രജ്ഞർ വ്യവസായവൽക്കരണത്തെ ഗുണങ്ങളും ദോഷങ്ങളുമുള്ള ഒന്നായാണ് കണ്ടത്. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ആധുനികവൽക്കരണസിദ്ധാന്തത്തിന്റെ സ്വാധീനത്തിൽ വ്യവസായവൽക്കരണത്തെ ഗുണകരവും അനിവാര്യവുമായ ഒന്നായി കാണാൻ തുടങ്ങി. സമൂഹങ്ങൾ ആധുനികവൽക്കരണത്തിന്റെ പാതയിലുള്ള വിവിധ ഘട്ടങ്ങളിലാണെന്ന് ആധുനികവൽക്കരണസിദ്ധാന്തം വാദിക്കുന്നു. എന്നാൽ, അവരെല്ലാവരും ഒരേ ദിശയിലേക്കാണു നയിക്കുന്നത്. ഈ സൈദ്ധാന്തികരെ സംബന്ധിച്ചിടത്തോളം ആധുനികസമൂഹം പ്രതിനിധാനം ചെയ്യുന്നത് പാശ്ചാത്യരെയാണ്.

## 5.2 ഇന്ത്യയിലെ വ്യവസായവൽക്കരണം (Industrialisation in India)

### ഇന്ത്യൻ വ്യവസായവൽക്കരണത്തിന്റെ പ്രത്യേകത (The Specificity of Indian Industrialisation)

ഇന്ത്യയിലെ വ്യവസായവൽക്കരണത്തിന് പാശ്ചാത്യവ്യവസായവൽക്കരണ മാതൃകയുമായി പല

രീതിയിലും സാമ്യങ്ങളും വ്യത്യാസങ്ങളുമുണ്ട്. വ്യത്യസ്ത രാജ്യങ്ങളുമായി നടത്തിയ താരതമ്യവിശകലനത്തിൽ വ്യാവസായികമുതലാളിത്തത്തിന് ഒരു അംഗീകൃതമാതൃക ഇല്ല എന്ന് നിർദേശിക്കുന്നു. ആദ്യം ഏതു തരത്തിലുള്ള ജോലിയാണ് വികസിതരാജ്യങ്ങളിലെ ജനങ്ങൾ ചെയ്യുന്നത് എന്നതുമായി ബന്ധപ്പെട്ട വ്യത്യാസം പരിശോധിക്കുമ്പോൾ ഭൂരിഭാഗം ജനങ്ങളും സേവനമേഖലകളിലാണ് എന്നു കാണാം. അടുത്തത് വ്യവസായവും. കാർഷികമേഖലയിൽ 10 ശതമാനത്തിൽ താഴെ മാത്രമാണ് (ILO Figures) ജോലിചെയ്യുന്നത്. ഇന്ത്യയിൽ 1999–2000 കാലഘട്ടത്തിൽ ഏകദേശം 60 ശതമാനം ജനങ്ങളും തൊഴിൽ ചെയ്തിരുന്നത് പ്രാഥമികമേഖലയിലാണ് (കൃഷിയും ഖനനവും). 17 ശതമാനം ദ്വിതീയമേഖലയിലും (നിർമാണം, കെട്ടിടനിർമാണവും സേവനങ്ങളും) 23 ശതമാനം തൃതീയ മേഖലയിലും (വാണിജ്യം, ഗതാഗതം, ധനകാര്യ സേവനങ്ങൾ തുടങ്ങിയവ). അങ്ങനെയാണെങ്കിലും സാമ്പത്തികവളർച്ചയ്ക്കുള്ള ഈ മേഖലകളുടെ സംഭാവന പരിശോധിച്ചു നോക്കിയാൽ കൃഷിയുടെ പങ്ക് വളരെ കുറവാണ് എന്നു മനസ്സിലാക്കാം. എന്നാൽ സേവനമേഖലയുടെ പങ്ക് ഏതാണ്ട് പകുതിയിലധികമാണ്. ഇത് ഗുരുതരമായ ഒരു സാഹചര്യമാണ്. കാരണം, ഏറ്റവും കൂടുതൽ ജനങ്ങൾ പ്രവർത്തിക്കുന്ന ഒരു മേഖലയ്ക്ക് സാമ്പത്തികവളർച്ചയ്ക്ക് കൂടുതൽ വരുമാനം നൽകാൻ കഴിയുന്നില്ല (Government of India, Economic Survey 2001-2002). ഇന്ത്യയിൽ 2006–07 കാലഘട്ടത്തിൽ കാർഷികമേഖലയിൽ ജോലി ചെയ്യുന്നവരുടെ പങ്ക് 15.19 ശതമാനമായിരുന്നു. ഖനനത്തിലും കല്ലുവെട്ടലിലുമായി 0.61 ശതമാനം, ഉൽപ്പാദനത്തിൽ 13.33 ശതമാനം, നിർമാണത്തിൽ ഇത് 6.10 ശതമാനം, ഹോട്ടൽ-റസ്റ്ററന്റ് വാണിജ്യമേഖലയിൽ 13.18 ശതമാനം, ഗതാഗതം, ശേഖരം, വിനിമയം എന്നിവയിൽ 5.06 ശതമാനം, സാമുദായിക-സാമൂഹിക വ്യക്തിഗത സേവനങ്ങളിൽ ഇത് 8.97 ശതമാനം, സാമ്പത്തിക ഇൻഷുറൻസ്, റിയൽ എസ്റ്റേറ്റ്, സാമ്പത്തിക സേവനങ്ങൾ എന്നിവയിൽ 2.22 ശതമാനം, വൈദ്യുതി, വെള്ളം മുതലായവയിൽ 0.33 ശതമാനം (Source : Planning Commission 11th Five Year Plan, 2007-12. Vol. I page 66) എന്നിങ്ങനെയായിരുന്നു വിവിധ തൊഴിൽ മേഖലകളിലെ പങ്ക്.

വികസ്വരരാജ്യങ്ങളും വികസിതരാജ്യങ്ങളും തമ്മിലുള്ള മറ്റൊരു വലിയ വ്യത്യാസം സ്ഥിര ശമ്പളക്കാരായ തൊഴിലാളികളുടെ എണ്ണത്തിലാണ്. വികസിതരാജ്യങ്ങളിലെ ഭൂരിഭാഗം ജനങ്ങളും ഔപചാരികമായി തൊഴിലുള്ളവരാണ്. ഇന്ത്യയിൽ 50 ശതമാനത്തിലധികം ജനങ്ങൾ സ്വയം തൊഴിൽ ചെയ്യുന്നവരാണ്. 14 ശതമാനം പേർ മാത്രമാണ് സ്ഥിരം ശമ്പളക്കാരായി ജോലി ചെയ്യുന്നത്. ഏതാണ്ട് 30 ശതമാനം പേർ താൽക്കാലിക ജോലിക്കാരാണ് (Anant 2005:239). തൊട്ടടുത്തുള്ള ചാർട്ട് ഈ മാറ്റങ്ങൾ കാണിക്കുന്നു.

**തൊഴിൽപദവിക്കനുസരിച്ചുള്ള എല്ലാ തൊഴിലാളികളുടെയും വിവരണം ശതമാനക്കണക്കിൽ – സ്വയംതൊഴിലിൽ ഏർപ്പെടുന്നവർ, സ്ഥിരം, താൽക്കാലികം, വ്യത്യസ്ത വർഷങ്ങളിൽ, നാഗരികവും ഗ്രാമീണവും**

| | Years | | | |
|---|---|---|---|---|
| | *1993-94* | *1999-2000* | *2004-05* | *2009-10* |
| **Rural** | | | | |
| Self employed | 58.0 | 55.8 | 60.2 | 51.2 |
| All wage workers* | 42.0 | 44.2 | 39.9 | 45.9 |
| Regular | 6.5 | 6.8 | 7.1 | 7.3 |
| Casual | 35.6 | 37.4 | 32.8 | 38.6 |
| **Urban** | | | | |
| Self employed | 42.3 | 42.2 | 45.4 | 41.1 |
| All wage workers* | 57.7 | 57.8 | 54.5 | 58.9 |
| Regular | 39.4 | 40.0 | 39.5 | 41.4 |
| Casual | 18.3 | 17.7 | 15.0 | 17.5 |

**Source:** *Second Annual Report to the people on Employment, 2011.*

സാമ്പത്തികശാസ്ത്രജ്ഞരും മറ്റുള്ളവരും പലപ്പോഴും സംഘടിതമേഖലയും അല്ലെങ്കിൽ ഔപചാരിക മേഖലയും അസംഘടിത മേഖലയും അല്ലെങ്കിൽ അനൗപചാരിക മേഖലയും തമ്മിൽ വേർതിരിവ് നടത്താറുണ്ട്. ഈ മേഖലകളെ നിർവചിക്കുന്ന കാര്യത്തിൽ സംവാദങ്ങളുമുണ്ടായിട്ടുണ്ട്. ഒരു നിർവചന പ്രകാരം, പത്തോ അതിലധികമോ ആളുകൾ വർഷം മുഴുവൻ പണിയെടുക്കുന്ന എല്ലാ യൂണിറ്റുകളും സംഘടിതമേഖലയിൽ ഉൾപ്പെടുന്നു. ഇവ അതിലെ തൊഴിലാളികൾക്ക് ശമ്പളവും പെൻഷനും മറ്റ് ആനുകൂല്യങ്ങളും കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ വേണ്ടി ഗവൺമെന്റിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇന്ത്യയിൽ 90 ശതമാനത്തിലധികം ജോലികളും, അത് കൃഷിയായാലും വ്യവസായമോ മറ്റു സേവനങ്ങളോ ആണെങ്കിലും അസംഘടിതം അല്ലെങ്കിൽ അനൗപചാരിക മേഖലയിലാണ്. സംഘടിതമേഖലയുടെ ചെറിയ രൂപം നൽകുന്ന സാമൂഹികസൂചനകൾ എന്തെല്ലാമാണ്?

ഒന്നാമതായി, കുറച്ചു ജനങ്ങൾക്കു മാത്രമാണ് വലിയ സ്ഥാപനങ്ങളിൽ ജോലിചെയ്ത് മറ്റു ഭാഗങ്ങളിൽനിന്നും പശ്ചാത്തലങ്ങളിൽനിന്നുമുള്ളവരെ കണ്ടു പരിചയമുള്ളത്. നഗരത്തിലാണ് ഇതിൽനിന്നു മാറ്റങ്ങളുള്ളത് – നഗരത്തിലെ നിങ്ങളുടെ അയൽവാസി ചിലപ്പോൾ മറ്റൊരു സ്ഥലത്തുനിന്നു വന്നയാളായിരിക്കും. ഏതാണ്ട് ഭൂരിഭാഗം ഇന്ത്യക്കാരും ഇപ്പോഴും ചെറുകിടസ്ഥാപനങ്ങളിലാണ് ജോലിചെയ്യുന്നത്. ഇവിടെ ജോലിയുടെ പല ഭാവങ്ങളും തീരുമാനിക്കുന്നത് വ്യക്തിബന്ധങ്ങളാണ്. തൊഴിലുടമയ്ക്ക് നിങ്ങളെ ഇഷ്ടപ്പെട്ടാൽ ശമ്പളം കൂട്ടിക്കിട്ടും; അവയുമായി എന്തെങ്കിലും കലഹമുണ്ടായാൽ നിങ്ങൾക്ക് ജോലിതന്നെ നഷ്ടപ്പെട്ടെന്നുംവരും. വ്യക്തമായി നിയമങ്ങൾ നിർണയിക്കപ്പെട്ട വലിയ സ്ഥാപനങ്ങളിൽ ഇത് വ്യത്യസ്തമാണ്. അവിടെ നിയമം കൂടുതൽ സുതാര്യമാണ്. എന്തെങ്കിലും വിയോജിപ്പുണ്ടെങ്കിൽ പരാതിപ്പെടാനും പ്രശ്നങ്ങൾ പരിഹരിച്ചുകിട്ടാനും സംവിധാനങ്ങളുണ്ട്. രണ്ടാമതായി, കുറച്ച് ഇന്ത്യക്കാർക്കു മാത്രമേ സുരക്ഷിതവും മെച്ചപ്പെട്ടതുമായ ജോലികൾ കിട്ടാനുള്ള സാധ്യതയുള്ളൂ. ഇവയിൽ മൂന്നിൽ രണ്ടു ഭാഗവും സർക്കാർമേഖലയിലാണ്. അതുകൊണ്ടാണ് സർക്കാർജോലി ജനപ്രീതിയാർജിക്കുന്നത്. ബാക്കിയുള്ളവർ പ്രായമാവുമ്പോൾ അവരുടെ മക്കളെ ആശ്രയിക്കാൻ നിർബന്ധിതരാവുന്നു. ഇന്ത്യയിലെ സർക്കാർ ഉദ്യോഗം ജാതിയുടെയും മതത്തിന്റെയും പ്രദേശത്തിന്റെയും അതിരുകൾ മറികടക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. ഭിലായ് പോലുള്ള ഒരു പ്രദേശത്ത് ഒരിക്കൽ പോലും വർഗീയലഹളകൾ ഉണ്ടാകാത്തതിനു കാരണം അവിടത്തെ പൊതുമേഖലാകമ്പനിയായ ഭിലായ് സ്റ്റീൽ പ്ലാന്റിൽ ഇന്ത്യയിലെ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള തൊഴിലാളികൾ ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതുകൊണ്ടാണെന്ന് ഒരു സമൂഹശാസ്ത്രജ്ഞൻ വാദിക്കുകയുണ്ടായി. മറ്റുള്ളവർ ഇതിനെ ചോദ്യം ചെയ്തേക്കാം. മൂന്നാമതായി, വളരെ കുറച്ചുപേർ മാത്രം യൂണിയനിൽ അംഗങ്ങളാകുന്ന അസംഘടിതമേഖലയുടെ അവസ്ഥകാരണം മെച്ചപ്പെട്ട വേതനത്തിനും സുരക്ഷിതമായ പ്രവൃത്തിസാഹചര്യങ്ങൾക്കും സംഘടിതമായി പോരാടാനുള്ള അനുഭവസമ്പത്ത് അവർക്കില്ല. അസംഘടിതമേഖലയിലെ അവസ്ഥകൾ നിരീക്ഷിക്കുന്നതിന് സർക്കാർ നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും പ്രായോഗികമായി തൊഴിലുടമയുടെ അല്ലെങ്കിൽ കരാറുകാരന്റെ വിചാരങ്ങൾക്കും താൽപ്പര്യങ്ങൾക്കുമനുസരിച്ചാണ് കാര്യങ്ങൾ നടക്കുന്നത്.

## വ്യവസായവൽക്കരണം ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ ആദ്യവർഷങ്ങളിൽ (Industrialisation in the Early years of Indian Independence)

ഇന്ത്യയിലെ ആദ്യത്തെ ആധുനികവ്യവസായങ്ങൾ പരുത്തി, ചണം, കൽക്കരിഖനികൾ, റെയിൽവേ എന്നിവയാണ്. സ്വാതന്ത്ര്യത്തിനു ശേഷം സർക്കാർ ഗംഭീരമായ സാമ്പത്തിക ഉയർച്ച നേടി. ഇതിലൂടെ പ്രതിരോധം, ഗതാഗത-വിനിമയം, ഊർജം, ഖനികൾ, മറ്റുള്ള പദ്ധതികൾ എന്നിവയെല്ലാം സർക്കാരിന്റെ മാത്രം അധികാരത്തിൻ കീഴിലായി. സ്വകാര്യ വ്യവസായം മെച്ചപ്പെടാനും ഇത് അത്യാവശ്യമായിരുന്നു. ഇന്ത്യയുടെ മിശ്രസാമ്പത്തികനയ (Mixed economic policy) പ്രകാരം ചില മേഖലകൾ സർക്കാരിനു മാത്രമായി മാറ്റിവയ്ക്കുകയും മറ്റു ചിലത് സ്വകാര്യമേഖലയ്ക്ക് തുറന്നുകൊടുക്കുകയും ചെയ്തു. എന്നിരുന്നാലും ലൈസൻസിങ് നയത്തിലൂടെ സ്വകാര്യമേഖലയെ നിയന്ത്രിക്കാനും വ്യത്യസ്ത ഭാഗങ്ങളിൽ വ്യവസായം സ്ഥാപിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താനും സർക്കാർ ശ്രമിച്ചു. സ്വാതന്ത്ര്യത്തിനു മുമ്പ് വ്യവസായങ്ങൾ പ്രധാനമായും കേന്ദ്രീകരിച്ചിരുന്നത് തുറമുഖനഗരങ്ങളായ മദ്രാസ്, ബോംബെ, കൽക്കത്ത (ഇന്ന് ചെന്നൈ, മുംബൈ, കൊൽക്കത്ത) എന്നിവിടങ്ങളിലാണ്. പിന്നീട് ബറോഡ, കോയമ്പത്തൂർ, ബംഗളൂർ, പൂനെ, ഫരിദാബാദ്, രാജ്കോട്ട് തുടങ്ങിയ സ്ഥലങ്ങൾ പ്രധാന വ്യവസായ കേന്ദ്രങ്ങളായിത്തീർന്നത് നമ്മൾ കണ്ടു. ധനസഹായവും മറ്റും നൽകിക്കൊണ്ട് സർക്കാർ ചെറുകിടമേഖലയെ പ്രത്യേക പ്രേരണയും സഹായവും നൽകി പ്രോത്സാഹിപ്പിക്കാൻ ശ്രമിച്ചു. കടലാസ്, തടിയുൽപ്പന്നങ്ങൾ, സ്റ്റേഷനറി, ഗ്ലാസ്, സെറാമിക് തുടങ്ങിയ ഇനങ്ങൾ ചെറുകിട മേഖലയ്ക്കായി മാറ്റിവച്ചു. 1991-ൽ നിർമാണമേഖലയിലെ മൊത്തം തൊഴിലാളികളുടെ 28 ശതമാനം മാത്രം വൻകിടവ്യവസായങ്ങളിൽ ജോലിചെയ്തപ്പോൾ ചെറുകിടവ്യവസായങ്ങളിലും പരമ്പരാഗതവ്യവസായങ്ങളിലും 72 ശതമാനം പേർ ജോലിചെയ്തിരുന്നു (Roy 2001:11).

## ആഗോളവൽക്കരണവും ഉദാരവൽക്കരണവും ഇന്ത്യൻ വ്യവസായത്തിലെ മാറ്റങ്ങളും (Globalisation, Liberalisation and change in Indian Industry)

സർക്കാർ ഉദാരവൽക്കരണനയം പിന്തുടരാൻ തുടങ്ങിയത് 1990 മുതലാണ്. സ്വകാര്യകമ്പനികളെ, പ്രത്യേകിച്ച് വിദേശകമ്പനികളെ മുമ്പ് സർക്കാരിനായി നീക്കിവച്ചിരുന്ന ടെലികോം, സിവിൽ ഏവിയേഷൻ, ഊർജം തുടങ്ങിയ മേഖലകളിൽ നിക്ഷേപം നടത്താൻ പ്രോത്സാഹിപ്പിച്ചു. വ്യവസായങ്ങൾ തുടങ്ങാൻ ലൈസൻസ് ആവശ്യമല്ലാതായി. വിദേശ ഉൽപ്പന്നങ്ങൾ ഇന്ത്യയിലെ കടകളിൽ എളുപ്പത്തിൽ ലഭിക്കാൻ തുടങ്ങി. ഉദാരവൽക്കരണത്തിന്റെ ഫലമായി ധാരാളം ഇന്ത്യൻ കമ്പനികളെ ബഹുരാഷ്ട്രകമ്പനികൾ വാങ്ങി. അതേ സമയം ചില ഇന്ത്യൻകമ്പനികൾ ബഹുരാഷ്ട്രകമ്പനികളായി മാറുകയും ചെയ്തു. ആദ്യത്തേതിന് ഉദാഹരണമായി പാർലെ ഡ്രിങ്ക്സ് കൊക്കകോള വാങ്ങി. പാർലെയുടെ വാർഷികവിറ്റുവരവ് 250 കോടിയായിരുന്നു. അതേസമയം കൊക്കകോള പരസ്യത്തിനു മാത്രം മാറ്റിവച്ചത് 400 കോടിയാണ്. പരസ്യത്തിന്റെ തലം സ്വാഭാവികമായും ഉയരുകയും ഇന്ത്യയിലുടനീളം കൊക്കകോളയുടെ ഉപഭോഗം വർധിക്കുകയും പല പരമ്പരാഗതപാനീയങ്ങൾക്കും പകരം വയ്ക്കുകയും ചെയ്തു. ഉദാരവൽക്കരണത്തിന്റെ അടുത്ത വലിയ മേഖല ചില്ലറകച്ചവടമാണ്. ഇന്ത്യക്കാർ ഷോപ്പിങ്ങിന് ഡിപാർട്ട്മെന്റ് സ്റ്റോറുകളെ കൂടുതലായി പരിഗണിക്കുമെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? അതോ ചില്ലറ കച്ചവടക്കാർ കച്ചവടത്തിൽനിന്നു പുറത്താകുമോ?

സർക്കാർ പൊതുമേഖലാ കമ്പനികളുടെ ഓഹരികൾ വിറ്റഴിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ് – ഈ പ്രക്രിയയെ അപനിക്ഷേപം (Disinvestement) എന്നു പറയുന്നു. ധാരാളം സർക്കാർ ജോലിക്കാർ അപനിക്ഷേപത്തിനു ശേഷം തങ്ങളുടെ ജോലി നഷ്ടപ്പെടുമെന്ന് ഭയക്കുന്നു. കുറഞ്ഞ വിലയ്ക്ക് ആരോഗ്യപ്രദമായ റൊട്ടി ലഭ്യമാക്കാൻ വേണ്ടി സ്ഥാപിച്ച 'മോഡേൺ ഫുഡ്സ്' എന്ന കമ്പനിയാണ് ആദ്യം സ്വകാര്യവൽക്കരിച്ചത്. 60 ശതമാനം ജീവനക്കാരും 5 വർഷത്തിനുള്ളിൽ വിരമിക്കാൻ നിർബന്ധിതരായി.

എങ്ങനെയാണ് ഇത് ലോകമെമ്പാടുമുള്ള പ്രവണതയുമായി യോജിക്കുന്നതെന്ന് നമുക്കു കാണാം. കൂടുതൽ കൂടുതൽ കമ്പനികൾ സ്ഥിരജീവനക്കാരുടെ എണ്ണം കുറയ്ക്കുകയും അവ

**Box 5.1**

### ഇന്ത്യൻ വിപണിയിലേക്ക് ചില്ലറവിൽപ്പന ശൃംഖലകളുടെ തള്ളിക്കയറ്റം (Retail chains scramble to enter Indian market)

ലോകത്തിലെ വലിയ ശൃംഖലകളിലുള്ള വാൾ - മാർട്ട് സ്റ്റോർസ് കാരിഫോർ, ടെസ്കോ എന്നിവർ സർക്കാരിന്റെ വിദേശനിക്ഷേപവിലക്കിനെ മറികടന്നുപോലും ഇന്ത്യയിലെ ചുട്ടുപഴുത്ത ചില്ലറവിൽപ്പന മേഖലയിലേക്കു തള്ളിക്കയറാൻ മുറവിളി കൂട്ടുകയുണ്ടായി. ചില്ലറവിൽപ്പന മേഖലയിൽ ഇന്ത്യൻ ബിസിനസ് കമ്പനികളായ റിലയൻസും ഭാരതി എയർടെല്ലും അടുത്ത കാലത്ത് വലിയ നിക്ഷേപം നടത്തിയപ്പോൾ ഈ വിദേശകമ്പനികൾക്ക് തിടുക്കം കൂടി.... അവസാന ആഴ്ച ഭാരതി എയർടെൽ സൂചിപ്പിക്കുകയുണ്ടായി, വാൾ-മാർട്ടും കാരിഫോറും ടെസ്കോയും ഒന്നിച്ചുള്ള ഒരു സാമ്പത്തികസംരംഭത്തെക്കുറിച്ചുള്ള ചർച്ചയിലാണെന്ന്. ഇന്ത്യയുടെ ചില്ലറവിൽപ്പനമേഖല ആകർഷകമായത് അതിവേഗം വളർന്നുകൊണ്ടിരിക്കുന്നതു കൊണ്ട് മാത്രമല്ല, രാഷ്ട്രത്തിന്റെ 97 ശതമാനം കച്ചവടവും കുടുംബങ്ങൾ നടത്തുന്ന, തെരുവുകളിലെ ചില്ലറവിൽപ്പനശാലകളിലൂടെയാണ് നടക്കുന്നത് എന്നതുകൊണ്ടുമാണ്. പക്ഷേ, ഈ വ്യവസായം കൃത്രിമായ ഗുണത്തിൽ നിൽക്കുന്നത് സർക്കാർ വിപണിയിലേക്കു വിദേശികളും പ്രവേശനം വിലക്കിയതുകൊണ്ടാണ്. ആഗോള ചില്ലറവിൽപ്പനക്കാർ ആയിരക്കണക്കിന് ചെറുകിട കച്ചവടക്കാരെയും ചിറകുമുളച്ച പ്രാദേശിക ശൃംഖലകളെയും നശിപ്പിക്കുമെന്ന് രാഷ്ട്രീയക്കാർ വാദിക്കുന്നു.

*International Herald Tribune, 3 August 2006*




രുടെ ജോലി ചെറിയ കമ്പനികൾക്ക് അല്ലെങ്കിൽ വീടുകളിൽ കരാർ നൽകുകയും ചെയ്യുന്നു. ബഹുരാഷ്ട്ര കമ്പനികൾ ഈ പുറംപണിക്കരാർ നൽകുന്നത് ആഗോളമായാണ്. കുറഞ്ഞ വേതനത്തിന് തൊഴിലാളികളെ നൽകുന്ന ഇന്ത്യപോലുള്ള വികസ്വരരാജ്യങ്ങളുമായി വലിയ കമ്പനി

കളിൽ നിന്ന് ഉൽപ്പാദനത്തിന്റെ ഓർഡർ ലഭിക്കുന്നതിന് ചെറുകിടകമ്പനികൾ മൽസരിക്കുന്നതിനാൽ അത്തരം കമ്പനികളിലെ തൊഴിലാളികൾക്ക് കുറഞ്ഞ വേതനവും മോശമായ ജോലി സാഹചര്യങ്ങളുമാണുള്ളത്. ചെറിയ കമ്പനികളിലെ സംഘാടനവും തൊഴിലാളി യൂണിയനുകൾക്ക് ബുദ്ധിമുട്ടാണ്. ഇപ്പോൾ മിക്കവാറും എല്ലാ കമ്പനികളും, സർക്കാർ കമ്പനികളടക്കം പുറം പണിക്കരാറുകളിലൂടെ ഉൽപ്പാദനം ചെറുകമ്പനികളെ ഏൽപ്പിക്കുകയാണ്. പക്ഷേ, ഈ പ്രവണത സ്വകാര്യമേഖലയിലാണ് കൂടുതൽ കാണപ്പെടുന്നത്.

ഇന്നും ഇന്ത്യ ഒരു വലിയ കാർഷികരാജ്യമാണ്. സേവനമേഖലകളായ കടകൾ, ബാങ്കുകൾ, ഐ.ടി. വ്യവസായം, ഹോട്ടലുകൾ, കൂടാതെ മറ്റു സർവീസുകൾ ധാരാളം പേർക്ക് തൊഴിൽ നൽകുന്നുണ്ട്. നഗരത്തിലെ മധ്യവർഗത്തിന്റെ വളർച്ചയോടൊപ്പം ടെലിവിഷൻ സീരിയലുകളിലും സിനിമകളിലെയും പോലെ മധ്യവർഗമൂല്യങ്ങളും വളരുന്നു. പക്ഷേ, ഇന്ത്യയിലെ വളരെ കുറച്ച് ആളുകൾക്കു മാത്രമേ സുസ്ഥിരമായ ജോലികൾ ലഭിക്കുന്നുള്ളു എന്നത് നമുക്ക് കാണാൻ കഴിയും. കരാർത്തൊഴിലിന്റെ ആവിർഭാവത്തോടെ ശമ്പളക്കാരായ സ്ഥിരംജോലിക്കാരുടെ അവസ്ഥയും മോശമായിക്കൊണ്ടിരിക്കയാണ്. ഇതുവരെ ജനങ്ങളുടെ വലിയ ലക്ഷ്യം സർക്കാർ ജോലിയായിരുന്നു. ഇന്ന് അതും കുറഞ്ഞുകൊണ്ടിരിക്കയാണ്. ചില സാമ്പത്തികശാസ്ത്രജ്ഞർ ഇതിനെക്കുറിച്ച് ചർച്ചചെയ്യുന്നു. പക്ഷേ, ലോകമെമ്പാടും പ്രത്യക്ഷപ്പെടുന്ന ഉദാരവൽക്കരണവും സ്വകാര്യവൽക്കരണവും വരുമാനത്തിലും വലിയ അസമത്വങ്ങൾ സൃഷ്ടിക്കുകയാണ്. ആഗോളവൽക്കരണം എന്ന അടുത്ത അധ്യായത്തിൽ ഇതിനെക്കുറിച്ച് കൂടുതൽ വായിക്കും.

ഇതോടൊപ്പം വൻകിട വ്യവസായങ്ങളിൽ സുരക്ഷിതമായ തൊഴിൽ കുറഞ്ഞുകൊണ്ടിരിക്കയാണ്. സർക്കാർ വ്യവസായങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്ന നയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ എർപ്പെട്ടിരിക്കുകയാണ്. ഈ വ്യവസായങ്ങൾ പരിസരപ്രദേശങ്ങളിലെ ജനങ്ങൾക്കു

**സംഘടിത മേഖലയിലെ തൊഴിൽ**




പോലും തൊഴിൽ നൽകുന്നില്ല. പക്ഷേ, അവ വലിയ മലിനീകരണം ഉണ്ടാക്കുന്നു. ഒരുപാട് കർഷകർ, പ്രത്യേകിച്ച് ആദിവാസികൾ (അവർ കുടിയൊഴിപ്പിക്കപ്പെട്ടവരിൽ 40 ശതമാനം വരും) താഴ്ന്ന നിരക്കിലുള്ള നഷ്ടപരിഹാരം ലഭിച്ചതിൽ പ്രതിഷേധത്തിനൊപ്പം താൽക്കാലികജോലി

കൾ സ്വീകരിക്കാൻ നിർബന്ധിതരായി വൻനഗരങ്ങളിലെ നടപ്പാതകളിൽ ജീവിക്കുന്നു. മൂന്നാം അധ്യായത്തിൽ താൽപ്പര്യങ്ങൾക്ക് വേണ്ടിയുള്ള മൽസരങ്ങൾ ചർച്ചചെയ്തത് ഓർക്കുമല്ലോ.

ഇനിയുള്ള ഭാഗങ്ങളിൽ, ജനങ്ങൾ എങ്ങനെയാണ് ജോലി കണ്ടെത്തുന്നത്, യഥാർഥത്തിൽ അവർ എന്താണ് അവരുടെ ജോലിസ്ഥലങ്ങളിൽ ചെയ്യുന്നത്, ഏതു രീതിയിലുള്ള തൊഴിൽസാഹചര്യങ്ങളാണ് അവർ നേരിടുന്നത് തുടങ്ങിയവയാണ് പ്രതിപാദിക്കുന്നത്.

## 5.3 ജനങ്ങൾ എങ്ങനെയാണ് തൊഴിലുകൾ കണ്ടെത്തുന്നത് ? (How people find jobs)

നിങ്ങൾ ബുധനാഴ്ചത്തെ ടൈംസ് ഓഫ് ഇന്ത്യ തുറക്കുകയാണെങ്കിൽ 'ടൈംസ് അസെന്റ്' എന്ന ഒരു ഭാഗം കാണും. ഇവിടെ ജോലികൾ പരസ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, നിങ്ങൾക്ക് സ്വയമേവ അല്ലെങ്കിൽ ജോലിക്കാരെ എങ്ങനെ പ്രവർത്തനങ്ങളിൽ പ്രചോദിപ്പിക്കാം എന്നതിന്റെ സൂചനകൾ അതിൽ തന്നിട്ടുണ്ടാവും.

അടുത്ത പേജിലെ ബോക്സ് 5.2 ൽ പൊതുമേഖലയിലെ ജോലിയുടെ ഒരു ഉദാഹരണം കാണിച്ചിട്ടുണ്ട്. വ്യക്തിക്ക് വീട്ടുവാടക അലവൻസ് (HRA) പോലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നു. ജോലിക്കു വേണ്ട യോഗ്യത വളരെ വിശദമായി എടുത്തു പറഞ്ഞിട്ടുണ്ട്. അത്തരം ജോലികൾക്ക് വ്യക്തമായ സ്ഥാനക്കയറ്റ സാധ്യതകളുണ്ട്. സീനിയോരിറ്റി ഒരു ഘടകമാണെന്ന് നിങ്ങൾക്ക് പ്രതീക്ഷിക്കാം.

അടുത്ത പേജിലെ ബോക്സ് 5.3 ലെ സ്വകാര്യമേഖലകളിലെ ജോലിയൊന്നു കാണുക. ഇതും സ്ഥിരമായി ശമ്പളം ലഭിക്കുന്ന ജോലിയും നൽകുന്നത് അറിയപ്പെടുന്ന ഒരു ഹോട്ടലിലുമാണ്. പക്ഷേ, ഇവിടെ ജോലിക്ക് യോഗ്യത കർശനമല്ല. ശമ്പളം നിശ്ചിതവുമല്ല; ജോലി കരാറടിസ്ഥാനത്തിലായിരിക്കും. ഈ പരസ്യത്തിൽ ഉപയോഗിച്ച ഭാഷയും അതിന്റെ വിശ്വാസ്യതയും നോക്കുക. ഓരോ സ്ഥാപനവും അതിന്റേതായ തൊഴിൽ സംസ്കാരം ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കുന്നുണ്ട്.

**Box 5.2**

**ദിയാൽ സിങ് കോളേജ്** (ഡൽഹി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജ്)

ലോദി റോഡ്, ന്യൂഡൽഹി 110003

പ്രിൻസിപ്പൽ തസ്തികയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. Rs.16400 - 22400 ശമ്പള സ്കെയിൽ (ചുരുങ്ങിയത് Rs.17300 പ്രതിമാസം). കൂടാതെ DA, HRA. TA.CCA തുടങ്ങി ഡൽഹി യൂണിവേഴ്സിറ്റിയുടെ നിയമപ്രകാരം അനുവദനീയമായ മറ്റ് ആനുകൂല്യങ്ങളും

**യോഗ്യതകൾ**

(i) ഉചിതമായ വിഷയത്തിൽ 55% മാർക്കോടെ മാസ്റ്റർ ഡിഗ്രി അല്ലെങ്കിൽ 0, A.B, C. D. E & F എന്ന 7 പോയിന്റ് ലെറ്റർ സ്കെയിലിൽ തത്തുല്യമായ B ഗ്രേഡോ

(ii) PhD അല്ലെങ്കിൽ തത്തുല്യ ഡിഗ്രി.

(iii) മൊത്തം 15 വർഷത്തെ അധ്യാപനപരിചയം അല്ലെങ്കിൽ യൂണിവേഴ്സിറ്റികളിലോ കോളേജിലോ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പോസ്റ്റ് ഡോക്ടറൽ ഗവേഷണം.

യോഗ്യത സംബന്ധിച്ച വിദഗ്ധ വിവരങ്ങളും പരിചയവും വയസ്സ് തുടങ്ങിയ വിവരങ്ങളും അടങ്ങിയ അപേക്ഷ അനുബന്ധരേഖകൾ സഹിതം 'ചെയർമാൻ, ഗവേർണിങ് ബോഡി, ദിയാൻ സിങ് കോളേജ്, ലോദി റോഡ്, ന്യൂഡൽഹി - 110003' എന്ന വിലാസത്തിൽ മുദ്ര വച്ച കവറിൽ പരസ്യം ചെയ്ത ദിവസം മുതൽ 15 ദിവസത്തിനകം ലഭിക്കേണ്ടതാണ്.

*Chairman, Governing Body*



പക്ഷേ, പരസ്യങ്ങളിലൂടെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെയും ചെറിയൊരു ശതമാനം പേർക്കു മാത്രമേ തൊഴിൽ ലഭിക്കുന്നുള്ളൂ. സ്വയംതൊഴിൽ ചെയ്യുന്ന പ്ലംബർമാർ, ഇലക്ട്രിഷ്യൻമാർ, ആശാരിമാർ എന്നിവർ ഒരു ഭാഗത്തും സ്വകാര്യ ട്യൂഷനെടുക്കുന്ന അധ്യാപകർ,

ആർകിടെക്റ്റുകൾ, ഫ്രീലാൻസ് ഫോട്ടോഗ്രാഫർമാർ തുടങ്ങിയവർ മറ്റൊരുഭാഗത്തും വ്യക്തിബന്ധങ്ങളെയാണ് ആശ്രയിക്കുന്നത്. അവരുടെ തൊഴിലുകൾ അവർക്കുതന്നെ പരസ്യമാണെന്ന് അവർ വിശ്വസിക്കുന്നു. മൊബൈൽഫോൺ അവരുടെ ജീവിതം എളുപ്പമാക്കുകയും വിശാലമായ ജനസമൂഹത്തിൽ ബന്ധം സ്ഥാപിക്കുക സൗകര്യപ്രദമാക്കുകയും ചെയ്തു.

**Box 5.3**

ഡൽഹിയിലെ റാഡിസൺ ഹോട്ടലിൽ ഉടൻ ആരംഭിക്കാനിരിക്കുന്ന ലോയൽറ്റി പ്രോഗ്രാമിലേക്ക് കസ്റ്റമർ സർവീസ് എക്സിക്യൂട്ടീവുമാർ സീനിയർ ടെലി - സെയിൽ എക്സിക്യൂട്ടീവുമാർ എന്നിവരെ ആവശ്യമുണ്ട്. ഇംഗ്ലീഷ് ഭാഷയിൽ നല്ല പരിജ്ഞാനവും വില്പനയിൽ താൽപര്യവും ഉള്ളവർക്ക് അപേക്ഷിക്കാവുന്നതാണ് മുൻപരിചയം പരിഗണിക്കുന്നു.

ഞങ്ങൾ പഞ്ചനക്ഷത്ര തൊഴിൽസാഹചര്യം നൽകുന്നു, ചുറ്റുപാട്, പ്രവൃത്തിവികാസവും പരിശീലനവും, പ്രചോദനം നൽകുന്ന അന്തരീക്ഷം, പകൽസമയ ജോലിയും നല്ല ശമ്പളവും/അനുകൂല്യങ്ങളും. പാർട്ട് ടൈം & ഫുൾ ടൈം തിരഞ്ഞെടുക്കാനുള്ള അവകാശം.

ദയവായി 9.30 am നും 6.30 pm നുമിടയിൽ വിളിക്കുക. 30th - 31th ആഗസ്റ്റ് & 1st സെപ്തംബർ, 2006. Ph: 66407361/66407351/66407353

അല്ലെങ്കിൽ

നിങ്ങളുടെ CV 26779062 എന്ന നമ്പറിലേക്ക് ഫാക്സ് ചെയ്യുക.

അല്ലെങ്കിൽ

Email: memberhelpdesk@radissondel.com

ഫാക്ടറിത്തൊഴിലാളികളെ നിയമിക്കുന്നത് വ്യത്യസ്തമായ രീതിയിലാണ്. മുമ്പൊക്കെ തൊഴിലാളികൾക്ക് ജോലി ലഭിച്ചിരുന്നത് കരാറുകാരിലൂടെയോ ദല്ലാൾമാരിലൂടെയോ ആയിരുന്നു. കാൺപൂരിലെ തുണിമില്ലുകളിൽ ഈ ദല്ലാൾമാർ അറിയപ്പെട്ടിരുന്നത് മേസ്തിരിമാർ (Mistris) എന്നാണ്. അവരും തൊഴിലാളികൾ തന്നെയായിരുന്നു. മറ്റു തൊഴിലാളികളുടെ അതേ പ്രദേശത്തുനിന്നും സമുദായത്തിൽനിന്നുമാണ് അവരും വന്നിരുന്നത്. പക്ഷേ, ഫാക്ടറിയുടമയുടെ പിന്തുണയുള്ളതുകൊണ്ട് ജോലിക്കാരുടെ മേൽ മുതലാളി ചമയാൻ അവർക്കു സാധിച്ചു. കൂടാതെ, അവർ തൊഴിലാളികളുടെ മേൽ സമുദായബന്ധ സമ്മർദങ്ങളും ഏർപ്പിച്ചു. ഇന്ന് ദല്ലാൾമാരുടെ പ്രാധാന്യം കുറഞ്ഞുവന്നു. മാനേജ്മെന്റും യൂണിയനുകളും അവരുടെ ആളുകളെ തിരഞ്ഞെടുക്കുന്നതിൽ പങ്കു വഹിക്കുന്നു. മിക്ക തൊഴിലാളികളും തങ്ങളുടെ ജോലി അവരുടെ മക്കൾക്ക് കൈമാറാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പല ഫാക്ടറികളും പകരജോലിക്കാരെ അവധിയിലുള്ള സ്ഥിരം ജോലിക്കാർക്കു പകരമായി നിയമിക്കുന്നു. ഈ പകരജോലിക്കാരിൽ പലരും ഒരേ കമ്പനിക്ക് വേണ്ടി വർഷങ്ങളോളം സ്ഥിരജോലിയെടുക്കാറുണ്ടെങ്കിലും അവർക്ക് സ്വയംപദവിയോ സുരക്ഷയോ നൽകാറില്ല. ഇതിനെയാണ് സംഘടിതമേഖലയിലെ കരാർജോലി എന്ന് പറയുന്നത്. തൊഴിൽ അവസരങ്ങൾക്ക് രണ്ടു പ്രധാന ഘടകങ്ങളുണ്ട്

(i) ഒരു സ്ഥാപനത്തിലെ ജോലി

(ii) സ്വയംതൊഴിൽ

ഇന്ത്യൻ സർക്കാർ പ്രഖ്യാപിച്ച 'ഉണരൂ ഇന്ത്യ പദ്ധതി' (Standup India scheme), 'ഇന്ത്യയിൽ നിർമ്മിക്കുക' (Made in India) എന്നീ പദ്ധതികൾ തൊഴിലും സ്വയംതൊഴിലും സാധ്യമാക്കും. ഈ പദ്ധതികൾ എസ്.സി., എസ്.ടി, മറ്റു പിന്നാക്കവിഭാഗങ്ങൾ പോലെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ ജനങ്ങൾക്ക് സഹായകമാണ്. ഇവയെല്ലാം ഇന്ത്യയുടെ ജനസംഖ്യാ ലാഭവിഹിതത്തിലേക്ക് സാമ്പത്തികസ്രോതസ്സ് ഉണ്ടാക്കുന്നതിന്റെ വ്യക്തമായ സൂചനകളാണ്.

താൽക്കാലിക തൊഴിലാളികളെ വാടകയ്ക്കെടുത്തുകൊണ്ടുള്ള കരാർവ്യവസ്ഥ കൂടുതലായി കാണുന്നത് കെട്ടിടനിർമാണ സൈറ്റുകൾ, ഇഷ്ടികക്കളങ്ങൾ തുടങ്ങിയവയിലാണ്. കരാറുകാരൻ ഗ്രാമങ്ങളിൽ ചെന്ന് ജോലി ആവശ്യമുള്ളവരെ കണ്ടെത്തുന്നു. കുറച്ച് പണം അവർക്ക് വായ്പയായി നൽകുന്നു. ജോലിസ്ഥലത്തേക്കുള്ള യാത്രക്കൂലിയും ഈ വായ്പയിൽ ഉൾപ്പെടുന്നു. വായ്പത്തുക മുൻകൂർ വേതനമായി കണക്കാക്കുകയും അത് തിരിച്ചടക്കുന്നതു വരെ തൊഴിലാളികൾ വേതനമില്ലാതെ പണിയെടുക്കുകയും ചെയ്യുന്നു. മുമ്പൊക്കെ കർഷകത്തൊഴിലാളികൾ ഭൂവുടമകളുമായി അവരുടെ ബാധ്യതകളാൽ ബന്ധിതമായ അവസ്ഥയായിരുന്നു. ഇന്ന് താൽക്കാലിക വ്യാവസായികത്തൊഴിലാളികൾ, അവർ ഇപ്പോഴും ബാധ്യതയിലാണെങ്കിലും, കരാറുകാരനോട് മറ്റു സാമൂഹികബാധ്യതകളാൽ ബന്ധിതമാക്കപ്പെട്ടിട്ടില്ല. ആ അർഥത്തിൽ ഒരു വ്യാവസായികസമൂഹത്തിൽ അവർ കൂടുതൽ സ്വതന്ത്രരാണ്. അവർക്ക് കരാർ ലംഘിച്ച്

മറ്റൊരു തൊഴിലുടമയുടെ കീഴിൽ ജോലിചെയ്യാൻ കഴിയും. ചിലപ്പോൾ മൊത്തം കുടുംബവും ജോലിസ്ഥലത്തേക്കു വരുകയും കുട്ടികൾ രക്ഷിതാക്കളെ സഹായിക്കുകയും ചെയ്യാറുണ്ട്.

**Box 5.4**

**ദക്ഷിണ ഗുജറാത്തിലെ ഇഷ്ടികക്കളങ്ങളിലെ തൊഴിലാളിസംഘങ്ങൾ**

[Labour groups in the brickyards of South Gujarath]



ഇവിടെ ഏകദേശം 30,000 - 40,000 തൊഴിലാളികൾ സീസൺ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ട്. പാർസിയും ദേശായിമാരും പോലെയുള്ള ഉന്നതരെന്നു പറയപ്പെടുന്ന ജാതിക്കാരാണ് ഇഷ്ടികക്കളങ്ങളുടെ ഉടമകൾ. മൺപാത്രങ്ങൾ നിർമിക്കുന്നവരുടെ ജാതിയിൽപ്പെട്ടവർ മണ്ണുമായുള്ള അവരുടെ പാരമ്പര്യതൊഴിലിന്റെ ഒരു തുടർച്ച എന്ന നിലയിൽ ഇഷ്ടികക്കളങ്ങൾ സ്വന്തമാക്കിയിട്ടുണ്ട്. തൊഴിലാളികൾ സാധാരണയായി പ്രാദേശികരും കുടിയേറ്റക്കാരായ ദലിതരുമാണ്. അവർ കരാറുകാരുടെ കീഴിൽ 9 മുതൽ 12 വരെ അംഗങ്ങളുള്ള സംഘങ്ങളായാണ് പണിയെടുക്കുന്നത്. പുരുഷന്മാർ മണ്ണു കുഴച്ച് ഇഷ്ടികയുണ്ടാക്കുമ്പോൾ, കൊച്ചു കുട്ടികൾ ഓരോ ഇഷ്ടികയും ഉണക്കാനുള്ള സ്ഥലത്തേക്ക് ചുമന്നുകൊണ്ടുപോകുന്നു. സ്ത്രീകളും പെൺകുട്ടികളും അടങ്ങുന്ന സംഘം പിന്നീട് അവ ചുമന്ന് ചൂളയിലെത്തിക്കുന്നു. അവിടെ പുരുഷന്മാർ അവ ചുട്ടെടുക്കും, അവിടുന്ന് വീണ്ടും ഇഷ്ടിക കയറ്റിയയക്കുന്ന ട്രക്കിലേക്കെത്തിക്കുന്നു. ഓരോ സംഘവും ദിവസം 2500 - 3000 ഇഷ്ടികകൾ നിർമിക്കുന്നു. വേഗമുള്ള ഒരു സംഘത്തിൽ ഇത്രയും എണ്ണം 10 മണിക്കൂർ കൊണ്ട് പൂർത്തിയാക്കാം. എന്നാൽ വേഗം കുറഞ്ഞ സംഘത്തിന് 14 മണിക്കൂർ വേണ്ടിവരും. 6 - ാമത്തെ വയസ്സു മുതൽ കുട്ടികൾ രാത്രി ഉണർന്ന് പിതാവ് നിർമിച്ച പുതിയ ഇഷ്ടികകൾ ചുമക്കുന്നു. നനവാർന്ന ഈ ഇഷ്ടികകൾക്ക് ഉദ്ദേശം മൂന്നു കിലോ ഭാരമുണ്ടായിരിക്കും. ചെറിയ കുട്ടികൾ ഓരോ ഇഷ്ടികവീതം ചുമന്ന് ഇരുട്ടിലൂടെ നടന്ന് ദൂരെയുള്ള ഉണക്കുന്ന സ്ഥലത്തെത്തിക്കുന്നു. ഒമ്പതു വയസ്സെത്തുമ്പോൾ അവർ രണ്ട് ഇഷ്ടിക വീതം ചുമക്കേണ്ടി വരുന്നു. സമൂഹശാസ്ത്രജ്ഞനായ ജാൻ ബ്രെമൻ പറയുന്നു: 'മാതാപിതാക്കൾ കുട്ടികളെ വിളിച്ചുണർത്തുമ്പോൾ അവരുടെ കിടക്കയായ തുണിക്കഷണത്തിൽ നിന്ന് കരയാറുണ്ടായിരുന്നു.'

## 5.4 തൊഴിൽ നടപ്പിലാക്കുന്നതെങ്ങനെ? (How is work carried out?)

ഈ ഭാഗത്ത് നമ്മൾ പരിശോധിക്കുന്നത് എങ്ങനെയാണ് തൊഴിൽ യഥാർഥത്തിൽ നടക്കുന്നത് എന്നാണ്. നമുക്കു ചുറ്റും കാണുന്ന എല്ലാ ഉൽപ്പന്നങ്ങളും എങ്ങനെയാണ് നിർമിക്കപ്പെടുന്നത്? ഒരു ഓഫീസിലോ ഫാക്ടറിയിലോ തൊഴിലാളികളും മാനേജർമാരും തമ്മിലുള്ള ബന്ധം എന്താണ്? ഇന്ത്യയിൽ യന്ത്രവൽകൃതമായി പ്രവർത്തിക്കുന്ന വലിയ കമ്പനികൾ മുതൽ ചെറിയ കുടിൽവ്യവസായങ്ങളിൽ വരെ വലിയ തോതിൽ തൊഴിൽസാധ്യതകളുണ്ട്.

തൊഴിലാളികളെ നിയന്ത്രിക്കുകയും അവരെക്കൊണ്ട് കൂടുതൽ ജോലിചെയ്യിപ്പിക്കുകയുമാണ് മാനേജറുടെ അടിസ്ഥാനകർത്തവ്യം. തൊഴിലാളികളെ കൊണ്ട് കൂടുതൽ ജോലിയെടുപ്പിക്കാൻ രണ്ട് പ്രധാന മാർഗങ്ങളുണ്ട്. ഒന്ന് തൊഴിൽസമയം ദീർഘിപ്പിക്കുക, രണ്ട് ഒരു നിശ്ചിത സമയത്തിനകത്തുള്ള ഉൽപ്പാദനത്തിന്റെ അളവു വർധിപ്പിക്കുക. യന്ത്രങ്ങൾ ഉൽപ്പാദനം വർധിപ്പിക്കാൻ സഹായിക്കും. പക്ഷേ, ഇത് ആത്യന്തികമായി തൊഴിലാളികൾക്കു പകരം യന്ത്രങ്ങൾ എന്ന അപകടം ഉണ്ടാക്കും. യന്ത്രവൽക്കരണം തൊഴിലിനു ഭീഷണിയായി മാർക്സും മഹാത്മാ ഗാന്ധിയും കണ്ടിരുന്നു.


ഉൽപ്പാദനം വർധിപ്പിക്കാനുള്ള മറ്റൊരു മാർഗം ജോലി ചിട്ടപ്പെടുത്തുക എന്നതാണ്. 1890 -ൽ അമേരിക്കക്കാരനായ ഫ്രെഡറിക് വിൻസ്‌ലോ ടെയ്‌ലർ (Frederick Winslow Tayler) 'ശാസ്ത്രീയ

## 5.2

യന്ത്രസംവിധാനത്തെക്കുറിച്ച് ഗാന്ധി, 1924 ൽ ഹിന്ദ്സ്വരാജിൽ എഴുതി: 'എന്തുകൊണ്ട് ഞാൻ യന്ത്രങ്ങളോടുള്ള ഭ്രമത്തെ എതിർക്കുന്നു, യന്ത്രസംവിധാനങ്ങളെ അതേപോലെ എതിർക്കുകയല്ല. ഈ ഭ്രമം അവരുടെ തൊഴിൽ കുറയ്ക്കുന്ന യന്ത്രസംവിധാനത്തോടാണ്. മനുഷ്യർ തൊഴിൽ കുറയ്ക്കുന്ന സംവിധാനവുമായി മുന്നോട്ടു പോകുമ്പോൾ ആയിരക്കണക്കിന് ആളുകൾ തൊഴിൽ രഹിതരാവുന്നു. മരിക്കാനോ പട്ടിണികിടക്കാനോ ആയി തുറന്ന തെരുവിലേക്ക് വലിച്ചെറിയപ്പെടുന്നു. സമയവും തൊഴിലും സംരക്ഷിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. ഒരു ഭാഗം ജനങ്ങൾക്കല്ല, എല്ലാവർക്കും. കേന്ദ്രീകരണം ചുരുക്കം ചിലരുടെ കൈയിലല്ല, എല്ലാവരുടെയും കൈയിലാവണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.'

1934: ' രാഷ്ട്രം എന്ന നിലയിൽ നമ്മൾ നൂൽനൂൽക്കുന്ന ചക്രം സ്വീകരിക്കുമ്പോൾ, തൊഴിലില്ലായ്മ പരിഹരിക്കുക മാത്രമല്ല ഒരു രാഷ്ട്രത്തെയും ചൂഷണം ചെയ്യുക നമ്മുടെ ഉദ്ദേശ്യമല്ല എന്ന് പ്രഖ്യാപിക്കുകയും ധനികർ പാവപ്പെട്ടവരെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കുകയും കൂടിയാണ് നാം ചെയ്തത്.'


യന്ത്രസംവിധാനം തൊഴിലാളികൾക്ക് പ്രശ്നമാവുന്നതിന് ഒരുദാഹരണം നൽകുക. എന്തു പകരസംവിധാനമാണ് ഗാന്ധിജിയുടെ മനസ്സിലുണ്ടായിരുന്നത്? നൂൽനൂൽക്കുന്ന ചക്രം സ്വീകരിച്ചപ്പോൾ എങ്ങനെയാണ് ചൂഷണം തടയാൻ കഴിഞ്ഞത്?



മാനേജ്മെന്റ്' (Scientific Management) എന്ന ഒരു പുതിയ സമ്പ്രദായം ആവിഷ്കരിച്ചു. ടെയ്‌ലറിസം (Taylorism) അല്ലെങ്കിൽ വ്യാവസായിക എൻജിനിയറിങ് എന്ന് ഇത് അറിയപ്പെട്ടു. ഈ സമ്പ്രദായത്തിൽ ഒരു സ്ഥാപനത്തിലെ എല്ലാ ജോലിയും തൊഴിലാളികൾക്കിടയിൽ വിഭജിച്ചുകൊടുക്കുന്നു. സ്റ്റോപ്പ് വാച്ചിന്റെ സഹായത്തോടെ തൊഴിലാളികളുടെ ജോലിസമയം ചിട്ടപ്പെടുത്തുകയും ഓരോ ദിവസവും പൂർത്തീകരിക്കേണ്ട ജോലി നിജപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നു. അസംബ്ലിലൈൻ കൊണ്ടുവന്നതോടെ ഉൽപ്പാദനത്തിന്റെ വേഗം വീണ്ടും കൂടി. ഓരോ തൊഴിലാളിയും ഒരു കൺവെയർ ബെൽറ്റിനു സമീപമിരുന്ന് അന്തിമ ഉൽപ്പന്നതിന്റെ ഒരു ഭാഗം മാത്രം യോജിപ്പിക്കുന്നു. കൺവെയർ ബെൽറ്റിന്റെ വേഗത്തിനനുസരിച്ച് തൊഴിലാളിയുടെ ജോലിയുടെ വേഗവും ക്രമപ്പെടുത്തുന്നു. 1980 ൽ നേരിട്ടുള്ള നിയന്ത്രണമുള്ള ഈ സമ്പ്രദായത്തിൽ നിന്നും പരോക്ഷനിയന്ത്രണമുള്ള സമ്പ്രദായത്തിലേക്കുള്ള ഒരു മാറ്റത്തിന് ശ്രമമുണ്ടായി. അവിടെ തൊഴിലാളികൾ സ്വയം ഉത്തേജിപ്പിക്കപ്പെടുകയും നിരീക്ഷിക്കപ്പെടുകയും ചെയ്യുമെന്ന് പ്രതീക്ഷിച്ചു. എന്നാൽ പലപ്പോഴും നമ്മൾ കണ്ടത് പഴയ ടെയ്‌ലറുടെ പ്രക്രിയ തന്നെ നിലനിൽക്കുന്നതാണ്.

ഇന്ത്യയിലെ പഴയ വ്യവസായങ്ങളിലൊന്നായ തുണിമില്ലിലെ ജോലിക്കാർ, പലപ്പോഴും അവരെ തന്നെ യന്ത്രത്തിന്റെ വിപുലതയായാണ് വിവരിച്ചത്. 1940 മുതൽ കാൺപൂർ ചണമില്ലിൽ പ്രവർത്തിച്ചിരുന്ന നെയ്ത്തുകാരൻ രാംചരൺ പറയുന്നു:

> *നിങ്ങൾക്ക് ഊർജം ആവശ്യമാണ്. കണ്ണ് ചലിക്കുന്നു, കഴുത്ത്, കാലുകൾ, കൈകൾ തുടങ്ങി ഓരോ ഭാഗവും ചലിക്കുന്നു. നെയ്ത്തു നടത്തുന്നത് തുടർച്ചയായ സൂക്ഷ്മനോട്ടത്തിലാണ് - ഒരാൾക്ക് എവിടെയും പോകാൻ കഴിയില്ല, ശ്രദ്ധ മുഴുവൻ യന്ത്രത്തിലായിരിക്കണം. നാലു യന്ത്രങ്ങൾ പ്രവർത്തിക്കുമ്പോൾ എല്ലാം ഒരുമിച്ചു ചലിക്കണം, അവ നിർത്താൻ സാധിക്കില്ല* (Joshi 2003).



വ്യവസായങ്ങൾ യന്ത്രവൽക്കരിക്കപ്പെടുംതോറും അവിടെ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം കുറയുന്നു. എങ്കിലും യന്ത്രത്തിനൊപ്പം തൊഴിലാളികളും പണിയെടുക്കേണ്ടിവരുന്നു. മാരുതി ഉദ്യോഗ് ലിമിറ്റഡ് കമ്പനിയിൽ ഓരോ മിനിറ്റിലും രണ്ടു കാറുകൾ അസംബ്ലിലൈനിലെത്തിക്കൊണ്ടിരിക്കും. ഒരുദിവസത്തിൽ 45 മിനിറ്റ് മാത്രമേ തൊഴിലാളികൾക്ക് വിശ്രമസമയം ലഭിക്കുകയുള്ളൂ. 7.5 മിനിറ്റ് വീതം രണ്ടു നേരം ചായ കുടിക്കാനുള്ള ഇടവേളയും അരമണിക്കൂറുള്ള ഒരു ഉച്ചഭക്ഷണത്തിന്റെ ഇടവേളയും. അവരിൽ മിക്കവരും 40 വയസ്സ് ആവുമ്പോഴേക്കും ക്ഷീണിതരാവുകയും സ്വമേധയാ വിരമിക്കുകയുമാണ് ചെയ്യുന്നത്. ഉൽപ്പാദനം കുത്തനെ വർധിച്ചപ്പോൾ ഫാക്ടറിയിലെ സ്ഥിരംജോലികളുടെ എണ്ണം കുറയ്ക്കുകയാണ് ചെയ്തത്. ശുചീകരണം, സുരക്ഷ, ഭാഗങ്ങളുടെ നിർമ്മാണം തുടങ്ങിയ സേവനങ്ങളെല്ലാം കമ്പനി പുറംപണിക്കാർ വഴിയാണ് നടത്തുന്നത്. യന്ത്രഭാഗം വിതരണം ചെയ്യുന്നവർ ഫാക്ടറിക്കടുത്തു തന്നെ സ്ഥാനമുറപ്പിച്ചിട്ടുള്ളതു കൊണ്ട് ഓരോ രണ്ടു മണിക്കൂറിലും അല്ലെങ്കിൽ കൃത്യ സമയത്ത് തന്നെ ഭാഗങ്ങൾ എത്തിച്ചുകൊടുക്കും. പുറംപണിക്കാർ ചെലവു കുറയ്ക്കാൻ കമ്പനിയെ സഹായിച്ചു. എന്നാൽ തൊഴിലാളികൾക്ക് പിരിമുറുക്കം വർധിച്ചു. കാരണം, ഭാഗങ്ങളുടെ വിതരണം എന്തെങ്കിലും കാരണംകൊണ്ട് മടങ്ങിയാൽ നിശ്ചയിച്ച ഉൽപ്പാദനലക്ഷ്യം പൂർത്തീകരിക്കാൻ താമസം നേരിടും. യന്ത്രഭാഗങ്ങൾ എത്തുമ്പോൾ അവർക്ക് ധൃതിയിൽ ജോലി ചെയ്യേണ്ടി വരും. അവർ ക്ഷീണിതരാവുമെന്നതിൽ ഒട്ടും തർക്കവുമില്ല.

**Box 5.5**

**ഐ.ടി. മേഖലയിലെ സമയാടിമത്തം (Time Slavery in the IT Sector)**

ശരാശരി ജോലിസമയം 10 – 12 മണിക്കൂർ. നിശ്ചിത സമയത്ത് പദ്ധതി പൂർത്തിയായില്ലെങ്കിൽ ഓഫീസിൽ രാത്രി താമസിച്ച് നൈറ്റ് ഔട്ട് എന്നറിയപ്പെടുന്ന ജോലി ചെയ്യേണ്ടിവരുന്നു. ദീർഘസമയ ജോലി, വ്യവസായത്തിന്റെ 'തൊഴിൽ സംസ്കാരത്തിൽ' പ്രധാന ഘടകമാണ്. ഇന്ത്യയിലെയും ഇടപാടുകാരുടെ സ്ഥലത്തും സമയവ്യത്യാസത്താൽ, വൈകുന്നേരങ്ങളിലാണ് കോൺഫറൻസ് കോൾ വരുന്നത്. യു.എസ് ൽ പ്രവൃത്തിദിനം ആരംഭിക്കുന്ന സമയത്താണത്. മറ്റൊന്ന്, പുറംപണിക്കാർപദ്ധതിയുടെ ഘടനക്കകത്തു തന്നെ അധികജോലിയുണ്ടെന്നുള്ളതാണ്. പദ്ധതിയുടെ ചെലവും സമയപരിധിയും സാധാരണയായി കണക്കാക്കുന്നത് ഒരു ദിവസം 8 മണിക്കൂർ എന്ന നിലയ്ക്കാണ്. നിശ്ചിത സമയത്ത് പദ്ധതി പൂർത്തീകരിക്കാൻ എൻജിനീയർമാർ അധിക മണിക്കൂറും അധികദിവസവും നൽകുന്നു. ദീർഘസമയ ജോലി നിയമാനുസൃതമാക്കുന്നതിന് സാധാരണ മാനേജ്മെന്റ് സമ്പ്രദായമാണ് ഫ്ളെക്സി – ടൈം (Flexi time). ഈ തിയറി പ്രകാരം പ്രവൃത്തിസമയം (പരിധിക്കുള്ളിൽ) തൊഴിലാളികൾക്കു തന്നെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. പക്ഷേ ഫലത്തിൽ സമയത്തിനകത്ത് പദ്ധതി പൂർത്തീകരിക്കേണ്ടതുകൊണ്ട് തൊഴിലാളികളുടെ ഭാരം കുറയ്ക്കുന്നില്ല. യഥാർഥ ജോലിസമ്മർദ്ദം ഇല്ലാത്ത സമയത്തും സഹപ്രവർത്തകരുടെ സമ്മർദ്ദം മൂലവും കഠിനമായി ജോലിയെടുക്കുന്നുണ്ടെന്ന് തൊഴിലുടമയെ കാണിക്കുന്നതിന്റെ ഭാഗമായും വളരെ വൈകിയും അവർക്ക് ഓഫീസിൽ തങ്ങേണ്ടി വരുന്നു.

*(Carol Upadhya, Forth coming)*



ഇനി നമുക്ക് സേവനമേഖലയിലേക്കൊന്നു നോക്കാം. സോഫ്റ്റ്‌വെയർ മേഖലയിലെ പ്രൊഫഷനലുകൾ ഇടത്തരക്കാരും അഭ്യസ്തവിദ്യരുമാണ്. അവരുടെ ജോലി സ്വയം പ്രചോദിതവും

ക്രിയാത്മകവുമാണെന്നാണ് കരുതപ്പെടുന്നത്. പക്ഷേ, ബോക്സിൽ നമുക്കു കാണാൻ കഴിയുന്നത് അവരുടെ ജോലിക്കും ടെയ്‌ലറുടെ തൊഴിൽപ്രക്രിയ ബാധകമാണെന്നാണ്.

ഈ പ്രവൃത്തിസമയത്തിന്റെ ഫലമായി, ഐ.ടി. സ്ഥാപനങ്ങളും കോൾ സെന്ററുകളും പ്രവർത്തിക്കുന്ന സ്ഥലങ്ങളായ ബംഗ്ലൂരു, ഹൈദരാബാദ്, ഗുരുഗ്രാം തുടങ്ങിയ നഗരങ്ങളിലെ കടകളും റസ്റ്റോറന്റുകളും അവരുടെ തുറക്കുന്ന സമയങ്ങളിൽ മാറ്റം വരുത്തുകയും വളരെ വൈകിയും തുറന്നിരിക്കുകയും ചെയ്യുന്നു. ഭാര്യയും ഭർത്താവും ജോലിക്കു പോകുന്നുണ്ടെങ്കിൽ കുട്ടികളെ ക്രഷിൽ വിടേണ്ടിവരുന്നു. വ്യവസായവൽക്കരണത്തോടെ തകർന്നുവെന്നു കരുതപ്പെട്ടിരുന്ന കൂട്ടുകുടുംബം, കുട്ടികളെ നോക്കുന്നതിന് മുത്തശ്ശി-മുത്തശ്ശൻമാരെ ഒപ്പം കൂട്ടുന്നതിലൂടെ തിരിച്ചുവന്നതായി കാണാം.

വ്യവസായവൽക്കരണവും സേവനവും ഐ.ടി. പോലുള്ള ജ്ഞാനാധിഷ്ഠിത തൊഴിലുകളിലേക്കുള്ള മാറ്റവും സമൂഹത്തെ കൂടുതൽ വൈദഗ്ധ്യത്തിലേക്ക് നയിച്ചിട്ടുണ്ടോ എന്നത് സമൂഹശാസ്ത്രത്തിലെ ഒരു പ്രധാന സംവാദമാണ്. ഇന്ത്യയിലെ ഐ.ടി. മേഖലയുടെ വളർച്ച വിശദീകരിക്കുന്നതിനു നമ്മൾ പലപ്പോഴും "ജ്ഞാനസമ്പദ്‌വ്യവസ്ഥ" (Knowledge economy) എന്ന പദം ഉപയോഗിക്കാറുണ്ട്. പക്ഷേ, കാലാവസ്ഥ, മണ്ണ്, വിത്തുകൾ എന്നിവയെക്കുറിച്ചുള്ള ധാരണകളെ അടിസ്ഥാനമാക്കി പലതരം വിളകൾ കൃഷിചെയ്യുന്ന കർഷകന്റെ വൈദഗ്ധ്യത്തെ എങ്ങനെയാണ് ഒരു സോഫ്റ്റ്‌വെയർ പ്രൊഫഷണലിന്റെ ജ്ഞാനവുമായി താരതമ്യം ചെയ്യാൻ കഴിയുക? രണ്ടു പേരും വിദഗ്ധരാണ്. പക്ഷേ, വ്യത്യസ്ത രീതിയിലാണ്. യന്ത്രങ്ങളുടെ ഉപയോഗം യഥാർഥത്തിൽ തൊഴിലാളികളുടെ വൈദഗ്ധ്യത്തെ ഇല്ലാതാക്കുകയാണ് ചെയ്യുന്നതെന്ന് പ്രശസ്ത സമൂഹശാസ്ത്രജ്ഞനായ ഹാരി ബ്രേവർമാൻ (Hari Braverman) വാദിക്കുന്നു. ഉദാഹരണത്തിന്, മുമ്പൊക്കെ ആർക്കിടെക്റ്റുകളും എൻജിനീയർമാരുമൊക്കെ പ്ലാൻ തയാറാക്കുന്നതിൽ വിദഗ്ധരായിരുന്നെങ്കിൽ, ഇന്ന് അവർക്ക് വേണ്ടി കൂടുതൽ ജോലിയും ചെയ്യുന്നത് കമ്പ്യൂട്ടറാണ്.

## 5.5. തൊഴിസാഹചര്യങ്ങൾ (Working Conditions)



നമുക്കെല്ലാവർക്കും പണവും വീടും വസ്ത്രവും മറ്റുൽപ്പന്നങ്ങളും വേണം. പക്ഷേ, ഇതെല്ലാം നമ്മളിലെത്തുന്നത് ആരൊക്കെയോ വളരെ മോശമായ സാഹചര്യത്തിൽ പോലും ജോലിചെയ്തിട്ടാണെന്ന് നാം ഓർക്കണം. തൊഴിൽസാഹചര്യങ്ങൾ നിയന്ത്രിക്കുന്നതിനു വേണ്ടി സർക്കാർ ധാരാളം നിയമങ്ങൾ പാസാക്കിയിട്ടുണ്ട്. നമുക്ക് ഖനികളുടെ കാര്യമെടുക്കാം. കൽക്കരിഖനികളിൽ മാത്രമായി 5.5 ലക്ഷത്തോളം തൊഴിലാളികളുണ്ട്. 1952-ലെ ഖനി നിയമ (Mines Act 1952) ത്തിൽ ഒരാൾക്ക് ആഴ്ചയിൽ ജോലി ചെയ്യാവുന്ന പരമാവധി മണിക്കൂറുകളുടെ തോത് സംബന്ധിച്ചും അധിക ജോലിക്ക് അധിക വേതനം നൽകുന്നത് സംബന്ധിച്ചും സുരക്ഷാ ചട്ടങ്ങളെ സംബന്ധിച്ചും പറയുന്നുണ്ട്. ഈ നിയമങ്ങൾ

വലിയ കമ്പനികൾ പാലിച്ചിരുന്നു. പക്ഷേ, ചെറിയ ഖനികളും ക്വാറികളും അത് പാലിച്ചില്ല. കൂടാതെ, ഉപകരാറുകാരും വ്യാപകമായി. പല കരാറുകാരും തൊഴിലാളികളുടെ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിരുന്നില്ല. അതുകൊണ്ട് അപകടമുണ്ടാവുമ്പോൾ എല്ലാ ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിഞ്ഞുമാറാൻ അവർക്കു കഴിഞ്ഞു. ഒരു പ്രദേശത്തെ ഖനനം പൂർത്തിയാക്കിക്കഴിഞ്ഞാൽ, കമ്പനി കുഴികൾ മൂടി പൂർവ സ്ഥിതി കൈവരുത്തണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ, അവരതൊന്നും ചെയ്യാറില്ല.

**Box 5.6**

### 54 തൊഴിലാളികൾ അകപ്പെട്ട 2006 സെപ്തംബർ 7 – ലെ ജാർഖണ്ഡ് ഖനി അപകടം

നഗാഡയിലെ ബാദ്ഡിഹ് കൽക്കരിഖനിയിൽ ഖനി ജോലിക്കാർ കെണിയിൽപ്പെടുകയും തുടർന്ന് വാതകങ്ങളുടെ കുമിഞ്ഞുകൂടൽ കാരണം സ്ഫോടനം ഉണ്ടാവുകയും ചെയ്തു. രാത്രി ഏതാണ്ട് 8 മണിക്ക് മീഥെയ്നും കാർബൺഡയോക്സൈഡും കുമിഞ്ഞുകൂടിയപ്പോഴുണ്ടായ സമ്മർദ്ദം കാരണം നടന്ന സ്ഫോടനം ഭാരത് കുക്കിങ് കോൾ ലിമിറ്റഡ് (BCCL) ന്റെ കൽക്കരിഖനിയെ പിടിച്ചുകുലുക്കി. സ്ഫോടനത്തിന്റെ ശക്തിയിൽ 71-ാം നമ്പർ ചായ്‌വിലുള്ള ഒരു ടൺ ഭാരമുള്ള ട്രോളി പുറത്തേക്കു തെറിച്ചു. നാല് രക്ഷാപ്രവർത്തനസംഘങ്ങൾ രൂപീകരിച്ചു. എന്നാൽ വേണ്ടത്ര ഓക്സിജൻ മാസ്കുകൾ ഇല്ലാത്തതുകൊണ്ട് അപകടം സംഭവിച്ച ഖനിയുടെ ഉള്ളറയിലേക്കു പ്രവേശിക്കാൻ അവർക്ക് കഴിഞ്ഞില്ല.

ഖനിയിൽ അകപ്പെട്ട തൊഴിലാളികൾ മിക്കവരും 20നും 30നും ഇടയിൽ പ്രായമുള്ളവരാണ്.

കുടുംബാംഗങ്ങളും യൂണിയൻ നേതാക്കളും അപകടത്തിന്റെ ഉത്തരവാദികൾ BCCL മാനേജ്മെന്റാണെന്ന് കുറ്റപ്പെടുത്തി. 'ഇത് BCCL ന്റെ അപായകരമായ ഖനികളിൽ ഒന്നാണ്. യാതൊരു സുരക്ഷാസംവിധാനങ്ങളും ഖനിയിൽ മാനേജ്മെന്റ് ഒരുക്കിയിട്ടില്ല. വെള്ളം തെളിക്കാനുള്ള സൗകര്യങ്ങളും, വാതകപരിശോധനായന്ത്രങ്ങളും നിർബന്ധമായും കൽക്കരിഖനികളിൽ ലഭ്യമാക്കേണ്ടതാണ്. പക്ഷേ, അങ്ങനെയുള്ള യാതൊരു സൗകര്യങ്ങളും അവിടെ ഉണ്ടാക്കിയിരുന്നില്ലെന്ന് ഒരു യൂണിയൻ അംഗം പറയുന്നു.

വെള്ളപ്പൊക്കം, അഗ്നിബാധ, മേൽക്കൂരയിടിച്ചിൽ, വാതകച്ചോർച്ച, വായുശുദ്ധീകരണമാർഗങ്ങളുടെ തകരാറുകൾ തുടങ്ങിയവ മൂലം ഭൂഗർഭഖനികളിലെ തൊഴിലാളികൾ വളരെ അപകടകരമായ സാഹചര്യങ്ങളാണ് നേരിടുന്നത്. ശ്വസനപ്രശ്നങ്ങളും ക്ഷയം, സിലിക്കോസിസ് തുടങ്ങിയ രോഗങ്ങളും മിക്ക തൊഴിലാളികളെയും ബാധിക്കുന്നു. ഭൂമിയുടെ മേൽഭാഗത്തുള്ള ഖനികളിൽ ജോലിചെയ്യുന്നവർക്ക് കഠിനമായ ചൂടിലും മഴയിലും ജോലിചെയ്യേണ്ടി വരുന്നു. പാറപൊട്ടിക്കുമ്പോൾ തെറിച്ചുവീഴുന്ന കല്ലുകൾ, ചീളുകൾ തുടങ്ങിയവയിൽനിന്നു മുറിവേൽക്കേണ്ടി വരുന്നു. ഇന്ത്യൻ ഖനികളിലെ അപകടനിരക്ക് മറ്റു രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കൂടുതലാണ്.

പല വ്യവസായങ്ങളിലും തൊഴിലാളികൾ കുടിയേറ്റക്കാരാണ്. തീരപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന മത്സ്യസംസ്കരണ പ്ലാന്റുകളിൽ തമിഴ്നാട്, കർണാടകം, കേരളം എന്നിവിടങ്ങളിൽ നിന്നുള്ള അവിവാഹിതരായ യുവതികളാണ് ജോലിചെയ്യുന്നത്. അവരിൽ പത്തുമുതൽ പന്ത്രണ്ടുവരെ യുവതികൾ ചെറിയ മുറികളിൽ താമസിക്കുന്നു. ഒരു ഷിഫ്റ്റിൽ നിന്ന് അടുത്ത ഷിഫ്റ്റിലേക്ക് മാറി ജോലിചെയ്യുന്നു. വിധേയത്വമുള്ളവരെ പോലെയാണ് അവർ പണിയെടുക്കുന്നത്. പല പുരുഷൻമാരും ഒറ്റയ്ക്കാണ് കുടിയേറ്റം നടത്തുന്നത്. ഒന്നുകിൽ അവർ അവിവാഹിതരോ അല്ലെങ്കിൽ ഗ്രാമങ്ങളിൽ കുടുംബങ്ങളെ വിട്ട് വരുന്നവരോ ആയിരിക്കും.

1992–ൽ സൂററ്റിലെ രണ്ടു ലക്ഷം ഒറിയ കുടിയേറ്റക്കാരിൽ 85% വും അവിവാഹിതരായിരുന്നു. ഈ കുടിയേറ്റക്കാർക്ക് സൗഹൃദങ്ങൾ രൂപീകരിക്കാൻ സാഹചര്യമുണ്ടായിരുന്നില്ല. മറ്റു കുടിയേറ്റക്കാരുമായി മാത്രമേ സമയമോ പണമോ ചെലവഴിക്കാൻ അവസരമുണ്ടായിരുന്നുള്ളൂ. കൂട്ടുകുടുംബത്തെ തടസ്സപ്പെടുത്തുന്ന ഒരു രാഷ്ട്രത്തിൽനിന്ന്, ആഗോളവൽക്കരിക്കപ്പെട്ട ഒരു സമ്പദ്‌വ്യവസ്ഥ ജനങ്ങളെ നയിക്കുന്നത് ഒറ്റപ്പെടലിന്റെയും വികാരങ്ങളെ മുറിപ്പെടുത്തുന്നതിന്റെയും ലോകത്തേക്കാണ്.

## 5.6 ഗാർഹികാടിസ്ഥാനത്തിലുള്ള തൊഴിൽ (Home-based work)


ഗാർഹികാടിസ്ഥാനത്തിലുള്ള തൊഴിൽ, സമ്പദ്‌വ്യവസ്ഥയുടെ ഒരു പ്രധാന ഭാഗമാണ്. കസവു സാരി അല്ലെങ്കിൽ ചിത്രപട്ടാംബരം, പരവതാനികൾ, ബീഡി, ചന്ദനത്തിരികൾ തുടങ്ങിയ ഉൽപ്പന്നങ്ങളുടെ നിർമാണം ഇതിൽ ഉൾപ്പെടുന്നു. ഈ ജോലികൾ പ്രധാനമായും ചെയ്യുന്നത് സ്ത്രീകളും കുട്ടികളുമാണ്. ഏജന്റുമാർ അസംസ്കൃത വസ്തുക്കൾ എത്തിച്ചുകൊടുക്കുകയും പൂർത്തിയായ ഉൽപ്പന്നങ്ങൾ എടുത്തുകൊണ്ട് പോവുകയും ചെയ്യുന്നു. ഗാർഹിക തൊഴിലാളികൾക്ക് ഉൽപ്പന്നങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് പണം നൽകുന്നത്. എത്ര എണ്ണം അവർ ഉണ്ടാക്കുന്നു എന്നതിനനുസരിച്ചാണ് നിരക്ക്.



വ്യത്യസ്ത പേരിലുള്ള ബീഡികൾ


ബീഡിവ്യവസായത്തിലേക്കൊന്നു നോക്കാം. വനമേഖലകളിലെ ഗ്രാമങ്ങളിൽനിന്നാണ് ബീഡി നിർമാണപ്രക്രിയയുടെ തുടക്കം. അവിടെ ഗ്രാമവാസികൾ പുകയിലകൾ പറിച്ച് ശേഖരിച്ച് വനംവകുപ്പിനോ സ്വകാര്യ കരാറുകാരനോ വിൽക്കുന്നു. സ്വകാര്യ കരാറുകാരൻ വീണ്ടും വനംവകുപ്പിനു തന്നെയാണ് വിൽക്കുന്നത്. ഒരു വ്യക്തി ഒരു ദിവസം ശരാശരി 100 കെട്ട് (50 ഇലകൾ വീതമുള്ള) വരെ ശേഖരിക്കും. ഉടമകൾ ഇലകൾ ഗവൺമെന്റിൽനിന്നും ലേലത്തിൽ പിടിച്ചു കരാറുകാർക്ക് നൽകും. കരാറുകാർ ഈ പുകയിലകൾ ബീഡി നിർമിക്കുന്നതിനായി വീടുകളിൽ ഏൽപ്പിക്കും. ഈ ജോലികൾ കൂടുതലും സ്ത്രീകളാണ് ചെയ്യുന്നത്. ആദ്യം ഇലകൾ മുറിച്ചെടുത്ത് പുകയില നിറച്ച് ചുരുട്ടി നൂലു കെട്ടുന്നു. കരാറുകാർ ഇവ വാങ്ങി നിർമാതാക്കൾക്ക് നൽകുകയും അവർ അത് പൊതിഞ്ഞ് അവരുടെ ലേബൽ ഇടുന്നു. നിർമാതാക്കൾ പിന്നീട് വിതരണക്കാർക്ക് വിൽക്കുകയും അവർ പാക്ക് ചെയ്ത ബീഡികൾ മൊത്തക്കച്ചവടക്കാർക്ക് നൽകുകയും അവർ അത് നിങ്ങളുടെ സമീപത്തുള്ള കടകളിൽ എത്തിക്കുകയും ചെയ്യുന്നു.

**5.3**



പുകയില വളർത്തുന്നതും സൂക്ഷിക്കുന്നതുമെങ്ങനെ? അത് എങ്ങനെ ബീഡിത്തൊഴിലാളികൾക്ക് ലഭിക്കുന്നു എന്നും കണ്ടെത്തുക

**പൂർത്തിയാക്കിയ ബീഡിയുടെ വിതരണമൂല്യം**




*Source: Census 2011 (Provisional)*

താഴെ കൊടുത്തിരിക്കുന്ന പൈ ഡയഗ്രമിൽ എങ്ങനെയാണ് പണികഴിഞ്ഞ ബീഡിയുടെ മൂല്യം വിതരണം ചെയ്യുന്നതെന്നു കാണാം. ഏറ്റവും കൂടുതൽ തുക ലഭിക്കുന്നത് നിർമ്മാതാക്കൾക്കാണ്. കാരണം മുദ്രയുടെ പ്രതിച്ഛായ (Brand image) അതിന്റെ സ്വാധീനശക്തി പ്രതിഫലിപ്പിക്കുന്നു.

## 5.7 സമരങ്ങളും യൂണിയനുകളും (Strikes and Unions)

മിക്ക തൊഴിലാളികളും ട്രേഡ് യൂണിയനുകളുടെ ഭാഗമാണ്. ഇന്ത്യയിൽ ട്രേഡ് യൂണിയനുകൾ പ്രാദേശികത, ജാതീയത തുടങ്ങിയ നിരവധി പ്രശ്നങ്ങൾ തരണം ചെയ്യുന്നുണ്ട്. മുംബൈയിലെ മിൽത്തൊഴിലാളിയായ ദത്ത ഇസ്വാൾക്കാർ, എങ്ങനെയാണ് ജാതിയുടെ സ്വാധീനത്തെ മറികടക്കാൻ ശ്രമിച്ചതെന്നും പൂർണമായും വിജയിക്കാനാകാഞ്ഞതെന്നും വിവരിക്കുന്നു:

**Box 5.7**

**ഒരു ബീഡിത്തൊഴിലാളിയുടെ ജീവചരിത്രം (Life history of a bidi worker)**

15 വയസ്സുള്ള മധു സ്കൂൾപഠനം നിർത്തിയതാണ്. 8-ാം ക്ലാസിൽ തോറ്റതിനു ശേഷം അവൾ സ്കൂളിൽ പോകുന്നത് നിർത്തി. തയ്യൽക്കാരനായിരുന്ന അവളുടെ അച്ഛൻ കഴിഞ്ഞ വർഷം മരിച്ചു. അയാൾ ക്ഷയരോഗിയായിരുന്നു. ഇതു കാരണം കുട്ടികളും അമ്മയും ജോലിചെയ്യാൻ നിർബന്ധിതരായി. 17 വയസ്സുള്ള അവളുടെ മൂത്ത സഹോദരൻ പലചരക്കുകടയിലും 14 വയസ്സുള്ള ഇളയ സഹോദരൻ ചോക്ലേറ്റ് പൊതിയുന്ന ജോലിയും ചെയ്യുന്നു. മധുവും അവളുടെ അമ്മയും ബീഡി ചുരുട്ടുന്നു. മധു ബീഡി ചുരുട്ടുന്ന ജോലി വളരെ ചെറിയ പ്രായത്തിൽത്തന്നെ തുടങ്ങിയിരുന്നു. അവളുടെ അമ്മയുടെയും മറ്റു സ്ത്രീകളുടെയും കൂടെ ഇരിക്കാനും അവരുടെ സല്ലാപം കേൾക്കാനും അവസരം ലഭിക്കുന്നതു കൊണ്ട് അവൾ അത് ആസ്വദിച്ചിരുന്നു. ചുരുട്ടിയ ഇലയിലേക്ക് അവൾ പുകയില നിറയ്ക്കുന്നു.

വീട്ടുപണിയേക്കാൾ കൂടുതൽ, ഏതാണ്ട് മുഴുവൻ സമയവും അവൾ ചെലവഴിക്കുന്നത് ഈ പ്രവർത്തനത്തിനാണ്. മണിക്കൂറുകളോളം ഒരേ ഇരുത്തം ആയതുകൊണ്ട് പുറംവേദന അനുഭവപ്പെട്ടിരുന്നു. അവൾക്ക് അവളുടെ പഠനം തുടരണമെന്ന് ആഗ്രഹമുണ്ട്.

*(Bhandari 2005:406)*

*അവർ അവന്റെ (വിഷ്ണു, മോഡേൺ മില്ലിലെ തൊഴിലാളി) കൂടെ ഇരിക്കുകയും പാൻ ചവയ്ക്കുകയും ചെയ്യുമായിരുന്നു. എന്നാൽ അവന്റെ കൈയിൽ നിന്നു വെള്ളം വാങ്ങി കുടിക്കാറില്ല. അവർ അവനോട് മോശമായി പെരുമാറാറില്ല. അവർ അവനുമായി സൗഹൃദം പങ്കിടുന്നു. പക്ഷേ, അവന്റെ വീട്ടിൽ പോവാറില്ല. അവർ കൊണ്ടുവന്ന ഭക്ഷണപാത്രത്തിൽ നിന്ന് ഭക്ഷണം കഴിക്കാറില്ല. മറാത്തി തൊഴിലാളികൾക്ക് ഉത്തരേന്ത്യൻ തൊഴിലാളികളുടെ ജാതിയെ വിലയിരുത്താൻ കഴിയില്ല എന്നത് രസകരമായ കാര്യമാണ്. അതുകൊണ്ട് അവർക്ക് അവരോട് അയിത്തം കാണിക്കാൻ കഴിഞ്ഞിരുന്നില്ല.*

*(Menon and Adarkar 2004 : 113)*

കഠിനമായ പ്രവൃത്തിസാഹചര്യത്തിനെതിരെ ചിലപ്പോൾ തൊഴിലാളികൾ സമരം ചെയ്യാറുണ്ട്. ഒരു സമരത്തിൽ തൊഴിലാളികൾ ജോലിക്ക് പോകാതിരിക്കുന്നു. മാനേജ്മെന്റ് ലോക്കൗട്ട് പ്രഖ്യാപിക്കുകയും കവാടങ്ങൾ അടച്ചിട്ട് തൊഴിലാളികൾ അകത്ത് പ്രവേശിക്കുന്നതു തടയുകയും ചെയ്തു. മാനേജ്മെന്റ് വെളിയിൽനിന്ന് ജോലിക്കാരെ കൊണ്ടുവന്ന് പണിയെടുപ്പിക്കാനും ശ്രമിക്കും. വേതനമില്ലാതെ ജീവിച്ചുപോകാൻ തൊഴിലാളികൾ വളരെ പ്രയാസപ്പെടേണ്ടിവരും.

1982 – ൽ ട്രേഡ് യൂണിയൻ നേതാവ് ഡോ. ദത്താ സാമന്ത് നയിച്ച ബോംബെ ടെക്സ്റ്റയിൽ സമരം ഒന്നു നോക്കാം. അത് ഏതാണ്ട് ഒരു മില്യന്റെ കാൽഭാഗത്തോളം തൊളിലാളികളെയും അവരുടെ കുടുംബത്തെയും ബാധിച്ചു. ഈ സമരം രണ്ടു വർഷത്തോളം നീണ്ടു നിന്നു. മെച്ചപ്പെട്ട വേതനവും സ്വന്തം ട്രേഡ് യൂണിയനുകൾ രൂപീകരിക്കാനുള്ള അവകാശവുമാണ് അവർ ആവശ്യപ്പെട്ടത്. എന്നാൽ ബോംബെ ഇൻഡസ്ട്രിയൽ റിലേഷൻസ് ആക്റ്റ് (BIRA) പ്രകാരം സമരം എന്ന ആശയം തന്നെ വേണ്ടെന്നു വയ്ക്കുന്ന യൂണിയനുകൾക്ക് മാത്രമേ അംഗീകാരം ലഭിക്കുകയുള്ളൂ. കോൺഗ്രസ് നയിക്കുന്ന രാഷ്ട്രീയ മിൽ മസ്ദൂർ സംഘ് (RMMS) മാത്രമായിരുന്നു അംഗീകാരമുള്ള ഏക യൂണിയൻ. അവർ പുറമെനിന്ന് മറ്റു തൊഴിലാളികളെ കൊണ്ടു വന്ന് സമരം പൊളിക്കാൻ സഹായിച്ചു. തൊഴിലാളികളുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ സർക്കാരും തയ്യാറായില്ല. രണ്ടു വർഷം കഴിഞ്ഞപ്പോൾ തൊഴിലാളികൾ സാവധാനം തിരിച്ചു ജോലിക്ക് കയറാൻ തുടങ്ങി. കാരണം അവർ നിരാശരായിരുന്നു. ഏതാണ്ട് ഒരു ലക്ഷം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും അവർ സ്വന്തം ഗ്രാമങ്ങളിലേക്ക് മടങ്ങിപ്പോവുകയോ താൽക്കാലികജോലി എടുക്കുകയോ ചെയ്തു. മറ്റുള്ളവർ യന്ത്രത്തറി മേഖലയിൽ ജോലിക്ക് ചെറിയ പട്ടണങ്ങളായ ബിവന്തി, മലേഗൺ, ഇച്ചാൽക്കറഞ്ചി എന്നിവിടങ്ങളിലേക്ക് നീങ്ങി. മില്ലുടമകൾ പുതിയ യന്ത്രങ്ങൾക്കു മുതൽമുടക്കാനോ നവീകരിക്കാനോ ശ്രമിച്ചില്ല. മില്ലിന്റെ ഭൂമി റിയൽ എസ്റ്റേറ്റുകാർ വഴി വിറ്റഴിച്ച് ആർഭാട അപ്പാർട്ട്മെന്റുകൾ പണികഴിപ്പിക്കാനാണ്, ഇന്ന് അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇത് നയിക്കുന്നത് മുംബൈയുടെ ഭാവി ആര് നിർവചിക്കും എന്ന അങ്കത്തിലേക്കാണ് – തൊഴിലാളികൾ നിർമിക്കുമോ മില്ലുടകളും റിയൽ എസ്റ്റേറ്റ് ഏജന്റുമാരുമോ?

**Box 5.8**

**ജയപ്രകാശ് ബിലാറെ,** മുമ്പത്തെ മിൽത്തൊഴിലാളി, മഹാരാഷ്ട്രയിലെ ജിമി കാംഗാർ യൂണിയന്റെ ജനറൽ സെക്രട്ടറി:

ടെക്സ്റ്റയിൽ തൊളിലാളികൾക്ക് അവരുടെ അടിസ്ഥാനവേതനവും ഡി.എ യും മാത്രം ലഭിക്കുന്നു. മറ്റ് അലവൻസുകളൊന്നുമില്ല. ഞങ്ങൾക്ക് ലഭിച്ചിരുന്നത് 5 ദിവസം കാഷ്വൽ ലീവ് മാത്രം. മറ്റു വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് യാത്രചെയ്യാൻ, ആരോഗ്യ ആനുകൂല്യങ്ങൾ തുടങ്ങിയ അലവൻസുകൾ ലഭിക്കാൻ തുടങ്ങി. കൂടാതെ 10 മുതൽ 12 ദിവസം കാഷ്വൽ ലീവ്. ഇത് ടെക്സ്റ്റൈൽ തൊഴിലാളികളെ പ്രക്ഷുബ്ധരാക്കി.... 1981 ഒക്ടോബർ 22ന് സ്റ്റാൻഡേർഡ് മില്ലിലെ തൊഴിലാളികൾ അവരെ നയിക്കണം എന്നാവശ്യപ്പെടുന്നതിന് ഡോ. ദത്താ സാമന്തിന്റെ വീട്ടിലേക്ക് പ്രയാണം നടത്തി. ആദ്യം സാമന്ത് ടെക്സ്റ്റൈൽ വ്യവസായത്തെക്കുറിച്ച് വേണ്ടുവോളം തനിക്കറിയില്ലെന്നും അത് BIRA യുടെ നിയന്ത്രണത്തിലാണെന്നും പറഞ്ഞുകൊണ്ട് നിരാകരിക്കാൻ ശ്രമിച്ചു. ഈ അവസ്ഥയിൽ തൊഴിലാളികൾ നിരാശരായി. അവർ അദ്ദേഹത്തിന്റെ വീടിന്റെ പുറത്ത് രാത്രിമുഴുവൻ ഉറക്കമിളച്ച് ഇരുന്നു. അവസാനം അദ്ദേഹത്തിന് അനുകമ്പ തോന്നി.

**ലക്ഷ്മി ബട്കർ,** സമരത്തിലെ പങ്കാളി: ഞാൻ സമരത്തെ പിന്തുണച്ചു. ഞങ്ങൾ എല്ലാ ദിവസവും കവാടത്തിന്റെ പുറത്തിരുന്ന് എന്താണ് ചെയ്യേണ്ടതെന്ന് ചർച്ചചെയ്തു. ഞങ്ങൾ യോഗത്തിന് പോവുകയും സമയാസമയങ്ങളിൽ സംഘടിപ്പിക്കുകയും ചെയ്തു. യോഗം എപ്പോഴും വലിയ കാര്യങ്ങളാണ് ചെയ്യുക. ഞങ്ങൾക്ക് ആരെയും കവർച്ച ചെയ്യുകയോ വേദനിപ്പിക്കുകയോ വേണ്ട. പലപ്പോഴും എന്നോട് സംസാരിക്കാൻ ആവശ്യപ്പെട്ടു. എന്നാൽ എനിക്ക് സംസാരിക്കാൻ കഴിയാറില്ലായിരുന്നു. എന്റെ കാൽ വല്ലാതെ ഇടറുമായിരുന്നു. കൂടാതെ എന്റെ കുട്ടികളെക്കുറിച്ച് ഞാൻ ഭയപ്പെട്ടിരുന്നു. അവരെന്തായിരിക്കും പറയുക? അവർ ചിന്തിച്ചിട്ടുണ്ടാവും – വീട്ടിൽ ഞങ്ങൾ പട്ടിണിയിലാവുമ്പോൾ അവളുടെ മുഖം പത്രങ്ങളിൽ അച്ചടിച്ചു വരുന്നു. ഒരിക്കൽ സെഞ്ച്വറി മില്ലിന്റെ ഷോറൂമിൽ ഒരു യോഗമുണ്ടായി. ഞങ്ങളെ അറസ്റ്റ് ചെയ്തു ബോറിവാലിയിലേക്കു കൊണ്ടുവന്നു. ഞാനെന്റെ

കുട്ടികളെക്കുറിച്ച് ചിന്തിക്കുമായിരുന്നു. എനിക്ക് ഭക്ഷണം കഴിക്കാൻ കഴിയില്ലായിരുന്നു. ഞാൻ സ്വയം ചിന്തിക്കുമായിരുന്നു. ഞങ്ങൾ കുറ്റവാളികളല്ല, ഞങ്ങൾ മിൽത്തൊഴിലാളികളാണ്. ഞങ്ങളുടെ ചോരയായ വേതനത്തിനു വേണ്ടി പോരാടുകയാണ്.

**കിസാൻ സലുൻകെ,** മുമ്പത്തെ മിൽത്തൊഴിലാളി, സ്പ്രിങ് മിൽസ്: സമരം തുടങ്ങി കഷ്ടിച്ച് ഒന്നരമാസത്തേക്ക് മാത്രം RMMS സെഞ്ച്വറിമിൽ തുറന്നിരുന്നു. അവർക്കിങ്ങനെ ചെയ്യാൻ സാധിച്ചതിനു കാരണം രാഷ്ട്രത്തിന്റെയും സർക്കാരിന്റെയും പിൻബലമുണ്ടായതുകൊണ്ടാണു. അവർ പുറത്തുള്ളവരെ മില്ലിലേക്ക് കൊണ്ടുവരുകയും പുറത്തു പോവാൻ അനുവദിക്കാതെ അകത്തു തന്നെ നിർത്തുകയും ചെയ്തു. അനന്തറാവു ബോൻസ്‌ലെ (മഹാരാഷ്ട്ര മുഖ്യമന്ത്രി) ഒരു 30 രൂപയുടെ വർധന വാഗ്ദാനം ചെയ്തു. ദത്താ സാമന്ത് ഇത് ചർച്ചചെയ്യാൻ ഒരു യോഗം വിളിച്ചു. എല്ലാ സമരക്കാരും അവിടെ ഉണ്ടായിരുന്നു. ഞങ്ങൾ പറഞ്ഞു, 'വേണ്ട ഞങ്ങൾക്കിത് വേണ്ട. ഞങ്ങൾക്ക് മാന്യത ലഭിക്കുന്നില്ലെങ്കിൽ , സമരനേതാക്കളുമായി ചർച്ചയില്ലെങ്കിൽ, അപമാനിതരാകാതെ ഞങ്ങൾക്ക് ജോലിയിലേക്ക് തിരിച്ചുപോവാൻ കഴിയില്ലായിരുന്നു.'

**ദത്താ ഇസ്‌വാൽക്കർ**, മിൽ ചാവൽസ് ടെനന്റ്സ് അസോസിഷന്റെ പ്രസിഡന്റ്: ബാബു റഷിം, മൊനായിക്, അരുൺ ഗവ്‌ലി എന്നിവരെ പോലെയുള്ള ഗുണ്ടകളെ സമരം പരാജയപ്പെടുത്തിനു വേണ്ടി ജയിലിൽനിന്നു കോൺഗ്രസ് പുറത്തു കൊണ്ടുവന്നു. അവർ തൊഴിലാളികളെ ഭീഷണിപ്പെടുത്താൻ തുടങ്ങി. സമരം പൊളിക്കാൻ വന്നവരെ പരാജയപ്പെടുത്തുകയല്ലാതെ മറ്റൊരു മാർഗം ഞങ്ങൾക്കില്ലായിരുന്നു. ഞങ്ങൾക്ക് ഇത് ജീവിതത്തിന്റെയും മരണത്തിന്റെയും വിഷയമാണ്.

**ബായ് ബോൺസലെ,** 1982 സമരകാലത്ത് RMMS ന്റെ ജനറൽ സെക്രട്ടറി: 3 മാസത്തെ സമരത്തിനു ശേഷം ഞങ്ങൾക്ക് മില്ലിൽ തൊഴിൽ ചെയ്യാൻ ജനങ്ങളെ ലഭിക്കാൻ തുടങ്ങി. ഞങ്ങളുടെ ഉദ്ദേശ്യം, ജനങ്ങൾ ജോലിക്ക് തയ്യാറാണെങ്കിൽ അവരെ അനുവദിക്കുക എന്നതായിരുന്നു. ഇത് യഥാർഥത്തിൽ അവർക്ക് സഹായകമായി..... മാഫിയകൾ ഉൾപ്പെട്ടാൽ, ഞാനതിന് ഉത്തരവാദിയാവും. ഈ ദത്താസാമന്തിന്റെ ആൾക്കാർ സൗകര്യപ്രദമായ സ്ഥലങ്ങളിൽ തങ്ങി ജോലിക്കു പോകുന്നവരെ കള്ളം പറഞ്ഞ് കബളിപ്പിക്കുന്നു. ഞങ്ങൾ അതിന് എതിരായ ഗ്രൂപ്പുകൾ മറ്റ് സ്ഥലങ്ങളിലുണ്ടാക്കി. സ്വാഭാവികമായും അവിടെ ചില കൂട്ടിമുട്ടലുകളും, രക്ത ചൊരിച്ചിലുകളും....... രാം നായിക് മരിച്ചപ്പോൾ, ബുജ്ബായ് പിന്നീട് മേജറായി, ആദരവ് ലഭിക്കത്തക്ക രീതിയിൽ ഔദ്യോഗിക കാറിൽ വന്നു. രാഷ്ട്രീയത്തിൽ പല ആളുകളും ഒരു സമയത്തല്ലെങ്കിൽ മറ്റൊരു സമയത്ത് ഈ ശേഷി ഉപയോഗിച്ചിട്ടുണ്ട്.

**കിസാൻ സാലുങ്കെ, (മുമ്പത്തെ മിൽത്തൊഴിലാളി:)** അത് വളരെ പ്രയാസമുള്ള സമയമായിരുന്നു. ഞങ്ങളുടെ എല്ലാ പാത്രങ്ങളും വിറ്റു. ഞങ്ങൾക്ക് കലങ്ങളുമായി മാർക്കറ്റിൽ പോകാൻ ലജ്ജയായതുകൊണ്ട് ചാക്ക് ബാഗ് കൊണ്ട് പൊതിഞ്ഞാണ് വിൽക്കാൻ കൊണ്ടുപോയിരുന്നത്. എനിക്ക് ഒന്നും തന്നെ കഴിക്കാനില്ലാത്ത ദിവസങ്ങളുണ്ടായിരുന്നു. വെള്ളം മാത്രം ലഭിച്ചു. ഞങ്ങൾ ഈർച്ചപ്പൊടി കൊണ്ടുവന്ന് ഇന്ധനമായി കത്തിക്കുമായിരുന്നു. എനിക്ക് മൂന്ന് ആൺകുട്ടികളാണ്. ചിലപ്പോൾ കുട്ടികൾക്ക് കുടിക്കാൻ പാൽ ഇല്ലാതിരിക്കുമ്പോൾ, അവരുടെ **വിശപ്പു കണ്ട് എനിക്ക് സഹിക്കാൻ കഴിയാറില്ലായിരുന്നു. ഞാൻ എന്റെ കുടയുമെടുത്ത് വീടിന്റെ പുറത്തേക്ക് പോകുമായിരുന്നു.**

**സിന്ധു മർഹാനെ, (മുമ്പത്തെ മിൽത്തൊഴിലാളി)**, RMMS ഉം ഗുണ്ടകളും എന്നെത്തേടി വന്നിരുന്നു. ജോലിയിൽ തിരികെ വരാൻ നിർബന്ധിക്കുകയും ചെയ്തിരുന്നു. പക്ഷേ, ഞാൻ പോവാൻ വിസമ്മതിച്ചു. മില്ലിൽ താമസിച്ച് ജോലിചെയ്യാൻ പോയ സ്ത്രീകൾക്ക് എന്തു സംഭവിച്ചു എന്നതിനെക്കുറിച്ച് അവിടങ്ങളിൽ ചില ഊഹാപോഹങ്ങളും പരന്നു. ബലാൽസംഗം പോലുള്ള സംഭവങ്ങളും അവിടെ നടന്നു.

**ബോക്സ് 5.8 നുള്ള പഠനപ്രവർത്തനം**

1982 ലെ സമരത്തിന്റെ കണക്കുകൾ വായിച്ചതിനു ശേഷം താഴെ കൊടുത്ത ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.


1. 1982 ലെ തുണിമിൽ സമരം പങ്കെടുത്തവരുടെ വ്യത്യസ്ത പരിപ്രേക്ഷ്യത്തിൽനിന്നും വിവരിക്കുക.
2. എന്തുകൊണ്ടാണ് തൊഴിലാളികൾ സമരത്തിലേക്കു പോയത്?
3. എങ്ങനെയാണ് ദത്താ സാമന്ത് സമരത്തിന്റെ നായകത്വം ഏറ്റെടുത്തത്?
4. സമരം പൊളിക്കാൻ വന്നവരുടെ പങ്ക് എന്തെല്ലാമായിരുന്നു?
5. എങ്ങനെയാണ് മാഫിയക്ക് ഈ പ്രദേശത്ത് കാലുറപ്പിക്കാനവസരം ലഭിച്ചത്?
6. എങ്ങനെയാണ് സ്ത്രീകളെ ബാധിച്ചത്? എന്തെല്ലാമായിരുന്നു സമരഘട്ടത്തിൽ അവരുടെ ആശങ്കകൾ?
7. എങ്ങനെയാണ് തൊഴിലാളികളും കുടുംബവും സമരകാലം അതിജീവിച്ചത്?



1. നിങ്ങളുടെ ചുറ്റും കാണുന്ന ഏതെങ്കിലും തൊഴിൽ തിരഞ്ഞെടുക്കുക. താഴെ പറയുന്ന സൂചകങ്ങളോടുകൂടി വിശദീകരിക്കുക.
   a) തൊഴിൽശക്തിയുടെ സാമൂഹികസംയോജനം - ജാതി, ലിംഗഭേദം, വയസ്സ്, പ്രദേശം
   b) തൊഴിൽപ്രക്രിയ - എങ്ങനെയാണ് തൊഴിൽ ചെയ്യപ്പെട്ടിരുന്നത്?
   c) വേതനവും മറ്റ് ആനുകൂല്യങ്ങളും
   d) തൊഴിൽസാഹചര്യങ്ങൾ - സുരക്ഷ, വിശ്രമസമയം, ജോലിസമയം തുടങ്ങിയവ.

അല്ലെങ്കിൽ

2. ചുടുകട്ടനിർമാണം, ബീഡിചുരുട്ടൽ, സോഫ്റ്റ്‌വെയർ എൻജിനീയർ അല്ലെങ്കിൽ ഖനനം എന്നിവ ബോക്സുകളിൽ വിവരിച്ചതനുസരിച്ച്, തൊഴിലാളികളുടെ സാമൂഹിക സംയോജനം വിവരിക്കുക. അവിടത്തെ തൊഴിൽ സാഹചര്യങ്ങളും ലഭിച്ചിരുന്ന സൗകര്യങ്ങൾ എന്തെല്ലാം? മധുവിനെപ്പോലെയുള്ള പെൺകുട്ടികൾ എങ്ങനെയാണ് തൊഴിലിന്റെ അനുഭവങ്ങൾ നേരിടുന്നത്?
3. എങ്ങനെയാണ് ഉദാരവൽക്കരണം ഇന്ത്യയിലെ തൊഴിൽരീതികളെ ബാധിച്ചത്?



## REFERENCES

Anant, T.C.A. 2005. 'Labour Market Reforms in India: A Review'. In Bibek Debroy and P.D. Kaushik Eds. *Reforming the Labour Market*. pp. 235-252. Academic Foundation. New Delhi.

Bhandari, Laveesh. 'Economic Efficiency of Sub-contracted Home-based Work'. In Bibek Debroy and P.D. Kaushik Eds. *Reforming the Labour Market*. pp. 397-417. Academic Foundation. New Delhi.

Breman, Jan. 2004. The Making and Unmaking of an Industrial Working Class. Oxford University Press. New Delhi.

Breman, Jan. 1999. 'The Study of Industrial Labour in post-colonial India – The Formal Sector: An Introductory review'. *Contributions to Indian Sociology*. Vol 33 (1&2), January-August 1999. pp. 1-42.

Breman, Jan. 1999. 'The Study of Industrial Labour in post-colonial India – The Informal Sector: A concluding review'. *Contributions to Indian Sociology*. Vol 33 (1&2), January-August 1999. pp. 407-431.

Breman, Jan and Arvind, N. Das. 2000. *Down and Out: Labouring Under Global Capitalism*. Oxford University Press. Delhi.

Datar, Chhaya. 1990. 'Bidi Workers in Nipani'. In Illina Sen. *A Space within the Struggle*. pp. 160-181. Kali for Women. New Delhi.

Gandhi, M.K. 1909. *Hind Swaraj and other writings*. Edited by Anthony J. Parel. Cambridge University Press. Cambridge.

George, Ajitha Susan. 2003. *Laws Related to Mining in Jharkhand*. Report for UNDP.

Holmstrom, Mark. 1984. *Industry and Inequality: The Social Anthropology of Indian Labour*. Cambridge University Press. Cambridge.

Joshi, Chitra. 2003. *Lost Worlds: Indian Labour and its Forgotten Histories Delhi*. Permanent Black. New Delhi.

Kerr, Clark et al. 1973. Industrialism and Industrial Man. Penguin. Harmondsworth.

Kumar, K. 1973. Prophecy and Progress. Allen Lane. London.


Menon, Meena and Neera, Adarkar. 2004. *One Hundred Years, One Hundred Voices: the Millworkers of Girangaon: An Oral History*. Seagull Press. Kolkata.

PUDR. 2001. *Hard Drive: Working Conditions and Workers Struggles at Maruti*. PUDR. Delhi.

Roy, Tirthankar. 2001. 'Outline of a History of Labour in Traditional Small-scale Industry in India'. *NLI Research Studies Series*. No 015/2001. V.V. Giri National Labour Institute. Noida.

Upadhya, Carol. forthcoming. *Culture Incorporated: Control over Work and Workers in the Indian Software Outsourcing Industry*.

# 6 ആഗോളവൽക്കരണവും സാമൂഹികമാറ്റവും
# Globalisation and Social Change



F8U6Y5

ആഗോളവൽക്കരണം പരാമർശിക്കാതെ 21-ാം നൂറ്റാണ്ടിലെ സാമൂഹികമാറ്റങ്ങളെ കുറിച്ചുള്ള ചർച്ചതന്നെ അസാധ്യമാണ്. സാമൂഹികമാറ്റവും വികസനവും എന്ന ഈ പുസ്തകത്തിൽ ആഗോളവൽക്കരണം, ഉദാരവൽക്കരണം തുടങ്ങിയ പദങ്ങൾ നേരത്തേയുള്ള അധ്യായങ്ങളിൽ പ്രതിപാദിച്ചത് സ്വാഭാവികമാണ്. നാലാം അധ്യായത്തിൽ ആഗോളവൽക്കരണത്തെയും ഉദാരവൽക്കരണത്തെയും ഗ്രാമസമൂഹത്തെയും കുറിച്ച് പഠിച്ചത് ഓർക്കുക. അഞ്ചാം അധ്യായത്തിൽ ഉദാരവൽക്കരണത്തെക്കുറിച്ചുള്ള സർക്കാർ നയങ്ങളും ഇന്ത്യൻ വ്യവസായത്തിൽ അതിന്റെ സ്വാധീനവും പ്രതിപാദിച്ചിരിക്കുന്നത് വായിക്കുക. അധ്യായം 3-ൽ *വിഷൻ മുംബൈ (Vision Mumbai)* യും ആഗോളനഗരങ്ങളുടെ പുതിയ കാഴ്ചപ്പാടുകളും ചർച്ചചെയ്തപ്പോഴും ഈ പദങ്ങൾ ഉയർന്നുവന്നിരുന്നു. പാഠപുസ്തകങ്ങൾക്കപ്പുറം വർത്തമാനപത്രങ്ങളിലും ടെലിവിഷൻ പരിപാടികളിലും ദൈനംദിനസംഭാഷണങ്ങളിലും ഇവ കടന്നുവന്നിരിക്കാം.



# Diabetic population highest in India: Atlas

**China follows right behind with 39.8 million diabetics**

Ramya Kannan

- India will top list even in 2025: projections
- China ahead of India in pre-diabetic stage

CHENNAI: If anything, the International Diabetes Federation's (IDF) Diabetes Atlas released early December in South Africa, only confirms what we already know: India has the largest number of people living with diabetes.

It is in the pre-diabetic phase, Impaired Glucose Tolerance, that China overtakes India, both in the prevalence and projections.

The Atlas, third in a series that began in 200[illegible], begins with the preamble: "W[illegible] the forces of globalisation and industrialisation proceeding at an increa[illegible] the prevalence of diabetes is predicted to increase dramatically [illegible] the next few decades. T[illegible] sulting burden of com[illegible] tions and pre[illegible] mortality will contin[illegible] present itself as a majo[illegible] growing public health [illegible] lem for most countries."

The IDF has worked [illegible] Atlas, hoping to create [illegible] pact on the public healt[illegible] icy of various govern[illegible] across the world, ad[illegible]


them to factor diabetes into their plans, according to A. Ramachandran, Director, Diabetes Research Centre and M.V. Hospital for Diabetes, Chennai.

Dr. Ramachandran, who also served on the Atlas Committee where his research has been extensively quoted, says, "we need to push the cause of fighting diabetes with governments. We believe that politicians are convinced by numbers and the [illegible]

some distance between itself and India. China will have 59.3 million diabetics in 2025, the Atlas says.

However, the Atlas throws up figures that put China ahead of India in the pre-diabetic stage defined as Impaired Glucose Tolerance (IGT), again associated with insulin resistance.

In fact, China is currently way ahead of the rest of the world, with 64.3 million people with IGT, and will continue to be in 2025, according to the Atlas, with 79.1 million IGTs. India follows with a current prevalence of 35.9 million persons and a projected total of 56.2 million people in 2025.



6.1


ദിനപത്രങ്ങളിൽ ആഗോളവൽക്കരണം എന്ന പദം എങ്ങനെയാണ് ഉപയോഗിച്ചത് എന്നു കുറിക്കുക. നിങ്ങളുടെ കുറിപ്പ് മറ്റുള്ളവരുടേതുമായി താരതമ്യം ചെയ്യുക.

ആഗോളവൽക്കരണം, ആഗോളം തുടങ്ങിയ പദങ്ങൾ വ്യത്യസ്ത ടെലിവിഷൻ പരിപാടികളിൽ എങ്ങനെയാണ് പ്രതിപാദിക്കുന്നതെന്ന് ശ്രദ്ധിക്കുക. രാഷ്ട്രീയ - സാമ്പത്തിക - സാംസ്കാരിക വിഷയങ്ങളിൻമേലുള്ള ചർച്ചകളെയും വാർത്തകളെയും നിങ്ങൾക്ക് പരിഗണിക്കാം.



# The Big Global Movement Against WTO

[illegible]xth Ministerial Conference (MC6) of World Trade Organisation (WTO) go the Seattle and [illegible]ay? The clarion call to 'Derail the Hong Kong Ministerial' scheduled from 13-18 December [illegible]een reverberating from all corners of the world.



# Ghaziabad– global city

പ്രവർത്തനം ഒന്ന് ഈ പദം എങ്ങനെയെല്ലാം ഉപയോഗിക്കുന്നുവെന്ന് മനസ്സിലാക്കാൻ നിങ്ങളെ സഹായിച്ചേക്കാം. പക്ഷെ, ഇപ്പോഴും ഈ പദം യഥാർഥത്തിൽ എന്താണ് അർഥമാക്കുന്നത് എന്ന് വ്യക്തമാകേണ്ടിയിരിക്കുന്നു. ഈ അധ്യായത്തിൽ ആഗോളവൽക്കരണത്തിന്റെ അർത്ഥവും വ്യത്യസ്ത മാനങ്ങളും അവയുടെ സാമൂഹിക പ്രത്യാഘാതങ്ങളുമാണ് നമ്മൾ മനസ്സിലാക്കാൻ ശ്രമിക്കുന്നത്.

ആഗോളവൽക്കരണത്തിന് ഒരേയൊരു നിർവചനമാണുള്ളതെന്നും ഒരു രീതിയിൽ മാത്രം മനസ്സിലാക്കുന്നതെന്നും ഇതുകൊണ്ട് അർത്ഥമാക്കുന്നില്ല. വ്യത്യസ്ത വിഷയങ്ങൾ ആഗോള വൽക്കരണത്തിന്റെ വ്യത്യസ്ത വശങ്ങൾക്കാണ് ഊന്നൽനൽകുന്നത് എന്നു നിങ്ങൾക്ക് കണ്ടെത്താൻ കഴിയും. സാമ്പത്തികശാസ്ത്രം ആഗോളവൽക്കരണത്തിന്റെ മൂലധന പ്രവാഹം പോലുള്ള സാമ്പത്തികമാനങ്ങളാണ് കൈകാര്യം ചെയ്യുന്നത്. രാഷ്ട്രമീമാംസ ഊന്നൽ കൊടുക്കുന്നത് സർക്കാരിന്റെ മാറിക്കൊണ്ടിരിക്കുന്ന പങ്കിലാണ്. ആഗോളവൽക്കരണം ദൂരവ്യാപകമായതിനാൽ അതിന്റെ കാരണങ്ങളും പരിണതഫലങ്ങളും തിരിച്ചറിയുന്നതിന് വ്യത്യസ്ത വിഷയങ്ങൾ പരസ്പരം ആശ്രയിക്കുന്നു. സാമൂഹശാസ്ത്രം എങ്ങനെയാണ് ആഗോളവൽക്കരണത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്നത് എന്നു നമ്മൾക്ക് നോക്കാം.

സമൂഹശാസ്ത്ര പരിപ്രേക്ഷ്യത്തിന്റെ തനതായ സ്വഭാവവും സമൂഹശാസ്ത്ര സാധ്യതകളും സംബന്ധിച്ച് നേരത്തേ നടത്തിയ ചർച്ചകൾ നമുക്ക് ഓർത്തെടുക്കാം. ആഗോളവൽക്കരണം മനസ്സിലാക്കുന്നതിന് സമൂഹശാസ്ത്ര പരിപ്രേക്ഷ്യത്തിന്റെ പ്രാധാന്യം അറിയേണ്ടതുണ്ട്. അതിന് നമുക്ക് അൽപ്പം പിറകോട്ടു പോകാം.

> സമൂഹശാസ്ത്രത്തിന്റെ സാധ്യത വളരെ വിശാലമാണ്. കടയുടമയും ഉപഭോക്താവും അധ്യാപകനും വിദ്യാർഥിയും, സുഹൃത്തുക്കൾ, കുടുംബത്തിലെ അംഗങ്ങൾ എന്നിവർ തമ്മിലുമുള്ള പാരസ്പര്യത്തിന്റെ വിശകലനത്തിന് ഇവിടെ ഊന്നൽ നൽകുന്നു. കൂടാതെ ദേശീയ പ്രശ്നങ്ങളായ തൊഴിലില്ലായ്മ, ജാതി സംഘർഷം, ഗ്രാമബാധ്യതകൾ, ഗോത്രജനതയുടെ കാടിൻമേലുള്ള അവകാശത്തിൽ രാഷ്ട്രനയങ്ങളുടെ സ്വാധീനം തുടങ്ങിയവയിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ താൽപര്യപ്പെടുന്നു. രാജ്യത്തെ വിദ്യാഭ്യാസ മേഖലയിൽ വിദേശ സർവ്വകലാശാലകളുടെ പ്രവേശനം, പുതിയ അയഞ്ഞ തൊഴിൽ നിയന്ത്രണങ്ങളിലൂടെ തൊഴിലാളിവർഗത്തിൻമേലുള്ള സ്വാധീനം അല്ലെങ്കിൽ യുവാക്കളിൽ ഇലക്ട്രോണിക് മാധ്യമങ്ങളുടെ സ്വാധീനം തുടങ്ങിയ ആഗോള സാമൂഹികപ്രക്രിയകൾ പരിശോധിക്കുന്നു. അതുകൊണ്ട് സമൂഹശാസ്ത്രം എന്ന വിഷയത്തെ നിർവചിക്കുന്നത് എന്തു പഠിക്കുന്നു എന്നതിൽ മാത്രമല്ല (ie. കുടുംബം, വാണിജ്യസംഘടന, ഗ്രാമം തുടങ്ങിയവ), തിരഞ്ഞെടുത്ത മേഖലയെ എങ്ങനെ പഠിക്കുന്നു എന്നതിലുമാണ്. (NCERT Book 1, Class XI, 2005)

മുകളിലത്തെ ഖണ്ഡിക നിങ്ങൾ ശ്രദ്ധാപൂർവം വായിച്ചല്ലോ. സമൂഹശാസ്ത്രത്തെ എന്തു പഠിച്ചു എന്നതിലല്ല, എങ്ങനെ പഠിച്ചു എന്ന അടിസ്ഥാനത്തിലാണ് നിർവചിക്കുന്നത്. സമൂഹശാസ്ത്രം ആഗോളവൽക്കരണത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ പരിണതഫലങ്ങൾ മാത്രമാണ് പഠിക്കുന്നത് എന്നു പറയുന്നത് പൂർണമായും ശരിയല്ല. 'സമൂഹശാസ്ത്രപരമായ സങ്കൽപ്പം' ഉപയോഗിച്ച് വ്യക്തിയും സമൂഹവും, സൂക്ഷ്മവും സ്ഥൂലവും, പ്രാദേശികവും ആഗോളവും തമ്മിലുള്ള ബന്ധത്തിന് അർത്ഥം കണ്ടെത്തുന്നു. ആഗോളവൽക്കരണം ഉൾനാടൻ ഗ്രാമങ്ങളിലെ കർഷകരെ എങ്ങനെ ബാധിച്ചു? അവർ ആഗോളമാറ്റങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? മധ്യവർഗത്തിന്റെ തൊഴിൽസാധ്യതകളെ അത് എങ്ങനെ ബാധിച്ചു? ഇന്ത്യയിലെ വലിയ കമ്പനികൾ ബഹുരാഷ്ട്രകമ്പനികളായി മാറുന്നതിന് ഇത് ഏതു തരത്തിൽ സ്വാധീനിച്ചു? വലിയ ബഹുരാഷ്ട്രകമ്പനികൾക്ക് മൊത്തവ്യാപാര മേഖല തുറന്നുകൊടുക്കുന്നതിനെ സമീപവാസികളായ പലചരക്കു കച്ചവടക്കാർ എങ്ങനെയാണ് മനസിലാക്കുന്നത്? എന്തുകൊണ്ടാണ് ഇന്ന് നമ്മുടെ നഗരങ്ങളിലും പട്ടണങ്ങളിലും ഇത്രയധികം ഷോപ്പിങ് മാളുകളുള്ളത്? യുവാക്കളുടെ ഒഴിവുസമയം ചെലവഴിക്കുന്ന രീതിയിൽ അത് എങ്ങനെ മാറ്റങ്ങൾ ഉണ്ടാക്കി? ഇതെല്ലാം ആഗോളവൽക്കരണം കൊണ്ടുവന്ന, വിശാലതലത്തിലും വ്യത്യസ്ത തരത്തിലും ഉണ്ടാക്കിയ മാറ്റങ്ങൾക്ക് ചില ഉദാഹരണങ്ങൾ മാത്രമാണ്. ആഗോളവികസനങ്ങൾ ജനങ്ങളുടെ ജീവിതത്തെ ബാധിച്ച മറ്റു സന്ദർഭങ്ങളും നിങ്ങൾക്ക് കാണാൻ സാധിക്കും. മാത്രമല്ല, സമൂഹത്തെക്കുറിച്ചു പഠിക്കുന്ന സമൂഹശാസ്ത്രരീതിയെ ഇതെങ്ങനെ ബാധിക്കുന്നുവെന്നും അത് പഠനവിധേയമാക്കുന്നു.

പല സാധനങ്ങളുടെയും ഇറക്കുമതിക്കു മേലുള്ള നിയന്ത്രണങ്ങൾ നീക്കം ചെയ്തുകൊണ്ട് വിപണി തുറന്നിട്ടപ്പോൾ ലോകത്തിലെ വിവിധ കോണുകളിൽനിന്നുള്ള ഉൽപ്പന്നങ്ങൾ നമുക്ക് സമീപത്തുള്ള കടകളിൽ പോലും ലഭ്യമായിത്തുടങ്ങി. 2001 ഏപ്രിൽ 1 മുതൽ ഇറക്കുമതിയിലുള്ള എല്ലാ തരത്തിലുള്ള പരിമാണാത്മക നിയന്ത്രണങ്ങളും (Quantitative Restictions - QR) സർക്കാർ പിൻവലിച്ചു. പ്രദേശിക പഴക്കടകളിൽ  പോലും ചൈനീസ് സബർജൻപഴങ്ങളും ഓസ്ട്രേലിയൻ ആപ്പിളും ശ്രദ്ധപിടിച്ചുപറ്റാൻ മത്സരിക്കുന്നത് അദ്ഭുതമല്ലാതായി മാറിയിരിക്കുന്നു. ആസ്ട്രേലിയൻ ഓറഞ്ച് ജ്യൂസും വറുത്തെടുക്കാൻ പാകത്തിലുള്ള പാകംചെയ്ത ചിപ്സും സമീപത്തുള്ള കടകളിൽ കിട്ടിത്തുടങ്ങി. സുഹൃത്തുക്കളുടെയും കുടുംബത്തിന്റെയും കൂടെ എന്തു കഴിക്കണം, എന്തു കുടിക്കണമെന്നതിലും സാവധാനം മാറ്റം വന്നു. ആഗോളവൽക്കരണം ഉപഭോക്താക്കളെയും ഉൽപ്പാദകരെയും വ്യത്യസ്തമായാണ് ബാധിക്കുന്നത്. നഗരത്തിലെ സമ്പന്നരായ വ്യക്തികൾക്ക് ഇഷ്ടപ്രകാരം സാധനങ്ങൾ തിരഞ്ഞെടുക്കാനുള്ള അവസരം ലഭിച്ചപ്പോൾ കർഷകരുടെ ജീവിതത്തിൽ ഇത് പ്രതിസന്ധികൾ സൃഷ്ടിക്കപ്പെട്ടു. ഈ മാറ്റങ്ങളെല്ലാം വ്യക്തിപരമാണ്. കാരണം, അവ വ്യക്തികളുടെ ജീവിതത്തെയും ജീവിതശൈലികളെയുമാണ് ബാധിക്കുന്നത്. ഇവ ലോകവ്യാപാരസംഘടന (WTO) യുമായുള്ള ഉടമ്പടിയുടെ ഭാഗമായും മറ്റുമുള്ള സർക്കാർ നയങ്ങളും പൊതുനയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെ സ്ഥൂലനയത്തിന്റെ പരിണിതഫലമായി ഒരു ടെലിവിഷൻ ചാനലിൽനിന്നും ചാനലുകളുടെ എണ്ണം വർധിപ്പിച്ചു. മാധ്യമങ്ങളിലുള്ള നാടകീയമായ മാറ്റങ്ങൾ ആഗോളവൽക്കരണത്തിന്റെ ഏറ്റവും ദൃശ്യമായ ഫലങ്ങളാണ്. ഇത് വിശദമായി നമ്മൾ അടുത്ത അധ്യായത്തിൽ ചർച്ചചെയ്യുന്നുണ്ട്. സ്വകാര്യജീവിതവും ആഗോളവൽക്കരണവുമായുള്ള പരസ്പരബന്ധം സൂചിപ്പിക്കുന്ന ചില ഉദാഹരണങ്ങളാണ് ഇതുവരെ കണ്ടത്. നേരത്തേ സൂചിപ്പിച്ചതുപോലെ സമൂഹശാസ്ത്രപരമായ സങ്കൽപ്പം സൂക്ഷ്മവും സ്ഥൂലവുമായുള്ളതും വ്യക്തിപരവും പൊതുവായതുമായ ബന്ധങ്ങൾ മനസ്സിലാക്കാൻ സഹായിക്കും.

സമൂഹശാസ്ത്രം പലപ്പോഴും നിർവചിക്കപ്പെടുന്നത് സമൂഹത്തെ കുറിച്ചുള്ള പഠനമായാണ് നിങ്ങൾ 11-ാം ക്ലാസിലെ പുസ്തകം ഒന്നിൽ ചർച്ചചെയ്ത പോലെ, സമൂഹത്തിലെ അതിരുകൾ വരയ്ക്കാൻ എളുപ്പമല്ല. ഒരു ഗ്രാമത്തെ കുറിച്ചുള്ള പഠനം ആ ഗ്രാമത്തിലെ വ്യത്യസ്ത സാമൂഹിക സംഘങ്ങളെ കുറിച്ചും അവരുടെ സമൂഹങ്ങളെ കുറിച്ചുമുള്ള പഠനം മാത്രമല്ല, ഗ്രാമസമൂഹവും പുറംലോകവുമായി എങ്ങനെയൊക്കെ ബന്ധപ്പെട്ടിരിക്കുന്നു എന്നതും ആ പഠനത്തിൽ ഉൾപ്പെടുന്നു. ഈ ബന്ധം ഇന്ന് മുമ്പത്തേക്കാളും കൂടുതൽ മൂല്യമുള്ളതാണ്. സമൂഹശാസ്ത്രജ്ഞന് അല്ലെങ്കിൽ സാമൂഹിക നരവംശശാസ്ത്രജ്ഞന്  സമൂഹത്തെ ഒറ്റപ്പെട്ട ഒരു അസ്തിത്വമായി പഠിക്കാൻ കഴിയില്ല. സ്ഥലകാലസമ്മർദ്ദം ഇതിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഗ്രാമങ്ങൾ, കുടുംബങ്ങൾ, പ്രസ്ഥാനങ്ങൾ, കുട്ടികളെ വളർത്തുന്ന രീതികൾ, തൊഴിലും വിശ്രമവും, ഉദ്യോഗസ്ഥവൃന്ദസംഘടനകൾ, ജാതികൾ എന്നിവയെക്കുറിച്ചെല്ലാം പഠിക്കുമ്പോൾ സമൂഹശാസ്ത്രജ്ഞർ ആഗോള പരസ്പരബന്ധങ്ങൾ കണക്കിലെടുത്തേ പറ്റൂ. കൃഷിയെക്കുറിച്ചു പഠിക്കുമ്പോൾ ലോകവ്യാപാരസംഘടനയുടെ (WTO) നിയമങ്ങൾ കൃഷിയിലും അതുവഴി കർഷകരിലും വരുത്തിയ മാറ്റങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്.

ആഗോളവൽക്കരണം ദൂരവ്യാപകമായ ഫലങ്ങൾ സൃഷ്ടിക്കുകയുണ്ടായി. അത് നമ്മെ എല്ലാവരെയും  ബാധിക്കുന്നുണ്ടെങ്കിലും വ്യത്യസ്തമായരീതിയിലാണ്. അത് ചിലർക്ക് പുതിയ അവസരങ്ങൾ നൽകുമ്പോൾ മറ്റു ചിലർക്ക് അവരുടെ ജീവിതമാർഗം തന്നെ നഷ്ടപ്പെടുത്തുന്നു. ചൈനയിൽനിന്നും കൊറിയയിൽനിന്നും പട്ടുനൂൽ  ഇന്ത്യൻ വിപണിയിൽ എത്തിയപ്പോൾ ബിഹാറിൽ പട്ടുനൂൽനിർമ്മാണത്തിൽ ഏർപ്പെട്ടിരുന്ന സ്ത്രീകൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. വിലക്കുറവും തിളക്കവും ഉണ്ടായിരുന്നതുകൊണ്ട് നെയ്ത്തുകാരും ഉപഭോക്താക്കളും ഇറക്കുമതിചെയ്ത പട്ടുനൂൽ വാങ്ങുന്നതിനാണ് പരിഗണന നൽകിയത്. വലിയ മത്സ്യബന്ധന ബോട്ടുകളുടെ ഇന്ത്യയിലേക്കുള്ള വരവിലും സമാന സ്ഥാനചലനങ്ങൾ സംഭവിക്കുകയുണ്ടായി. ഈ ബോട്ടുകൾ നേരത്തേയുള്ള ഇന്ത്യൻ ബോട്ടുകളുടെ സ്ഥാനത്ത് മത്സ്യബന്ധനം നടത്താൻ തുടങ്ങി. മത്സ്യം തരംതിരിക്കുകയും ഉണക്കുകയും വിൽപ്പന നടത്തുകയും വലകൾ നിർമ്മിക്കുകയും ചെയ്തിരുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ളവരുടെ ജീവിതത്തെയും അത് സാരമായി

ബാധിച്ചു. സുഡാനിൽനിന്ന് വിലകുറഞ്ഞ പശ ഇറക്കുമതി ചെയ്തപ്പോൾ ബാവൽമരങ്ങൾ (Julifera) അഥവാ പർവതവൃക്ഷങ്ങളിൽനിന്ന് പശ ശേഖരിച്ചു ജീവിച്ചിരുന്ന ഗുജറാത്തിലെ സ്ത്രീകളുടെ തൊഴിൽ നഷ്ടപ്പെട്ടു. വികസിതരാജ്യങ്ങളിൽനിന്ന് പാഴ്ക്കടലാസ് ഇറക്കുമതി ചെയ്തതോടെ ഇന്ത്യയിലെ നഗരങ്ങളിൽനിന്ന് അവ ശേഖരിച്ച് ജീവിതമാർഗം കണ്ടെത്തിയിരുന്നവരുടെ ജീവിതവും തകർന്നു. പാരമ്പര്യ വിനോദകലാ പ്രവർത്തകരെ ഇത് എങ്ങനെ ബാധിച്ചുവെന്ന് ഈ അധ്യായത്തിൽ നമ്മൾ പിന്നീടു കാണും.

ആഗോളവൽക്കരണത്തിന് വലിയ സാമൂഹികപ്രാധാന്യമുണ്ടെന്നത് വ്യക്തമാണ്. പക്ഷേ, നിങ്ങൾ കണ്ടപോലെ സമൂഹത്തിലെ വ്യത്യസ്ത വിഭാഗങ്ങളെ വ്യത്യസ്തമായാണ് അത് സ്വാധീനിച്ചത്. അതുകൊണ്ട് ആഗോളവൽക്കരണത്തിന്റെ സ്വാധീനത്തെക്കുറിച്ച് ശക്തമായ വിഭിന്ന കാഴ്ചപ്പാടുകളാണുള്ളത്. പുതിയ ഒരു ലോകം പടുത്തുയർത്താൻ ഇത് അനിവാര്യമാണെന്ന് ചിലർ വിശ്വസിക്കുന്നു. ആഗോളവൽക്കരണത്തിന്റെ സ്വാധീനം വ്യത്യസ്ത വിഭാഗങ്ങളിൽ വളരെയേറെ വേറിട്ട രീതിയിയാണെന്ന് മറ്റുള്ളവർ ഭയപ്പെടുന്നു. അതിന്റെ ഗുണഭോക്താക്കൾ സമൂഹത്തിലെ ഉപരിവർഗങ്ങളാണെന്ന് അവർ വാദിക്കുന്നു. മുമ്പുതന്നെ മാറ്റി നിർത്തപ്പെട്ട വലിയൊരു ജനവിഭാഗത്തിന്റെ ജീവിതനിലവാര തകർച്ചയ്ക്ക് അത് കാരണമാകുന്നു. ആഗോളവൽക്കരണം ഒരു പുതിയ വികാസമല്ലെന്ന് വാദിക്കുന്നവരുമുണ്ട്. അടുത്ത രണ്ടു ഭാഗങ്ങളിൽ നമ്മൾ ഈ പ്രശ്നങ്ങൾ നോക്കിക്കാണുന്നുണ്ട്. ഇന്ത്യക്ക് കഴിഞ്ഞ കാലത്തുണ്ടായിരുന്ന ആഗോള പരസ്പരബന്ധത്തെ കുറിച്ചും അൽപ്പംകൂടി ചർച്ച ചെയ്യാൻ ശ്രമിക്കുന്നുണ്ട്. കൂടാതെ, ആഗോളവൽക്കരണത്തിന് പ്രത്യേക സവിശേഷതകളുണ്ടോ എന്നും ഉണ്ടെങ്കിൽ അത് എന്താണെന്നും നമ്മൾ പരിശോധിക്കുന്നുണ്ട്.

## 6.1 ആഗോള പരസ്പരബന്ധങ്ങൾ ഇന്ത്യക്കും ലോകത്തിനും പുതിയതാണോ? (Are Global Interconnections New to World & to India?)

ആഗോളതലത്തിലുള്ള പരസ്പരബന്ധം ഒരു പുതിയ പ്രതിഭാസമാണോ? ഇന്ത്യയും ലോകത്തിലെ വിവിധ ഭാഗങ്ങളും തമ്മിൽ മുൻകാലങ്ങളിലും പരസ്പരബന്ധം നിലനിന്നിരുന്നില്ലേ?

### ആദ്യവർഷങ്ങൾ (The Early Years)

2000 വർഷം മുമ്പും ഇന്ത്യ ലോകത്ത് നിന്ന് ഒറ്റപ്പെട്ടു നിന്നിരുന്നില്ല. ചൈന, പേർഷ്യ, ഈജിപ്ത്, റോം എന്നീ രാജ്യങ്ങളിലെ മഹത്തായ സംസ്കാരങ്ങളുമായി പ്രശസ്തമായ പട്ടു പാത (Silk Route) വഴി ഇന്ത്യക്ക് നൂറ്റാണ്ടുകൾക്കു മുമ്പ് വ്യാപാരബന്ധങ്ങൾ ഉള്ളതായി ചരിത്ര പുസ്തകങ്ങളിൽ നമ്മൾ വായിച്ചിട്ടുള്ളതാണ്. വിവിധ ഭാഗങ്ങളിൽനിന്ന് ധാരാളം പേർ ഇവിടെ എത്തിയിരുന്നു. ചിലപ്പോൾ കച്ചവടക്കാരായി, മറ്റു ചിലപ്പോൾ കീഴടക്കാനായി, ചിലപ്പോൾ പുതിയ നാടുകൾ തേടി കുടിയേറ്റക്കാരായി ഇന്ത്യയിലെത്തുകയും ഇവിടെ അധിവാസം ഉറപ്പിക്കുകയും ചെയ്തതായി ഇന്ത്യയുടെ ഭൂതകാലത്തിൽനിന്നു മനസ്സിലാക്കാം. ഇവിടത്തെ ഉൾനാടൻ ഗ്രാമങ്ങളിലെ ജനങ്ങൾ എവിടെനിന്നോ വന്ന് ഇവിടെ താമസമാക്കിയ തങ്ങളുടെ പൂർവികരെ കുറിച്ചുള്ള ഓർമ്മകൾ പങ്കുവയ്ക്കാറുണ്ട്.

ആഗോള പരസ്പരബന്ധം അല്ലെങ്കിൽ ആഗോളവീക്ഷണം ആധുനികകാലത്തുണ്ടായ ഒരു പുതിയ വികാസമല്ല, ആധുനിക ഇന്ത്യക്ക് മാത്രമായുള്ള ഒരു സവിശേഷതയുമല്ല.

**Box 6.1**

ബി.സി. നാലാം നൂറ്റാണ്ടിൽ ഇന്ത്യയിൽ ജീവിച്ചിരുന്ന, സംസ്കൃത വ്യാകരണത്തെയും ശബ്ദ ശാസ്ത്രത്തെയും ക്രമപ്പെടുത്തുകയും പരിവർത്തനം നടത്തുകയും ചെയ്ത മഹാനായ സംസ്കൃത വ്യാകരണപണ്ഡിതനായ പാണിനി അഫ്ഗാൻ വംശജനായിരുന്നു. ഏഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ചൈനീസ് പണ്ഡിതനായിരുന്ന യി ജിങ്ങ് (Yi Jing) ചൈനയിൽ നിന്ന് ഇന്ത്യയിലേക്ക് പോകുംവഴി ജാവ (ശ്രീവിജയപട്ടണത്തിൽ) യിൽ വച്ചാണ് സംസ്കൃതം പഠിച്ചത്. ലോകത്തിലെ വിവിധ പ്രദേശങ്ങൾ തമ്മിലുള്ള പരസ്പരബന്ധത്തിന്റെ സ്വാധീനം ഏഷ്യൻ രാജ്യങ്ങളായ തായ്‌ലന്റ്, ഇന്തോ-ചൈന, ഇന്തോനേഷ്യ, ഫിലിപ്പീൻസ്, കൊറിയ, ജപ്പാൻ തുടങ്ങിയ നാടുകളിലെ ഭാഷകളിലും പദസഞ്ചയങ്ങളിലും കാണാം.

**Box 6.1**

പഴയ സംസ്കൃതഗ്രന്ഥങ്ങളിൽ ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്ന കൂപമണ്ഡൂകം .... എന്ന കിണർത്തവളയുടെ ഗുണപാഠകഥ ഒറ്റപ്പെട്ടിരിക്കുന്നതിനെതിരെയുള്ള ഒരു മുന്നറിയിപ്പാണ്. കൂപമണ്ഡൂകം ജീവിതകാലം മുഴുവൻ കിണറ്റിൽ മാത്രമായി ജീവിക്കുന്ന തവളയാണ്. അതിന് പുറം ലോകത്തെ കുറിച്ച് ഒന്നുമറിയില്ല. പുറത്തുള്ള എല്ലാത്തിനെയും തീവ്രമായ സംശയത്തോടെയാണത് നോക്കുക. അത് ആരോടും സംസാരിക്കില്ല, ആരുമായും ഒന്നിനെക്കുറിച്ചും തർക്കിക്കുകയുമില്ല. പുറംലോകത്തെക്കുറിച്ചുള്ള സംശയം രഹസ്യമായി സൂക്ഷിക്കുകയാണ്. കിണറ്റിലെ തവളയെ പോലെ ജീവിച്ചാൽ ലോകത്തിന്റെ ശാസ്ത്രീയവും സാംസ്കാരികവും സാമ്പത്തികവുമായ ചരിത്രം അറിയാതെപോകും. *(sen 2005, 84-86)*

## കൊളോണിയലിസവും ആഗോളബന്ധവും (Colonialism & Global Connection)

ആധുനിക ഇന്ത്യയുടെ സാമൂഹിക-സാമ്പത്തിക വികസനത്തിന്റെ കഥ കൊളോണിയൽ കാലഘട്ടത്തിൽത്തന്നെ തുടങ്ങിയിരുന്നു. ആധുനിക മുതലാളിത്തത്തിന് പ്രാരംഭകാലം മുതൽത്തന്നെ ഒരു ആഗോളമാനം ഉണ്ടായിരുന്നെന്ന് അധ്യായം ഒന്നിൽ പഠിച്ചത് ഓർക്കുമല്ലോ. കൊളോണിയലിസത്തിന്റെ നിലനിൽപ്പിന് മൂലധനം, അസംസ്കൃതവിഭവങ്ങൾ, ഊർജം, വിപണികൾ, ആഗോളശൃംഖല എന്നിവ ആവശ്യമായിരുന്നു. ജനങ്ങളുടെ പ്രവാഹം അഥവാ കുടിയേറ്റം ഇന്ന് ആഗോളവൽക്കരണത്തിന്റെ പ്രധാന സവിശേഷതയായാണ് തിരിച്ചറിയുന്നത്. വൻതോതിലുള്ള ജനപ്രവാഹമാണ് യൂറോപ്യൻ ജനത അമേരിക്കയിലേക്കും ഓസ്ട്രേലിയയിലേക്കും കുടിയേറി അവിടെ സ്ഥിരതാമസമാക്കിയപ്പോഴുണ്ടായത്. ഇന്ത്യയിൽനിന്നുള്ള കരാർത്തൊഴിലാളികളെ കപ്പലുകളിൽ കയറ്റി ഏഷ്യ, ആഫ്രിക്ക, അമേരിക്ക എന്നിവിടങ്ങളിലേക്ക് പണിയെടുപ്പിക്കാൻ കൊണ്ടുപോയിരുന്നു. അടിമവ്യാപാരമാണ് ആയിരക്കണക്കിന് ആഫ്രിക്കക്കാരെ വിദൂര തീരങ്ങളിലേക്കെത്തിച്ചത്.

## സ്വതന്ത്ര ഇന്ത്യയും ലോകവും (Independent India and the World)

സ്വതന്ത്ര ഇന്ത്യ ഒരു ആഗോളവീക്ഷണം നിലനിർത്തി. പല അർഥത്തിലും ഈ കാഴ്ചപ്പാട് ഇന്ത്യക്ക് ലഭിച്ചത് ദേശീയപ്രസ്ഥാനത്തിൽനിന്നാണ്. ലോകത്തെമ്പാടുമുണ്ടായ വിമോചന സമരങ്ങളോട് പ്രതിബദ്ധതയും വിവിധ രാജ്യങ്ങളിലുള്ള ജനങ്ങളുമായി ഐക്യദാർഢ്യവും പ്രഖ്യാപിച്ചതും ഈ കാഴ്ചപ്പാടു മൂലമാണ്. ഒരുപാട് ഇന്ത്യക്കാർ വിദ്യാഭ്യാസത്തിനും ജോലിക്കുമായി വിദേശത്തു പോയിരുന്നു. കുടിയേറ്റം ഒരു തുടർപ്രക്രിയയായിരുന്നു. അസംസ്കൃതവിഭവങ്ങൾ, സാങ്കേതികവിദ്യ എന്നിവയുടെ ഇറക്കുമതിയും കയറ്റുമതിയും സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ വികസനത്തെ സഹായിച്ചു. വിദേശകമ്പനികളും ഇന്ത്യയിൽ പ്രവർത്തിച്ചിരുന്നു. അതുകൊണ്ട് ഇന്നത്തെ സമൂലമായ ഈ മാറ്റം കഴിഞ്ഞ കാലത്തുള്ളതിൽ നിന്നും വ്യത്യസ്തമായിരുന്നോ എന്നു സ്വയം ചോദിക്കേണ്ടിയിരിക്കുന്നു.

# 6.2 ആഗോളവൽക്കരണത്തെ മനസ്സിലാക്കൽ (Understanding Globalisation)

പഴയകാലം മുതൽ തന്നെ ഇന്ത്യക്ക് ആഗോള ലോകവുമായി നിർണായകമായ ബന്ധങ്ങളുണ്ടെന്ന് നമ്മൾ കണ്ടുകഴിഞ്ഞു. കോളനിവൽക്കരണം പോലെത്തന്നെ മറ്റു രാജ്യങ്ങളുടെ വിഭവങ്ങളുടെ മേൽ ആഗോളനിയന്ത്രണം ഉണ്ടാക്കിയെടുക്കാനും നിലനിർത്താനുമാണ് യൂറോപ്പിൽ പാശ്ചാത്യമുതലാളിത്തം ഉടലെടുത്തതെന്ന് നമുക്ക് ബോധ്യമുള്ളതാണ്. ഒരു പ്രധാനപ്പെട്ട ചോദ്യം-ആഗോളവൽക്കരണം വെറും ആഗോളപരസ്പരബന്ധങ്ങൾ മാത്രമാണോ? അല്ലെങ്കിൽ വാർത്താവിനിമയത്തിലെയും ഉൽപ്പാദനത്തിലെയും മുതലാളിത്തസംവിധാനത്തിന്റെ ചില പ്രധാന മാറ്റങ്ങളാണോ? തൊഴിലിന്റെയും മൂലധനത്തിന്റെയും സംഘാടനമോ, സാങ്കേതികമാറ്റങ്ങളും സാംസ്കാരിക അനുഭവങ്ങളും, ഭരണനിർവഹണരീതികളും സാമൂഹിക പ്രസ്ഥാനങ്ങളുമാണോ? ചില രീതികളെല്ലാം മുതലാളിത്തത്തിന്റെ ആദ്യഘട്ടങ്ങളിൽത്തന്നെ പ്രകടമായിരുന്നെങ്കിലും ഈ മാറ്റങ്ങളെല്ലാം പ്രധാനപ്പെട്ടതാണ്. വാർത്താവിനിമയ വിപ്ലവങ്ങളിൽ നിന്നു വരുന്ന ചില മാറ്റങ്ങൾക്ക് നമ്മുടെ പ്രവൃത്തിയെയും ജീവിതത്തെയും അനേകം വഴികളിലൂടെ മാറ്റാൻ സാധിക്കും.

ആഗോളവൽക്കരണത്തിന്റെ ചില പ്രത്യേക സവിശേഷതകൾ തുടർന്ന് നമുക്ക് ചർച്ച ചെയ്യാം. അതിലൂടെ കടന്നുപോകുമ്പോൾ ആഗോളപരസ്പരബന്ധം എന്ന ലളിതമായ നിർവചനത്തിലൂടെ ആഗോളവൽക്കരണത്തിന്റെ തീവ്രതയും സങ്കീർണതയും ആഴത്തിലറിയാൻ സാധിക്കാത്തത് എന്തുകൊണ്ടെന്ന് നിങ്ങൾക്ക് തിരിച്ചറിയാൻ സാധിക്കും.

ആഗോളവൽക്കരണംകൊണ്ട് ഉദ്ദേശിക്കുന്നത് സാമൂഹിക-സാമ്പത്തികബന്ധങ്ങൾ ലോകമൊട്ടാകെ വ്യാപിക്കുന്നതു പോലെ വ്യത്യസ്ത ജനങ്ങൾക്കും പ്രദേശങ്ങൾക്കും രാജ്യങ്ങൾക്കുമിടയിൽ വളർന്നുകൊണ്ടിരിക്കുന്ന പരസ്പരാശ്രയത്വമാണ്. സാമ്പത്തികശക്തികൾ ആഗോളവൽക്കരണത്തിന്റെ ഒഴിച്ചുകൂടാൻ പറ്റാത്ത ഭാഗമാണ്. എന്നാൽ ഇത് ഒരു സാമ്പത്തികപ്രക്രിയ മാത്രമായി വിലയിരുത്തുന്നതു ശരിയല്ല. വിവരവിനിമയ സാങ്കേതികവിദ്യയുടെ വളർച്ച ലോകത്തെമ്പാടുമുള്ള ജനങ്ങൾ തമ്മിലുള്ള പരസ്പരബന്ധത്തിന്റെ വേഗവും തീവ്രതയും പ്രസക്തിയും വർധിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. ഇതിനെല്ലാം പുറമേ ആഗോളവൽക്കരണത്തിന്റെ വളർച്ചയ്ക്ക് രാഷ്ട്രീയമായ പശ്ചാത്തലങ്ങളുണ്ട്. ആഗോളവൽക്കരണത്തിന്റെ വ്യത്യസ്ത മാനങ്ങൾ നമുക്കു നോക്കാം. നമ്മുടെ ചർച്ച സുഗമമാക്കുന്നതിനു സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായ തലങ്ങൾ വ്യത്യസ്തമായി പരിശോധിക്കാം. അതിനപ്പുറം അവ തമ്മിലുള്ള അടുത്ത ബന്ധവും പരസ്പരബന്ധങ്ങളും നിങ്ങൾക്ക് പെട്ടെന്നു തിരിച്ചറിയാൻ സാധിക്കും.

## ആഗോളവൽക്കരണത്തിന്റെ വ്യത്യസ്ത മാനങ്ങൾ (The Different Dimensions of Globalisation)

### സാമ്പത്തികം

ഇന്ത്യയിൽ ഉദാരവൽക്കരണം, ആഗോളവൽക്കരണം എന്നീ പദങ്ങൾ നാം പലപ്പോഴും ഉപയോഗിക്കാറുണ്ട്. അവ തമ്മിൽ ബന്ധമുണ്ടെങ്കിലും വ്യത്യസ്തമാണ്. 1991 മുതലാണ് ഇന്ത്യ സാമ്പത്തികനയത്തിൽ മാറ്റങ്ങൾ കൊണ്ടുവന്നത്. ഈ മാറ്റങ്ങളെയാണ് ഉദാരവൽക്കരണനയങ്ങൾ എന്നുവിളിക്കുന്നത്.

***a) ഉദാരവൽക്കരണത്തിന്റെ സാമ്പത്തികനയം (The Economic Policy of Liberalisation)***

സാമൂഹിക-സാമ്പത്തികബന്ധങ്ങൾ ലോകമെമ്പാടും വ്യാപിപ്പിക്കുക എന്നത് ആഗോളവൽക്കരണത്തിന്റെ ഭാഗമാണ്. ഇതിനു ചില സാമ്പത്തികനയങ്ങൾ ആവശ്യമാണ്. വിശാലാർഥത്തിൽ ഇന്ത്യയിൽ ഈ പ്രക്രിയയാണ് ഉദാരവൽക്കരണം എന്നുപറയുന്നത്. 1991 നു ശേഷം ഇന്ത്യൻ സമ്പദ്വ്യവസ്ഥയെ ലോകവിപണിക്ക് തുറന്നുകൊടുക്കുന്ന സാമ്പത്തികനയ തീരുമാനങ്ങളെയും ഉദാരവൽക്കരണം എന്നതുകൊണ്ടുദ്ദേശിക്കുന്നു. സമ്പദ്ഘടനയിൽ വലിയ നിയന്ത്രണമുള്ള ഇന്ത്യയുടെ പഴയ സാമ്പത്തികനയത്തിന് ഇത് അന്ത്യം കുറിച്ചു. സ്വാതന്ത്ര്യത്തിനുശേഷം ലോകരാജ്യങ്ങളുടെ മത്സരത്തിൽനിന്ന് ഇന്ത്യൻ വിപണിയെയും ഇന്ത്യയുടെ തനതായ കച്ചവടത്തെയും സംരക്ഷിക്കുന്നതിനു ധാരാളം നിയമങ്ങൾ നടപ്പിലാക്കിയിരുന്നു. സ്വതന്ത്രവിപണി എന്ന സങ്കൽപ്പത്തിന് അന്ന് സർക്കാർ വലിയ പ്രാധാന്യം നൽകിയിരുന്നില്ല. കോളനിവൽക്കരണത്തിന്റെ സാമ്പത്തികസ്വാധീനം നിങ്ങൾ അധ്യായം ഒന്നിൽ വായിച്ചതാണല്ലോ. ജനങ്ങളുടെ ക്ഷേമം, പ്രത്യേകിച്ച് പ്രയാസമനുഭവിക്കുന്ന വിഭാഗങ്ങളുടേത് വിപണിക്ക് മാത്രമായി ഉറപ്പുവരുത്താൻ കഴിയില്ലെന്ന് രാഷ്ട്രം വിശ്വസിക്കുന്നു. ജനങ്ങളുടെ ക്ഷേമത്തിൽ രാഷ്ട്രത്തിനു വലിയ പങ്കുണ്ട്. സാമൂഹികനീതിയെ കുറിച്ചുള്ള പ്രശ്നങ്ങൾ ഇന്ത്യൻ ഭരണഘടനയുടെ ശിൽപ്പികൾക്ക് എത്ര പ്രധാനപ്പെട്ടതാണെന്ന് നിങ്ങൾ അധ്യായം മൂന്നിൽ പഠിച്ചത് ഓർക്കുക.

ഇന്ത്യൻ വ്യാപാരത്തെയും സാമ്പത്തികക്രമങ്ങളെയും നിയന്ത്രിക്കുന്ന നിയമങ്ങൾ സ്ഥിരമായി എടുത്തുകളയലാണ് സാമ്പത്തിക ഉദാരവൽക്കരണംകൊണ്ട് അർഥമാക്കുന്നത്. ഈ നടപടികൾ സാമ്പത്തികപരിഷ്കാരങ്ങൾ എന്ന പേരിലും അറിയപ്പെടുന്നു. എന്തെല്ലാമാണ് ഈ പരിഷ്കരണങ്ങൾ? ജൂലൈ 1991 മുതൽ ഇന്ത്യൻ സമ്പദ്വ്യവസ്ഥ എല്ലാ പ്രധാന മേഖലകളിലും (കൃഷി, വ്യവസായം, വാണിജ്യം, വിദേശനിക്ഷേപം, സാങ്കേതികവിദ്യ, പൊതുമേഖല, സാമ്പത്തികസ്ഥാപനങ്ങൾ തുടങ്ങിയവ) പരിഷ്കാരങ്ങളുടെ ഒരു ശൃംഖലയ്ക്കു തന്നെ

സാക്ഷ്യംവഹിച്ചു. ഇതിന്റെ അടിസ്ഥാനതത്ത്വം ലോകവിപണിയുമായുള്ള സംയോജനം ഇന്ത്യൻ സമ്പദ് വ്യവസ്ഥയ്ക്ക് ഗുണം ചെയ്യും എന്നതായിരുന്നു.

അന്താരാഷ്ട്ര നാണ്യനിധി (IMF) പോലുള്ള സ്ഥാപനങ്ങളിൽനിന്ന് വായ്പയെടുക്കുന്നതും ഉദാരവൽക്കരണപ്രക്രിയയിൽ ഉൾപ്പെടുന്നു. ചില ഉപാധികളോടെയാണ് ഇത്തരം വായ്പകൾ ലഭിക്കുന്നത്. അവർ നിർദേശിക്കുന്ന ഘടനാപരമായ മാറ്റങ്ങൾക്കനുസൃതമായ ചില സാമ്പത്തിക നടപടികൾ നടപ്പിലാക്കണം എന്നതാണ് പ്രധാന വ്യവസ്ഥ. സാധാരണയായി സാമൂഹിക മേഖലയിലുള്ള ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹികസുരക്ഷ എന്നിവയിലുള്ള രാഷ്ട്രത്തിന്റെ




ചെലവുകൾ വെട്ടിക്കുറയ്ക്കുക തുടങ്ങിയ നിർദേശങ്ങളാണ് അതിലുൾപ്പെടുന്നത്. കൂടാതെ, ലോകവ്യാപാരസംഘടന (WTO) പോലുള്ള രാജ്യാന്തരസ്ഥാപനങ്ങളുടെ കൂടുതൽ സ്വാധീനങ്ങളുമുണ്ടാകും.

### *b) രാജ്യാന്തര കോർപറേഷനുകൾ (The Trans National Corporations-TNCs)*

ആഗോളവൽക്കരണത്തിനു പിന്നിലുള്ള ചില സാമ്പത്തികഘടകങ്ങളിൽ പ്രത്യേക പ്രാധാന്യമർഹിക്കുന്നവയാണ് രാജ്യാന്തര കോർപറേഷനുകൾ (TNCs). ഒന്നിലധികം രാജ്യങ്ങളിൽ സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന, അല്ലെങ്കിൽ വിപണിസേവനം നടത്തുന്ന കമ്പനികളെയാണ് രാജ്യാന്തര കോർപറേഷനുകൾ എന്നു പറയുന്നത്. രാജ്യത്തിനു വെളിയിൽ ഒന്നോ രണ്ടോ ഫാക്ടറികൾ മാത്രമുള്ള ധാരാളം ചെറുകിടകമ്പനികളും ഇതിലുണ്ട്. ഒപ്പംതന്നെ ലോകം മുഴുവനും പ്രവർത്തിക്കുന്ന അതിബൃഹത്തായ രാജ്യാന്തര കമ്പനികളുമുണ്ട്. കൊക്കോകോള, ജനറൽ മോട്ടോഴ്സ്, കോൾഗേറ്റ്, പാമൊലീവ്, കൊടാക്, മിത്സുബിഷി തുടങ്ങിയവ ലോകമെമ്പാടും അറിയപ്പെടുന്ന വൻകിട രാജ്യാന്തരകമ്പനികളിൽ പെടുന്നവയാണ്. അവയ്ക്ക് കൃത്യമായ രാജ്യാ

ടിസ്ഥാനം ഉണ്ടെങ്കിലും ആഗോളവിപണികളെയും ആഗോള ലാഭത്തെയുമാണ് ഇവർ ലക്ഷ്യമിടുന്നത്. ചില ഇന്ത്യൻ കോർപറേഷനുകളും രാജ്യാന്തരമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ ജനങ്ങൾ മൊത്തത്തിൽ ഈ പ്രവണതയെ എങ്ങനെ ഉൾക്കൊള്ളുന്നു എന്ന് നമുക്ക് ഈ സമയത്ത് പറയാൻ കഴിയില്ല.

*c) ഇലക്ട്രോണിക് സമ്പദ്‌വ്യവസ്ഥ (Electronic Economy)*

സാമ്പത്തിക ആഗോളവൽക്കരണത്തിൽ അടിസ്ഥാനമുറപ്പിച്ച മറ്റൊരു ഘടകമാണ് ഇലക്ട്രോണിക് സമ്പദ്‌വ്യവസ്ഥ. കമ്പ്യൂട്ടർ മൗസിന്റെ ഒരു ക്ലിക്ക് കൊണ്ട് രാജ്യങ്ങൾ തമ്മിൽ നിമിഷനേരംകൊണ്ട് പണമയക്കാൻ ബാങ്കുകൾക്കും കോർപറേഷനുകൾക്കും ഫണ്ട് മാനേജർമാർക്കും വ്യക്തിഗതനിക്ഷേപകർക്കും സാധിച്ചു. ഈ രീതിയിൽ


Knee-jerk reactions behin
high market volatility
Developments both at home and abroad sway sentiment
THE YEAR OF BULLS AND BUYOUTS
FINANCIAL SCENE

കൈമാറ്റം ചെയ്യപ്പെടുന്ന ഇലക്ട്രോണിക് പണത്തിന് നഷ്ടസാധ്യതകളുമുണ്ട്. ഇന്ത്യൻ ഓഹരി വിപണിയിലുള്ള ഉയർച്ചയും വിദേശ നിക്ഷേപകർ ഓഹരികൾ വാങ്ങി ലാഭമുണ്ടാക്കിയ ശേഷം വിറ്റഴിക്കുമ്പോൾ പെട്ടെന്നുണ്ടാകുന്ന താഴ്ചയും പലപ്പോഴും ചർച്ച ചെയ്യപ്പെട്ടതാണ്. ഇങ്ങനെയുള്ള മാറ്റങ്ങൾ സാധ്യമാക്കുന്ന വിനിമയ വിപ്ലവം നമ്മൾ പിന്നീട് ചർച്ചചെയ്യും.

**6.2**

രാജ്യാന്തര കമ്പനികളുടെ ഉൽപന്നങ്ങളുടെ പരസ്യങ്ങളിൽ കണ്ടതും വിപണിയിൽ കണ്ടതും ഉപയോഗിക്കുന്നതുമായ ഉൽപന്നങ്ങളുടെ പട്ടിക തയാറാക്കുക. പട്ടിക താഴെ നൽകുന്ന രീതിയിൽ ഉണ്ടാക്കാവുന്നതാണ്:

- ഷൂകൾ
- കാമറകൾ
- കമ്പ്യൂട്ടറുകൾ
- ടെലിവിഷനുകൾ
- കാറുകൾ
- മ്യൂസിക് സംവിധാനങ്ങൾ
- സോപ്പ്, ഷാംപൂ പോലുള്ള സൗന്ദര്യവർധകവസ്തുക്കൾ
- വസ്ത്രങ്ങൾ
- ഭക്ഷ്യയോഗ്യമാക്കി മാറ്റിയ ഭക്ഷണം
- ചായ
- കോഫി
- പാൽപ്പൊടി

d) **ഭാരരഹിത സമ്പദ്‌വ്യവസ്ഥ അഥവാ ജ്ഞാനസമ്പദ്‌വ്യവസ്ഥ (The Weightless Economy or Knowledge Economy)**

മുൻകാലങ്ങളിൽനിന്നു വ്യത്യസ്തമായി ആഗോള സമ്പദ്‌വ്യവസ്ഥയുടെ പ്രാഥമിക അടിസ്ഥാനം കൃഷിയും വ്യവസായവും അല്ലാതായി മാറിയിരിക്കുന്നു. കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ, മാധ്യമ വിനോദ ഉൽപ്പന്നങ്ങൾ, ഇന്റർനെറ്റ് സേവനങ്ങൾ എന്നിങ്ങനെ വിവരത്തെ അടിസ്ഥാനമാക്കിയുള്ള ഉൽപ്പന്നങ്ങളുള്ള സമ്പദ്‌വ്യവസ്ഥയെയാണ് ഭാരരഹിത സമ്പദ്‌വ്യവസ്ഥ (Weightless economy) എന്ന് പറയുന്നത്. ജ്ഞാനസമ്പദ്‌വ്യവസ്ഥയിൽ ഉൽപ്പാദനത്തിനും വിതരണത്തിനും തൊഴിൽ ശേഷി കൂടുതലായി ഉപയോഗിക്കുന്നില്ല. അതേസമയം ഭൗതികവസ്തുക്കളുടെ രൂപകല്പന, വിശകലനം, സാങ്കേതികവിദ്യ, വിപണനം, വിൽപന, സേവനം എന്നിവയിൽ തൊഴിലാളികളും

**Box 6.2**

നമ്മളിൽ കൂടുതൽ പേരും പണമുണ്ടാക്കുന്നത് ശൂന്യതയിൽനിന്നാണ്. എളുപ്പത്തിൽ അളക്കാനോ സ്പർശിക്കാനോ തൂക്കിനോക്കാനോ കഴിയുന്ന ഒന്നുംതന്നെ നാം ഉൽപ്പാദിപ്പിക്കുന്നില്ല. നമ്മുടെ ഉൽപ്പന്നങ്ങൾ തുറമുഖങ്ങളിൽ സംരക്ഷിക്കപ്പെടുന്നില്ല. പാണ്ടികശാലകളിൽ സൂക്ഷിക്കപ്പെടുന്നില്ല. തീവണ്ടിമുറികളിൽ കയറ്റി അയക്കപ്പെടുന്നില്ല. നമ്മളിൽ ഭൂരിഭാഗവും ജീവിക്കുന്നത് സേവനം നൽകിയും വിധിനിർണയം നടത്തിയും വിവരങ്ങൾ വിശകലനം ചെയ്തുമൊക്കെയാണ്. നാമെല്ലാം ഒന്നുകിൽ ടെലിഫോൺകാര്യാലയത്തിലോ വക്കീലാപ്പീസിലോ സർക്കാർ വകുപ്പുകളിലോ അല്ലെങ്കിൽ ശാസ്ത്രപരീക്ഷണശാലയിലോ ഒക്കെയായി ജീവിതത്തിനാവശ്യമായ വരുമാനം കണ്ടെത്തുന്നവരാണ്.

*Source charles Leadbeter 1999 Living on thin Air The New Economy (Londan Viking)*

**ബോക്സ് 6 – 2 പ്രവർത്തനം**

1. നിങ്ങളുടെ അയൽപക്കത്തെ യുവജനങ്ങൾ ഏതെല്ലാം തരം ജോലികളാണ് ചെയ്യുന്നതെന്ന് കണ്ടെത്തി പട്ടികപ്പെടുത്തുക. സേവനമേഖലകളിൽ എത്രപേർ ഏർപ്പെടുന്നു?ചർച്ചചെയ്യുക.
2. നിങ്ങളുടെ സഹപാഠികളുടെ വിവിധതരത്തിലുള്ള ഭാവിപദ്ധതികൾ കണ്ടെത്തുക. ഭാരരഹിതസമ്പദ് വ്യവസ്ഥ എന്ന ആശയം അടിസ്ഥാനമാക്കി ചർച്ചചെയ്യുക.

**6.3**



- ഓഹരിവിപണിയെ കുറിച്ചുള്ള പുതിയ വിവരങ്ങൾ നേരിട്ടുള്ള വിദേശനിക്ഷേപങ്ങൾ, വിവിധ കമ്പനികളുടെ സാമ്പത്തികവിവരങ്ങൾ തുടങ്ങിയവ നൽകുന്ന ടെലിവിഷൻ ബിസിനസ് ചാനലുകളുടെ എണ്ണം തിട്ടപ്പെടുത്തുക. ഇന്ത്യൻ ചാനലോ ഇംഗ്ലീഷ് ചാനലോ ഏതാണ് നിങ്ങൾ പരിഗണിക്കാൻ ആഗ്രഹിക്കുന്നത്, അത് നിങ്ങൾക്ക് തിരഞ്ഞെടുക്കാം.
- ചില ധനകാര്യ ദിനപത്രങ്ങളുടെ പേരുകൾ കണ്ടെത്തുക.
- ആഗോളപ്രവണതകൾക്ക് നിങ്ങൾ എന്തെങ്കിലും മുൻതൂക്കം കാണുന്നുണ്ടോ? ചർച്ചചെയ്യുക.
- ഈ പ്രവണത നമ്മുടെ ജീവിതത്തെ ബാധിക്കുന്നതെങ്ങനെയാണെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?

പ്രഘഷണലുകളും ഏർപ്പെടുന്നതാണ് ജ്ഞാനസമ്പദ് വ്യവസ്ഥ (Knowledge economy). പ്രാദേശിക കാറ്ററിങ് സർവീസ് മുതൽ വിവാഹം പോലുള്ള വലിയ ചടങ്ങുകൾക്കും സമ്മേളനങ്ങൾക്കുമുള്ള സേവനം വരെ ഇത്തരം സമ്പദ് വ്യവസ്ഥയിൽ ഉൾപ്പെടുന്നു. കുറച്ചു വർഷങ്ങൾക്കു മുമ്പ് നാം കേട്ടിട്ടുപോലുമില്ലാത്ത ഇവന്റ് മാനേജ്മെൻറ് പോലുള്ള പുതിയ തൊഴിലുകളും ഈ സമ്പദ് വ്യവസ്ഥയിൽ നമുക്കു കാണാം. അവയെ കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ? അവർ എന്താണ് ചെയ്യുന്നത്? ഇത്തരത്തിലുള്ള പുതിയ സേവനങ്ങൾ കണ്ടെത്തുക.


### e) ധനകാര്യത്തിന്റെ ആഗോളവൽക്കരണം (Globalisation of Finances)

ധനകാര്യത്തിന്റെ ആഗോളവൽക്കരണത്തിനു കാരണമായത് വിവരസാങ്കേതികവിദ്യയിലുണ്ടായ വിപ്ലവമാണ്. ആഗോളകമായി കുട്ടിയിണക്കപ്പെട്ട വിപണികൾ ഇലക്ട്രോണിക് സെർക്യൂട്ടുകൾ വഴി നിമിഷനേരംകൊണ്ട് ആയിരം ദശലക്ഷം ഡോളറുകളുടെ കൈമാറ്റം നടത്തുന്നു. മൂലധന സെക്യൂരിറ്റി വിപണികളിൽ 24 മണിക്കൂറും വിപണനം നടക്കുന്നുണ്ട്. ന്യൂയോർക്ക്, ടോക്കിയോ, ലണ്ടൻ എന്നീ നഗരങ്ങളാണ് ധനകാര്യവ്യാപാരത്തിന്റെ നിർണായകകേന്ദ്രങ്ങൾ. ഇന്ത്യയിൽ മുംബൈ രാജ്യത്തിന്റെ ധനകാര്യതലസ്ഥാനമായി അറിയപ്പെടുന്നു.

## ആഗോളവിനിമയങ്ങൾ (Global Communications)



സാങ്കേതികവിദ്യയിലും വാർത്താവിനിമയസംവിധാനങ്ങളിലുമുണ്ടായ പുരോഗതി ആഗോളവിനിമയരംഗത്ത് വിപ്ലവകരമായ മുന്നേറ്റങ്ങൾ കൊണ്ടുവന്നു. പല വീടുകളിലും ഓഫീസുകളിലുമെല്ലാം പുറംലോകവുമായി ആശയവിനിമയം നടത്തുന്നതിന് ടെലഫോണുകൾ (മൊബൈൽ,



Flying high
With more airlines flying the skies and air travel becoming affordab
t is time to look at infrastructure development and the availability
of facilities at Indian airports.
VINAY KUMAR
A THOUGHT FOR TO
hat is the trouble with flying:
have to return to airpo
HENRY MINIZBURG
Dizzying Heig
Direct international flights
to more non-metros
s small-town India gearing itsel
As many as 15 towns in
abroad and the list i
Jaipur, Luckn
ourist attracti
omestic h
kers.
ures
gular
e frequen

ലാൻഡ്ഫോൺ), ഫാക്സ് മെഷീനുകൾ, ഡിജിറ്റൽ, കേബിൾ ടെലിവിഷൻ, ഇ–മെയിൽ, ഇന്റർനെറ്റ് തുടങ്ങിയ വ്യത്യസ്തമായ മാർഗങ്ങൾ നിലവിൽവന്നു.

നമ്മുടെ രാജ്യത്ത് ഡിജിറ്റൽ വിനിമയസൗകര്യങ്ങൾ ചില സ്ഥലങ്ങളിൽ ലഭ്യമാണ്. ചിലയിടങ്ങളിൽ ലഭ്യമല്ല ഇതിനെ ഡിജിറ്റൽ വിഭജനം (Digital Divide) എന്നു സൂചിപ്പിക്കുന്നു. പുതിയ രൂപത്തിലുള്ള ആശയവിനിമയ സാങ്കേതികവിദ്യകൾ സ്ഥലകാലസമ്മർദ്ദം മറികടക്കാൻ സഹാ







6.4

- നിങ്ങളുടെ അയൽപക്കത്ത് ഇന്റർനെറ്റ് കഫെ ഉണ്ടോ?
- ആരൊക്കെയാണ് അത് ഉപയോഗിക്കുന്നത്? ഏതൊക്കെ രീതിയിലാണ് അവർ അത് ഉപയുക്തമാക്കുന്നത്.
- ഇത് തൊഴിൽപരമായ കാര്യങ്ങൾക്കായിട്ടാണോ? പുതിയ രീതിയിലുള്ള വിനോദങ്ങൾക്കോ ?
- അവിടെ STD/ISD ടെലിഫോൺ ബൂത്ത് ഉണ്ടോ? നിങ്ങളുടെ സമീപത്ത് ഫാക്സ് സൗകര്യമുണ്ടോ?

**Box 6.3**

1990ൽ ഇന്റർനെറ്റിന്റെ ആഗോളതലത്തിലുള്ള ഉപയോഗം ആശ്ചര്യകരമായി ഉയർന്നു. 1998ൽ ലോകമെമ്പാടുമായി 70 മില്യൻ ഇന്റർനെറ്റ് ഉപഭോക്താക്കളായി. ഇതിൽ 62% യു.എസ്.എയും കാനഡയും 12% ഏഷ്യയുമായിരുന്നു. 2000 ആയപ്പോഴേക്കും ഇന്റർനെറ്റ് ഉപഭോക്താക്കൾ 325 മില്യനായി ഉയർന്നു. സൈബർകഫെകളുടെ വ്യാപനത്തോടെ ഇന്ത്യയിൽ മൂന്ന് മില്യൻ വരിക്കാരും 15 മില്യൻ ഉപഭോക്താക്കളും 2000-മാണ്ടോടെ ഉണ്ടായി (Singhal and Rugers 2001: 235).

2006 ആഗസ്റ്റ് 15ലെ CNN-IBN ന്റെ വോട്ടെടുപ്പ് കണക്കു പ്രകാരം രാജ്യത്തിലെ ഏകദേശം 7 ശതമാനം യുവാക്കൾ ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ 3% മാത്രമേ കമ്പ്യൂട്ടർ വീട്ടിൽ ഉപയോഗിക്കുന്നുള്ളൂ. ഈ കണക്കുകൾ സൂചിപ്പിക്കുന്നത് കമ്പ്യൂട്ടറിന്റെ വേഗത്തിലുള്ള വ്യാപനത്തിന് ഇടയിലും രാജ്യത്തു നിലനിൽക്കുന്ന ഡിജിറ്റൽ വിഭജനത്തെയാണ്. ഇന്റർനെറ്റ് ശൃംഖല വലിയ ഒരു നഗരപ്രതിഭാസമാണെങ്കിലും കൂടുതലായി ഉപയോഗിക്കുന്നത് സൈബർ കഫെയിലൂടെയാണ്. ക്രമമല്ലാത്ത വൈദ്യുത വിതരണവും നിരക്ഷരതയും ടെലിഫോൺപോലുള്ള അടിസ്ഥാനസൗകര്യങ്ങളുടെ കുറവും കാരണം ഇപ്പോഴും ചില ഇന്ത്യൻ ഗ്രാമപ്രദേശങ്ങളിൽ ഇന്റർനെറ്റിന്റെ ഉപയോഗം വ്യാപിച്ചിട്ടില്ല.

**Box 6.4**

**ഇന്ത്യൻ വാർത്താവിനിമയരംഗത്തെ വികാസം**

**(India's Telecommunications Expansion)**

1947-ൽ സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ഇന്ത്യയിൽ 350 മില്യൺ ജനങ്ങൾക്ക് 84000 ടെലിഫോൺ ലൈനുകളാണുണ്ടായിരുന്നത്. 33 കൊല്ലത്തിനുശേഷം 1980ൽ 700 മില്യൻ ജനസംഖ്യയുള്ളപ്പോൾ കേവലം 2.5 മില്യൻ ടെലിഫോണുകളും 12000 പബ്ലിക് ഫോണുകളുമായി. 600000 വില്ലേജുകളിൽ 3%ത്തിനു മാത്രമാണ് ഫോൺ ഉണ്ടായിരുന്നത്. 1990 കളുടെ അവസാനം ഈ അവസ്ഥയിൽ ഒരു വലിയ മാറ്റമുണ്ടായി. 1999 ൽ 300 നഗരങ്ങളിലും 4869 പട്ടണങ്ങളിലും 310897 ഗ്രാമങ്ങളിലുമായി 25 മില്യൻ ടെലിഫോൺ ലൈനുകൾ സ്ഥാപിച്ചു. ഇന്ത്യ വാർത്താവിനിമയമേഖലകളിൽ ലോകത്തിലെ ഒമ്പതാമത്തെ വലിയ ശൃംഖലയായി മാറി. 1988നും 1998നും ഇടയിൽ ടെലിഫോൺസൗകര്യമുള്ള ഗ്രാമങ്ങളുടെ എണ്ണം 27316 - ൽ നിന്നു മൂന്നുലക്ഷമായിമാറി (ഇന്ത്യയിലെ മൊത്തം ഗ്രാമങ്ങളുടെ പകുതി). രണ്ടായിരത്തോടെ 65 ലക്ഷം പബ്ലിക്

കോൾ ഓഫീസുകൾ (PCO) ടെലിഫോൺ സേവനം നൽകുകയും ഗ്രാമപ്രദേശങ്ങളിലും മലപ്രദേശങ്ങളിലും ഗോത്രവർഗം താമസിക്കുന്ന സ്ഥലങ്ങളിലുമടക്കം ബൂത്തിൽ ചെന്ന് ഫോൺ ചെയ്യാനുള്ള സൗകര്യം ജനങ്ങൾക്ക് ലഭ്യമായി. PCO - കൾ സ്ഥാപിക്കപ്പെട്ടതോടെ പരസ്പരം ബന്ധപ്പെട്ടുകൊണ്ട് കുടുംബബന്ധങ്ങൾ നിലനിർത്താനുള്ള ഒരു മാർഗമായി ടെലിഫോൺ മാറി. വിവാഹ ആഘോഷങ്ങളിൽ പങ്കെടുക്കുന്നതിനും ശവസംസ്കാരച്ചടങ്ങുകളിൽ പങ്കെടുക്കുന്നതിനും ഇന്ത്യയിൽ തീവണ്ടി യാത്ര ചെയ്യുന്നതുപോലെ ടെലിഫോണും കുടുംബബന്ധങ്ങൾ നിലനിർത്തുന്നതിനുള്ള രീതിയായി കണ്ടു. കുടുംബാംഗങ്ങൾ തമ്മിൽ ഫോണിലൂടെ സംസാരിക്കുന്ന ദൃശ്യങ്ങൾ പരസ്യങ്ങളിൽ ഇടംപിടിക്കുകയും ടെലഫോൺ വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയും ഒപ്പം സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങൾ നിർവഹിക്കുന്ന ഒരു മാധ്യമമായിത്തീരുകയും ചെയ്തു.

*(Singhal and Rogers 2001; 188 - 89)*

### ബോക്സ് 6.2ന്റെ പ്രവർത്തനം

'വ്യക്തിബന്ധങ്ങളും വാർത്താവിനിമയ സംവിധാനങ്ങളും' എന്ന വിഷയത്തിൽ ഒരു ഉപന്യാസം എഴുതുക.

യിക്കുന്നു. ഭൂമിയുടെ രണ്ടു ഭാഗത്തു നിൽക്കുന്ന വ്യക്തികൾക്ക് - ബാംഗളൂരു-ന്യൂയോർക്ക് - ഉപഗ്രഹ സങ്കേതികവിദ്യയുടെ സഹായത്തോടെ പരസ്പരം സംസാരിക്കാനും രേഖകളും ചിത്രങ്ങളും അയക്കാനും സാധിക്കുന്നു. ആഗോളവൽക്കരണത്തിന്റെ പ്രക്രിയ ശൃംഖലകളുടെയും മാധ്യമസമുച്ചയത്തിന്റെയും ഉൽഭവത്തിലേക്കു നയിച്ചു. ആഗോളപരസ്പരബന്ധത്തെ കൂടുതൽ ഫലപ്രദമാക്കാൻ ഇന്ത്യൻ ഗവൺമെന്റ് പ്രതീക്ഷാനിർഭരമായ ഡിജിറ്റൽ ഇന്ത്യ എന്ന പദ്ധതിക്ക് രൂപംനൽകി. അതിൽ എല്ലാ കൊടുക്കൽവാങ്ങലുകളിലും ഡിജിറ്റ

**Box 6.5**

ഒരുപാട് കുറ്റവാളികൾ ഉപയോഗിക്കുന്നതു കൊണ്ടും അവരെ കണ്ടെത്താൻ സാധിക്കാത്തതു കൊണ്ടും മൊബൈൽഫോണിൽ ഉപയോഗിച്ചിരുന്ന Prepaid Cash Card 1998 ൽ ഇന്ത്യൻ ആഭ്യന്തര മന്ത്രാലയം നിരോധിച്ചിരുന്നു. അതേസമയം ഈ രീതിയിലുള്ള കുറ്റവാളികൾ ആകെ താരതമ്യം ചെയ്യുമ്പോൾ വളരെ കുറച്ചുപേരേയുള്ളൂ. കൂടാതെ Telephone Operaters Cash Card നൽകുന്നതിനു മുമ്പ് അവരുടെ പേരും വിലാസവും നിർബന്ധമായും പരിശോധിക്കേണ്ടതാണ്. സ്വകാര്യ ടെലിഫോൺ ഓപ്പറേറ്റർമാർക്ക് അവരുടെ വരുമാനത്തിന്റെ 50% ഈ അനാവശ്യ പരിശോധനകൊണ്ട് നഷ്ടപ്പെടുന്നുവെന്നാണ് അവർ വിശ്വസിക്കുന്നത്.

മൊബൈൽഫോൺ ഉപയോഗിക്കുന്നവർ വരുമാനനികുതി നൽകണമെന്നും നികുതി റിട്ടേൺ ഫയൽ ചെയ്യണമെന്നും 1998 ൽ ഇൻകം ടാക്സ് വകുപ്പ് നിയമം കൊണ്ടുവന്നതോടെ ഫോണിന്റെ ഉപയോഗം 50% കുറഞ്ഞു. ഈ വിധി നിലവിൽവന്നത് ഒരു വ്യക്തിക്ക് ആഡംബര മൊബൈൽഫോൺ വാങ്ങാൻ കഴിവുണ്ടെങ്കിൽ അയാൾക്ക് നികുതി റിട്ടേൺ നൽകാനുള്ള വരുമാനവുമുണ്ടെന്ന കാഴ്ചപ്പാടിലാണ്.

*(Singhal and Rogers 2001: 205 - 04)*

**Box 6.6**

ലോകത്തിലെ അതിവേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ഒരു മൊബൈൽവിപണിയാണ് ഇന്ത്യയിലുള്ളത് 1995 ആഗസ്റ്റിലാണ് ഇന്ത്യയിലാദ്യമായി വ്യാവസായികാടിസ്ഥാനത്തിൽ മൊബൈൽ സേവനം നിലവിൽ വന്നത്. തുടക്കത്തിലെ 5-6 വർഷങ്ങളിൽ ശരാശരി ഉപഭോക്താക്കളുടെ എണ്ണം ഏതാണ് 0.05 - 0.1 മില്യൻ മാത്രമായിരുന്നു. 2002 ഡിസംബറിൽ 10.5 മില്യൻ മൊബൈൽ ഉപഭോക്താക്കളാണ് ഉണ്ടായിരുന്നത്. 1994 ലെ പുതിയ ടെലികോംനയം പിന്തുടരുകയും മൊബൈൽ സെറ്റിന്റെ ഉയർന്ന വിലയും ഉയർന്ന സേവനനിരക്കും കാരണം വളർച്ചനിരക്ക് കുറയുകയും ചെയ്തു. 1999 ലെ പുതിയ ടെലികോം നയം ഉപഭോക്താക്കൾക്ക് അനുകൂലമാവുകയും മൊബൈൽ ഉപഭോക്താക്കളുടെ എണ്ണം വർധിക്കുകയും ചെയ്തു. 2003 ൽ 16 മില്യൺ, തുടർന്ന് 2004 ൽ 22 മില്യൺ 2005 ൽ 32 മില്യനായി ഉയർന്നു. ഇന്ത്യ (123.44 മില്യൺ) യെക്കാളും മൊബൈൽ ഫോൺ ഉപയോഗിക്കുന്ന രാജ്യങ്ങൾ (സെപ്തംബർ 2006): ചൈന - 408 മില്യൺ, യു.എസ്.എ - 170 മില്യൺ, റഷ്യ - 130 മില്യൺ.

Box 6.7

### കലാമിന് വിദ്യാർഥികളുടെ പ്രതിഷേധക്കത്ത്

സർവകലാശാലയിൽ സെൽഫോണിന്റെ ഉപയോഗം നിയന്ത്രിച്ചതും ഡ്രസ് കോഡ് അടിച്ചേൽപ്പിച്ചതും വിദ്യാർഥികളുടെ സംഘടിതപ്രക്ഷോഭത്തിന് കാരണമായി. ഈ കാര്യത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അന്നത്തെ രാഷ്ട്രപതി എ.പി.ജെ. അബ്ദുൽകലാമിന് വിദ്യാർഥികൾ കത്തെഴുതുകയുണ്ടായി.

*Source: http://www.ndtv.com (Thursday, January, 19, 2006 (Chennai)*


### ബോക്സ് 6.5, 6.6, 6.7 എന്നിവയിലുള്ള പഠനപ്രവർത്തനം

- മൂന്ന് ബോക്സുകളും ശ്രദ്ധാപൂർവം വായിക്കുക.
- മൊബൈൽഫോണിന്റെ ഉപയോഗത്തിലുള്ള വളർച്ചയെക്കുറിച്ച് എന്ത് ആശയമാണ് അത് നൽകുന്നത്?
- മൊബൈൽഫോണിനോടുള്ള മനോഭാവത്തിലും അംഗീകാരത്തിലും എന്തെങ്കിലും വ്യത്യാസം കാണാൻ കഴിയുന്നുണ്ടോ?

6.5

തുടക്കത്തിൽ, 1980 കളുടെ അവസാനം മൊബൈൽ ഫോണുകളെ കുറ്റവാളികൾ ദുരുപയോഗം ചെയ്തിരുന്നതു കൊണ്ട് അവിശ്വാസത്തോടെയാണ് കണ്ടിരുന്നത്. പിന്നീട് 1990കളിൽ സമ്പന്നർക്കു മാത്രം ഉപയോഗിക്കാൻ കഴിയുന്ന ആർഭാടവസ്തുവായി അത് കണക്കാക്കപ്പെട്ടു. അതുകൊണ്ടുതന്നെ അവ നികുതിയുടെ പരിധിയിൽ വരണമെന്ന വാദവും ഉയർന്നു. എന്നാൽ പ്രതിസന്ധികളെയും പ്രതിബന്ധങ്ങളെയും മറികടന്നുകൊണ്ട് 2006 ആയപ്പോഴേക്കും മൊബൈൽഫോൺ ഉപയോഗത്തിൽ ലോകത്തിൽത്തന്നെ നാലാമത്തെ സ്ഥാനം കരസ്ഥമാക്കാൻ ഇന്ത്യക്ക് കഴിഞ്ഞു. മൊബൈൽ ഫോണിന്റെ ഈ വളർച്ചയ്ക്കുള്ള കാരണങ്ങളെക്കുറിച്ച് ക്ലാസിൽ ഒരു ചർച്ച സംഘടിപ്പിക്കുക. ഇത് സംഭവിച്ചത് വിപണനതന്ത്രങ്ങൾ കൊണ്ടും മാധ്യമപ്രചാരണങ്ങൾ കൊണ്ടുമാണോ? ഇത് ഇന്നും ഒരു പദവിചിഹ്നമാണോ?

- സുഹൃത്തുക്കൾക്കും പ്രിയപ്പെട്ടവർക്കുമിടയിൽ പരസ്പരബന്ധങ്ങൾക്ക് ഇത് ഇന്നും ഒരു പ്രധാന ഘടകമായി നിലനിൽക്കുന്നുണ്ടോ?
- കുട്ടികൾ എവിടെയാണ് എന്ന ഉൽക്കണ്ഠ കുറയ്ക്കാൻ രക്ഷിതാക്കളും ഇതിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നുണ്ടോ?
- യുവജനങ്ങൾക്കിടയിൽ സെൽഫോണിന്റെ ആവശ്യം ശക്തമായി തോന്നാനുള്ള വിവിധങ്ങളായ കാരണങ്ങൾ കണ്ടെത്താൻ ശ്രമിക്കുക.



ലൈസേഷൻ ഉൾക്കൊള്ളുന്നു. അത് ഇന്ത്യയെ ഡിജിറ്റൽ ശാക്തീകരണം നടത്തിയ സമൂഹത്തിലേക്കും ജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്കും മാറ്റി. പുറംപണിക്കാരാർ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് മുൻ അധ്യായങ്ങളിൽ മനസ്സിലാക്കിയിട്ടുണ്ട്.



*A Call Centre*

ഇത് മൊബൈൽഫോണുകളുടെ ഉപയോഗം വ്യാപകമാക്കുകയും നഗരങ്ങളിലെ മധ്യവർഗത്തിൽപെട്ട യുവാക്കൾക്കിടയിൽ ഒഴിച്ചുകൂടാൻ പറ്റാത്തതായി മാറുകയും ചെയ്തു. മൊബൈൽ ഫോൺ ഉപയോഗത്തിന്റെ വേഗത്തിൽ വന്ന മാറ്റങ്ങൾ താഴെയുള്ള മൂന്ന് ബോക്സുകളിൽ പ്രതിപാദിച്ചതു കാണാം.

## ആഗോളവൽക്കരണവും തൊഴിലും (Globalisation and Labour)

### ആഗോളവൽക്കരണവും പുതിയ അന്താരാഷ്ട്ര തൊഴിൽവിഭജനവും (Globalisation and a New International Division of Labour)

മൂന്നാംലോക രാജ്യങ്ങളിൽ നിലനിന്നിരുന്ന ഉൽപ്പാദന തൊഴിൽ രീതികളിൽനിന്നു വ്യത്യസ്തമായി ആഗോളവൽക്കരണത്തെ തുടർന്ന് അന്താരാഷ്ട്രതലത്തിൽ ഒരു പുതിയ തൊഴിൽവിഭജനം ഉയർന്നുവന്നു. നാലാം പാഠഭാഗത്തിൽ പുറംതൊഴിൽക്കരാറിനെക്കുറിച്ചും 5-ാം അധ്യായത്തിൽ കരാർകൃഷിയെക്കുറിച്ചും പ്രതിപാദിച്ചിരുന്നു. നൈക്ക് കമ്പനിയെ ഉദാഹരണമായെടുത്തുകൊണ്ട് ഇത് വിശദീകരിക്കാം.

1960-ൽ സ്ഥാപിതമായതു മുതൽ നൈക്ക് കമ്പനി അസാധാരണമായ വളർച്ച കൈവരിച്ചു. നൈക്ക് വളർന്നത് ഷൂ ഇറക്കുമതിചെയ്യുന്ന കമ്പനി എന്ന നിലയ്ക്കാണ്. കമ്പനിയുടെ സ്ഥാപകനായ ഫിൽ നൈറ്റ് (Phil Knight) ജപ്പാനിൽനിന്ന് ഷൂ ഇറക്കുമതിചെയ്ത് അത്‌ലറ്റിക് മീറ്റുകളിൽ വിറ്റിരുന്നു. താമസിയാതെ ബഹുരാഷ്ട്രകമ്പനിയായും രാജ്യാന്തര കോർപറേഷനായും നൈക്ക് കമ്പനി വളർന്നുവന്നു. കമ്പനികളുടെ ആസ്ഥാനം പോർട്ടലാൻഡിനു പുറത്തുള്ള ഒറിഗോണിലെ ബിവെർട്ടനിലാണ്. യു.എസിലെ രണ്ട് ഫാക്ടറികളാണ് നൈക്കിനു വേണ്ടി ഷൂ ഇതുവരെ നിർമ്മിച്ചിരുന്നത്. 1960കളിൽ ജപ്പാനിലും നിർമ്മിക്കാൻ തുടങ്ങി. അവിടെ ഉൽപ്പാദന ചെലവ് കൂടിയപ്പോൾ 1970 ന്റെ മധ്യത്തോടെ ഉൽപ്പാദനം ദക്ഷിണ കൊറിയയിലേക്കു മാറ്റി. ദക്ഷിണ കൊറിയയിൽ തൊഴിലാളികളുടെ വേതനം കൂട്ടിയപ്പോൾ 1980 ൽ ഉൽപ്പാദന യൂണിറ്റുകൾ

**Box 6.8**

ജനറൽ മോട്ടോഴ്സ് ഇരുപതിനായിരം ഡോളർ ഷോറൂം വിലയ്ക്ക് പ്രത്യക്ഷത്തിൽ പൊന്റിയാക് ലി മാൻസ് എന്ന അമേരിക്കൻ കാർ നിർമ്മിക്കുമ്പോൾ 7600 ഡോളർ മാത്രമാണ് അമേരിക്കയിൽ ലഭിക്കുന്നത് (ഡിട്രോയിറ്റിലെ തൊഴിലാളികൾക്കും മാനേജ്മെന്റിനും ന്യൂയോർക്കിലെ വക്കീലൻമാർക്കും ബാങ്കർമാർക്കും വാഷിങ്ടനിലെ ലോബീസ്റ്റിനും രാജ്യത്തിലെ മൊത്തം ഷെയർ ഹോൾഡർമാർക്കും കൂടെ). ബാക്കിയുള്ളത്.

- 48 ശതമാനം ദക്ഷിണകൊറിയയിലേക്ക് കൂട്ടിച്ചേർക്കലിനും അധ്വാനത്തിനും
- 28 ശതമാനം ജപ്പാൻ എൻജിനും ഇലക്ട്രോണിക്സിനും മറ്റുനൂതന ഭാഗങ്ങൾക്കും
- 12 ശതമാനം ജർമ്മനിക്ക് - രൂപഭംഗി വരുത്തുന്നതിന്.
- 7 ശതമാനം ചെറിയ ഘടകഭാഗങ്ങൾക്കായി തായ്‌വാനും സിംഗപ്പൂരിനും
- 4 ശതമാനം ഇംഗ്ലണ്ടിന് - വിപണനവുമായി ബന്ധപ്പെട്ട്
- ഒരു ശതമാനം ബർബഡോസ് അല്ലെങ്കിൽ അയർലൻഡിന് - ദത്തവിശകലനത്തിന്

(Reich 1991)

**Box 6.9**

ഏറ്റവും കൂടുതൽ ദരിദ്രരായ ജനങ്ങൾ ജീവിക്കുന്നത് തെക്കേ ഏഷ്യയിലാണെന്നും ഇന്ത്യ, നേപ്പാൾ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ ദാരിദ്ര്യനിരക്ക് അങ്ങേയറ്റം ഉയർന്നതാണെന്ന് അന്താരാഷ്ട്ര തൊഴിൽ സംഘടന (ILO)യുടെ '2005 ലെ ഏഷ്യയിലും പസഫിക്കിലും തൊഴിലും സാമൂഹിക പ്രവണതയും' എന്ന റിപ്പോർട്ടിൽ പറയുന്നു. ഏഷ്യയിലെ തൊഴിൽവിടവിന്റെ വളർച്ചയുടെ കൃത്യമായ വിശകലനമാണ് ഈ പഠനം നൽകുന്നത്. ഈ പ്രദേശങ്ങളുടെ സാമ്പത്തികവളർച്ചയ്ക്ക് അനുസൃതമായി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയുണ്ടായില്ലെന്ന് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. 2003-2004 കാലഘട്ടത്തിൽ ഏഷ്യയിലെയും പസഫിക്കിലെയും സാമ്പത്തികവളർച്ചനിരക്ക് ഏഴ് ശതമാനമെന്നതുമായി താരതമ്യം ചെയ്യുമ്പോൾ മൊത്തം 1.588 ബില്യൻ ആയിരുന്നു. തൊഴിലവസരങ്ങളുണ്ടാക്കിയതിൽ വളർച്ച നിരാശാജനകമായി, 1.6 ശതമാനം അല്ലെങ്കിൽ 25 ബില്യൻ മാത്രമായിരുന്നു.

*"Job Growth Remains Disappointing- ILO" Labour File September- October 2005 p.54.*

തായ്‌ലാൻഡിലേക്കും ഇന്തോനേഷ്യയിലേക്കും വ്യാപിച്ചു. 1990 കളിൽ നൈക്കിന്റെ യൂണിറ്റ് ഇന്ത്യയിലും സ്ഥാപിക്കപ്പെട്ടു. അങ്ങനെ കുറഞ്ഞ ചെലവിൽ തൊഴിലാളികളെ ലഭ്യമാണെങ്കിൽ പോലും മറ്റ് സ്ഥലങ്ങളിലേക്ക് കമ്പനിയുടെ ഉൽപ്പാദന യൂണിറ്റുകൾ മാറ്റിക്കൊണ്ടിരുന്നു. ഈ പ്രക്രിയ തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുകയും തൊഴിൽസുരക്ഷ ഇല്ലാതാക്കുകയും ചെയ്തു. ഈ അസ്ഥിരമായ തൊഴിൽ ഉൽപ്പാദകർക്ക് ഗുണകരമാണ്. ഒരു കേന്ദ്രസ്ഥലത്ത് വൻതോതിൽ ഉൽപ്പാദനം നടത്തുന്നതിനു (ഫോർഡിസം) പകരം പല സ്ഥലങ്ങളിൽ ഉൽപ്പാദനം നടത്തുന്ന അസ്ഥിര ഉൽപ്പാദനവ്യവസ്ഥയിലേക്കുള്ള മാറ്റം (പോസ്റ്റ് ഫോർഡിസം) നടപ്പിലായി.

## ആഗോളവൽക്കരണവും ഉദ്യോഗവും (Globalisation and Employment)

ആഗോളവൽക്കരണവും തൊഴിലും സംബന്ധിച്ച മറ്റൊരു പ്രധാന പ്രശ്നം, തൊഴിലവസരങ്ങളും ആഗോളവൽക്കരണവും തമ്മിലുള്ള ബന്ധമാണ്. ഇവിടെയും ആഗോളവൽക്കരണത്തിന്റെ അസന്തുലിതമായ പരിണതഫലങ്ങൾ കാണാം. നഗരങ്ങളിലെ മധ്യവർഗയുവാക്കൾക്ക് ആഗോളവൽക്കരണവും വിവരസാങ്കേതികവിദ്യയിലെ വിപ്ലവവും പുതിയ തൊഴിലവസരങ്ങൾ നൽകി. കോളേജുകളിൽനിന്നും ബി.എസ്.സി, ബി.എ., ബി.കോം തുടങ്ങിയ പരമ്പരാഗത കോഴ്സുകൾ പഠിക്കുന്നതിനു പകരം അവർ കമ്പ്യൂട്ടർ ഭാഷകൾ പഠിക്കുകയും കോൾ സെന്ററുകളിലും ബിസിനസ് (BPO) കേന്ദ്രങ്ങളിലും തൊഴിൽ നേടുകയും ചെയ്തു. അവർ ഷോപ്പിങ് മാളുകളിലും റസ്റ്റോറന്റുകളിലും പണിയെടുക്കാൻ തുടങ്ങി. എന്നിരുന്നാലും ബോക്സ് 6.9 വിശാലമായ തൊഴിൽ പ്രവണത നിരാശാജനകമാണെന്ന് കാണിക്കുന്നു.

## ആഗോളവൽക്കരണവും രാഷ്ട്രീയ മാറ്റങ്ങളും (Globalisation and Political Changes)

ആഗോളവൽക്കരണകാലത്തെ ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രീയമാറ്റം സോഷ്യലിസ്റ്റ് ലോകത്തിന്റെ തകർച്ചയാണ്. ഇത് ആഗോളവൽക്കരണത്തിന്റെ വേഗത വർധിപ്പിക്കുകയും സാമ്പത്തിക നയങ്ങളോട് പ്രത്യേകമായൊരു സാമ്പത്തിക-രാഷ്ട്രീയസമീപനം പുലർത്തുകയും ചെയ്തു. നവലിബറൽ സമീപനം എന്നു വിളിക്കുന്ന ഈ സമീപനമനുസരിച്ചുള്ള നടപടികളെ നവലിബറൽ സാമ്പത്തികനടപടികളെന്നും വിളിക്കാൻ തുടങ്ങി. ഇന്ത്യയിൽ ഉദാരവൽക്കരണ നയങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഒരു രാഷ്ട്രീയവീക്ഷണമുണ്ടായിരുന്നു. സ്വതന്ത്രവിപണി കൂടുതൽ കാര്യക്ഷമവും നല്ലതുമായിരിക്കുമെന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലുള്ള രാഷ്ട്രീയസമീപനം രാഷ്ട്രത്തിന്റെ ഇടപെടലുകളെയും സർക്കാർ സബ്സിഡികളെയും വിമർശിക്കുന്നു. നിലവിലുള്ള ആഗോളവൽക്കരണപ്രക്രിയക്ക് സാമ്പത്തികവീക്ഷണത്തെ പോലെത്തന്നെ ഒരു രാഷ്ട്രീയവീക്ഷണവുമുണ്ട്. എന്നിരുന്നാലും തികച്ചും വ്യത്യസ്തമായ എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തുന്ന ആഗോളവൽക്കരണത്തിനുള്ള സാധ്യതകൾ നിലനിൽക്കുമെന്നു വിശ്വസിക്കുന്നു. എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തുന്ന ഒരു ഉൾക്കൊള്ളൽ ആഗോളവൽക്കരണ ആശയമാണ് നമുക്കുള്ളത്.

ആഗോളവൽക്കരണത്തിന്റെ മറ്റൊരു രാഷ്ട്രീയവികാസമാണ് അന്തർദേശീയവും പ്രാദേശികവുമായ സംഘടനകളുടെ വളർച്ച. യൂറോപ്യൻ യൂണിയൻ (EU), ആസിയൻ (ASEAN-Association of

South East Asian Nations ), സാർക്ക് (SAARC - South Asian Regional Conference ), സാഫ്റ്റ (SAFTA - South Asian Fedaration of Trade Association) എന്നിവ അവയിൽ പ്രധാനപ്പെട്ടതാണ് .

ആഗോളവൽക്കരണത്തിന്റെ മറ്റൊരു രാഷ്ട്രീയമാനമാണ് അന്തർദേശീയ സർക്കാർ സംഘടനകളുടെയും (IGOS) അന്തർദേശീയ സർക്കാരിതര സംഘടനകളുടെയും (INGO) ഉയർച്ച. രാജ്യാന്തരവ്യാപ്തിയുള്ള ഒരു പ്രത്യേക പ്രവർത്തനമണ്ഡലത്തെ നിയന്ത്രിക്കുന്നതിനോ മേൽനോട്ടം വഹിക്കുന്നതിനോ രൂപീകരിക്കപ്പെട്ട സംഘടനയാണ് അന്തർദേശീയ സർക്കാർ സംഘടന എന്നു പറയുന്നത്. ലോകവ്യാപാര സംഘടന (WTO) ലോകമെമ്പാടുമുള്ള വ്യാപാര പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന സംഘടനയാണ്.

അന്തർദേശീയ സർക്കാർ ഇതര സംഘടനകൾ പേര് സൂചിപ്പിക്കുന്നതുപോലെ സർക്കാർ സംഘടനകളിൽനിന്ന് വ്യത്യസ്തമായ സ്വതന്ത്ര സംഘടനകളാണ്. അന്തർദേശീയ പ്രശ്നങ്ങൾക്ക് അവ ശ്രദ്ധയേകുകയും നയ തീരുമാനങ്ങളെടുക്കുകയും ചെയ്യുന്നു. ഗ്രീൻപീസ് (അധ്യായം 8 കാണുക), റെഡ് ക്രോസ്, ആംനസ്റ്റി ഇന്റർനാഷണൽ, മെഡിസിൻസ് സാൻസ് ഫ്രോണ്ടിയേഴ്സ് (Medecins sans Frontiers (Doctor's Without Borders)) തുടങ്ങിയവ അതിപ്രശസ്തമായ സർക്കാരേതര സംഘടനകളാണ്. അവയെക്കുറിച്ച് കൂടുതൽ കണ്ടെത്തുക.

## ആഗോളവൽക്കരണവും സംസ്കാരവും (Globalisation and Culture)

ആഗോളവൽക്കരണം പല രീതിയിലാണ് നമ്മുടെ സംസ്കാരത്തെ ബാധിച്ചത്. പുരാതനകാലം മുതൽക്കുതന്നെ സാംസ്കാരികസ്വാധീനങ്ങളോട് ഇന്ത്യക്ക് തുറന്ന സമീപനമുണ്ടായതുകൊണ്ട് അതിനെ സമ്പുഷ്ടമാക്കാനും സാധിച്ചിട്ടുണ്ട്. അവസാന ദശാബ്ദങ്ങളിൽ പ്രാദേശിക സംസ്കാരത്തെ മറികടക്കുന്ന രീതിയിൽ സാംസ്കാരികമാറ്റങ്ങൾ വരുന്നതായി ഭയപ്പെട്ടിരുന്നു. പുറംലോകത്തെ കുറിച്ച് ഒന്നുമറിയാതെ ആരോടും ഒന്നും സംസാരിക്കാതെ എന്തിനെയും സംശയത്തോടെ മാത്രം കാണുന്ന, ജീവിതകാലം മുഴുവൻ കിണറ്റിൽ മാത്രം ചെലവഴിച്ച കൂപമണ്ഡൂകത്തെ പോലെ ആകാൻ നാം ആഗ്രഹിച്ചില്ല. സാംസ്കാരികസ്വാധീനങ്ങളോടുള്ള പരമ്പരാഗതമായ തുറന്ന സമീപനം ഇന്ത്യ ഇപ്പോഴും നിലനിർത്തിപ്പോരുന്നതുകൊണ്ട് രാഷ്ട്രീയ-സാമ്പത്തികപ്രശ്നങ്ങൾ മാത്രമല്ല, വസ്ത്രങ്ങൾ, ജീവിതശൈലികൾ, സംഗീതം, സിനിമ, ഭാഷകൾ, ശരീരഭാഷ എന്നിവയെക്കുറിച്ചെല്ലാം നമ്മുടെ സമൂഹത്തിൽ സംവാദങ്ങൾ ഉണ്ടാകാറുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിലെ പരിഷ്കർത്താക്കളും ആദ്യകാല ദേശീയവാദികളും സാംസ്കാരം, പാരമ്പര്യം എന്നിവയെ കുറിച്ച് ചർച്ച നടത്തിയത് എപ്രകാരമാണെന്ന് അധ്യായം ഒന്നിലും രണ്ടിലും നാം മനസ്സിലാക്കി. ഇതേ പ്രശ്നങ്ങൾ തന്നെയാണ് നാം ഇന്നും നേരിട്ടു കൊണ്ടിരിക്കുന്നത്. അതിന്റെ വ്യത്യാസം വ്യാപ്തി, തീവ്രത എന്നിവയിലുള്ള മാറ്റം മാത്രമാണ്.

### ഏകാത്മകതയും സംസ്കാരത്തിന്റെ ആഗോളപ്രാദേശീകരണവും (Homogenisation Versus Glocalisation of Culture)

എല്ലാ സംസ്കാരങ്ങളും സമാനമായിത്തീരുമെന്നതാണ് ഒരു പ്രധാനവാദം. അതായത് സംസ്കാരങ്ങൾ ഏകാത്മകമാവും. ആഗോളസംസ്കാരവും പ്രാദേശിക സംസ്കാരങ്ങളും ഇടകലരുന്ന പ്രവണത കൂടുകയും ചെയ്യുമെന്നാണ് മറ്റൊരു വാദം. ഇതിനെ ഗ്ലോക്കലൈസേഷൻ (Glocalisation) അല്ലെങ്കിൽ ആഗോളപ്രാദേശീകരണം എന്നു വിളിക്കുന്നു. ഇവ പൂർണമായും സ്വാഭാവികമായി സംഭവിക്കുന്ന മാറ്റങ്ങളല്ല.

ആഗോളവൽക്കരണത്തിന്റെ വാണിജ്യതാൽപ്പര്യങ്ങളുമായി ഇവയ്ക്ക് ബന്ധമുണ്ട്. ഉൽപ്പന്നങ്ങളുടെ വിപണി മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പ്രാദേശിക

**6.6**



- ഗ്ലോക്കലൈസേഷന്റെ (ആഗോളപ്രാദേശീകരണം) മറ്റു സന്ദർഭങ്ങൾ തിരിച്ചറിഞ്ഞ് ചർച്ചചെയ്യുക.
- ബോളിവുഡ് നിർമ്മിക്കുന്ന സിനിമകളിൽ എന്തെങ്കിലും വ്യത്യാസം ശ്രദ്ധിച്ചിട്ടുണ്ടോ? വിദേശരാജ്യങ്ങളിലെ രംഗങ്ങളുണ്ടെങ്കിലും കഥ പ്രാദേശികമാണ്. കഥയുടെ ഭാഗങ്ങൾ വിദേശത്താണെങ്കിലും കഥാപാത്രങ്ങൾ ഇന്ത്യയിലേക്ക് തിരിച്ചു വരുന്നുമുണ്ട്. പൂർണമായും ഇന്ത്യക്ക് പുറത്തുള്ള കഥകൾ ഇപ്പോൾ ഉണ്ട് - ചർച്ച ചെയ്യുക.

സംസ്കാരങ്ങളെ കൈകാര്യം ചെയ്യാൻ വിദേശകമ്പനികൾ സ്വീകരിച്ച തന്ത്രമാണ് സംസ്കാരത്തിന്റെ ആഗോളവൽക്കരണം. ഇന്ത്യയിൽ വിദേശചാനലുകളായ സ്റ്റാർ, എം. ടി. വി., ചാനൽ വി, കാർട്ടൂൺ നെറ്റ്‌വർക്ക് തുടങ്ങിയവ അവരുടെ പരിപാടികൾ ഇന്ത്യൻ ഭാഷയിൽ സംപ്രേഷണം ചെയ്യുന്നുണ്ട്. മക്ഡോണാൾഡ് കമ്പനി ഇന്ത്യയിൽ പച്ചക്കറിയും കോഴി ഉൽപ്പന്നങ്ങളും മാത്രമാണ് വിപണനം ചെയ്യുന്നത്. വിദേശങ്ങളിൽ ഏറെ പ്രശസ്തമായ അവരുടെ ബീഫ് ഉൽപ്പന്നങ്ങൾ ഇന്ത്യയിൽ അവർ വിൽക്കുന്നില്ല. നവരാത്രി ഉത്സവകാലത്ത് അവർ സസ്യ ഉൽപ്പന്നങ്ങളുടെ വിപണനത്തിലേക്കു തിരിയുന്നു. സംഗീതത്തിന്റെ മേഖലയിൽ ഭംഗ്ര പോപ്പ് (Bhangra Pop) ഇൻഡി പോപ്പ്, ഫ്യൂഷൻസംഗീതം, റീമിക്സുകൾ എന്നിവയുടെ പ്രചാരം വളർന്നുവരുകയാണ്.

ഇന്ത്യൻ സംസ്കാരത്തിന്റെ കരുത്തു കാണാൻ സാധിക്കുന്നത് മറ്റു സംസ്കാരങ്ങളോടുള്ള തുറന്ന സമീപനത്തിലാണ്. ആധുനിക കാലഘട്ടത്തിലും നമ്മുടെ പരിഷ്കർത്താക്കളും ദേശീയവാദികളും ഉത്സാഹത്തോടെ പാരമ്പര്യത്തെയും സംസ്കാരത്തെയും കുറിച്ച് സംവാദത്തിൽ ഏർപ്പെടുന്നതു കാണാം. സംസ്കാരം നിശ്ചിതവും മാറ്റമില്ലാത്തതുമായ ഒന്നായി കാണാൻ കഴിയില്ല. സാമൂഹികമാറ്റങ്ങളെ അഭിമുഖീകരിക്കുമ്പോൾ അത് തകരുകയോ പഴയതുപോലെ തന്നെ നിലനിൽക്കുകയോ ചെയ്യാം. ആഗോളവൽക്കരണം പുതിയ പ്രാദേശിക സംസ്കാരത്തിന്റെ രൂപീകരണത്തിൽ മാത്രമല്ല, ആഗോളസംസ്കാരത്തിന്റെയും രൂപീകരണത്തിന് കാരണമായേക്കാം.

## ലിംഗഭേദവും സംസ്കാരവും (Gender and Culture)

പരമ്പരാഗതസംസ്കാരം നിലനിർത്തണമെന്നു വാദിക്കുന്നവർ സ്ത്രീകൾക്കെതിരെയുള്ള ജനാധിപത്യവിരുദ്ധവും വിവേചനപരവുമായ സമ്പ്രദായങ്ങളെ പ്രതിരോധിക്കാറുണ്ട്, സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകാത്തതിനും പൊതുകാര്യങ്ങളിൽ പങ്കെടുക്കാൻ അനുവദിക്കാത്തതിനെതിരെയും അവർ വാദിക്കുന്നു. ആഗോളവൽക്കരണം സ്ത്രീവിരുദ്ധമായ പ്രക്രിയയെ പ്രതിരോധിക്കുന്ന ഒന്നാണ്. ഭാഗ്യവശാൽ ഒരു ജനാധിപത്യപാരമ്പര്യവും സംസ്കാരവും വികസിപ്പിച്ചെടുക്കാൻ ഇന്ത്യക്ക് സാധിച്ചിട്ടുണ്ട്. എല്ലാവരെയും ഉൾക്കൊള്ളുന്ന ജനാധിപത്യ പാരമ്പര്യം നാം വളർത്തിയെടുത്തിട്ടുണ്ട്.


## ഉപഭോഗസംസ്കാരം (Culture of Consumption)

സംസ്കാരത്തെ കുറിച്ച് സംസാരിക്കുമ്പോൾ വസ്ത്രം, സംഗീതം, നൃത്തം, ആഹാരം തുടങ്ങിയവയെയാണ് നാം പലപ്പോഴും പരാമർശിക്കാറുള്ളത്. മൊത്തം ജീവിതശൈലിയെയാണ് യഥാർഥത്തിൽ സംസ്കാരം എന്നു പറയുന്നത്. ആഗോളവൽക്കരണം സംസ്കാരത്തിന്റെ രണ്ട് ഉപയോഗങ്ങളെ സൂചിപ്പിക്കുന്നു - ഉപഭോഗസംസ്കാരവും കോർപറേറ്റ് സംസ്കാരവും. ആഗോളവൽക്കരണം വളർത്തിയെടുക്കുന്ന ഉപഭോഗസംസ്കാരം നഗരങ്ങളുടെ വളർച്ചയെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. 1970കൾ വരെ നിർമ്മാണവ്യവസായങ്ങളാണ് നഗരങ്ങളുടെ വളർച്ചയിൽ പങ്കുവഹിച്ചത്. എന്നാൽ ഉപഭോഗസംസ്കാര (കല, ആഹാരം, ഫാഷൻ, സംഗീതം, ടൂറിസം) മാണ് ഇപ്പോൾ ഒരു പരിധിവരെ നഗരങ്ങളുടെ വളർച്ചയെ സഹായിക്കുന്നത്. ഇന്ത്യയിൽ പ്രധാന നഗരങ്ങളിലെല്ലാം വളർന്നു വരുന്ന ഷോപ്പിങ് മാളുകളും മൾട്ടിപ്ലക്സ് സിനിമാഹാളുകളും, അമ്യൂസ്മെന്റ് പാർക്കുകളും വാട്ടർ വേൾഡുകളും ഇത്



**6.7**

- പരമ്പരാഗത കടകളെയും പുതിയ ഡിപാർട്ട്മെന്റ് സ്റ്റോറുകളെയും താരതമ്യം ചെയ്യുക.
- മാളുകളെ പാരമ്പര്യവിപണിയുമായി താരതമ്യം ചെയ്യുക. ഇവിടെ ഉൽപന്നങ്ങൾ മാത്രമല്ല, ഷോപ്പിങ്ങിന്റെ അർഥങ്ങളിൽ വന്ന മാറ്റങ്ങളും ചർച്ചചെയ്യുക.
- ഭക്ഷണശാലകളിൽ വിതരണം ചെയ്യുന്ന പുതിയ തരം ഭക്ഷണങ്ങളെ കുറിച്ച് ചർച്ചചെയ്യുക.
- ആഗോളതലത്തിൽ പ്രവർത്തിക്കുന്ന പുതിയ ഫാസ്റ്റ്ഫുഡ് ഭക്ഷണശാലകളെക്കുറിച്ച് എഴുതുക.




വ്യക്തമാക്കുന്നുണ്ട്. പണം സമ്പാദിക്കുന്നതിനേക്കാൾ ചെലവഴിക്കുന്നതാണ് പ്രധാനമെന്ന തെറ്റായ സന്ദേശം പ്രചരിപ്പിക്കുന്നതിൽ മാധ്യമങ്ങളും പരസ്യങ്ങളും പ്രധാന പങ്കുവഹിക്കുന്നു. പണം, സൂക്ഷിച്ച് ഉപയോഗിക്കുന്നത് ഇന്ന് ഒരു സദ്ഗുണമായി കണക്കാക്കുന്നില്ല. നേരമ്പോക്കിനുള്ള ഒരു ഉപാധിയായി പ്രോത്സാഹിപ്പിക്കുന്നത് ഷോപ്പിങ്ങിനെയാണ് .

മിസ് വേൾഡ്, മിസ് യൂണിവേഴ്സ് എന്നീ സൗന്ദര്യമത്സരങ്ങളുടെ തുടർച്ചയായ വിജയങ്ങൾ ഫാഷൻ-സൗന്ദര്യവർധകവസ്തുക്കൾ, കായികക്ഷമത വർധിപ്പിക്കുന്ന ഉപകരണങ്ങൾ എന്നീ മേഖലകളിലെ വ്യവസായങ്ങൾക്ക് അഭൂതപൂർവമായ വളർച്ച സമ്മാനിച്ചു. ഐശ്വര്യറായിയോ സുസ്മിതാസെന്നോ ആയിത്തീരാൻ യുവതികൾ സ്വപ്നം കണ്ടുതുടങ്ങി. കോൻ ബനേക



**6.8**

ഈ അടുത്ത കാലത്തായി രാഷ്ട്രീയ പാർട്ടികൾ അവരുടെ രാഷ്ട്രീയ പ്രചാരണപ്രവർത്തനങ്ങൾക്ക് കോർപറേറ്റുകളുടെ സഹായം തേടിയിരുന്നു. പരസ്യസ്ഥാപനങ്ങളെയും സമീപിച്ചിരുന്നു. ഇത്തരം പ്രവണതകളുടെ കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി ചർച്ചചെയ്യുക.

ക്രോർപതി പോലുള്ള ഗെയിം ഷോകളിലൂടെ നമ്മുടെ ഭാവി മാറ്റിമറിക്കാമെന്ന ധാരണ വളർത്തിയെടുത്തു.

## കോർപറേറ്റ് സംസ്കാരം (Corporate Culture)

ഒരു സ്ഥാപനത്തിന്റെ ഉൽപ്പാദനക്ഷമതയും മത്സരക്ഷമതയും വർധിപ്പിക്കുന്നത് ആ സ്ഥാപനത്തിലെ എല്ലാ അംഗങ്ങളെയും ഉൾപ്പെടുത്തി മാനേജ്മെന്റ് വളർത്തിയെടുക്കുന്ന ഒരു പ്രത്യേക സംസ്കാരമാണിത്. കമ്പനിപരിപാടികളും ആചാരങ്ങളും ചട്ടങ്ങളും പാരമ്പര്യങ്ങളും എല്ലാം ഈ സംസ്കാരത്തിന്റെ ഭാഗമാണ്. കോർപറേറ്റ് സംസ്കാരം തൊഴിലാളികളുടെ കുറും അർപ്പണബോധവും വർധിപ്പിക്കുമെന്നും, അവരുടെ ഒത്തൊരുമ പ്രോത്സാഹിപ്പിക്കുമെന്നും കരുതപ്പെടുന്നു. പ്രവർത്തനശൈലി, സ്ഥാനക്കയറ്റം, ഉൽപ്പന്നങ്ങളുടെ പാക്കേജ് എന്നിവയെല്ലാം ഈ സംസ്കാരത്തിന്റെ ഭാഗങ്ങളാണ്.

ബഹുരാഷ്ട്ര കുത്തകകമ്പനികളുടെ വ്യാപനവും വിവരസാങ്കേതികവിദ്യയിലെ വിപ്ലവങ്ങളെ തുടർന്നുണ്ടായ അവസരങ്ങളും ഇന്ത്യയിലെ മെട്രോപൊളിറ്റൻ നഗരങ്ങളിൽ സോഫ്റ്റ്‌വെയർ കമ്പനികൾ, ബഹുരാഷ്ട്ര ബാങ്കുകൾ, ചാർട്ടേഡ് അക്കൗണ്ടൻസി സ്ഥാപനങ്ങൾ, ഓഹരി വിപണികൾ, ട്രാവൽ, ഡിസൈനിങ്, വിനോദം, മാധ്യമം എന്നീ മേഖലകളിൽ ജോലിചെയ്യുന്ന പ്രൊഫഷണലുകളുടെ ഒരു വർഗത്തെ സൃഷ്ടിച്ചു. സമ്മർദവും പിരിമുറുക്കവും സൃഷ്ടിക്കുന്ന ഒരു സമയക്രമമാണെങ്കിലും ഉയർന്ന ശമ്പളം ലഭിക്കുന്ന അവർ കൺസ്യൂമർ വ്യവസായത്തിന്റെ മുഖ്യ ഉപഭോക്താക്കളുമായിത്തീരുന്നു.

## തദ്ദേശീയ കരകൗശലത്തിനും - സാഹിത്യപാരമ്പര്യങ്ങൾക്കും ജ്ഞാന വ്യവസ്ഥകൾക്കുമുള്ള ഭീഷണി (Threat to many Indigenous Craft and literary Traditions and Knowledge System)

സാംസ്കാരികരൂപങ്ങളും ആഗോളവൽക്കരണവും തമ്മിലുള്ള മറ്റൊരു ബന്ധം തദ്ദേശ കരകൗശലവ്യവസായങ്ങളുടെയും സാഹിത്യപാരമ്പര്യങ്ങളുടെയും ജ്ഞാനവ്യവസ്ഥകളുടെയും അവസ്ഥയിൽനിന്നു വ്യക്തമാകും. ആഗോളവൽക്കരണത്തിനു മുമ്പുതന്നെ ഈ മേഖലകൾ പ്രതിസന്ധി നേരിട്ടിരുന്നുവെങ്കിലും ആഗോളവൽക്കരണം അവയ്ക്ക് ഏൽപ്പിച്ച ക്ഷതം ഭയാനകമായിരുന്നു. ഉദാഹരണത്തിന്, മുംബൈനഗരത്തിലെ തുണിമില്ലുകൾ സ്ഥിതി ചെയ്തിരുന്ന പാരൽ, ഗിർഗാം തുടങ്ങിയ മേഖലകളിൽ മുപ്പതോളം നാടകസംഘങ്ങൾ പ്രവർത്തിച്ചിരുന്നു. ആഗോളവൽക്കരണത്തിന്റെ ഫലമായി തുണിമില്ലുകളുടെ പ്രവർത്തനം നിലച്ചപ്പോൾ തൊഴിലാളികൾക്ക് ജോലിയില്ലാതാവുകയും നാടകസംഘങ്ങൾ അപ്രത്യക്ഷമാവുകയും ചെയ്തു. കുറച്ചു വർഷങ്ങൾക്കുമുമ്പ് ആന്ധ്രപ്രദേശിലെ കരീംനഗർ ജില്ലയിലെ സിറല്ല ഗ്രാമത്തിലും

**Box 6.10**

ഞങ്ങളുടെ ഡോമ്പാരി സമുദായത്തിന്റെ അവസ്ഥ വളരെ മോശമാണ്. കായികാഭ്യാസ പ്രകടനങ്ങൾ നടത്തി ജീവിക്കുന്ന ഞങ്ങളുടെ ഉപജീവനമാർഗം ടെലിവിഷനും റേഡിയോയും ഇല്ലാതാക്കി. ടെലിവിഷനും സർക്കസും ഉൾനാടൻ ഗ്രാമങ്ങളിൽ വരെ എത്തിയപ്പോൾ ഞങ്ങളുടെ പ്രകടനങ്ങൾ കാണാൻ താൽപര്യമില്ലാതായി. ഞങ്ങൾ കഠിനമായി പ്രവർത്തിച്ചു. ജനങ്ങൾ വിനോദത്തിനുവേണ്ടി ഞങ്ങളുടെ പ്രദർശനങ്ങൾ കണ്ടാലും തുച്ഛമായ പ്രതിഫലം പോലും നൽകാതെയായി. ഞങ്ങൾ പട്ടിണിയിലാണെന്ന് ആരും ഓർക്കാറില്ല. ഞങ്ങളുടെ തൊഴിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

*(More 1970)*

മെഡക്ക് ജില്ലയിലെ ദബക്ക ഗ്രാമത്തിലും പരമ്പരാഗത നെയ്ത്തുകാരിൽ പലരും ആത്മഹത്യ ചെയ്തു. പുതിയ സാങ്കേതികവിദ്യയിൽ മുതൽമുടക്കാനോ ഉപഭോക്താക്കളുടെ മാറുന്ന അഭിരുചിയോട് പൊരുത്തപ്പെടാനോ യന്ത്രത്തറികളോട് മത്സരിച്ച് പിടിച്ചുനിൽക്കാനോ അവർക്കു കഴിഞ്ഞില്ല.

അതുപോലെ വ്യത്യസ്ത രീതിയിലുള്ള പാരമ്പര്യ ജ്ഞാനവ്യവസ്ഥകൾ, പ്രത്യേകിച്ച് ഔഷധങ്ങളുടെയും കൃഷിയുടെയും മേഖലകളിൽ, തലമുറകളായി കൈമാറിപ്പോരുകയും സംരക്ഷിക്കുകയും ചെയ്തിരുന്നു. എന്നാൽ അടുത്തകാലത്ത് ബഹുരാഷ്ട്രകമ്പനികൾ തുളസി, മഞ്ഞൾ, രുദ്രാക്ഷം, ബസുമതി അരി എന്നിവയുടെ കുത്തകാവകാശം നേടിയെടുക്കാൻ ശ്രമിച്ചപ്പോൾ കാർഷികമേഖലയിലെ തദ്ദേശീയ ജ്ഞാനവ്യവസ്ഥയെ (Indigenous Knowledge) സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ഉയർന്നുവന്നു.

ആഗോളവൽക്കരണം നമ്മുടെ ജീവിതത്തെ ബാധിക്കുന്ന വ്യത്യസ്തവും സങ്കീർണവുമായ രീതികൾ ചുരുക്കിപ്പറയുക എളുപ്പമല്ല. വ്യവസായത്തിലും കൃഷിയിലുമുള്ള ആഗോളവൽക്കരണത്തിന്റെ സ്വാധീനം ഈ അധ്യായത്തിൽ എവിടെയും നമ്മൾ ചർച്ചചെയ്തിട്ടില്ല. നിങ്ങൾക്ക് നാലും അഞ്ചും അധ്യായങ്ങൾ ക്രോഡീകരിച്ചുകൊണ്ട് ആഗോളവൽക്കരണത്തിന്റെയും സാമൂഹികമാറ്റത്തിന്റെയും വിവരണങ്ങൾ ഉണ്ടാക്കിയെടുക്കാം. ഈ സംഭവങ്ങളെ സമൂഹശാസ്ത്ര സങ്കൽപ്പം ഉപയോഗിച്ചുകൊണ്ട് വീണ്ടും വിവരിക്കാവുന്നതാണ്.



1. നിങ്ങൾക്ക് താൽപ്പര്യമുള്ള ഏതെങ്കിലും വിഷയം തിരഞ്ഞെടുത്ത് ആഗോളവൽക്കരണം അതിനെ എങ്ങനെ ബാധിക്കുന്നുവെന്ന് ചർച്ചചെയ്യുക. സിനിമ, ജോലി, വിവാഹം അല്ലെങ്കിൽ മറ്റേതെങ്കിലും വിഷയം തിരഞ്ഞെടുക്കാവുന്നതാണ്.
2. ആഗോളവൽകൃത സാമ്പത്തികവ്യവസ്ഥയുടെ പ്രത്യേകത എന്തെല്ലാം? ചർച്ചചെയ്യുക.
3. സംസ്കാരത്തിനുമേലുള്ള ആഗോളവൽക്കരണത്തിന്റെ പരിണതഫലം ചുരുക്കി വിവരിക്കുക.
4. ഗ്ലോക്കലൈസേഷൻ (ആഗോളപ്രാദേശികീകരണം) എന്നാലെന്ത്? ഇത് ബഹുരാഷ്ട്ര കമ്പനികൾ പ്രയോഗിച്ച ഒരു വിപണന തന്ത്രം മാത്രമാണോ? അല്ലെങ്കിൽ ഇവിടെ യഥാർഥ സംസ്കാര സങ്കലനം നടക്കുന്നുണ്ടോ? ചർച്ചചെയ്യുക.



## REFERENCES


Leadbeater, Charles. 1999. *Living on Thin Air: The New Economy*. Viking, London.

More, Vimal Dadasaheb. 1970. 'Teen Dagdachi Chul' in Sharmila Rege *Writing caste/writing gender: narrating dalit women's testimonies*. Zubaan/Kali, Delhi, 2006.

Reich, R. 1991. 'Brainpower, bridges and the nomadic corporation'. *New Perspective Quarterly*, 8:67 71.

Sen, Amartya. 2004. *The Argumentative Indian: Writings on Indian History, Culture and Identity*. Allen Lane, Penguin Group, London.

Sassen, Saskia .1991. *The Global City: New York, London, Tokyo*. Princeton University Press, Princeton.

Singhal, Arvind and E.M. Rogers. 2001. *India's Communication Revolution*. Sage, New Delhi.


# Notes




H9J7F2

# 7 ബഹുജനമാധ്യമങ്ങളും വിനിമയങ്ങളും
# Mass Media and Communications

ടെലിവിഷൻ, പത്രങ്ങൾ, മാസികകൾ, റേഡിയോ, പരസ്യങ്ങൾ, വീഡിയോ ഗെയിംസ്, സീഡികൾ തുടങ്ങിയവ ബഹുജനമാധ്യമങ്ങളിൽ ഉൾപ്പെടുന്നു. ബഹുജനങ്ങളിലേക്ക് (വലിയ ഒരു ജനവിഭാഗം) എത്തിച്ചേരുന്നതുകൊണ്ടാണ് അവയെ ബഹുജനമാധ്യമങ്ങൾ എന്നുപറയുന്നത്. അവ ചിലപ്പോൾ ബഹുജനവിനിമയങ്ങൾ (Mass Communication) എന്നും അറിയപ്പെടാറുണ്ട്. നിങ്ങളുടെ തലമുറയിൽ പലർക്കും ഏതെങ്കിലും രൂപത്തിലുള്ള ബഹുജനമാധ്യമങ്ങളോ വിനിമയങ്ങളോ ഇല്ലാത്ത ലോകത്തെപ്പറ്റി ചിന്തിക്കാൻപോലും പ്രയാസമായിരിക്കും.




@R.K. Laxman

### 7.1

- ടെലിവിഷൻ, സിനിമ, പത്രം, മാസിക, ഇന്റർനെറ്റ്, ടെലിഫോൺ എന്നിവയില്ലാത്ത ലോകത്തെക്കുറിച്ച് സങ്കൽപ്പിക്കുക.
- നിങ്ങളുടെ ഒരു ദിവസത്തെ പ്രവർത്തനങ്ങൾ എഴുതുക. ഏതെങ്കിലും രീതിയിൽ നിങ്ങൾ മാധ്യമങ്ങൾ ഉപയോഗിക്കുന്ന സന്ദർഭങ്ങൾ തിരിച്ചറിയുക.
- ഇത്തരം വിനിമയങ്ങളില്ലാത്ത ജീവിതം എങ്ങനെയായിരുന്നെന്ന് നിങ്ങളുടെ പഴയ തലമുറയോട് ചോദിച്ച് മനസ്സിലാക്കുക. അത് നിങ്ങളുടെ ജീവിതവുമായി താരതമ്യം ചെയ്യുക.
- വിനിമയ സാങ്കേതികവിദ്യയുടെ പുരോഗതിയോടെ ജോലിയും വിനോദങ്ങളും ഏതൊക്കെ രീതിയിൽ മാറിയെന്ന് ചർച്ചചെയ്യുക.

ബഹുജനമാധ്യമങ്ങൾ നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞു. രാജ്യത്തുടനീളമുള്ള മധ്യവർഗ കുടുംബങ്ങളിൽ പലരും ഉണരുന്നതു തന്നെ റേഡിയോ അല്ലെങ്കിൽ ടെലിവിഷൻ പ്രവർത്തിപ്പിക്കാനോ പത്രം വായിക്കാനോ ആണ്. നാം പലപ്പോഴും ആദ്യം മൊബൈൽ ഫോണിലെ മിസ്ഡ് കോൾ നോക്കുന്നു. പ്ലംബർമാർ, ഇലക്ട്രീഷൻമാർ, മരപ്പണിക്കാർ, പെയിന്റർമാർ എന്നിങ്ങനെ നാനാതര സേവനങ്ങൾ നൽകുന്നവരുടെയെല്ലാം കൈയിൽ ബന്ധപ്പെടാൻ മൊബൈൽഫോൺ ഉണ്ടായിരിക്കും. മിക്ക കടകളിലും ഒരു ചെറിയ ടെലിവിഷൻ സെറ്റ് എങ്കിലും കാണാം. കടകളിൽ വരുന്ന ഉപഭോക്താക്കൾ അപ്പോൾ സംപ്രേഷണം ചെയ്തുകൊണ്ടിരിക്കുന്ന ക്രിക്കറ്റ്കളിയെയോ സിനിമയെയോ കുറിച്ച് അഭിപ്രായങ്ങൾ പങ്കുവയ്ക്കും. വിദേശത്തുള്ള ഇന്ത്യക്കാർ ഇന്റർനെറ്റിലൂടെയും ഫോണിലൂടെയും അവരുടെ കൂട്ടുകാരുമായും കുടുംബാംഗങ്ങളുമായും നിരന്തരം ബന്ധപ്പെടുന്നു. നഗരത്തിലെ കുടിയേറ്റക്കാരായ തൊഴിലാളികളും ഗ്രാമങ്ങളിലുള്ള കുടുംബവുമായി മൊബൈൽഫോണിൽ ബന്ധപ്പെടുന്നു. നഗരത്തിലെ മൊബൈൽഫോണുകളിൽ വരുന്ന പരസ്യങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവുമല്ലോ. ഏതെല്ലാം തരം വൈവിധ്യമാർന്ന സാമൂഹിക സംഘങ്ങളെയാണ് ഇതു ലക്ഷ്യംവച്ചതെന്ന് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? പരീക്ഷാഫലങ്ങൾ

ഇന്റർനെറ്റിലൂടെയും മൊബൈൽഫോണിലൂടെയും ലഭിക്കുന്നു. ഈ പുസ്തകങ്ങൾ വരെ ഇന്റർനെറ്റിൽ ലഭ്യമാണ്.

സമീപകാലത്ത് ബഹുജനമാധ്യമ വിനിമയരംഗത്ത് എല്ലാതരത്തിലും പ്രകടവും ആശ്ചര്യകരവുമായ വികസനമാണ് ഉണ്ടായിട്ടുള്ളത്. സമൂഹശാസ്ത്രവിദ്യാർഥികൾ എന്ന നിലയിൽ ബഹുജനമാധ്യമങ്ങളുടെ വളർച്ചയിൽ താൽപ്പര്യമുണർത്തുന്ന നിരവധി തലങ്ങളുണ്ട് ആദ്യമായി ഇന്നത്തെ വിനിമയവിപ്ലവത്തെ വ്യക്തമായി മനസ്സിലാക്കണമെങ്കിൽ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇന്ത്യയിലും ഉണ്ടായിട്ടുള്ള ആധുനിക ബഹുജനമാധ്യമങ്ങളുടെ വളർച്ചയുടെ ഒരു രൂപരേഖ തയാറാക്കേണ്ടതു പ്രധാനമാണ്. ഏത് സാമൂഹിക സ്ഥാപനത്തെയും പോലെ ബഹുജനമാധ്യമങ്ങളുടെയും ഘടനയെയും ഉള്ളടക്കത്തെയും രൂപപ്പെടുത്തുന്നത് സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക - സാംസ്കാരിക സാഹചര്യങ്ങളാണെന്ന് തിരിച്ചറിയാൻ ഇത് സഹായിക്കും. സ്വാതന്ത്ര്യത്തിനുശേഷമുള്ള ആദ്യദശകങ്ങളിൽ എങ്ങനെയെല്ലാമാണ് രാഷ്ട്രവും അതിന്റെ വികസനകാഴ്ചപ്പാടും മാധ്യമങ്ങളെ സ്വാധീനിച്ചതെന്നു കാണാൻ സാധിക്കും. അതുപോലെ 1990നു ശേഷമുള്ള കാലഘട്ടത്തിൽ ആഗോളവൽക്കരണ വിപണിക്ക് പ്രധാന പങ്കുണ്ട്. രണ്ടാമതായി ബഹുജനമാധ്യമങ്ങളും സമൂഹവുമായുള്ള ബന്ധം വൈരുധ്യാത്മകമാണെന്ന് (Dialctical) ബോധ്യമാവും. അവ പരസ്പരം സ്വാധീനിക്കുന്നു. ബഹുജനമാധ്യമങ്ങളുടെ പ്രകൃതത്തെയും പങ്കിനെയും അതു നിലനിൽക്കുന്ന സമൂഹം സ്വാധീനിക്കുന്നു. അതേസമയം ബഹുജനമാധ്യമങ്ങളുടെ സമൂഹത്തിലെ ദൂരവ്യാപകമായ സ്വാധീനത്തിന് അമിത ഊന്നൽ നൽകാൻ കഴിയില്ല. ഈ വൈരുധ്യാത്മകബന്ധം ഈ അധ്യായത്തിൽ ഇനിപറയുന്ന വിധത്തിൽ മൂന്നു ഘട്ടങ്ങളായി ചർച്ചചെയ്യുന്നുണ്ട്. (a) കൊളോണിയൽ കാലഘട്ടത്തിലെ മാധ്യമങ്ങൾ (b) സ്വാതന്ത്ര്യത്തിനു ശേഷമുള്ള ആദ്യദശകത്തിൽ (c) ആഗോളവൽക്കരണ ഘട്ടത്തിൽ. മൂന്നാമതായി, ബഹുജനമാധ്യമങ്ങൾ മറ്റു വിനിമയമാഗങ്ങളിൽനിന്നു വ്യത്യസ്തമാണ്. കാരണം ഇതിന് ഘടനാപരമായ ഒരു സംവിധാനവും വലിയ മുടക്കുമുതലും ഉൽപ്പാദന മാനേജ്മെന്റ് വിഭാഗവും ആവശ്യമാണ്. ബഹുജനമാധ്യമങ്ങളുടെ പ്രവർത്തനത്തിൽ രാഷ്ട്രത്തിന് അല്ലെങ്കിൽ വിപണിക്ക് വലിയ പങ്കുണ്ട്. ചുരുക്കത്തിൽ, ഏറെ മുതൽമുടക്കുള്ള സംഘടനകളിൽ വലിയ വിഭാഗം തൊഴിലാളികളിലൂടെയാണ് ബഹുജനമാധ്യമങ്ങൾ പ്രവർത്തിക്കുന്നത്. നാലാമതായി, വ്യത്യസ്ത വിഭാഗം ജനങ്ങൾക്ക് ബഹുജനമാധ്യമങ്ങൾ സൗകര്യപ്രദമായി ഉപയോഗിക്കുന്ന രീതിയിലും വലിയ അന്തരങ്ങളുണ്ട്. ഡിജിറ്റൽ വിഭജനം (Digital divide) എന്ന സങ്കൽപ്പം കഴിഞ്ഞ അധ്യായത്തിൽ ചർച്ചചെയ്തത് ഓർക്കുമല്ലോ.

# The fastest-growing cell phone market

Anand Parthasarathy

**BANGALORE:** Two global surveys reveal lifestyle of world's most 'mobile' population. Indians love SMS, but ignore pricey services like phone Internet. They spend an average of Rs 5000 on a mobile phone handset -- but forgot over 30,000 phones in the last six months, in Mumbai taxis alone We buy six million mobile phones every month -- making us one of the world's fastest- growing cell phone markets -- 176 million-strong as of last month.

The average amount spent on a handset, which is around Rs. 5,000, represents nearly half a month's salary for most of us in India, while for Britishers, it amounts to just 5%.

Our favourite brands are Nokia and Samsung in that order and this is same as the global preference. But Panasonic is number three here, with Sony Ericsson and Motorola, the next two in the desi popularity stakes, while internationally Motorola is number three followed by Sony Ericsson and LG.

We love short messaging services, indeed 100 per cent



**INDIANS LOVE IT:** *Mobile phones are popular but costlier services like Net phone are shunned. Women are champion text messagers.* - PHOTO: HANDOUT

with these feature on our among the least concerned

teresting findings in the India section of a recent global survey of mobile phone trends, commissioned by Stockholm, Sweden- based SmartTrust, a leading provider of mobile device management solutions. The survey conducted by Taylor Nelson Sofres, covered 6,700 mobile consumers in 15 countries, 404 of them in India.

The full report is available for corporate users who register at the www.smarttrust.com for a free download.


In another survey, mobile security player Pointsec found that Mumbaites are second only to Londoners in forgetfullness -- when it comes to their mobile phones. In the last six months they forgot 32,970 phones in Mumbai taxis -- this is just the numbers reported as lost. Amnesiac London-based phone owners topped this number - with 54872 phones lost. Sydney, Stockholm, San Francisco, Washington, Munich, Helsinki, Berlin and Oslo all fared better.

But when it came to lost pocket PCs and laptops, India is nowhere in the Top Ten.

London is the mother city

## 7.1 ആധുനിക ബഹുജനമാധ്യമത്തിന്റെ ആരംഭം (The Beginning of Modern Mass Media)

അച്ചടിയന്ത്രത്തിന്റെ വികാസത്തോടുകൂടിയാണ് ആദ്യത്തെ ബഹുജനമാധ്യമസമ്പ്രദായം ആരംഭിച്ചത്. ചില സമൂഹങ്ങളിൽ നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ അച്ചടിവിദ്യയുടെ ചരിത്രമുണ്ടെങ്കിലും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് പുസ്തകങ്ങൾ അച്ചടിക്കാനുള്ള ആദ്യശ്രമങ്ങൾ നടന്നത് യൂറോപ്പിലാണ്. 1440- ൽ ജോഹൻ ഗുട്ടൻബർഗാണ് ഈ സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തത്. ആദ്യശ്രമങ്ങൾ മതഗ്രന്ഥങ്ങൾ അച്ചടിക്കുന്നതിൽ മാത്രമായി നിലനിന്നു.



വ്യാവസായികവിപ്ലവത്തോടുകൂടി അച്ചടി വ്യവസായം വളർന്നു. അച്ചടിക്കപ്പെട്ട ആദ്യ ഉൽപ്പന്നങ്ങളുടെ ഉപയോഗം സാക്ഷരരായ ഉപരിവർഗത്തിൽ മാത്രമായി ഒതുങ്ങിനിന്നു. 19-ാംനൂറ്റാണ്ടിന്റെ മധ്യത്തോടെ സാങ്കേതികവിദ്യയിലും ഗതാഗത രംഗത്തും സാക്ഷരതയിലുമുണ്ടായ പുരോഗതി വർത്തമാനപത്രങ്ങളെ ബഹുജനങ്ങളിലേക്കെത്തിച്ചു. രാജ്യത്തിന്റെ പലഭാഗങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് ഇതോടെ ഒരേ വാർത്തകൾ വായിക്കാനോ കേൾക്കാനോ സാധിച്ചു. ഇത് ജനങ്ങളെ



21-ാം നൂറ്റാണ്ടിലെ അച്ചടിശാലയും ടി.വി. വാർത്തസംപ്രേഷണമുറിയും

പരസ്പരം ബന്ധിപ്പിക്കുന്നതിനും അവർക്കിടയിൽ 'നമ്മൾ എന്ന വികാരം' ഉടലെടുക്കുന്നതിനും കാരണമായി. ഇത് ദേശീയതയുടെ വളർച്ചയ്ക്ക് സഹായകമായെന്ന് പ്രശസ്ത പണ്ഡിതനായ ബെനഡിക് ആൻഡേഴ്സൺ വാദിച്ചു. പരസ്പരം അറിയാത്ത ജനങ്ങൾക്ക് ഏകകുടുംബത്തിലെ അംഗങ്ങളാണെന്ന ബോധം ഉരുത്തിരിഞ്ഞു. പരസ്പരം കാണാത്ത ഇവർക്കിടയിൽ ഒരുമയുണ്ടായി. ദേശം ഒരു സാങ്കൽപ്പികസമുദായ (Imagined Community) മാണെന്നും ആൻഡേഴ്സൺ അഭിപ്രായപ്പെട്ടു.

19-ാം നൂറ്റാണ്ടിലെ സാമൂഹിക പരിഷ്കർത്താക്കൾ പത്രങ്ങളിലൂടെ എഴുതുകയും സംവദിക്കുകയും ചെയ്തിരുന്നു. കോളനിവാഴ്ചയ്ക്കെതിരെയുള്ള പോരാട്ടത്തിന് ഇന്ത്യൻ ദേശീയതയുടെ വളർച്ചയുമായി അടുത്ത ബന്ധമുണ്ട്. ബ്രിട്ടീഷ് ഭരണം ഇന്ത്യയിൽ കൊണ്ടുവന്ന സമ്പ്രദായപരമായ മാറ്റങ്ങൾ ഇതിനു കാരണമായി. ദേശീയപത്രങ്ങൾ കൊളോണിയൽ ഭരണവിരുദ്ധ നയങ്ങൾ വളർത്തുകയും അതിന് മാർഗദർശനം നൽകുകയും ചെയ്തു. അത് കോളനിഭരണകൂടത്തിന്റെ അടിച്ചമർത്തൽനയത്തിനെതിരെയുള്ള ശബ്ദമായിരുന്നു. സെൻസർഷിപ്പ് ഏർപ്പെടുത്തി പത്രങ്ങളെ നിയന്ത്രിക്കാൻ ബ്രിട്ടീഷ് ഗവൺമെന്റ് ശ്രമിച്ചു. 1883 ൽ ഇൽബെർട്ട് ബിൽ പ്രക്ഷോഭം നടക്കുന്ന സമയത്ത് പത്രങ്ങളെ നിയന്ത്രിക്കാൻ കർശനനിയമങ്ങൾ കൊണ്ടുവന്നു. ദേശീയപ്രസ്ഥാനവുമായുള്ള ബന്ധം കാരണം ദേശീയപത്രങ്ങളായ കേസരി

(മറാത്തി), മാതൃഭൂമി (മലയാളം), അമൃതബസാർ പത്രിക (ഇംഗ്ലീഷ്) തുടങ്ങിയവ ഗവൺമെന്റിന്റെ വിരോധത്തിന് കാരണമായി. പക്ഷേ, ഇതൊന്നും ദേശീയപ്രസ്ഥാനങ്ങളുമായുള്ള ബന്ധം തുടരുന്നതിൽനിന്നും കോളനിഭരണം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നതിൽനിന്നും അവരെ പിന്നോട്ടടിപ്പിച്ചില്ല.

**Box 7.1**

- ചില പത്രങ്ങൾ നേരത്തേ നിലവിലുണ്ടായിരുന്നുവെങ്കിലും രാജാറാംമോഹൻറായ് 1821-ൽ ബംഗാളിഭാഷയിൽ പുറത്തിറക്കിയ 'സംബാദ് കൗമുദിയും', 1822 പേർഷ്യൻഭാഷയിൽ പ്രസിദ്ധീകരിച്ച 'മിറാത്ത് ഉൽ-അക്ബറും' ആണ് ദേശീയ ജനാധിപത്യവീക്ഷണം വച്ചുപുലർത്തിയ ഇന്ത്യയിലെ ആദ്യത്തെ പ്രസിദ്ധീകരണങ്ങൾ
- ബോംബെയിലെ ഗുജറാത്തി അച്ചടി രംഗത്തെ പ്രഥമപ്രവർത്തകൻ ഫർദൂൻജി മുർസബൻ 1822-ൽ 'ബോംബെ സമാചാർ' എന്ന ദിനപത്രം തുടങ്ങി.
- 1858-ൽ ഈശ്വരചന്ദ്ര വിദ്യാസാഗർ ബംഗാളിഭാഷയിൽ 'ഷോം പ്രകാശ്' ആരംഭിച്ചു.
- 1861-ൽ ബോംബെയിൽ ദി ടൈംസ് ഓഫ് ഇന്ത്യ തുടങ്ങി.
- 1865-ൽ ദി പയനിയർ അലഹബാദിൽ തുടങ്ങി.
- 1868-ൽ ദി മദ്രാസ് മെയിൽ
- 1875-ൽ കൽക്കത്തയിൽ ദി സ്റ്റേറ്റ്സ്മെൻ
- 1876-ൽ ലാഹോറിൽ ദി സിവിൽ ആൻഡ് മിലിറ്ററി ഗസറ്റ്

*(Desai 1948)*

ബ്രിട്ടീഷ് ഭരണകാലത്ത് വർത്തമാനപത്രങ്ങൾ, മാസികകൾ, സിനിമകൾ, റേഡിയോ എന്നിവയാണ് ബഹുജനമാധ്യമനിരയിൽ ഉൾപ്പെട്ടിരുന്നത്. റേഡിയോ പൂർണമായും രാഷ്ട്രത്തിന്റെ നിയന്ത്രണത്തിലായിരുന്നു. അതിനാൽ ദേശീയതയുമായി ബന്ധപ്പെട്ട കാഴ്ചപ്പാടുകൾ റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്തിരുന്നില്ല. സിനിമയും പത്രങ്ങളും സ്വതന്ത്രമായിരുന്നെങ്കിലും അവയുടെമേൽ ഗവൺമെന്റിന്റെ കർശനമായ മേൽനോട്ടമുണ്ടായിരുന്നു. ഇംഗ്ലീഷിലോ ദേശഭാഷകളിലോ പ്രസിദ്ധീകരിച്ചിരുന്ന പത്രങ്ങളും മാസികകളും ജനങ്ങളിൽ സാക്ഷരരുടെ എണ്ണം കുറവായതുകൊണ്ട് വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടിരുന്നില്ല. എന്നാൽ അവയുടെ സ്വാധീനം പ്രചാരണത്തെ മറികടന്ന് വാർത്തകളും വിവരങ്ങളും ജനങ്ങൾ വായിക്കുകയും കച്ചവടകേന്ദ്രങ്ങൾ, കോടതികൾ, നഗരങ്ങൾ എന്നിവിടങ്ങളിലെല്ലാം വാമൊഴിയായി പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. സ്വതന്ത്ര ഇന്ത്യയെ കുറിച്ചുള്ള വൈവിധ്യമാർന്ന അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും അച്ചടിമാധ്യമങ്ങളിലൂടെ അവതരിപ്പിച്ചു. അവ സ്വതന്ത്ര ഇന്ത്യയിലേക്ക് വ്യാപിപ്പിച്ചു.



## 7.2 സ്വതന്ത്ര ഇന്ത്യയിലെ ബഹുജനമാധ്യമങ്ങൾ (Mass Media in Independent India

### സമീപനം

സ്വതന്ത്ര ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റു മാധ്യമങ്ങളോട് ജനാധിപത്യത്തിന്റെ കാവൽഭടന്മാരായി പ്രവർത്തിക്കണമെന്നു നിർദേശിച്ചു. മാധ്യമങ്ങൾ സ്വാശ്രയത്വവും ദേശീയവികസനവും ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുമെന്ന് പ്രതീക്ഷിക്കപ്പെട്ടു. സ്വതന്ത്ര ഇന്ത്യ ആദ്യകാലങ്ങളിൽ വികസനത്തിനാണ് ഊന്നൽ നൽകിയിരുന്നതെന്ന് മുമ്പുള്ള അധ്യായങ്ങളിൽ നിങ്ങൾ പഠിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ വിവിധ വികസനശ്രമങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനുള്ള ഒരു ഉപാധിയായാണ് മാധ്യമങ്ങളെ കണ്ടിരുന്നത്. കൂടാതെ, തൊട്ടുകൂടായ്മ (Untouchability), ശൈശവവിവാഹം (Child Marriage), വിധവകൾക്കുള്ള വിലക്കുകൾ, മന്ത്രവാദ ചികിൽസ തുടങ്ങിയ സാമൂഹിക അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ പൊരുതാനും മാധ്യമങ്ങളെ പ്രോത്സാഹിപ്പിച്ചു. യുക്തിപരവും ശാസ്ത്രീയവുമായ മനോഭാവം വളർത്തിയെടുത്ത് ഒരു ആധുനിക വ്യാവസായികസമൂഹം ഉണ്ടാക്കിയെടുക്കുകയായിരുന്നു ലക്ഷ്യം. ഗവൺമെന്റിന്റെ ഫിലിം ഡിവിഷൻ ന്യൂസ്റീലുകളും ഡോക്യുമെന്ററികളും തയാറാക്കി. എല്ലാ സിനിമാ തിയറ്ററുകളിലും സിനിമ തുടങ്ങുന്നതിനു മുമ്പായി ഗവൺമെന്റ് നിർദേശപ്രകാരം വികസനപദ്ധതികൾ പ്രദർശിപ്പിച്ചു.



**7.2**

സ്വാതന്ത്ര്യത്തിനു ശേഷമുള്ള രണ്ടു ദശകങ്ങളിൽ ജീവിച്ചിരുന്ന ആരോടെങ്കിലും സിനിമകൾക്ക് മുമ്പ് സ്ഥിരമായി കണ്ടിരുന്ന ഡോക്യുമെന്ററികളെക്കുറിച്ച് ചോദിക്കുക. അവരുടെ ഓർമ്മകൾ കുറിച്ചെടുക്കുക.

### റേഡിയോ

1920കളിൽ കൽക്കത്തയിലും മദ്രാസിലും പ്രവർത്തിച്ചിരുന്ന ചില ഹാം (HAM) ക്ലബ്ബുകളിലൂടെയാണ് ഇന്ത്യയിൽ റേഡിയോപ്രക്ഷേപണം ആരംഭിച്ചത്. 1940കളിൽ ഇത് ഒരു പൊതുവ്യവസ്ഥയായി വളർന്നുവരുകയും രണ്ടാം ലോക യുദ്ധകാലത്ത് ഇന്ത്യൻ റേഡിയോ തെക്ക്-കിഴക്കൻ ഏഷ്യയിലെ സഖ്യകക്ഷികൾക്ക് പ്രചാരണം നടത്തുന്നതിനുള്ള ഒരു ഉപകരണമായി മാറുകയും ചെയ്തു. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ആകെ ആറ് റേഡിയോസ്റ്റേഷനുകൾ മാത്രമാണ് പ്രവർത്തിച്ചിരുന്നത്. 1950-ൽ ഇന്ത്യയിലൊട്ടാകെ 546,200 റേഡിയോ ലൈസൻസുകളുണ്ടായി.



അമിതറോയ് (പിന്നീട് മാലിക്) ഒരു ഡിസ്ക് ജോക്കിയായി ലഖ്നൗ ആൾ ഇന്ത്യ റേഡിയോ നിലയത്തിൽ (1944)

സ്വതന്ത്രരാജ്യത്തിന്റെ വികസനത്തിൽ പ്രധാന പങ്കാളിയായിരുന്നു AIR എന്ന മാധ്യമം. വർത്തമാനകാര്യങ്ങൾ, വികസനത്തെക്കുറിച്ചുള്ള ചർച്ചകൾ എന്നിവയാണ് അതിന്റെ പരിപാടികളിൽ ഉൾപ്പെടുത്തിയിരുന്നത്. താഴെയുള്ള ബോക്സ് അതിന്റെ അക്കാലത്തെ ആവേശം വിവരിക്കുന്നു.

**Box 7.2**

**AIR പ്രക്ഷേപണം മാറ്റങ്ങൾ കൊണ്ടുവന്നു**

1960കളിൽ ഹരിതവിപ്ലവത്തിന്റെ ഭാഗമായി രാജ്യത്താദ്യമായി ഉൽപ്പാദനക്ഷമത കൂടിയ വിത്തുകൾ അവതരിപ്പിച്ചപ്പോൾ അതിന്റെ ഒരു പ്രചാരണപരിപാടി AIR ഏറ്റെടുത്തു. 1967 മുതൽ 10 വർഷത്തിലേറെക്കാലം ഈ ദൈനംദിന പ്രചാരണപരിപാടി തുടർച്ചയായി പ്രക്ഷേപണം ചെയ്തു. ഇതിനായി വ്യത്യസ്ത AIR സ്റ്റേഷനുകൾ ഇന്ത്യയാകെ അത്യുൽപ്പാദന വിത്തുകളെക്കുറിച്ച് പ്രത്യേക പരിപാടികൾ ആരംഭിച്ചു. വിഷയത്തിൽ പ്രാവീണ്യമുള്ളവർ നേതൃത്വം കൊടുക്കുന്ന ഇത്തരം പരിപാടികളിൽ വയലുകൾ സന്ദർശിച്ച് പുതിയ വിത്ത് ഉപയോഗിച്ച നെൽക്കർഷകരുടെയും ഗോതമ്പുകർഷകരുടെയും ഏറ്റവും നല്ല അനുഭവങ്ങൾ റേഡിയോവിലൂടെ പ്രചരിപ്പിച്ചു.

Source: B. R. Kumar "*AIR's broadcasts did make a difference*". The Hindu December 31st 2006.

AIR നെ കൂടാതെ വിവിധ് ഭാരതി (Vividh Bharati) ഹിന്ദി ചലച്ചിത്ര ഗാനങ്ങളാണ് പ്രധാനമായും പ്രക്ഷപണം ചെയ്തിരുന്നത്. 1957-ൽ ഈ ചാനൽ AIR ഏറ്റെടുക്കുകയും താമസിയാതെ സ്പോൺസേഡ് പരിപാടികളും പരസ്യങ്ങളും പ്രക്ഷേപണം ചെയുകയുമുണ്ടായി. AIR ന് മെച്ചപ്പെട്ട വരുമാനം ലഭിക്കുന്ന ഒരു ചാനലായി 'വിവിധി ഭാരതി' വളർന്നു.

**Box 7.3**

ഇന്ത്യൻ ചലച്ചിത്രഗാനങ്ങളും വാണിജ്യപരിപാടികളും സാംസ്കാരികമായി നിലവാരം കുറഞ്ഞതായി പരിഗണിച്ചിരുന്നതിനാൽ അവയുടെ പ്രക്ഷേപണം തുടക്കത്തിൽ പ്രോത്സാഹിപ്പിച്ചിരുന്നില്ല. അതുകൊണ്ട് ഇന്ത്യൻ ശ്രോതാക്കൾ ചലച്ചിത്രഗാനങ്ങളും വാണിജ്യപരിപാടികളും മറ്റു വിനോദങ്ങളും ആസ്വദിക്കുന്നതിന് റേഡിയോ സിലോൺ (ശ്രീലങ്കയിൽനിന്നും പ്രക്ഷേപണം ചെയ്യുന്നു), റേഡിയോ ഗോവ (ഗോവയിൽനിന്നു പ്രക്ഷേപണം ചെയ്യുന്ന, പോർച്ചുഗീസ് ഭരണത്തിനു കീഴിൽ) എന്നിവയിലേക്കു തിരിഞ്ഞു. റേഡിയോ വാങ്ങുന്ന സമയത്ത് ഈ സ്റ്റേഷനുകൾ ലഭ്യമാവുന്ന സെറ്റുകൾ ചോദിച്ചു വാങ്ങാനും തുടങ്ങി. *(Bhatt : 1994)*

### ബോക്സ് 7 – 3 ന്റെ പ്രവർത്തനം

'വിവിധ് ഭാരതി'യുടെ പരിപാടികളെക്കുറിച്ച് മുതിർന്നവരോടു ചോദിക്കുക. ഏതു തലമുറയാണ് ഇത് ഓർക്കുന്നത്? രാജ്യത്തിന്റെ ഏത് ഭാഗത്താണ് ഇത് കൂടുതൽ പ്രിയം? അവരുടെ അനുഭവങ്ങൾ ചർച്ചചെയ്യുക. നിങ്ങളുടെ അനുഭവങ്ങളെ ശ്രോതാക്കളുടെ താൽപര്യത്തിനനുസരിച്ച് താരതമ്യം ചെയ്യുക.

1947 ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ഓൾ ഇന്ത്യ റേഡിയോക്ക് വൻനഗരങ്ങളിൽ ആറ് റേഡിയോസ്റ്റേഷനുകൾ മാത്രമാണുണ്ടായിരുന്നത്. 350 ദശലക്ഷം ജനങ്ങളിൽ 280,000 പേർ മാത്രമേ റേഡിയോശ്രോതാക്കളായി ഉണ്ടായിരുന്നുള്ളൂ. സ്വാതന്ത്ര്യാനന്തരം റേഡിയോ പ്രക്ഷേപണം വ്യാപിപ്പിക്കുന്നതിന് സർക്കാർ പ്രത്യേക പരിഗണന നൽകുകയും തലസ്ഥാനങ്ങളിലും അതിർത്തിപ്രദേശങ്ങളിലും അവ ലഭ്യമാക്കുകയും ചെയ്തു. വർഷങ്ങൾക്കുള്ളിൽ AIR ഒരു വലിയ സ്ഥാപനമായി വളർന്നു. ഭൂമിശാസ്ത്രപരവും ഭാഷാപരവും സാംസ്കാരികവുമായ വൈവിധ്യങ്ങൾ പരിഗണിച്ചുകൊണ്ട് ദേശീയവും മേഖലാപരവും പ്രാദേശികവുമായ തലങ്ങളിൽ അത് പ്രവർത്തിച്ചു.

റേഡിയോയുടെ പ്രചാരണത്തിന് തുടക്കത്തിൽ വലിയ തടസ്സമായത് അതിന്റെ ഉയർന്ന വിലയാണ്. എന്നാൽ 1960-ലെ ട്രാൻസിസ്റ്റർ വിപ്ലവത്തോടെ വിലകുറഞ്ഞതും ബാറ്ററികൊണ്ട് പ്രവർത്തിപ്പിക്കാവുന്നതും കൊണ്ടുനടക്കാവുന്നതുമായ ട്രാൻസിസ്റ്റർ റേഡിയോസെറ്റുകൾ സാധാരണക്കാർക്കു പോലും ലഭ്യമായി. 2000ൽ ഏകദേശം 110 മില്യൻ കുടുംബങ്ങൾ (ഇന്ത്യയുടെ

Box 7.4

**യുദ്ധങ്ങളും ദുരന്തങ്ങളും AIR ന്റെ പ്രവർത്തനത്തിന്റെ വ്യാപനവും.**

1962ൽ ചൈനയുമായുള്ള യുദ്ധവേളയിൽ സംഭാഷണം എന്ന ദിവസേനയുള്ള പരിപാടിക്ക് തുടക്കമിട്ടു. 1971 ആഗസ്തിൽ ബംഗ്ലാദേശിൽ പ്രതിസന്ധിയുണ്ടായപ്പോൾ വാർത്താസേവനവിഭാഗം മണിക്കൂറിൽ വാർത്ത എന്ന പരിപാടി രാവിലെ 6 മുതൽ അർധരാത്രിവരെ ആരംഭിച്ചു. 1991 രാജീവ് ഗാന്ധിയുടെ കൊലപാതകദുരന്തമുണ്ടായപ്പോൾ AIR ഒരു പടികൂടെ മുന്നോട്ടു വച്ച് വാർത്താബുള്ളറ്റിൻ മുഴുവൻ സമയവും തുടങ്ങി.

മൂന്നിൽ രണ്ടുഭാഗം കുടുംബങ്ങൾക്ക്) 24 ഭാഷകളിലും 146 ഭാഷാഭേദങ്ങളിലും റേഡിയോപരിപാടികൾ കേട്ടിരുന്നു. അവരിൽ മൂന്നിലൊരു ഭാഗത്തിലധികം ഗ്രാമീണകുടുംബങ്ങളായിരുന്നു.

## ടെലിവിഷൻ

ഗ്രാമവികസനത്തെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 1959ൽ പരീക്ഷണാടിസ്ഥാനത്തിൽ ഇന്ത്യയിൽ ടെലിവിഷൻപരിപാടികൾ അവതരിപ്പിക്കുകയുണ്ടായി. 1975 ആഗസ്തിനും 1976 ജൂലൈക്കും മധ്യേ 6 സംസ്ഥാനങ്ങളിലെ ഗ്രാമപ്രദേശങ്ങളിൽ സാറ്റലൈറ്റ് ഇൻസ്ട്രക്ഷണൽ ടെലിവിഷൻ എക്സ്പിരിമെന്റ് (SITE) എന്ന ഉപഗ്രഹസാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സംപ്രേഷണം ആരംഭിച്ചു. ദിവസേന നാലുമണിക്കൂർ 2400 ടെലിവിഷൻ സെറ്റുകളിലേക്ക് ഇവ നേരിട്ട് സംപ്രേഷണം ചെയ്യപ്പെടുകയുണ്ടായി. 1975ൽ ദൂരദർശന്റെ കീഴിൽ നാലു നഗരങ്ങളിൽ (ഡൽഹി, മുംബൈ, ശ്രീനഗർ, അമൃത്സർ) ടെലിവിഷൻ സ്റ്റേഷനുകൾ സ്ഥാപിക്കപ്പെട്ടു. ഒരു വർഷത്തിനകം കൽക്കത്ത, ചെന്നൈ, ജലന്തർ എന്നിവിടങ്ങളിലും ടി.വി. സ്റ്റേഷനുകൾ സ്ഥാപിച്ചു. വാർത്തകൾ, സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പരിപാടികൾ, കർഷകർക്കുള്ള പരിപാടികൾ, വിനോദപരിപാടികൾ എന്നിങ്ങനെ ഓരോ സംപ്രേഷണ കേന്ദ്രവും അവരുടേതായ പരിപാടികൾ തയാറാക്കി അവതരിപ്പിച്ചു.

ടെലിവിഷൻപരിപാടികൾ വാണിജ്യവൽക്കരിക്കപ്പെടുകയും സ്പോൺസർമാരുടെ പരസ്യങ്ങൾ ലഭ്യമാവുകയും ചെയ്തപ്പോൾ ലക്ഷ്യമിടുന്ന ശ്രോതാക്കളിലും മാറ്റമുണ്ടായി. നഗരത്തിലെ ഉപഭോക്തൃ വർഗത്തെ ലക്ഷ്യമിട്ടുകൊണ്ടുള്ള വിനോദപരിപാടികൾ അവതരിപ്പിക്കാൻ തുടങ്ങി. 1982ൽ ഡൽഹിയിൽ ഏഷ്യൻ ഗെയിംസ് നടക്കുന്ന സമയത്ത് വർണ സംപ്രേഷണം ആരംഭിച്ചതും സംപ്രേഷണത്തിന്റെ ദേശീയശൃംഖല അതിവേഗത്തിൽ വ്യാപിപ്പിച്ചതും ടെലിവിഷൻ സംപ്രേഷണത്തിന്റെ ത്വരിതഗതിയിലുള്ള വാണിജ്യവൽക്കരണത്തിനു കാരണമായി. 1984-85 കാലഘട്ടത്തിൽ ടെലിവിഷൻ ട്രാൻസ്മിറ്ററുകളുടെ എണ്ണം ജനസംഖ്യയിലെ വലിയ ഒരു വിഭാഗത്തെ ഉൾക്കൊള്ളിക്കത്തക്ക രീതിയിൽ രാജ്യമൊട്ടാകെ വ്യാപിച്ചു. ഈ കാലത്ത് സംപ്രേഷണം ചെയ്യപ്പെട്ട സോപ്പ് ഓപേരകളായ ഹംലോഗ് (1984-85), ബുനിയാദ് (1986-87) എന്നിവയും രാമായണം (1987-88), മഹാഭാരതം (1988-90) എന്നീ ഇതിഹാസസീരിയലുകളും വലിയ ജനപ്രീതിയാർജിക്കുകയും പരസ്യങ്ങളിലൂടെ ദൂരദർശന് വലിയ വരുമാനമുണ്ടാക്കിക്കൊടുക്കുകയും ചെയ്തു. 2015-16 വർഷത്തിൽ TRAI പുറത്തിറക്കിയ വാർഷികറിപ്പോർട്ടനുസരിച്ച്, ചൈന കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും വലിയ



7.3

പഴയ തലമുറയിൽനിന്നും കുറച്ച് പേരെ കണ്ടെത്തൂ. 1970ലും 1980ലുമൊക്കെ എന്ത് ടെലിവിഷൻ പരിപാടികളാണ് ഉണ്ടായിരുന്നതെന്ന് ചോദിച്ച മനസ്സിലാക്കുക. അന്ന് ഭൂരിഭാഗം ആളുകൾക്കും ടെലിവിഷൻ സൗകര്യം ഉണ്ടായിരുന്നോ എന്ന് കണ്ടെത്തുക.

**Box 7.5**

### ഹംലോഗ് ഒരു വഴിത്തിരിവ് (Humlog : A Turning Point)

ഇന്ത്യയിലെ ദീർഘകാലം സംപ്രേഷണം ചെയ്തിരുന്ന ആദ്യ പരിപാടിയാണ് ഹംലോഗ്. വിദ്യാഭ്യാസപരമായ ഉള്ളടക്കം ബോധപൂർവം കൂട്ടിച്ചേർത്തുകൊണ്ട് വിനോദപരിപാടികൾ അവതരിപ്പിക്കുന്ന ആദ്യ രീതിയായിരുന്നു അത്. 1984-85 കാലഘട്ടത്തിൽ 17 മാസംകൊണ്ട് ഹംലോഗിന്റെ 156 എപ്പിസോഡുകൾ ഹിന്ദിഭാഷയിൽ സംപ്രേഷണം ചെയ്യപ്പെട്ടു. ലിംഗസമത്വം, ചെറിയ കുടുംബം, ദേശീയോദ്ഗ്രഥനം തുടങ്ങിയ സാമൂഹികവിഷയങ്ങളാണ് ഈ പരിപാടികളിലൂടെ പ്രോത്സാഹിപ്പിച്ചിരുന്നത്. 22 മിനിറ്റുള്ള ഓരോ എപ്പിസോഡിന്റെയും അവസാനത്തിൽ 30 മുതൽ 40 സെക്കൻഡ് വരെ പ്രമുഖ ചലച്ചിത്രതാരമായ അശോക്കുമാർ അന്നത്തെ എപ്പിസോഡിലെ വിദ്യാഭ്യാസപരമായ പാഠങ്ങളുടെ സംഗ്രഹം കാഴ്ചക്കാരുടെ നിത്യജീവിതവുമായി ബന്ധപ്പെടുത്തിക്കൊണ്ട് അവതരിപ്പിച്ചു. ഉദാഹരണത്തിന്, മദ്യപിച്ച് ഭാര്യയെ മർദ്ദിക്കുന്ന ഒരു കഥാപാത്രത്തെ അവതരിപ്പിച്ചുകൊണ്ട് ചോദിക്കുന്നു: "ബസേർ റാമിനെ പോലെ അമിതമായി മദ്യപിച്ചുകൊണ്ട് മോശമായി പെരുമാറുന്ന ആളുകളെക്കുറിച്ച് നിങ്ങൾ എന്തു ചിന്തിക്കുന്നു? ഇതുപോലെ ആരെയെങ്കിലും നിങ്ങൾക്ക് അറിയാമോ? മദ്യപാനത്തിന്റെ ദൂഷ്യഫലങ്ങൾ ദൂരീകരിക്കാൻ നിങ്ങൾക്ക് എന്തു ചെയ്യാനാകും? നിങ്ങൾ എന്തു ചെയ്യും?"

ജനങ്ങളുടെ ഇഷ്ടപരിപാടിയായതുകൊണ്ട് അത് കാണാൻ അവർ അവരുടെ ദൈനംദിന ജോലികൾ വരെ ക്രമീകരിച്ചിരുന്നു. *(Singal and Rozers 1989)*

ഉത്തരേന്ത്യയിൽ 65 - 90 ശതമാനം വരെയും ദക്ഷിണേന്ത്യയിൽ 20 - 45 ശതമാനം വരെയും പ്രേക്ഷകരെ ഹംലോഗ് നേടിയിരുന്നു. ശരാശരി 50 മില്യൻ വ്യക്തികൾ ഈ പരമ്പര കണ്ടുവെന്ന് കണക്കാക്കപ്പെടുന്നു. പരമ്പരയെക്കുറിച്ചുള്ള തങ്ങളുടെ അഭിപ്രായങ്ങൾ ദൂരദർശൻ അധികാരികളെ എഴുതി അറിയിച്ച 400,000ൽ പരം പ്രേക്ഷകരുടെ കത്തുകളിൽ ഭൂരിഭാഗവും പൊട്ടിച്ചുനോക്കാൻ പോലും അവർക്ക് കഴിഞ്ഞില്ല. *(Singhal and Rogers 2001)*

**Box 7.6**

ഹം ലോഗിലെ മിനിറ്റ് പരസ്യം ഉപഭോഗ ഉൽപ്പന്നമായ മാഗ്ഗി 2 ന്യൂഡിൽസിന് വലിയ പ്രചാരണം നേടിക്കൊടുത്തു. ഈ ഉൽപ്പന്നം ജനങ്ങൾ പെട്ടെന്നു സ്വീകരിച്ചതിൽനിന്ന് ടെലിവിഷൻ വാണിജ്യത്തിന്റെ സ്വാധീനം മനസ്സിലാക്കാം. പരസ്യക്കമ്പനിക്കാർ സമയം ചോദിച്ചുകൊണ്ട് വരിനിൽക്കാൻ തുടങ്ങിയത് ദൂരദർശന്റെ വാണിജ്യവൽക്കരണത്തിന്റെ തുടക്കമായി.

ടി.വി. വിപണി ഇന്ത്യയാണ്. 2016 ലെ വ്യാവസായിക കണക്കനുസരിച്ച് 2841 മില്യൻ വീടുകളിലായി ഏകദേശം 1811 മില്യൻ ടെലിവിഷൻ സെറ്റുകളുണ്ട്. ദൂരദർശൻ ശൃംഖലയ്ക്ക് പുറമെ കേബിൾ ടി.വി, DTH, IPTV എന്നിവരും സേവനം പ്രദാനം ചെയ്യുന്നു.

## അച്ചടിമാധ്യമം (Print Media)

അച്ചടിമാധ്യമത്തിന്റെ ആരംഭവും അത് സാമൂഹികപരിഷ്കരണപ്രസ്ഥാനത്തിലും ദേശീയ പ്രസ്ഥാനത്തിലും വഹിച്ച പങ്കും മനസ്സിലാക്കിയല്ലോ. സ്വാതന്ത്ര്യത്തിനു ശേഷവും അച്ചടിമാധ്യമങ്ങൾ വികസനപ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ടും സാധാരണക്കാരുടെ പ്രശ്ന പരിഹാരങ്ങൾക്ക് വേണ്ടി ശബ്ദമുയർത്തി രാഷ്ട്രനിർമ്മാണപ്രക്രിയയിൽ നിർണായക പങ്കുവഹിച്ചു. ബോക്സിൽ കാണാം. ഇതിന്റെ ചുരുക്കം കാണാൻ കഴിയും.

മാധ്യമങ്ങൾ നേരിട്ട ഏറ്റവും വലിയ വെല്ലുവിളി 1975-ലെ അടിയന്തരാവസ്ഥയും മാധ്യമങ്ങളുടെമേൽ സെൻസർഷിപ്പ് ഏർപ്പെടുത്തിയതുമാണ്. ഭാഗ്യവശാൽ 1977-ൽ അടിയന്തരാവസ്ഥ

**Box 7.7**

ഇന്ത്യയിൽ മാധ്യമപ്രവർത്തനം ഒരു 'ഉൾവിളി' യായാണ് കണക്കാക്കപ്പെട്ടട്ട ഇതിനെ ദേശസ്നേഹവും സാമൂഹികപരിഷ്കരണ ആശയങ്ങളും ഉത്തേജിപ്പിച്ചു. ഇതിലേക്ക് മികവാർന്ന ശേഷിയുള്ളവരെ അടുപ്പിക്കാൻ സ്വാതന്ത്ര്യസമരവും സാമൂഹികമാറ്റത്തിന് ശക്തി പ്രാപിച്ചതും പുതിയ വിദ്യാഭ്യാസവും ആധുനികസമൂഹത്തിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചതും സഹായിച്ചു. പലപ്പോഴും ഇത്തരത്തിലുള്ള ജോലികൾ ബോധപൂർവം വിലകുറച്ചു കാണപ്പെടുകയും പലപ്പോഴും കുറഞ്ഞ പ്രതിഫലം നൽകപ്പെടുകയും ചെയ്തു. ഈ ജോലി ഒരു തൊഴിലായി പരിവർത്തനം ചെയ്യപ്പെട്ടത് കാലങ്ങൾകൊണ്ടാണ് അതിന്റെ പ്രതിഫലനമായിരുന്നു തികച്ചും സാമൂഹികവും പൊതുജനസേവനാടിസ്ഥാനത്തിലുമുണ്ടായ ദ ഹിന്ദു പോലുള്ള ദിനപത്രങ്ങൾ വാണിജ്യ പ്രസ്ഥാനങ്ങളായി സൃഷ്ടിക്കപ്പെട്ടത്.

*Source: Editorial Yesterday.Today.Tomorrow: The Hindu, 13 September 2003, quoted in B.P.Sanjay 2006)*

അവസാനിക്കുകയും ജനാധിപത്യം പുനസ്ഥാപിക്കുകയും ചെയ്തു. ഇന്ത്യക്ക് വളരെയധികം പ്രശ്നങ്ങളുണ്ടെങ്കിലും സ്വതന്ത്രമാധ്യമങ്ങളുടെ സാന്നിധ്യം അഭിമാനമുണർത്തുന്നു.

ഈ അധ്യായത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ ബഹുജനമാധ്യമങ്ങൾക്ക് മറ്റു വിനിമയ രൂപങ്ങളിൽനിന്നു വ്യത്യസ്തമായി ഉയർന്ന മുതൽമുടക്കും ഉൽപ്പാദനച്ചെലവും മാനേജ്മെന്റ് സംവിധാനവുമുള്ള ഒരു ഔപചാരികഘടന ആവശ്യമാണ്. മറ്റു സാമൂഹിക സ്ഥാപനങ്ങളെ പോലെ ബഹുജനമാധ്യമങ്ങളുടെ ഘടനയും ഉള്ളടക്കവും നിർണയിക്കുന്നത് സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക സാഹചര്യങ്ങളാണ്. മാധ്യമങ്ങളുടെ ഉള്ളടക്കത്തിലും ശൈലിയിലും ഉണ്ടായിട്ടുള്ള മാറ്റങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവും. ചിലപ്പോൾ അതിനു കാരണം രാഷ്ട്രമായിരിക്കും, മറ്റുചിലപ്പോൾ വിപണിയാവാം. ഇന്ത്യയിൽ ഈ മാറ്റം അടുത്തകാലത്ത് വളരെ ദൃശ്യമാണ്. ഇത് ആധുനികജനാധിപത്യത്തിൽ മാധ്യമങ്ങൾ വഹിക്കേണ്ട പങ്കിനെക്കുറിച്ച് സംവാദങ്ങൾക്ക് ഇടവരുത്തിയിട്ടുണ്ട്. പുതിയ ഇത്തരം വികാസങ്ങൾ അടുത്ത ഭാഗത്ത് നമുക്ക് കാണാം.

## 7.3 ആഗോളവൽക്കരണവും മാധ്യമങ്ങളും (Globalisation and the Media)

ആഗോളവൽക്കരണത്തിന്റെ വിപുലമായ സ്വാധീനവും വിനിമയ വിപ്ലവവുമായി അതിനുള്ള അടുത്ത ബന്ധവും കഴിഞ്ഞ അധ്യായത്തിൽ നമ്മൾ വായിച്ചുകഴിഞ്ഞതാണ്. മാധ്യമങ്ങൾക്ക് എക്കാലത്തും അന്തർദേശീയമായ മാനങ്ങളുണ്ട് - പുതിയ കഥകൾ ശേഖരിച്ചിരുന്നതും പാശ്ചാത്യസിനിമകൾ വിതരണം ചെയ്തിരുന്നതും. എന്നിരുന്നാലും 1970കൾ വരെ മിക്ക മാധ്യമകമ്പനികളും ദേശീയ ഗവൺമെന്റുകളുടെ നിയമങ്ങൾക്കനുസരിച്ച് രാജ്യത്തിനകത്തുതന്നെയാണ് പ്രവർത്തിച്ചിരുന്നത്. മാധ്യമവ്യവസായം സിനിമ, അച്ചടിമാധ്യമം, റേഡിയോ, ടെലിവിഷൻ സംപ്രേഷണം തുടങ്ങിയവയെല്ലാമായി പരസ്പരം വേറിട്ട് സ്വതന്ത്രമായാണ് പ്രവർത്തിച്ചിരുന്നത്.

കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനുള്ളിൽ മാധ്യമവ്യവസായത്തിൽ ഗണ്യമായ മാറ്റങ്ങൾ സംഭവിച്ചു. ദേശീയവിപണികൾ ആഗോളവിപണികൾക്ക് വഴിമാറുകയും പുതിയ സാങ്കേതികവിദ്യയുടെ വളർച്ച ഒരിക്കൽ വ്യത്യസ്തമായി നിലനിന്നിരുന്ന മാധ്യമരൂപങ്ങളുടെ കൂടിച്ചേരലിലേക്കു നയിക്കുകയും ചെയ്തു.

**Box 7.8**

### ആഗോളവൽക്കരണവും സംഗീതവും
### (Globalisation and the Case of Music)

ആഗോളവൽക്കരണവുമായി മറ്റെന്തിനേക്കാളും ഫലപ്രദമായി ഇണങ്ങിച്ചേർന്നത് സംഗീതമാണെന്നാണ് വാദം. കാരണം, എഴുത്തോ സംസാരഭാഷയോ അറിയാത്ത ജനങ്ങളിൽ പോലും സംഗീതത്തിന് ചെന്നെത്താൻ കഴിയും. സ്റ്റീരിയോസിസ്റ്റം മുതൽ മ്യൂസിക് ടെലിവിഷൻ (MTV പോലുള്ള), കോംപാക്റ്റ് ഡിസ്ക് (CD) വരെ സാങ്കേതികവിദ്യയിലുണ്ടായ വളർച്ച സംഗീതം നൂതനമായ രീതിയിൽ ആഗോളമായി വിതരണം ചെയ്യാനുള്ള സാഹചര്യം നൽകി.

### വിവിധ മാധ്യമരൂപങ്ങളുടെ സങ്കലനം
### (The Fusion of Forms of Media)

സംഗീതവ്യവസായം കുറച്ച് അന്തർദേശീയരുടെ കൈയിലേക്ക് വളരെ ഏറെ കേന്ദ്രീകരിക്കുമ്പോൾ അത് ഭീകരതയുടെ നിഴലിലാണെന്ന് ചിലർ ഭയന്നു. സംഗീതം ഇന്റർനെറ്റിൽനിന്ന് ഡൗൺലോഡ് ചെയ്തെടുക്കാവുന്ന അവസ്ഥ വന്നതോടെ കടകളിൽനിന്ന് സീഡിയോ കാസറ്റോ വാങ്ങേണ്ട ആവശ്യമില്ലാതായി. ഫാക്ടറികളുടെ ഒരു ശൃംഖല, വിതരണശൃംഖലകൾ, മ്യൂസിക്കടകൾ, വിൽപനക്കാർ എന്നിവ ഉൾപ്പെടുന്നതാണ് ആഗോളസംഗീത വ്യവസായം. ഈ ഘടകങ്ങളെ ഇന്റർനെറ്റ് ഇല്ലാതാക്കുകയും സംഗീതം നേരിട്ട് ലഭിക്കുകയും ചെയ്യുമ്പോൾ സംഗീതവ്യവസായത്തിൽ എന്തായിരിക്കും അവശേഷിക്കുക?



### ബോക്സ് 7.8 ന്റെ പ്രവർത്തനം

ബോക്സിലുള്ളത് ശ്രദ്ധാപൂർവം വായിക്കുക. ചർച്ചചെയ്യുക.

1. ചില സംഗീതസമുച്ചയങ്ങളുടെ അല്ലെങ്കിൽ കമ്പനികളുടെ പേരുകൾ കണ്ടെത്തുക.
2. നാം മൊബൈൽഫോണിലേക്ക് ഡൗൺലോഡ് ചെയ്യുന്ന റിങ്ടോണുകളെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? അത് വിവിധ മാധ്യമങ്ങളുടെ കൂടിച്ചേരലാണോ?
3. ശ്രോതാക്കൾ SMSലൂടെ അഭിരുചി തിരഞ്ഞെടുക്കുന്ന ഏതെങ്കിലും സംഗീതപരിപാടി ടെലിവിഷനിൽ കണ്ടിട്ടുണ്ടോ? ഇത് വീണ്ടും മാധ്യമ രൂപങ്ങളുടെ കൂടിച്ചേരലുകളാണോ? ഏതെല്ലാം രൂപങ്ങളാണ് ഇതിൽ ഉൾക്കൊള്ളുന്നത്?
4. പദങ്ങൾ മനസ്സിലാകാത്ത പാട്ടുകൾ നിങ്ങൾ ആസ്വദിച്ചിട്ടുണ്ടോ? സംഗീതരൂപങ്ങൾ മാത്രമല്ലാതെ ഭാഷകൾ കൂടി കൂട്ടിച്ചേർത്ത പുതിയ സംഗീതരൂപങ്ങളെക്കുറിച്ച് വേണ്ടി കൂടി നിർമ്മിക്കുന്ന പുതിയ സംഗീതരൂപങ്ങളെക്കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു?
5. ഫ്യൂഷൻസംഗീതങ്ങളായ റാപ്സംഗീതമോ ബംഗ്രയോ നിങ്ങൾ കേട്ടിട്ടുണ്ടോ? ഈ രണ്ടു രൂപങ്ങളും എവിടെനിന്നാണ് ഉൽഭവിച്ചത് ?
6. ഇത്തരം മറ്റു പ്രശ്നങ്ങളെക്കുറിച്ച് നിങ്ങൾ ചിന്തിക്കാൻ സാധ്യതയുണ്ടാകാം. ചർച്ചചെയ്ത് ഒരു ചെറു ഉപന്യാസം തയാറാക്കുക.

സംഗീതവ്യവസായവും ആഗോളവൽക്കരണത്തിന് അതിൻമേലുള്ള ദൂരവ്യാപകമായ പരിണതഫലങ്ങളുമാണ് നമ്മൾ ചർച്ചചെയ്തത്. ആഗോളവൽക്കരണം ബഹുജനമാധ്യമങ്ങളിൽ കൊണ്ടുവന്നിട്ടുള്ള മാറ്റങ്ങൾ വിവരണാതീതമാണ്. ഈ അധ്യായത്തിലൂടെ നമുക്കതു ഭാഗികമായി മാത്രമേ മനസ്സിലാക്കാൻ കഴിയുകയുള്ളൂ. കൂടുതൽ അറിവുകളിലേക്ക് യുവതലമുറയിലെ അംഗങ്ങൾ എന്ന നിലയിൽ നിങ്ങൾക്ക് അന്വേഷണം നടത്താവുന്നതാണ്. അച്ചടിമാധ്യമങ്ങളിലും (പ്രധാനമായും വർത്തമാനപത്രങ്ങളും മാസികകളും) ഇലക്ട്രോണിക് മാധ്യമങ്ങളിലും (ടെലിവിഷൻ, റേഡിയോ) ആഗോളവൽക്കരണം വരുത്തിയ മാറ്റങ്ങൾ പരിഗണിക്കാം.



# And the award goes to ...

*Advertising awards have a way of never losing their sheen, no matter that the numbers have increased over the years*

WITH NEW AWARDS BEING INTRODUCED ALL THE TIME-THERE ARE CITY LEVEL AWARDS AND MEDIA SPECIFIC AWARDS-IT SEEMS LIKE THERE'S ONE FOR EVERYONE TO WIN.

## അച്ചടിമാധ്യമം (Print Media)

വർത്തമാന പത്രങ്ങളും മാസികകളും സ്വാതന്ത്ര്യപ്രസ്ഥാനങ്ങളുടെ വ്യാപനത്തിൽ എത്രത്തോളം പ്രധാനപ്പെട്ടതായിരുന്നുവെന്ന് നമ്മൾ കണ്ടല്ലോ. ടെലിവിഷന്റെയും ഇന്റർനെറ്റിന്റെയും വളർച്ചയോടെ അച്ചടിമാധ്യമങ്ങളുടെ പ്രസക്തി നഷ്ടപ്പെടുമെന്നു വിശ്വസിച്ചിരുന്നു. എന്നാൽ ഇന്ത്യയിൽ വർത്തമാനപത്രങ്ങളുടെ പ്രചാരം വർധിക്കുകയാണുണ്ടായത്. ബോക്സ് 7.9 ൽ എങ്ങനെയാണ് പുതിയ സാങ്കേതികവിദ്യ പത്രങ്ങളുടെ ഉൽപ്പാദനവും പ്രചാരവും വർധിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചതെന്ന് വിശദീകരിക്കുന്നു. വർണക്കടലാസിൽ അച്ചടിച്ച ധാരാളം മാസികകളും വിപണിയിലേക്ക് കടന്നുവന്നു.

Box 7.9

### ഇന്ത്യൻ ഭാഷാപത്രവിപ്ലവം
### (The Indian Language Newspaper Revolution)

കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി ഉണ്ടായ പ്രധാനപ്പെട്ട സംഭവമാണ് ഇന്ത്യൻ ഭാഷാപത്രവിപ്ലവം. ഹിന്ദിയും തെലുങ്കും കന്നഡയും ഏറ്റവും അധികം വളർച്ച രേഖപ്പെടുത്തി. രാജ്യത്തെ അച്ചടിപ്രസിദ്ധീകരണങ്ങളുടെ ശരാശരി ദിനപ്രചാരം 2006 ൽ നിന്ന് 2016 ആയപ്പോഴേക്കും 23.7 മില്യനായി വർധിച്ചു. 2006 ലെ 39.1 മില്യൻ ശരാശരി ദിനപ്രചാരം 62.8 മില്യനായി, കോംപൗണ്ട് വാർഷിക വളർച്ച (CAGR) 2006 ൽ നിന്ന് 2016 ആയപ്പോൾ 4.87 ആയി. ഭൂമിശാസ്ത്രപരമായ നാല് മേഖലകളിൽ ഉത്തരമേഖലയിൽ ഉയർന്ന വളർച്ച രേഖപ്പെടുത്തി. ദക്ഷിണമേഖലയിൽ 4.95 ശതമാനവും പടിഞ്ഞാറൻ മേഖലയിൽ 2.81 ശതമാനവും കിഴക്കൻ മേഖലയിൽ 2.63 ശതമാനവുമാണത്. ഇന്ത്യയിലെ രണ്ട് പ്രമുഖ ദിനപത്രങ്ങളായ ദൈനിക് ജാഗരണും ദൈനിക് ഭാസ്കറിനും യഥാക്രമം 3.92 മില്യൻ, 3.81 മില്യൻ ശരാശരി പ്രചാരമുണ്ടായി.

*Source Audit Bureau of circulation - 2016-17*

ഇന്ത്യൻ ഭാഷാപത്രത്തിന്റെ വിജയത്തിന്റെ കഥയാണ് ഈനാട് പത്രത്തിനുമുള്ളത്. 1974 ൽ റാമോജി റാവുവാണ് ഈ പത്രം സ്ഥാപിക്കുന്നത്. 1980ൽ ചാരായവിരുദ്ധപ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചതോടെ ഈ തെലുങ്കുപത്രത്തിന് ഗ്രാമപ്രദേശങ്ങളിൽവരെ പ്രചാരമേറി. 1989ൽ ജില്ലാതല ദിനപത്രങ്ങൾ തുടങ്ങാനും ഇത് പ്രചോദനമായി. ജില്ലാ വാർത്തകളും ഗ്രാമങ്ങളിൽനിന്നും ചെറുപട്ടണങ്ങളിനിന്നുമുള്ള ക്ലാസിഫൈഡ് പരസ്യങ്ങളും ഇതിൽ ഉൾക്കൊണ്ടിരുന്നു. 1998ൽ ഈനാട് ആന്ധ്രപ്രദേശിലെ 10 നഗരങ്ങളിൽ നിന്ന് പ്രസിദ്ധീകരിക്കുകയും തെലുങ്കു ദിനപത്രങ്ങളിൽ 70 ശതമാനം പ്രചാരം കൈവരിക്കുകയും ചെയ്തു.


ਪੰਜਾਬੀ ਟ੍ਰਿਬਿਊਨ
Zyoptix
ਭਾਰਤ ਤੇ ਚੀਨ
ਨੌਵੀਂ ਸੂਚੀ ਦਾ ਰਾਹ ਬੰਦ
ಪ್ರಜಾವಾಣಿ
297 ಪೆಟ್ರೋಲ್ ಪಂಪ್
ದೈನಿಕ ಜಾಗರಣ
दैनिक जागरण
शहीद صدام حسین
Abbirami
ஆம்னி பஸ்களில் மதுரைக்கு ரூ.800, திருச்சிக்கு ரூ.650 கட்டணம்
உச்ச நீதிமன்ற உத்தரவுகளை
સંદેશ
૪૯ લાખ કરોડનું વિક્રમી રોકાણ

ഇന്ത്യൻ ഭാഷാപത്രങ്ങളുടെ വിസ്മയകരമായ വളർച്ചയ്ക്കു കാരണങ്ങൾ ഏറെയാണ്. ഒന്നാമതായി നഗരങ്ങളിലേക്ക് കുടിയേറിപ്പാർത്ത സാക്ഷരരായ ജനങ്ങളുടെ എണ്ണത്തിലുണ്ടായ വർധനവാണ്. 2003-ൽ 64000 കോപ്പി അച്ചടിച്ചിരുന്ന ഡൽഹിയിലെ ഹിന്ദിദിനപത്രമായ 'ഹിന്ദുസ്ഥാന്റെ' പ്രചാരം 2005-ൽ 425000 ആയി ഉയർന്നു. ഇതിനു കാരണം ഡൽഹിയിലെ ഒരു കോടി നാൽപ്പത്തിയേഴ് ലക്ഷം ജനസംഖ്യയിൽ 52 ശതമാനവും ഹിന്ദിഭാഷ സംസാരിക്കുന്ന ഉത്തർപ്രദേശ്, ബിഹാർ എന്നീ സംസ്ഥാനങ്ങളിൽനിന്നു വന്നവരാണ് എന്നതാണ്. ഇതിൽത്തന്നെ 47 ശതമാനം ഗ്രാമീണമേഖലയിൽനിന്നു വന്നവരും അവരിൽ 60 ശതമാനം പ്രായം 40 വയസ്സിൽ കുറഞ്ഞവരുമാണ്.

രണ്ടാമതായി കാരണമായത് ചെറുപട്ടണങ്ങളിലെയും ഗ്രാമങ്ങളിലെയും വായനക്കാരുടെ ആവശ്യങ്ങളും താൽപ്പര്യങ്ങളും നഗരങ്ങളിലെ വായനക്കാരിൽനിന്ന് വ്യത്യസ്തമാണെന്ന് മനസ്സിലാക്കി പ്രവർത്തിച്ചതാണ്. പ്രമുഖ ഇന്ത്യൻ ഭാഷാദിനപത്രങ്ങളായ മലയാളമനോരമ, ഈനാട് തുടങ്ങിയവ പ്രാദേശികവാർത്തകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ജില്ലാ പ്രസിദ്ധീകരണങ്ങളും അത്യാവശ്യമുള്ളിടത്ത് ബ്ലോക്ക് പതിപ്പുകളും തുടങ്ങി. പ്രമുഖ തമിഴ് ദിനപത്രമായ 'ദിനതന്തി' ലളിതമായ ഭാഷയും സംസാരഭാഷയും പത്രങ്ങളിൽ ഉപയോഗിച്ചു. ഉപഭോക്താക്കളുമായി ബന്ധപ്പെടുന്ന പരിപാടികൾ, വീടുവീടാന്തരമുള്ള സർവേകൾ, ഗവേഷണം തുടങ്ങിയ വിപണനതന്ത്രങ്ങളാണ് 'ദൈനിക് ഭാസ്കർ' ഗ്രൂപ്പിന്റെ വിജയത്തിനു കാരണമായത്. ഇത് ആധുനിക ബഹുജനമാധ്യമങ്ങൾക്ക് ഔപചാരികഘടനാ സംവിധാനം വേണമെന്ന ആശയത്തിലേക്കെത്തിച്ചു.

**Box 7.10**

**ഇന്ത്യയിൽ പത്രങ്ങളുടെ പ്രചാരത്തിൽ വന്ന മാറ്റം**
**(Shift in Circulation of Newspapers in India)**

നാഷണൽ റീഡർഷിപ് പഠന (NRS 2006) പ്രകാരം വായനക്കാരുടെ എണ്ണം ഏറ്റവും കൂടുതൽ വർധിച്ചിട്ടുള്ളത് ഹിന്ദിമേഖലയിലാണ്. ഇന്ത്യൻ ഭാഷാദിനപത്രങ്ങൾ വായനക്കാരുടെ എണ്ണം 191 മില്യനിൽ നിന്ന് 203.6 മില്യനിലേക്ക് വർധിപ്പിച്ചുകൊണ്ട് നല്ല വളർച്ചനേടി. അതേസമയം ഇംഗ്ലീഷ് ദിനപത്രങ്ങളുടെ വളർച്ച 21 മില്യനിൽ നിൽക്കുകയാണ് ചെയ്തത്. ഹിന്ദിദിനപത്രങ്ങളായ ദൈനിക് ജാഗരൺ (21.2 മില്യൻ), ദൈനിക ഭാസ്കർ (21.0 മില്യൻ) എന്നിവ പ്രചാരത്തിൽ മുന്നിൽ നിൽക്കുമ്പോൾ 5 മില്യനിൽ അധികം വായനക്കാരുള്ള ഒരേയൊരു ഇംഗ്ലീഷ് പത്രം ടൈംസ് ഓഫ് ഇന്ത്യ (7.4 മില്യൻ) യാണ്. 18 ദിനപത്രങ്ങൾ ഉൾപ്പെടുന്ന 5 മില്യൻ ക്ലബ്ബിൽ 6 എണ്ണം ഹിന്ദിയിലും 3 എണ്ണം തമിഴിലും 2 എണ്ണം വീതം ഗുജറാത്തിയിലും മലയാളത്തിലും മറാഠിയിലും ഒന്നു വീതം ബംഗാളി, തെലുങ്ക്, ഇംഗ്ലീഷ് എന്നീ ഭാഷകളിലുമാണുള്ളത് *(The Hindu, Delhi, August 30 2006)*.

സാധാരണയായി 'ദേശീയദിനപത്രങ്ങൾ' എന്നു വിളിക്കുന്ന ഇംഗ്ലീഷ് ദിനപത്രങ്ങൾക്ക് എല്ലാ ഭാഗങ്ങളിലും പ്രചാരം എത്തുകയും സ്വദേശഭാഷയിലുള്ള പത്രങ്ങൾ സംസ്ഥാനങ്ങളിലും ഉൾനാടൻ പ്രദേശങ്ങളിലും പ്രചാരത്തിൽ വളർച്ചയുണ്ടാക്കുകയും ചെയ്തു. ഇലക്ട്രോണിക് മാധ്യമവുമായി മത്സരിക്കുന്നതിന് വേണ്ടി പത്രങ്ങൾ പ്രത്യേകിച്ച് ഇംഗ്ലീഷ് ഭാഷാപത്രങ്ങൾ വിലകുറയ്ക്കുകയും പല കേന്ദ്രങ്ങളിൽനിന്ന് പതിപ്പുകൾ പുറത്തിറക്കുകയും ചെയ്തു.



**7.4**

- നിങ്ങൾക്ക് പരിചിതമായ ദിനപത്രങ്ങൾ ഏതെല്ലാം സ്ഥലങ്ങളിൽനിന്നാണ് പ്രസിദ്ധീകരിക്കുന്നതെന്ന് കണ്ടെത്തുക.
- നഗരങ്ങളുടെ അല്ലെങ്കിൽ പട്ടണങ്ങളുടെ പ്രത്യേക താൽപര്യങ്ങളും സംഭവങ്ങളും മാത്രം പ്രസിദ്ധീകരിക്കുന്ന പതിപ്പുകൾ നിങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?
- പല പത്രങ്ങളുടെയും കൂടെ വിതരണം ചെയ്യുന്ന വാണിജ്യപതിപ്പുകൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ?

**പത്ര ഉൽപാദനത്തിലെ മാറ്റങ്ങൾ : സാങ്കേതികവിദ്യയുടെ പങ്ക്**
**(Changes in Newspaper Production: the Role of Technology)**

Box 7.11

1980-ന്റെ അവസാനത്തിലും 1990-ന്റെ ആദ്യത്തിലുമായാണ് പത്രങ്ങൾ പൂർണമായും യന്ത്രവൽ കൃതമായത് - റിപ്പോർട്ടറുടെ ഡെസ്ക് മുതൽ അവസാനപരിശോധനവരെ. ഇവിടെ കടലാസിന്റെ ഉപയോഗം പൂർണമായും ഒഴിവാക്കപ്പെട്ടു. ഇത് സാധ്യമാക്കിയത് രണ്ട് പ്രധാന സാങ്കേതികമാറ്റങ്ങളാണ് - പേഴ്സണൽ കമ്പ്യൂട്ടറും (PCs) LAN ഉം (ലോക്കൽ ഏരിയ നെറ്റ്വർക്ക്), ന്യൂസ്മേക്കർ പോലുള്ള വാർത്താ നിർമ്മാണ സോഫ്റ്റ്വെയറുകളും മറ്റും.



സാങ്കേതികവിദ്യയിലെ മാറ്റം റിപ്പോർട്ടർമാരുടെ ധർമ്മങ്ങളിലും ചുമതലകളിലും മാറ്റമുണ്ടാക്കി. റിപ്പോർട്ടർമാരുടെ അടിസ്ഥാന ഉപകരണങ്ങളായിരുന്ന ഷോർട്ട് ഹാൻഡ്, നോട്ട്ബുക്ക്, പേന, ടൈപ്പ്റൈറ്റർ, പഴയ ടെലിഫോൺ എന്നിവയ്ക്കു പകരം ചെറിയ ടേപ് റെക്കോർഡർ, ലാപ്ടോപ് അല്ലെങ്കിൽ PC, മൊബൈൽഫോൺ, മോഡം പോലുള്ള മറ്റു ഉപകരണങ്ങൾ എന്നിവ ഉപയോഗിച്ചു തുടങ്ങി. ഇങ്ങനെയുള്ള മാറ്റങ്ങളെല്ലാം വാർത്തകൾ വേഗത്തിൽ ശേഖരിക്കാനും ഏറ്റവും വൈകി വരുന്ന വാർത്തകൾപോലും പത്രങ്ങളിൽ ഉൾപ്പെടുത്താനും സഹായിച്ചു. പുതിയ വാർത്തകൾ വായനക്കാരിലെത്തിക്കത്തക്ക രീതിയിൽ ജില്ലാതലത്തിൽ പതിപ്പുകളിറക്കാനും പുതിയ സാങ്കതികവിദ്യ സഹായിച്ചു. പല ഭാഷാപത്രങ്ങളും പുതിയ സാങ്കതികവിദ്യ ഉപയോഗിച്ച് പ്രത്യേക പതിപ്പുകൾ എല്ലാ ജില്ലകളിൽനിന്നും പ്രസിദ്ധീകരിച്ചു. അച്ചടികേന്ദ്രങ്ങൾ കുറവാണെങ്കിലും, എഡിഷനുകൾ പലമടങ്ങു വർധിച്ചു.

മീററ്റ് കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന അമർ ഉജാല പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് വാർത്താശേഖരണത്തിലും ചിത്രാവിഷ്കാരത്തിലും മറ്റും പുരോഗതി കൈവരിക്കുകയുണ്ടായി. 13 പതിപ്പുകൾക്കായി നൂറോളം റിപ്പോർട്ടർമാരുടെയും ഉദ്യോഗസ്ഥരുടെയും അത്രതന്നെ കാമറാമാൻമാരുടെയും ശൃംഖലയുണ്ട്. ഉത്തരാഖണ്ഡിലും ഉത്തർപ്രദേശിലുമെല്ലാം നേരത്തേ ഉണ്ടായിരുന്ന റിപ്പോർട്ടർമാരും മറ്റു ജോലിക്കാരും കാമറാമാൻമാരുമെല്ലാം ഇപ്പോൾ വാർത്താസംപ്രേഷണത്തിന് PC കളും ഡിജിറ്റൽ കാമറകളും ഉപയോഗിക്കുകയും മോഡം ഉപയോഗിച്ചുകൊണ്ട് വാർത്താകേന്ദ്രങ്ങളിലേക്ക് വാർത്തകളും ചിത്രങ്ങളും അയക്കുകയും ചെയ്യുന്നു.

ഇലക്ട്രോണിക് മാധ്യമങ്ങളുടെ വളർച്ച അച്ചടിമാധ്യമങ്ങളുടെ പ്രചാരം കുറയ്ക്കുമെന്ന് പലരും ഭയപ്പെട്ടിരുന്നു. അങ്ങനെ സംഭവിച്ചില്ല എന്നു മാത്രമല്ല, ആ മേഖല വികാസം പ്രാപിക്കുകയും ചെയ്തു. അതേസമയം ഈ പ്രക്രിയ പത്രങ്ങളുടെ വില കുറയ്ക്കാനും പരസ്യക്കാരെ ആശ്രയിക്കാനും നിർബന്ധിതരാക്കി. അതുവഴി പരസ്യക്കാർ പത്രങ്ങളെ സ്വാധീനിക്കാനും തുടങ്ങി. ഇതിന്റെ യുക്തി താഴെ ബോക്സിൽ കാണാം.

**Box 7.12**

**ഒരു മീഡിയാ മാനേജർ വിവരിക്കുന്നു**

അച്ചടിമാധ്യമങ്ങൾ അനുഭവിക്കുന്ന ഒരു പ്രയാസം ഉയർന്ന ഉൽപ്പാദന ച്ചെലവിനനുസരിച്ച് വരുമാനം ലഭിക്കുന്നില്ല എന്നതാണ്. ഒരു പത്രത്തിന്റെ ഉൽപ്പാദനച്ചെലവ് 5 രൂപയാകുമ്പോൾ വിൽക്കുന്നത് 2 രൂപയ്ക്കാണെങ്കിൽ വലിയ സബ്സിഡിയിലാണ് വിൽക്കുന്നത്. സ്വാഭാവികമായും നിങ്ങൾ ചെലവു വഹിക്കുന്നതിന് പരസ്യങ്ങളെ ആശ്രയിക്കും.

പരസ്യം ചെയ്യുന്ന ആൾ അച്ചടിമാധ്യമങ്ങളുടെ പ്രാഥമിക ഇടപാടുകാരാവുന്നു. അതുകൊണ്ട് ഞാൻ, എന്റെ ഉൽപ്പന്നത്തിന് വായനക്കാരെ ലഭിക്കാൻ ശ്രമിക്കാറില്ല, പക്ഷേ, എനിക്ക് ഇടപാടുകാരെ ലഭിക്കുന്നു. അവർ എന്റെ വായനക്കാരാകുന്നു. എനിക്ക് പരസ്യം നൽകുന്ന ആൾ ജീവിതത്തിൽ വിജയിച്ചവർ, ജീവിതത്തെ ആഘോഷിക്കുന്നവർ, ഉപഭോഗം ചെയ്യുന്നവർ, സ്വീകരിക്കുന്നവർ, പരീക്ഷണങ്ങളിൽ വിശ്വസിക്കുന്നവർ, സുഖഭോഗികൾ എന്നിവരിൽ എത്തിപ്പെടാൻ ആഗ്രഹിക്കുന്നു.

**പ്രസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ അന്നത്തെ ഡയറക്ടർ** പത്രങ്ങൾ പരസ്യങ്ങൾക്ക് വേണ്ടി സാധ്യതയുള്ള ഇടപാടുകാരെ അവരുടെ അഭിരുചിയനുസരിച്ച് കണ്ടെത്തുന്നതെങ്ങനെയെന്ന് വിശദീകരിക്കുന്നു.

രാജ്യത്തിന്റെ ഗ്രാമഭാഗങ്ങളിലും ചെറിയ പട്ടണങ്ങളിലും വളർന്നുവരുന്ന ചേരി - കോളനികളിലും സംഭവിക്കുന്നതെന്തെന്നറിയാൻ ആഴ്ചകളായി ഞാൻ പ്രധാന ഇംഗ്ലീഷ്-ഭാഷാപത്രങ്ങളിലെ കഥാചിത്രങ്ങളും പത്രലേഖനങ്ങളും നോക്കാറുണ്ടായിരുന്നു. 70 ശതമാനത്തോളം ജനങ്ങൾ ഈ ഭാഗത്തു ജീവിക്കുന്നു. എന്റെ മനസ്സിൽ അവരാണ് 'യഥാർഥ ഇന്ത്യ'. ദേശീയ പ്രസ്, മുതിർന്ന നയരൂപകരെയും, രാഷ്ട്രീയക്കാരെയും പണ്ഡിതരുടെയും, പത്രപ്രവർത്തകരുടെയും അറിവുകൾ രൂപപ്പെടുത്തുന്നതിന് ഉപകരിക്കുന്ന അറിവുകൾ പകർന്നു. അവർ ഭരണസംവിധാനത്തിന്റെ കാവൽ നായയായി സേവനം അനുഷ്ഠിക്കുമെന്ന പ്രതീക്ഷയാണ് - പാരമ്പര്യമായി ഫോർത്ത് എസ്റ്റേറ്റിന്റെ പരിഗണിക്കപ്പെടുന്ന പങ്ക്.

*(Chaudhuri 2005:199-226)*

**Box 7.13**

വായനക്കാരുടെ എണ്ണം വർധിപ്പിക്കാനും വിവിധ ജനവിഭാഗങ്ങളിൽ എത്തിക്കാനും പത്രങ്ങൾ നന്നായി പരിശ്രമിച്ചു. പത്രവായനശീലങ്ങളിലും മാറ്റം വന്നതായി വാദമുണ്ട്. പ്രായം ചെന്നവർ പത്രം മുഴുവനായി വായിക്കുമ്പോൾ യുവതലമുറയ്ക്ക് താൽപ്പര്യം സ്പോർട്സ്, വിനോദങ്ങൾ, ഗോസിപ്പുകൾ തുടങ്ങിയവ ആയതുകൊണ്ട് അവർ നേരത്തേ അത്തരം ഇനങ്ങളുള്ള പേജുകളിലേക്ക് പോകും. വ്യത്യസ്ത വായനക്കാരുടെ വൈവിധ്യമാർന്ന താൽപ്പര്യങ്ങളെ തൃപ്തിപ്പെടുത്താനുള്ള രീതിയിലുള്ള ഉള്ളടക്കമാണ് പത്രങ്ങൾ തയാറാക്കുന്നത്. ഇത് ഇൻഫോടെയിൻമെന്റ് (Infotainment) എന്ന ഒരു സങ്കൽപ്പമാണ്. വായനക്കാരുടെ താൽപ്പര്യം നിലനിർത്തുക എന്ന ലക്ഷ്യത്തോടെയുള്ള വിവരങ്ങളുടെയും വിനോദങ്ങളുടെയും ഒരു സമന്വയമാണ് ഇൻഫോടെയിൻമെന്റ്. പത്രധർമ്മത്തിനോ പരമ്പരാഗത മൂല്യങ്ങൾക്കോ യാതൊരു പ്രാധാന്യവുമില്ല. വിൽപ്പന മാത്രം ലക്ഷ്യമാക്കിയുള്ള ഒരു ഉപഭോക്തൃ ഉൽപ്പന്നമായി പത്രങ്ങൾ മാറി. ആവശ്യക്കാരന്റെ എണ്ണം വലുതാണോ? എല്ലാം വിൽപ്പനയ്ക്കാകുന്നു.



**ബോക്സ് 7.13 നുള്ള പ്രവർത്തനം**

**ഖണ്ഡിക ശ്രദ്ധാപൂർവം വായിക്കുക.**

1. മാറിയത് വായനക്കാരോ പത്രങ്ങളോ? ചർച്ചചെയ്യുക.
2. ഇൻഫോടെയിൻമെന്റ് എന്ന പദം ചർച്ചചെയ്യുക. ഉദാഹരണങ്ങൾ നൽകുക. ഇൻഫോടെയിൻമെന്റിന്റെ ഫലങ്ങൾ എന്തെല്ലാമാണെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?

## ടെലിവിഷൻ



ഒരു ടി.വി. വിൽപനശാല

ഇന്ത്യയിൽ 1991-ൽ സർക്കാർ നിയന്ത്രണത്തിൽ ദൂരദർശൻ എന്ന ഒരേയൊരു ചാനൽ മാത്രമേ ഉണ്ടായിരുന്നുള്ളു. 1998-ൽ ഏകദേശം 70 ചാനലുകൾ ഉണ്ടായി. 1990ൽ സ്വകാര്യ ഉടമസ്ഥതയിലുള്ള ഉപഗ്രഹചാനലുകളുടെ എണ്ണം വർധിച്ചു. ദൂരദർശൻ 20 ചാനലുകൾ സംപ്രേഷണം ചെയ്യുമ്പോൾ 2000-ൽ 40 സ്വകാര്യ ടെലിവിഷൻ ശൃംഖലകൾ ഉണ്ടായി. സമകാലിക ഇന്ത്യയിലെ അമ്പരപ്പിക്കുന്ന മാറ്റമായിരുന്നു സ്വകാര്യ ഉപഗ്രഹചാനലുകളുടെ വളർച്ച. 2002-ൽ ശരാശരി 134 മില്യൻ ആളുകൾ ഒരു ആഴ്ചയിൽ ഉപഗ്രഹ ടി.വി. കണ്ടിരുന്നു. 2005 ആയപ്പോഴേക്കും ഇത് 190 മില്യൻ ആയി വർധിച്ചു. ഉപഗ്രഹ ടി.വി. കണക്ഷനുള്ള വീടുകളുടെ എണ്ണം 2002-ൽ 40 മില്യൻ എന്നത് 2005-ൽ 61 മില്യൻ ആയി ഉയർന്നു. ഇന്ന് ഉപഗ്രഹ ടി.വി. വരിക്കാരുടെ എണ്ണം 56 ശതമാനമായി വീണ്ടും കുതിച്ചുയർന്നു.

1991-ലെ ഗൾഫ്‌യുദ്ധവും (CNN നെ പ്രസിദ്ധമാക്കിയ) അതേ വർഷംതന്നെ ഹോങ്കോങ്ങിലെ വമ്പുവ ഹച്ചിൻസൺ ഗ്രൂപ്പ് ആരംഭിച്ച സ്റ്റാർ ടി.വിയും സ്വകാര്യ ഉപഗ്രഹചാനലിന്റെ വരവിനു തുടക്കം കുറിച്ചു. 1992-ൽ ഹിന്ദിയധിഷ്ഠിത ഉപഗ്രഹ വിനോദ ചാനലായ സി.ടി.വിയും ഇന്ത്യയിൽ നല്ല പരിപാടികളോടെ സംപ്രേഷണം ആരംഭിച്ചു. 2000-ൽ സൺ ടി.വി, ഈനാട് ടി.വി, ഉദയ ടി.വി, രാജ് ടി.വി, ഏഷ്യാനെറ്റ് തുടങ്ങിയ പ്രാദേശിക ഭാഷാചാനലുകളടക്കം 40 സ്വകാര്യ കേബിൾ ഉപഗ്രഹചാനലുകൾ ഇന്ത്യയിൽ ലഭ്യമായി. ഇതിനിടെ സി.ടി.വി. ധാരാളം പ്രദേശികചാനലുകൾ ആരംഭിക്കുകയും മറാത്തി, ബംഗാളി തുടങ്ങിയ ഭാഷകളിൽ സംപ്രേഷണം നടത്തുകയും ചെയ്തു.

1980 കളിൽ ദൂരദർശൻ അതിവേഗം വികാസം പ്രാപിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ കേബിൾ ടി.വി. വ്യവസായവും പ്രധാന ഇന്ത്യൻ നഗരങ്ങളിൽ പെട്ടെന്നു വളരാൻ തുടങ്ങി. വി.സി.ആർ. പ്രചാരത്തിൽ വന്നതോടെ ദൂരദർശന്റെ ഏക ചാനൽ പരിപാടികൾക്ക് ഒരു ബദൽ എന്ന രീതിയിൽ ഇന്ത്യൻ പ്രേക്ഷകരുടെ വിനോദസാധ്യതകൾ ഒന്നുകൂടി വർധിച്ചു. വീടുകളിലും കമ്മ്യൂണിറ്റി പാർലറുകളിലുമെല്ലാം വീഡിയോ കാണുന്നത് വർധിച്ചു. വീഡിയോ പ്രദർശനങ്ങളിൽ നല്ലൊരു ഭാഗവും പ്രാദേശികവും വിദേശീയവുമായ സിനിമാധിഷ്ഠിത വിനോദ പരിപാടികളായിരുന്നു. 1984-ഓടെ മുംബൈ, അഹമ്മദാബാദ് മുതലായ പട്ടണങ്ങളിൽ കേബിൾ കണക്ഷൻ വഴി അപ്പാർട്ട്മെന്റുകളിൽ ഒരുദിവസംതന്നെ ധാരാളം സിനിമകൾ ലഭിക്കാൻ തുടങ്ങി. കേബിൾ ഓപ്പറേറ്റർമാരുടെ എണ്ണം 1984-ൽ 100 എന്നത് 1988-ൽ 1200 ആയും 1992-ൽ 15000 ആയും 1999 ആയപ്പോഴേക്കും അത് ഏകദേശം 60,000 വും ആയി ഉയർന്നു.

രാജ്യാന്തര കമ്പനികളായ സ്റ്റാർ ടി.വി, എം.ടി.വി, ചാനൽ വി, സോണി തുടങ്ങിയവയുടെ ആഗമനം യുവാക്കളെ വഴിതെറ്റിക്കുമെന്നും ഇന്ത്യൻ സംസ്കാരത്തെ ബാധിക്കുമെന്നും ചിലർ ആശങ്കപ്പെട്ടു. എന്നാൽ മിക്ക രാജ്യാന്തര ചാനലുകളും ഗവേഷണം നടത്തുകയും ഇന്ത്യൻ പ്രേക്ഷകരിലെ വ്യത്യസ്ത വിഭാഗങ്ങളെ ആകർഷിക്കുന്നതിന് അവർക്ക് പരിചിതമായ പരിപാടികളായിരിക്കും നല്ലത് എന്ന് തിരിച്ചറിയുകയും ചെയ്തു. 10 ഹിന്ദി സിനിമകൾ ആഴ്ചയിൽ സംപ്രേഷണം ചെയ്തിരുന്ന സോണി ഇന്റർനാഷണൽ ക്രമേണ സിനിമകളുടെ എണ്ണം കുറയ്ക്കുകയും ഹിന്ദി

ഭാഷയിലുള്ള പരിപാടികൾ സ്വയം നിർമ്മിക്കുകയും ചെയ്തു. ഭൂരിഭാഗം വിദേശചാനലുകളും ഒന്നുകിൽ ഹിന്ദിഭാഷയിലുള്ള പരിപാടികൾ സംപ്രേഷണം ചെയ്യുകയോ (എം.ടി.വി. ഇന്ത്യ) ഹിന്ദിഭാഷയിലുള്ള പുതിയ ചാനലുകൾ (സ്റ്റാർ പ്ലസ്) തുടങ്ങുകയോ ചെയ്തു. സ്റ്റാർ സ്പോർട്സ്, ഇ.എസ്.പി.എൻ. എന്നീ ചാനലുകൾ ഹിന്ദിയിലും തൽസമയവിവരണം ആരംഭിച്ചു. വലിയ കമ്പനികൾ ബംഗാളി, പഞ്ചാബി, മറാത്തി, ഗുജറാത്തി തുടങ്ങിയ ഭാഷകളിൽ പ്രാദേശിക ചാനലുകൾ ആരംഭിച്ചു.

ഏറ്റവും കൂടുതൽ പ്രാദേശികവൽക്കരിക്കപ്പെട്ട ചാനൽ സ്റ്റാർ ടി.വിയാണ്. തുടക്കത്തിൽ ഹോങ്കോങ്ങിൽനിന്നും സംപ്രേഷണം ചെയ്തിരുന്ന ഇംഗ്ലീഷ് വിനോദചാനൽ 1996-ൽ 7നും - 9നും ഇടയിൽ രണ്ടു മണിക്കൂർ നേരം ഹിന്ദിഭാഷയിലുള്ള പരിപാടികൾ സംപ്രേഷണം ചെയ്യാൻ തുടങ്ങി. 1999 ഫെബ്രുവരിയിൽ ഈ ചാനൽ പൂർണമായും ഒരു ഹിന്ദി ചാനലായി മാറുകയും ഇംഗ്ലീഷ് പരമ്പരകളുടെ സംപ്രേഷണം അവർ സ്റ്റാർ ടി.വിയുടെ അന്തർദേശീയ ഇംഗ്ലീഷ് ചാനലായ സ്റ്റാർ വേൾഡിലേക്ക് മാറ്റുകയും ചെയ്തു. മാറ്റത്തെ പ്രോൽസാഹിപ്പിക്കുന്ന പരസ്യത്തിൽ 'ആപ്കാ ബോലി, ആപ്കാ പ്ലസ് പോയിന്റ്'(നിങ്ങളുടെ ഭാഷ/സംസാരം, നിങ്ങളുടെ പ്ലസ് പോയിന്റ്) എന്ന മുദ്രാവാക്യംകൂടി ഉൾപ്പെടുത്തിയിരുന്നു. സ്റ്റാർ ടി.വിയും സോണിയും യുവതലമുറയ്ക്ക് വേണ്ടി ഇംഗ്ലീഷിലുള്ള യു.എസ്. പരിപാടികൾ ഹിന്ദിയിലേക്ക് ഡബ് ചെയ്തു സംപ്രേഷണം ചെയ്തു (Butcher, 2003). നിങ്ങൾ ഏതെങ്കിലും ഡബ് ചെയ്ത പരിപാടികൾ കണ്ടിട്ടുണ്ടോ? അത് നിങ്ങൾക്ക് എങ്ങനെ അനുഭവപ്പെട്ടു?

ടെലിവിഷൻ ചാനലുകൾ 24 മണിക്കൂറും പ്രവർത്തനമാരംഭിച്ചു. അവ സജീവവും ആനുഷംഗി

**Box 7.14**

**പ്രിൻസിന്റെ മോചനം**

ഹരിയാനയിലെ കുരുക്ഷേത്രയിലുള്ള ആൽധെഹർഹി എന്ന ഗ്രാമത്തിൽ പ്രിൻസ് എന്ന അഞ്ചു വയസ്സുകാരൻ 55 അടി താഴ്ചയിലുള്ള ഒരു കുഴൽക്കിണറിൽ വീണു. 50 മണിക്കൂർ നീണ്ട പ്രയത്നത്തിനു ശേഷമാണ് രക്ഷപ്പെടുത്താൻ കഴിഞ്ഞത്. സമാന്തരമായി കുഴികുഴിച്ച് ഭക്ഷണവും CCTV കാമറയും താഴ്ത്തിയാണ് രക്ഷാപ്രവർത്തനം നടത്തിയത്. രണ്ട് വാർത്താചാനലുകൾ മറ്റെല്ലാ പരിപാടികളും നിർത്തിവച്ചുകൊണ്ട് ഇതു തൽസമയം സംപ്രേഷണം നടത്തുകയുണ്ടായി. കീടങ്ങളുമായി കുട്ടി പൊരുതുന്നതും ഉറങ്ങുന്നതും കരയുന്നതുമെല്ലാം ടി.വി. സ്ക്രീനിൽ തെളിഞ്ഞുകൊണ്ടിരുന്നു. അവർ അഭിമുഖങ്ങൾ സംഘടിപ്പിക്കുകയും പ്രിൻസിന് വേണ്ടി SMS അയക്കാൻ ജനങ്ങളോട് ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് ആയിരങ്ങൾ സംഭവസ്ഥലത്തെത്തുകയും പ്രിൻസിന് വേണ്ടി അമ്പലങ്ങളിലും പള്ളികളിലും മോസ്കുകളിലും ഗുരുദ്വാരകളിലും പ്രാർഥനകൾ നടത്തുകയും ചെയ്തു. ഇതുപോലെ വ്യക്തികളുടെ ജീവിതത്തിൽ ചാനലുകൾ കടന്നുകയറുന്ന മറ്റു സംഭവങ്ങളും ഉണ്ടായിട്ടുണ്ട്.

## ബോക്സ് 7.14 ന്റെ പ്രവർത്തനം



മുഴുവൻ രക്ഷാപ്രവർത്തനവും നിങ്ങൾ ടെലിവിഷനിൽ കണ്ടുവെന്ന് വിചാരിക്കുക. അതല്ലെങ്കിൽ മറ്റ് ഏതെങ്കിലും സംഭവം തിരഞ്ഞെടുക്കാം. താഴെ പറയുന്ന കാര്യങ്ങൾ വച്ച് ക്ലാസിൽ ഒരു സംവാദം സംഘടിപ്പിക്കുക.

1. പ്രേക്ഷകരെ നേടുന്നതിന് വേണ്ടി ടെലിവിഷൻ ചാനലുകൾ പ്രത്യേക പരിപാടികളുമായി മത്സരിക്കുന്നതിന്റെ ഫലം എന്താകാം?
2. ആളുകളുടെ സ്വകാര്യതയിലേക്കുള്ള ടെലിവിഷൻ ക്യാമറകളുടെ കടന്നുകയറ്റമായി ഈ സംഭവത്തെ കാണാമോ?
3. പാവപ്പെട്ട ഗ്രാമീണരെ അപകടനിലയിൽ സഹായിക്കുന്ന ഒരു മാതൃകാപ്രവർത്തനത്തിന് ഉദാഹരണമായി ഇതിനെ കണക്കാക്കാമോ?

കവുമായിരുന്നു. വാർത്തകൾ ഏറ്റവും പുതിയതും ജനാധിപത്യപരവും സുപരിചിതവും ആക്കപ്പെട്ടു. ടെലിവിഷൻ പരിപാടികളിൽ പൊതുസംവാദങ്ങളും മറ്റും ഓരോ വർഷം കഴിയുമ്പോഴും ഉൾപ്പെടാൻ തുടങ്ങി. ഗൗരവമേറിയ രാഷ്ട്രീയ - സാമ്പത്തിക പ്രവർത്തനങ്ങളെ ഇവ തഴയുന്നുണ്ടോ എന്ന ചോദ്യവും ഉയർന്നുവന്നു.

വാർത്താചാനലുകളുടെ എണ്ണം വർധിക്കുകയും റിയാലിറ്റിഷോ, ടോക്ഷോ, ബോളിവുഡ് ഷോ, ഫാമിലി ഒപേരകൾ, സമ്പർക്കപരിപാടികൾ, ഗെയിംഷോ, ഹാസ്യപരിപാടികൾ എന്നിവ സംപ്രേഷണം ചെയ്യാനും തുടങ്ങി. ചാനലുകൾ അനേകം സൂപ്പർതാരങ്ങളെ സൃഷ്ടിച്ചു. അവരുടെ ജീവിതം ജനപ്രിയ മാസികകളിലെയും പത്രങ്ങളിലെയും ഗോസിപ്പ് കോളങ്ങളിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. കോൻ ബനേഗാ ക്രോർപതി, ഇന്ത്യൻ ഐഡൊൾ, ബിഗ് ബോസ് തുടങ്ങിയ റിയാലിറ്റി ഷോകൾ പ്രസിദ്ധമായി. അവയിൽ പലതും പാശ്ചാത്യ പരിപാടികളെ മാതൃകയാക്കിയാണ് അവതരിപ്പിച്ചിരുന്നത്. ഇതിലേതെല്ലാം പരിപാടികളാണ് സമ്പർക്കപരിപാടി, കുടുംബപരിപാടി, ടോക്ക്ഷോ, റിയാലിറ്റിഷോ ഒക്കെയായി വേർതിരിച്ചറിയാൻ കഴിയുന്നത്? ചർച്ചചെയ്യുക.

**Box 7.15**

**സോപ് ഒപേര (Soap Opera)**

പരമ്പരയായി അവതരിപ്പിക്കുന്ന കഥകളെയാണ് സോപ് ഒപേര എന്നു പറയുന്നത്. അവ തുടർച്ചയുള്ളവയാണ്. ഒറ്റയായ കഥകൾ പെട്ടെന്ന് അവസാനിക്കുമ്പോൾ ഇതിലെ കഥാപാത്രങ്ങൾ വന്നുപോയിക്കൊണ്ടിരിക്കും. എന്നാൽ പെട്ടെന്നൊന്നും അവസാനിക്കില്ല. അതിലെ കഥാപാത്രങ്ങൾ, വ്യക്തിത്വങ്ങൾ, ജീവിതാനുഭവങ്ങൾ എന്നിവയെല്ലാം പ്രേക്ഷകർക്ക് സുപരിചിതമായിരിക്കും.

## റേഡിയോ



Can you talk your walk? GenZ has tuned into a new career

RADIO GA GA!

Mallvika Nanda

*I'd sit alone and watch your light. My only friend through teenage nights. And everything I had to know, I heard it on my radio... You had your time you had the power. You've yet to have your finest hour, Radio... Radio Ga Ga...*

Long ago when Queen's Freddie Mercury sung *Radio Ga Ga*, maybe it was a subtle reference to the finest hour which we are witnessing now — the radio boom which is loud and clear. This boom has made radio jockeying the coolest career option for the hip and happening GenZ. And if seeing is believing, the incessant rush of wannabe RJ's who thronged the Fever 104 stall at the recently-held **HT Youth Nexus** made our conviction further stronger. The fever is certainly on the rise.

**It's the right choice**

But what has made RJ ing the coolest choice? Perhaps, it is the rising level of awareness among youngsters who want something more and extraordinary when it comes to career. No run of the mill stuff for them because they are willing to risk and experiment. As actress Preity Zinta, who was an RJ in

2000-ൽ ഇന്ത്യയിലെ മൂന്നിൽ രണ്ടു ഭാഗം വീടുകളിലും 120 മില്യൺ റേഡിയോ സെറ്റുകളിലൂടെ 24 ഭാഷകളിലും 146 ഉപഭാഷകളിലും ഓൾ ഇന്ത്യ റേഡിയോ പരിപാടികൾ പ്രക്ഷേപണം ചെയ്തിരുന്നു. 2002-ൽ സ്വകാര്യ എഫ്.എം. റേഡിയോസ്റ്റേഷനുകൾ വന്നതോടെ റേഡിയോ മുഖേനയുള്ള വിനോദപരിപാടികൾക്ക് ഉത്തേജനം ലഭിച്ചു. ശ്രോതാക്കളെ ആകർഷിക്കുന്നതിനു പരമാവധി വിനോദപരിപാടികൾ നൽകിയിരുന്നു. സ്വകാര്യ എഫ്.എം. ചാനലുകൾക്ക് രാഷ്ട്രീയ വാർത്താബുള്ളറ്റിനുകൾ പ്രക്ഷേപണം ചെയ്യാനുള്ള അനുവാദം ഇല്ലാത്തതിനാൽ മിക്ക ചാനലുകളും പ്രത്യേകയിനം സംഗീതപരിപാടികൾ ചെയ്താണ് ശ്രോതാക്കളെ നിലനിർത്തിയിരുന്നത്. അതുപോലെയുള്ള ഒരു എഫ്.എം. ചാനൽ ഓൾ ഹിറ്റ്സ് ഓൾ ഡേ എന്ന പരിപാടി പ്രക്ഷേപണം ചെയ്യുമെന്ന് അവകാശപ്പെട്ടിരുന്നു. നഗരങ്ങളിലെ യുവാക്കളായ പ്രൊഫഷണലുകളിലും വിദ്യാർഥികളിലും സ്വാധീനമുണ്ടായിരുന്നു. പ്രശസ്തമായ പല എഫ്.എം. ചാനലുകളും മാധ്യമസമൂഹങ്ങളുടെ അധീനതയിലായിരുന്നു. ഉദാഹരണമായി റേഡിയോ മിർച്ചി ടൈംസ് ഓഫ് ഇന്ത്യയുടെ ഉടമസ്ഥതയിലുള്ള ചാനലാണ്. റെഡ് എഫ്.എം., ലിവിങ് മീഡിയയുടെയും

റേഡിയോ സിറ്റി സ്റ്റാർനെറ്റ് വർക്കിന്റെയും ഉടമസ്ഥതയിലാണ്. ഇതോടെ പൊതു പ്രക്ഷേപണ രംഗത്ത് പ്രവർത്തിക്കുന്ന സ്വതന്ത്ര റേഡിയോ സ്റ്റേഷനുകളായ നാഷണൽ പബ്ലിക് റേഡിയോ (USA), ബി.ബി.സി (UK) എന്നിവ പ്രക്ഷേപണ ഭൂപടത്തിൽനിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

രംഗ് ദെ ബസന്തി (Rang De Basanti), ലഗെ രഹോ മുന്നാഭായി (Lege Raho Munnai Bhai) എന്നീ സമകാലികസിനിമകൾ ഒരു സജീവ വിനിമയമാധ്യമം എന്ന നിലയിൽ റേഡിയോയെ ഉപയോഗപ്പെടുത്തുകയുണ്ടായി. രംഗ് ദെ ബസന്തിലെ ദേഷ്യക്കാരനായ ഒരു കോളേജ് യുവാവ് ഭഗത്സിങ്ങിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് ഒരു മന്ത്രിയെ വധിക്കുകയും ഓൾ ഇന്ത്യ റേഡിയോ പിടിച്ചെടുക്കുകയും റേഡിയോ വഴി അയാൾ അവരുടെ സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്യുന്നു. അതേസമയം ലഗേ രഹോ മുന്നാഭായിയിൽ 'ഗുഡ്മോർണിങ് മുംബൈ' പരിപാടിയിലെ റേഡിയോജോക്കിയായ നായികയെ രക്ഷിക്കുന്നതിനു നായകൻ റേഡിയോസ്റ്റേഷൻ ഉപയോഗപ്പെടുത്തുന്നു.

എഫ്.എം. ചാനലുകളുടെ ശക്തി വളരെ വലുതാണ്. റേഡിയോസ്റ്റേഷനുകളുടെ സ്വകാര്യവൽക്കരണവും കമ്മ്യൂണിറ്റി റേഡിയോ (Community radio) സ്റ്റേഷനുകളുടെ ആവിർഭാവവും റേഡിയോസ്റ്റേഷനുകളുടെ വളർച്ചയിലേക്ക് നയിച്ചു. പ്രാദേശിക വാർത്തകൾക്കുള്ള പ്രാധാന്യവും വർധിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ എഫ്.എം. റേഡിയോ കേൾക്കുന്ന വീടുകളുടെ എണ്ണം വർധിച്ചത് ലോകമെമ്പാടുമുള്ള ശൃംഖലകൾക്ക് പകരം പ്രാദേശിക റേഡിയോക്ക് പ്രാധാന്യം ലഭിക്കുന്നതിനു കാരണമായി. താഴെക്കൊടുത്തിട്ടുള്ള ബോക്സ് വ്യക്തമാക്കുന്നത് ഗ്രാമത്തിലെ യുവാക്കളുടെ നൈപുണി മാത്രമല്ല, പ്രാദേശികസംസ്കാരവും കൂടി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയാണ്.

**Box 7.16**

ഏഷ്യൻ ഉപഭൂഖണ്ഡത്തിലെ ഒരേയൊരു ഗ്രാമ എഫ്.എം. റേഡിയോ സ്റ്റേഷൻ ഇതാവാം:

പ്രക്ഷേപണ ഉപകരണങ്ങൾ വിലകുറഞ്ഞതാവാം ... ലോകത്തിൽത്തന്നെ ഏറ്റവും വില കുറഞ്ഞതാവാം. പക്ഷേ, ഇത് തീർച്ചയായും സാധാരണജനങ്ങൾ വളരെ ഇഷ്ടപ്പെടുന്നു. ഉത്തരേന്ത്യൻ സംസ്ഥാനമായ ബീഹാറിലെ ശാന്തസുന്ദരമായ ഒരു പ്രഭാതത്തിൽ രാഘവ് മഹറ്റോ എന്ന യുവാവ് തന്റെ വീട്ടിൽ നിർമ്മിച്ച എഫ്.എം റേഡിയോനിലയം പ്രവർത്തിപ്പിക്കാനുള്ള തയറെടുപ്പിലാണ്. രാഘവിന്റെ റേഡിയോനിലയത്തിന് 20 കി.മി (12 മൈൽ) ചുറ്റളവിലുള്ള ആയിരക്കണക്കിന് ഗ്രാമവാസികൾ അവരവരുടെ റേഡിയോയിൽ ഇഷ്ടപ്പെട്ട റേഡിയോ നിലയങ്ങൾക്ക് വേണ്ടി ട്യൂൺ ചെയ്യുന്നു. അൽപ്പസമയത്തിനുശേഷം ഒരു ചെറുപ്പക്കാരന്റെ ദൃഢതയുള്ള ശബ്ദം റേഡിയോ തരംഗങ്ങളിലൂടെ ഒഴുകിയെത്തുന്നു: സുപ്രഭാതം... രാഘവ് എഫ്.എം. മാൻസൂർപൂർ 1 ലേക്ക് സ്വാഗതം! നിങ്ങളുടെ ഇഷ്ടഗാനങ്ങൾ ഇപ്പോൾ കേൾക്കൂ. അവതാരകനും സുഹൃത്തായ ശംഭുവും ചേർന്ന് മ്യൂസിക് ടേപ്പ് ചുറ്റിയ സെല്ലോ ടാപ്പുകൊണ്ട് ഒട്ടിച്ച മൈക്രോഫോണിലൂടെ വിളിച്ചുപറയുന്നു. അടുത്ത 12 മണിക്കൂറിനുള്ളിൽ രാഘവ് മഹറ്റോയുടെ എഫ്.എം. റേഡിയോ സ്റ്റേഷൻ സിനിമാഗാനങ്ങൾ കേൾപ്പിക്കാനും എച്ച്.ഐ.വി, പോളിയോ തുടങ്ങിയവയ്ക്കെതിരെ ഉള്ള പൊതുതാൽപ്പര്യസന്ദേശങ്ങൾ, പ്രാദേശികവാർത്തകൾ, കാണാതാവുന്ന കുട്ടികളെ കുറിച്ചുള്ള ജാഗ്രതാ നിർദേശങ്ങൾ, പുതിയ കടകളുടെ ഉദ്ഘാടനം എന്നിവ പ്രക്ഷേണം ചെയ്യാനും തുടങ്ങുന്നു.

രാഘവിന്റെ റേഡിയോനിലയവും വർക്ക്ഷോപ്പും കാരണം സ്ഥലത്ത് മ്യൂസിക് ടേപ്പുകളും തുരുമ്പിച്ച ഇലക്ട്രിക് ഉപകരണങ്ങളും കുമിഞ്ഞുകൂടി.

അദ്ദേഹം അഭ്യസ്തവിദ്യനല്ലായിരിക്കാം. പക്ഷേ രാഘവിന്റെ എഫ്. എം. റേഡിയോനിലയം അദ്ദേഹത്തെ പ്രാദേശിക രാഷ്ട്രീയക്കാരേക്കാൾ പ്രശസ്തനാക്കി. 1997ൽ അദ്ദേഹം ഒരു വർക്ക്ഷോപ്പിൽ മെക്കാനിക്കായി ജോലിചെയ്യുമ്പോഴാണ് റേഡിയോവിനോട് ഉള്ള പ്രണയം ആരംഭിച്ചത്. കടയുടെ മുതലാളി സ്ഥലംമാറിപ്പോയപ്പോൾ കാൻസർ ബാധിതനായ ഒരു കർഷകന്റെ മകനായിരുന്ന രാഘവും സുഹൃത്തും ചേർന്ന് കടയുടെ ചുമതലയേറ്റു. വൈദ്യുതിവിതരണം പോലുമില്ലാത്ത, വിലകുറഞ്ഞ ബാറ്ററികളാൽ പ്രവർത്തിക്കുന്ന ട്രാൻസിസ്റ്ററുകൾ മാത്രം വിനോദോപാധിയായി

പ്രചാരത്തിലുണ്ടായിരുന്ന ദരിദ്ര സംസ്ഥാനമായ ബീഹാറിൽ 2003 ആയപ്പോഴേക്കും രാഘവ് റേഡിയോയെക്കുറിച്ച് പലതും പഠിച്ചു കഴിഞ്ഞിരുന്നു. രാഘവ് പറഞ്ഞു: ഇങ്ങനെ ഒരു ആശയം കൊണ്ടുവരാനും ഒരു നിശ്ചിത ആവൃത്തിയിൽ പരിപാടികൾ പ്രക്ഷേപണം ചെയ്യാനുമുള്ള ഉപകരണങ്ങൾ അടങ്ങിയ കിറ്റ് നിർമ്മിക്കാനും ഒരുപാട് സമയമെടുത്തു. കിറ്റിന് 50 രൂപയാണ് വില . ഉപകരണ സാമഗ്രികളടങ്ങിയ കിറ്റ് അടുത്തുള്ള ഒരു മൂന്നു നിലകളുള്ള ആശുപത്രി സമുച്ചയത്തിനു മുകളിലെ മുളയുടെ അറ്റത്ത് ചേർത്തുവച്ച് ആന്റിനയിൽ ഘടിപ്പിച്ചു. ഒരു നീളമുള്ള ഇലക്ട്രിക്വയർ രാഘവിന്റെ റേഡിയോഷെഡ്ഡിലെ പഴയ ഒരു സ്റ്റീരിയോകേസറ്റ് പ്ലയറുമായി ബന്ധിപ്പിച്ചു. തുരുമ്പിച്ച ബാറ്ററികൊണ്ട് പ്രവർത്തിക്കുന്ന മൂന്ന് ടേപ് റെക്കോർഡറുകൾ വർണാഭമായ വയറുകൾ ഉപയോഗിച്ച് ഇതിലേക്കും മൈക്രോഫോണിലേക്കും ബന്ധിപ്പിച്ചു.

രാഘവ് തന്റെ ശ്രോതാക്കൾക്കു കേൾപ്പിക്കുന്ന ബോളിവുഡ്, ബോച്പൂരി, ഭക്തിഗാനങ്ങൾ എന്നിവയുടെ ഇരുനൂറോളം ടേപ്പുകൾ ഷെഡിലുണ്ട്. രാഘവിന്റെ റേഡിയോനിലയം യഥാർഥത്തിൽ സ്നേഹത്തിന്റെ ഒരു തൊഴിലാണ്. അദ്ദേഹം ഇതിൽനിന്ന് ഒന്നും സമ്പാദിക്കുന്നില്ല. അദ്ദേഹത്തിന്റെ ഇലക്ട്രോണിക് വർക്ക്ഷോപ്പിൽ നിന്ന് ഒരു മാസം 2000 രൂപയാണ് ലഭിക്കുന്നത്. ഒരു എഫ്.എം. നിലയം നടത്തിക്കൊണ്ടുപോകാൻ ഗവൺമെൻറിന്റെ ലൈസൻസ് ആവശ്യമുണ്ടെന്നറിയാതെ ഈ യുവാവ് കുടുംബത്തോടൊപ്പം ഈ ഷെഡിൽ താമസം തുടർന്നു. അദ്ദേഹം പറഞ്ഞു: എനിക്കിതിനെ കുറിച്ച് ഒന്നും അറിയില്ല. എന്റെ ആകാംക്ഷ കാരണം ഞാനിത് തുടങ്ങി. ഓരോ വർഷവും ഇതിന്റെ പ്രക്ഷേപണ പരിധി വിപുലീകരിക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ റേഡിയോനിലയം നിയമപരമല്ലെന്ന് ചില ആളുകൾ പറഞ്ഞപ്പോൾ അദ്ദേഹം അത് അടച്ചുപൂട്ടി. പക്ഷേ, പ്രാദേശിക ഗ്രാമവാസികൾ സേവനങ്ങൾ പുനരാരംഭിക്കാൻ അദ്ദേഹത്തെ അനുനയിപ്പിക്കുകയും സമ്മർദം ചെലുത്തുകയും ചെയ്തു. രാഘവിന്റെ മൻസൂർപൂർ 1 - ന് ഗവൺമെന്റ് ലൈസൻസ് ഇല്ല എന്നത് ഗ്രാമവാസികൾക്ക് ഒരു പ്രശ്നമല്ല. അവർ അതിഷ്ടപ്പെട്ടു, അത്രതന്നെ.

അദ്ദേഹം പറയുന്നു: പുരുഷന്മാരെക്കാളേറെ സ്ത്രീകളാണ് എന്റെ നിലയം കേൾക്കുന്നത്. ബോളിവുഡ്, ബോച്പുരി ഗാനങ്ങളാണ് മുഖ്യ വിഭവമെങ്കിലും ഞാൻ പ്രഭാതത്തിൽ സ്ത്രീകൾക്കും മുതിർന്നവർക്കുമായി ഭക്തിഗാനങ്ങൾ പ്രക്ഷേപണം ചെയ്യാറുണ്ട്. ഫോൺ സൗകര്യം ഇല്ലാതിരുന്നതിനാൽ ആളുകൾ ഗാനമാവശ്യപ്പെടുന്നത് കൊറിയറിലൂടെ സന്ദേശമയച്ചും അടുത്തുള്ള പബ്ലിക് ടെലിഫോണിൽ ഓഫീസിൽ വിളിച്ചുമൊക്കെയാണ്. റേഡിയോനിലയത്തിന്റെ അഭിവർധകൻ എന്ന നിലയിലുള്ള രാഘവിന്റെ പ്രശസ്തി ബീഹാറിൽ വ്യാപിച്ചു. അദ്ദേഹത്തിന്റെ സാങ്കേതികവിദ്യ വാങ്ങാൻ താൽപര്യമറിയിച്ചും അദ്ദേഹത്തിന്റെ നിലയത്തിൽ ജോലി ആവശ്യപ്പെട്ടും ആളുകൾ അദ്ദേഹത്തിന് എഴുതി.

*Source: BBC NEWS (By Amarnath Tewary) http://news.bbc.co.uk/go/pr/fr/-/2/hi/south_asia/4735642.stm*
*Published: 2006/02/24 11:34:36 GMT © BBC MMV*

## സംഗ്രഹം

ബഹുജനമാധ്യമം നമ്മുടെ സ്വകാര്യ - പൊതുജീവിതത്തിൽ ഇന്ന് ഒഴിച്ചുകൂടാനാവാത്തതാണ് എന്നതിന് വേണ്ടത്ര ഇവിടെ ഊന്നൽ നൽകിയിട്ടില്ല. ഈ പാഠഭാഗം ഒരു രീതിയിലും നിങ്ങളുടെ ജീവിതാനുഭവങ്ങളെ മാധ്യമങ്ങളുമായി ബന്ധപ്പെടുത്തിയിട്ടില്ല. ഇത് സമകാലികസമൂഹത്തിന്റെ പ്രധാനഭാഗമാണെന്ന് മനസ്സിലാക്കിത്തരാൻ ശ്രമിച്ചിട്ടുണ്ട്. കൂടാതെ, ഇതിന്റെ മറ്റു മാനങ്ങൾ തേടാനും ശ്രമിക്കുന്നു–ഇതിന്റെ രാഷ്ട്രവും വിപണിയുമായുള്ള ബന്ധം, സാമൂഹിക സംഘാടനവും നടത്തിപ്പും, വായനക്കാരും പ്രേക്ഷകരുമായുള്ള ബന്ധം തുടങ്ങിയവ. മറ്റു വാക്കുകളിൽ പറഞ്ഞാൽ മാധ്യമം പ്രവർത്തിപ്പിക്കുന്നതിനുള്ള തടസ്സങ്ങളും അത് നമ്മുടെ ജീവിതത്തെ ബാധിക്കുന്ന വ്യത്യസ്ത രീതികളുമാണ് ഇവിടെ നോക്കിക്കാണുന്നത്.



1. പത്രവ്യവസായത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ കണ്ടെത്തുക. അവയെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ എന്തെല്ലാം?
2. റേഡിയോ ഒരു ബഹുജനമാധ്യമമെന്ന നിലയിൽ  അവസാനിക്കുകയാണോ? ഉദാരവൽക്കരണ ശേഷമുള്ള ഇന്ത്യയുടെ എഫ്.എം. സ്റ്റേഷനുകളുടെ സാധ്യത ചർച്ചചെയ്യുക.
3. ടെലിവിഷൻ എന്ന മാധ്യമത്തിന് സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ കണ്ടെത്തി ചർച്ച ചെയ്യുക.



## REFERENCES


Bhatt, S.C. 1994. *Satellite invasion in India.* Sage. New Delhi.

Butcher, Melissa. 2003. *Transnational television, Cultural Identity and change: When STAR Came to India.* Sage. New Delhi.

Chaudhuri. Maitrayee. 2005. 'A Question of Choice: Advertisements, Media and Democracy' Ed. Bernard Bel et. al. *Media and Mediation Communication Processes* pp. 199-226. Sage. New Delhi.

Chatterji. P.C. 1987. *Broadcasting in India.* Sage. New Delhi.

Desai. A.R. 1948. *The Social Background of Indian Nationalism.* Popular Prakashan. Bombay.

Ghose. Sagarika 2006. 'Indian Media: A flawed yet robust public service' in B.G. Verghese (Ed.) *Tomorrow's India: Another tryst with destiny.* Viking. New Delhi.

Joshi, P.C. 1986. *Communication and Nation-Building.* Publications Divison GOI. Delhi.

Jeffrey. Roger. 2000. *India's Newspaper Revolution.* OUP. Delhi.

More. Dadasaheb Vimal. 1970. 'Teen Dagdachachi Chul" in Sharmila Rege *Writing Caste/Writing Gender: Narrating Dalit Women's Testimonies.* Zubaan/Kali. Delhi, 2006

Page. David and Willam Gawley. 2001. *Satellites Over South Asia.* Sage. New Delhi.

Singhal. Arvind and E.M. Rogers. 2001. *India's Communication Revolution.* Sage. New Delhi.

# 8 സാമൂഹിക പ്രസ്ഥാനങ്ങൾ

# Social Movements

S5G1N1



ലോകമെമ്പാടുമുള്ള ഓഫീസ് ജീവനക്കാരും ബഹുഭൂരിപക്ഷം വിദ്യാർഥികളും പ്രവൃത്തിദിവസങ്ങളായി പരിഗണിക്കുന്നത് ആഴ്ചയിൽ അഞ്ചോ ആറോ ദിനങ്ങളെ മാത്രമാണ്. ആഴ്ചാവസാനം വിശ്രമിക്കുകയും ചെയ്യുന്നു. നിരവധിപേരുടെ (തൊഴിലാളികളുടെ) നീണ്ടുനിന്ന പോരാട്ടങ്ങളുടെ ഫലമായാണ് അവധിദിനം ലഭ്യമായത് എന്ന് വിശ്രമദിനങ്ങൾ ഉപയുക്തമാക്കുന്നവരിൽ വളരെക്കുറച്ചുപേർ മാത്രമേ തിരിച്ചറിയുന്നുള്ളൂ. പ്രവൃത്തിദിനം എട്ടുമണിക്കൂറിൽ കൂടരുതെന്നും ഒരേ തൊഴിലിന് സ്ത്രീക്കും പുരുഷനും ഒരേകൂലി നൽകണമെന്നും, സാമൂഹികസുരക്ഷയ്ക്കും പെൻഷനും തൊഴിലാളികൾ അവകാശികളാണെന്നതുംപോലെ മറ്റ് പല അവകാശങ്ങളും സാമൂഹികപ്രസ്ഥാനങ്ങളിലൂടെയാണ് നമ്മൾ നേടിയെടുത്തത്. നമ്മൾ ജീവിക്കുന്ന ഈ ലോകത്തെ രൂപപ്പെടുത്തിയതും സാമൂഹികപ്രസ്ഥാനങ്ങളാണ്.

**വോട്ടവകാശം**

**(The Right to Vote)**

**Box 8.1**

മുതിർന്നവരുടെ സാർവത്രിക വോട്ടവകാശം, അല്ലെങ്കിൽ വോട്ടുചെയ്യാനുള്ള എല്ലാ മുതിർന്നവരുടെയും അവകാശം ഇന്ത്യൻ ഭരണഘടന നൽകുന്ന സർവപ്രധാനമായ ഉറപ്പാണ്. അതായത് നമ്മളെ പ്രതിനിധീകരിക്കാൻ നമ്മൾ സ്വയം തിരഞ്ഞെടുത്തവരാലല്ലാതെ മറ്റാരാലും ഭരിക്കപ്പെടില്ല. ബ്രിട്ടീഷ് രാജാധികാരത്തിന്റെ താൽപ്പര്യസംരക്ഷകരായിരുന്ന കോളനിഭരണകർത്താക്കളുടെ അധികാരത്തിനു മുമ്പിൽ അടിമപ്പെടാൻ നിർബന്ധിതരായ അക്കാലത്തെ സാധാരണക്കാരുടെ അവസ്ഥയിൽ നിന്നുള്ള വിപ്ലവകരമായ മാറ്റമായിരുന്നു ഈ അവകാശം. എന്നിരുന്നാലും ബ്രിട്ടനിൽപ്പോലും സാർവത്രിക വോട്ടവകാശം ഉണ്ടായിരുന്നില്ല, ഭൂവുടമസ്ഥാവകാശമുള്ള പുരുഷന്മാർക്ക് മാത്രമേ വോട്ടവകാശം നൽകിയിരുന്നുള്ളൂ. ചാർട്ടിസം (Chartism) ഇംഗ്ലണ്ടിലെ പാർലമെന്ററി പ്രാതിനിധ്യത്തിനുവേണ്ടിയുള്ള സാമൂഹികപ്രസ്ഥാനമായിരുന്നു. 1839- ൽ ഒന്നേകാൽ ദശലക്ഷം ജനങ്ങൾ സാർവത്രിക പുരുഷവോട്ടവകാശത്തിനായുള്ള ജനങ്ങളുടെ അവകാശപത്രത്തിൽ (Charter) ഒപ്പുവച്ചു. ബാലറ്റിലൂടെ വോട്ടുചെയ്യാനും ഭൂവുടമസ്ഥത ഇല്ലാത്തവർക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കാനുമുള്ള അവകാശങ്ങൾക്കുവേണ്ടിയുമായിരുന്നു ആ നീക്കം. 1842- ൽ ആ പ്രസ്ഥാനത്തിന് 3.25 ദശലക്ഷം ഒപ്പുകൾ സംഭരിക്കാൻ കഴിഞ്ഞു. ചെറിയ ഒരു രാജ്യത്തിലെ വലിയ സംഖ്യ. എന്നാൽ ഒന്നാം ലോകയുദ്ധത്തിനു ശേഷം 1918- ൽ മാത്രമേ 21 വയസ്സിന് മുകളിലുള്ള എല്ലാ പുരുഷന്മാർക്കും വിവാഹിതരായ സ്ത്രീകൾക്കും, ഗൃഹത്തിന്റെ ഉടമസ്ഥാവകാശമുള്ള സ്ത്രീകൾക്കും 30 വയസ്സിന് മുകളിലുള്ള സർവ്വകലാശാലാ ബിരുദമുള്ള വനിതകൾക്കും സമ്മതിദാനാവകാശം നൽകപ്പെട്ടുള്ളൂ. സ്ത്രീജനങ്ങൾക്ക് സാർവത്രിക സമ്മതിദാനാവകാശത്തിനായി സമരം ചെയ്ത സ്ത്രീപക്ഷ പ്രവർത്തകർ (Women activists) നിശിതമായി എതിർക്കപ്പെടുകയും അക്രമാസക്തമായി അടിച്ചമർത്തപ്പെടുകയും ചെയ്തു.

**8.1**




നിങ്ങളുടെ ജീവിതത്തെ മുത്തശ്ശിയുടേതുമായി താരതമ്യം ചെയ്യുക. അത് നിങ്ങളുടേതിൽ നിന്നും എങ്ങനെ വ്യത്യസ്തമായിരിക്കും. അവർക്കില്ലാതിരുന്ന എന്തെല്ലാം അവകാശങ്ങളാണ് നിങ്ങൾക്ക് ലഭിച്ചത്? ചർച്ചചെയ്യുക.

നാം ആസ്വദിക്കുന്ന പല അവകാശങ്ങളും സ്വയം നിലവിൽ വന്നതാണെന്നാണ് നമ്മൾ അനുമാനിക്കുന്നത്. ഈ അവകാശങ്ങൾ സാധ്യമാക്കിത്തന്ന പഴയകാല പോരാട്ടങ്ങൾ അനുസ്മരിക്കേണ്ടത് അനിവാര്യമാണ്. ജാതി, ലിംഗഭേദം തുടങ്ങിയ വിവേചനങ്ങൾക്ക് എതിരായ പോരാട്ടങ്ങളെയും 1947-ൽ കോളനിഭരണത്തിൽനിന്നു സ്വാതന്ത്ര്യം നേടിയെടുത്ത ഇന്ത്യൻ ദേശീയപ്രസ്ഥാനങ്ങളെയും 19-ാം നൂറ്റാണ്ടിലെ സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങളെയും കുറിച്ച് അറിയേണ്ടതുണ്ട്. കോളനിഭരണത്തിന് അറുതിവരുത്തിയ ഏഷ്യയിലെയും ആഫ്രിക്കയിലെയും അമേരിക്കയിലെയും ദേശീയപ്രസ്ഥാനങ്ങൾ നിങ്ങൾക്ക് പരിചിതമായിരിക്കും. സാർവദേശീയ സമത്വവാദ (Socialist) പ്രസ്ഥാനങ്ങൾ, 1950 കളിലെയും 1960 കളിലെയും കറുത്തവർഗക്കാർക്കായുള്ള അമേരിക്കൻ ഐക്യനാടുകളിലെ പൗരാവകാശ പ്രസ്ഥാനങ്ങൾ, ദക്ഷിണാഫ്രിക്കയിലെ വർണവിവേചനത്തിന് എതിരായുള്ള പോരാട്ടങ്ങൾ എന്നിവ ലോകത്തെ അടിസ്ഥാന

പരമായി മാറ്റിമറിച്ചു. സാമൂഹിക പ്രസ്ഥാനങ്ങൾ സമൂഹത്തെ മാറ്റിമറിക്കുക മാത്രമല്ല, മറ്റ് സാമൂഹികപ്രസ്ഥാനങ്ങൾക്ക് പ്രചോദനമാവുകയും ചെയ്തു. ഇന്ത്യൻ ഭരണഘടനാരൂപീകരണത്തെ ഇന്ത്യൻ ദേശീയപ്രസ്ഥാനങ്ങൾ എങ്ങനെ സ്വാധീനിച്ചു എന്ന് മൂന്നാം പാഠഭാഗത്തിൽ നിങ്ങൾ കണ്ടതാണ്. അതോടൊപ്പം എങ്ങനെയാണ് ഇന്ത്യൻ ഭരണഘടന സാമൂഹികമാറ്റങ്ങൾ ഉളവാക്കുന്നതിൽ പ്രധാന പങ്കു വഹിച്ചതെന്നും കണ്ടു.

**8.2**



സാമൂഹികപ്രസ്ഥാനങ്ങൾ സാമൂഹികമാറ്റങ്ങൾ ഉളവാക്കുന്നതിനെയും അവ മറ്റൊന്നിലേക്ക് നയിക്കുന്നത് എങ്ങനെയാണെന്നതിനെയും പ്രതിപാദിക്കുന്നതിനുമുള്ള ഒരു ഉദാഹരണം അവതരിപ്പിക്കുക.

## 8.1 ഒരു സാമൂഹികപ്രസ്ഥാനത്തിന്റെ ലക്ഷണങ്ങൾ (Features of a Social Movement)

ഒരു കുഞ്ഞിനെ അപകടപ്പെടുത്തിയ ബസിന്റെ ഡ്രൈവറെയും വാഹനത്തെയും നാട്ടുകാർ ആക്രമിക്കുകയും നശിപ്പിക്കുകയും ചെയ്തേക്കാം. ഇത് ഒറ്റപ്പെട്ട ഒരു പ്രതിഷേധമാണ്. വളരെ പെട്ടെന്ന് ആളിക്കത്തി കെട്ടടങ്ങുന്നതാകയാൽ ഇത് ഒരു സാമൂഹികപ്രസ്ഥാനമായി പരിണമിക്കുന്നില്ല. സ്ഥിരമായ കൂട്ടായ പ്രവർത്തനം ഒരു സാമൂഹികപ്രസ്ഥാനത്തിന് ആവശ്യമാണ്. ഭരണകൂടനയങ്ങളുടെയും പ്രവർത്തനങ്ങളുടെയും പരിവർത്തനങ്ങൾ ആവശ്യപ്പെടുന്ന രൂപത്തിലും പലപ്പോഴും ഭരണകൂടത്തിന് എതിരായതുമായിരിക്കും അവ. യാദൃച്ഛികമായതും അസംഘടിതമായതുമായ പ്രതിഷേധങ്ങൾ സാമൂഹികപ്രസ്ഥാനങ്ങളായി പരിഗണിക്കാവുന്നവയല്ല. കൂട്ടായ പ്രവർത്തനങ്ങൾക്ക് ഒരൽപ്പം 'സംഘടിത' സ്വഭാവമുണ്ടായിരിക്കണം. ആ സംഘടനകൾക്ക് ഒരു 'നേതൃത്വവും' അംഗങ്ങൾ പരസ്പരം എങ്ങനെ ബന്ധപ്പെട്ടിരിക്കണം എന്നും തീരുമാനങ്ങളെടുക്കുകയും, നടപ്പിലാക്കുകയും എന്നും മാർഗനിർദേശം നൽകാൻ കഴിവുള്ള ഒരു 'ഘടനയും' ഉണ്ടാകണം. സാമൂഹികപ്രസ്ഥാനത്തിൽ പങ്കാളികളാവുന്നവർക്ക് പരസ്പരം പങ്കുവയ്ക്കുന്നതും പൊതുവായി അംഗീകരിക്കപ്പെടുന്നതുമായ ലക്ഷ്യവും ആശയങ്ങളും ഉണ്ടാകും. സാമൂഹികമാറ്റങ്ങൾ ഉണ്ടാക്കുന്നതിന് പൊതുവായ അഭിവിന്യാസമോ സമീപനമോ ഉണ്ടാകും. നിർവചിക്കപ്പെട്ട ഈ ലക്ഷണങ്ങൾ സ്ഥിരതയാർന്നതല്ല. ഒരു സാമൂഹികപ്രസ്ഥാനത്തിന് അത് നിലനിൽക്കുന്ന കാലത്തു തന്നെ മാറ്റങ്ങളുണ്ടാകാം.

പൊതുപ്രശ്നങ്ങളിൽ മാറ്റങ്ങൾ വരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പലപ്പോഴും സാമൂഹിക പ്രസ്ഥാനങ്ങൾ ഉയിർക്കൊള്ളുക. ഉദാഹരണത്തിന്, ആദിവാസികൾക്ക് കാടിന്മേലുള്ള അവകാശ സംരക്ഷണത്തിന്, വാസസ്ഥലത്തുനിന്നു കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് പുനരധിവാസത്തിനും നഷ്ടപരിഹാരത്തിനും വേണ്ടിയുള്ളവ തുടങ്ങിയവ. ഇന്നലെകളിലും ഇന്നും സമാനമായി ഉയർന്നുവന്ന സാമൂഹികപ്രസ്ഥാനങ്ങൾക്ക് ഇടയാക്കിയ പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കുക. സാമൂഹിക പ്രസ്ഥാനങ്ങൾ സാമൂഹികമാറ്റങ്ങൾ ലക്ഷ്യമിടുമ്പോൾ, പ്രതിപ്രസ്ഥാനങ്ങൾ (Counter Movements) പൂർവസ്ഥിതി നിലനിർത്താൻ പരിശ്രമിക്കുന്നു. പ്രതിപ്രസ്ഥാനങ്ങൾക്ക് നിരവധി ഉദാഹരണങ്ങളുണ്ട്. 'സതി' സമ്പ്രദായത്തിനെതിരെ ആശയപ്രചാരണാർഥം രാജാ റാംമോഹൻ റായ് ബ്രഹ്മസമാജം രൂപീകരിച്ചപ്പോൾ സതിസമ്പ്രദായം നിലനിൽക്കണമെന്ന് ആഗ്രഹിച്ചവർ ധർമ്മസഭ (Dharma Sabha) രൂപീകരിക്കുകയും സതിക്കെതിരായ നിയമനിർമ്മാണം നടത്തരുതെന്ന് ബ്രിട്ടീഷ് ഭരണകൂടത്തോട് ആവശ്യമുന്നയിക്കുകയും ചെയ്തു. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി സാമൂഹികപരിഷ്കർത്താക്കൾ ശബ്ദമുയർത്തിയപ്പോൾ അത് സമൂഹത്തിന് ഗുണകരമാവില്ലെന്നു പറഞ്ഞ് പലരും പ്രതിഷേധിച്ചു. വിധവാവിവാഹത്തിനായി നിലപാടെടുത്തവരെ സാമൂഹികമായി ബഹിഷ്കരിച്ചു. മാറ്റിനിർത്തപ്പെട്ട, 'പിന്നാക്കക്കാരെന്ന്' വിളിക്കപ്പെട്ട കുട്ടികളെ വിദ്യാലയത്തിൽ ചേർത്തപ്പോൾ 'മുന്നാക്കക്കാരെന്ന്' സ്വയം കരുതുന്നവർ തങ്ങളുടെ മക്കളെ ആ വിദ്യാലയത്തിൽനിന്നു പിൻവലിച്ചു. കർഷകത്തൊഴിലാളിപ്രസ്ഥാനങ്ങൾ പലതും മൃഗീയമായി അടിച്ചമർത്തപ്പെട്ടു. നേരത്തേതന്നെ ബഹിഷ്കൃതമായ ദലിത് വിഭാഗങ്ങ

**8.3**

നിങ്ങൾ കേട്ടിട്ടുള്ളതോ വായിച്ചിട്ടുള്ളതോ ആയ സാമൂഹികപ്രസ്ഥാനങ്ങളുടെ ഒരു പട്ടിക തയാറാക്കുക. എന്തു മാറ്റങ്ങളാണ് അവ ലക്ഷ്യമിടുന്നത്? എന്തു മാറ്റങ്ങളെയാണ് അവ പ്രതിരോധിക്കുന്നത്?

ളുടെ സാമൂഹികപ്രസ്ഥാനങ്ങൾ സമകാലിക സാഹചര്യങ്ങളിൽ തിരിച്ചടികൾ നേരിടേണ്ടിവന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളിലെ സംവരണതത്ത്വങ്ങൾ വിപുലപ്പെടുത്താനുള്ള നീക്കം അവയെ എതിർക്കുന്ന പ്രതിപ്രസ്ഥാനങ്ങളിലേക്ക് നയിക്കപ്പെട്ടു. സാമൂഹികപ്രസ്ഥാനങ്ങൾക്ക് സമൂഹത്തിൽ അനായാസേന മാറ്റങ്ങൾ ഉളവാക്കാൻ സാധിക്കില്ല. ഉറച്ച വിശ്വാസങ്ങൾക്കും മൂല്യങ്ങൾക്കും എതിരായതിനാൽതന്നെ സാമൂഹികപ്രസ്ഥാനങ്ങൾ വിരോധവും എതിർപ്പുകളും സ്വഭാവികമായി നേരിടേണ്ടിവരുന്നു. എന്നിരുന്നാലും കാലക്രമേണ മാറ്റങ്ങൾ സംഭവിക്കുകതന്നെ ചെയ്യും.

പ്രതിഷേധം (Protest) ഏറ്റവും പ്രത്യക്ഷത്തിലുള്ള കൂട്ടായ പ്രവൃത്തിയായിരിക്കെ, ഓരോ സാമൂഹികപ്രസ്ഥാനവും തുല്യപ്രാധാന്യത്തോടെ ഉള്ള വിഭിന്ന മാർഗങ്ങളിലൂടെ പ്രവർത്തിക്കുന്നു. ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾക്കു വേണ്ടി സാമൂഹികപ്രസ്ഥാനത്തിന്റെ വക്താക്കൾ യോഗങ്ങൾ സംഘടിപ്പിച്ച് ജനങ്ങളെ അണിനിരത്തുന്നു. ഇത്തരം പ്രവൃത്തികൾ 'ആശയധാരണകൾ പങ്കുവയ്ക്കലിനെ' സഹായിക്കുന്നു. പൊതുവായ കാര്യനിർവഹണത്തിലേക്ക് നീങ്ങുന്ന മാർഗ്ഗങ്ങളെയും ധാരണകളെയും അഭിപ്രായ ഐക്യത്തെയും രൂപീകരിക്കേണ്ടതിനെക്കുറിച്ച് അനുകൂല വികാരവും ഉണർത്തുന്നു. സാമൂഹികപ്രസ്ഥാനങ്ങൾ സർക്കാരുമായും, മാധ്യമങ്ങളുമായും പൊതുജനഹിത രൂപീകരണശേഷിയുള്ളവരുമായും ഉപശാലാചർച്ചകൾക്കുള്ള ആശയപ്രചാരണങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നു. മൂന്നാം അധ്യായത്തിലെ ഇതുമായി ചേർന്നുനിൽക്കുന്ന ചർച്ചകൾ ഓർക്കുക. പ്രതിഷേധത്തിന്റെ 'വ്യതിരിക്തരൂപങ്ങൾ' (Distinct mode) സാമൂഹികപ്രസ്ഥാ

**Box 8.2**

**സത്യഗ്രഹം എന്ന സമരമുറയുടെ ആകത്തുക (The repertoire of satyagraha)**

ഇന്ത്യൻ ദേശീയ പോരാട്ടത്തിലെ സാമൂഹികപ്രതിഷേധം കേന്ദ്രീകരിച്ചിരുന്നത് വൈദേശിക അധികാരത്തിന്റെയും മൂലധനത്തിന്റെയും സംയോജനത്തിലായിരുന്നു. മിൽനിർമ്മിതമായ തുണിത്തരങ്ങളെ പിന്തുണയ്ക്കുന്ന ബ്രിട്ടീഷ് സർക്കാർ നയങ്ങൾമൂലം തകർന്ന ഇന്ത്യൻ പരുത്തിക്കർഷകരെയും നെയ്ത്തുകാരെയും തുന്നൽത്തൊഴിലാളികളെയും പിന്തുണയ്ക്കുന്നതിന് കൈകൊണ്ട് നെയ്തതും തുന്നിയതുമായ ഖാദിവസ്ത്രങ്ങൾ മഹാത്മാഗാന്ധി ഉപയോഗിച്ചു. സാമ്രാജ്യത്വത്തെ സഹായിക്കുന്നതിലേക്ക് സാധാരണ ഉപഭോക്താക്കളുടെ മേൽ വലിയ ഭാരം കയറ്റിവയ്ക്കുന്ന തരത്തിൽ ബ്രിട്ടീഷ് നികുതിനയത്തെയും എതിർക്കുന്നതിനായിരുന്നു ഉപ്പ് നിർമ്മിക്കാനായി ഐതിഹാസികമായ ദണ്ഡിയാത്ര സംഘടിപ്പിച്ചത്. ദൈനംദിന ഉപഭോഗവസ്തുക്കളായ വസ്ത്രം, ഉപ്പ് തുടങ്ങിയവ മുൻനിർത്തി ഗാന്ധിജി പ്രതിരോധത്തിന്റെ ചിഹ്നങ്ങൾ പടുത്തുയർത്തി.

**ചിത്രം – ഉപ്പുനിയമനിഷേധം**

*1930 - ഉപ്പുനിയമങ്ങൾ നിഷേധിക്കുന്നു. സിവിൽ നിയമലംഘനത്തിന്റെ ഭാഗമായി ഗാന്ധിജി പ്രതിരോധത്തിന്റെ രൂപമെന്ന നിലയിൽ ഉപ്പു നിയമങ്ങൾ നിഷേധത്തിന് തിരഞ്ഞെടുത്തു. കടൽജലം ഉൾക്കൊള്ളുന്ന കുടങ്ങളുമേന്തി ഉപ്പളത്തിനടുത്തേക്ക് നീങ്ങുന്ന ചിത്രമാണ് ഇത്.*

*(Photographs Courtesy : Nehru Memorial Museum and Library : New Delhi)*



**വിമൽ ദാദാ സാഹെബ് മോർ (1970)** **Box 8.3**

ഒരു പൊതുയോഗത്തിൽ അങ്കുഷ് കാലെ എന്ന പാർദി സമുദായാംഗം നടത്തിയ പ്രസംഗത്തിൽ നിന്ന്.....

'പാർദികൾ നൈപുണി ഏറെയുള്ള വേട്ടക്കാരാണ്. എന്നിരുന്നാലും പൊതുസമൂഹം ഞങ്ങളെ ക്രിമിനലുകളായി മാത്രമേ പരിഗണിക്കുന്നുള്ളൂ. മോഷണക്കുറ്റങ്ങൾ ആരോപിച്ച് ഞങ്ങളെ പോലീസ് പീഡിപ്പിക്കുന്നു. ഗ്രാമത്തിൽ എപ്പോൾ ഒരു മോഷണം നടന്നാലും ഞങ്ങൾ അറസ്റ്റ് ചെയ്യപ്പെടുന്നു. ഞങ്ങളുടെ സ്ത്രീകളെ പോലീസുകാർ ചൂഷണം ചെയ്യുന്നു. അവർ അപമാനിക്കപ്പെടുന്നതിന് ഞങ്ങൾ സാക്ഷികളാകുന്നു. കള്ളന്മാർ എന്നു വിളിച്ച് സമൂഹം ഞങ്ങളെ മാറ്റിനിർത്തുന്നു. പക്ഷേ, ഞങ്ങളെക്കുറിച്ച് എപ്പോഴെങ്കിലും ചിന്തിക്കാൻ അവർ ശ്രമിച്ചിട്ടുണ്ടോ? എന്തുകൊണ്ടാണ് ഞങ്ങളിൽ ചിലർ മോഷണം നടത്തുന്നത്? ഈ സമൂഹമാണ് ഞങ്ങളെ മോഷ്ടാക്കളാക്കുന്നത്. ഞങ്ങൾ പർദികളായതിനാൽ അവർ ഞങ്ങൾക്ക് തൊഴിൽ നൽകുന്നില്ല.

*Source: Sharmila Rege* Writing caste/writing gender: narrating dalit women's testimonies *(Zubaan/Kali, New Delhi, 2006)*

**ബോക്സ് 8.3ന്റെ പ്രവർത്തനം**

മേൽക്കൊടുത്ത വിവരണം വായിക്കുക. പൊതുധാരണകൾ രൂപംകൊണ്ടതെങ്ങനെ? എങ്ങനെയാണ് പ്രബലസമൂഹത്തിന്റെ കാഴ്ചപ്പാടുകൾ ചോദ്യം ചെയ്യപ്പെടുന്നത്?

നങ്ങൾ സൃഷ്ടിക്കുന്നു. പന്തം കൊളുത്തി പ്രകടനങ്ങൾ, കറുത്ത തുണി, തെരുവു നാടകങ്ങൾ, ഗാനങ്ങൾ, കവിതകൾ എന്നിവ ഇതിൽ ഉൾപ്പെടാം. അഹിംസ, സത്യഗ്രഹം, സ്വാതന്ത്ര്യസമരത്തിലെ ചർക്കയുടെ ഉപയോഗം എന്നിവ ഗാന്ധിജി സ്വീകരിച്ച പുതുമയേറിയ മാർഗങ്ങളായിരുന്നു. പിക്കറ്റ് ചെയ്യൽ അല്ലെങ്കിൽ തടഞ്ഞുവയ്ക്കൽ, ഉപ്പു നിർമ്മാണം തടഞ്ഞ് കോളനിഭരണനടപടികളെ ധിക്കരിക്കൽ തുടങ്ങിയ മാർഗങ്ങൾ ഓർത്തെടുക്കുക.

## സാമൂഹികമാറ്റങ്ങളെയും സാമൂഹികപ്രസ്ഥാനങ്ങളെയും വേർതിരിച്ചറിയാം (Distinguishing Social Change and Social Movements)

പൊതുവായ സാമൂഹികമാറ്റങ്ങളെയും സാമൂഹികപ്രസ്ഥാനങ്ങളെയും വേർതിരിച്ചറിയുക എന്നത് പ്രാധാന്യമേറിയതാണ്. സാമൂഹികമാറ്റം തുടർച്ചയായതും രൂപപ്പെട്ടുകൊണ്ടിരിക്കുന്നതുമാണ്. സമയകാലാതീതമായി (Time and space) രൂപംകൊണ്ട വ്യക്തിഗതവും കൂട്ടായതുമായ എണ്ണമറ്റ പ്രവർത്തനങ്ങളുടെ ആകത്തുകയാണ് സാമൂഹികമാറ്റത്തിന്റെ വിശാലമായ ചരിത്രപ്രക്രിയ. സ്പഷ്ടമായ ചില ലക്ഷ്യങ്ങളിലേക്കു നീങ്ങുന്നതാണ് സാമൂഹികപ്രസ്ഥാനങ്ങൾ. ജനങ്ങളുടെ ഭാഗത്തുനിന്നുള്ള നീണ്ടുനിൽക്കുന്നതും തുടർച്ചയായതുമായ സാമൂഹികപ്രയത്നം ഇതിൽ ഉൾക്കൊള്ളുന്നു. രണ്ടാം പാഠഭാഗത്തിലെ ചർച്ചകളിൽനിന്ന് സംസ്കൃതവൽക്കരണത്തെയും (Sanskritisation) പാശ്ചാത്യവൽക്കരണത്തെയും സാമൂഹികമാറ്റമായും 19-ാം നൂറ്റാണ്ടിലെ സാമൂഹികപരിഷ്കർത്താക്കളുടെ (Social reformers) സാമൂഹികമാറ്റങ്ങൾക്കുള്ള പ്രയത്നങ്ങളെ സാമൂഹികപ്രസ്ഥാനങ്ങളായും കാണാം.

# 8.2 സമൂഹശാസ്ത്രവും സാമൂഹികപ്രസ്ഥാനങ്ങളും (Sociology And Social Movements)

## സാമൂഹികപ്രസ്ഥാനങ്ങളെ കുറിച്ചുള്ള പഠനം സമൂഹശാസ്ത്രത്തിന് പ്രാധാന്യമേറിയതാകുന്നത് എന്തുകൊണ്ട്? (Why the study of social movements is important for sociology?)

സാമൂഹികപ്രസ്ഥാനങ്ങളെ സമൂഹശാസ്ത്രം അതിന്റെ തുടക്കം മുതൽതന്നെ താൽപ്പര്യത്തോടെയാണ് സമീപിക്കുന്നത്. ഏകാധിപത്യഭരണത്തെ തുത്തെറിഞ്ഞ് സ്വാതന്ത്ര്യം (Liberty), സമത്വം (Equality), സാഹോദര്യം (Fraternity) എന്നിവ സ്ഥാപിക്കാൻ ലക്ഷ്യമിട്ട നിരവധി പ്രസ്ഥാനങ്ങ

ളുടെ തീക്ഷ്ണമായ മൂർധന്യത്തിലാണ് ഫ്രഞ്ച്‌വിപ്ലവം നടന്നത്. ബ്രിട്ടനിലെ വ്യാവസായിക വിപ്ലവം വലിയ സാമൂഹികപരിവർത്തനത്തിന്റെ സൂചകമായിരുന്നു. പതിനൊന്നാം ക്ലാസിലെ എൻ.സി.ഇ.ആർ.ടി ഒന്നാമത്തെ പുസ്തകത്തിൽ പടിഞ്ഞാറൻനാടുകളിൽ സമൂഹശാസ്ത്രത്തിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ചർച്ചകൾ ഓർക്കുക. തൊഴിൽതേടി സ്വന്തം ഗ്രാമംവിട്ട് നഗരത്തിൽ എത്തപ്പെട്ട പാവപ്പെട്ട തൊഴിലാളികളും കരകൗശലക്കാരും തങ്ങൾ നേരിടേണ്ടിവന്ന മനുഷ്യത്വരഹിത സാഹചര്യങ്ങൾക്കെതിരെ പ്രതിഷേധിച്ചു. ആഹാരത്തിനായുള്ള ലഹളകൾ ഇംഗ്ലണ്ട് ഭരണകൂടം അടിച്ചമർത്തി. സമൂഹത്തിൽ ക്രമസമാധാനം നിലനിർത്തുന്നതിനു നേരെയുള്ള വൻവെല്ലുവിളിയായി വരേണ്യവർഗം ഇവയെ കരുതി. സാമൂഹികക്രമം (Social order) നിലനിർത്തുന്നതിനുള്ള അവരുടെ ആകാംക്ഷ സമൂഹശാസ്ത്രജ്ഞനായ എമിൽ ദുർഖീമിന്റെ രചനകളിൽ പ്രതിഫലിച്ചിരുന്നു. ദുർഖീമിന്റെ രചനകൾ സമൂഹത്തിലെ തൊഴിൽവിഭജനം, മതജീവിതത്തിന്റെ രൂപങ്ങൾ, ആത്മഹത്യ തുടങ്ങിയവയെ സാമൂഹികഘടനയിൽ (Social structure), സാമൂഹിക ഉദ്ഗ്രഥനത്തെ (Social integration) എന്നിവ എങ്ങനെ സഹായിക്കുന്നു എന്ന ആശങ്കകളെ പ്രതിഫലിപ്പിക്കുന്നു. സാമൂഹികപ്രസ്ഥാനങ്ങളെ ക്രമരാഹിത്യത്തിലേക്കുള്ള ശക്തികളായാണ് പലരും കണ്ടിരുന്നത്.

കാൾ മാർക്സിനാൽ സ്വാധീനിക്കപ്പെട്ട പണ്ഡിതർ തീവ്രമായ കൂട്ടായ പ്രവർത്തനത്തെക്കുറിച്ച് വ്യത്യസ്ത കാഴ്ചപ്പാടുള്ളവരായിരുന്നു. ഇ.പി. തോംസണിനെപ്പോലെയുള്ള ചരിത്രകാരന്മാർ സമൂഹത്തെ നശിപ്പിക്കാനിറങ്ങിയ അരാജകത്വം നിറഞ്ഞ തെമ്മാടികളായി ജനക്കൂട്ടത്തെയും ലഹളക്കൂട്ടങ്ങളെയും പരിഗണിക്കേണ്ടതില്ല എന്നും അവർക്കും സദാചാരാധിഷ്ഠിത സാമ്പത്തിക ശാസ്ത്രം കൈമുതലായുണ്ടെന്നും ചൂണ്ടിക്കാട്ടി. അവർക്കിടയിൽ ശരിതെറ്റുകളെ മുൻനിർത്തി പൊതുവായ ധാരണയിൽ അടിസ്ഥാനപ്പെടുത്തിയ പ്രവർത്തനങ്ങളുണ്ടെന്ന് മറ്റൊരു രീതിയിൽ പറയാൻ കഴിയും. നഗരപ്രദേശങ്ങളിലെ പാവപ്പെട്ട ജനങ്ങൾക്ക് പ്രതിഷേധിക്കാൻ തക്കതായ കാരണങ്ങളുണ്ടെന്ന് ഗവേഷണങ്ങൾ കണ്ടെത്തി. അവകാശങ്ങൾ അപഹരിക്കുന്നതിനെതിരായി രോഷവും വെറുപ്പും പ്രകടിപ്പിക്കാൻ മറ്റു മാർഗങ്ങളില്ലാതാവുമ്പോൾ അവർ പലപ്പോഴും പൊതു പ്രതിരോധങ്ങളിലേക്കു തിരിയുന്നു.

## സാമൂഹികപ്രസ്ഥാനങ്ങളുടെ സിദ്ധാന്തങ്ങൾ (Theories of social movements)

ആപേക്ഷിക അപഹരണസിദ്ധാന്തപ്രകാരം (Theory of relative deprivation) ഒരു സാമൂഹിക സംഘത്തിന് ചുറ്റുപാടുമുള്ളവരെക്കാൾ തങ്ങൾ മോശമായ അവസ്ഥയിലാണെന്നു തോന്നുമ്പോൾ സാമൂഹികസംഘർഷം ഉണ്ടാവുന്നു (Social Conflict). ഇത്തരം സാമൂഹികസംഘർഷങ്ങൾ വിജയകരമായ കൂട്ടായ പ്രതിഷേധങ്ങൾ ഉളവാക്കുന്നു. സാമൂഹികപ്രസ്ഥാനങ്ങളെ പ്രചോദിപ്പിക്കുന്നതിൽ 'വെറുപ്പ്', 'ക്രോധം' തുടങ്ങിയ മനശ്ശാസ്ത്രഘടകങ്ങളുടെ പങ്കിനെ ഈ സിദ്ധാന്തം ഊന്നിക്കാട്ടുന്നു. അപഹരണത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് കൂട്ടായ പ്രവൃത്തിയുടെ അനിവാര്യ നിബന്ധനയാകാമെങ്കിലും അത് മതിയായ കാരണമാകണമെന്നില്ല എന്നത് സിദ്ധാന്തത്തിന്റെ പോരായ്മയാണ്. ജനങ്ങൾ താരതമ്യേന അപഹരണത്തിന് വിധേയമായി എന്ന് തോന്നുന്ന സന്ദർഭങ്ങളിലെല്ലാം സാമൂഹികപ്രസ്ഥാനങ്ങൾ രൂപീകൃതമാകണമെന്നില്ല. ജനങ്ങൾ അപഹരണത്തിന് വിധേയമായി എന്നു തോന്നിയപ്പോൾ പോലും അവർ സാമൂഹികപ്രസ്ഥാനങ്ങൾ ആരംഭിക്കുകയോ അവയിൽ ചേരുകയോ ചെയ്യാത്ത സന്ദർഭങ്ങൾക്ക് ഉദാഹരണങ്ങൾ ചിന്തിക്കാമോ?

പങ്കുവയ്ക്കപ്പെടുന്ന ആശയത്തിലേക്കും ഉപായത്തിലേക്കും എത്തിച്ചേരുന്നതിന് ഉതകുന്ന രീതിയിൽ പ്രശ്നങ്ങൾ ചർച്ചചെയ്യപ്പെടേണ്ടതുണ്ട്. എങ്കിൽ മാത്രമേ അത് തുടർച്ചയായതും സംഘടിതവുമായ കൂട്ടായ്മയെ അണിചേർക്കുന്നതിന് ഉപകരിക്കൂ. അതായത് താരതമ്യ അപഹരണവും (Relative deprivation) കൂട്ടായ പ്രവൃത്തിയും തമ്മിൽ യാതൊരു യാന്ത്രികബന്ധങ്ങളുമില്ല. നേതൃത്വം, സംഘടന തുടങ്ങിയ മറ്റു തുല്യപ്രധാന കാരണങ്ങളുണ്ടുതാനും.

സ്വന്തം താൽപ്പര്യങ്ങൾ പിന്തുടരുന്നവരായ, യുക്തിപൂർവം (Rational) പ്രവർത്തിക്കുന്ന വ്യക്തികളുടെ സഞ്ചയമാണ് സാമൂഹികപ്രസ്ഥാനങ്ങൾ എന്ന് മാൻകൂർ ഒൾസൺ (Mancur Olson)

തന്റെ 'ദ ലോജിക് ഓഫ് കളക്ടീവ് ആക്ഷൻ' (The logic of collective action) എന്ന പുസ്തകത്തിൽ വാദിക്കുന്നു. തനിക്കെന്തെങ്കിലും ഗുണകരമായി ഭവിക്കുന്നു എന്നുണ്ടെങ്കിൽ മാത്രമേ അയാൾ അല്ലെങ്കിൽ അവൾ ഒരു സാമൂഹികപ്രസ്ഥാനത്തിൽ പങ്കാളികളാവുകയുള്ളൂ. അതും നേട്ടങ്ങളെക്കാൾ നഷ്ടങ്ങൾ കുറവെങ്കിൽ മാത്രം അതിൽ അവർ പങ്കാളികളാവുകയുള്ളൂ. യുക്തിസഹം, ഉപയുക്തത എന്നീ ആശയങ്ങളെ അടിസ്ഥാനമാക്കിയാണ് ഓൾസണിന്റെ സിദ്ധാന്തം നിലനിൽക്കുന്നത്. ലാഭം പ്രമാണമാക്കിയ വ്യക്തികൾ ഏതു പ്രവൃത്തിയിലേർപ്പെടുന്നതിനു മുമ്പും അതിന്റെ ലാഭനഷ്ടം കണക്കാക്കാറുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

സ്വന്തം താൽപ്പര്യങ്ങളെ പിന്തുടരുന്നവരായി യുക്തിപൂർവം പ്രവർത്തിക്കുന്ന വ്യക്തികളാൽ രൂപീകൃതമാണ് സാമൂഹികപ്രസ്ഥാനങ്ങൾ എന്ന ഓൾസണിന്റെ അനുമാനത്തെ മാക്കാർത്തിയും സാൾഡും (M Carthy and Zald's) മുൻപോട്ടുവച്ച 'വിഭവ സ്വരുക്കൂട്ടൽ സിദ്ധാന്തം' (Resource mobilisation theory) നിരാകരിച്ചു. പകരമായി ഒരു സാമൂഹിക പ്രസ്ഥാനത്തിന്റെ വിജയം ആശ്രയിക്കുന്നത് വിഭവങ്ങളുടെയും വിവിധ രീതികൾക്കുള്ള ഉപായങ്ങളുടെയും സമാഹരണത്തിനുള്ള കഴിവുകളെയാണെന്ന് അവർ വാദിച്ചു. നേതൃത്വം, സംഘടനാശേഷി, ആശയവിനിമയസൗകര്യം എന്നിവപോലെയുള്ള വിഭവങ്ങൾ സംഭരിക്കാനും നിലവിലുള്ള രാഷ്ട്രീയ അവസരഘടനയിൽ ഉപയോഗിക്കാനും ഒരു പ്രസ്ഥാനത്തിനു കഴിയുന്നുവെങ്കിൽ അവ കൂടുതൽ കാര്യക്ഷമതയുള്ളതായിത്തീരാൻ ഇടയാകുന്നു. നിലവിലുള്ള വിഭവങ്ങളിൽ പരിമിതപ്പെടുന്നവയല്ല സാമൂഹിക പ്രസ്ഥാനങ്ങളെന്ന് വിമർശകർ വാദിക്കുന്നു. അവർക്ക് പുതിയ ചിഹ്നങ്ങളും സ്വത്വങ്ങളും (Symbols and identities) അടങ്ങുന്ന വിഭവങ്ങൾ നിർമ്മിക്കാൻ സാധിക്കും. വിഭവങ്ങളുടെ അപര്യാപ്തത ഒരു തടസ്സമാവില്ല എന്ന് പാവപ്പെട്ടവരുടെ നിരവധി പ്രസ്ഥാനങ്ങൾ ചൂണ്ടിക്കാട്ടുന്നു. തുടക്കത്തിലെ പരിമിതമായ ഭൗതികവിഭവങ്ങളുടെയും സംഘടനാ അടിത്തറയുടെയും കുറവിൽനിന്നുപോലും ഒരു പ്രസ്ഥാനത്തിന് പോരാട്ടത്തിന്റെ (Struggle) പ്രക്രിയയിലൂടെ വിഭവ ഉൽപ്പാദനം നടത്താൻ കഴിയും. സമകാലികമായും മുൻകാലത്തെ ഉദാഹരണങ്ങളെക്കുറിച്ചും ചിന്തിക്കുക.

*സാമൂഹികസംഘർഷം സ്വയമേവ സംഘടിതപ്രവർത്തനങ്ങളിലേക്കു നയിക്കില്ല. അത്തരം പ്രവർത്തനങ്ങൾ നടക്കണമെങ്കിൽ ഒരു സംഘം തങ്ങൾ അടിച്ചമർത്തപ്പെട്ടിരിക്കുന്നു എന്ന് ബോധപൂർവമായി ചിന്തിക്കയോ തിരിച്ചറിയുകയോ ചെയ്യണം. ഒരു സംഘടനയോ, നേതൃത്വമോ വ്യക്തമായ ആശയ അടിത്തറയോ അവിടെ ഉണ്ടായിരിക്കണം. എന്നാൽ പലപ്പോഴും സാമൂഹികപ്രതിഷേധങ്ങൾ ഈ നില തുടരുന്നവയല്ല. തങ്ങൾ ചൂഷണം ചെയ്യപ്പെടുന്നു എന്ന കൃത്യമായ കാഴ്ചപ്പാട് ജനങ്ങൾക്കുണ്ടാകാം. എന്നാലും പ്രത്യക്ഷരാഷ്ട്രീയ സംഘാടനത്തിലൂടെയോ പ്രതിഷേധത്തിലൂടെയോ പലപ്പോഴും അവർക്ക് ഇതിനെ വെല്ലുവിളിക്കാൻ സാധിക്കുന്നില്ല. 'ദുർബലരുടെ ആയുധം' (Weapons of the weak) എന്ന തന്റെ പുസ്തകത്തിൽ ജെയിംസ് സ്കോട്ട് (James Scott) മലേഷ്യയിലെ കർഷകരുടെയും തൊഴിലാളികളുടെയും ജീവിതം വിശകലനം ചെയ്യുന്നു. അന്യായങ്ങൾക്ക് എതിരെയുള്ള പ്രതിഷേധങ്ങൾ, മനപ്പൂർവം പ്രവർത്തനങ്ങൾ മന്ദീഭവിപ്പിക്കുക എന്ന ചെറിയ രൂപത്തിൽ പുറത്തുവന്ന് തുടങ്ങി തുടർന്ന് ദൈനംദിനപ്രതിരോധത്തിന്റെ രൂപങ്ങളായി ഇവ നിർവചിക്കപ്പെടുന്നു.*

**Box 8.4**

ദക്ഷിണേഷ്യയിലെ പാവപ്പെട്ട സ്ത്രീകൾക്കിടയിലെ പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത് അവർ പലപ്പോഴും അവരുടെ ചെറിയ സമ്പാദ്യങ്ങൾ പോലും ഭർത്താക്കന്മാർക്ക് മദ്യപിക്കാനായി നൽകാൻ നിർബന്ധിതരാകുന്നുവെന്നാണ്. അതിൽനിന്നു രക്ഷപ്പെടാൻ അവർ പണം രണ്ടിടത്തായി സൂക്ഷിക്കുക എന്ന പദ്ധതി ആസൂത്രണംചെയ്തു. കഷ്ടപ്പെട്ട് സമ്പാദിച്ച പണം കൊടുക്കാൻ നിർബന്ധിതരാകുമ്പോൾ ഏതെങ്കിലും ഒരിടത്ത് ഒളിച്ചുവച്ചിരിക്കുന്ന പണമെടുത്ത് നൽകും. അങ്ങനെ മറുഭാഗത്ത് സൂക്ഷിച്ച പണത്തിന്റെ സുരക്ഷ ഉറപ്പാക്കും.

**ബോക്സ് 8.4ന്റെ പ്രവർത്തനം**

ഈ പ്രതിരോധം അല്ലെങ്കിൽ അതിജീവന ഉപായം ഒരു ചെറുക്കൽരീതി (Coping mechanism) ആണോ എന്ന് ചർച്ചചെയ്യുക.

## 8.3. വിവിധതരം സാമൂഹികപ്രസ്ഥാനങ്ങൾ (Types of Social movements)

### വർഗീകരണത്തിന്റെ ഒരു വഴി: (One way of Classifying) പരിഷ്കരണവാദി (Reformist), വീണ്ടെടുപ്പ് Redemptive), വിപ്ലവാത്മകം (Revolution)

സാമൂഹികപ്രസ്ഥാനങ്ങൾ പലതരത്തിലുണ്ട്

(i) വീണ്ടെടുപ്പ് അല്ലെങ്കിൽ പരിവർത്തനപ്രസ്ഥാനങ്ങൾ (Redemptive or transformation)

(ii) പരിഷ്കരണവാദ (Reformist) പ്രസ്ഥാനങ്ങൾ

(iii) വിപ്ലവാത്മകപ്രസ്ഥാനങ്ങൾ (Revolutionary)

ഒരു വീണ്ടെടുപ്പ് അല്ലെങ്കിൽ പരിവർത്തനപ്രസ്ഥാനം അതിലെ അംഗങ്ങളുടെ വ്യക്തിപരമായ അവബോധത്തെയും പ്രവൃത്തിയെയും മാറ്റിയെടുക്കാൻ ശ്രമിക്കുന്നു. ഉദാഹരണത്തിന്, കേരളത്തിലെ ഈഴവ സമുദായ അംഗങ്ങളെയും സാമൂഹിക ആചാരങ്ങളെയും മാറ്റിയെടുക്കാൻ ശ്രീനാരായണഗുരു നേതൃത്വം നൽകി. പരിഷ്കരണ സാമൂഹികപ്രസ്ഥാനങ്ങൾ നിലനിൽക്കുന്ന സാമൂഹിക - രാഷ്ട്രീയ ക്രമീകരണങ്ങളെ അനുക്രമമായ വളർച്ചയുടെ പടവുകളിലൂടെ മാറ്റിയെടുക്കാൻ പരിശ്രമിക്കുന്നു. 1960-ലെ ഭാഷാഅടിസ്ഥാനത്തിലുള്ള ഇന്ത്യൻ സംസ്ഥാനപുനക്രമീകരണവും സമകാലീന വിവരാവകാശപ്രചാരണ പ്രവർത്തനങ്ങളും ഉദാഹരണങ്ങളാണ്. വിപ്ലവ സാമൂഹികപ്രസ്ഥാനങ്ങൾ സാമൂഹിക ബന്ധങ്ങളെ മാറ്റിമറിക്കാൻ പരിശ്രമിക്കുന്നു. അത് പലപ്പോഴും രാഷ്ട്രത്തിന്റെ അധികാരം കൈയടക്കിക്കൊണ്ടാകുന്നു. റഷ്യയിലെ ബോൾഷെവിക് വിപ്ലവം സാർ ഭരണത്തെ തകർത്തെറിഞ്ഞ് ഒരു കമ്മ്യൂണിസ്റ്റ് രാഷ്ട്രം നിർമ്മിച്ചതും ചൂഷകരായ ഭൂവുടമകളെയും ഭരണകൂട ഉദ്യോഗസ്ഥരെയും മാറ്റാൻ ശ്രമിക്കുന്ന ഇന്ത്യയിലെ നക്സലൈറ്റുകളും വിപ്ലവ സാമൂഹിക പ്രസ്ഥാനങ്ങൾക്ക് ഉദാഹരണങ്ങളാണ്.

> **ACTIVITY 8.5**
>
> താഴെ തന്നിരിക്കുന്ന സാമൂഹികപ്രസ്ഥാനങ്ങൾക്ക് സമാനമായവയെ കണ്ടെത്തുക:
>
> - തെലുങ്കാനപോരാട്ടം
> - തേഭാഗപ്രസ്ഥാനം
> - സ്വാധ്യായ പരിവാർപ്രസ്ഥാനം
> - സന്താൾ ഹൂൾ
> - ബിർസാ മുണ്ട നയിച്ച സാമൂഹിക മുന്നേറ്റം (വിപ്ലവം)
> - സ്ത്രീധനമരണത്തിനെതിരായ പ്രചരണം
> - ദലിതർക്ക് ക്ഷേത്ര പ്രവേശനം അനുവദിക്കാനായുള്ള പ്രസ്ഥാനം
> - ഉത്തരാഞ്ചലിനും ജാർഖണ്ഡ് എന്നീ പ്രത്യേക സംസ്ഥാന പദവിക്കായുള്ള പ്രസ്ഥാനം.
> - വിധവാപുനർവിവാഹത്തിനായി ബംഗാളിലും മഹാരാഷ്ട്രയിലും മറ്റുമുണ്ടായി പ്രസ്ഥാനങ്ങൾ
> - നിങ്ങൾ വായിച്ചിട്ടുള്ള മറ്റേതെങ്കിലും സാമൂഹികപ്രസ്ഥാനങ്ങളെ കണ്ടെത്തുക. ഇവിടെ തന്നിരിക്കുന്ന വിവിധ വർഗ്ഗീകരണത്തിലേക്ക് ഇവയെ ചേർത്ത് തരംതിരിക്കുക.

സാമൂഹികപ്രസ്ഥാനങ്ങളുടെ ഈ തരംതിരിക്കൽ (Typology) പ്രകാരം പരിശോധിക്കുമ്പോൾ ഏതാണ്ട് എല്ലാ പ്രസ്ഥാനങ്ങളിലും പരിവർത്തനത്തിന്റെയും പരിഷ്കരണത്തിന്റെയും വിപ്ലവത്തിന്റെയും അംശം അല്ലെങ്കിൽ സാമൂഹികപ്രസ്ഥാനത്തിന്റെ അഭിവിന്യാസം (Orientation) കാലം മാറുന്നതിനനുസരിച്ച് തുടക്കത്തിലേതിൽ നിന്നു മാറിയേക്കാം. വിപ്ലവാത്മകലക്ഷ്യത്തിൽനിന്നു ചിലപ്പോൾ പരിഷ്കരണാത്മകതയിലേക്കു (Reformist) ബഹുജന സംഘാടനത്തിന്റെയും പ്രതിരോധത്തിന്റെയും രൂപത്തിൽ ആരംഭിച്ച സാമൂഹികപ്രസ്ഥാനത്തിൽ നിന്നും പിന്നീട് സ്ഥാപിതവൽക്കരണത്തിലേക്കും എത്തപ്പെടാം. ചെയ്തേക്കാം. സാമൂഹികപ്രസ്ഥാനങ്ങളെക്കുറിച്ച് പഠിക്കുന്ന സാമൂഹശാസ്ത്രജ്ഞർ ഇതിനെ സാമൂഹികപ്രസ്ഥാന സംഘടനകൾ (Social Movement organisation) എന്നു വിശേഷിപ്പിക്കുന്നു.


ഒരു സാമൂഹികപ്രസ്ഥാനത്തെ എങ്ങനെയാണ് ഗ്രഹിക്കുകയും തരംതിരിക്കുകയും ചെയ്യുന്നത് എന്നത് എപ്പോഴും വ്യാഖ്യാനത്തിനുള്ള വിഷയമാകുന്നു. ഒന്നിൽ നിന്നു മറ്റൊന്നിലേക്ക് എത്തുമ്പോൾ അത് വിഭിന്നമായിരിക്കുന്നു. ഉദാഹരണത്തിന്, 1857 ലെ കലാപം ബ്രിട്ടീഷ് കോളനി ഭരണകൂടത്തിന് അതിക്രമമായി തോന്നിയപ്പോൾ ഇന്ത്യൻ ദേശീയവാദികൾക്ക് അത് ഒന്നാം സ്വാതന്ത്ര്യസമരമായിരുന്നു. കലാപം എന്നത് നിയമപരമായ അധികാരത്തിൽ നിന്നുള്ള വ്യതിചലനമാണ്. ബ്രിട്ടീഷ് ഭരണത്തെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടം

നിയമപരമായ ബ്രിട്ടീഷ് ഭരണത്തോടുള്ള വെല്ലുവിളിയാണ്. സാമൂഹികപ്രസ്ഥാനങ്ങൾക്ക് പലരും എങ്ങനെ വ്യത്യസ്ത അർഥങ്ങൾ നൽകുന്നു എന്നതിന് ഉദാഹരണമാണിത്.

## മറ്റൊരു തരംതിരിക്കൽ - പഴയതും പുതിയതും
## (Another way of classifying : Old and New)

ഏതാണ്ട് ഇരുപതാം നൂറ്റാണ്ട് മുഴുവനും സാമൂഹികപ്രസ്ഥാനങ്ങൾ വർഗാടിസ്ഥാനത്തിലുള്ളവയോ തൊഴിലാളിവർഗപ്രസ്ഥാനങ്ങളോ കർഷകപ്രസ്ഥാനങ്ങളോ അല്ലെങ്കിൽ കോളനി വിരുദ്ധ പ്രസ്ഥാനങ്ങളോ ആയിരുന്നു. കോളനിവിരുദ്ധപ്രസ്ഥാനങ്ങൾ മുഴുവൻ ജനങ്ങളെയും ദേശീയ വിമോചന പോരാട്ടങ്ങളിൽ അണിനിരത്തിയപ്പോൾ വർഗാടിസ്ഥാനത്തിലുള്ളവ അതത് വർഗങ്ങളെ അവകാശസമരങ്ങൾക്കായി പൊരുതാൻ ഒരുമിപ്പിച്ചു.

അതുകൊണ്ടു തന്നെ കഴിഞ്ഞ നൂറ്റാണ്ടിലെ ഏറ്റവും വിപുലമായ സാമൂഹികപ്രസ്ഥാനങ്ങൾ വർഗാടിസ്ഥാനത്തിലോ ദേശീയവിമോചന പോരാട്ടങ്ങളിലോ ഉള്ളവയായിരുന്നു. സാർവദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കു തുടക്കം നൽകിയ യൂറോപ്പിലെ തൊഴിലാളിപ്രസ്ഥാനങ്ങളെക്കുറിച്ച് നിങ്ങൾ പാഠപുസ്തകങ്ങളിൽ വായിച്ചിട്ടുണ്ടാകുമല്ലോ. സോവിയറ്റ് യൂണിയൻ, ചൈന, ക്യൂബ എന്നിവിടങ്ങളിലെ കമ്മ്യൂണിസ്റ്റ് - സോഷ്യലിസ്റ്റ് ഭരണകൂട നിർമ്മിതിയിലൂടെയും മറ്റും ലോകമെമ്പാടും കമ്മ്യൂണിസം വ്യാപിച്ചു. ഈ പ്രസ്ഥാനത്തിനൊപ്പംതന്നെ മുതലാളിത്തത്തെ പരിഷ്കരിക്കുക കൂടി ചെയ്യുകയുണ്ടായി. മുതലാളിത്ത പാശ്ചാത്യരാജ്യങ്ങളിലെ ക്ഷേമരാഷ്ട്ര നിർമ്മാണത്തിലൂടെ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും, സാർവത്രിക വിദ്യാഭ്യാസം പ്രദാനം ചെയ്യാനും, ആരോഗ്യസംരക്ഷണവും സാമൂഹിക സുരക്ഷയും ഒരു




ക്കുന്നതിനും കമ്മ്യൂണിസ്റ്റ് - സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളുടെ സമ്മർദ്ദം ഇടയാക്കി. കോളനി വിരുദ്ധപ്രസ്ഥാനങ്ങൾ മുതലാളിത്തവിരുദ്ധപ്രസ്ഥാനങ്ങൾക്ക് തുല്യ അളവിൽത്തന്നെ ജനങ്ങളിൽ സ്വാധീനം ചെലുത്തി. സാമ്രാജ്യത്വരൂപങ്ങളിൽ മുതലാളിത്തവും കോളനി വൽക്കരണവും പരസ്പരബന്ധിതമായിരുന്നതിനാൽ സാമൂഹികപ്രസ്ഥാനങ്ങൾ ചൂഷണത്തിന്റെ ഈ രണ്ടു രൂപങ്ങളെയും ഒരേപോലെ ലക്ഷ്യമിട്ടു. അതായത് ദേശീയപ്രസ്ഥാനങ്ങൾ വൈദേശീയ അധികാരത്തെയും വിദേശമൂലധനത്തെയും എതിർക്കാൻ ജനങ്ങളെ സംഘടിപ്പിച്ചു. ഈജിപ്തിലെയും ഇന്തോനേഷ്യയിലെയും, മറ്റു പല രാജ്യങ്ങളിലെയും ഇന്ത്യയിലെയും ദേശീയപ്രസ്ഥാനങ്ങളുടെ ശ്രമഫലമായി രണ്ടാം ലോകയുദ്ധശേഷമുള്ള പതിറ്റാണ്ടിൽ സാമ്രാജ്യത്വത്തിന്റെ അവസാനവും

പുതിയ ദേശ-രാഷ്ട്രത്തിന്റെ (Nation - State) രൂപീകരണവുമുണ്ടായി. മറ്റൊരു സാമൂഹികപ്രസ്ഥാനതരംഗം 1960 കളിലും 1970 കളുടെ തുടക്കത്തിലുമായി ഉയർന്നുവന്നു. മുൻ ഫ്രഞ്ച്കോളനിയായ വിയറ്റ്നാമിലെ കമ്മ്യൂണിസ്റ്റ് ഗറില്ലാപോരാളികളുമായി ഈ സമയത്തുതന്നെ അമേരിക്കനയിച്ച ശക്തികൾ രക്തകലുഷിതമായ യുദ്ധം നടത്തി. യൂറോപ്പിൽ തൊഴിലാളിപ്പാർട്ടികളുമായി ചേർന്ന് ഊർജസ്വലരായ വിദ്യാർഥികൾ നയിച്ച തുടർച്ചയായ യുദ്ധവിരുദ്ധസമരങ്ങളുടെ കേന്ദ്രമായി പാരീസ് മാറി. അറ്റ്ലാന്റിക്കയിലുടനീളവും അമേരിക്കൻ ഐക്യനാടുകളിലും സാമൂഹികപ്രതിരോധത്തിന്റെ തിരമാലകൾ സൃഷ്ടിക്കപ്പെട്ടു. മാർട്ടിൻ ലൂഥർ കിങ് നയിച്ച പൗരാവകാശപ്രസ്ഥാനത്തെ തുടർന്ന് മാൽക്കം എക്സ് കറുത്തശക്തി പ്രസ്ഥാനം (Black power Movement) നയിച്ചു. യുദ്ധവിരുദ്ധപ്രസ്ഥാനത്തിലേക്ക് പതിനായിരക്കണക്കിന് വിദ്യാർഥികൾ വന്നു ചേർന്നു. അവർ ഭരണകൂടത്താൽ നിർബന്ധിതമായി വിയറ്റ്നാമിൽ യുദ്ധത്തിന് തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു. ഈ സാമൂഹികകോലാഹലത്തിനിടയിൽ വനിതാപ്രസ്ഥാനങ്ങളും പാരിസ്ഥിതികപ്രസ്ഥാനങ്ങളും ശക്തിപ്രാപിച്ചു.

പുതിയ സാമൂഹികപ്രസ്ഥാനങ്ങൾ എന്നു പറയപ്പെടുന്ന ഇവയിലെ അംഗങ്ങളെ ഒരു വർഗത്തിലെയെന്നോ ഒരു ദേശത്തിലെയെന്നോ തരംതിരിക്കാൻ പ്രയാസമാണ്. വർഗസ്വത്വത്തിന് അപ്പുറം തങ്ങൾ വിദ്യാർഥികളാണെന്നും സ്ത്രീകളാണെന്നും കറുത്തവർഗക്കാരാണെന്നും പരിസ്ഥിതിവാദികളാണെന്നുമുള്ള സ്വത്വബോധമാണ് അവർ പങ്കുവച്ചത്. ട്രേഡ് യൂണിയൻ, കർഷകപ്രസ്ഥാനങ്ങൾ എന്നിങ്ങനെ വർഗാടിസ്ഥാനത്തിലുള്ള പ്രശ്നങ്ങളെ മുൻനിർത്തിയുള്ള പഴയ സാമൂഹികപ്രസ്ഥാനങ്ങൾ എങ്ങനെയാണ് പാരിസ്ഥിതിക - വനിത - ആദിവാസിപ്രസ്ഥാനങ്ങളെപ്പോലെയുള്ള പുതിയ സാമൂഹികപ്രസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമായിരിക്കുന്നത്?

അഞ്ചാം അധ്യായത്തിൽ നിങ്ങൾ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെ വ്യത്യസ്ത സന്ദർഭങ്ങളെ പരിചയപ്പെട്ടിട്ടുണ്ടല്ലോ.

## പുതിയ സാമൂഹികപ്രസ്ഥാനങ്ങളെ പഴയതിൽനിന്നു വേർതിരിച്ചു കാണാം (Distinguishing the new social movements from the old social movements)

ചരിത്രപശ്ചാത്തലം വ്യത്യസ്തമാണെന്ന് നമ്മൾ മുമ്പു കണ്ടതാണ്. ദേശീയപ്രസ്ഥാനങ്ങൾ കോളനിശക്തികളെ തൂത്തെറിയുന്ന ഒരു കാലമായിരുന്നു അത്. പടിഞ്ഞാറൻ മുതലാളിത്ത ഭരണകൂടത്തിൽനിന്നു തൊഴിലാളിപ്രസ്ഥാനങ്ങൾ മികച്ച വേതനം പിടിച്ചുവാങ്ങുകയായിരുന്നു. ഒപ്പം കൂടുതൽ മികച്ച ജീവിതസാഹചര്യങ്ങൾ, സാമൂഹികസുരക്ഷ, വിദ്യാഭ്യാസസ്വാതന്ത്ര്യം, ആരോഗ്യസംരക്ഷണം എന്നിവയും അവർ നേടിയെടുത്തു. സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങൾ പുതിയ രാഷ്ട്രവും സമൂഹവും കെട്ടിപ്പടുക്കുന്ന ഒരു കാലംകൂടിയായിരുന്നു അത്. അധികാരബന്ധങ്ങളുടെ പുനസ്സംഘാടനത്തെ കേന്ദ്രലക്ഷ്യമായി പഴയ സാമൂഹിക പ്രസ്ഥാനങ്ങൾ കണ്ടു.

പഴയ സാമൂഹികപ്രസ്ഥാനങ്ങൾ രാഷ്ട്രീയപ്പാർട്ടികളുടെ ചട്ടക്കൂടിനകത്തു നിന്ന് പ്രവർത്തിച്ചു. ഇന്ത്യൻ ദേശീയപ്രസ്ഥാനത്തെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നയിച്ചു. ചൈനീസ് വിപ്ലവം ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി നയിച്ചു. ട്രേഡ് യൂണിയനുകളുടെയും തൊഴിലാളിപ്പാർട്ടികളുടെയും നേതൃത്വത്തിൽ നടന്ന പഴയ വർഗാടിസ്ഥാന രാഷ്ട്രീയപ്രവർത്തനങ്ങൾ ഇപ്പോൾ കുറഞ്ഞുവരുന്നതായി ചിലർ കരുതുന്നു. സമൃദ്ധിയുള്ള പാശ്ചാത്യരാജ്യങ്ങൾ ക്ഷേമരാഷ്ട്രനിർമ്മിതിയിലൂടെ വർഗചൂഷണങ്ങളെയും അസമത്വങ്ങളെയും കേന്ദ്ര പ്രശ്നങ്ങളല്ലാതാക്കി മാറ്റിയിരിക്കുന്നു എന്ന് മറ്റു ചിലർ വാദിക്കുന്നു. അതിനാൽ പുതിയ സാമൂഹിക പ്രസ്ഥാനങ്ങൾ സമൂഹത്തിലെ അധികാരവിതരണത്തെ മാറ്റിയെടുക്കുന്നതിനപ്പുറം ശുദ്ധമായ പരിസ്ഥിതിപോലെയുള്ള ജീവിതഗുണനിലവാര വിഷയങ്ങളെക്കുറിച്ചുള്ളവ ആയിത്തീരുന്നു.

പഴയ സാമൂഹികപ്രസ്ഥാനങ്ങളിൽ രാഷ്ട്രീയപ്പാർട്ടികൾക്ക് കേന്ദ്രസ്ഥാനമാണുണ്ടായിരുന്നത്. പാർലമെന്ററി ജനാധിപത്യത്തിന്മേൽ ജനങ്ങൾക്കിടയിൽ വളർന്നുവന്ന അസംതൃപ്തിയാണ് 1970 കളിൽ ഇന്ത്യയിൽ സാമൂഹികപ്രസ്ഥാനങ്ങളുടെ തരംഗങ്ങൾക്ക് ഇടയാക്കിയത് എന്ന് രാഷ്ട്ര

തന്ത്രശാസ്ത്രജ്ഞൻ രജനി കോത്താരി ചൂണ്ടിക്കാട്ടി. രാഷ്ട്രമെന്ന സ്ഥാപനത്തെ വരേണ്യവർഗം കൈയടക്കിയതായി കോത്താരി വാദിക്കുന്നു. ആയതിനാൽ രാഷ്ട്രീയപ്പാർട്ടികളാലുള്ള സമ്മതിദായകപ്രാതിനിധ്യം ഇപ്പോൾ പാവപ്പെട്ടവന് അവന്റെ ആവശ്യങ്ങൾ ഉയർത്താൻ പര്യാപ്തമല്ലാത്തതായിരിക്കുന്നു. ഔപചാരിക രാഷ്ട്രീയക്രമത്താൽ പിന്തള്ളപ്പെട്ട ജനങ്ങൾ രാഷ്ട്രത്തിനുമേൽ പുറമേനിന്ന് സമ്മർദ്ദം ചെലുത്താൻ സാമൂഹികപ്രസ്ഥാനങ്ങളിലോ പാർട്ടിയേതര രാഷ്ട്രീയരൂപങ്ങളിലോ ചേരുന്നു. ഇന്ന് പൗരസമൂഹം എന്ന പദം രാഷ്ട്രീയപ്പാർട്ടികളാലും ട്രേഡ് യൂണിയനുകളാലും പ്രതിനിധീകരിക്കപ്പെടുന്ന പഴയ സാമൂഹികപ്രസ്ഥാനങ്ങളെ അഭിസംബോധനചെയ്യാൻ ഉപയോഗിക്കുന്നു. അതോടൊപ്പം സർക്കാരിതര പരിസ്ഥിതി സംഘങ്ങളെയും വനിതാ സംഘങ്ങളെയും ആദിവാസിപ്രവർത്തകരെയും കണക്കാക്കാം.

ഇന്ത്യൻ സാമൂഹികമാറ്റങ്ങളുടെ മാനങ്ങളെക്കുറിച്ച് വായിക്കുമ്പോൾ മാധ്യമം, സംസ്കാരം, കൃഷി, വ്യവസായം എന്നിവയിൽ മനുഷ്യരുടെ ജീവിതത്തെ ആഗോളവൽക്കരണം പുനർരൂപീകരിക്കുന്നു എന്ന സത്യം നിങ്ങളിൽ ആഘാതമേൽപ്പിച്ചേക്കാം. കമ്പനികൾ പലപ്പോഴും രാജ്യാന്തരങ്ങളാണ് (Trans-national). നിലനിൽക്കുന്ന നിയമക്രമീകരണങ്ങൾ പലപ്പോഴും സാർവദേശീയമാണ്. ലോക വ്യാപാരസംഘടനപോലെ (World Trade Organisation (WTO)) പാരിസ്ഥിതികവും ആരോഗ്യ സംബന്ധവുമായ ഭീഷണികൾ, ന്യൂക്ലിയർ യുദ്ധഭീതി എന്നിവ സാർവദേശീയ സ്വഭാവമുള്ളവയാണ്. പല പുതിയ സാമൂഹികപ്രസ്ഥാനങ്ങളുടെയും സാധ്യത അന്താരാഷ്ട്ര തലത്തിലാണ്. എന്നിരുന്നാലും ലോക സാമൂഹിക ന്യായസഭ (World social forum) പോലെ ആഗോളവൽക്കരണത്തിന്റെ അപകടത്തെക്കുറിച്ച് അവബോധമുണർത്തുന്ന ഐക്യമുന്നണികളിൽ പഴയതും പുതിയതുമായ സാമൂഹികപ്രസ്ഥാനങ്ങൾ ഒത്തുചേർന്നു പ്രവർത്തിക്കുന്നു എന്നത് നിർണായകമാണ്.

**ഇന്ത്യൻസാഹചര്യത്തിൽ സാമൂഹികപ്രസ്ഥാനങ്ങളെ പഴയതും പുതിയതും എന്ന വേർതിരിവ് ഉപയോഗിക്കാൻ നമുക്ക് സാധിക്കുമോ? (Can we apply the distinction between old and new social movement in the Indian context?)**

വനിതകൾ, കർഷകത്തൊഴിലാളികൾ, ദലിതർ, ആദിവാസികൾ തുടങ്ങി നിരവധിപേർ അണിനിരന്ന സാമൂഹികപ്രസ്ഥാനങ്ങളുടെ അനുഭവം ഇന്ത്യക്കുണ്ട്. ഈ സാമൂഹികപ്രസ്ഥാനങ്ങളെ പുതിയ പ്രസ്ഥാനങ്ങളായി കരുതാൻ കഴിയുമോ? വിപ്ലവങ്ങളുടെ പുനർസൃഷ്ടി (Reinventing Revolution) എന്ന പുസ്തകത്തിൽ ഗെയിൽ ഒംവെദ് (Gail Omvedt) ഈ പ്രസ്ഥാനങ്ങളിലെ പ്രധാന ഘടകങ്ങളായി സാമൂഹിക അസമത്വത്തെയും സ്രോതസ്സുകളുടെ അസമമായ വിതരണത്തെയും ചൂണ്ടിക്കാട്ടുന്നു. തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വില ലഭിക്കാൻവേണ്ടിയും കാർഷിക സബ്സിഡികൾ എടുത്തുമാറ്റിയതിന് എതിരായിട്ടുമാണ് കർഷകപ്രസ്ഥാനങ്ങൾ സംഘടിപ്പിക്കപ്പെട്ടത്. ഉയർന്നവരെന്നു കരുതിയ ജാതിയിലെ ഭൂവുടമകളാലും പണം പലിശയ്ക്കു നൽക്കുന്നവരാലും ചൂഷണം ചെയ്യപ്പെടാതിരിക്കാൻ ദലിത് തൊഴിലാളികൾ ഒരുമിച്ച് പ്രവർത്തിച്ചു. തൊഴിലിടങ്ങളിലെയും കുടുംബത്തിനുള്ളിലെയും പോലെ വിവിധങ്ങളായി തലങ്ങളിൽ ലിംഗഭേദ (Gender) വിവേചനങ്ങൾക്കെതിരായി വനിതാപ്രസ്ഥാനങ്ങൾ പ്രവർത്തിക്കുകയുണ്ടായി.

അതേസമയം പുതിയ സാമൂഹികപ്രസ്ഥാനങ്ങൾ സാമ്പത്തിക അസമത്വംപോലെയുള്ള പഴയ പ്രശ്നങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നവയല്ല. വർഗാടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ടവയുമോ അല്ല. സ്വത്വരാഷ്ട്രീയവും സാംസ്കാരിക ഉൽക്കണ്ഠകളും ആഗ്രഹങ്ങളും സാമൂഹികപ്രസ്ഥാനങ്ങളുടെ നിർമ്മിതിക്ക് അനിവാര്യഘടകങ്ങളാണ്. അവ പലപ്പോഴും സംഭവിക്കുന്നത് വർഗാടിസ്ഥാനത്തിലുള്ള അസമത്വത്തെ കണ്ടെത്താൻ പ്രയാസകരമായ തലത്തിലുമാണ്. ഈ സാമൂഹികപ്രസ്ഥാനങ്ങൾ വർഗ അതിരുകൾക്ക് അപ്പുറം പങ്കാളികളെ പലപ്പോഴും ഏകീകരിക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന്, വനിതാപ്രസ്ഥാനങ്ങളിൽ നാഗരിക, മധ്യവർഗ സ്ത്രീപക്ഷവാദികളും ഒപ്പം പാവപ്പെട്ട കർഷകസ്ത്രീകളും ഉൾപ്പെടുന്നു. പ്രത്യേക സംസ്ഥാനപദവിക്കായുള്ള പ്രാദേശികപ്രസ്ഥാനങ്ങൾ സജാതീയ (Homogeneous) വർഗസ്വത്വങ്ങൾ (Class iden-

tities) ഇല്ലാത്തവരെയും ഒരുമിപ്പിക്കുന്നു. ഒരു സാമൂഹികപ്രസ്ഥാനത്തിൽ മറ്റു തുല്യപ്രാധാന്യമുള്ള പ്രശ്നങ്ങളെക്കുറിച്ചുള്ളതിനൊപ്പംതന്നെ സാമൂഹിക സമത്വത്തെക്കുറിച്ചുള്ള അന്വേഷണങ്ങളും ഉയർന്നുവരാം.

ചിപ്കോ പ്രസ്ഥാനത്തെക്കുറിച്ച് ചർച്ചചെയ്യുമ്പോൾ ഇത് കൂടുതൽ വ്യക്തമാവും.

## 8.4 പാരിസ്ഥിതികപ്രസ്ഥാനങ്ങൾ (Ecological Movement)

ആധുനിക കാലഘട്ടം വികസനത്തിന് ഏറ്റവും കൂടുതൽ ഊന്നൽ നൽകിയിരിക്കുന്നു. പ്രകൃതിവിഭവങ്ങളുടെ അനിയന്ത്രിതമായ ഉപയോഗവും ക്ഷയിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിവിഭവങ്ങളെ കൂടുതൽ ചൂഷണം ചെയ്യാൻ നിർബന്ധിതമാക്കുന്ന പുതിയ വികസനമാതൃകകളും കഴിഞ്ഞ പതിറ്റാണ്ടുകളിൽ ഏറെ ആശങ്കകൾ ഉയർത്തിയിരുന്നു. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും വികസനത്തിന്റെ ഗുണഭോക്താക്കളാകുമോ എന്ന കാര്യത്തിൽ ഇത്തരം വികസനം വിമർശന വിധേയമായിരിക്കുന്നു. വലിയ അണക്കെട്ടുകൾ ആളുകളെ അവരുടെ വീടുകളിൽ നിന്നും ജീവിതമാർഗങ്ങളുടെ സ്രോതസ്സുകളിൽനിന്നും പുറത്താക്കുന്നു. വ്യവസായ മലിനീകരണത്തിന്റെ ആഘാതം മറ്റൊരു കഥയാണ്. പാരിസ്ഥിതികപ്രസ്ഥാനങ്ങളുമായി പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന നിരവധി പ്രശ്നങ്ങൾ പരിശോധിക്കാൻ നമ്മൾ ഇവിടെ ഒരു ഉദാഹരണം എടുക്കുകയാണ്.

**8.6**


നിങ്ങളുടെ പ്രദേശത്തെ പാരിസ്ഥിതികമലിനീകരണത്തിന്റെ ചില സന്ദർഭങ്ങൾ കണ്ടെത്തുക. ചർച്ചചെയ്യുക. നിങ്ങളുടെ കണ്ടെത്തലുകളുടെ ചിത്രപ്രദർശനം നടത്തുക.



1986 ലോക പരിസ്ഥിതിദിനത്തിൽ സഹലാനയിൽ ചിപ്കോ സമരക്കാർ ഒത്തുചേർന്നപ്പോൾ

പാരിസ്ഥിതികപ്രസ്ഥാനങ്ങൾക്ക് ഒരു ഉദാഹരണമാണ് ചിപ്കോ പ്രസ്ഥാനം (Chipko Movement). ഹിമാലയതാഴ്വരകളിലെ ഈ പ്രസ്ഥാനം കൂട്ടിക്കലർത്തപ്പെട്ട താൽപ്പര്യങ്ങളുടെയും ആശയങ്ങളുടെയും പ്രതിഫലനംകൂടിയാണ്. രാമചന്ദ്ര ഗുഹ (Ramchandra Guha) 'അശാന്തവനങ്ങൾ' (Unquiet woods) എന്ന തന്റെ പുസ്തകത്തിൽ വിവരിച്ചതുപോലെ, സർക്കാർ കോൺട്രാക്ടർമാർ മരങ്ങൾ മുറിക്കാൻ ഗ്രാമത്തിൽ എത്തിയപ്പോൾ വനിതകളടക്കം നിരവധിപേർ ഓക്ക് (Oak) മരങ്ങളെയും റൊഡൻഡ്രൺ (Rhodo dendron) കാടുകളെയും സംരക്ഷിക്കാൻ അണിനിരന്നു. ഇവിടെ ഗ്രാമീണരുടെ നിലനിൽപ്പുതന്നെ ചോദ്യം ചെയ്യപ്പെട്ടു. വിറകിനും കന്നുകാലികൾക്കുള്ള തീറ്റയ്ക്കും ദൈനംദിന ആവശ്യങ്ങൾക്കും ഗ്രാമീണർ ഈ വനങ്ങളെയാണ് ആശ്രയിച്ചിരുന്നത്. തടി വിറ്റുകിട്ടുന്നതിലൂടെ വരുമാനമുണ്ടാക്കാമെന്ന സർക്കാർ ലക്ഷ്യത്തിനെതിരായി ജനങ്ങളുടെ ജീവസന്ധാരണ ആവശ്യങ്ങൾ ഉയർന്നുവന്നു. ഉപജീവനത്തിന്റെ സമ്പദ്ഘടന ലാഭത്തിന്റെ സമ്പദ്ഘടനാ താൽപ്പര്യങ്ങൾക്കെതിരായി. ഇതോടൊപ്പം സാമൂഹിക അസമത്വത്തിന്റെ പ്രശ്നങ്ങളും (ഗ്രാമീണരുടെ താൽപ്പര്യങ്ങളും വിപണനമുതലാളിത്ത താൽപ്പര്യങ്ങളുമുള്ള സർക്കാരും തമ്മിൽ) പാരിസ്ഥിതിക നിലനിൽപ്പിന്റെ പ്രശ്നങ്ങളും ചിപ്കോ പ്രസ്ഥാനം ഉയർത്തി. ആ പ്രദേശത്തെ ഭീകരമായ വെള്ളപ്പൊക്കത്തിലേക്കും ഉരുൾപൊട്ടലുകളിലേക്കും നയിച്ച പാരിസ്ഥിതിക നാശം വിതച്ചത് പ്രകൃതിദത്തവനങ്ങളുടെ നശീകരണമാണ്. ഈ ചുവപ്പും പച്ചയുമായ പ്രശ്നങ്ങൾ ഗ്രാമീ

ണരെ സംബന്ധിച്ചിടത്തോളം പരസ്പരബന്ധിതമായിരുന്നു. അവരുടെ അതിജീവനം വനങ്ങളുടെ അതിജീവനം കൂടിയായിരുന്നു. വനത്തെ അവർ എല്ലാവർക്കും ഗുണമാകുന്ന പാരിസ്ഥിതിക സ്വത്തായി പരിഗണിച്ചു. തങ്ങളുടെ ആശങ്കകളോട് വിദൂര സമതലങ്ങളിൽ ആസ്ഥാനമുറപ്പിച്ച സർക്കാർ പുലർത്തുന്ന ഉദാസീനതയോടും ശത്രുതാമനോഭാവത്തോടുമുള്ള മലകളിലെ ഗ്രാമീണജനതയുടെ അമർഷത്തിന്റെ പ്രതിഫലനംകൂടിയായിരുന്നു ചിപ്കോ പ്രസ്ഥാനം. സാമ്പത്തികവും പാരിസ്ഥിതികവും രാഷ്ട്രീയവുമായ പ്രാതിനിധ്യത്തിന്റെ ആശങ്കകൾ ചിപ്പ്കോ പ്രസ്ഥാനത്തിന്റെ അടിസ്ഥാനമാകുന്നു. പരിസ്ഥിതിസംരക്ഷണത്തിന് വൃക്ഷങ്ങൾ അനിവാര്യമാണ്. അതേപോലെ ആരോഗ്യപൂർണമായ പരിസ്ഥിതിക്ക് ശുദ്ധജലവും വേണം.


ഹിമാചൽപ്രദേശിലെ ജുന്നഗഡിൽ വനനശീകരണത്തെക്കുറിച്ചുള്ള ചർച്ച

ഇതിന്റെ വെളിച്ചത്തിൽ ഇന്ത്യൻ സർക്കാർ സമഗ്ര ഗംഗാസംരക്ഷണ മിഷനിലൂടെയും (Integreated Ganga Consevation Mission) സ്വച്ഛ്ഭാരത അഭിയാനിലൂടെയും (Swachch Bharath Abhiyan) ഇന്ത്യൻ പരിസ്ഥിതിയുടെ സമതുലിതവും ഗുണാത്മകവുമായ ഘടനയുടെ നിർമ്മിതിക്ക് ചിട്ടയായ പരിശ്രമങ്ങൾ നടത്തുന്നു.

**Box 8.5**

### ചിപ്ക്കോ പ്രസ്ഥാനം (Chipko Movement)

1970 ലെ അപ്രതീക്ഷിതവും അസാധാരണവുമായ അതിശക്ത മൺസൂൺ, ഓർമ്മകളിലെ ഏറ്റവും വിനാശകരമായ വെള്ളപ്പൊക്കത്തിനിടയാക്കി. അളകനന്ദ താഴ്‌വരയിലെ നൂറു ചതുരശ്ര കിലോമീറ്റർ ഭൂമി ജലം കവർന്നെടുത്തു. ആറു ലോഹപാലങ്ങൾ ഒഴുകിപ്പോയി. ഒപ്പം പത്തു കിലോമീറ്റർ യാത്രാറോഡുകളും 24 ബസ്സുകളും മറ്റു വാഹനങ്ങളും, 366 വീടുകളും തകർന്നു. 500 ഏക്കർ കാർഷിക വിളകളും നശിച്ചു. മനുഷ്യരുടെയും കന്നുകാലിസമ്പത്തിന്റെയും നഷ്ടം നിർണായകമായിരുന്നു.

1970ലെ വെള്ളപ്പൊക്കം ആ പ്രദേശത്തിന്റെ പാരിസ്ഥിതികചരിത്രത്തിലെ വഴിത്തിരിവ് അടയാളപ്പെടുത്തുന്നു. ഈ ക്ഷതത്തിന്റെ ഭാരം മുഴുവൻ ഏറ്റുവാങ്ങേണ്ടിവന്ന ഗ്രാമീണർ വനനശീകരണത്തിനും ഉരുൾപൊട്ടലിനും വെള്ളപ്പൊക്കവുമായുള്ള ഇതുവരെയുണ്ടായിരുന്ന നേർത്ത ബന്ധത്തെയും തിരിച്ചറിയാൻ തുടങ്ങുകയായിരുന്നു. ഉരുൾപൊട്ടലിനാൽ ഏറ്റവുമധികം ബാധിക്കപ്പെട്ട ഗ്രാമങ്ങൾ മരംമുറിക്കൽ കൂടുതൽ നടന്ന കാടുകൾക്ക് നേരെ താഴ് ഭാഗത്തുള്ളവയായിരുന്നു എന്ന് നിരീക്ഷിക്കാൻ കഴിഞ്ഞു.

ചമോലി ജില്ലയിലെ ദഷൗലി ഗ്രാമസ്വരാജ് സംഘം (DGSS) (Dashaul Gram Swaraj Sangh) എന്ന സഹകരണ സംഘടന ആ ഗ്രാമീണരുടെ വിഷയങ്ങൾ ഏറ്റെടുത്തു. തുടക്കത്തിൽത്തന്നെ പ്രതിഷേധങ്ങൾ ഉയർന്നുവന്നെങ്കിലും സർക്കാർ വനത്തിന്റെ വാർഷിക ലേലവിൽപ്പനയുമായി മുൻപോട്ടു പോയി. ഇതിനായി പട്ടികപ്പെടുത്തിയവയിൽ റെനി വനവും (Reni forest) ഉൾപ്പെട്ടു.

ജോഷിമട്ട് നിന്നും റെനിയിലേക്ക് യാത്രപുറപ്പെട്ട കരാറുകാർ റെനിക്ക് മുമ്പായി കുറച്ചുനേരത്തേക്ക് അവർ സഞ്ചരിച്ചിരുന്ന ബസ് നിർത്തി. ഗ്രാമത്തിന്റെ അതിരു നിർണയിച്ച് അവർ വനത്തിലേക്കു നീങ്ങി. ഉപകരണങ്ങളുമായി എത്തിയ ഈ തൊഴിലാളികളെ മറഞ്ഞുനിന്ന് കണ്ട ഒരു കൊച്ചുപെൺകുട്ടി ഉടൻതന്നെ ആ ഗ്രാമത്തിലെ മഹിള മണ്ഡലത്തിന്റെ പ്രധാനിയായ ഗൗരാദേവിയെ വിവരമറിയിച്ചു. ഗ്രാമത്തിലെ മറ്റു വീട്ടമ്മമാരെ പെട്ടെന്നു തന്നെ സംഘടിപ്പിച്ച് വനത്തിലേക്കു നീങ്ങി തൊഴിലാളികളോട് മരം മുറിക്കരുതെന്ന് അവർ കൂട്ടായി അഭ്യർഥിച്ചു. തുടക്കത്തിൽ തൊഴിലാളികൾ അവരെ ഭീഷണിപ്പെടുത്തുകയും അവമതിക്കുകയും ചെയ്തെങ്കിലും വഴങ്ങാൻ സ്ത്രീകൾ തയാറായില്ല. അതിനെ തുടർന്ന് പിൻമാറാൻ തൊഴിലാളികൾ നിർബന്ധിതരായി.

**ബോക്സ് 8.5ന്റെ പ്രവർത്തനം**

- ഇവ വർഗാടിസ്ഥാനത്തിലുള്ള അസമത്വത്തിന്റെയും വിഭവവിതരണത്തിന്റെയും പഴയ പ്രശ്നങ്ങൾ ഉയർത്തുന്ന സാമൂഹികപ്രസ്ഥാനങ്ങളാണോ?
- അതോ, പരിസ്ഥിതിസംരക്ഷണത്തിന്റെയും സാംസ്കാരിക അവകാശത്തിന്റെയും ആശങ്കകളാണോ ഇവർ ഉയർത്തുന്നത്?

**Box 8.6**

ആധുനിക വിവരസാങ്കേതികവിദ്യയുടെ ഈ കാലത്ത് ലോകമെമ്പാടുമുള്ള സാമൂഹികപ്രസ്ഥാനങ്ങൾക്ക്, സർക്കാരിതര സംഘടനകൾ (NGO), മതമാനവികസംഘങ്ങൾ, മനുഷ്യാവകാശ സംഘടനകൾ, ഉപഭോക്തൃസംരക്ഷണ വക്താക്കൾ തുടങ്ങി പൊതുതാൽപര്യത്തിനായി നില കൊള്ളുന്നവരെ ചേർത്തുനിർത്തുന്ന വലിയ പ്രാദേശീയവും സാർവദേശീയവുമായ ശൃംഖലകൾ രൂപീകരിക്കാൻ സാധിക്കുന്നു. ഉദാഹരണത്തിന് സിയാറ്റിനിൽ ലോകവ്യാപാര സംഘടനയ്ക്കെതിരെ ഉയർന്നുവന്ന വലിയ പ്രതിഷേധങ്ങൾ സംഘടിപ്പിക്കപ്പെട്ടത്. ഇന്റർനെറ്റ് ശൃംഖലകളിലൂടെയാണ്.

**ബോക്സ് 8.6ന്റെ പ്രവർത്തനം**

മുകളിൽ നൽകിയിരിക്കുന്ന ഭാഗം വായിച്ച് സാമൂഹികപ്രസ്ഥാനങ്ങൾ ആഗോളവൽക്കരിക്കപ്പെടുന്നത് എങ്ങനെ എന്ന് ചർച്ചചെയ്യുക. സാങ്കേതികവിദ്യ ഇതിന് എങ്ങനെ സഹായകമാകുന്നു? സാമൂഹികപ്രസ്ഥാനങ്ങളുടെ പങ്കിനെ ഇത് എങ്ങനെ മാറ്റിമറിക്കുന്നു?

## 8.5 വർഗാടിസ്ഥാനത്തിലുള്ള പ്രസ്ഥാനങ്ങൾ (Class Based Movements)

### കർഷകപ്രസ്ഥാനങ്ങൾ (Peasant Movements)

കർഷകപ്രസ്ഥാനങ്ങൾ അല്ലെങ്കിൽ, കർഷകസമരങ്ങൾ കോളനിപൂർവകാലം മുതലുള്ളവയാണ്. 1858 നും 1914 നും ഇടയിലുള്ള പ്രസ്ഥാനങ്ങൾ പ്രാദേശികവും ഏകീകൃതമല്ലാത്തതും ഒരു പ്രത്യേക പ്രശ്നത്തിൽ പരിമിതപ്പെടുത്തിയിരിക്കുന്നവയുമാണ്. 1859 - 62 ലെ നീലംതോട്ട (Indigo plantation system) സമ്പ്രദായത്തിനെതിരായ ബംഗാൾവിപ്ലവവും പലിശയ്ക്ക് പണം കടം കൊടുക്കുന്നവർക്കെതിരായ 1857 ലെ ഡെക്കാൻവിപ്ലവവും അറിയപ്പെടുന്ന കർഷകസമരങ്ങളാണ്. തുടർന്നു വന്ന കാലഘട്ടത്തിലേക്ക് ഇത് വ്യാപിക്കുകയും മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഭാഗികമായി സ്വാതന്ത്ര്യപ്രസ്ഥാനങ്ങളുടെ ഭാഗമാവുകയും ചെയ്തു. ഉദാഹരണത്തിന്, ദേശവ്യാപക നിസ്സഹകരണപ്രസ്ഥാനത്തിന്റെ ഭാഗമായി സൂറത്ത് ജില്ലയിൽ 1928-ൽ നടന്ന നികുതിവിരുദ്ധ പ്രചാരണമായ ബർദോളി സത്യഗ്രഹവും (Bardoli Satyagraha) ഭൂനികുതി നൽകുന്നതിനെതിരായ പ്രചാരണവും 1917-18 ലെ നീലംതോട്ടത്തിനെതിരായ ചമ്പാരൻ സത്യഗ്രഹവും (Champaran satyagraha). 1920-ൽ ബ്രിട്ടീഷ് സർക്കാരിന്റെയും പ്രാദേശിക ഭരണകർത്താക്കളുടെയും വനനയങ്ങൾക്കെതിരായ പ്രതിരോധപ്രസ്ഥാനങ്ങൾ ചിലയിടങ്ങളിൽ ഉയർന്നുവന്നു. ഒന്നാം അധ്യായത്തിലെ ഘടനാപരമായ മാറ്റങ്ങളെക്കുറിച്ചുള്ള നമ്മുടെ ചർച്ചകൾ ഓർത്തെടുക്കുക.

1920-നും 1940-നും ഇടയിൽ കർഷകപ്രസ്ഥാനങ്ങൾ ഉയർന്നുവന്നു. ആദ്യം സംഘടിപ്പിക്കപ്പെട്ടത് 1929-ലെ ബീഹാർ പ്രവിശ്യ കിസാൻ സഭയും (Bihar Provincial Kisan Sabha) 1936-ലെ അഖിലേന്ത്യ കിസാൻ സഭയുമാണ് (All India Kisan Sabha). ഈ സഭകളാൽ സംഘടിപ്പിക്കപ്പെട്ടവർ കർഷകരും തൊഴിലാളികളും മറ്റു ചൂഷിതവർഗങ്ങളും നേരിടുന്ന സാമ്പത്തികചൂഷണങ്ങളിൽ നിന്നുള്ള മോചനം എന്ന ആവശ്യം ഉയർത്തി. സ്വാതന്ത്ര്യപ്രാപ്തിയുടെ സമയത്ത് നമുക്കുണ്ടായിരുന്ന രണ്ട് ഉത്കൃഷ്ടമായ കർഷകപ്രസ്ഥാനങ്ങളാണ് തെഭാഗാ പ്രസ്ഥാനവും (1946 - 47) (Tebhaga) തെലുങ്കാനപ്രസ്ഥാനവും (1946 - 51). പതിവായി കൂലിയിനത്തിൽ നൽകപ്പെട്ടിരുന്ന ഉൽപ്പന്നത്തിന്റെ പകുതിക്കു പകരം മൂന്നിൽ രണ്ടു ഭാഗം വേണം എന്നാവശ്യപ്പെട്ട് പാട്ടക്കാർക്ക്

എതിരായി ബംഗാളിലും ഉത്തര ബീഹാറിലും നടന്ന പോരാട്ടമാണ് ആദ്യത്തേത്. ഇതിന് കിസാൻസഭയുടെയും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും (CPI) പിന്തുണയുണ്ടായിരുന്നു. രണ്ടാമത്തേത് രാജഭരണപ്രദേശമായിരുന്ന ഹൈദരാബാദിലെ ജന്മിത്തസാഹചര്യങ്ങൾക്ക് എതിരെ സി.പി.ഐ നയിച്ച സമരമാണ്.

കോളനികാലഘട്ടത്തിൽ പ്രബലമായിരുന്ന ചില പ്രശ്നങ്ങൾ സ്വാതന്ത്ര്യപ്രാപ്തിക്ക് ശേഷം മാറിമറിഞ്ഞു. ഭൂപരിഷ്കരണം, സെമീന്ദാരിസമ്പ്രദായം ഇല്ലാതാക്കൽ, ഭൂനികുതിയുടെ പ്രാധാന്യം കുറയ്ക്കൽ, പൊതു വായ്പാസമ്പ്രദായം എന്നിവ ഗ്രാമപ്രദേശങ്ങളിൽ മാറ്റം വരുത്താൻ തുടങ്ങി. 1947–ന് ശേഷമുള്ള കാലത്തിന്റെ സവിശേഷതയായി രണ്ട് പ്രധാന സാമൂഹിക പ്രസ്ഥാനങ്ങൾ നിലനിൽക്കുന്നു. നക്സലൈറ്റ് സമരവും പുതിയ കർഷകപ്രസ്ഥാനങ്ങളും. നക്സലൈറ്റ് പ്രസ്ഥാനം ആരംഭിച്ചത് 1967 ൽ ബംഗാളിലെ നക്സൽബാരി എന്ന പ്രദേശത്താണ്.

## 8.7



നക്സൽ പ്രസ്ഥാനത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ കണ്ടെത്തുക.

- മുൻ വർഷങ്ങളിൽ
- ആധുനിക ഘട്ടം
- പ്രശ്നങ്ങൾ
- പ്രതിഷേധത്തിന്റെ മാർഗങ്ങൾ. ചർച്ച ചെയ്യുക.

ഈ പ്രസ്ഥാനത്തിന് ഉത്തരവാദിയായ സാമൂഹിക കാരണങ്ങൾ എന്തെല്ലാമാണെന്ന് നാലാം അധ്യായത്തിൽ നിന്നും കണ്ടെത്തുക.

കർഷകരുടെ പ്രധാന പ്രശ്നം ഭൂമിസംബന്ധമായിരുന്നു. ഗ്രാമീണ ഇന്ത്യയിലെ കാർഷികഘടനയ്ക്കുള്ളിലെ തീക്ഷ്ണമായ വിഭജനത്തെക്കുറിച്ചുള്ള വ്യക്തമായ ധാരണ നിങ്ങൾക്ക് നാലാം അധ്യായത്തിൽ ലഭിക്കുന്നു. ബോക്സ് ഒന്നും രണ്ടും ഇത്തരം പ്രസ്ഥാനങ്ങളെക്കുറിച്ച് വിവരിക്കുന്നു.

### Box 8.7

സിലിഗുരിയിലെ സമ്മേളനം മികച്ച വിജയമായി എന്നു തെളിഞ്ഞു. മുൻകാല സമരോത്സുകപോരാട്ടങ്ങളാൽ ഉത്തേജിപ്പിക്കപ്പെടുകയും ശാക്തീകരിക്കപ്പെടുകയും ചെയ്യപ്പെട്ട കർഷകർ പ്രതീക്ഷയോടെ കാത്തിരുന്നു. ജോതേദാരുടെ പാടങ്ങളിൽ മഴയത്തും വെയിലത്തും ശരീരം നുറുങ്ങുന്ന ദൈനംദിന അധ്വാനത്തിലേർപ്പെട്ട് നിർജീവവും മങ്ങിയതുമായ മുഖങ്ങൾ ധാരണകളാലും പ്രതീക്ഷകളാലും മിന്നിത്തിളങ്ങി. കാനു സന്യാലിന്റെ അവകാശവാദത്തിൽ 1967 മാർച്ച് മുതൽ ഏപ്രിൽ വരെ എല്ലാ ഗ്രാമവാസികളും സംഘടിതരായിരുന്നു. 15,000 മുതൽ 20,000 വരെ കർഷകർ പൂർണമായ പ്രവർത്തകരായി ചേർന്നിരുന്നു. എല്ലാ ഗ്രാമങ്ങളിലും രൂപീകൃതമായ കർഷകസമിതികൾ സായുധപടയാളികളായി മാറി. അവർ പെട്ടെന്നുതന്നെ കർഷകസമിതിയുടെ പേരിൽ ഭൂമി കൈയേറി, കടക്കെണിയിൽപ്പെടുത്തി വഞ്ചിക്കാൻ ഉപയോഗിച്ച എല്ലാ രേഖകളും അഗ്നിക്കിരയാക്കി, ഒറ്റിയാധാര പ്രകാരമുള്ള കടങ്ങളെല്ലാം റദ്ദാക്കി, മർദ്ദകരായ ഭൂവുടമകൾക്ക് മരണശിക്ഷ വിധിച്ചു. ഭൂവുടമകളുടെ കൈയിൽനിന്നു തോക്കുകൾ പിടിച്ചു വാങ്ങി സായുധസംഘങ്ങൾ രൂപീകരിച്ചു, പരമ്പരാഗത ആയുധമായ അമ്പും വില്ലും വാരിക്കുന്തവുമേന്തി സ്വയം സായുധരായി, ഗ്രാമങ്ങളിലെ കാര്യങ്ങൾ നോക്കിനടത്താൻ സമാന്തരഭരണം സജ്ജീകരിച്ചു.

### Box 8.8

1968 നവംബർ 24 ന് സമതല പ്രദേശത്തിലെ ബൊഡപ്പാഡിന് (Boddapadu) സമീപം ഗരുഡഭദ്രയിലെ (Garudabhadra) ഒരു സമ്പന്ന ഭൂവുടമയുടെ കൃഷിയിടത്തിലെ വിളകൾ ബലം പ്രയോഗിച്ച് നശിപ്പിച്ചത് ഒളിയുദ്ധത്തിന്റെ വിളംബരമായിരുന്നു. തുടർന്നുള്ള ദിവസം പാർവീതപുരം ഭാഗത്തെ പെഡഗോട്ടിലി ഗ്രാമത്തിൽ പല ഗ്രാമങ്ങളിൽനിന്നുമായി ഏകദേശം 250 ഗിരിജനങ്ങൾ വാരിക്കുന്തവും അമ്പും വില്ലുമായി എത്തി വട്ടിപ്പലിശക്കാരനും ഭൂവുടമയുമായ ആളിന്റെ വീട് ആക്രമിച്ച് കൂട്ടിയിട്ടിരുന്ന നെല്ലും അരിയും മറ്റ് ധാന്യങ്ങളും 20,000 രൂപ വിലമതിക്കുന്ന വസ്തുവഹകളും ചില രേഖകളും അവർ പിടിച്ചെടുത്തു.

### ബോക്സ് 8.7ന്റെയും 8.8.ന്റെയും പ്രവർത്തനം

8.7, 8.8 ബോക്സുകൾ വായിക്കുക. പ്രശ്നങ്ങളും സമരതന്ത്രങ്ങളും തിരിച്ചറിയുക.

സമകാലീന ഇന്ത്യയിലും കാർഷികപ്രശ്നങ്ങൾ പലതും നിലനിൽക്കുന്നു. നാലാം അധ്യായം ഇത് വിശദമായി ചർച്ചചെയ്തിട്ടുണ്ട്.

'പുതിയ കർഷകപ്രസ്ഥാനങ്ങൾ' എന്നു പറയപ്പെടുന്നവ 1970 കളിൽ പഞ്ചാബിലും തമിഴ്നാട്ടിലും തുടങ്ങിയവയാണ്.[1] അവ രാഷ്ട്രീയപ്പാർട്ടിയല്ലായിരുന്നു. ഗ്രാമീണരല്ല, കർഷകരായിരുന്നു അതിലെ പങ്കാളികൾ (കർഷകർ എന്നാൽ, ഉൽപ്പാദകരായും ഉപഭോക്താക്കളായും വിപണിയിൽ പങ്കാളികളാകുന്നവർ). ശക്തമായ സർക്കാർ വിരുദ്ധതയും നാഗരികവിരുദ്ധതയും ആയിരുന്നു ഈ പ്രസ്ഥാനത്തിന്റെ അടിസ്ഥാന ആശയം. ആവശ്യത്തിന്റെ കേന്ദ്രലക്ഷ്യം വിലയും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമായിരുന്നു (ഉദാഹരണത്തിന് ന്യായമായ വില കരസ്ഥമാക്കൽ, പ്രതിഫല തുകകൾ, കാർഷികനിക്ഷേപങ്ങളുടെ വില, നികുതിപിരിവ്, കടം തിരിച്ചടയ്ക്കാതിരിക്കൽ). റെയിൽഗതാഗതവും പൊതുവഴികളും തടയുക, ഗ്രാമത്തിലേക്ക് ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരും വരുന്നതിനെ എതിർക്കുക തുടങ്ങി തനതായ സമരമാർഗങ്ങൾ ഉപയോഗിച്ചു. കർഷക പ്രസ്ഥാനങ്ങൾ അവരുടെ കാര്യപരിപാടിയും ആശയങ്ങളും; പരിസ്ഥിതി, വനിതാപ്രശ്നങ്ങളെക്കൂടി ഉൾപ്പെടുത്തി വിപുലമാക്കി എന്നു വാദിക്കുന്നു. അതുകൊണ്ട് അവയെ ലോകം മുഴുവൻ വ്യാപിക്കുന്ന പുതിയ സാമൂഹികപ്രസ്ഥാനങ്ങളായി കാണാം.


## തൊഴിലാളിപ്രസ്ഥാനങ്ങൾ (Workers' Movements)

1860 കളുടെ തുടക്കത്തിലാണ് ഇന്ത്യയിൽ വ്യവസായശാലകൾ ഉൽപ്പാദനം ആരംഭിച്ചത്. മുമ്പ് നമ്മൾ കോളനിക്കാലത്തെ വ്യവസായവൽക്കരണത്തിന്റെ സവിശേഷതയെക്കുറിച്ചു നടത്തിയ ചർച്ചകൾ ഓർക്കുന്നുണ്ടാകും. കോളനിഭരണം ഉയർത്തിക്കൊണ്ടു വന്ന വനവിൽപ്പനസമ്പ്രദായത്തിന്റെ പൊതുരീതി എന്നതിൽ ഇന്ത്യയിൽനിന്ന് അസംസ്കൃതവസ്തുക്കൾ ശേഖരിക്കുക എന്നതും തുടർന്ന് ഇംഗ്ലണ്ടിൽ നിർമിച്ച ഉൽപ്പന്നങ്ങൾ കോളനികളിൽ വിറ്റഴിക്കുക എന്നതുമായിരുന്നു. ഈ വ്യവസായശാലകൾ കൽക്കട്ടയുടെയും ബോംബെയുടെയും തുറമുഖങ്ങളിൽ സ്ഥാപിച്ചു. പിന്നീട് മദ്രാസിലും അവ തുടങ്ങി. വളരെ നേരത്തേ തന്നെ, 1839 ൽ, ആസാമിൽ തേയിലത്തോട്ടങ്ങൾ സ്ഥാപിക്കപ്പെട്ടു.

കോളനികാലഘട്ടത്തിന്റെ തുടക്കത്തിൽ വേതനം കുറവായിരുന്നു. കോളനിസർക്കാർ വേതനത്തെയോ തൊഴിൽസാഹചര്യങ്ങളെയോ നിയന്ത്രിച്ചിരുന്നുമില്ല. കോളനിഭരണകൂടം തേയിലത്തോട്ടങ്ങളിലേക്ക് തൊഴിലാളികളെ എത്തിക്കുന്നത് ഉറപ്പാക്കുന്നത് എങ്ങനെയാണെന്ന് ഒന്നാം അധ്യായത്തിൽ കണ്ടത് ഓർക്കുന്നുണ്ടാവും.

തൊഴിലാളിസംഘടനകൾ പിന്നീടാണ് ഉയർന്നുവന്നതെങ്കിലും തൊഴിലാളികൾ മുമ്പും പ്രതിഷേധിച്ചിരുന്നു. അന്ന് അവരുടെ പ്രവർത്തനങ്ങൾ സ്ഥിരമായവയായിരുന്നില്ല. അവ പരപ്രേരണ കൂടാതെയുള്ളവയായിരുന്നു. ചില ദേശീയനേതാക്കൾ തൊഴിലാളികളെ കോളനിവിരുദ്ധപ്രസ്ഥാനങ്ങളിലേക്കു നയിച്ചു. യുദ്ധം രാജ്യത്തെ വ്യവസായങ്ങളുടെ വികസനത്തിലേക്ക് വഴിതെളിച്ചെങ്കിലും പാവപ്പെട്ടവരുടെ ജീവിതത്തിലേക്ക് വളരെ ഏറെ പ്രയാസങ്ങൾ കൊണ്ടെത്തിക്കുകയും ചെയ്തു. ഭക്ഷ്യക്ഷാമവും കുത്തനെയുള്ള വിലവർധനയുമുണ്ടായി. ബോംബെയിലെ തുണിമില്ലുകളിൽ സമരങ്ങളുടെ തിരമാലകൾ ഉയർന്നു. 1917 സെപ്തംബറിലും ഒക്ടോബറിലും രേഖപ്പെടുത്തപ്പെട്ട 30 സമരങ്ങൾ നടന്നു. കൽക്കട്ടയിലെ ജ്യൂട്ട് തൊഴിലാളികൾ പണിമുടക്ക് സമരം നടത്തി. മദ്രാസിലെ ബുച്ചിങ്ഹാമിലെയും (Buchingham) കർണാടിക്ക് മില്ലിലെയും (Carnatic Mills) (Binny's) തൊഴിലാളികൾ ഉയർന്ന വേതനത്തിനായി സമരം ചെയ്തു. 50 ശതമാനം വേതനവർധനവിനായി അഹ്മദബാദിലെ (Ahmedabad) തുണിമിൽത്തൊഴിലാളികൾ പണിമുടക്കു സമരത്തിൽ ഏർപ്പെട്ടു (Bhowmick 2004).

1918 ഏപ്രിലിൽ മദ്രാസിൽ വച്ച് സാമൂഹികപ്രവർത്തകനും തിയോസഫിക്കൽ സൊസൈറ്റിയിലെ അംഗവുമായ ബി.പി. വാഡിയ ആദ്യത്തെ ട്രേഡ് യൂണിയൻ സ്ഥാപിച്ചു. അതേ വർഷം തന്നെ മഹാത്മാഗാന്ധി ടെക്സ്റ്റൈൽ ലേബർ അസോസിയേഷൻ (TLA) രൂപീകരിച്ചു. 1920 ൽ





1981-82 – ബോംബെ തുണിമിൽ തൊഴിലാളിസമരം

1997 – ബീഹാറിലെ സ്ത്രീതൊഴിലാളികളുടെ പ്രകടനം

ബോംബെയിൽ ആൾ ഇന്ത്യ ട്രേഡ് യൂണിയൻ കോൺഗ്രസ് (AITUC) രൂപീകൃതമായി. വ്യത്യസ്ത ആശയങ്ങളോടുകൂടിയ വിശാല അടിസ്ഥാനത്തിലുള്ള ഒരു സംഘടനയായിരുന്നു AITUC. എസ്.എ. ഡാങ്കേ, എം.എൻ. റോയി തുടങ്ങിയ കമ്മ്യൂണിസ്റ്റുകളും മിതവാദികളായ എം. ജോഷിയും വി.വി. ഗിരിയും ദേശീയവാദികളായ ലാലാ ലജ്പത്റായിയും ജവഹർലാൽ നെഹ്റുവും മറ്റുമായിരുന്നു ഇതിലെ വ്യത്യസ്ത ആശയഗതിക്കാർ.

തൊഴിലാളികളെ കുറച്ചുകൂടി ജാഗ്രതയോടെ കൈകാര്യം ചെയ്യാൻ കോളനിഭരണകർത്താക്കളെ AITUC യുടെ രൂപീകരണം പ്രേരിപ്പിച്ചു. സമരങ്ങളെ നിലയ്ക്കു നിർത്താൻ തൊഴിലാളികൾക്ക് ചില ഇളവുകൾ അനുവദിക്കുന്നതിലേക്ക് അവരെ ഇത് നയിച്ചു. 1922-ൽ സർക്കാർ നാലാം വ്യവസായശാല ചട്ടം (Fourth factories Act) പാസാക്കിയതിലൂടെ ഒരു പ്രവൃത്തി ദിനം ജോലി പത്തു മണിക്കൂറായി ചുരുക്കപ്പെട്ടു. 1926 ൽ ട്രേഡ് യൂണിയൻ ചട്ടം (Trade Union Act) പാസാക്കപ്പെടുന്നതിലൂടെ ട്രേഡ് യൂണിയനുകൾ രജിസ്റ്റർ ചെയ്യപ്പെടേണ്ടതാവുകയും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തപ്പെടുകയും ചെയ്തു. 1920 ന്റെ മധ്യത്തിൽ 200 യൂണിയനുകൾ AITUC യിൽ അംഗത്വമെടുക്കുകയും ഏതാണ്ട് 2,50,000 അംഗങ്ങളാവുകയും ചെയ്തു.

**8.8**

തൊഴിലാളി യൂണിയനുകൾ ഏറ്റെടുക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പത്രങ്ങളിൽനിന്ന് വിവരങ്ങൾ ശേഖരിക്കുക. അവ ആഗോളവൽക്കരണത്തിന്റെ സാഹചര്യത്തിൽ ചർച്ചചെയ്യുക.

ബ്രിട്ടീഷ് ഭരണത്തിന്റെ അവസാനത്തെ ചില വർഷങ്ങളിൽ AITUC യിൽ കമ്മ്യൂണിസ്റ്റുകാർക്ക് നിർണായക സ്വാധീനമുണ്ടായി. ഇന്ത്യൻ നാഷണൽ കോൺഗ്രസ് 1947 മെയ്മാസത്തിൽ INTUC എന്ന പുതിയ സംഘടന രൂപീകരിക്കാൻ തീരുമാനിച്ചു. 1947-ൽ AITUC യിലെ പിളർപ്പിനെ

തുടർന്ന് രാഷ്ട്രീയപ്പാർട്ടികളുടെ അടിസ്ഥാനത്തിലുള്ള പിളർപ്പുകൾക്ക് വഴിതെളിച്ചു. ദേശീയ തലത്തിലുള്ള രാഷ്ട്രീയപ്പാർട്ടി അടിസ്ഥാനത്തിലുള്ള തൊഴിലാളിവർഗപ്രസ്ഥാനങ്ങളുടെ പിളർപ്പുകൾക്കൊപ്പം പ്രാദേശിക പാർട്ടികളും 1960 കൾ മുതൽ അവരവരുടേതായ യൂണിയനുകൾ സ്ഥാപിക്കാൻ തുടങ്ങി.

1966-67 ലെ സാമ്പത്തികമാന്ദ്യം ഉൽപ്പാദനത്തിലും അതിന്റെ പരിണതഫലമായി തൊഴിലിലും വൻകുറവ് ഉളവാക്കി. അത് പൊതുവായ അസ്വസ്ഥത ഉണർത്തി. 1947 ൽ പ്രബലമായ റെയിൽവേ തൊഴിലാളിസമരമുണ്ടായി. സർക്കാരും ട്രേഡ് യൂണിയനുകളും തമ്മിലുള്ള ഏറ്റുമുട്ടൽ തീവ്രമായി. 1975-77 കാലത്തെ അടിയന്തരാവസ്ഥയിൽ എല്ലാ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളെയും നിരോധിച്ചു. ഇതും അധികകാലം നിലനിന്നില്ല. പൗരസ്വാതന്ത്ര്യത്തിനായുള്ള വിശാല സംഘർഷങ്ങളുടെ ഭാഗമായിരുന്നു തൊഴിലാളിപ്രസ്ഥാനങ്ങളും.

ആഗോളവൽക്കരണത്തിന്റെ സമകാലീന സാഹചര്യത്തിൽ തൊഴിൽമേഖലയെ ബാധിക്കുന്ന മാറ്റങ്ങളെക്കുറിച്ച് നിങ്ങൾ വായിച്ചിട്ടുണ്ടല്ലോ. ട്രേഡ് യൂണിയനുകളുടെ മുമ്പിലുള്ള വെല്ലുവിളികൾ പുതിയ പ്രകാരത്തിലുള്ളവയായിരിക്കുന്നു. അഞ്ചും ആറും അധ്യായങ്ങളിലേക്ക് തിരികെ പോയാൽ നിങ്ങൾക്ക് ഇത് മനസ്സിലാകും.

## 8.6. ജാതി അടിസ്ഥാനത്തിലുള്ള പ്രസ്ഥാനങ്ങൾ (Caste Based Movements)

### ദലിത് പ്രസ്ഥാനം [The Dalit Movement]

*ആത്മാഭിമാനത്തിന്റെ സൂര്യൻ ജ്വാലയായി ആളിപ്പടർന്നു.*
*അവ എരിച്ചുകളയട്ടെ ഈ ജാതികളെ*
*ശിഥിലമാക്കട്ടെ, തകർക്കട്ടെ, നശിപ്പിക്കട്ടെ വെറുപ്പിന്റെ ഈ മതിലുകളെ*
*യുഗങ്ങളോളം പഴക്കമാർന്ന അന്ധതയുടെ ദർശനത്തെ*
*ചതച്ചു തരിപ്പണമാക്കുക.*
*ജനങ്ങളേ ഉണരൂ!*

ദലിത് പ്രസ്ഥാനങ്ങൾ ഒരു പ്രത്യേക സ്വഭാവം പ്രകടമാക്കുന്നു. ഈ പ്രസ്ഥാനങ്ങളെ സാമ്പത്തികചൂഷണത്തിന്റെയോ, രാഷ്ട്രീയ അടിച്ചമർത്തലിന്റെയോ മാത്രം സൂചകങ്ങളാൽ തൃപ്തമായി വിശദീകരിക്കാൻ സാധിക്കില്ല. സഹജീവിയായി അംഗീകരിക്കപ്പെടാനുള്ള പോരാട്ടമാണിത്. ആത്മവിശ്വാസത്തിനും സ്വയംനിർണയത്തിനുള്ള ഒരു ഇടത്തിനുവേണ്ടിയുമുള്ള പോരാട്ടമാണിത്. തൊട്ടുകൂടായ്മ അടിച്ചേൽപ്പിച്ച അപമാനത്തിന്റെ അടയാളങ്ങൾ ഇല്ലാതാക്കാനുള്ള സമരമാണിത്. സ്പർശിക്കപ്പെടാൻ വേണ്ടിയുള്ള സമരമെന്ന് അതിനെ വിളിച്ചുപോന്നു.

പാവപ്പെട്ടവൻ എന്നും അടിച്ചമർത്തപ്പെടുന്നവൻ എന്നും അർഥം വരുന്ന രീതിയിൽ മറാത്തി, ഹിന്ദി, ഗുജറാത്തി തുടങ്ങിയ മറ്റു പല ഇന്ത്യൻ ഭാഷയിലും ദലിത് എന്ന പദം സാധാരണയായി ഉപയോഗിച്ചുവരുന്നു. ബാബാസാഹിബ് അംബേദ്കറിന്റെ അനുയായികളായ നവബൗദ്ധ പ്രവർത്തകർ 1970 കളുടെ തുടക്കത്തിൽത്തന്നെ മറാത്തിയിൽ ഈ പദം പുതിയ സാഹചര്യത്തിൽ ഉപയോഗിച്ചു. ഇത് ഉയർന്നവരെന്നു പറയപ്പെടുന്ന വിഭാഗക്കാരാൽ മനപ്പൂർവം തകർക്കപ്പെട്ട, താഴേക്ക് പതിക്കപ്പെട്ട ജനങ്ങളെ സൂചിപ്പിക്കുന്നു. ആ പദത്തിനുള്ളിൽത്തന്നെ സഹജമായ അശുദ്ധിയുടെ നിരാസവും കർമവും ന്യായീകൃതമായ ജാതിശ്രേണിയും ഉൾക്കൊള്ളുന്നു.

മുൻകാലത്തോ ആധുനികകാലത്തോ രാജ്യത്തൊരു ഏകീകൃത ദലിത് പ്രസ്ഥാനമുണ്ടായിരുന്നില്ല. ദലിതരുടെ വ്യത്യസ്ത പ്രശ്നങ്ങളെ ദലിതപ്രസ്ഥാനങ്ങൾ വ്യത്യസ്ത ആശയങ്ങളാൽ പ്രമുഖമാക്കി ഉയർത്തിക്കാട്ടി. എന്നാലും അവയെല്ലാം സമാനവും സ്പഷ്ടവുമായ അർഥത്തിലല്ലെങ്കിലും ഒരു ദലിത് സ്വത്വം ഉറപ്പിക്കാൻ ശ്രമിക്കുന്നു. ദലിത് പ്രസ്ഥാനങ്ങളുടെ പ്രകൃതത്തിലും സ്വത്വത്തിന്റെ അർഥത്തിലും വ്യത്യാസമുണ്ടെങ്കിലും അവർക്കിടയിൽ സമത്വത്തിനും ആത്മാഭിമാനത്തിനും തൊട്ടുകൂടായ്മനിർമാർജനത്തിനും വേണ്ടിയുള്ള പൊതുവായ അന്വേഷണം നിലനിൽക്കുന്നു (Shah 2001:194). ഛത്തീസ്ഗഡിലെ ചാമർക്കിടയിലുണ്ടായിരുന്ന സത്നാമി പ്രസ്ഥാനത്തിലും പഞ്ചാബിലെ ആദിധർമ്മപ്രസ്ഥാനത്തിലും മഹാരാഷ്ട്രയിലെ മഹാർ പ്രസ്ഥാ

നത്തിലും ആഗ്രയിലെ ജടവാകക്കിടയിലെ സാമൂഹിക-രാഷ്ട്രീയ സംഘാടനത്തിലും ദക്ഷിണേന്ത്യയിലെ ബ്രാഹ്മണവിരുദ്ധപ്രസ്ഥാനങ്ങളിലും ഇവ പൊതുവായി കാണാൻ സാധിക്കുന്നു.

സമകാലികമായി ദലിത് പ്രസ്ഥാനങ്ങൾക്ക് പൊതുമണ്ഡലത്തിൽ അവഗണിക്കപ്പെടാനാവാത്ത ഒരു സ്ഥാനമുണ്ട്. ഇത് ചോദ്യം ചെയ്യപ്പെടാനാവാത്തതാണ്. വളർന്നുവരുന്ന ദലിത് സാഹിത്യം ഇതിനെ അനുധാവനയാത്ര ചെയ്യുന്നു.

**8.9**

ദലിത് സാഹിത്യം കൂടുതലായി തിരിച്ചറിയുക. ദലിത് രചനകളിൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഏതെങ്കിലും കഥയോ കവിതയോ ചർച്ചചെയ്യുക.

ക്രിയാത്മകതയെയും താഴ്ത്തപ്പെട്ട ജാതിയുടെ നിലനിൽപ്പിനെയും തകർക്കുന്നതിന് ഉത്തരവാദികളായ ചാതുർവർണ്യത്തിനെയും ജാതിശ്രേണീകരണത്തിനെയും ദലിത് സാഹിത്യം സ്പഷ്ടമായി എതിർത്തു നിൽക്കുന്നു. ദലിത് എഴുത്തുകാർ അവരുടെ അനുഭവങ്ങളിലും കാഴ്ചപ്പാടുകളിലും വേരൂന്നിയ അലങ്കാരപ്രയോഗങ്ങളെയും ആശയ പ്രകാശനത്തെയും ഉപയുക്തമാക്കുന്നതിൽ നിഷ്കർഷവെച്ചു പുലർത്തുന്നു. മുഖ്യധാരാ സമൂഹത്തിന്റെ അത്യുക്തിപരമായ അലങ്കാരപ്രയോഗങ്ങൾ സത്യത്തെ വെളിപ്പെടുത്തുന്നതിനു പകരം മറച്ചു വയ്ക്കാൻ മാത്രമേ ഉപകരിക്കുകയുള്ളുവെന്ന് പലർക്കും അനുഭവപ്പെട്ടു. സാമൂഹികവും സാംസ്കാരികവുമായ വിപ്ലവത്തിന് ദലിത സാഹിത്യം ആഹ്വാനം ചെയ്യുന്നു. അന്തസ്സിനും സ്വത്വത്തിനും വേണ്ടിയുള്ള സാംസ്കാരികപ്പോരാട്ടത്തിന് ചിലർ പ്രാധാന്യം നൽകുമ്പോൾ മറ്റു ചിലർ സാമ്പത്തികമാനങ്ങൾ ഉൾപ്പെടെയുള്ള സമൂഹത്തിന്റെ ഘടനാപരമായ സവിശേഷതകളെ കൂടി ഉൾച്ചേർക്കുന്നു.



**Box 8.9**

തന്റെ സഹജരായ മഹറുകളെക്കുറിച്ച് അജ്ഞാതനായ ഒരു കവിയുടെ 1890 ലെ കവിത...

അവരുടെ വീടുകൾ ഗ്രാമത്തിനു പുറത്താണ്,<br>
അവരുടെ സ്ത്രീകളുടെ തലയിൽ പേനുകളുണ്ട്,<br>
കുട്ടികൾ നഗ്നരായി ചപ്പുചവറുകളിൽ കളിക്കുന്നു,<br>
അവർ ചീഞ്ഞ മാംസം ഭക്ഷിക്കുന്നു,<br>
തൊട്ടുകൂടാത്തവരുടെ മുഖത്ത് വിനയത്തിന്റെ ലക്ഷണമുണ്ട്,<br>
അവർക്കിടയിൽ വിദ്യാഭ്യാസമെന്നതില്ല,<br>
ഗ്രാമദേവതകളുടെയും ദുർദേവതകളുടെയും നാമങ്ങൾ അവർക്കറിയാം,<br>
ബ്രഹ്മാവിന്റേത് അറിയില്ല.

**Box 8.10**

സമൂഹശാസ്ത്രജ്ഞർ ദലിത് പ്രസ്ഥാനങ്ങളെ വർഗീകരിക്കാൻ ശ്രമിച്ചപ്പോൾ അവ പരിഷ്കരണപ്രസ്ഥാനങ്ങൾ, പരിവർത്തനപ്രസ്ഥാനങ്ങൾ, വിപ്ലവപ്രസ്ഥാനങ്ങൾ തുടങ്ങിയവയിൽ ഉൾപ്പെടുന്നതായി വിശ്വസിക്കേണ്ടതായി വന്നു.

ജ്യോതിബാ ഫൂലെയുടെ പ്രേരണയാൽ 19 - ാം നൂറ്റാണ്ടിൽ ആരംഭിച്ച ജാതിവിരുദ്ധപ്രസ്ഥാനങ്ങൾ 1920 കളിൽ മഹാരാഷ്ട്രയിലെയും തമിഴ്നാട്ടിലെയും ബ്രാഹ്മണവിരുദ്ധപ്രസ്ഥാനങ്ങൾ ഏറ്റെടുത്തിരുന്നു. പിന്നീട് ഡോ. അമ്പേദ്കറുടെ നേതൃത്വത്തിൽ വളർന്നുവന്നവയിലും എല്ലാത്തരത്തിലുള്ളവയുടെയും സവിശേഷതകൾ ഉണ്ടായിരുന്നു. അതിന്റെ മികവിൽ സമൂഹത്തെ സംബന്ധിച്ചിടത്തോളം അവ പരിഷ്കരണാത്മകവുമായിരുന്നു. ഭാഗികമായ സാഹചര്യത്തിൽ പിൽക്കാല അംബേദ്കർ ദലിത് പ്രസ്ഥാനങ്ങൾക്ക് വിപ്ലവാത്മകപ്രവർത്തനമായിരുന്നു ഉണ്ടായിരുന്നത്. ബീഫ് കഴിക്കുന്നതു മുതൽ മതസംഭാഷണം ഉപേക്ഷിക്കുന്ന സ്വഭാവമാറ്റം വരെ ഉൾക്കൊള്ളുന്നു, ചിലപ്പോൾ മിതമായതും ചിലപ്പോൾ വിപ്ലവാത്മകവും എന്നാൽ മറ്റു ചിലപ്പോൾ എല്ലാം ഉൾച്ചേർക്കുന്നതുമായ ജീവിതത്തിന്റെ ഇതര മാർഗങ്ങൾ അവ നൽകുന്നു. ജാതിയടിച്ചമർത്തലും സാമ്പത്തിക ചൂഷണവും ഇല്ലാതാക്കുക എന്ന സമൂലമായ വിപ്ലവാത്മകലക്ഷ്യം മുതൽ എസ്.സി. വിഭാഗത്തിലെ

അംഗങ്ങൾക്ക് സാമൂഹികചലനാത്മകത പ്രദാനം ചെയ്യുക എന്ന പരിമിത ലക്ഷ്യം വരെയുള്ളവ ഉൾപ്പെടുന്ന സമൂഹത്തിലെ ആകെ മാറ്റത്തെ അവ കേന്ദ്രീകരിക്കുന്നു.

മൊത്തത്തിൽ, ഈ പ്രസ്ഥാനം ഒരു പരിഷ്കരണപ്രസ്ഥാനമാണ്. ഇത് സംഘടിപ്പിക്കപ്പെട്ടത് ജാതി അടിസ്ഥാനത്തിലാണെങ്കിലും ജാതിയില്ലാതാക്കാൻ അർധ മനസ്സു മാത്രമായിരുന്നു അവയ്ക്ക്. ലക്ഷ്യമിടുകയും നേടിയെടുക്കുകയും ചെയ്ത സാമൂഹികമാറ്റങ്ങൾ പരിമിതമെങ്കിലും യഥാർഥമായത് ദലിത് വിഭാഗത്തിലെ വിദ്യാസമ്പന്നരുടെ ഇടയിൽ മാത്രമാണ്. എന്നാൽ അതിപീഡാകരമായ ദാരിദ്ര്യത്തിൽ നിന്നു ലോകത്തിലെ ബഹുജനങ്ങളെ ഉയർത്തിക്കൊണ്ടുവരാൻ ഉതകുന്ന രീതിയിൽ സമൂഹത്തെ മാറ്റിയെടുക്കുന്നതിൽ അത് പരാജയപ്പെട്ടു.

**ബോക്സ് 8.10 ന്റെ പ്രവർത്തനം**

- ദലിത് പ്രസ്ഥാനങ്ങളെ പരിഷ്കരണപ്രസ്ഥാനങ്ങളെന്നും പരിവർത്തനപ്രസ്ഥാനങ്ങളെന്നും പരിഗണിക്കാമെന്നതിന്റെ കാരണങ്ങൾ കണ്ടെത്തുക.
- ഈ കുറിപ്പിലെ നിരീക്ഷണത്തെ അംഗീകരിക്കാൻ നിങ്ങൾക്ക് കഴിയുമോ? ചർച്ചചെയ്യുക.

## പിന്നാക്ക – വർഗ – ജാതിപ്രസ്ഥാനങ്ങൾ (Backward Class Castes Movements)

ഒരു രാഷ്ട്രീയ അസ്തിത്വം എന്ന നിലയിൽ പിന്നാക്കവർഗ/ജാതി പ്രസ്ഥാനങ്ങളുടെ ഉയർന്നുവരവ് കോളനികാലത്തും ശേഷവും സംഭവിച്ചിരുന്നു. ജാതി അടിസ്ഥാന പരിലാളനകൾ കോളനി ഭരണം നൽകിയിരുന്നു. സ്ഥാപിത ജീവിതക്രമത്തിൽ അവരവരുടെ സാമൂഹിക-രാഷ്ട്രീയ സ്വത്വത്തിൽ നിലനിൽക്കാൻ ജാതിയിൽ തുടരുന്നതിൽ അർഥമുണ്ടെന്ന് വന്നു. സമാനതലത്തിൽ നിലനിന്നിരുന്ന ജാതിസംഘങ്ങൾ ഒരുമിച്ചുനിൽക്കുന്ന നിയമം തിരശ്ചീന വിസ്തൃതിയിൽ രൂപം കൊള്ളുന്നതിനും അത് സഹായിച്ചു. ജാതിക്ക് അതിന്റെ ആചാരപരമായ ഉള്ളടക്കം നഷ്ടപ്പെട്ടു. രാഷ്ട്രീയസംഘാടനത്തിനായി അവ കൂടുതൽ മതേതരമാവുകയും ചെയ്തു. (രണ്ടാംഅധ്യായത്തിലെ മതേതരത്വത്തെക്കുറിച്ചുള്ള ചർച്ച ഓർക്കുക).

**Box 8.11**

മൗലിക അവകാശം, ന്യൂനപക്ഷം മുതലായവയുടെ ഉപദേശക സമിതിയും ഭരണഘടന അവതരിപ്പിച്ചു കൊണ്ട് ജി. ബി. പന്ത് നടത്തിയ നിരീക്ഷണങ്ങളാണ് ഇവിടെ ചേർത്തിരിക്കുന്നത്.

അടിച്ചമർത്തപ്പെട്ട വർഗങ്ങളെയും, പട്ടികജാതി വിഭാഗങ്ങളെയും പിന്നാക്ക വർഗങ്ങളെയും പ്രത്യേകമായി പരിരക്ഷിക്കേണ്ടതാണ്. പൊതുധാരയിലേക്ക് അവരെ എത്തിക്കാൻ വേണ്ടതെല്ലാം നമ്മൾ ചെയ്യണം. ചങ്ങലയുടെ ശക്തി എന്നത് അതിലെ ദുർബലമായ കണ്ണികൂടി പരിശോധിച്ചാണ് നിർണയിക്കുക. അതിനാൽ എല്ലാ കണ്ണിയും പുനർജീവിപ്പിക്കുവോളം ആരോഗ്യമുള്ള ഒരു രാഷ്ട്രീയശരീരം ഉണ്ടാവില്ല.

ഈ വിഭാഗത്തിന്റെ സംവരണത്തെക്കുറിച്ച് ഭരണകൂടത്തിന്റെ തീരുമാനത്തിൻമേലുള്ള സംവാദം സമീപകാലത്തായി കാണാൻ കഴിയും.

19-ാം നൂറ്റാണ്ടിന്റെ അവസാനകാലം മുതൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ 'പിന്നാക്കവർഗം' (Backward classes) എന്ന പദം ഉപയോഗത്തിലുണ്ട്. 1872 മുതൽ മദ്രാസ് പ്രസിഡൻസിയിലും രാജഭരണ സംസ്ഥാനമായിരുന്ന മൈസൂരിൽ 1918 മുതലും ബോംബെ പ്രസിഡൻസിയിൽ 1925 മുതലും വ്യാപകമായി ഇത് ഉപയോഗിച്ചു തുടങ്ങി. 1920 മുതൽ ജാതിയുടെ പ്രശ്നങ്ങൾ മുൻനിർത്തി നിരവധി സംഘടനകൾ രാജ്യത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ നാമ്പിട്ടു. യുണൈറ്റഡ് പ്രൊവിൻസ് ഹിന്ദു ബാക്ക്വേർഡ് ക്ലാസ് ലീഗ്, ആൾ ഇന്ത്യ ബാക്ക്വേർഡ് ക്ലാസ് ഫെഡറേഷൻ, ആൾ ഇന്ത്യ ബാക്ക്വേർഡ് ക്ലാസ് ലീഗ് തുടങ്ങിയവ അതിൽ ഉൾപ്പെടുന്നു. 1954 ൽ പിന്നാക്കവർഗങ്ങൾക്കായി 88 സംഘടനകൾ പ്രവർത്തിച്ചിരുന്നതായി നിർണയിക്കപ്പെട്ടു.



## ഉപരിജാതിയുടെ പ്രതികരണം (The Upper Caste Response)

ദലിതരുടെയും മറ്റു പിന്നാക്കക്കാരുടെയും വർധിച്ചുവരുന്ന ദൃശ്യത ഉപരിജാതിയിൽപ്പെട്ട ചിലരുടെയെങ്കിലും ഇടയിൽ തങ്ങൾ വേണ്ടുന്ന രീതിയിൽ പരിഗണിക്കപ്പെടുന്നില്ല എന്ന വിചാരം

**Box 8.12**

നെഹ്റുവിന്റെ കാലഘട്ടത്തിലെ ഇന്ത്യയിൽ ജനിച്ച (എന്നെപ്പോലെ) പാരമ്പര്യമായി ഉയർന്നവരെന്നു വിളിക്കപ്പെട്ട ജാതിയിൽ വളർത്തപ്പെട്ടതും എന്നാൽ പുതിയ നാഗരികവും പ്രൊഫഷണൽ മധ്യവർഗ പരിസ്ഥിതിയിൽ വളർന്നതുമായ തലമുറയ്ക്ക് ജാതി ഒരു പുരാതന സങ്കൽപനമായിരുന്നു. സത്യമായും, അത് ആലങ്കാരികമായി സൂക്ഷിച്ചുവയ്ക്കേണ്ടതും പിന്നീട് കാലക്രമത്തിൽ വിവാഹം പോലെയുള്ള ചടങ്ങുകളിൽ മാത്രം എടുത്തുപയോഗിക്കാവുന്നതുമാണെങ്കിലും അത് ദൈനംദിന നാഗരികജീവിതത്തിൽ സക്രിയമായ പങ്കില്ലാത്തതായി കാണപ്പെടുന്നു.

നാഗരിക മധ്യവർഗസാഹചര്യങ്ങളിൽ ജാതി ഏതാണ്ട് അദൃശ്യമായിരുന്നത് എന്തുകൊണ്ടാണെന്ന് മണ്ഡലിനു ശേഷം ഇപ്പോഴാണ് നമ്മൾ മനസിലാക്കാൻ തുടങ്ങിയിരിക്കുന്നത്. ഈ സാഹചര്യങ്ങളെല്ലാം പൂർണമായും ഉയർന്നവരെന്നു പറയപ്പെട്ട ജാതികൾ കൈയടക്കിവച്ചിരുന്നു എന്നതാണ് അതിന് പ്രധാന കാരണം. ഈ സജാതീയത സാമൂഹികദൃശ്യതയുടെ പരിധിക്ക് താഴേക്ക് ജാതി പതിക്കാൻ ഇടയായി. ചുറ്റുപാടുള്ളവർ ഏതാണ്ട് മുഴുവനും ഉയർന്നവരെന്നു പറയുന്ന ജാതിക്കാരാണെങ്കിൽ ജാതിസ്വത്വം ഒരു പ്രശ്നമാകാനിടയില്ല, വിദേശത്തായിരിക്കുമ്പോൾ 'ഇന്ത്യക്കാർ എന്ന സ്വത്വം ഉചിതമെങ്കിലും ഇന്ത്യയിൽ അത് ശ്രദ്ധിക്കപ്പെടാതെ പോകുന്നു. *(Deshpande 2003:99)*

വളർത്തുന്നു. എണ്ണത്തിൽ തങ്ങൾ നിർണായകമല്ല എന്നതിനാലാണ് സർക്കാർ തങ്ങളെ ഗൗനിക്കാത്തത് എന്ന് അവർ കരുതുന്നു. ഈ വികാരം എത്രമാത്രം പ്രായോഗികവസ്തുതകളിൽ ഊന്നിയവയാണെന്ന് സമൂഹശാസ്ത്രജ്ഞർ എന്ന നിലയിൽ നമ്മൾ വിശകലനം ചെയ്യണം. എന്തുകൊണ്ടാണ് ഉപരിജാതിയിലെ മുൻതലമുറ, 'ജാതി' ആധുനിക ഇന്ത്യയിലെ ജീവിക്കുന്ന യഥാർഥ്യമായി ചിന്തിക്കാതിരുന്നത് എന്നും നമ്മൾ അന്വേഷിക്കണം. ബോക്സ് 8.12 വ്യക്തമായ സമൂഹശാസ്ത്ര വിശദീകരണം നൽകും.

സ്വാതന്ത്ര്യത്തിനു മുമ്പ് നിലനിന്നിരുന്ന സാഹചര്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ താഴ്ത്തപ്പെട്ട ജാതികളും ആദിവാസികളും ഉൾപ്പെടെയുള്ള എല്ലാ സാമൂഹികസംഘങ്ങളുടെയും അവസ്ഥ ഇന്ന് മെച്ചപ്പെട്ടിരിക്കുന്നു. എന്നാൽ അത് എത്രമാത്രമാണ്? ജനസംഖ്യയിലെ മറ്റുള്ളവരുമായി താരതമ്യം ചെയ്യപ്പെടുമ്പോൾ താഴ്ന്നവരാക്കപ്പെട്ട ജാതി/ആദിവാസി ജനവിഭാഗങ്ങൾ എത്രമാത്രം പുരോഗമിച്ചിട്ടുണ്ട് ? 21-ാം നൂറ്റാണ്ടിന്റെ ആദ്യഭാഗത്തിൽ എല്ലാ ജാതിസംഘങ്ങളുടെയും വൈവിധ്യമാർന്ന തൊഴിലിനും ജോലികൾക്കും ഇന്നത്തെതിനേക്കാൾ വ്യാപ്തിയുണ്ടായിരുന്നു എന്നത് സത്യമാണോ? എന്നിരുന്നാലും ഉയർന്നതോ പരിഗണിക്കപ്പെട്ടിരുന്നതോ ആയ തൊഴിലുകളിൽ നിർണായകമായ ഭൂരിപക്ഷം ഉയർന്നവരെന്ന് പറയപ്പെടുന്ന ജാതിയിലുള്ളവരായിരുന്നു എന്നതും പാദസേവകരായോ വെറുക്കപ്പെട്ട തൊഴിലുകൾ ചെയ്യുന്നവരോ ആയവരിൽ ഭൂരിപക്ഷവും താഴ്ന്ന ജാതിയിലുള്ളവരാണെന്ന വലിയ സാമൂഹികയാഥാർഥ്യം ഇത് മാറ്റിമറിക്കുന്നില്ല. ഒന്നാം പുസ്തകത്തിൽ വിവേചനത്തിന്റെയും മാറ്റിനിർത്തലിന്റെയും പ്രശ്നങ്ങൾ ആഴത്തിൽ ചർച്ചചെയ്തിരിക്കുന്നു.

## 8.7 ആദിവാസിപ്രസ്ഥാനങ്ങൾ (Tribal Movements)



തുടരുന്ന ആദിവാസിപോരാട്ടങ്ങൾ

രാജ്യത്ത് ആകമാനമുള്ള വ്യത്യസ്ത ആദിവാസിസംഘങ്ങൾ സമാനപ്രശ്നങ്ങൾ പങ്കുവയ്ക്കുന്നു. അവ തമ്മിലുള്ള വൈവിധ്യങ്ങളും ഒരുപോലെ നിർണായകമാണ്. ആദിവാസി പ്രസ്ഥാനങ്ങൾ പലതും മധ്യ ഇന്ത്യയിലെ ആദിവാസി ബെൽറ്റിൽ കേന്ദ്രീകരിച്ചിരുന്നു. സന്താൾ, ഹോസ്, ഓറൺ, ഛോട്ടാ നാഗ്പുരിലെ മുണ്ടകളും സന്താൾ പർഗനകളും അവയിൽപ്പെടുന്നു. പിന്നീട് ജാർഖണ്ഡ് എന്നറിയപ്പെട്ടു തുടങ്ങിയ പ്രദേശമാണ് ഇതിലെ പ്രധാന ഭാഗങ്ങൾ. വ്യത്യസ്ത പ്രസ്ഥാനങ്ങളുടെ വിശദാംശങ്ങളിലേക്ക് നമ്മൾക്ക് കടക്കാൻ കഴിഞ്ഞെന്നുവരുകയില്ല. നൂറു വർഷത്തോളം പഴക്കമുള്ള ചരിത്രമടങ്ങുന്ന ജാർഖണ്ഡ്, ആദിവാസിപ്രസ്ഥാനങ്ങൾക്ക് ഉദാഹരണമായി എടുക്കാം. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ആദിവാസിപ്രസ്ഥാനങ്ങളുടെ സവിശേഷതയെക്കുറിച്ച് ചുരുങ്ങിയ

അളവിൽ നമ്മൾ സ്പർശിച്ചുപോകുന്നു. എന്നാൽ ആ പ്രദേശത്തുള്ള ഒരു ആദിവാസിപ്രസ്ഥാനത്തിന് മറ്റൊന്നുമായി നിലനിൽക്കുന്ന വ്യത്യാസങ്ങളെ വിസ്തരിച്ച് പരിഗണിക്കുന്നതിൽ നാം പരാജയപ്പെട്ടു.

## ജാർഖണ്ഡ് (Jharkhand)

2000-ത്തിൽ ദക്ഷിണ ബീഹാറിൽനിന്നു വിഭജിച്ചെടുത്ത ഇന്ത്യയിലെ ഒരു പുതിയ സംസ്ഥാനമാണ് ജാർഖണ്ഡ്. ഈ സംസ്ഥാനരൂപീകരണത്തിനു പിന്നിൽ ഒരു നൂറ്റാണ്ടിനുമേൽ നിലനിന്ന പ്രതിരോധമുണ്ട്. ബ്രിട്ടീഷുകാർക്കെതിരെ പ്രമുഖമായ കലാപം ഉയർത്തിയ ആദിവാസിയായ ബിർസാമുണ്ട എന്ന ഊർജിതപ്രഭാവമുള്ള (Charismatic) നേതാവ് ജാർഖണ്ഡിനു വേണ്ടിയുള്ള സാമൂഹികപ്രസ്ഥാനത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം ബിർസാ ആ പ്രസ്ഥാനത്തിന്റെ പ്രധാനപ്പെട്ട ബിംബമായി മാറി. അദ്ദേഹത്തെക്കുറിച്ചുള്ള കഥകളും കവിതകളും ജാർഖണ്ഡിലുടനീളം കാണാൻ കഴിയും. എഴുതപ്പെട്ട രചനകളിലൂടെ ബിർസയുടെ സമരങ്ങൾ സജീവമായി അവർ നിലനിർത്തുന്നു. ദക്ഷിണ ബീഹാറിലെ സാക്ഷരതാവ്യാപനത്തിന് ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനങ്ങൾ സഹായിച്ചു. സാക്ഷരത നേടിയ ആദിവാസികൾ അവരുടെ ചരിത്രത്തെയും ഐതിഹ്യങ്ങളെയും ഗവേഷണവിധേയമാക്കാനും എഴുതാനും തുടങ്ങി. ആദിവാസി ആചാരങ്ങളെയും സാംസ്കാരികരീതികളെയും അവർ രേഖപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്തു. ഇത് ഒരു ഏകീകൃത വംശബോധത്തിനും 'ജാർഖണ്ഡുകാർ' എന്ന പങ്കുവയ്ക്കപ്പെട്ട സ്വത്വനിർമിതിക്കും സഹായിച്ചു.

സാക്ഷരത നേടിയ ആദിവാസികൾക്ക് സർക്കാർജോലി ലഭിച്ചു. കാലക്രമേണ മധ്യവർഗ ബൗദ്ധിക ആദിവാസിനേതൃത്വം ഉയർന്നുവരുകയും പ്രത്യേക സംസ്ഥാനപദവി ആവശ്യപ്പെടുകയും അതിനെക്കുറിച്ച് അവർ ഇന്ത്യയിലും വിദേശത്തും വാദിക്കുകയും ചെയ്തു. ദക്ഷിണ ബീഹാറിലെ ആദിവാസികൾ, തങ്ങളുടെ പ്രദേശത്തു വന്ന് താമസിച്ച് സ്വത്തു മുഴുവൻ തട്ടിയെടുത്ത് യഥാർഥ സ്ഥലവാസികളെ പട്ടിണിക്കാരായി മാറ്റുന്ന അന്യസംസ്ഥാന കച്ചവടക്കാരും പലിശയ്ക്ക് പണം കടം നൽകുന്നവരുമായ 'ദിക്കു' ('dikus') കളോട് പൊതുവായി വിരോധം വച്ചു പുലർത്തിയിരുന്നു. ധാതുസമ്പുഷ്ടമായ ആ പ്രദേശത്തെ ഖനനത്തിൽനിന്നും വ്യവസായങ്ങളിൽനിന്നും ലഭ്യമായ ഏതാണ്ടെല്ലാ നേട്ടങ്ങളും 'ദിക്കു' കളിലേക്ക് എത്തിച്ചേർന്നു. ആദിവാസികളുടെ ഭൂമി അന്യവൽക്കരിക്കപ്പെട്ടിടത്താണ് ഇത് സംഭവിച്ചത്. ആദിവാസികൾക്ക് ഉണ്ടായ അരുകുവൽക്കരണത്തിന്റെയും അന്യായബോധത്തിന്റെയും അനുഭവങ്ങൾ ജാർഖണ്ഡുകാർ എന്ന സ്വത്വനിർമിതിയിലേക്കും കൂട്ടായ പ്രവൃത്തിയിലൂടെ ഒരു പ്രത്യേക സംസ്ഥാനരൂപവൽക്കരണത്തിലേക്കും അവരെ എത്തിച്ചു.

ജാർഖണ്ഡിലെ പ്രസ്ഥാനനേതാക്കളെ സമരങ്ങളിലേക്കെത്തിച്ച പ്രശ്നങ്ങൾ ഇവയായിരുന്നു:

- വലിയ ജലസേചനപദ്ധതികൾക്കും നിറയൊഴിക്കൽ പരിധി (firing ranges) പ്രദേശങ്ങൾക്കുമായി ഭൂമി ഒഴിപ്പിച്ചെടുക്കൽ
- സർവേകളും താമസയിട പുനർനിർമാണവും നിർത്തിവയ്ക്കൽ, ക്യാമ്പുകൾ അവസാനിപ്പിക്കൽ
- എതിർപ്പുണ്ടായിട്ടും ലോണുകൾ, വാടക, സഹകരണ കുടിശ്ശിക, എന്നിവ ശേഖരിക്കൽ
- അവരുടെ ബഹിഷ്കരണത്തെ അവഗണിച്ച് വനങ്ങൾ ദേശസാൽക്കരിക്കൽ

## വടക്കുകിഴക്കൻ (The North East)

സ്വാതന്ത്ര്യപ്രാപ്തിക്ക് ശേഷം ഇന്ത്യൻ സർക്കാർ സംസ്ഥാനരൂപീകരണപ്രക്രിയ ആരംഭിച്ചത് ആ പ്രദേശത്തെ എല്ലാ പ്രധാനപ്പെട്ട മലമ്പ്രദേശ ജില്ലകളിലും അസ്വസ്ഥത സൃഷ്ടിച്ചു. വ്യതിരിക്ത സ്വത്വബോധ ധാരണയും പരമ്പരാഗത സ്വയംഭരണത്തെക്കുറിച്ചുള്ള അറിവും ഉണ്ടായിരുന്നിട്ടും അവരെ ആസാമിന്റെ ഭരണാധികാര പ്രവർത്തനസംവിധാനത്തിൽ ഉൾച്ചേർക്കുമോ എന്നതിനെക്കുറിച്ച് അവർക്ക് ഉറപ്പില്ലായിരുന്നു.

> ശക്തമായി പരദേശീയ വ്യവസ്ഥയുമായി ആദിവാസികൾക്കുണ്ടായ സമ്പർക്കംമൂലം ഉയർന്നുവന്ന പുതിയ സാഹചര്യങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള പ്രതികരണമാണ് ഈ പ്രദേശത്തെ വംശീയതയുടെ വളർച്ച. ഇന്ത്യൻ മുഖ്യധാരയിൽനിന്നു വളരെക്കാലത്തെ ഒറ്റപ്പെടലിലൂടെ ആദിവാസികൾക്ക് അവരുടേതായ ലോക വീക്ഷണവും ബാഹ്യസ്വാധീനം വളരെക്കുറച്ചു മാത്രം ഉണ്ടായിരുന്ന സാമൂഹിക - സാംസ്കാരിക സ്ഥാപനങ്ങളും നിലനിർത്തിപ്പോരാൻ സാധിച്ചു. വേർപിരിയലിന്റെ പ്രവണത ആദ്യഘട്ടം പ്രകടിപ്പിച്ചിരുന്നെങ്കിലും, പിന്നീട് പകരമായി ഇന്ത്യൻ ഭരണഘടനയുടെ ചട്ടക്കൂടിനുള്ളിൽത്തന്നെ സ്വയംഭരണസാധ്യത കണ്ടെത്താൻ അവർ ശ്രമിച്ചു. *(Nongbri 2003:115)*

വനഭൂമിയിൽനിന്ന് ആദിവാസികളെ അന്യവൽക്കരിക്കുന്നതാണ് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ ആദിവാസിപ്രസ്ഥാനങ്ങളെ ബാധിക്കുന്ന പ്രധാന പ്രശ്നം. അതിനൊപ്പം സ്വത്വത്തിന്റെ സാംസ്കാരികപ്രശ്നങ്ങളും അസമത്വം പോലെയുള്ള സാമ്പത്തികപ്രശ്നങ്ങളും. ആദിവാസി പ്രസ്ഥാനങ്ങൾ പാരിസ്ഥിതികപ്രശ്നങ്ങളിൽ കേന്ദ്രീകരിക്കുന്നു. ഇന്ത്യയിലെ പഴയതും പുതിയതുമായ സാമൂഹികപ്രസ്ഥാനങ്ങൾ മങ്ങിപ്പോകുന്നതിനെക്കുറിച്ചുള്ള ചോദ്യങ്ങളിലേക്ക് നമ്മെ ഇവ മടക്കിക്കൊണ്ടു വരുന്നു.

## 8.8 വനിതകളുടെ പ്രസ്ഥാനം (The Women's Movement)

### പത്തൊൻപതാം നൂറ്റാണ്ടിലെ സാമൂഹികപരിഷ്കരണപ്രസ്ഥാനങ്ങളും ആദ്യകാല വനിതാ സംഘടനകളും (The 19th Century Social Reform movement and Early Women's Organisations)



സിവിൽ നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത പ്രശസ്തയായ വടക്കൻ കാച്ചർ കുന്നുകളിലെ റാണി ഗൈഡിലോ എന്ന വനിത

വനിതകളുടെ പ്രശ്നങ്ങൾക്ക് പ്രാധാന്യം നൽകിയ 19-ാം നൂറ്റാണ്ടിലെ സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങളെക്കുറിച്ച് നിങ്ങൾക്ക് അറിയാമല്ലോ. ആദ്യപുസ്തകത്തിലെ രണ്ടാം അധ്യായം ഇത് പ്രതിപാദിച്ചിരുന്നു. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ദേശീയ-പ്രാദേശികതലത്തിൽ വനിതകളുടെ പ്രസ്ഥാനങ്ങൾക്ക് വളർച്ചയുണ്ടായി. വുമൺസ് ഇന്ത്യ അസോസിയേഷൻ (WIA) 1917, ആൾ ഇന്ത്യ വുമൺസ് കോൺഫറൻസ് (AIWC) 1926, നാഷണൽ കൗൺസിൽ ഫോർ വുമൺ ഇൻ ഇന്ത്യ (NCWI) 1925 എന്നിവയാണ് നമുക്ക് സൂചിപ്പിക്കാൻ കഴിയുന്ന പേരുകൾ. എന്നാൽ പലതും പരിമിതമായ ലക്ഷ്യത്തിൽ തുടങ്ങി പിന്നീട് അതിന്റെ വ്യാപ്തി വർധിപ്പിച്ചു. ഉദാഹരണത്തിന് AIWC തുടക്കത്തിൽ സ്ത്രീകളുടെ ക്ഷേമവും രാഷ്ട്രീയവും വേറിട്ടുനിൽക്കുന്നതാണെന്ന ആശയത്തിൽ വിശ്വസിച്ചു. പിന്നീട് അധ്യക്ഷപ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിച്ചു. 'ഇന്ത്യ അടിമയാണെങ്കിൽ സ്ത്രീക്കോ പുരുഷനോ സ്വതന്ത്രമാകാൻ സാധിക്കുമോ? എല്ലാ മഹത്തായ പരിഷ്കരണത്തിനും അടിസ്ഥാനമായ ദേശീയസ്വാതന്ത്ര്യത്തെക്കുറിച്ച് നമുക്കെങ്ങനെ മൗനം പാലിക്കാൻ സാധിക്കും? (ചൗധരി 1993: 149).

ഈ കാലഘട്ടത്തിലെ പ്രവർത്തനങ്ങൾ സാമൂഹികപ്രസ്ഥാനം രൂപവൽക്കരിക്കുന്നതിന് കാരണമായില്ലെന്ന് വാദിക്കാൻ സാധിക്കും. മറിച്ചും വാദമുയർത്താം. നമുക്ക് സാമൂഹികപ്രസ്ഥാനങ്ങളുടെ സ്വഭാവസവിശേഷതകൾ ഓർത്തെടുക്കാം. അതിന് സംഘടന, ആശയം, നേതൃത്വം, പങ്കുവയ്ക്കപ്പെട്ട ആശയങ്ങൾ, പൊതുപ്രശ്നത്തിൽ മാറ്റമുണ്ടാക്കുന്നതിനുള്ള ലക്ഷ്യം എന്നിവ വേണം. വനിതാപ്രശ്നങ്ങൾ അവഗണിക്കാത്ത ചുറ്റുപാട് സൃഷ്ടിക്കുന്നതിൽ ഈ പ്രവർത്തനങ്ങളിലെല്ലാം കൂടി അവർ വിജയിച്ചു.

**കർഷകസമരവും വിപ്ലവവും (Agrarian Struggles and Revolts)**

വിദ്യാസമ്പന്നരായ മധ്യവർഗവനിതകൾ മാത്രമാണ് സാമൂഹികപ്രസ്ഥാനത്തിൽ പങ്കാളികളാകുന്നതെന്നാണ് സാധാരണയുള്ള നിഗമനം. മറന്നുപോയ വനിതാ പങ്കാളിത്തത്തിന്റെ ചരിത്രം ഓർത്തെടുക്കാനായിരുന്നു സമരത്തിന്റെ ഒരു ഭാഗം. കൊളോണിയൽ കാലഘട്ടത്തിൽ ഗ്രാമീണ ഗോത്രവർഗ പ്രദേശങ്ങളിലെ സമരങ്ങളിലും വിപ്ലവങ്ങളിലും പുരുഷനോടൊപ്പം വനിതകൾ പങ്കെടുത്തു. ബംഗാളിലെ 'തെഭാഗ പ്രസ്ഥാനം' പഴയ നിസാമിന്റെ ഭരണകാലത്തെ തെലുങ്കാനയിലെ സായുധസമരം, മഹാരാഷ്ട്രയിലെ അടിമപ്പണിക്കെതിരെ 'വാർലി' ഗോത്രവർഗത്തിന്റെ വിപ്ലവം എന്നിവ ചില ഉദാഹരണങ്ങളാണ്.

**1947 നു ശേഷം**

1947 ന് ശേഷം എന്തു സംഭവിച്ചിരുന്നാലും അതിനു മുമ്പ് സക്രിയമായ വനിതാപ്രസ്ഥാനങ്ങൾ ഉണ്ടായിരുന്നോ എന്നതായിരുന്നു പലപ്പോഴും ഉയർന്നുവന്ന ചോദ്യം. ദേശീയപ്രസ്ഥാനത്തിൽ ഉൾപ്പെട്ടിരുന്ന ധാരാളം സ്ത്രീകൾ ദേശപുനരുദ്ധാരണത്തിലും പങ്കെടുത്തിരുന്നു. മറ്റുള്ളവർ വിഭജനത്തിന്റെ ആഘാതമാണ് ശമനത്തിന് കാരണമെന്ന് ചൂണ്ടിക്കാട്ടി.

1970 കളുടെ മധ്യത്തിൽ ഇന്ത്യയിൽ വനിതാപ്രസ്ഥാനങ്ങളുടെ നവീകരണം സംഭവിച്ചു. ഇതിനെ ചിലർ വനിതാപ്രസ്ഥാനങ്ങളുടെ രണ്ടാംഘട്ടം എന്നു വിളിക്കുന്നു. അതേസമയം പ്രശ്നങ്ങൾ പഴയതുപോലെ നിലനിന്നെങ്കിലും സംഘടനാ സമീപനരീതി, ആശയങ്ങൾ എന്നീ രണ്ടിടങ്ങളിലും മാറ്റമുണ്ടായി. സ്വയംഭരണ വനിതാപ്രസ്ഥാനങ്ങൾ എന്ന് നാമകരണം ചെയ്യാവുന്ന സാമൂഹികപ്രസ്ഥാനങ്ങളുടെ വളർച്ചയും ഉണ്ടായിരുന്നു. രാഷ്ട്രീയപ്പാർട്ടികളോട് ബന്ധമുള്ള വനിതാ സംഘടനകളിൽനിന്ന് വ്യത്യസ്തമായി സ്വതന്ത്രമായി നിൽക്കുന്നതിനെയാണ് 'സ്വയംഭരണം' എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്. രാഷ്ട്രീയപ്പാർട്ടികൾ വനിതകളുടെ പ്രശ്നങ്ങൾ പാർശ്വവൽക്കരിക്കുന്നുവെന്നുള്ള അനുഭവത്തിൽ നിന്നാണ് ഇവയുണ്ടായത്.

സംഘടനാതലത്തിലുള്ള മാറ്റങ്ങൾ കൂടാതെ പുതിയ പ്രശ്നങ്ങളിൽ അവർ ശ്രദ്ധനൽകുകയും ചെയ്തു. ഉദാഹരണത്തിന്, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ. വർഷങ്ങളോളം ധാരാളം പ്രവർത്തനങ്ങൾ അവർ ഏറ്റെടുത്തു. കുട്ടികളെ സ്കൂളിൽ ചേർക്കുമ്പോൾ അച്ഛന്റെയും അമ്മയുടെയും പേരു ചേർക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. പക്ഷേ, മുൻപ് അങ്ങനെയായിരുന്നില്ല. ഇത്തരത്തിലുള്ള ശ്രദ്ധേയമായ നിയമമാറ്റങ്ങൾക്ക് വനിതാപ്രസ്ഥാനങ്ങളോട് നന്ദി പറയണം. ഭൂസ്വത്തവകാശത്തിലെ പ്രശ്നങ്ങൾ, തൊഴിൽ എന്നിവയും ലൈംഗിക അതിക്രമം, സ്ത്രീധനം എന്നിവയ്ക്കെതിരെയും അവർ പോരാടി.

സ്ത്രീകൾ പുരുഷന്മാരെപ്പോലെ ഏതെങ്കിലും ഒരു രീതിയിൽ കോട്ടങ്ങളുമുള്ളവരാണെന്നിരിക്കിലും എല്ലാ സ്ത്രീകളും ഒരേ രീതിയിലല്ല വിവേചനം അനുഭവിക്കുന്നതെന്നും മനസ്സിലാക്കി. വിദ്യാസമ്പന്നരായ മധ്യവർഗസ്ത്രീകൾക്ക് ലഭിക്കുന്ന അംഗീകാരമല്ല കർഷക സ്ത്രീക്ക്



സ്ത്രീധനത്തിനെതിരായ പോരാട്ടം



സ്ത്രീധനത്തിനുവേണ്ടി കൊല്ലപ്പെട്ട തന്റെ മകളുടെ ചിത്രവുമായി അമ്മ ഷാജഹാൻ ബീഗം

ലഭിക്കുന്നത്. ദലിത്സ്ത്രീയുടെ അംഗീകാരം ഉയർന്നവരെന്നു പറയപ്പെടുന്ന ജാതിയിലുള്ള സ്ത്രീകളിൽ നിന്ന് ഭിന്നമാണ്. അതിക്രങ്ങളുടെ ഉദാഹരണങ്ങളും എടുക്കാം.

വൈകാരികപ്രകടനം ആണത്തമല്ല. ലിംഗഭേദ - നീതിനിഷ്ഠ (Gender-just) സമൂഹം പുരുഷനും സ്ത്രീയും സ്വതന്ത്രരായി ഇരിക്കാൻ അവസരമൊരുക്കുന്നു. എല്ലാത്തരത്തിലുമുള്ള അന്യായങ്ങളും അവസാനിച്ചാലേ സ്വാതന്ത്ര്യത്തോടെ വളരാനും വികസിക്കാനും കഴിയുകയുള്ളൂ എന്ന ആശയത്തിൽ ഇത് അടിയുറച്ചുനിൽക്കുന്നു.

**Box 8.13**

വ്യാപകമായ തൊഴിലില്ലായ്മ, പാരിസ്ഥിതിക അധഃപതനം, വ്യാപിച്ച ദാരിദ്ര്യം എന്നിവ രാജ്യത്തിനു പുതിയ രാഷ്ട്രീയ കലക്കം മറിച്ചിലിന് തുടക്കം കുറിച്ചു. സമരങ്ങൾ രാഷ്ട്രീപാർട്ടികളോ പാർട്ടികളുടെ സംയോജിത മുന്നണികളിൽ നിന്നോ ആരംഭിച്ചു. അറുപതുകളിൽ അരിയുടെ വിലക്കയറ്റത്തിനെതിരെ മുംബൈയിലും ഗുജറാത്തിലും നടന്ന സമരങ്ങൾ രണ്ടാമത്തേതിന് ഉദാഹരണമാണ്.

എഴുപതുകളിൽ പ്രശ്നകലുഷിതമായ ബീഹാറിൽ 'സമ്പൂർണവിപ്ലവം' എന്ന ജയപ്രകാശ് നാരായണന്റെ ആഹ്വാനത്തെ പിൻപറ്റി വിദ്യാർഥികളുടെ പ്രക്ഷോഭം ഉയർന്നു. അധികാരഘടനയെക്കുറിച്ച് ധാരാളം ചോദ്യങ്ങൾ ഉയർന്നു, അതിൽ സ്ത്രീകളെക്കുറിച്ചുള്ളവയും ഉൾപ്പെട്ടു. കുടുംബം, തൊഴിൽ, വിതരണം, ഗാർഹിക അതിക്രമങ്ങൾ, സ്ത്രീയ്ക്കും പുരുഷനുമിടയിലുള്ള അസമത്വമാർന്ന വിഭവസമാഹരണ സാധ്യത, സ്ത്രീപുരുഷ ബന്ധങ്ങളിലെ പ്രശ്നങ്ങൾ, സ്ത്രീ ലൈംഗികത എന്നിവയും ഉൾപ്പെടുന്നു.

സ്വയംഭരണ വനിതാ പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിന് 1970 കൾ സാക്ഷ്യം വഹിച്ചു. 1970 ന്റെ മധ്യത്തിൽ ധാരാളം വിദ്യാസമ്പന്നരായ വനിതകൾ വിപ്ലവകരമായ രാഷ്ട്രീയപ്രവർത്തനങ്ങളിലേർപ്പെടുകയും സ്ത്രീകളുടെ പ്രശ്നങ്ങളെ വിശകലനം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഇത്തരം ഒത്തുചേരലിനെ സംഘടിതരൂപത്തിലേക്ക് മാറ്റുന്നതിന് ഉൾപ്രേരകമായിത്തീർന്നത് 1978 ലെ മധുര ബലാൽസംഗക്കേസും 1980 ലെ 'മായാത്യാഗി' പീഡനക്കേസുമാണ്. രണ്ടും പോലീസ് കസ്റ്റഡിയിലെ പീഡനങ്ങളായിരുന്നു. ഇവ ദേശീയതലത്തിൽ പ്രതിഷേധപ്രസ്ഥാനങ്ങളായി.

**Box 8.14**

സ്ത്രീകൾക്ക് നേരെയുള്ള ജാതി അതിക്രമങ്ങളെ വിശകലനം ചെയ്യുമ്പോൾ സ്ത്രീധനപീഡനമരണവും ലൈംഗികതയിലും ചലനാത്മകതയിലും കുടുംബം ചെലുത്തുന്ന അക്രമാത്മക നിയന്ത്രണങ്ങളും, ക്രമീകരണങ്ങളും കൂടുതലായും ഉയർന്നവരെന്നു വിളിക്കപ്പെട്ട ജാതിക്കാർക്കിടയിലാണെന്ന് ജോലിസ്ഥലത്തും പൊതുസ്ഥലത്തും പരസ്യമായതും സംഘടിതവുമായ ബലാൽസംഗഭീഷണിയും ലൈംഗിക അതിക്രമവും ശാരീരികകൈയേറ്റങ്ങളും കൂടുതലും നേരിടേണ്ടി വരുന്നത് ദലിത് സ്ത്രീകളാണ്.

### ബോക്സ് 8.14 ന്റെ പ്രവർത്തനം

- സ്ത്രീകളിൽ ഒരു വിഭാഗം മറ്റൊന്നിൽനിന്ന് എന്തെല്ലാം രീതിയിൽ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് കണ്ടെത്തുക.
- ഒരു സ്ത്രീ എന്ന രീതിയിൽ ഇന്ന് സ്ത്രീകൾക്ക് പൊതുവായി എന്തെങ്കിലും നിലനിൽക്കുന്നുണ്ടോ? ചർച്ചചെയ്യുക.

### സംഗ്രഹം

ഈ പാഠപുസ്തകത്തിന്റെ അവസാനത്തിലേക്കെത്തുമ്പോൾ, പതിനൊന്നാം ക്ലാസിലെ സമൂഹശാസ്ത്ര പുസ്തകത്തിൽ നമ്മൾ തുടങ്ങിയിടത്തേക്ക് ഒന്നുകൂടി പോകുന്നത് ഉചിതമായിരിക്കും. വ്യക്തിയും സമൂഹവും തമ്മിലുള്ള വൈരുധ്യാത്മകബന്ധം ചർച്ചചെയ്താണ് നമ്മൾ തുടങ്ങിയത്. ഈ ബന്ധത്തെ സാമൂഹികപ്രസ്ഥാനങ്ങൾ ഏറ്റവും ശരിയായി ചൂണ്ടിക്കാട്ടുന്നു. വ്യക്തികളും സമൂഹവും അവരവരുടെ സാഹചര്യങ്ങൾ മാറ്റിയെടുക്കാൻ പരിശ്രമിക്കുന്നതുകൊണ്ടാണ് അവ ഉണ്ടാകുന്നത്. അങ്ങനെ അവർ അവരെത്തന്നെയും സമൂഹത്തെയും മാറ്റിമറിക്കുന്നു.



1. സാമൂഹികപ്രസ്ഥാനങ്ങൾ ഇല്ലാത്ത ഒരു സമൂഹത്തെ കുറിച്ച് ചിന്തിക്കുക. ചർച്ചചെയ്യുക. അത്തരം ഒരു സമൂഹം എങ്ങനെയായിരിക്കുമെന്ന് വിശദീകരിക്കുക.
2. വനിതാപ്രസ്ഥാനങ്ങൾ, ഗോത്രവർഗപ്രസ്ഥാനങ്ങൾ എന്നിവയെക്കുറിച്ച് ചുരുക്കി എഴുതുക.
3. പഴയതും പുതിയതുമായ ഇന്ത്യൻ സാമൂഹിക പ്രസ്ഥാനങ്ങളെ വേർതിരിക്കാൻ പ്രയാസമാണ്. ചർച്ച ചെയ്യുക.
4. പാരിസ്ഥിതിക പ്രസ്ഥാനങ്ങളിൽ പൊതുവെ സാമ്പത്തിക-സ്വത്വബോധ പ്രശ്നങ്ങൾ ഉൾപ്പെടുന്നു. ചർച്ച ചെയ്യുക.
5. ഗ്രാമീണ കർഷകപ്രസ്ഥാനങ്ങളെയും പുതിയ കർഷകപ്രസ്ഥാനങ്ങളെയും താരതമ്യപ്പെടുത്തുക.

## REFERENCES




Banerjee, Sumanta. 2002. 'Naxalbari and the Left Movement' in ed. Ghanshyam Shah. *Social Movements and the State 2002*. pp. 125-192. Sage. New Delhi.

Bhowmick, Sharit K. 2004. 'The Working Class Movement in India : Trade Unions and the State' in Manoranjan Mohanti *Class, Caste and Gender*. Sage. New Delhi.

Chaudhuri, Maitrayee. 1993. *The Indian Women's Movement: Reform and Revival*. Radiant. New Delhi.

2014. Theory and Methods in Indian Sociology. In Yogendra Singh (Ed.), *Indian Sociology: Emerging Concepts, Structure and Change*. Oxford University Press. New Delhi.

Fuchs. Martin and Antje. Linkenbach. 2003. 'Social Movements' in ed. Veena Das. *The Oxford India Companion to Sociology and Social Anthropology*. pp. 1524 1563. Oxford University Press. New Delhi.

Deshpande. Satish. 2003. *Contemporary India: A Sociological View*. Viking. New Delhi.

Giddens. Anthony. 2001. *Sociology* (Fourth edition). Polity. Cambridge.

Guha, Ramchandra. 2002. "Chipko: Social History of an Environmental Movement" in Shah Ghansyam *Social Movements and the State*. Sage. New Delhi.

Nongbri, Tiplut. 2003. *Development. Ethnicity and Gende: Select Essays on Tribes*. Rawat. Jaipur/New Delhi.

Nongbri, Tilput. 2013. Kinship Terminology and Marriage Rules: The Khasis of North East India. *Sociological Bulletin*. September 2013. New Delhi.

Oommen. T.K. 2004. *Nation, Civil Society and Social Movements: Essays in Political Sociology*. Sage. New Delhi.

Rege. Sharmila. 2004. 'Dalit Women Talk Differently: A Critique of 'Difference' and Towards a Dalit Feminist Standpoint Position' in Maitrayee Chaudhuri Ed. *Feminism in India*. pp.211-223. Women Unlimited/Kali. Delhi.

2006. *Writing caste/writing gender: narrating dalit women's testimonies*. Zubaan/Kali. Delhi.

Sen. Ilina. 2004. 'Women's Politics in India' in ed. Maitrayee Chaudhuri *Feminism in India*. Women Unlimited/Kali. Delhi.

Shah, Ghansyam Ed. 2001. *Dalit Identity and Politics*. Sage. New Delhi.

2002. *Social Movements and the State*. Sage. New Delhi.